

പാടൂർ ചരിത്രം

ഭാഗം–2

പാടൂരിലെ മൺമറഞ്ഞ മഹത്തുക്കളിലൂടെ

പാടൂർ മഹൽ കൂട്ടായ്മ

ഉള്ളടക്കം



അവതാരിക

"സൃഷ്ടികളിൽ ഏറ്റവും ഉത്തമമായ മനുഷ്യരിലൂടെയാണ് അല്ലാഹു നന്മയും മാർഗ്ഗദർശനവും സമൂഹത്തിലേക്ക് പകർന്നു കൊടുക്കുന്നത്".

അത്തരം തിരഞ്ഞെടുപ്പിന്റെ സാക്ഷ്യങ്ങളായി, പാടൂരിന്റെ മണ്ണിൽ ജീവിച്ച് പാടൂരിന്റെ നന്മയ്ക്കായി സ്വന്തം ആയുസ്സ് സമർപ്പിക്കുകയും, അല്ലാഹുവിന്റെ വിധിപ്രകാരം അവന്റെ സന്നിധിയിലേക്ക് മടങ്ങുകയും ചെയ്ത പതിനെട്ട് മഹത്തായ വ്യക്തിത്വങ്ങളുടെ സ്മരണകളാണ് ഈ ഇ-ബുക്ക് ഒരുമിച്ച് ഹൃദയത്തോടെ സമാഹരിച്ചിരിക്കുന്നത്. പാടൂരിന്റെ ഓർമ്മകളിൽ ഇന്നും ജീവിക്കുന്ന ഈ മഹത്തുക്കളെക്കുറിച്ചുള്ള അനുസ്മരണ സമാഹാരം, ഒരു പുസ്തകമായി രൂപം കൊള്ളുന്ന ഈ നിമിഷം, നമ്മൾക്ക് സന്തോഷത്തേക്കാൾ അധികം ഒരു അമാനത്തും ഉത്തരവാദിത്വബോധവും സമ്മാനിക്കുന്നു.

"മരണം ശരീരത്തെ മൂടുമ്പോഴും, അദ്ദേഹം ചെയ്ത സൽപ്രവർത്തനങ്ങൾ ആ മനുഷ്യനെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും" എന്ന ഇസ്ലാമിക സന്ദേശമാണ് ഈ അനുസ്മരണ പരമ്പരയുടെ ആത്മാവും പ്രചോദനവും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, സമൂഹത്തിന്റെ നന്മയ്ക്കായി, മനുഷ്യസേവനത്തിന്റെ വെളിച്ചമായി ജീവിച്ചവരെ ഓർക്കുക എന്നത് വെറും സ്മരണമല്ല; അത് സ്വയം ഇബാദത്തായി മാറുന്ന ഒരു ആത്മീയ കർമ്മമാണ്.

കാലത്തിന്റെ തിരമാലകൾ അവരെ നമ്മിൽ നിന്ന് അകറ്റിയെങ്കിലും, അവരുടെ ഇമാനും, വിനയവും, മനുഷ്യസ്നേഹവും, സാമൂഹിക ബോധവും ഇന്നും നമ്മുടെ കൂട്ടായ്മകളിൽ ദുആയായി മുഴങ്ങുന്നു. മറവിയുടെ ഇരുട്ടിലേക്ക് മറഞ്ഞുപോകാൻ വിധിക്കപ്പെട്ടേക്കാവുന്ന ആ ജീവിതങ്ങളെ വീണ്ടും വെളിച്ചത്തിലേക്ക് കൊണ്ടുവരികയും, അവരുടെ പാതകൾ പുതുതലമുറയ്ക്ക് വഴിവിളക്കാകുകയും ചെയ്യുക എന്ന ദൗത്യമാണ് ഈ അനുസ്മരണ പരമ്പരയിലൂടെ ഞങ്ങൾ ഏറ്റെടുത്തത്.

പാടൂർ മഹൽ കൂട്ടായ്മ എന്ന ഈ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ, ഓരോ മഹാത്മാവിനെയും ഓരോ എപ്പിസോഡായി, രണ്ടു ദിവസം വീതം ഓർക്കുകയും പങ്കുവെക്കുകയും ചെയ്ത ഈ സംരംഭം ഒരു സാധാരണ ഓൺലൈൻ പ്രവർത്തനമായിരുന്നില്ല. അത് സ്മരണയുടെ, പഠനത്തിന്റെ, ആത്മബന്ധത്തിന്റെ, ദുആയുടെ ഒരു യാത്രയായിരുന്നു. ഓരോ എപ്പിസോഡും PDF ആയി സൂക്ഷിച്ച്, അവസാനം അവയെല്ലാം ഒരുമിച്ച് ഈ ഇ-ബുക്കായി സമാഹരിക്കാൻ അല്ലാഹു തൗഫീഖ് നൽകിയതിൽ നമ്മൾ അതീവ കൃതജ്ഞരാണ്.

ഈ പ്രവർത്തനത്തിന്റെ പിന്നിൽ നിശ്ശബ്ദമായി പ്രവർത്തിച്ച അഡ്മിന്മാരായ ലത്തീഫ് വാക്കയിൽ, ആർ. പി. സിദ്ധിക്ക് സാഹിബ്, സൈനുദ്ധീൻ പാടൂർ, ഉസ്മാൻ തറയിൽ, നവാസ് അബ്ദുൽ ഖാദർ, ശുഐബ് മുഹമ്മദ്, തൈസീർ മുഹമ്മദ്, സുൽഫിക്കർ വലിയകത്ത് എന്നിവരും, ഗ്രൂപ്പിലെ എല്ലാ സഹഭാഗിതാക്കളും, വ്യക്തിപരമായ പ്രശംസകൾ തേടിയല്ല; മറിച്ച്, ഒരു സാമൂഹിക-ആത്മീയ ബാധ്യത നിറവേറ്റുക എന്ന നിയ്യത്തോടെയാണ് ഈ പ്രവർത്തനത്തിലേക്ക് കടന്നത്. സമയം, കഴിവ്, മനസ്സ് എന്നിവ ചെലവഴിച്ച് ഈ സംരംഭം ഒരു അമാനത്തായി ഏറ്റെടുത്തു. ഓരോ മഹത്തുക്കളെയും കുറിച്ചും നീതിയോടെയും സത്യസന്ധതയോടെയും അവതരിപ്പിക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ഈ പ്രവർത്തനം ഒരു സേവനമായും ഒരു സദഖയായിും അല്ലാഹു സ്വീകരിക്കട്ടെ.

ഈ ഇ-ബുക്ക് വായിക്കുന്ന ഓരോ ഹൃദയത്തിനും, ഇതിൽ ഉൾപ്പെട്ട മഹത്തുക്കളുടെ ജീവിതം ഒരു ആത്മീയ ഉണർവാകട്ടെ. നന്മയുടെ വഴിയിൽ കൂടുതൽ ഉറച്ചുനിൽക്കാൻ ഈ ഓർമ്മകൾ നമ്മെ സഹായിക്കട്ടെ. അവരുടെ സൽപ്രവൃത്തികളുടെ തുടർച്ചയായി നമ്മുടെ ജീവിതങ്ങളും മാറട്ടെ. നമ്മുടെ ഓരോ നന്മയും ഒരു നാൾ ആരുടെയെങ്കിലും ദുആയായി മാറുന്ന തരത്തിൽ ജീവിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

ഈ ശ്രമത്തിൽ പങ്കാളികളായ എല്ലാവർക്കും, വായനക്കാരായ നിങ്ങൾക്കും, ഹൃദയം നിറഞ്ഞ നന്ദി. അല്ലാഹു ഈ സംരംഭം സ്വീകരിക്കട്ടെ. മഹത്തുക്കളെ അല്ലാഹു സ്വർഗ്ഗ പൂങ്കാവനം നൽകുമാറാകട്ടെ.

ആമീൻ യാ റബ്ബൽ ആലമീൻ.

പാടൂർ മഹൽ കൂട്ടായ്മ – അഡ്മിൻസ്

Edited and Compiled by Editorial Team dated on 2nd February 2026

LATHEEF VAKKAYIL	R P SIDHEEQ	SAINUDHEEN PADOOR	NAVAS ABDUL KHADER
USMAN THARAYIL	THAISEER MUHAMMED	SHUAIB MUHAMMED	ZULFIKAR VALIYAKATH

**ആശംസാ സന്ദേശങ്ങൾ**

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

സകലമേഖലകളിലും പിന്നോക്കാവസ്ഥയിലായിരുന്ന നമ്മുടെ പാടൂർ ഗ്രാമത്തെ പുരോഗതിയിലേക്കും വികസനത്തിലേക്കും വഴി തുറക്കാൻ ഒറ്റക്കും കൂട്ടായും ഉള്ള ശ്രമങ്ങൾനടത്തി ഫലപ്രാപ്തിയിലെത്തിച്ച് നമ്മോട് വിടപറഞ്ഞ മഹത്തുക്കളെ കുറിച്ചുള്ളഓർമ്മകൾ*പാടൂർ ചരിത്രം രണ്ടാം ഭാഗം*",എന്നപേരിൽ E Book ആയി ജനങ്ങളിൽ എത്താൻ പോകുന്നു എന്ന് അറിഞ്ഞതിൽ സന്തോഷം രേഖപ്പെടുത്തുന്നു. നമുക്ക് അറിയാവുന്നതു പോലെ മഹൽ വ്യക്തികളെ കുറിച്ചുള്ള ഓർമക്കുറിപ്പുകൾ ആണ് ഇതിലുള്ളത്. ,ഇതൊരു ജീവചരിത്രഗ്രന്ഥം അല്ല. എങ്കിലും പോസ്റ്റ് ചെയ്ത എല്ലാ കുറിപ്പുകളും ശ്രദ്ധിച്ചാൽ പരാമർശവിധേയമാക്കിയ വ്യക്തികളുടെ ജീവിതവ്യവഹാരങ്ങളുടെ ഏകദേശ വിവരങ്ങൾ നമുക്ക് ലഭിക്കും. അത് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും താൽപ്പര്യം ഉള്ളവർക്ക് ഒരു റെഫെറൻസ് രേഖ ആക്കാൻ പറ്റുമെന്ന് വിശ്വസിക്കുന്നു .ഓർമ്മി ക്കപ്പെടേണ്ടവരെ മുഴുവൻ ഉൾപ്പെടുത്താനായി എന്ന് ആരും കരുതുന്നില്ല. കുറവുകൾനികത്താൻ ശ്രമങ്ങൾ ഉണ്ടാവും എന്ന് വി ശ്വസിക്കുന്നു.അഡ്മിൻ ഗ്രൂപ്പിന്റെ നിശ്ചയദാർഢ്യവും, സംഘാടനശേഷിയും പ്രശംസനീയമാണ്. എല്ലാ ആശംസകളും നേരുന്നു.പ്രാർത്ഥനയോടെ....... R.V.സൈദുമുഹമ്മദ്.

നജീബ് സാഹിബ് കാരിയാട്ട്

പാടൂർ മഹൽ കൂട്ടായ്മ ഒരു നവീന സംരംഭം ആണ് തുടക്കം ഇട്ടത്.

നമ്മുടെ നാട്ടിൽ ജനിച്ച് വളർന്ന് മഹത്തായ സംഭാവനകൾ നൽകിയ വ്യക്തിത്വങ്ങളെ കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന ഒരു സമാഹാരം.

ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ ശിൽപികളെ ഓർത്തെടുക്കാൻ ഒരവസരം എന്ന നിലയിലാണ് ഈ ഗ്രൂപ്പിന്റെ Admin മാർ ഇതിന് തുടക്കം കുറിച്ചത്.

വളരെ പ്രോൽസാഹനം ജനകമായ റിസൾട്ട് ആണ് സൃഷ്ടിച്ചത്. ഇനിയും ഒരു പാട് പേരെ കുറിച്ച് സംസാരിക്കാൻ ഉണ്ട്. എൻകിലും ഈ മുന്നേറ്റം ശ്ലാഘനീയമാണ്. വരാൻ ഇരിക്കുന്ന തലമുറയ്ക്ക് ശരി ആയ പാൻഥാവ് തുറന്നു കൊടുത്തത് മഹത്തായ ഒരു കാര്യമാണ്. വിശേഷിച്ചും Gennext ന്

ഇതെല്ലാം ഒരു പാഠ പുസ്തകത്തിൽ എന്ന പോലെ മനസ്സിലാക്കാനും മാതൃകയാക്കാനും കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമാണ്.

<u>മൊയ്തു. പി.കരിപ്പായിൽ.</u>

സ്നേഹമുള്ളവരെ.

പാടൂർ മഹല്ല് കൂട്ടായ്മ ഒരു ചരിത്ര ദൗത്യം ഏറ്റെടുത്ത് വളരെ വിജയത്തിലേക്ക് എത്തുകയാണ്.നമ്മുടെ ഗ്രാമത്തിന്റെ യശസ്സ് രാജ്യാതിർത്തികൾ ഭേദിച്ച് അടയാളപ്പെടുത്തിയ, നാടിന് അകത്തും, നമ്മുടെ ഗ്രാമത്തിലും, വ്യക്തിമുദ്ര പതിപ്പിച്ച, നമ്മളെ വിട്ടു കടന്നു പോയ നമ്മുടെ മുൻഗാമികളുടെ മഹത്വം രേഖപ്പെടുത്തുന്ന ശ്രമകരമായ ദൗത്യം ഏറ്റെടുത്ത മഹൽ കൂട്ടായ്മയെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല.🙏 വ്യത്യസ്ത മേഖലകളിൽ വിരാജിച്ച വ്യക്തിത്വങ്ങളെ വലുപ്പ ചെറുപ്പ വ്യത്യാസംനോക്കാതെഒരേ പോലെ പരിഗണിച്ച് അവരുടെ ഇന്നലെകളെ വരും തലമുറയ്ക്ക് പഠനാർഹമായ രീതിയിൽ ചരിത്ര ഗ്രന്ഥമാക്കി രൂപപ്പെടുത്തുക എന്നത് ഏറെ ശ്രമകരമാണ്👍 ആ വെല്ലുവിളി ലാബേച്ച കൂടാതെ സ്വയം സമർപ്പിതമായി ഏറ്റെടുത്ത ഈ കൂട്ടായ്മയുടെ നേതൃനിരയെ ഈ ഗ്രാമം ഒരു കാലത്തും വിസ്മരിക്കുകയില്ല എന്നത് അവിതർക്കിതമായ യാഥാർത്ഥ്യമാണ്.🙏 വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാടുകളുള്ളവർ. ആശയപരമായ വ്യത്യസ്തത ഉൾകൊള്ളുന്നവർ, ഇവർക്കിടയിൽ സംഭവിക്കുന്ന ചെറിയതോതിലുള്ള അസ്വരാസ്യങ്ങൾ, സമയോചിതമായി ഇടപെട്ട് രമ്യമായി പരിഹരിച്ച് ഈ കൂട്ടായ്മയെ മുന്നോട്ടു നയിക്കുന്ന അഡ്മിൻ പാനൽ ഏവർക്കും എല്ലാകാലത്തേക്കും ഒരു മാതൃകയാണ്.❤️ നാടിന്റെ അഭിമാനമുയർത്തി നമുക്ക് മുന്നേ സഞ്ചരിച്ച നമ്മുടെ പ്രിയപ്പെട്ടവരെ കുറിച്ചുള്ള അനുസ്മരണങ്ങൾ ഗ്രന്ഥ രൂപത്തിലാക്കി സമൂഹത്തിന്റെ മുന്നിലെത്തിക്കുന്ന പാടൂർ മഹല്ല് കൂട്ടായ്മയ്ക്ക്,ഒരു സാധാരണ ഗ്രാമീണൻ എന്ന നിലയിൽ പൂർണ്ണ മനസോടെ ഞാൻ അഭിനന്ദിക്കുന്നു. അഭിവാദനങ്ങളോടെ🙏

മൊയ്തു. പി.കരിപ്പായിൽ.



<u>ഉസ്മാൻ തറയിൽ</u>

"മഹത്തുക്കളുടെ സ്മരണ പുതുക്കൽ" എന്ന പാടൂർ മഹൽ ഗ്രൂപ്പിൽ നടന്നു വന്ന "പാടൂർ ചരിത്രം – രണ്ടാം ഭാഗം" E-Book ആയി പ്രസിദ്ധീകരിക്കപ്പെടുന്നതിൽ അത്യന്തം സന്തോഷമുണ്ട്. നമ്മിൽ നിന്നു മൺമറഞ്ഞുപോയ മഹത്തുക്കളുടെ സ്മരണ പുതുക്കി, ഒട്ടേറെ പേർ അവരുടെ അനുഭവങ്ങളും ഓർമ്മകളും പങ്കുവെച്ച ഈ സംരംഭത്തിൽ ചെറിയ തോതിലെങ്കിലും പങ്കാളിയാകാൻ എനിക്കും കഴിഞ്ഞതിൽ നാഥനെ സ്തുതിക്കുന്നു. നാടിന്റെ ആത്മാവും പൈതൃകവും തലമുറകളിലേക്ക് കൈമാറുന്ന ഈ ശ്രമം ഒരു E-Book ആയി രൂപപ്പെടുന്നത് ചരിത്രസംരക്ഷണത്തിന്റെ ദിശയിൽ എടുത്ത വിലപ്പെട്ടൊരു ചുവടാണ്. ഇതിന് സഹകരിച്ച എല്ലാ എഴുത്തുകാർക്കും ഹൃദയപൂർവ്വമായ അഭിനന്ദനങ്ങളും ആശംസകളും. ഈ കൃതി പാടൂരിന്റെ ചരിത്ര സ്മൃതികളെ എന്നും നിലനിർത്തുന്ന ഒരു രേഖയായി മാറട്ടെ....

<u>അലി. പി.വി.</u>

അസ്സലാമു അലൈക്കും –ഒരു പാട് സന്തോഷം ഉണ്ട് ഇങ്ങിനെ ഒരു ഫ്ലാറ്റ്ഫോം പാടൂർ സൃഷ്ടിച്ചതിന്. കാരണം പാടൂർ പല കൂട്ടായിമകൾ വരികയും ചിലത് നിലനിൽക്കുകയും ചിലത് അപ്പാടെ പോയി മറയുകയും ചെയ്യുന്ന ഇടത്ത് ഒരു വേറിട്ട കൂട്ടായിമ വരികയും അതിന്റെ തുടക്കത്തിൽ പല പല കാര്യങ്ങളാൽ എതിർക്ക പെടുകയും എന്നാൽ ഈ കൂട്ടായിമ്മയിലെ മുന്നണി പോരാളികൾ എന്ത് വന്നാലും അനാവശ്യ ഇടപെടലുകൾ അനുവദിക്കാതെ മുന്നോട്ട് കൊണ്ടുപോയി നമ്മൾക് സാധാരണ പരിചയം ഇല്ലാത്ത പലതും കാണിച്ചു തരികയും ചെയ്തതിന് നന്ദി.

പാടൂരിനെ പറ്റി പറയുകയാണങ്കിൽ ഒരു പാട് കാര്യങ്ങളിൽ മികച്ച് നിൽക്കുന്ന ഒരു പാട് പേർക്ക് ജന്മം നൽകിയ ഇടം ആണ്. അതിൽ കഴിവുള്ള ഒരു പാടു പേരെ നമ്മുക് അറിയാൻ സാധികാതെ പോയി അതിന് അവരെ ഉയർത്തി കൊണ്ടുവരാൻ പിന്നിൽ നിന്നും ആളില്ലാതെ പോയി. എന്നാൽ ഈ കൂട്ടായിമയിൽ നിന്നും ഉണ്ടായ ഏറ്റവും വലിയ കാര്യം ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്ന ഓരോ വ്യക്തികളെ പറ്റി ഇവിടെ കുറിച്ച് ഇടുന്നതിനാൽ നമുക്ക് ഇത്തരം കഴിവുള്ള ജനങ്ങൾ ഇവിടെ ജീവിചിരിന്നു അറിയാൻ സാധിച്ചത് ഇപ്പോൾ ഈ കൂട്ടായിമയിൽ കൂടിയാണ്. പോസിറ്റീവേ ഇതിൽ കുറിക്കാനെ പാടുള്ളു. എന്നാൽ നെഗറ്റിവും കൂടിയതാണ് ജീവിതം നമ്മുടെ നാട്ടിൽ നമ്മൾ ആദരിക്കുന്നവരെക്കാൾ എത്രയോ മഹത്തരമായ ആൾക്കാർ അറിഞ്ഞും അറിയാതെയും നമ്മെ വിട്ടു പിരിഞ്ഞു. അധികം നമ്മൾ പുറകിലേക് പോകണ്ട കഴിഞ്ഞ വെള്ളിയാഴ്ച നമ്മ വിട്ടു പിരിഞ്ഞ ഷംസുക്കാനെ തന്നെ നമ്മുക് ഉദാഹരണം ആയി എടുക്കാം

എത്രയോ നല്ല കാഴ്ചപാടും നാടിന്റെ അഭിവൃദ്ധിയും കാംക്ഷി നടന്നിരിന്ന വെക്തിയായിരിന്നു. എന്തെങ്കിലും നമ്മൾ അദ്ദേഹത്തെ എല്പിച്ചാൽ അത് 100 ശതമാനം ആത്മാർത്ഥതയോട ചെയ്യും എന്നതിന് ഉദാഹരണം ആയിരുന്നു പാടൂർ കിഡ്നി ഫൗണ്ടേഷൻ. സ്വന്തം പോക്കറ്റിൽ നിന്നും പണം ചിലവാക്കി ഒരു പാട് പരിപാടികൾ നടത്തി. ഒരു പാട് സ്വപനങ്ങൾ ബാക്കിയാക്കി പോകെണ്ടിവന്നു. ഏറെ തെറ്റിധരിക്കപ്പെട്ട ഒരു വ്യക്തിത്വം ആണ് ഷംസുക്ക . നമ്മുടെ നാട്ടിൽ കഴിവും അറിവും ഉള്ള വർ കുറവല്ല അവരെ വളരുവാൻ അനുവദി കാത്തത് ആണ്.

ഇത്രയും പറഞ്ഞു വന്നത് ഇപ്പോൾ നമ്മൾ ഈ ഗ്രൂപ്പിൽ കൂടെ കാണിച്ചു വരുന്ന കാര്യങ്ങൾ കൊണ്ട് ഒരു പരിഹാരം ആകുന പോലെ എന്താണോ സത്യം എന്താണോ ജനം അറിയണ്ടത് അത് ഈ കൂട്ടായിമ്മയിൽ കൂടെ ജനം അറിയുന്നു. എനിക്ക് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരോട് ഒന്നെ പറയാനും ആവശ്യപെടാനും ഉള്ളത് ആരെയെങ്കിലും കുറിച് അറിയാനുള്ളത് അറിയിക്കാൻ ആരെങ്കിലും വന്നാൽ അതിനെ പ്രോൽസാഹിപ്പിക്കുക.ഈ കൂട്ടായിമ ഇനിയും ഉയരങ്ങളിലേക് എത്തട്ടെ എന്ന് ആശംസിചു കൊണ്ട് നിർത്തട്ടെ.

അലി. പി.വി.

ആർ വി ഉമ്മർ സാഹിബ്

അസ്സലാമു അലൈക്കും

പാടൂർ മഹല്ല് ഗ്രൂപ്പ് വളരെ വിജയകരമായി പൂർത്തിയാക്കിയ പാടൂർ ചരിത്രം ഒന്നാം ഭാഗത്തിന്റെ തുടർച്ചയായി രണ്ടാം ഭാഗവും ശ്ലാഘനീയമായ വിധത്തിൽ പൂർത്തിയാക്കിയിരിക്കുകയാണ്. അൽഹംദുലില്ലാ.

ഇതിന് പിന്നിൽ പ്രവർത്തിച്ച വ്യക്തികളുടെ കഠിനാധ്വാനത്തെയും അർപ്പണമനോഭാവത്തെയും പ്രശംസിക്കാതിരിക്കാൻ ആവില്ല. അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

"പാടൂർ ചരിത്രം" രണ്ടാം ഭാഗം ഇ-ബുക്ക് പുറത്തിറക്കുന്ന ഈ വേളയിൽ എല്ലാ ഭാവുകങ്ങളും ആശംസകളും നേരുന്നു.

നന്ദി

ആർ വി ഉമ്മർ

സൈനുദ്ധീൻ പാടൂർ

കാലം മുന്നോട്ട് നീങ്ങുമ്പോൾ മനുഷ്യൻ വിട്ടുപോകുന്നത് ഓർമ്മകളാണ്; അവയെ രേഖകളാക്കി മാറ്റുമ്പോഴാണ് ചരിത്രം ജനിക്കുന്നത്. അത്തരം ഓർമ്മകളെ ഉത്തരവാദിത്വബോധത്തോടെയും സ്നേഹത്തോടെയും സംരക്ഷിച്ചുവെക്കുന്ന ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം, ഒരു ഗ്രന്ഥത്തിന്റെ ജനനമല്ല—ഒരു കാലഘട്ടത്തെ ഭാവിയിലേക്ക് കൈമാറുന്ന ആത്മാർഥമായ ശ്രമമാണ്. മൗനമായ അനുഭവങ്ങൾക്കും മറഞ്ഞുപോയ മുഖങ്ങൾക്കും വാക്കുകളായി ശ്വാസം നൽകുന്ന ഈ കൃതി, വായനക്കാരന്റെ ചിന്തയെ ഉണർത്തുകയും മനസ്സിനെ സമ്പന്നമാക്കുകയും ചെയ്യും. ഈ ദാർശനിക യാത്രക്ക് തുടക്കം കുറിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

കെ പി മുഹമ്മദ് അഷ്‌റഫ്

നമ്മിൽ നിന്നും മണ്മറഞ്ഞു പോയ മഹത്തുക്കളുടെ സ്മരണ പുതുക്കൽ ഒരു E-Book ആക്കാനുള്ള സംരംഭത്തിന്റെ അണിയറ ശില്പികൾക്ക് ആശംസകളും ഭാവുകങ്ങളും പ്രാർത്ഥനയും!

അത്ര സുഗമമല്ല ഈദൗത്യം. മനസ്സിലാക്കുന്നതനുസരിച്ചു ഈദൗത്യത്തിന്റെ നേതൃത്വവാഹകൻ ലത്തീഫ് അബ്ദുമുസ്‌ലിയാർ ആണ്. അദ്ദേഹത്തിന് ഒരുപ്രത്യേകനന്ദി!

<u>ഷരീഫ് ബാബു.</u>

അസ്സലാമു അലൈക്കും

പാടൂർ ഗ്രാമത്തിൽ നിന്നും മൺ മറഞ്ഞു പോയ മഹാത്മാക്കളുടെ സ്മരണ പുതുക്കൽ എന്ന പാടൂർ മഹൽ ഗ്രൂപ്പിന്റെ രണ്ടാം പാർട്ട് മറ്റു ഗ്രൂപ്പുകളിൽ നിന്നും ഏറെ വ്യത്യസ്ഥമായി അനുഭവപ്പെട്ടു.

പങ്കെടുത്തവർ എല്ലാവരും അവരവരുടേതായ നേർ സാക്ഷ്യങ്ങൾ അനുഭവങ്ങളിലൂടെ പങ്കു വെക്കുകയുണ്ടായി അതിലൂടെ അവരെ കാണാത്തവർക്കും അറിയാത്തവർക്കും അതൊരു പുതിയ അറിവും വെളിച്ചവുമായി.

അവരിൽ ചിലർ ആത്മീയതക്ക് ഊന്നൽ നൽകിയപ്പോൾ മറ്റു ചിലർ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്ത് അവരുടെ കഴിവുകൾ പ്രകടിപ്പിച്ചവരായി കണ്ടു.

പഴഞ്ചൻ ശീലങ്ങളിൽ നിന്നും മാറ്റം ഉൾക്കൊള്ളുവാനുള്ള ശാക്തീകരണത്തിലും അവർ ഒരു ഗ്രാമത്തെ സാമൂഹികമായ രീതിയിൽ പരിവർത്തിക്കുവാനായി മുന്നിൽ നിന്നും പ്രവർത്തിച്ചവരായിരുന്നതായി കണ്ടു. അവർ ഓരോരുത്തരും നാടിന്റെ നക്ഷത്രങ്ങൾ ആയിരുന്നു. അവരിപ്പോഴും അവിടെ പൊൻ പ്രഭയോടെ ജ്വലിക്കുന്നുവെങ്കിൽ അവരുടെ ജീവിത കർമ്മങ്ങൾ പാഴാക്കാതെയാണ് അവർ മടങ്ങിയതും അവർ അവിടെ സുഖ നിദ്രയിൽ മയങ്ങുന്നതും. അവരാരും വിമർശനത്തെ ഭയപ്പെട്ടില്ല കാരണം വിമർശനം നേരിടുക ഒരു കഠിന പ്രവർത്തിയാണ്.

സാദാരണക്കാർക്കും വിദ്യാർത്ഥികൾക്കും ചരിത്രം കുറിക്കുന്നവർക്കും ഒരു ദേശത്തിന്റെ ഏടുകളിൽ ഒരു പോലെ പ്രയോജനകരമാണീ കുറിപ്പുകൾ. ഇലക്ട്രോണിക്ക് മാധ്യമ രംഗത്തെ കുതിപ്പിനോടൊപ്പം ഒരു ജനതയുടെ കൂടെ അവരെ മത-ധാർമിക മൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് വരും കാല സന്തതികൾക്കായി കഴിഞ്ഞ കാലത്തെ സംബന്ധിച്ച് അവബോധ മുണ്ടാക്കുവാനും വിചാരതലങ്ങളിൽ ദൈവ സാന്നിധ്യം അനുഭവ വേദ്യമാക്കുവാനും ഈ കുറിപ്പുകൾക്ക് കഴിയുമെന്ന പ്രതീക്ഷയോടെ എല്ലാ ആശംസകളും നേരുന്നു.

ഗ്രൂപ്പിന്റെ അഡ്മിനും എനിക്ക് സഹോദര തുല്യം ഇഷ്ടവുമായിരുന്ന ശംസുദ്ധീൻ മരക്കാർ അവർകളുടെ പൊടുന്നനെയുണ്ടായ വിടപറയൽ ഈ അവസരത്തിൽ ഏറെ വേദനയും ദുഃഖവുമാണ് സൃഷ്ടിച്ചത്. അദ്ദേഹത്തിന്റെ അഭാവം ആ കുടുംബത്തിനും ഗ്രൂപ്പിനും വലിയ നഷ്ടം തന്നെയാണ്. കാരുണ്ണ്യവാനായ തമ്പുരാൻ അദ്ദേഹത്തിന്റെ ബർസഖി യായ ജീവിതത്തെ അനുഗ്രഹിക്കട്ടെ.. ആമീൻ)

ഷരീഫ് ബാബു.

അഷ്റഫ് പി എ

അൽഹംദുലില്ലാഹ് ..പാടൂരിന്റെ മണ്മറഞ്ഞു പോയ വ്യക്തിത്വങ്ങളെ ഓർക്കുകയും ഓർമിപ്പിക്കുകയും ചെയ്യുന്ന ഈ സംരംഭം പ്രശംസനീയമാണ്. ചരിത്രപരമായ ഓർമപ്പെടുത്തലുമാണ്.

മണ്മറഞ്ഞു പോയ വ്യക്തിതങ്ങളെ ഓർത്തെടുക്കുന്നത് അതിശയവും അതി ഭാവുകത്വവും കലരാതെ അവതരിപ്പിക്കുന്ന ശൈലി പുതു തലമുറക്ക് പുതുമയും പഴയവർക്ക് ഓർമ്മപ്പെടുത്തലുമാണ് .

വിജയകരമായി ഒന്നാം ഭാഗം പൂർത്തീകരിച്ച ആഹ്ലാദത്തോടെ രണ്ടാം ഭാഗം തുടരുന്ന ഇ -ബുക്കിന് വേണ്ടി പ്രയത്നിക്കുന്ന പാടൂർ മഹൽ ഗ്രൂപ്പ് സാരഥികൾക്ക് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട്,

അഷ്റഫ് P.A.

അബ്ദുൽ മജീദ് മുഹമ്മദ്

അസ്സലാമു അലൈക്കും വറഹ്മത്തുള്ളാഹി വബറക്കാത്തുഹൂ.. എല്ലാവർക്കും നാഥന്റെ സംരക്ഷണവും സമാധാനവും ഉണ്ടാകട്ടെയെന്ന് ആത്മാർഥമായി പ്രാർത്ഥിക്കുന്നു. പാടൂർ മഹൽ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തി വന്നിരുന്ന ഇപ്പോഴും തുടരുന്ന ചരിത്രപരമായ ചില നീക്കങ്ങളെ കുറിച്ചുള്ള കുറിപ്പ്….ആദ്യമേ ഗ്രൂപ്പിനും വിശിഷ്യാ അഡ്മിൻസിനും നന്ദി രേഖപ്പെടുത്തു ന്നതോടൊപ്പം സർവ്വശക്തനായ അല്ലാഹുവിനോട് സ്തുതിയും ശുക്രും അറിയിക്കട്ടെ. ഗ്രൂപ്പിൽ നമ്മുടെ നാട്ടിലെ മണ്മറഞ്ഞു പോയ പണ്ഡിത വര്യന്മാരെ കുറിച്ചുള്ള ഓർമ്മകൾ എന്നും നാടിന്റെ പുണ്യം വിളിച്ചോതുന്ന ഒന്നായിരുന്നു. നമുക്കും നമ്മുടെ മുൻ തലമുറയ്ക്കും എന്നും ആത്മീയ വിദ്യാഭ്യാസം നൽകിയ, ജീവിത ശൈലി പഠിപ്പിച്ച ഗുരുവന്ധ്യൻമാരെ ഓർ ത്തെടുക്കുവാനും അവർ നമുക്ക് പകുത്തു നൽകിയ സംസ്കാരവും നമുക്കായി സമ്മാനിച്ച ഉസ്താദുമാരുടെ ഓർമ്മകളാൽ നിറഞ്ഞു നിന്ന ഓർമ്മപ്പൂക്കൾ ഇന്നും എന്നും വാടാതെ നമ്മുടെ ഹൃദയാന്തരങ്ങളിൽ ജ്വലിച്ചു നിൽക്കുന്നു. ഗ്രൂപ്പിലെ കാരണവന്മാർ അവരുടെ അനുഭവങ്ങൾ വിവരിക്കുക വഴി നമുക്ക് ലഭിച്ചത് ചരിത്രങ്ങളായിരുന്നു.. സുഗന്ധവും സുന്ദരവുമായ ചരിത്രങ്ങൾ… നമ്മളിൽ നിന്നും മണ്മറഞ്ഞു പോയ നമുക്കായി ജീവിച്ച, ദീനിനെ സ്നേഹിച്ച നാടിനെ താലോലിച്ച ഉസ്താദുമാരെ കുറിച്ചുള്ള ഓർമ്മകൾ…പണ്ഡിത മഹത്തുക്കളെ കുറിച്ചുള്ള ഓർമ്മകൾ പങ്കു വെച്ചതിനു ശേഷം ഈ കൂട്ടായ്മയുടെ അമരക്കാർ ഏറ്റെടുത്തത് അത്ര തന്നെ പ്രാധാന്യമുള്ള മറ്റൊരു വിഷയമാണ്. നമ്മുടെ നാടിനെ മറ്റേതൊരു നാടിനേക്കാളും നന്മ നിറഞ്ഞതാകാൻ രാഷ്ട്രീയപരമായും സാംസ്കാരികപരമായും സാമൂഹിക പരമായും കലാപരമായും വിദ്യാഭ്യാസപരമായും ഇടപെട്ട മഹത്തുക്കളെ കുറിച്ചുള്ള ഓർമ്മകളായിരുന്നു. ഒരു നാടിനെ, ആ നാട്ടിലെ യുവതയെ ഏറെ മുന്നിലെത്തിക്കാൻ തങ്ങളുടെ ജീവനും ജീവിതവും സമ്പത്തും സംഭാവന

ചെയ്ത മഹാന്മാരുടെ ചരിത്രങ്ങൾ… നമുക്ക് അറിയാതെ പോയ ചരിത്ര നിമിഷങ്ങൾ… ഗ്രൂപ്പ് തുടങ്ങി ഇക്കാലമത്രയും ഒന്നും ഉരിയാടാതെ നിന്നിരുന്ന നമ്മുടെ കൂട്ടായ്മയിലെ ജ്യേഷ്ഠ സഹോദരങ്ങൾ, കാരണവന്മാർ മേൽപ്പറഞ്ഞ മഹാന്മാരുടെ ഓർമ്മകൾ പങ്കു വെച്ചതിലൂടെ നാം യാത്രയായത് പതിറ്റാണ്ടുകൾ പിറകിലേക്കായിരുന്നു… ഇങ്ങിനെയൊരു ശ്രമം ഗ്രൂപ്പ് അഡ്മിൻസ് തുടങ്ങിയില്ലായിരുന്നെങ്കിൽ നമുക്ക് സംഭവിക്കാൻ പോയിരുന്നത് തീർത്താൽ തീരാത്ത വൻ നഷ്ടങ്ങളായിരുന്നു… ഈ തലമുറയ്ക്കും ഒപ്പം വരും തലമുറയ്ക്കും എന്നും ഓർത്തിരിക്കാൻ കഴിയും വിധം മധുരമുള്ള ചിത്രങ്ങൾ നിങ്ങൾ വരച്ചിടുകയായിരുന്നു… ഒരായിരം നന്ദി, ഈ ഉദ്യമത്തിന് ശ്രമിച്ച ഏവർക്കും… പ്രതിഫലം നൽകുന്നത് നാഥനാണ്.. ഈ ശ്രമകരമായ ദൗത്യം ഏറ്റെടുത്ത് പൂർത്തീകരിച്ച് ഞങ്ങൾക്ക് സമ്മാനിച്ച നിങ്ങൾക്ക്, ഇതിൽ അനുഭവങ്ങൾ കൊണ്ട് അലങ്കരിച്ച ഇക്കമാർക്ക് ക്രോഡീകരിച്ച അഡ്മിൻസിന് നമ്മളിൽ നിന്ന് മണ്മറഞ്ഞു പോയ ഉസ്താദുമാർക്ക് നമ്മളെ നമ്മളാക്കി മാറ്റിയ നാട്ടിലെ മഹാൻമാർക്ക് എല്ലാം പകരമായി സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ … നാളെ നാഥന്റെ ജന്നാത്തുൽ ഫിർദൗസിൽ നമ്മളെ എല്ലാവരെയും നാഥൻ ഒരുമിച്ച് കൂട്ടട്ടെ…

സ്നേഹപൂർവ്വം അബ്ദുൾ മജീദ് മുഹമ്മദ് പാടൂർ

സലിം കണ്ടംപറമ്പിൽ

അസ്സലാമു അലൈക്കും, മൺമറഞ്ഞുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മകൾ കെടാതെ സൂക്ഷിക്കുന്ന ഈ വാട്സപ്പ് ഗ്രൂപ്പിന് അഭിനന്ദനങ്ങൾ. അവരുടെ വിയോഗം സൃഷ്ടിക്കുന്ന ശൂന്യത വാക്കുകൾക്ക് അതീതമാണ് എങ്കിലും അവർ നമുക്കായി കരുതിവെച്ച നല്ല നിമിഷങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് അവരെ ഓർമ്മിച്ചെടുക്കാൻ ശ്രമിക്കുന്ന പ്രവർത്തനങ്ങൾ സ്ലാഗനീയമാണ് നീറുന്ന ഓർമ്മയായി പോയി മറഞ്ഞെങ്കിലും ഇന്നും നമ്മുടെ ഇടയിൽ അവരുടെ സാന്നിധ്യം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് അവരെ നാം ഓർമ്മിച്ചെടുക്കുന്നത്. മരണം ശരീരത്തെ മാത്രമേ കൊണ്ടുപോയിട്ടുള്ളൂ അവർ പകർന്നു നൽകിയ സ്നേഹവും ഉപദേശങ്ങളും ഇന്നും നമ്മുടെ ഉള്ളിൽ മായാതെ നിലനിൽക്കുന്നുണ്ട്, ആ നല്ല നിമിഷങ്ങളെയാണ് പടൂർ മഹൽ കൂട്ടായ്മ ഓർത്തെടുക്കാൻ ശ്രമിക്കുന്നത്. നീറുന്ന ഓർമ്മയായി നിങ്ങൾ, പോയി മറഞ്ഞെങ്കിലും, ഇന്നും ഞങ്ങളുടെ ചുറ്റും, നിങ്ങളുടെ സാന്നിധ്യം നിഴലിക്കുന്നുണ്ട്. അവസാനം നമ്മെ വിട്ടു പോയ ഈ ഗ്രൂപ്പിന്റെ നിറസാന്നിധ്യമായിരുന്ന മർഹൂം ശംസു മരക്കാർ മുതൽ മുൻപേ വിട പറഞ്ഞു പോയ എല്ലാവരെയും സ്മരിക്കുന്നതിനോടൊപ്പം ഒരു പ്രാർത്ഥനയും കൂടി അവർക്ക് കിട്ടുന്നുണ്ട് അത് അവർക്ക് ആഹിറത്തിലേക്കുള്ള പ്രയാണം സുഗമമാക്കാൻ സഹായിക്കുന്നുവെങ്കിൽ നമ്മൾ കൃതാർത്ഥരായി. പാടൂർ മഹൽ കൂട്ടായ്മക്ക് എല്ലാവിധ ആശംസകളും നേരുന്നു. സ്നേഹത്തോടെ സലീം കണ്ടംപറമ്പിൽ.

സൈനുദ്ധീൻ പോഗോ

ചില കാര്യങ്ങൾ പറയാതിരിക്കാൻ വയ്യ. പാടൂർ മഹൽ കൂട്ടായ്മ രണ്ടാ ഘട്ടത്തിൽ നടപ്പിലാക്കി വന്നിരുന്ന പാടൂരിലെ മഹദ് വെക്ത്യത്വങ്ങളെ കുറിച്ചുള്ള അറിവ് പലർക്കും പരിമിതങ്ങളായിരുന്നു. പലരുടെയും തൂലികയും ശബ്ദ്യം ചലിച്ചപ്പോൾ മറഞ്ഞ് കിടന്നിരുന്ന ആ സംഭവങ്ങൾ പുതിയ ഒരറിവായി. സമൂഹത്തിനും സമുദായത്തിനും വേണ്ടി അവർ ചെയത് വെച്ച കാര്യങ്ങൾ സമൂഹം നന്ദിയോടെ എന്നും സ്മരിക്കും.

ഈ ശ്രമകരമായ ജോലി കൃത്യമായി യാതൊരു ഏറ്റകുറച്ചിലുമാല്ലാതെ നടപ്പിലാക്കി ഗ്രൂപ്പിനെ മനോഹരമാക്കി മുന്നോട്ട് നയിച്ച അഡ്മിൻ ചങ്കുകളെ അഭിനന്ദിക്കാതിരിക്കാൻ വയ്യ. അർഹിക്കുന്നവർക്ക് അംഗീകാരം ലഭിച്ചേ പറ്റൂ.

തുടർന്നും വ്യത്യസ്ഥ വിശയങ്ങളുമായി ഗ്രൂപ്പ് അതിന്റെ മുന്നേറ്റം തുടർന്ന് കൊണ്ടിരിക്കട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

ZAIN Pogo Tech padoor.

ഫാറൂഖ് തങ്ങൾ

നാടിന്റെയും സമൂഹത്തിന്റെയും മൊത്തം പുരോഗതിക്കും ശ്രേയസ്സിനും വേണ്ടി വിവിധ രംഗങ്ങളിൽ പ്രവർത്തിച്ചവരെ സ്മരിക്കുന്നത് തീർച്ചയും വലിയ സൌന്ദര്യമാണ്.

കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മുടെ നാടിനും അവിടത്തെ ജനങ്ങൾക്കും വേണ്ടി പ്രവർത്തിച്ചവരെ അനുസ്മരിക്കേണ്ടതും പുതിയ തലമുറക്ക് അവരെ പരിചയപ്പെടുത്തേണ്ടതും അനിവാര്യമാണെന്ന് മനസ്സിലാക്കിയ മഹൽ ഗ്രൂപ്പ് ഒരു വലിയ ദൌത്യമാണ് നിർവ്വഹിച്ചത്. മാത്രവുമല്ല ആ ദൌത്യം ഏറ്റവും നന്നായി ആവിഷ്ക്കരിക്കുകയും ചെയ്തു. الحمد لله

ഈ സ്മരണ പുതുക്കലിലൂടെ, നമുക്ക് അവരുടെ ജീവിതത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനും നമ്മുടെ ജീവിതത്തെ മെച്ചപ്പെടുത്താനും കഴിയും. അവരുടെ സ്മരണകൾ നമുക്ക് ശക്തിയും ദിശയും നൽകുന്നു. അവരുടെ ജീവിതവും പ്രവർത്തനങ്ങളും ഓർക്കുന്നതിലൂടെ നമുക്ക് പ്രചോദനം ലഭിക്കുന്നു. അവരുടെ ത്യാഗവും സമർപ്പണവും നമ്മെ ഉയരങ്ങളിലേക്ക് നയിക്കുന്നു.

വിവിധ രംഗങ്ങളിൽ പ്രവർത്തിച്ച വ്യക്തികളെ അനുസ്മരിക്കുന്ന E Book കൂടുതൽ വായനക്കാരിലേക്ക് എത്തുമ്പോൾ നമ്മുടെ നാടിന്റെ സൌന്ദര്യവും ഐശ്വര്യവും പൂർവകാല പ്രതാപവും എന്തായിരുന്നുവെന്ന് മനസ്സിലാക്കാൻ സഹായകരമാകും.

ഇവിടെ പ്രസിദ്ധം ചെയ്യുന്ന E Book വായനക്കാരുടെ ഹൃദയത്തിൽ സ്ഥാനം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു. എല്ലാ വിധ ആശംസകളും ഭാവുകങ്ങളും നേരുന്നു. അല്ലാഹു സ്വീകാര്യമായ പ്രവർത്തനമാക്കി തരട്ടേ.

അക്ബർ വലിയകത്ത്

ഒരു നാട് മറ്റു നാട്ടുകാർക്ക് മുന്നിൽ അഭിമാനത്തോടെ അറിയപ്പെടുന്നത് അവിടെ ജീവിക്കുന്ന ജീവിച്ചിരുന്ന മഹത് വ്യക്തിത്വങ്ങൾ അവരുടെ കർമരംഗങ്ങളിൽ നൽകിയ സൽപ്രവർത്തികളുടെ പേരിലാണ്, അവരിൽ നാം അറിഞ്ഞവരും അറിയപ്പെടാതെ കാല യവനികക്കുള്ളിൽ മറഞ്ഞവരും ഉണ്ടാവും, എങ്കിലും അറിഞ്ഞവരെക്കുറിച്ച് വരും തലമുറകൾക്ക് മനസ്സിലാക്കാനും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നാടിനും നാട്ടുകാർക്കും വേണ്ടി കർമ്മരംഗത്ത് സേവനങ്ങൾ അർപ്പിക്കാനും അതുവഴി അവർക്ക് കൂടി ചരിത്രത്തിന്റെ ഭാഗമാവാനും പാടൂരിന്റെ ചരിത്രപുസ്തകം തീർച്ചയായും ഉപകാരപ്പെടും, കഴിഞ്ഞുപോയ കാലത്ത് ഇരുട്ടിനെ ശപിക്കാതെ ഒരു ചൂട്ടുകറ്റ, കൊണ്ടെങ്കിലും വെളിച്ചമുണ്ടാക്കി നമ്മെ നേർവഴി നടത്താൻ പരിശ്രമിച്ചവരെ നമുക്ക് നന്ദിയോടെ സ്മരിക്കാം,

അവരെ അരങ്ങിലെ വെളിച്ചത്തിൽ തിളങ്ങുന്ന ചരിത്ര പുരുഷന്മാരാക്കി നമുക്ക് മുന്നിൽ കൊണ്ട് വന്ന് നിർത്തിയ അണിയറപ്രവർത്തകർക്ക് അഭിനന്ദനങ്ങൾ

,,,,, അറിയുക

"**ഏതൊരു ജനതക്ക് അവരുടെ ഭൂത കാലത്തെക്കുറിച്ച് അറിവില്ലയോ അവർക്ക് വാർത്തമാനവുമില്ല ഭാവിയുമില്ല**" (സായിദ്ബിൻ സുൽത്താൻ, uae രാഷ്ട്ര പിതാവ്)

സഊദ് തങ്ങൾ

ആശംസകൾ

പാടൂരിന്റെ ചരിത്രത്തെ അനുകൂലമായി സ്വാധീനിച്ച വ്യക്തികളുടെ ചരിത്രം പറയുന്ന രണ്ടാം E-BOOK ഇറങ്ങുന്നു എന്നറിയുന്നതിൽ സന്തോഷം തോന്നുന്നു.

ഭൂതകാലത്തെ പഠന വിധേയരാക്കുന്നവരാണ് സമൂഹത്തിന്റെ ഭാവിയെ നിർണയിക്കുന്നത് എന്ന് പറയാറുണ്ട്. ചരിത്രത്തിൽ നിന്ന് കണ്ടെടുക്കുന്നത്, കേവലമായ വിവര ശേഖരണമല്ലെന്നും അത് ഭാവിയെ രൂപപ്പെടുത്താനുള്ള ഉരുപ്പടികളാണെന്നും കൂടി കൂട്ടി വായിക്കാവുന്നതാണ്.

അനവധി ആളുകളുടെ അറിവുകളെ ഒരുമിച്ചു കൂട്ടി സമൂഹത്തിന്റെ മുമ്പിൽ സമർപ്പിച്ച്, സമന്വയത്തിന്റെ ഭാഷ സംസാരിച്ച പാടൂർ മഹൽ ഗ്രൂപിന്റെ അണിയറ ശില്പികൾ ചരിത്രത്തിൽ രേഖപ്പെട്ട ഈ യാഥാർഥ്യത്തെ പ്രതീകവൽക്കരിക്കുന്നുണ്ട്.

അക്ഷര സ്ഫുടതയോടെ ആശയങ്ങൾ പറയാൻ കഴിയുന്ന, ലോക ചലനങ്ങളെ കുറിച്ച് അവബോധമുള്ള ഒരു പറ്റം വ്യക്തികളാണ് ഈ വേദിയിൽ അണി നിരന്നത്. പല ചിന്താ രീതികൾ പിന്തുടരുന്ന മഹല്ല് നിവാസികൾ എല്ലാവർക്കും ആവശ്യമായ ഒന്നിലേക്ക് അണിചേർന്ന് വരികയായിരുന്നു.

ഓരോ കുറിപ്പുകളും ശ്രദ്ധ യോടെ വായിക്കുമ്പോൾ, അവ നമ്മെ അറിവിന്റെ പുതിയ ലോകത്തേക്ക് കൊണ്ട് പോകുകയാണ് ചെയ്യുന്നത്. അത് മൂലം, പല സന്ദർഭങ്ങളിൽ കണ്ടു മുട്ടിയ മുഖങ്ങളെ കൂടുതലറിയാൻ കഴിഞ്ഞു. അറിവുകളിൽ ചില തിരുത്തലുകൾ വരുത്താനും സാധ്യമായി.

വായിച്ചു കഴിഞ്ഞ പലതും നമ്മുടെ ഓർമ പുസ്തകത്തിൽ അവ്യക്തമായി കിടക്കുന്നുണ്ടാകും. അനുകൂല സാഹചര്യങ്ങളിൽ അവക്ക് പുതിയ അർത്ഥകല്പനകൾ കൈ വരും. അത് പലപ്പോഴും വെളിപാട് പോലെ പ്രവർത്തിക്കും. എഴുത്തു കാരൻ അയാൾക്ക് ആവശ്യമായ റഫറൻസുകൾ തേടിപ്പോകും. അത് തന്നെ വലിയൊരു വിവരശേഖരണമായി തീരും.

ഭൗതികമേത്, ആത്മീയമേത് എന്ന് പിരിച്ചെഴുതാൻ കഴിയാത്ത വിധ മായിരുന്നു നമ്മുടെ പ്രപിതാക്കളുടെ ജീവിതമെന്നും, രാജ്യത്തിലെ ജനങ്ങളുടെ മൊത്തം പുരോഗതിയായിരുന്നു അവരുടെ ലക്ഷ്യമെന്നും, ഒരു ബഹുസ്വര സമൂഹത്തിൽ 'ഇസ്ലാമിക സ്വര'ത്തെ ഒട്ടിച്ചു നിർത്താൻ അവർക്ക് പ്രയാസമുണ്ടായില്ല എന്നുമാണ് ഇവിടെ കുറിക്കപ്പെട്ട ചരിത്രങ്ങളിൽ നിന്ന് മനസ്സിലായത്. ചരിത്ര പുരുഷന്മാർ ഉയിരെടുക്കുന്നത് കാലത്തിന്റെ ഒരാവശ്യം എന്ന നിലക്കാണ്. അതിന്റെ ഉദാഹരണങ്ങളാണ് നമ്മുടെ പ്രപിതാക്കളുടെ ചരിത്രവും.

ഭിന്നഭിപ്രായങ്ങളെ മറി കടന്നു, വെല്ലുവിളികളെ നേരിട്ട ശോഭനമായ ഒരു ഭൂതകാലം കേരള മുസ്ലിംകൾക്ക് കഴിഞ്ഞു പോയിട്ടുണ്ട്. ദർസ് സമ്പ്രദായം വെല്ലുവിളികളെ നേരിട്ടപ്പോഴാണ് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും വക്കം അബ്ദുൽകാദർ മൗലവിയും മദ്രസാ പ്രസ്ഥാനത്തിലേക്ക് തിരിഞ്ഞത്. ഇവർ രണ്ടു തരം ചിന്താ ധാരകളെ പ്രതിനിധീകരിച്ചവരാണ് എന്നാണ് വിലയിരുത്തപ്പെടുന്നത്. എന്നിട്ടും അവർ ഉമ്മത്തിന്റെ പുരോഗതിക്ക് വേണ്ടി ഒന്നിച്ചു പ്രവർത്തിച്ചു. ഇതിന്റെ തന്നെ പരിഛേദമായി വേണം പാടൂരിന്റെ ഭൂതകാലത്ത് നിലനിന്ന സൗഹൃദത്തെ നോക്കിക്കാണാൻ.

പോയ കാലത്തെ നമുക്ക് തിരിച്ചു കൊണ്ട് വരാൻ കഴിയില്ല. എന്നാൽ തന്നെയും, ചരിത്രത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടു പുതിയ ലോകത്തെ മാറ്റി പണിയാനാകും.

ആദ്യം മുതലേ ഈ കൂട്ടായ്മയുടെ പിന്നിൽ പ്രവർത്തിച്ചവർ തികഞ്ഞ ക്ഷമയും ത്യാഗനിർഭരതയും പുലർത്തിയതിന്റെ ഫലമായിട്ടാണ് ഈ ശ്രമം വിജയിപ്പിക്കാൻ കഴിഞ്ഞത്. നിസ്വാർത്ഥമായ ആ ഉദ്യമങ്ങളെ നന്ദി പൂർവ്വം ഇവിടെ സമരിക്കുന്നു.

അല്ലാഹുവിന്റെ തീരുമാനത്തിൽ ഉറച്ചു വിശ്വസിച്ചു മുന്നോട്ട് പോയാൽ നമുക്ക് ഇനിയും കൂടുതൽ പലതും ചെയ്യാൻ കഴിയും. ചെറിയ ചുവടുകളാണല്ലോ, വലിയ സാധ്യതകളിലേക്ക് വഴി തുറക്കുക.

അല്ലാഹു അനുഗ്രഹിക്കട്ടെ.

അബ്ദുള്ള എൻ. എ

അസ്സലാമു അലൈക്കും

മഹത്തുക്കളുടെ സ്മരണ പുതുക്കൽ” എന്ന പാടൂർ മഹൽ ഗ്രൂപ്പിൽ നടന്നു വന്ന “പാടൂർ ചരിത്രം – രണ്ടാം ഭാഗം” E-Book ആയി പ്രസിദ്ധീകരിക്കപ്പെടുന്നതിൽ അത്യന്തം സന്തോഷമുണ്ട്. നമ്മിൽ നിന്നു മൺമറഞ്ഞുപോയ മഹത്തുക്കളുടെ സ്മരണ പുതുക്കി, ഒട്ടേറെ പേർ അവരുടെ അനുഭവങ്ങളും ഓർമ്മകളും പങ്കുവെച്ച ഈ സംരംഭത്തിൽ ചെറിയ തോതിലെങ്കിലും എനിക്കും പങ്കാളിയാകാൻ കഴിഞ്ഞതിൽ നാഥനെ സ്തുതിക്കുന്നു. സന്തോഷമുണ്ട്. നാടിന്റെ ആത്മാവും പൈതൃകവും തലമുറകളിലേക്ക് കൈമാറുന്ന ഈ ശ്രമം ഒരു E-Book ആയി രൂപപ്പെടുന്നത് ചരിത്രസംരക്ഷണത്തിന്റെ ദിശയിൽ എടുത്ത വിലപ്പെട്ടൊരു ചുവടുവെപ്പാണ്. ഇതിന് സഹകരിച്ച എല്ലാ എഴുത്തുകാർക്കും, പ്രത്യേകിച്ച് എല്ലാ തിരക്കുകൾക്കിടയിലും,എപ്പോഴും മുന്നിലുള്ള ലത്തീഫിനും ഒപ്പമുള്ള അഡ്മിൻ ടീമിനും ഹൃദയപൂർവ്വമായ അഭിനന്ദനങ്ങളും ആശംസകളും. ഈ കൃതി പാടൂരിന്റെ ചരിത്ര സ്മൃതികളെ എന്നും നിലനിർത്തുന്ന ഒരു രേഖയായി മാറട്ടെ....എന്നാശംസിക്കുന്നു. ഇനിയും ഇതുപോലുള്ള നല്ല നല്ല ഉദ്യമങ്ങൾക്ക് മുൻകയെടുക്കാൻ കഴിയട്ടെ 🤲

സ്നേഹദരങ്ങളോടെ അബ്ദുള്ള എൻ. എ

റഫീക്ക് അബ്ദുള്ള

അസ്സലാമു അലൈക്കും

നമ്മെ വിട്ടുപോയ നമ്മുടെ പൂർവ്വികരെ പുതിയ തലമുറക്ക് കൂടി ഉപകാരപ്പെടുമാറ് അടയാളപ്പെടുത്തുക എന്നത് മഹത്തായ കാര്യമാണ്. നമ്മുടെ ഓരോരുത്തരുടെയും രക്ഷിതാക്കൾ എന്നപോലെ തന്നെ പാടൂരിന്റെ മണ്മറഞ്ഞ ഓരോ രക്ഷിതാക്കളും നമുക്ക് വഴികാട്ടികളായിരുന്നു. പലരെയും ഒരുകാലത്തും വിസ്മരിക്കാൻ കഴിയാത്തവരുമാണ്. "മഹത്തുക്കളുടെ സ്മരണ പുതുക്കൽ" കൊണ്ട് മണ്മറഞ്ഞു പോയ ചെറുതും വലുതുമായ രക്ഷിതാക്കൾ ഈ നാടിനു ചെയ്ത വലിയ സംഭാവനകൾ സ്മരിക്കപ്പെടുകയാണ് ചെയ്യുന്നത് .

പല മുസ്‌ലിം പണ്ഡിതന്മാരുടെയും ഗ്രന്ഥങ്ങളിലും പ്രഭാഷണങ്ങളിലും എല്ലാം പരാമര്ശിക്കപ്പെട്ടിട്ടുള്ള ഒരു നാടാണ് നമ്മുടേത്. വിവിധ മത വിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദപരമായ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിൽ നല്ലൊരു സ്ഥാനം നമുക്കുണ്ട്. പറയത്തക്ക രീതിയിലുള്ള ഒരു പ്രയാസങ്ങളും ഈ നാട്ടിൽ ഇല്ല എന്നുള്ളത് തന്നെ നമ്മുടെ പൂർവികർ നമുക്ക് കാണിച്ചു തന്ന നല്ല ജീവിതമാർഗ്ഗമാണ് എന്ന് പറയാതെ വയ്യ.

എന്റെ കാലഘട്ടത്തിൽ ഏറെ അറിയപ്പെടുന്ന ബഹുമാനിക്കപ്പെടുന്ന ആദരിക്കപ്പെടുന്ന ഒട്ടുമുക്കാൽ മഹൽ വ്യക്തികളുമായും പല മേഖലകളിലും ഒരുമിച്ചു പ്രവർത്തിക്കുവാൻ സഹകരിക്കുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ള ഒരാൾ കൂടിയാണ് ഞാൻ. മർഹൂം ബി വി സീതി തങ്ങൾ, എസ് എം . സൈനുൽ ആബിദീൻ തങ്ങൾ, പി കെ അബ്ദുല്ല കുട്ടിക്ക, പി കെ . ഇബ്രാഹിംകുട്ടിക്ക, , കെ കെ . മുഹമ്മദാലിക്ക, കെ കെ ഹമീദ്ക്ക, ആർ പി മുഹമ്മദ് ഹാജി, ആലി

മുഹമ്മദ്ക്ക തുടങ്ങി പലരുമായും മഹല്ല് ഭാരവാഹി എന്ന നിലയിൽ ഒരുമിച്ചു പ്രവർത്തിക്കുവാൻ കഴിഞ്ഞത് വലിയ ഭാഗ്യമായാണ് ഇന്നും കാണുന്നത്. അതുപോലെ നമ്മുടെ പ്രധാന ഉസ്താദുമാരായിരുന്ന എല്ലാവരെയും പള്ളി ഖത്തീബായിരുന്ന പികെ കുഞ്ഞിമുഹമ്മദ് ഉസ്താദ് തുടങ്ങി എല്ലാ മഹത് വ്യക്തിത്വങ്ങളെയും നന്ദിയോടെ ഓർക്കാതെ ഒരു ചരിത്രം നമുക്കില്ല. അവരിൽ പലരുമായും അടുത്ത ബന്ധം പുലർത്തുവാൻ കഴിഞ്ഞിരുന്നു എന്നതും വലിയ ഭാഗ്യമാണ്. എന്റെയൊക്കെ കൗമാരസമയത്ത് തന്നെ നമ്മെ പിരിഞ്ഞുപോയ ഏറെ ബഹുമാന്യനായിരുന്ന കാര്യാട്ട് മുഹമ്മദുണ്ണിക്ക, മഹല്ല് പ്രവർത്തനങ്ങളിൽ ഏറെ സജീവമായിരുന്ന അബ്ദുൽക്ക എന്നിവരുമായി അടുത്തിഴപഴകുവാൻ ആയിട്ടില്ലെങ്കിലും അവരുടെ പ്രവർത്തനങ്ങളും മനസ്സിലാക്കുവാൻ ആയിട്ടുണ്ട് . പാടൂർ മഹല്ല് പ്രവർത്തനങ്ങളിൽ എന്നെ പ്രോത്സാഹിപ്പിച്ച വളരെ ചെറുപ്രായത്തിൽ നമ്മെ വിട്ടുപോയ എം കെ സുലൈമാൻക്കയെ ഈയവസരത്തിൽ ഓർത്തെടുക്കാതിരിക്കാനാവില്ല. പാടൂരിന്റെ വികസന കാര്യങ്ങളിൽ വലിയ സ്വപ്നങ്ങൾ കണ്ട അതിനു വേണ്ടി വേറിട്ട രീതികളിൽ പ്രവർത്തിച്ചുവന്നിരുന്ന ഈയടുത്തു നമ്മെ വിട്ടുപോയ ഷംസുദീൻ മരക്കാരെയും വിസ്മരിക്കുവാൻ ആവില്ല. അതുപോലെ നമ്മുടെ നാട്ടിലെ അറിയപ്പെടുന്ന വേറെയും ചില വ്യക്തിത്വങ്ങൾ ഉണ്ടായിരുന്നു. സി കെ ശങ്കരൻ മാസ്റ്റർ എം കെ ഗോപാലൻ എന്നിവരുമായി പൊതുരംഗത്ത് പ്രവർത്തിക്കാനായതും എടുത്തു പറയേണ്ടതാണ്. ഈ നാടിന്റെ നന്മകളിൽ വലിയ സംഭാവനകൾ നൽകിയവരാണ് നമ്മുടെ പൂർവ്വികർ. അതിന്റെ അളവും വ്യാപ്തിയും അവർ പ്രവർത്തിച്ച മേഖലകൾ അനുസരിച്ചു മാറിയിരിക്കാം.


പാടൂർ മഹല്ല് കൂട്ടായ്മ എന്ന ഈ ഗ്രൂപ്പ് തുടങ്ങിവെച്ച ഈ വലിയ സംരഭം ഏറെ പ്രശംസനീയമാണ്. ഇതിൽ പ്രതിപാദിച്ച ഓരോ ജീവിതങ്ങളും നമുക്ക് പ്രോജനമാവട്ടെ എന്നാശംസിക്കുന്നു . ഒപ്പം നമ്മിൽ നിന്ന് വിട്ടുപോയ പ്രിയപ്പെട്ട എല്ലാവരുടെയും പരലോക ജീവിതം അനുഗ്രഹീതമായിരിക്കട്ടെ എന്ന് ദുആ ചെയ്യുന്നു

സ്നേഹാദരങ്ങളോടെ റഫീക്ക് അബ്ദുള്ള

16 Dec 2025

Episode-1

മർഹൂം കാര്യാട്ട് കുഞ്ഞി ബാപ്പു സാഹിബ്



ഇന്ന് നമ്മൾ സ്മരണ പങ്കു വെക്കുന്ന മർഹൂം കാര്യാട്ട് കുഞ്ഞി ബാപ്പു സാഹിബ്

ജനനം 1900 മരണം 1973

പാടൂർ തഅലീമുൽ മദ്രസ്സയുടെ പ്രഥമ കമ്മിറ്റി രൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കുകയും കമ്മിറ്റിയുടെ ഉപദേശക സമിതിയിൽ അംഗവും മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പറും ആയിരുന്നു. അദ്ദേഹത്തെ കുറിച്ച്

നമുക്ക് അറിയാവുന്ന സ്മരണകൾ പരസ്പരം പങ്കു വെക്കാം. അള്ളാഹു അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കി കൊടുക്കട്ടെ. അദ്ദേഹം നാടിന് ചെയ്ത സേവനത്തിന് അർഹമായ പ്രതിഫലം നൽകട്ടെ.

Admin Panel

ഉസ്താദ് തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/XmKL6mgIj1M?si=5X06KfJUbwx912sS

ഉസ്താദ് തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/juNZjbGv-X8?si=eOlGZFXIQr3soW7f

മൊയ്നു കരിപ്പായിൽ

ഇന്ന് മർഹും കാര്യാട്ട് കുഞ്ഞി ബാപ്പു സാഹിബ് സ്മരണങ്ങളിൽ ഏന്റെ ചില കേട്ടറിവുങ്ങൾ പങ്ക് വെയ്ക്കുന്നു.🙏 അറിയപ്പെടുന്ന ജന്മി കുടുംബാംഗമായ രുന്നിട്ട്പോലും ഫ്യൂഡൽ കാലഘട്ടത്തിലെ തൊഴിലാളിവിരുദ്ധ കാഴ്ചപാടു സ്വികരികാത്ത മനുഷ്യ സ്നേഹി ആയിരുന്നു ജനാബ് കുഞ്ഞി ബാപ്പു സാഹിബ്.❤️ കൂടല്ലൂർ കുഞ്ഞി മുഹമ്മദ് ഹാജി പ്രസിഡണ്ടായ മലബാർ ഡിസ്ട്രിക്ക് ബോർഡിൽ അംഗമായിരിക്കുമ്പോൾ ജനപക്ഷ വികസന കാഴ്ചപാടുള്ള ആളായിന്നെന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്.🙏 അതുകൊണ്ട് കൂടിയാണ് 1967 ലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ലീഗും ഉൾപ്പെടുന്ന സപ്തകക്ഷി മന്ത്രിസഭയിലെ ഗതാഗത വകുപ്പ് മന്ത്രി. സഖാവ് ഇമ്പിച്ചിബാവ മുല്ലശേരിയിൽ വെച്ച് നടന്ന ഒരു പൊതു ചടങ്ങിൽ ഇദ്ദേഹത്തെ ആദരിച്ചിരുന്നു.🙏 ഫ്യൂഡൽ കാലഘട്ടത്തിലെ ചൂഷണ കാഴ്ചപാടിന് വിരുദ്ധമായി മനുഷ്യ സ്നേഹത്തിൽ അതിഷ്ഠിതമായ ജീവിതം നയിച്ച ആദരണീയ വ്യക്തിത്വം ജനാബ് കുഞ്ഞി ബാപ്പു സാഹിബിന്റെ സ്മരണങ്ങൾക്ക് മുന്നിൽ ആദരവ് അർപ്പിക്കുന്നു.🙏

,, മൊയ്നു. പി.കരിപ്പായിൽ

,❤️,,,,,,,,,,,,,, 🌹 ,,,,,,,, 🙏

നജീബ് സാഹിബ് കാരിയാട്ട്

എം. കെ. കുഞ്ഞി ബാപ്പു സാഹിബ്.

പഴയ മലബാർ ഡിസ്ട്രിക്ട് എന്നത് കൊടുങ്ങല്ലൂർ (ആല) മുതൽ ഇപ്പോഴത്തെ അവസ്ഥയിൽ കർണാടക സംസ്ഥാനത്തെ നീലഗിരി വരെ ഉൾപ്പെടുന്ന ഒരു ജില്ല ആണ്. അതിന്റെ ഭരണം District Board ന് ആണ്.അക്കാലത്ത് President of the District Board എന്നത് District Collecter നെ കാൾ ഉയർന്ന പദവി ആയിരുന്നു എന്ന് യശശ്ശരീരനായ പി. ചിത്രൻ നംപൂതിരിപ്പാട് ഒരു പ്രഭാഷണത്തിൽ പറഞ്ഞത് ഓർക്കുന്നു. Board ലേക്ക് ഒരു താലൂക്കിൽ നിന്നും ഒരു അംഗം. പക്ഷേ ഭൂ നികുതി കൊടുക്കുന്നവർക്ക് മാത്രം ആണ് മത്സരിക്കാനും വോട്ട് രേഖപ്പെടുത്താനും അവകാശം.

അപ്രകാരം അന്നത്തെ പൊന്നാനി താലൂക്കിൽ നിന്നും എന്റെ വെല്ലിപ്പ അംഗം ആയിരുന്നു എന്നത് എന്നെ അഭിമാനിതനാക്കുന്നു. Moreover കേരളത്തിലെ മക്ക എന്നറിയപ്പെടുന്ന പൊന്നാനിയിൽ ആണ് മാഊനത്തുൽ ഇസ്ലാം സഭ. അക്കാലത്ത് മുസ്ലിം സമൂഹത്തിന്റെ Head quarters എന്ന് വിശേഷിപ്പിക്കാവുന്ന പ്രസ്തുത സഭയിൽ അദ്ദേഹം Life long Member ആയിരുന്നു എന്നത് അദ്ദേഹത്തിന്റെ യശോധാവള്യം.

നമ്മുടെ നാടിന്റെ സമഗ്രമായ വികസനത്തിന് നാൻദി കുറിച്ചത് മുല്ലശ്ശേരി നിന്ന് പുളിക്കകടവ് വരെ ഉള്ള റോഡ് ആണ്. തീർച്ചയായും അതിന്റെ സ്ഥാപകൻ അദ്ദേഹം ആയിരുന്നു. പിന്നീട് ആയിരത്തി തൊള്ളായിരത്തി അറുപത്തി എട്ടിൽ റോഡ് PWD , ഏറ്റെടുത്തു യശശ്ശരീരനായ ഇ കെ ഇംപിച്ചി ബാവ (Transport Minister) ഉദ്ഘാടനം ചെയ്ത വേളയിൽ അദ്ദേഹം മുഖ്യാതിഥി

ആയിരുന്നു. അദ്ദേഹത്തെ ആദരിച്ചു. അന്ന് ഗുരുവായൂർ എംഎൽഎ ആയിരുന്ന ബി. വി. സീതി തങ്ങൾ ആയിരുന്നു അധ്യക്ഷൻ.

എണ്ണിയാലൊടുങ്ങാത്ത സേവനം ആണ് അദ്ദേഹം ഈ നാടിന് നൽകിയത്. വിശേഷിച്ചും Board School എന്ന് അക്കാലത്ത് അറിയപ്പെടുന്ന G. M. U . P. School കുണ്ടഴിയൂർ ഇപ്പോഴത്തെ സ്ഥലത്ത് സ്ഥാപിക്കാൻ സ്ഥലം അനുവദിച്ചത്. പാടൂർ ജുമാഅത്ത് പള്ളി പുതുക്കി പണിയാൻ Leadership എടുത്തത്.

Irrespective of Caste and creed (ജാതി മത ഭേദമന്യേ) എല്ലാവരുമായും സഹവർത്തിത്വം എന്നതാണ് ഞാൻ അദ്ദേഹത്തിൽ കണ്ട സവിശേഷത.

നമ്മുടെ നാട്ടിൽ സംഭവിക്കുമായിരുന്ന വലിയ ഒരു കലാപം സമചിത്തതയോടെ ഉള്ള ഇടപെടൽ മൂലം ഒഴിവാക്കാൻ കഴിഞ്ഞത് മുതിർന്ന തലമുറയിൽ പെട്ടവർ പറയുന്നത് കേട്ടിട്ടുണ്ട്. പാരമ്പര്യമായി ലഭിച്ച ഭൂ സ്വത്ത് ഭൂരിഭാഗവും നാടിന്റെ/ സമുദായത്തിന്റെ നൻമയ്ക്ക് വേണ്ടി ചിലവഴിച്ചു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ പിൻതലമുറയ്ക്ക് ഒട്ടും പരിഭവമില്ല. പാടൂർ " ചൻതപ്പുര " യിൽ വലിയ തോതിൽ കച്ചവടം ഉണ്ടായിരുന്നു എന്ന് കേട്ടിട്ടുണ്ട്.

അദ്ദേഹത്തിന്റെ വിരലിൽ തൂങ്ങി ഒരു മൂന്നു വയസ്സ് കാരൻ ആയ ഞാൻ പൊന്നാനിയിലേക്കും മറ്റും പോയിരുന്നത് ഓർത്തു പോകുന്നു. നമ്മുടെ ഇന്നത്തെ പൻചായത്തിന് മുന്നോടി ആയുള്ള കുണ്ടഴിയൂർ വില്ലേജ് പഞ്ചായത്തിന്റെ പ്റഥമ പ്രസിഡന്റും അദ്ദേഹം ആയിരുന്നു.

എണ്ണിയാലൊടുങ്ങാത്ത കാര്യങ്ങൾ പറയാനുണ്ട്. എന്നാൽ തനിക്ക് എഴുപത് വയസ്സ് പൂർത്തിയായപ്പോൾ ഐഹികമായ എല്ലാ കാര്യങ്ങളിൽ നിന്നും വിരമിച്ച് ഇബാദത്ത് മാത്രം ആയി ഉള്ള ഒരു ജീവിതം ആയിരുന്നു വെല്ലിപ്പയുടേത്. ഏതോ ഉൾവിളി പോലെ പിന്നീട് ഉള്ള മൂന്ന് വർഷം വീട്ടിൽ പ്രാർത്ഥനാ നിമഗ്നനായ വെല്ലിപ്പാനെ ആണ് കാണുന്നത്.

ആയിരത്തി തൊള്ളായിരത്തി എഴുപത്തി മൂന്നു അവസാനം അദ്ദേഹം വളരെ സമാധാനത്തോടെ ഇഹലോക വാസം വെടിഞ്ഞു. മരണസമയത്ത് ഞാൻ അടുത്ത് ഉണ്ട്. കണ്ണുകൾ പാതി അടഞ്ഞ പ്രാർത്ഥന നിർഭരമായ ആ മുഖം എന്റെ ഹൃദയത്തിൽ കെടാത്ത കൈത്തിരി നാളം പോലെ ഞാൻ കാത്ത് സൂക്ഷിക്കുന്നു. അപൂർവ നിധി ആയി. Till the end of my life.

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/xoQWUwjVPTA?si=lCihEElLt9qXOPsC

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtube.com/shorts/bmKDyDul7lw?si=eh9XicViVZ90tUAs

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/veTNjF8ljwo?si=xdT51dwhgrE7Ebez

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtube.com/shorts/bmKDyDul7lw?si=eh9XicViVZ90tUAs

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/bbpFa0g7wwk?si=B75GuSXqNn-wZH1X

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtube.com/shorts/JX_Gc5FNZ6U?si=XAxqBWDXmzhj9yaw

ശിഹാസ് മരക്കാർ

ഉപ്പ പലപ്പോയും പറഞ്ഞു കേട്ട വെക്തിതം.

മതപരമായ കാര്യങ്ങൾ ആണ് പറഞ്ഞിട്ടുള്ളത്. ഒന്നും വ്യക്തമായി ഓർമയില്ല നജീബ്ക്ക പറഞ്ഞപോലെ അവസാന നാളുകളെ പറ്റി പറഞ്ഞതും ഓർക്കുന്നു. ഒരു മത പണ്ഡിതൻ (ഇന്നത്തെ കലത്തെ പണ്ഡിതൻ അല്ല ഒരു ആവ്‌ലിയ എന്നൊക്കെ പറയാം, പട്ടാമ്പി ഭഗത് അവരുടെ ജാറം ഉണ്ടെന്നും കേട്ടിട്ടുണ്ട്) അവിടെ വരുന്നതും മറ്റുമാണെന്ന് ഓർക്കുന്നു.

നജീബ്ക്കടെ ഓർമ്മയിൽ ഉണ്ടെങ്കിൽ ഒന്ന് വ്യക്തമാക്കാം

ആർ പി സിദ്ധിഖ് സാഹിബ്

രാഷ്ട്രീയ, സാമൂഹിക, മത രംഗത്ത് പ്രവർത്തിക്കുകയും, നേതൃത്വം നൽകുകയും അത് വഴി നാടിനും, നാട്ടുകാർക്കും തണലും താങ്ങുമായി നിലകൊള്ളുകയും ചെയ്ത(നമ്മുടെ ഓർമ്മകൾ ചെന്നെത്തുന്ന) ആദ്യത്തെ പ്രമുഖവ്യക്തി എന്നനിലയിൽ കാര്യാട്ട് കുഞ്ഞിബാപ്പുസാഹിബ് "പാടൂർ ചരിത്ര"ത്തിൽ പ്രധമപരിഗണന അർഹിക്കുന്ന നാമം തന്നെ.പിറന്നുവീണ പ്രദേശത്തെ ഭാഷയിൽ സംസാരിക്കാനോ, എഴുതാനോ, വായിക്കാനോ, വശമില്ലാതിരുന്ന

സമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ തിരിച്ചറിഞ്ഞതിന്റെ തെളിവാണ് അദ്ദേഹം സ്ഥാപിച്ച ബോർഡ് സ്കൂളും മുല്ലശ്ശേരി -പുളിക്കക്കടവ് റോഡും.മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ഇല്ലായിരുവെങ്കിൽ ഇന്ന് നമ്മുടെ പ്രദേശത്തിന്റെയും ജനങ്ങളുടെയും ആവസ്ഥാവിശേഷം ഊഹിക്കാമല്ലോ?.... ഓർത്തെടുക്കാവുന്ന കാര്യങ്ങൾ

അദ്ദേഹത്തിന്റെ പേരമകൻ നമ്മുടെ മുൻപിൽ വച്ചിട്ടുണ്ട്..... അദ്ദേഹം സ്ഥാപിച്ച വിദ്യാലയത്തിൽ പഠനം തുടങ്ങിയവരുടെ മൂന്നാമത്തെയോ നാലാമത്തെയോ തലമുറയിൽ ആണല്ലോ ഗ്രൂപ്പിൽ ഉള്ളവർ.ചെറിയ ചെറിയ ചില കാര്യങ്ങൾ മാത്രമേ ഓർമ്മിച്ചെ ടുക്കാൻ പറ്റുന്നുള്ളൂ.തൽക്കാലം അവസാനിപ്പിക്കട്ടെ. കുഞ്ഞിബാപ്പുസാഹിബിന്റെ പാരത്രിക ജീവിതം സുഖവും സന്തോഷവും നിറഞ്ഞതാകട്ടെ. ആമീൻ.💗... ആർ. വി. സൈദുമുഹമ്മദ്.

ആർ പി സിദ്ധിഖ് സാഹിബ് ശബ്ദ സന്ദേശം

https://youtu.be/toZMPvtwJGw?si=-9ceGGdicjwG1OZl

ലത്തീഫ് വാക്കയിൽ

മർഹൂം കാര്യാട്ട് കുഞ്ഞി ബാപ്പു സാഹിബിനെ കുറിച്ചു കേട്ടറിവാണ് ഉള്ളത്. നജീബിക്കാടെയും മൊയ്നുവിന്റെയും പോസ്റ്റിൽ നിന്ന് ഒന്നുകൂടി അടുത്തറിഞ്ഞു.

പാടൂർ ഗ്രാമത്തിന്റെ വിദ്യാഭ്യാസ-മത സാമൂഹിക ചരിത്രത്തിൽ മറക്കാനാവാത്തൊരു പേരാണ് മർഹൂം കാര്യാട്ട് കുഞ്ഞി ബാപ്പു സാഹിബ് എന്നാണ് കേട്ടും വായിച്ചും മനസ്സിലാക്കാൻ കഴിഞ്ഞത്. കാലത്തിന്റെ വെല്ലുവിളികൾക്കിടയിലും മതവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ ദീർഘദർശിയായ ഒരു പ്രവർത്തകനായിരുന്നു അദ്ദേഹം. പാടൂർ തഅലീമുൽ മദ്രസ്സയുടെ പ്രഥമ കമ്മിറ്റി രൂപീകരണത്തിൽ നിർണ്ണായക പങ്കുവഹിച്ചു. തുടർന്ന് കമ്മിറ്റിയുടെ ഉപദേശക സമിതിയിൽ അംഗമായും സേവനം അനുഷ്ഠിച്ചു. മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. മുല്ലശ്ശേരി - പാടൂർ റോഡിന്റെ നിർമാണത്തിന് ചുക്കാൻ പിടിച്ച അദ്ദേഹം നാടിന്റെ പുരോഗതിക്ക് എത്രത്തോളം സഹായകമായി എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

നിശ്ശബ്ദ സേവനത്തിലൂടെ സമൂഹത്തിന്റെ അടിത്തറ ശക്തിപ്പെടുത്തിയ, നാടിന്റെ പുരോഗതിക്ക് വേണ്ടി അഹോരാത്രം പ്രയത്നിച്ച, തലമുറകളുടെ ആത്മീയ വളർച്ചയ്ക്ക് വഴികാട്ടിയായ മർഹൂം കുഞ്ഞി ബാപ്പു സാഹിബിന്റെ ജീവിതം നമ്മൾ ഇനിയും അറിയേണ്ടതുണ്ട്.

മുൻഗാമികളുടെ ചരിത്രം എഴുതി വെക്കാത്തതിന്റെ കുറവ് ഇപ്പോഴാണ് മനസ്സിലാകുന്നത്. ഈ തലമുറയെങ്കിലും അടുത്ത തലമുറകൾക്ക് ഉപകാരപ്പെടുന്ന വിധത്തിൽ ഇത്തരം ചരിത്രം രേഖപെടുത്തേണ്ടതുണ്ട്. ഗ്രൂപ്പിലുള്ള മുതിർന്ന പൗരന്മാർ ഇതിനായി ഉത്സാഹിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

അല്ലാഹു തആലാ കുഞ്ഞി ബാപ്പു സാഹിബിന്റെ സേവനങ്ങൾ സ്വീകരിച്ച്, സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ആമീൻ. ലത്തീഫ് വാക്കയിൽ

നജീബ് സാഹിബ് കാരിയാട്ട്

അനുബന്ധം

P. W. D റോഡ് ഏറ്റെടുത്തപ്പോൾ (അത് വരെ പൻചായത്ത് മെറ്റൽ റോഡ് ആയിരുന്നു) നിശ്ചിത വീതി വേണം. പല ഭാഗങ്ങളിലും ഭൂ ഉടമകൾ വിട്ടു നൽകാൻ സന്നദ്ധത കാണിച്ചു എൻകിലും ഏറ്റവും കൂടുതൽ സ്ഥലം അക്കാലത്ത് നഷ്ടപ്പെടുന്നത് യശശ്ശരീരനായ നടുവിൽ പുരയ്ക്കൽ ശൻകപ്പു ഏട്ടൻ എന്ന ഭൂ ഉടമയ്ക്ക് ആയിരുന്നു. സ്ഥലം വിട്ടു കൊടുക്കാൻ വേണ്ടി കമ്മിറ്റിക്കാർ ആവശ്യപ്പെട്ടു എൻകിലും അദ്ദേഹത്തിന് സമ്മതമായില്ല.,സ്വാഭാവികം. കാരണം പാടൂർ സെന്റർ മുതൽ കാരാപാടം വരെ അദ്ദേഹത്തിന്റെ സ്ഥലം ആയിരുന്നു അന്ന് പ്രധാനമായും അൽപം അതിര് കടന്ന സംഭാഷണം മൂലം ആയിരിക്കും. ഏതായാലും P W D റോഡ് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധ്യത കുറയുമെന്ന് തോന്നൽ ഉണ്ടായി.

ഭാരവാഹികൾ എന്റെ വീട്ടിൽ വന്നു ഇക്കാര്യത്തിൽ ഇടപെടണമെന്നും പരിഹാരം കണ്ടെത്തണം എന്നും അഭ്യർത്ഥിച്ചു. അക്കാലത്ത് അദ്ദേഹം പൊതു പ്രവർത്തനം എല്ലാം ഉപേക്ഷിച്ചു ഇബാദത്ത് മാത്രം ആയി കഴിയുകയാണ്. പക്ഷേ കമ്മിറ്റിക്കാരുടെ നിർബന്ധത്തിന് വഴങ്ങി ശൻകപ്പു ഏട്ടനെ കാണാൻ പോയി. ചുരുക്കത്തിൽ വളരെ Diplomatic ആയി ആ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു. സംയമനം ആയിരുന്നു അദ്ദേഹത്തിന്റെ നയം.

Not at all aggressive.

കുഞ്ഞി സീതി തങ്ങൾ

https://youtube.com/shorts/TlePa0FUKc0?si=wXVFDj0TAtip7mLj

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/31dn29T8AlA?si=F0zXDKSXC_5GjwYk

ആർ പി സിദ്ധിഖ് സാഹിബ്

https://youtube.com/shorts/u7qt0dIaL0E?si=vFDBZlladeh4FgFp

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

ബാപ്പുട്ടി സാഹിബ് കാലടിയിൽ കുടുംബക്കാരൻ ആണ്. കാലടിയിൽ പരീത് മുസ്ലിയാർ, കാലടിയിൽ കുഞ്ഞിബാപ്പു സാഹിബ് എന്നിവരുടെ മൂത്തസഹോദരൻ ആണ്.ബാപ്പുട്ടി സാഹിബിന് ആൺ മക്കൾ ഇല്ല. പെൺകുട്ടികളുടെ ഭർത്താക്കന്മാർക്ക് പാടൂരിലെ സ്വത്തുക്കളിൽ താല്പര്യം ഇല്ലാത്തിരുന്നതിനാൽ വീടും സ്ഥലങ്ങളും വിൽക്കുകയായിരുന്നു.ഇപ്പോൾ പുളിക്കക്കടവത്ത് നമസ്ക്കാരപ്പള്ളി സ്ഥിതിചെയ്യുന്നത് ബാപ്പുട്ടി

സാഹിബിന്റെ കുടുംബവീടിന്റ വടക്ക് പാടിഞ്ഞാർ ഭാഗത്താണ്. പള്ളി നിൽക്കുന്ന സ്ഥലത്തിനടുത്തായി ഒരു കെട്ടിടം നിന്നിരുന്നതും അതിൽ കൊച്ചു എന്ന് പേരുള്ള ഒരു തുന്നൽക്കാരൻ ഉണ്ടായിരുന്നതും ഓർമയിലുണ്ട്

<u>നജീബ് സാഹിബ് കാരിയാട്ട്</u>

ഇയ്യാത്തു കുട്ടിത്ത ബാപ്പുട്ടിക്കാടെ ഭാര്യ. പിന്നീട് കോക്കൂരിൽ താമസം ആക്കി. Indian Union Muslim league നേതാവ് അഷ്റഫ് കോക്കൂരിൻറെ പിതാവ് മാനകണ്ടത്ത് ഹയ്യ് ഹാജി. അദ്ദേഹത്തിന്റെ സഹോദരൻ മുഹമ്മദ് ഉണ്ണി ഹാജി ആണ് ബാപ്പുട്ടിക്കാടെ മൂത്ത മരുമകൻ.

<u>സഊദ് തങ്ങൾ</u>

ബഹുമാന്യനായ എം. കെ. കുഞ്ഞി ബാപ്പു സാഹിബ്

****

മഹാൽമാക്കളടെ കഥകൾ സമൂഹത്തിന്റെ കൂടി കഥകളാണ്. പാടൂരിനെ, കേരളത്തിന്റെ വിശാലഭൂപടത്തിലേക്ക് കൈപിടിച്ചു കൊണ്ട് പോയവരിൽ ഒരു പ്രധാന വ്യക്തിയാണ് നമ്മുടെ ഇടയിൽ വലിയ ഒച്ചപ്പാടില്ലാതെ ജീവിച്ചു പോയ എം. കെ. കുഞ്ഞിബാപ്പു സാഹിബ്. അദ്ദേഹത്തിന്റെ സംഭാവനകളിൽ ഏറ്റവും കൂടുതൽ തിളങ്ങി നിൽക്കുന്നത് പാടൂർ GMUP സ്കൂളിന്റെ സ്ഥാപന കർമമാണ്. സമൂഹ പുരോഗതിയെ കുറിച്ച് ചിന്തിച്ചവരൊക്കെയും ആദ്യം ചെയ്തത് തലമുറകളെ അക്ഷരം പഠിപ്പിക്കലാണല്ലോ.

അദ്ദേഹത്തിന്റെ സേവന മേഖലയിൽ, പള്ളിയും, പള്ളിക്കൂടവും ഗതാഗതവുമൊക്കെ ഉൾപ്പെടുന്നത്, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഇസ്ലാമിക മൂല്യങ്ങളുമായി ചേർന്നു നിൽക്കുന്നു എന്നതിനുള്ള തെളിവാണ്. തന്റെ സമ്പത്തിന്റെ വലിയൊരു ഭാഗം സമൂഹത്തിന്റെ ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്നറിയുന്നു. അത്, അദ്ദേഹത്തിന് ഇസ്ലാമിന്റെ സാമ്പത്തിക കാഴ്ചപ്പാടിനോട് വിശ്വാസ പരമായ പ്രതിബദ്ധത ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ്.

ഇവിടെ പകർത്തപ്പെട്ട അദ്ദേഹത്തിന്റെ സേവനങ്ങൾ ഓരോന്നും ചരിത്രത്തിൽ തറഞ്ഞു കിടക്കുന്ന വസ്തുതകളാണ്.

തന്റെതായ നിയോഗം പൂർത്തിയാക്കിയ അദ്ദേഹം, പിന്നീട് ഭൗതിക ആസക്തികളില്ലാത്ത ഒരു زَاهِدന്റെ ജീവിതമാണ് നയിച്ചതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെ തന്റെ നിയോഗം പൂർത്തിയാക്കി, മനഃസ്സമാധാനത്തോടെ അല്ലാഹുവിലേക്ക് യാത്ര തിരിച്ച അദ്ദേഹത്തിന്റെ പാരത്രിക ജീവിതം അനുഗൃഹീതമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കെ അബ്ദുൽ വാഹിദ് സാഹിബ്

MK. കുഞ്ഞി ബാപ്പു സാഹിബ്:-

കുഞ്ഞി ബാപ്പുക്കയെന്നും, കുഞ്ഞാപ്പോക്കഎന്നും സ്നേഹ ബഹുമാനപുരസ്സരം പരിശുദ്ധ പാടൂക്കാർ വിളിച്ചിരുന്ന എല്ലാവർക്കും തണലും പ്രതിക്ഷയുമായിരുന്ന നാട്ടുകാ രണ വർ. ആ പദവി അദ്ദേഹം സ്വയമേറ്റെടുത്തല്ല,നാട്ടുകാർ അദ്ദേഹത്തിൽ ചാർത്തി കൊടുത്തതായിരുന്നു. അദ്ദേഹത്തിനടുത്ത് എത്തുന്ന എത്ര ഗൗരവമുള്ള വ്യക്തിപരമായതോ വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾക്കും ഇരു പാർട്ടികൾക്കും സന്തോഷവും ആശ്വാസവും പകരുന്ന പരിഹാരമായിട്ടായിരിക്കും അവർ പിരിയുക.

അത്രമാത്രം വശ്യശക്തി അദ്ദേഹത്തിന്റെ സംസാരത്തിലും അപരരോടുള്ള ഇടപഴകലിലും പ്രകടമായിരുന്നുവത്രെ. ഒന്നും തന്നെ വെച്ചുകെട്ടല്ല. അത്തരത്തിലുള്ള ബോഡി ലാംഗേജ് അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നു. (എന്റെ ഉപ്പ കെ.പി. അഹമ്മദ് കുട്ടി മുസല്യാർ M. K.K യുമായി വളരെ സ്നേഹ ബന്ധം പുലർത്തിയിരുന്നു. ഏകദേശം അവർ സമകാലികരായിരുന്നു. ഉപ്പയിൽ നിന്ന് കിട്ടിയ കേട്ടറിവാണ് മുകളിൽ വിവരിച്ചത്.)

ഫോട്ടോയും യഥാർത്ഥ M KK യും തമ്മിൽ ഒരു ബന്ധവുമില്ലാത്തതായിട്ടാണ് എന്റെ ഓർമയിലുള്ള കുഞ്ഞി ബാപ്പുക്ക . ഏത് സദസ്സിലിരുന്നാലും ആരെയും ആകർഷിക്കുന്ന ഒരു പേഴ്സണാലിറ്റി അദ്ദേഹത്തിന്നുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ നേരിട്ട കാണാൻ തുടങ്ങിയത് 1950 കളുടെ തുടക്കം മുതലാണ്.. മഹല്ല് പള്ളിയിലും ഇടക്ക് വല്ലപ്പോഴും ചന്തമുള്ള ഒരുവടിയുമായി അദ്ദേഹം നടക്കുമ്പോഴുമാണ്. (ചുരുങ്ങിയത്ഒന്ന് രണ്ടുപേരെങ്കിലും കൂടെ കാണും)

1950 ലെതുടക്കത്തിലാണന്ന്തോന്നുന്നു പ്രസിദ്ധ പണ്ഡിതനും വാഗ്മിയുമായ പറവണ്ണ മുഹയിദ്ധീൻ കുട്ടി മുസല്യാരെ വഅളിന്ന് കൊണ്ടുവന്നിരുന്നു. പതിറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ പള്ളി ജീർണാവസ്ഥയിലായിരുന്നു. അത് പൊളിച് പണിയണമെന്ന ലക്ഷ്യം കൂടി അദ്ദേഹത്തെ കൊണ്ടുവരാൻ തീരുമാനിച്ച പള്ളിയുടെ മേൽനോട്ടം വഹിച്ചിരുന്ന കുഞ്ഞി ബാപ്പു സാഹിബിന്നും സഹപ്രവർത്തകർക്കുമുണ്ടായിരിക്കാം.. അല്ലാഹു അഅ്ലം. അന്ന് 7-8 വയസ്സ് പ്രായമുള്ള എനിക്കത്രയെ വ്യക്തതയുണ്ടായിരുന്നുള്ളു. ഏതായാലും 5-6 ദിവസം നീണ്ടു നിന്ന മതപ്രഭാഷണത്തിൽ പള്ളി പുനരുദ്ധാരണത്തിന്റെ അനിവാര്യതയെ കുറിച്ച ദ്ദേഹം, പാടൂരിലെ ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ തടിച്ചു കൂടിയിരുന്ന അന്നത്തെ വഅള് മജ്ലിസിൽ ബോദ്ധ്യപ്പെടുത്തിയിരുന്നു. വ അളിന്നിടയിലെ വിശ്രമസമയത്ത് നടത്തിയിരുന്ന പാട്ടപ്പിരിവിൽ സ്ത്രീകളുടെ ഭാഗത്ത് നിന്ന് സ്വർണവും പണവും ലഭിച്ചിരുന്നുവത്രെ.

ഏതായാലും കുഞ്ഞി ബാപ്പു സാഹിബിന്റെ നേതൃത്വത്തിൽ അന്നത്തെ കാരണവന്മാരായ RP ബാവു സാഹിബു, കാലടി ബാപ്പുട്ടിക്ക,കരിപ്പായി ഹമീദാജി, കെ.പി. കുഞ്ഞുമൊയ്തുഹാജി, ആലുക്ക ന കായിൽ മമ്മുതുക്ക,N.P.C സഹോദരങ്ങളുടെ പിതാവ് അഹമ്മുക്ക തുടങ്ങി പേര് ഒർമയില്ലാത്ത കുറെ ദീനീ സേവകരുടെ നേതൃത്വത്തിൽ ബോം ബെ പാടു ർക്കാരായ Pv. കുഞ്ഞിമോൻക്ക, ഇംഗ്ലീഷ് കുഞ്ഞിമോൻക്ക ,RPകുഞ്ഞി കോയ ക്ക , N.P.

കുഞ്ഞി മുഹമ്മദ്ക്ക - അബ്ദു കുട്ടിക്ക തുടങ്ങിയ ബാംബെ പ്രവാസി കളുടെ പിന്തുണയോടെ പള്ളി പൊളിച്ച് പണിയാൻ തീരുമാനിച്ച് പ്രവർത്തി തുടങ്ങി. ആദ്യംഒരുനീണ്ട സുരക്ഷിതമായ ഓലഷെഡ് പള്ളിയുടെ മുൻ വശത്ത് തെക്കെ ഭാഗത്ത് ഉണ്ടാക്കി നമസ്കാര സൗകര്യമൊരുക്കി

പഴയ കാല വാസ്തുശിൽപ ഭംഗി നഷ്ടപ്പെടാതെ പുതിയ പള്ളി നിർമാണവും വേണമെന്ന തിനാൽ അന്നത്തെ മൂത്താശാരിമാരായ രണ്ടു കുഞ്ഞിമോൻ മാരുടെ നേതൃത്വത്തിലുള്ള കുറച്ചു ആശാരിമാരാണ് മരപ്പണി നടത്തിയിരുന്നത് 2-3 കൊല്ലമെങ്കിലും പുനർനിർമാണത്തിന്ന് എട്ത്തിരിക്കുമെന്ന് തോന്നുന്നു.മുകൾ ഭാഗം പണി കഴിഞ്ഞപ്പോൾ ഷെഡിൽ നിന്ന് നമസ്കാരം മുകളിലേക്ക് മാറ്റി.

ഇത്രയും പറഞ്ഞത് ബാപ്പു സാഹിബിന്റെ സമൂഹത്തിലെ ഇടപെടലുകൾ സൂചിപ്പിക്കനാണ്. ഏകദേശം 90 കൊല്ലങ്ങൾക്ക് മുമ്പ് കേവലം സാമ്പത്തീക ശേഷി കൊണ്ടു മാത്രമാകില്ല അത്യാവശ്യം പ്രാഥമിക വിദ്യാഭ്യാസവും നയരുപീകരണശേഷിയും സമൂഹത്തിലെ അംഗീകാരവും ഉള്ളത് കൊണ്ടായിരിക്കണമല്ലോ പൊന്നാനി താലൂക്ക് ബോർഡിലും ഡിസ്ട്രിക് ബോഡിലും സാന്നിദ്ധ്യ മറിക്കാൻ കഴിഞ്ഞത്. പാടുരിന്ന് എന്നുമെന്നും അഭിമാനമായ മുല്ലശ്ശേരി-പുളിക്കക്കടവ് റോഡ്, G.M.U.P. School തടങ്ങിയ അദ്ദേഹത്തിന്റെ സംഭാവനകൾ.

അതെ ചിലർ അവരുടെ ജീവിതം അടയാളപ്പെടുത്തിയാണ് അല്ലാഹുവിലേക്ക് യാത്രയാവുന്നത്. പിൻ തലമുറയുടെ പ്രാർത്ഥനകൾ അവരുടെ ഖബറിടം പ്രകാശ പൂരിതമാക്കും. ഇൻശാ അല്ലാഹു .

നമുക്ക് കേട്ടറിവില്ലാത്ത എത്രയോ നന്മകൾ അദ്ദേഹം സമുഹത്തിന്നും വ്യക്തികൾക്കും നൽകിയിരിക്കാം. അല്ലാഹു അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കി നാളെ ജന്നാത്തുൽ ഫിർദൗസിൽ നമുക്കേവർക്കും ഒരു മിച്ചുകൂടാൻ തൗഫിക്ക് നല്കട്ടെ.

18 Dec 2025

Episode-2

<u>മർഹൂം ആർ പി ബാവു സാഹിബ്</u>

പുത്തൻ പുരയിൽ അവുതൽ - കുഞ്ഞുമ്മ ദമ്പതികളുടെ മകനായി ജനിച്ച ആർ പി ബാവു സാഹിബ്നെയാണ് ഇന്നത്തെ സ്മരണകളിൽ ഓർത്തെടുക്കുന്നത്.

പാടൂർ ഗ്രാമത്തിന്റെ സാമൂഹ്യ-സാംസ്കാരിക ചരിത്രത്തിൽ ആദരവോടെ ഓർക്കപ്പെടുന്ന ഒരു പേരാണ് പുത്തൻ പുരയിൽ ബാവു സാഹിബ്. ലാളിത്യവും നിഷ്കളങ്കതയും നിറഞ്ഞ വ്യക്തിത്വം, സമൂഹത്തോടുള്ള ഉത്തരവാദിത്വബോധം, സഹജീവികളോടുള്ള കരുണ–ഇവയാൽ അദ്ദേഹം പലർക്കും വഴികാട്ടിയായി. വാക്കുകളേക്കാൾ പ്രവർത്തിയിലൂടെ മനുഷ്യസ്നേഹം പഠിപ്പിച്ച ബാവു സാഹിബിന്റെ ജീവിതം, പാടൂരിന്റെ ഓർമ്മക്കുറിപ്പുകളിൽ എപ്പോഴും തെളിഞ്ഞുനിൽക്കും.

1963 ൽ നമ്മെ വിട്ടുപോയ അദ്ദേഹത്തിന്റെ ഖബറിടം അള്ളാഹു വിശാലമാക്കി കൊടുക്കട്ടെ.

Admin Panel

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

മർഹൂം ആർ. പി. ബാവുസാഹിബ്............നമ്മുടെ പാടൂർ ദേശം കുണ്ടഴിയൂർ പഞ്ചായത്ത് ബോർഡിന്റെ പരിധിയിൽ ആയിരുന്നു. പിന്നീട് രാജ്യം സ്വതന്ത്രമായി, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകൃതമായ ശേഷമാണ് കുണ്ടഴിയൂർ പഞ്ചായത്ത് പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി വെങ്കിടങ്ങു പഞ്ചായത്ത് രൂപീകരിച്ച ത്. പഴയ കുണ്ടഴിയൂർ പഞ്ചായത്ത് മെമ്പറും, പഞ്ചായത്ത് വൈസ് പ്രസിഡന്റും ഒക്കെ ആയിരുന്നു മർഹൂം രായമ്മരക്കാർ വീട്ടിൽ പുത്ത്തൻപുരയിൽ ബാവു എന്ന ആർ. പി. ബാവുസാഹിബ്. പുത്തൻപുര കുടുംബം എറണാകുളം പട്ടണത്തിലെ വടുതല ദേശത്ത് നിന്ന് പാടൂരിൽ എത്തി ഇവിടെ താമസം ആക്കിയതാണ്. അന്ന് പഞ്ചായത്ത് തലത്തിൽ ഗ്രാമ കോടതികൾ പ്രവർത്തിച്ച്ചിരുന്നു. ബാവുസാഹിബ് ആകോടതിയിൽ അംഗമായി സേവനം ചെയ്തിട്ടുണ്ട്. പുത്തൻ പുരകുടുംബം ആദ്യം താമസമാക്കിയത് കാനോലികനാലിന്റെ പടിഞ്ഞാറേ തീരത്ത് എങ്ങണ്ടിയൂരിലാണ്. ആപറമ്പ് ഇപ്പോഴും പുത്തൻപുര പറമ്പ് എന്നറിയപ്പെടുന്നു. പിന്നീടാണ് അവർ പാടൂർ വളപ്പിൽ തങ്ങൾ കുടുംബത്തിന്റെ തറവാടിന് അടുത്ത് താമസമാക്കിയത്........ അദ്ദേത്തിന് അല്ലാഹു സ്വർഗം നൽകി അനുഗ്രഹിക്കട്ടെ, ആമീൻ.

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/4NkxINASrrw?si=y3X3Cr_chEAqjlzs

അൻവർഷാ

ഓർമ്മവെക്കും മുമ്പേ കഴിഞ്ഞു പോയ മഹൽ വ്യക്തികളുടെ ഓർമ്മ പുതുക്കൽ ഈ തലമുറക്ക് നൽകാവുന്ന ഏറ്റവും വലിയ Motivation ആണ്.

സ്വന്തത്തിന് വേണ്ടി മാത്രം ജീവിക്കാതെ സമൂഹത്തിന് വേണ്ടിയും ജീവിക്കണം എന്ന ബോധ്യപ്പെടുത്തൽ ഇത്തരം കുറിപ്പുകളിലൂടെ സാധ്യമാവട്ടെ.

നന്മ നിറഞ്ഞ പാടൂരിലെ നന്മയുള്ള മനുഷ്യരുടെ ചരിത്രം അറിയുന്നതോടൊപ്പം അവർക്ക് വേണ്ടി നമ്മുടെ കൈകൾ അല്ലാഹുവിലേക്ക് ഉയരട്ടെ.

അള്ളാഹു അവർക്ക് സ്വർഗ്ഗത്തിലും ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ.

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

R. P. ബാവുസാഹിബിനെ സംബന്ധിച്ച് അറിയാവുന്ന കുറച്ച് കാര്യങ്ങൾ നേരത്തെ ഞാൻ പങ്കുവെച്ചിട്ടുണ്ടല്ലോ.... ബ്രിട്ടീഷ് ഇന്ത്യയിലെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു നമ്മുടെ പ്രദേശം. നമ്മുടെ revenue ഡിവിഷൻ ഒറ്റപ്പാലം ആയിരുന്നു. സുബ്കോടതിയും ഒറ്റപ്പാലത്തായിരുന്നു. നല്ല ഭൂസ്വത്തുള്ള കുടുംബത്തിലെ കാരണവർ.സ്വാഭാവികമായും വ്യവഹാരങ്ങൾ ധാരാളം നടത്തേണ്ടി വന്നു. മിക്കതും പാട്ടാബാക്കി പോലെ ഭൂസംബന്ധിയായവ. കേസുകൾ നടത്തി കോടതിയും അഭിഭാഷകരുമായി നല്ല പരിചയമുണ്ടായിരുന്നതിനാൽ നാട്ടുകാരും അയൽ നാട്ടുകാരും വ്യവഹാരകാര്യങ്ങളിൽ സഹായം തേടുമായിരുന്നു..... അക്കാലത്ത് ആധാരം എഴുതി തയ്യാറാക്കി റെജിസ്റ്റർ ചെയ്യാൻ ലൈസെൻസ് ആവശ്യമില്ലായിരുന്നു. കയ്യക്ഷരം നന്നായിരുന്നതിനാൽ അദ്ദേഹം ആധാരം എഴുതി തയ്യാറാക്കി റെജിസ്റ്റർ ചെയ്ത് വാങ്ങുമായിരുന്നു. മുല്ലശ്ശേരി, ചാവക്കാട് തുടങ്ങിയ സബ് റെജിസ്റ്റർ ആപ്പീസുകളിൽ നിന്ന് അദ്ദേഹം എഴുതി തയ്യാറാക്കി റെജിസ്റ്റർ ചെയ്ത നിരവധി ആധാരങ്ങൾ കാണാൻ എനിക്ക് അവസര മുണ്ടായിട്ടുണ്ട്......പാടൂർ തഅലീമുൽ ഇസ്ലാം മദ്രസ്സക്ക് വേണ്ടി ആദ്യശ്രമം നടത്തിയത് കാര്യാട്ട് കുഞ്ഞിബാപ്പുസാഹിബ്, ആർ. പി. ബാവു സാഹിബ്, ആർ. വി. കുഞ്ഞിമോൻ സാഹിബ്, ആർ. പി. കുഞ്ഞിക്കോയ സാഹിബ്, എൻ. പി. സി, തിരുനെല്ലൂർ സ്വദേശിയായ മീശക്കാരൻ കാദർ സാഹിബ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു............ പാടൂർ മഹല്ല് കാരണവർ ഭരണത്തിൽ ആയിരുന്നപ്പോൾ കാരണവന്മാരിൽ ഒരാളായിരുന്നു. മൗലൂദ്, റാത്തീഫ് മുതലായവ അന്ന് തെക്കരും, വടക്കരും വേറെ വേറെയാണ് നടത്തിയിരുന്നത്. പള്ളിയുടെ തെക്ക് ഭാഗത്തുള്ളവർ മാസം 12നും വടക്കുഭാഗക്കാർ മാസം 14നും. അത്തരം അവസരങ്ങളിൽ വടക്കരുടെ സംഭാവന പിരിക്കാനുള്ള മരപ്പെട്ടി പയ്യാക്കലയിലെ വീട്ടിൽ ആയിരുന്നു

സൂക്ഷിച്ച്ചിരുന്നത്......... സർവേന്ത്യലീഗിലും, iuml ലും പാടൂരിൽ പകരക്കാരനില്ലാത്ത നേതാവ്, ചന്ദ്രിക പത്രത്തിന്റെ പ്രദേശത്തെ ചുരുക്കം വരിക്കാരിൽ ഒരാൾ,തുടങ്ങിരാഷ്ട്രീയ കാര്യങ്ങകിലേക്ക് തൽക്കാലം കടക്കുന്നില്ല..... വാർദ്ധക്യത്തിൽ വീട്ടുചിലവുകൾ നടത്താൻ പ്രയാസപ്പെട്ടിരുന്നു.മൂന്നു ഭാര്യമാരിലുമായി ഉണ്ടായ മക്കൾ, പേര മക്കൾ എല്ലാം കൂടി വലിയ കുടുംബം. എന്നാൽ അദ്ദേഹത്തിന്റെ മകൻN. P. ഇബ്രാഹിംസാഹിബ് ഖത്തറിൽ എത്തിപ്പെട്ടതോടെ പഴയ പ്രതാപം വീണ്ടെടുക്കാനായി.മൂന്ന് ഭാര്യമാരിലുണ്ടായ എല്ലാ മക്കളെയുംഎന്റെ എളാപ്പ(ഇബ്രാഹിം സാഹിബ്) കൂടപ്പിറപ്പുകളായി തന്നെ കണ്ടു, സഹകരിച്ചു.സഹോദരിമാരുടെവിവാഹം(ഏത് ഉമ്മയുടെ മക്കൾ എന്ന വ്യത്യാസമില്ലാതെ)തുടങ്ങിയഉത്തരവാദിത്തങ്ങൾ (എന്റെ ഉന്നത വിദ്യാഭ്യാസവും വിവാഹവും അടക്കം) എല്ലാം എന്റെ എളാപ്പ ഏറ്റെടുക്കുകയും ചെയ്തു... വളരെ സുഖവും സമാധാനവും അനുഭവിച്ചാണ് ബാവു സാഹിബ് 1964ൽ ഇഹാലോകവാസം വെടിഞ്ഞത്.പരേതനും അദ്ദേഹത്തിന്റെ മൺമറഞ്ഞ കുടുംബാ തികൾക്കും അല്ലാഹു പരലോകത്തു സുഖവും സമാധാനവും നൽകട്ടെ, ആമീൻ.💗

സഊദ് പി സി

സ്വന്തം നാടിന്നായി സേവനം ചെയ്യുന്നത് ഇബാദത്തായി മനസ്സിലാക്കിയ ഈ മഹാത്മാവിന് റബ്ബ് അർഹിക്കുന്ന പദവി നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു

ആർ വി ഉമ്മർ സാഹിബ്

പുത്തൻപുരയിൽ കുടുംബ ബ്ലോഗിന് വേണ്ടി അഡ്വ. R V സൈദ്മുഹമ്മദ് ജ. ആർ പി ബാവു സാഹിബിനെ കുറിച്ച് എഴുതിയ ലേഖനം:

പുത്തൻപുര തറവാട്ടിൽ, അവുതൽ - കുഞ്ഞുമ്മ ദമ്പതികളുടെ മകനായി പാടൂർ ദേശത്ത് ജനിച്ച മർഹൂം ആർ പി ബാവു സാഹിബിനെ അനുസ്മരിക്കുകയാണ് ഇവിടെ.

പണിക്കവീട്ടിൽ പയ്യാക്കൽ സൈദ് മുഹമ്മദ് ആണ് കുഞ്ഞുമ്മയുടെ പിതാവ്. സൈദ് മുഹമ്മദ് എറണാകുളം പട്ടണത്തിനു അടുത്തുള്ള വടുതല സ്വദേശി. കുബേരനും പ്രമുഖനായ വ്യാപാരിയും ആയ അദ്ദേഹം പാടൂരിൽ വന്നു സ്ഥിര താമസമാക്കുകയും അവിടുത്തെ പുരാതന കുടുംബമായ പുത്തൻപുരയിൽ നിന്ന് വിവാഹം കഴിക്കുകയും ആയിരുന്നു.

പ്രഗത്ഭരും ഉദാരമതികളും അടങ്ങിയ പുത്തൻപുരയിൽ കുടുംബവും ബുഖാറയിൽ സയ്യിദ് കുടുംബവും അന്യോന്യം വളരെ സൌഹാർദ്ദത്തിലും ഐക്യത്തിലും ആയിരുന്നു. ആത്മീയ പശ്ചാത്തലമുള്ള സയ്യിദ് കുടുംബവുമായുള്ള ഈ ബന്ധം പാടൂരിലെ ജനങ്ങൾക്കിടയിൽ പുത്തൻപുര കുടുംബത്തിനു കൂടുതൽ സ്വാധീന ശക്തിയും അംഗീകാരവും ലഭിക്കാൻ ഇടയാക്കി.

ബാവു സാഹിബ് പ്രാഥമിക മതവിദ്യാഭ്യാസത്തിനു പുറമേ സാമാന്യം ഭൌതിക പഠനവും കൂടി കിട്ടിയ വ്യക്തിയായിരുന്നു. ചെറുപ്രായത്തിൽ തന്നെ പൊതു പ്രശ്നങ്ങളിൽ വ്യാപൃതനായിരുന്നു. അഖിലേന്ത്യാ മുസ്ലിം ലീഗിന്റെ പ്രവർത്തകനും പങ്കാളിയുമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ശേഷം അദ്ദേഹത്തിന് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ അമരത്ത് പ്രൌഢസ്ഥാനം നേടാൻ ഭാഗ്യം സിദ്ധിച്ചു. മരണപ്പെടുന്നത് വരെ "ചന്ദ്രിക" ദിനപ്പത്രം തപാലിൽ വരുത്തി വായിക്കുന്ന ശീലം മുടക്കമില്ലാതെ തുടർന്നു വന്നു.

അന്ന് പാടൂർ ദേശത്ത് നിന്ന് കുണ്ടഴിയൂർ അംശം പഞ്ചായത്തിലേക്ക് നിരവധി തവണ അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഗ്രാമക്കോടതി ന്യായാധിപനായി പ്രവർത്തിക്കുവാനും അദ്ദേഹത്തിന് അവസരം കിട്ടി.

ഏറെ കാലം പാടൂർ ജമാഅത്ത് പള്ളിയുടെ കാരണവന്മാരിൽ ഒരാൾ ആയിരുന്നു അദ്ദേഹം. തെരഞ്ഞെടുക്കപ്പെട്ട മഹല്ല് കമ്മിറ്റി നിലവിൽ വന്നപ്പോൾ കമ്മിറ്റി ഭാരവാഹിയായും അംഗമായും ദീർഘകാലം സേവനം അനുഷ്ഠിക്കുകയുണ്ടായി. പാടൂർ മദ്രസ നിർമാണ പ്രവർത്തനങ്ങളിലും ജമാഅത്ത് പള്ളി പുനർനിർമിക്കുന്ന കാര്യങ്ങളിലും നേതൃത്വം നൽകുവാൻ അദ്ദേഹം മുന്നിട്ടിറങ്ങി.

തൊയക്കാവ് സ്വദേശിയായ ഫാ.ജോസഫ് വടക്കൻ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്ത് ആയിരുന്നു. അച്ചന്റെ വിദ്യാഭ്യാസത്തിനു ബാവു സാഹിബ് അടക്കമുള്ളവർ സഹായം ചെയ്ത വിവരം വടക്കനച്ചൻ തന്നെ അനുസ്മരിക്കുകയുണ്ടായിട്ടുണ്ട്. "തൊഴിലാളി" ദിനപ്പത്രം അച്ഛൻ ബാവു സാഹിബിന് സൌജന്യമായി അയച്ചു കൊടുത്തിരുന്നു.

പാടൂരിലെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ എല്ലാ സംരംഭങ്ങളിലും വ്യക്തി മുദ്ര പതിപ്പിച്ച അദ്ദേഹം നാട്ടുകാരുടെ കണ്ണിലുണ്ണിയായിരുന്നു.

വടിവൊത്ത വ്യക്തമായ അക്ഷരങ്ങളിൽ ചേതോഹരമായിരുന്നു അദ്ദേഹത്തിന്റെ കൈയെഴുത്ത്. അതുകൊണ്ട് കൂടിയാവണം വസ്തുകരാറുകൾ, വിലയാധാരങ്ങൾ എന്നിവ അദ്ദേഹം എഴുതി തയാറാക്കിയിരുന്നു. പാടൂർ പ്രദേശത്ത് നിന്ന് അന്ന് രജിസ്റർ ചെയ്തിരുന്ന ആധാരങ്ങളിൽ അധികവും അദ്ദേഹത്തിന്റെ കൈപ്പടയിൽ ആയിരുന്നു.

പുത്തൻപുര തറവാടിന്റെയും കുടുംബാംഗങ്ങളുടെയും ഇടയിൽ കിരീടം വെക്കാത്ത രാജാവായിരുന്നു അദ്ദേഹം എന്ന് പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ഇല്ല തന്നെ. 1963-ൽ നിര്യാതനായ അദ്ദേഹത്തിന് അല്ലാഹു മരണാനന്തര ജീവിതം സുഖപ്രദമാക്കി കൊടുക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/97B8LjaEfoc?si=JvYKv2fk9W8rOf2X

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

അദ്ദേഹത്തിന്റെ രണ്ട് ആൺ മക്കളും രണ്ട് പെൺ മക്കളും നമ്മോട് ഒപ്പം ഉണ്ട്. ഒരു മകൻ ആണ് നമ്മുടെ മഹല്ല് പ്രസിഡന്റ് എൻ. പി. അലിമോൻ സാഹിബ്.💗

ആർ വി ഉമ്മർ സാഹിബ്

രാത്രിയുടെ ഏതോ യാമത്തിൽ അമ്മായിമാരുടെ അടക്കിപ്പിടിച്ച തേങ്ങൽ കേട്ടിട്ടാണ് ഉണർന്നത്. വെല്ലിപ്പാടെ കൂടെ കട്ടിലിൽ കിടന്നിരുന്ന ഞാൻ താഴത്ത് പായയിൽ കിടക്കുന്നു. പലരും കട്ടിലിനു ചുറ്റുംകൂടി നിൽക്കുന്നു. ആരൊക്കെയോ അങ്ങോട്ടും ഇങ്ങോട്ടും ധൃതിയിൽ നടക്കുന്നുണ്ട്. പിന്നീട് വെള്ള പുതപ്പിച്ചു കിടത്തിയ ശരീരം ആണ് കണ്ടത്.

ആ സമയത്ത് അഞ്ചു വയസ്സുകാരനായ പേരക്കുട്ടി. കാര്യമായ മറ്റു സ്മരണകൾ ഒന്നും വെല്ലിപ്പായെ കുറിച്ച് ഓർമയിൽ ഇല്ല. പറഞ്ഞു കേട്ടുള്ള ചരിത്രങ്ങളാണ് അറിയാവുന്നത്.

മരണപ്പെട്ടു പത്ത് അറുപത്തിരണ്ട് കൊല്ലങ്ങൾക്ക് ഇപ്പുറം, പാടൂർ ജുമുഅ: പള്ളിക്ക് വേണ്ടി വലിപ്പയുടെ കൈപ്പടയിൽ എഴുതിയ ആധാരങ്ങളും പള്ളിയെ പ്രതിനിധീകരിച്ചോ സാക്ഷിയായോ അദ്ദേഹം ഒപ്പ് വെച്ച രേഖകളും കാണാൻ ഇടയായത് ജീവിതത്തിലെ വലിയ അഭിമാന നിമിഷങ്ങളായിരുന്നു.

പാടൂർ ജമാഅത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് അദ്ദേഹത്തിൻറെ മകൻ ആണ് എന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ.

അല്ലാഹു വല്ലിപ്പയും അദ്ദേഹത്തിൻറെ സഹപ്രവർത്തകരായ കാരണവന്മാരും ചെയ്ത സേവനങ്ങൾക്ക് നല്ല പ്രതിഫലം കൊടുക്കട്ടെ. ആമീൻ

മലയാളം എഴുത്തും വായനയും അത്രതന്നെ വ്യാപകമല്ലാതിരുന്ന ആ കാലത്ത് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് മലയാളം അഭ്യസിപ്പിക്കാതിരുന്ന ഒരു സമയത്ത് അദ്ദേഹത്തിൻറെ പെൺമക്കൾ എല്ലാവരും മലയാളം എഴുത്തും വായനയും നിശ്ചയം ഉള്ളവരായിരുന്നു എന്നത് എടുത്തു പറയേണ്ട ഒരു കാര്യമാണ്.

സാമ്പത്തികമായി തളർന്നിരുന്ന കാലത്തും പല കുടുംബങ്ങൾ അദ്ദേഹത്തിൻറെ തണലിൽ ജീവിച്ചു പോന്നിരുന്നു.

പാടൂരിലെ മുസ്ലിം ലീഗിൻറെ മുൻനിര നേതാവ് എന്ന നിലയിൽ രാഷ്ട്രീയ രംഗത്തും അദ്ദേഹം സജീവ സാന്നിധ്യമായിരുന്നു. സ്വാഭാവികമായും ലീഗിൻറെ അന്നത്തെ ഉന്നത നേതാക്കന്മാരുമായി അടുപ്പമുണ്ടായിരുന്നു.

അദ്ദേഹം നാല് വിവാഹം കഴിച്ചിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ബന്ധുക്കളുടെയും കീഴ്ജറക്കാരുടെയും ഒരു വലിയ നിര തന്നെയുണ്ട്.

നമ്മുടെ മുൻഗാമികൾ നമുക്ക് വേണ്ടി അവശേഷിപ്പിച്ച പൈതൃകങ്ങൾ കൈവിടാതെ സൂക്ഷിക്കാൻ അല്ലാഹു നമ്മളെ ശക്തരാക്കട്ടെ. ആമീൻ

അബ്ദുൽ മജീദ് മുഹമ്മദ്

അസ്സലാമു അലൈക്കും. പാടൂർ മഹൽ കൂട്ടായ്മയിൽ ജനോപകാരമായ പുണ്യങ്ങൾ അംഗങ്ങൾക്കും വരും തലമുറയ്ക്കും സമർപ്പിച്ചു കൊണ്ട് ഇതിഹാസങ്ങൾ രചിച്ചു കൊണ്ടിരിക്കുന്ന വേളയിൽ അഡ്മിൻസിനെ അനുമോദിക്കാതെ വയ്യ. നാടിനും വീടിനും ഗുണമേകുന്ന ജീവിതം കൊണ്ട് മാതൃക കാണിച്ച മഹാന്മാരുടെയും മഹതികളുടെയും നിത്യ ജീവിതം വരച്ചു കാണിക്കുന്ന ഈ സംരംഭം എന്നും ഏവർക്കും മാതൃക തന്നെയാണ്. ആദരുവകളോടെ അഡ്മിൻസിനെ സ്മരിക്കുന്നു. പ്രാർത്ഥനകളും സ്നേഹവും നന്ദിയും മാത്രമാണ് തിരികെ നൽകാനുള്ളത്. നാഥൻ തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ.

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/v1LYfyt0wBw?si=A6lGqXSh9MqzY9gC

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/I4wn_0YkWg0?si=4r2GJ_yeXviXwbcV

തമീം ഷമീം-ശബ്ദ സന്ദേശം

https://youtube.com/shorts/1riAp346DVc?si=80zlBKyNjorJ-2TM

കെ അബ്ദുൽ വാഹിദ് സാഹിബ്

മിമ്പർ പഴയ പള്ളിയിലുണ്ടായിരുന്നതാണ്. പുനരുത്ഥാരണ സമയത്ത് ചെറിയ റിപ്പയറോ മോഡി കൂട്ടലോ നടന്നിരിക്കാം. അതിന്റെ പെയിന്റ് പ്രത്യേക തരം കൂട്ടുപെയിന്റാണ് കേട്ടിട്ടുണ്ട്. പള്ളി നിർമാണവുമായി ബന്ധപ്പെട്ട ആധികാരിക രേഖകൾ നമ്മുടെ പക്കലുണ്ടോ എന്നറിയില്ല.

ഏകദേശം രണ്ടു നൂറ്റാണ്ടുകക്ക് മുമ്പ് 4 പള്ളി കാർന്നവന്മാരായിരുന്നുവത്രെ പള്ളിക്ക് മേൽനോട്ടം വഹിച്ചിരുന്നത്.

നമ്മുടെ മിമ്പറിന്റെ ഇടത്ത് വശത്തായി ഒരു മൂലയിൽ ചുമരിനടുത്ത് 4 പഴയ ഇരുമ്പ് താക്കോൽ കൊണ്ട് തുറക്കാവുന്ന മരത്തിന്റെ അത്യാവശ്യം രേഖകളും മറ്റും വെക്കാൻ കഴിയുന്ന ഒരു മുണ്ടൻ പെട്ടി ഇരിക്കുന്നതാ യി കണ്ട ഓർമ വരുന്നുണ്ട്.

ഒരു പക്ഷെ 4 കാർന്നവന്മാർ ഒരുമിച്ചിരുന്നാലെ പെട്ടികൈകാര്യം ചെയ്യാൻ പറ്റൂ എന്നായിരിക്കാം. അല്ലാഹു അഅ് ലം: ചെല്ലിപ്പറമ്പിൽ കുഞ്ഞാവ എന്നയാൾ അതിലൊരാളാണത്രെ എന്നും മുൻതലമുറയിലുള്ളവർ പറഞ്ഞു കേട്ടിട്ടുണ്ട്. എല്ലാം അറിയുന്നവൻ അല്ലാഹുമാത്രം.

ആർ വി ഉമ്മർ സാഹിബ്

നമ്മുടെ പള്ളിയുടെ മിമ്പർ കുഞ്ഞിമോൻ ആചാരി (ബാലേട്ടൻ്റെ അച്ഛൻ) യുടെ കരവിരുത് ആണ് എന്ന് കേട്ടിട്ടുണ്ട്. വാസ്തവം എന്താണെന്ന് അറിയില്ല. അറിയുന്നവർ പറയും എന്ന് കരുതാം. മിമ്പറിലെ നിറങ്ങൾ ഇലക്കൂട്ടുകൾ ചേർത്ത് ഉണ്ടാക്കിയതായിരുന്നു എന്നും കേട്ടറിവുണ്ട്. അന്നത്തെ നിറം ഇന്നും മങ്ങാതെ നിലനിൽക്കുന്നു എന്നത് അത്ഭുതം തന്നെ.

ലത്തീഫ് വാക്കയിൽ

പുതുക്കി പണിത പള്ളിയുടെ നിർമ്മാണവുമായി ചരിത്ര രേഖകൾ ഒന്നും

നിലവിൽ ആരിലും ഉള്ളതായി അറിവില്ലെങ്കിലും പാടൂരിലെ നാല് ഹമീദുമാരെ കുറിച്ചു പ്രതിപാതിക്കുന്നുണ്ട്. അവർ കരിപ്പായിൽ ഹമീദ് സാഹിബ്, മുണ്ടന്റകായിൽ ഹമീദ് ഹാജി ,കെ പി ഹമീദ് മുസ്ലിയാർ, കെ കെ ഹമീദ് സാഹിബ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ആയിരുന്നു വെന്ന് പറയപ്പെടുന്നു.

കൂടുതൽ വിവരങ്ങളോ മറ്റോ ലഭ്യമല്ല. അതെക്കുറിച്ചു വ്യക്തമായ സാക്ഷ്യങ്ങളോ മറ്റോ കിട്ടാനുമില്ല. അക്കാലങ്ങളിൽ രേഖകൾ സൂക്ഷിച്ചിരുന്ന മരപ്പെട്ടിയുടെ പൂട്ടുകൾ നാലു ഭാഗത്ത് നിന്നും തുറക്കുന്ന രീതിയിലായിരുന്നു. അതിനാൽ തന്നെ നാലു പേരിലുമായി അതിന്റെ താക്കോലു കളും ഉണ്ടായിരുന്നു .

തെരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റികൾ അതാതു കാലങ്ങളിൽ അതു സൂക്ഷിക്കുന്നു . ഒരു സമയത്ത് ആ ഉത്തരവാദിത്വം നിറവേറ്റിയിരുന്നവർ ആലിക്കണയിൽ മമ്മുദു സാഹിബ്, എം കെ കുഞ്ഞയമു സാഹി ബ്, പി കെ കുഞ്ഞി മൊയ്തു സാഹിബ്, കൊട്ടുക്കൽ മുഹമ്മദ് ഹാജി എന്നിവരായിരുന്നു. ഇപ്പോൾ ഇതെല്ലാം കാലഹരണപ്പെട്ടെങ്കിലും ഇതെല്ലാം കേൾക്കുമ്പോൾ പഴമയുടെ പെരുമ തന്നെയായിരുന്നു പാടൂർ മഹല്ലും പള്ളിയും എന്നതിൽ തർക്കമില്ല.

കടപ്പാട്: ഷരീഫ് ബാബു/പാടൂർ മഹല്ല് ചരിത്രം

ഫോട്ടോ പങ്കുവെച്ചത് ഷരീഫ് ബാബു



ഹൃദയപൂർവം പാടൂർ പേജ് 24

ആർ പി സിദ്ധിഖ് സാഹിബ്-ശബ്ദ സന്ദേശം

https://youtu.be/luL0ilDkyaA?si=p3nyPuqxdMMixG7f

ആർ പി സിദ്ധിഖ് സാഹിബ്-ശബ്ദ സന്ദേശം

https://youtube.com/shorts/TL5g_QkPr1Q?si=5QkCDRZjBWaoauTY

ആർ വി അബ്ദുൽ ഹമീദ് സാഹിബ് -ശബ്ദ സന്ദേശം

https://youtu.be/vLCDtxx0VBk?si=XHCbXa1tm9o044YK

കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtu.be/6G7mvQNqw3w?si=rxunKfTHq6EMLyZC

സഊദ് തങ്ങൾ

ബഹുമാന്യനായ പുത്തൻ പുരയിൽ ബാവു സാഹിബ്

****

'പാടൂർ പ്രദേശത്ത് മുമ്പേ സ്ഥാപിതമായ പുത്തൻപുര തറവാട്ടിൽ നിന്ന്, തെക്ക് വടുതലയിൽ നിന്ന് വന്ന, സൈത് മുഹമ്മദ് എന്ന ഒരു പ്രമുഖ വ്യക്തി വിവാഹം കഴിക്കുന്നു. അദ്ദേഹത്തിന്റെ പേരമകനാണ് നമ്മുടെ കഥാ പുരുഷനായ ബാവു സാഹിബ്'. ഇത്രയും കാര്യങ്ങൾ, സുഹൃത് അഡ്വ. സെയ്തു മുഹമ്മദിൽ നിന്ന് പുതുതായി മനസ്സിലായതാണ്. അത് വഴി എന്റെ മുൻധാരണ തിരുത്തേണ്ടി വന്നു. അറിവുകൾ, ആധികാരികമായി കൈമാറ്റം ചെയ്യപ്പെടുമ്പോഴാണ് ചരിത്ര പഠനങ്ങളിൽ വന്നു പോയ അബദ്ധങ്ങൾ തിരുത്തപ്പെടുക എന്നതിന്റെ തെളിവാണിത്.

പ്രധാനമായി പാടൂരും പെരിങ്ങാടും പരന്നു കിടക്കുന്ന ഒരു വലിയ കുടുംബത്തിലെ ശക്തനായ വ്യക്തിയാണ് ബാവു സാഹിബ്. അന്നത്തെ കാലത്ത്, ഇതര സമൂഹങ്ങളോട് കിടപിടിക്കാവുന്നത്ര വിദ്യാഭ്യാസ മുണ്ടായിരുന്നത് കൊണ്ടാവണം അദ്ദേഹത്തിന് അധികാര കേന്ദ്രങ്ങളിൽ കയറിപ്പറ്റാൻ കഴിഞ്ഞത്. അത് വഴി, അദ്ദേഹത്തിന്, പ്രദേശത്തിന്റെ സർവതോമുഖമായ പുരോഗതിയിൽ വലിയ പങ്ക് വഹിക്കാൻ കഴിഞ്ഞു.

ഇതിന്റെ തുടർച്ച എന്നോണം, ഈ പ്രദേശങ്ങളിലെ മത-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ തങ്ങളുടേതായ മുദ്ര പതിപ്പിച്ച ഒരു കുടുംബമാണ് പുത്തൻപുരയും അനുബന്ധ കുടുംബങ്ങളും.

ബാവു സാഹിബിനെ ചെറുപ്പത്തിൽ കണ്ട ഓർമയാണുള്ളത്. ഒരു കുടയും ചൂടി ഇടിയഞ്ചിറ ഹംസിയ പള്ളി വഴി അദ്ദേഹം നടന്നു പോകുന്ന ഓർമയുണ്ട്. ആ കുടുംബത്തിലെ പലരുമായും എനിക്ക് അടുത്ത ബന്ധമുണ്ട്. വീക്ഷണ

വൈജാത്യങ്ങൾക്കിടയിലും, അവരൊക്കെയും ഏതെങ്കിലും രീതിയിൽ ഇസ്ലാമിക പക്ഷത്തു നിൽക്കുന്നു എന്ന് കാണാൻ കഴിയുന്നത് സന്തോഷകരമാണ്. വിത്ത് ഗുണം പത്തു ഗുണം എന്ന് പറഞ്ഞത് പോലെ ആ നന്മയുടെ വേരുകൾ പിൻതലമുറയിലേക്ക് പടർന്നത് നമ്മുടെ കഥാ പുരുഷനിൽ നിന്നും അദ്ദേഹത്തിന്റെ പ്രപിതാക്കളിൽ നിന്നും ആയിരിക്കുമല്ലോ.

അല്ലാഹിവിന്റെ അനുമതി ഉണ്ടെങ്കിൽ, അതു തന്നെ മതി അദ്ദേഹത്തിന്റെയും സഹധർമ്മണികളുടേയും കബറിടങ്ങൾ പ്രകാശ പൂരിതമാകാൻ. അതിന് വേണ്ടി നമുക്കും പ്രാർത്ഥിക്കാം.

ഭൗതിക ലോകത്ത് വന്നു പോകാനിടയുള്ള കുറവുകൾ പരിഹരിച്ചു, അല്ലാഹു അവരുടെ പരലോക ജീവിതത്തെ അനുഗ്രഹിക്കുമാറാകട്ടെ- അമീൻ

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/ytO_TeTEiPU?si=sTj8Wwi_FDhnCCLn

20 Dec 2025

Episode-3

മർഹൂം ബി വി സീതി തങ്ങൾ



മർഹൂം ബി വി സീതി തങ്ങളെ (ഒക്ടോബർ 1924- ഓഗസ്റ്റ് 22 2002) യാണ് ഇന്ന് നമ്മൾ സ്മരണകളിൽ ഓർത്തെടുക്കുന്നത്.

കേരളത്തിലെ പ്രമുഖ രാഷ്ട്രീയ പ്രവർത്തകനും മുൻ നിയമ സഭാ അംഗവും ആയിരുന്നു. 4 തവണ നിയമ സഭാ സാമാജികൻ ആയിരുന്നു. മർഹൂം കോയക്കുട്ടി തങ്ങൾ ആണ് പിതാവ്. 7 മക്കൾ. പാടൂരിന്റെ എം എൽ എ അല്ലെങ്കിലും പാടൂരിൽ നിന്നുള്ള ആദ്യത്തെ എം എൽ എ.

പാടൂരിന്റെ ചിരകാല സ്വപ്നമായ സ്വന്തമായി ഒരു സ്കൂൾ അലീമുൽ ഇസ്ലാം ഹൈസ്കൂൾ സാക്ഷാൽകരിച്ച മഹാ മനസ്കൻ. പല സർക്കാർ പദവികളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനത്തിനു അല്ലാഹു തക്ക പ്രതിഫലം നൽകട്ടെ. സ്വർഗത്തിൽ ഉന്നത സ്ഥാനം അല്ലാഹു നൽകി അനുഗ്രഹിക്കട്ടെ, ആമീൻ

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/3y7wk4l5Zyw?si=175Fdg4m3GUV-sb7

ആർ വി ഉമ്മർ സാഹിബ്

ബഹുമാനപ്പെട്ട B V സീതി തങ്ങളുടെ പേര് ദീർഘകാലം പാടൂർ ദേശത്തിന്റെ അപര നാമമായിരുന്നു എന്ന് പറഞ്ഞാൽ അതിശയോക്തി ആവില്ല. രാഷ്ട്രീയ രംഗത്ത് എന്ന പോലെ മത, സാമൂഹ്യ രംഗത്തും തന്റെ പങ്കാളിത്തം കൊണ്ട് പാടൂരിനെ പരിചയപ്പെടുത്തിയ വ്യക്തിയാണ് അദ്ദേഹം.

സമ്പത്തിന്റെ മടിത്തട്ടിൽ വളർന്ന ബാല്യം. സ്കൂളിൽ പോകുന്ന സമയത്ത് അദ്ദേഹത്തിന് കുട ചൂടി കൊടുക്കാൻ കൂടെ ഒരാൾ ഉണ്ടാകാറുണ്ട് എന്നാണ് കേട്ടറിവ്. പാരമ്പര്യ സ്വത്തിന്റെ ഭൂരിഭാഗവും പൊതു പ്രവർത്തനത്തിനിടയിൽ ചോർന്നു പോയിരുന്നു.

എന്റെ പിതാവിന്റെ സതീർത്ഥ്യനും അടുത്ത കൂട്ടുകാരനുമായിരുന്നു. സീതി തങ്ങളുടെ സ്കൂൾ സ്ഥാപിതമായതു മുതൽ ഉപ്പാടെ മരണം വരെ സ്കൂളിലെ കാര്യങ്ങളിൽ തങ്ങൾക്ക് സജീവമായി പിന്തുണ നൽകിയ നാട്ടുകാരിൽ ഒരാളായിരുന്നു ഉപ്പ.

ഗൾഫിൽ പോകുന്നതിന് മുമ്പ് രാഷ്ട്രീയത്തിൽ ഇടപെട്ട ചെറിയ സമയത്ത് - അദ്ദേഹത്തിന്റെ അനുയായിയായിരുന്ന കാലത്ത് - രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പാടൂരിലെ പ്രഗൽഭരായ നേതാക്കളുടെ സാന്നിധ്യത്തിന്റെ തണൽ നേരിട്ട് അനുഭവഭേദ്യമായിട്ടുണ്ട്. ജനാബ് ബി വി സീതി തങ്ങൾ, ജ. എസ് എം സൈനുൽ ആബിദീൻ തങ്ങൾ, ജ. എം കെ മുഹമ്മദുണ്ണി, സാഹിബ്, ജ. കെ കെ മുഹമ്മദാലി എന്നിവർ ജില്ലാതലത്തിൽ ജില്ലാതലത്തിലും ഒരുപക്ഷേ സംസ്ഥാനതലത്തിലും അറിയപ്പെടുന്നവരും സ്വാധീനം ചെലുത്താൻ കെൽപ്പുള്ളവരുമായിരുന്നു. ആ തലമുറക്ക് ശേഷം നേതൃദാരിദ്ര്യത്തിന്റെ വലിയൊരു വിടവ് നമ്മുടെ നാട് നേരിടുന്നുണ്ട് എന്ന് പറയാതെ വയ്യ.

ചിരിച്ച് ഒരു കാരണവരുടെ കാരുണ്യ വായ്പോടെ മാത്രം ഇടപെട്ടിരുന്ന തങ്ങൾക്ക് അല്ലാഹു സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/UusRjDphG0M?si=f_s98eTthv8VPFmz

ലത്തീഫ് വാക്കയിൽ

ആദ്യ കാലങ്ങളിൽ തഅലീമുൽ ഇസ്ലാം മദ്രസ്സക്കും ജമാഅത് പള്ളിക്കും രണ്ടു കമ്മിറ്റികൾ ആണ് ഉണ്ടായിരുന്നത്. എന്നാൽ 1971 ൽ ഈ രണ്ടു കമ്മിറ്റിയും


ഒന്നായി (merged) ജമാഅത്തു കമ്മിറ്റി പാടൂർ എന്ന പേരിൽ അറിയപ്പെട്ടു. അതിന്റെ ആദ്യത്തെ പ്രസിഡന്റ് മർഹൂം ബി വി സീതി തങ്ങൾ ആയിരുന്നു.

അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരം ആണ്: സിപിഐയുടെ കൊളാടി ഗോവിന്ദൻകുട്ടി മേനോനെ 3994 വോട്ടുകൾക്ക് പരാജയപ്പെടുത്തി അണ്ടത്തോട് നിന്നാണിദ്ദേഹം ആദ്യമായി നിയമസഭയിലെത്തുന്നത്1967-ൽ കോൺഗ്രസിലെ എ.എ. കൊച്ചുണ്ണിയെ 463 വോട്ടുകൾക്ക് പരാജയപ്പെടുത്തി ഗുരുവായൂരിൽ നിന്ന് മൂന്നാം കേരള നിയമസഭയിലംഗമായി. എന്നാൽ 1970-ൽ നടന്ന നാലാം കേരളനിയമസഭാ തിരഞ്ഞെടുപ്പിൽ കർഷക തൊഴിലാളി പാർട്ടി (കെ.ടി.പി.) നേതാവ് വർക്കി വടക്കനോട് 5049 വോട്ടുകൾക്ക് പരാജയപ്പെട്ടു. 1977-ൽ അഖിലേന്ത്യാ മുസ്ലീം ലീഗിലെ വി.എം. സുലൈമാനെ 133991 വോട്ടിനും 1980-ൽ സിപിഎമ്മിലെ സി.കെ. കുമാരനെ 1752 വോട്ടുകൾക്കും ഗുരുവായൂരിൽ വച്ച് പരാജയപ്പെടുത്തി.

പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ, ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ഡയറക്ടർ, മുസ്ലീം ലീഗ് തൃശ്ശൂർ ജില്ലാക്കമ്മിറ്റി പ്രസിഡന്റ്, കുണ്ടഴിയൂർ ഗ്രാമപഞ്ചായത്തംഗം, കേരള ഫിഷറീസ് അഡ്വൈസറി ബോർഡംഗം, മുസ്ലിം ലീഗ് സംസ്ഥാന വർക്കിംഗ് കമ്മിറ്റിയംഗം എന്നീ പദവികളും ഇദ്ദേഹം വഹിച്ചിരുന്നു. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ സംസ്ഥാന സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. നമുക്കെല്ലാവർക്കും അറിയുന്നത് പോലെ പാടൂരിൽ അലീമുൽ ഇസ്ലാം ഹയർ സെക്കന്ററി സ്ക്കൂളും അദ്ദേഹം സ്ഥാപിച്ചു.

അള്ളാഹു അദ്ദേഹത്തിന് സ്വർഗം നൽകി അനുഗ്രഹിക്കട്ടെ, ആമീൻ

<u>ഫോട്ടോ ഷെയർ ചെയ്തത്</u> <u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>



പതിനൊന്നാം കേരളനിയമസഭ

മൊയ്തു. പി.കരിപ്പായിൽ

നിഷ്കളങ്കതയുടെ

,,,,,,,വക്താവ്,,,,🙏

,,

പാടൂർ എന്ന കൊച്ചു ഗ്രാമത്തിന്റെ യശസ്സ് വാനോളം ഉയർത്തിയ ജനപ്രതിനിധി. ജനാബ്.ബി.വി. സീതി തങ്ങൾ👍

പൊതുപ്രവർത്തകൻ എന്ന നിലയിൽ അവസരങ്ങൾ തേടി പോകാതെ തന്നിൽ എത്തി ചേർന്ന പദവികൾ ഒരിക്കൽ പോലും അഹങ്കാരത്തിന് ഇട നൽകാതെ ജനഹൃദയങ്ങളിൽ ഉദാത്തമായ സ്നേഹം നേടിയെടുക്കാമെന്ന് പ്രവർത്തനം കൊണ്ട് തെളിയിച്ച അപൂർവ്വം പൊതുപ്രവർത്തകരിൽ ഒരാൾ. ❤️തന്റെ രാഷ്ട്രീയ എതിരാളികളോട് ഏറെ ആദരവും ബഹുമാനവും നിലനിർത്തി കൊണ്ട് തന്നെ ആശയപരമായ വിയോജിപ്പ് പ്രകടിപ്പിച്ച മാതൃകാ ജനാധിപത്യവാദി. 🌹

1960 ൽ ആദ്യമായി നിയമസഭയിലേയ്ക്ക് അണ്ടതോട് മണ്ഡലത്തിൽ നിന്ന് ജനവിധി തേടുമ്പോൾ (വിമോചന സമരാനന്തരം നടക്കുന്ന തിരഞ്ഞെടുപ്പെന്ന പ്രത്യേകത കൂടെയുണ്ട്),,,,താനറിയുന്ന തന്നെയറിയുന്ന,,,, നാട്ടിലെ കമ്മ്യൂണിസ്റ്റ് സഖാക്കളോട് ഏറെ സ്നേഹ വാത്സല്യത്തോടെയാണ് ജനാബ് തങ്ങൾ ഇടപ്പെട്ടിരുന്നത്.🙏 ജനപ്രതിനിധി എന്ന നിലയിൽ കക്ഷി രാഷ്ട്രീയത്തിനപ്പുറം ഉയർന്ന് ചിന്തിയ്ക്കാൻ ജനാബ് തങ്ങൾക്ക് കഴിഞ്ഞിരുന്നു എന്നത് മറ്റൊരു പ്രത്യേകതയാണ്.🌹 1968 ൽ മുല്ലശ്ശേരി പുളിക്ക കടവ് റോഡ് പണി പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്ന് കൊടുക്കാൻ അന്നത്തെ ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രി. സഖാവ് ഇമ്പിച്ചി ബാവയെ കൊണ്ട് വന്നത് ജനാബ് തങ്ങളുടെ പരിശ്രമഫലമായിട്ടായിരുന്നു❤️. ഒരു പൊതുപ്രവർത്തകൻ ജനപ്രതിനിധി എങ്ങിനെയായിരിക്കണം എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായിരുന്നു ജനാബ് തങ്ങൾ🙏 അദ്ദേഹത്തിന്റെ അവസാനനാളുകളിൽ യുവജന സംഘടനാ പ്രവർത്തകരായ ഞാനുൾപടെയുള്ളവരോട് പ്രത്യേകിച്ച് ഏതിർചേരിയിൽ നിലയുറപ്പിച്ച ഞങ്ങളോട് പോലും സ്നേഹ വാത്സല്യത്തോടെയാണ് ജനാബ് തങ്ങൾ പെരുമാറിയിരുന്നത് 🙏എല്ലാവരേയും തുല്യതയോടെ കാണാനുള്ള വിശാല മനസ്സിനുടമയായിരുന്നു ജനാബ് തങ്ങൾ. ❤️പൊതു രംഗത്തെ അദ്ദേഹത്തിന്റെ പ്രവർത്തന രീതി എക്കാലത്തേയ്ക്കും മാതൃകയാണ്🌹 മുന്നണി രാഷ്ട്രീയം മാറി മറിഞ്ഞ 1980 ൽ തങ്ങൾ മത്സരിക്കുമ്പോൾ.

ജനാബ് തങ്ങളുടെ തിരഞ്ഞെടുപ്പ് കമ്മറ്റി ചെയർമാൻ എന്റെ അമ്മാവനായ.പി.കെ.അബൂബക്കർ ഹാജിയായിരുന്നു. (പോകുട്ടി ഹാജി. ചാവക്കാട് മുൻസിപ്പൽ ചെയർമാൻ.ഡി.സി.സിട്രഷർ.കെ.പി.സി.സി. എക്സിക്യൂട്ടീവ് മെമ്പർ)ആ.തിരഞ്ഞെടുപ്പിൽ കണക്കുകൾ അനുസരിച്ച് തങ്ങൾ വിജയിക്കാൻ സാധ്യത ഇല്ലായിരുന്നു.,,ദേവരാജ് അരശിന്റെ നേതൃത്വത്തിൽ (കേരളത്തിൽ.എ. ഗ്രൂപ്പ്) കോൺഗ്രസ്സ് പിളർന്ന് ഇടതുമുന്നണിയുടെ ഭാഗമായി തീർന്നിരുന്നു. ജില്ലയിലെ മിക്കവാറും എല്ലാ മണ്ഡലങ്ങളിലും ഇടതുമുന്നണി വിജയിച്ച് 93.സീറ്റോടെ.പതിനൊന്ന്

വർഷത്തിന് ശേഷം സി.പി.ഐ.എം. അധികാരത്തിൽ വരുമ്പോൾ ഗുരുവായൂരിൽ ജനാബ് തങ്ങൾ നേടിയ വിജയം അപ്രതീക്ഷിതമായിരുന്നു. ഈ വിജയത്തിന്റെ ഒരു കാരണം അദ്ദേഹത്തിന്റെ വ്യക്തി പ്രഭാവം കൂടെ അടങ്ങിയിരുന്നതായിട്ടാണ് എന്റെ അമ്മാവൻ വിലയിരുത്തുന്നത്.🙏 മുന്നണി ബന്ധം വിച്ഛേദിച്ച്. പിന്നോക്ക മുന്നണി രൂപീകരിച്ച്.എസ്.എൻ.ഡി.പി യോടൊപ്പം തൃശൂരിലെ പൊതുയോഗത്തിൽ തങ്ങൾ നടത്തിയ പ്രസംഗം പിറ്റേ ദിവസത്തെ മാതൃഭൂമി പത്രത്തിലെ വലിയ വാർത്തയായിരുന്നു. 👍എന്റെ പിതാവുമായി സീതിതങ്ങൾക്ക് വലിയ ഹൃദയബന്ധമായിരുന്നു. എന്റെ ഉപ്പയുടെ ഉമ്മ അസുഖബാധിതയായി കിടക്കുമ്പോൾ തങ്ങൾ സന്ദർശിക്കാനെത്തിയത് ഞാനിന്നോർത്തെടുക്കുന്നു.🌹 തങ്ങളുടെ ദേഹവിയോഗ വാർത്ത അദ്ദേഹത്തിന്റെ മരുമകൻ. സഖാവ്. എ.കെ. തങ്ങൾ എന്നെ അറിയിച്ച ഉടനെ ഗൾഫിലെ റാസൽഖൈമറേഡിയോയിലെ വാർത്ത വിഭാഗത്തെ അറിയിച്ചപ്പോൾ അവർക്കത് വിശ്വസിക്കാൻ കഴിയുന്നതായിരുന്നില്ല. പാർലിമെന്റ് രംഗത്തു ഒരു തങ്ങൾ എന്നത് അവരെ അദ്ഭുതപ്പെടുത്തി. കാര്യങ്ങൾ കൂടുതൽ ധരിപ്പിച്ചപ്പോൾ രാത്രിയിലും പകലും അദ്ദേഹത്തിന്റെ വേർപാടിന്റെ വാർത്ത അവർപ്രക്ഷേപണം ചെയ്തു.😭 ഒരു പക്ഷെ പാടൂരിന് ഒരു മന്ത്രി.ജനാബ് തങ്ങളിലൂടെ സാധിക്കേണ്ടതായിരുന്നു ❤️ഈ ഘട്ടത്തിൽ അത് വിശദീകരിക്കുന്നത് അനുചിതമാകുമെന്നത് കൊണ്ട് പരാമർശിക്കുന്നില്ല.🙏 ഈഓർമ്മദിനത്തിൽ. സീതി തങ്ങൾക്ക് വേണ്ടിയുള്ള നാടിന്റെ പ്രാർത്ഥനയിൽ ഞാനും പങ്ക് ചേരുന്നു.🙏👐

,,,

മൊയ്തു. പി.കരിപ്പായിൽ

,❤️,,,,,,,,,,,,,,,,,,🌹,,,,,,,,,,🙏

<u>ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം</u>

https://youtu.be/LrfGrsPlKTA?si=Cvel7GMAFiet1kj1

<u>അബ്ദുൽ മജീദ് മുഹമ്മദ്</u>

മർഹൂം ബി വി സീതി തങ്ങൾ… പാടൂർ എന്ന സുന്ദര ദേശത്തിന്റെ ശക്തമായ പര്യായം.. പാടൂർ എന്ന ഗ്രാമത്തിന്റെ മുഖമായിരുന്നു ബഹുമാനപ്പെട്ട മർഹൂം സീതി തങ്ങൾ… തന്റെ ജീവിതത്തിന്റെ ബാല്യവും കൗമാരവും യൗവ്വനവും വാർദ്ധക്യവും എല്ലാം നാടിനും നാട്ടുകാർക്കും വേണ്ടി ഉഴിഞ്ഞു വെച്ച മഹാവര്യൻ… ഒരു ജനതയുടെ ഏറ്റവും വലിയ സമ്പത്ത് എന്ന് പറയുന്നത് അവന്റെ സംസ്കാരമാണ്. ആ നല്ല സംസ്കാരം ലഭ്യമാകണമെങ്കിൽ വിദ്യാഭ്യാസം ഉണ്ടായേ പറ്റൂ… അങ്ങിനെ വിദ്യാഭ്യാസമുള്ള സംസ്കാര സമ്പന്നരായ ഒരു തലമുറയെ വാർത്തെടുക്കാൻ ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനം നമുക്ക് സമ്മാനിച്ച അപൂർവ്വം വ്യക്തിത്വമാണ് മർഹൂം സീതി തങ്ങൾ… ഇന്ന് അലീമുൽ ഇസ്ലാം ഹൈസ്കൂളിൽ നിന്ന് പ്രിന്നീട് ഹയർ

സെക്കൻഡറി) പഠിച്ചു വളർന്ന് എത്രയോ ഉന്നതിയിൽ എത്തിയ ആളുകൾ നമുക്കിടയിലുണ്ട്. വലിയ വലിയ സർക്കാർ ഉദ്യോഗസ്ഥർ, കച്ചവട സാമ്രാജ്യം പടുത്തുയർത്തിയവർ, സമൂഹത്തിന്റെ നാനാമേഖലകളിൽ എത്തിപ്പെട്ടവർ.. ഇവരിൽ ബഹുഭൂരിപക്ഷവും പാടൂരിലെ അലീമുൽ ഇസ്ലാം സ്കൂളിൽ നിന്നും പഠിച്ചു വളർന്നവരാണ്.. ആയതിനു കാരണക്കാരനായതോ നമ്മുടെ ഏവരുടെയും പ്രിയങ്കരനായ മർഹും സീതി തങ്ങളും… ഇദ്ദേഹത്തിന്റെ ഉള്ളിൽ നിറഞ്ഞു തുളുമ്പുന്ന രാജ്യസ്നേഹവും ഭരണകൈകാര്യത്തിനുള്ള ശക്തമായ കഴിവും തന്നെയാണ് അദ്ദേഹം പലഘട്ടങ്ങളിൽ കേരള നിയമസഭ സാമാജികനാകാൻ കാരണമായതും… സർക്കാരിന്റെ കീഴിൽ പല മേഖലകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചു പോന്നിരുന്നത് അദ്ദേഹത്തിന്റെ നേതൃപാടവത്തിന്റെയും മറ്റും ഗുണം കൊണ്ട് തന്നെയായിരുന്നു. ഇവിടെ കാര്യാട്ട് നജീബ്ക്ക വളരെ വിശദമായി തന്നെ തങ്ങളെ സ്മരിക്കുകയുണ്ടായി… അതുപോലെ ഗ്രൂപ്പിലെ പല അംഗങ്ങളും അദ്ദേഹത്തെ കുറിച്ചുള്ള ഓർമ്മകൾ പങ്കു വെക്കുകയുണ്ടായി.. ഇതിൽ നിന്നെല്ലാം മർഹൂം സീതി തങ്ങളുടെ പ്രൗഢിയും മറ്റും വ്യക്തമാണ്… അദ്ദേഹം മുസ്ലിം ലീഗിന്റെ ശക്തനായ അനുയായിയും നേതാവുമൊക്കെയായിരുന്നെങ്കിലും തങ്ങൾ ജാതിയും മതവും രാഷ്ട്രീയവും ലിംഗ വ്യത്യാസവും നോക്കാതെ സാമൂഹിക പ്രവർത്തനങ്ങൾ നടത്തിയിരുന്നത് കൊണ്ടാണ് ഈ നാട് ഇദ്ദേഹത്തെ ഇത്ര മേൽ സ്നേഹിക്കുന്നത്.. ഈ സ്നേഹമെല്ലാം പ്രാർത്ഥനകളാണ്.. അദ്ദേഹത്തിന്റെ സ്വർഗ്ഗീയ പ്രവേശനം നാഥാ നീ എളുപ്പമാക്കാൻ തൗഫീക് നൽകി അനുഗ്രഹിക്കണം അല്ലാഹ്…

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്-ശബ്ദ സന്ദേശം

https://youtu.be/gTyHzxhthWI?si=BrNCUJQB8BpulKva

ആർ പി സിദ്ധിഖ് സാഹിബ്-ശബ്ദ സന്ദേശം

https://youtube.com/shorts/ilKfjkvXheE?si=HyFb_uzccc-ndEv8

https://youtube.com/shorts/03Rb1mH9K3g?si=PcMAFupU2CJU3sTk

https://youtube.com/shorts/w_JRwlodQuE?si=IncdbU55VgDOGLqc

https://youtu.be/Ni0PrSR7efc?si=TdDyl5sU1pDFlouC

https://youtu.be/ZWWMrJrP4U8?si=r0o2VMBFYMSPHoXn

കെ അബ്ദുൽ വാഹിദ് സാഹിബ്

ബഹുമാന്യനായ B.V. സീതി തങ്ങൾ:- ഇന്ന് ജീവിച്ചിരിക്കുന്ന യവ്വനം പിന്നിട്ട ഏറെക്കുറെ എല്ലാ പാടൂർക്കാർക്കും നേരിൽ കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞ മാന്യ മഹൽ വ്യക്തിത്വമായിരുന്നു ജനാബ്B.V. സീതി തങ്ങൾ .

അത് കൊണ്ട് തന്നെ അദ്ദേഹത്തെ കുറിച്ച് അനുഭവസാക്ഷ്യങ്ങൾ പലരും വിവരിച്ച് കഴിഞ്ഞു . ഇനിയും വരുമെന്ന് വിശ്വസിക്കുന്നു. രാഷ്ട്രിയ സാമൂഹ്യ സാംസ്കാരിക മതകീയമേഘലകളിൽ തന്റെസാന്നിദ്ധ്യം വേണ്ടുവോളം അടിയാളപ്പെടുത്തിയ വ്യക്തിത്വം..

പലവട്ടം MLA, താൻ പ്രതിനിധാനം ചെയ്തരാഷ്ട്രീയ പാർട്ടിയിൽ സംസ്ഥാന സെക്രട്ടറി, ഔഷധി ചെയർമാൻ തുടങ്ങി പല വേദികളുടെ അദ്ധ്യക്ഷ പദവിയിലിരിക്കുമ്പോഴും വലിപ്പ ചെറുപ്പമില്ലാതെ കണ്ടുമുട്ടുന്ന പാടൂരിലെല്ലാവരോടും സ്വതസിദ്ധമായ പുഞ്ചിരിയോടെ സഹവർത്തിക്കുന്ന മാന്യ വ്യക്തിയെന്നാണെന്റെ അനുഭവം.

കുറെ നല്ല ഓർമകളും സൽകർമങ്ങും നാട്ടിനായി അദ്ദേഹമർപ്പിച്ചതിൽ എന്നുമെന്നും നിലനിൽകുന്ന തലമുറകളെ വിദ്യാസമ്പന്നതയിലേക്ക് വഴി തെളിക്കുന്ന പാടൂർ ഹയർസെക്കണ്ടറി സ്കൂൾ മാത്രമതിയാകും അദ്ദേഹത്തിന്റെ പാരത്രിക ജീവിതം പ്രഭാപൂരിതമാകാൻ .

കരുണാമയനായ നാഥൻ തമ്പുരാൻ പ്രിയതങ്ങളുടെ ബർസഖി ജീവിതം ധന്യമാക്കി നാളെ ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കട്ടെ . 🤲 🤲

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്-ശബ്ദ സന്ദേശം</u>

https://youtu.be/sUIqKvjLOQg?si=Ugj_boebZa2X5z7P


<u>ഫോട്ടോ ഷെയർ ചെയ്തത് അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>



സീതി തങ്ങൾ - പരിധികളില്ലാത്ത സൗഹൃദം

പി.ടി. കുഞ്ഞിമുഹമ്മദ്

30



കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtube.com/shorts/Vhz6_dSy23M?si=qjiG0GmPSmL7vmsV

കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtube.com/shorts/FpK_CKP5rpQ?si=etr5_1qeOHrTfios

കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtube.com/shorts/NdT5eTgdhtw?si=AduyJDzweA5rK6HU

പി എൻ അബ്ദുൽ ഖാദർ സാഹിബ്

അസ്സലാമു അലൈക്കും പ്രിയ പാടൂർ മഹൽ കൂട്ടായ്മയിലെ മാന്യ വെ ക്തിത്വങ്ങളെ പാടൂരിന്റെ മൺമറഞ്ഞു പോയ മഹാപ്രദി ഭകളെ കുറിച്ചു അനുസ്മരിക്കുന്ന ഈ മഹത്തായ പരിപാടിയിൽ എളിയവനായ ഞാനും പങ്കുകൊള്ളട്ടെ ആദ്യമായി പറയട്ടെ എഴുതി ഫലിപ്പിക്കാനൊന്നുമുള്ള ഒരു കഴിവ് എനിക്കില്ല തെറ്റുകൾക്ഷമിക്കുക ഒരു പാട് മഹാന്മാരെ പറ്റി സഹോദരങ്ങൾ പറഞ്ഞു ഭാഗികമായൊക്കെ കേൾക്കാറും വായിക്കാറുമുണ്ട്

ജനാബ് മർഹും സീതി തങ്ങളെ പറ്റി പറയുമ്പോൾ അക്കാലത്ത് നാട്ടിലെ പ്രമുഖ വ്യക്തികളുടെ അടുത്ത് കൂടി പോകാൻ തന്നെ എനിക്ക് ഭയമായിരുന്നു പുളിക്കക്കടവിൽ അദ്ദേഹത്തിന്റെ ബിൽഡിങ്ങിൽ പോസ്റ്റ് ഓഫീസിൽ നിത്യേന പോകുന്ന പതിവുണ്ടായിരുന്നു ഒരു ദിവസം ഞാൻ അവിടെ നിൽക്കുമ്പോൾ അദ്ദേഹം അവിടെ ഓഫീസുണ്ടായിരുന്ന അങ്ങോട്ട് പോകുമ്പോൾ എന്നെ വിളിച്ചു എന്നെ തന്നെയാണോ എന്ന സംശയത്തിൽ നിന്നപ്പോൾ കൈ കൊണ്ട് ആഗ്യം കാണിച്ചു അടുത്ത് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു കാദറിന്റെ മരുമകൻ കാദറെ എന്ന് പറഞ്ഞപ്പോൾ എനിക്കൽ ഭുതമായി കുശലാ ഒക്കെ ചോദിച്ചു കാര്യമായ വിശേഷം ഒന്നുമില്ലാത്തതിനാൽ വരെ ബഹുമാനത്തോടെ അവിടെ നിന്ന് പോന്നു പിന്നെ എപ്പ കണ്ടാലും വലിയ വാൽസല്യത്തോടെയുള്ള പെരുമാറ്റമായിരുന്നു അതിന് 2 കാരണങ്ങൾ ഉണ്ട് മേൽ പറഞ്ഞ കാദർ ഞാൻ കാണാത്ത എന്റെ അമ്മാവനും അദ്ദേഹവുമായി അടുത്ത സ്നേഹിതന്മാർ ആയിരുന്നു എന്ന് ഉമ്മ പറഞ്ഞു കേട്ടിട്ടുണ്ട് രണ്ടാമതായിട്ടുള കാരണം യത്തീം മക്കളോട്ടുള്ള സ്നേഹവും വാൽസല്യവും

ഞാൻ പറഞ്ഞുവന്നത് അതൊന്നുമല്ല ഞാൻ തല്ലൽ പഠിച്ച് ഒരു കടക്ക് വേണ്ടി അന്വേഷിച്ച് കുഞ്ഞിമ്മാടെ വീട്ടിൽ തയ്യൽ മിഷ്യനിട്ടു തയ്ച്ച് കൊണ്ടിരുന്നപ്പോൾ ഒരു കടയിലേക്ക് മാറ്റണമെന്ന് വിചാരിച്ച് തങ്ങളുടെ ഓഫീസിൽ ചെന്നപ്പോൾ എന്താ വന്നത് എന്ന് ചോദിച്ച് ഒരു പാട്ടൊക്കെ തമാശരൂപത്തിൽ പാടി ഞാൻ പറഞ്ഞു തങ്ങളെ എനിക്ക് പോസ്റ്റാഫീസിന്റെ അപ്പുറത്തുള്ള റൂമ് തരുമോ തയ്യൽ കട തുടങ്ങാനാണ് അപ്പോഴും തമാശരൂപത്തിൽ പറഞ്ഞു നീ എടുത്തോ എന്താ പറയാന്നറിയില്ല ഞാനവിടെ നിന്നു അപ്പോൾ പറഞ്ഞു റാഫുവിനോട് പറയാം ഞാൻ പറഞ്ഞു എന്ന് പറഞ്ഞു താക്കോൽ തരാൻ റാഫുക്കാനെ കണ്ടു താക്കോൽ വാങ്ങിച്ചു കട തുടങ്ങി എത്ര തങ്ങളെ വാടക തരേണ്ടത് വാടക ഒരു പാട് ആവും എന്ന് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു അത് തങ്ങളൊന്ന് പറഞ്ഞാൽ നന്നായിരുന്നു പിന്നെ പറയാം എന്ന് പറഞ്ഞു മാസങ്ങൾ കഴിഞ്ഞു എപ്പോൾ ചോദിച്ചാലും ഓരോ തമാശ പറഞ്ഞു ഒഴിവാക്കും സത്യത്തിൽ എനിക്ക് പേടി തുടങ്ങി മാസങ്ങളിങ്ങനെ പോവുന്തോറും ബാദ്യത കൂടുതലാവുമല്ലൊ ആയിടക്കാണ് റാഫുതങ്ങൾ കുറച്ചതികം തയ്ക്കാൻ കൊണ്ടുവന്നത് അപ്പോൾ ഒരാശ്യമായി അതിലിടക്ക് അതികം പോയന്റ്ഒന്നും ഇല്ല ഒന്നോരണ്ടോ പോയന്റിന്റെ കറന്റും ഉണ്ടായിരുന്നു ഒരു ബൾബ് കത്തിക്കാമെന്ന് കരുതി തങ്ങളോട് പറഞ്ഞപ്പോൾ നാളെ കരന്റ് വരും എന്ന് പറഞ്ഞു ഏതായാലുതേയ്ക്കാനുള്ളതെല്ലാം തുന്നി റാഫുതങ്ങൾ വന്നപ്പോൾ കൊണ്ടുപോയി പൈസ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞ വാടക ഒന്നും വാങ്ങിട്ടില്ല പിറ്റെ ദിവസം റാഫുതങ്ങൾ വന്നു പറഞ്ഞു ബാപ്പ പറഞ്ഞു ബില്ല് തരാൻ അല്ലങ്കിൽ സാധനം ഇങ്ങോട്ട് തന്നെ തരും എന്റെ ഓർമ ശരിയാണെങ്കിൽ 77 മുതൽ ഞാൻ ഗൾഫിൽ പോകുന്നതുവരെ എന്റെ കയ്യിൽ നിന്ന് ഒരു രൂപ പോലും വാങ്ങിയിട്ടില്ല

ഇത് ആരെങ്കിലും വായിക്കുന്നവരുടെങ്കിൽ നിസാരമായി തോന്നാമെങ്കിലും എന്റെ അന്നത്തെ സാഹചര്യം വെച്ച് നോക്കുമ്പോൾ വലിയൊരു ആശ്വാസമായിരുന്നു. വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വിത്യാസമില്ലാതെ എല്ലാവരെയും ചേർത്ത് പിടിക്കുന്ന ഒരു സ്വഭാവത്തിനുടമയായിരുന്നു മർഹുംസീതി തങ്ങൾ അവിശ്വനീയമായി

തോന്നുന്ന പല സംഭവങ്ങളും എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട് അക്കാലത്ത് ഒരു ഫിയറ്റ് വണ്ടി ഉണ്ടായിരുന്നു അതിൽ എന്നെയും എന്റെ ഭാര്യയെയും മുല്ലശേരി യിൽ നിന്ന് കയറ്റി കൊണ്ടു വന്നതായി ഓർക്കുന്നു

അള്ളാഹു അദ്ദേഹത്തിന്റെ പരലോകജീവിതം സന്തോഷത്തിലാക്കി സ്വർഗത്തിന്റെ അവകാശികളിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ മരണപ്പെട്ടുപോയ എല്ലാവരെയും അള്ളാഹു സ്വർഗാവകാശികളിൽ ഉൾപ്പെടുത്തട്ടെ

നിങ്ങളുടെ ദുആയിൽ എന്നെയും ഉൾപെടുത്തുക

ഇപ്പോൾ കുറച്ച് പ്രയാസത്തിലാണ്

<u>അബ്ദുൽ മജീദ് മുഹമ്മദ്</u>

വഅലൈക്കും മുസ്സലാം. കാര്യമായി എഴുതാനൊന്നും അറിയില്ല എന്ന മുൻകൂർ ജാമ്യത്തോട് കൂടി അബ്ദുൽ കാദർക്ക മർഹൂം സീതി തങ്ങളെ കുറിച്ചെഴുതിയതിൽ വലിയൊരു സന്ദേശം ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. മർഹൂം സീതിതങ്ങളെന്ന മഹാപുരുഷന്റെ വലിയൊരു സ്വഭാവ സവിശേഷത… അബ്ദുൽ കാദർക്ക പറഞ്ഞ കാലഘട്ടം ഒരു വിധം ആളുകളൊക്കെ സാമ്പത്തികമായി പ്രയാസപ്പെടുന്ന കാലമാണെന്ന് കേട്ടിട്ടുണ്ട്. അന്നും എന്നും സാമ്പത്തികമായി മുന്നിൽ നിന്നിരുന്ന തങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് ജീവിതം മുന്നോട്ട് കൊണ്ടുപോയിരുന്നതിന്റെ ഭാഗമായിട്ടായിരിക്കണം അബ്ദുൽ കാദർക്കാടെ അടുത്ത് നിന്നും വാടക വാങ്ങാതിരുന്നതും പിന്നീട് വസ്ത്രങ്ങൾ തയ്പ്പിച്ചപ്പോൾ നിർബന്ധപൂർവ്വം തയ്യൽ കൂലി കൊടുത്തതും. വാരിക്കോരി കൊടുക്കുന്നതിന്റെ മറ്റൊരു രൂപം … തങ്ങൾ ഒരു വിസ്മയമായിരുന്നു.. ആരാലും സ്നേഹിക്കപ്പെടുന്ന പ്രാർത്ഥനകളാൽ ജീവിതം ധന്യമാക്കിയ മഹത്വ്യക്തിത്വം… നാഥൻ അദ്ദേഹത്തിന്റെ ഖബറിടം സ്വർഗ്ഗപൂന്തോപ്പാക്കി മാറ്റട്ടെ… ജന്നാത്തുൽ ഫിർദൗസിൽ ഏറ്റവും ഉന്നതമായ പദവികൾ നൽകി അല്ലാഹു അദ്ദേഹത്തെ സന്തോഷിപ്പിക്കട്ടെ… അദ്ദേഹത്തോടൊപ്പം നമുക്കും നമ്മളിൽ നിന്നും മണ്മറഞ്ഞു പോയവർക്കും സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂടാൻ അള്ളാഹു തൗഫീക് ചെയ്യട്ടെ.. രോഗം കൊണ്ട് പ്രയാസപ്പെടുന്നവരുടെ രോഗത്തിന് അള്ളാഹു ഷിഫ നൽകി അനുഗ്രഹിക്കട്ടെ… ഈ കുറിപ്പെഴുതിയ അബ്ദുൽ കാദർക്കാക്ക് ആഫിയത്തുള്ള ആയുസ്സ് നൽകി അനുഗ്രഹിക്കട്ടെ

22 Dec 2025

Episode-4

<u>മർഹൂം മുഹമ്മദുണ്ണി സാഹിബ് കാര്യാട്ട്</u>



പാടൂരിന്റെ മണ്ണിൽ ജീവിച്ച് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ച് മൺമറഞ്ഞു പോയ വക്തിത്വങ്ങളെ അനുസ്മരിക്കുന്ന നമ്മുടെ ഈ ഓർമ്മകുറിപ്പിൽ ഇന്ന് നമ്മൾ ഓർമ പങ്കുവയ്ക്കുന്നത് മർഹൂം കുഞ്ഞി ബാപ്പുവിന്റ മകൻ മർഹൂം മുഹമ്മദുണ്ണി സാഹിബ് കാര്യാട്ട്. അദ്ദേഹം നമ്മിൽ നിന്നും വിട പറഞ്ഞത് Oct 31 1986 ന് ആണ്.

പലർക്കും അദ്ദേഹത്തെ കുറിച്ച് അനുഭവങ്ങളുണ്ടാവാം. ഓരോന്നും ഓർത്തെടുത്ത് ഇവിടെ എഴുതാം പറയാം ഓരോ ആളും എഴുതുന്നതും പറയുന്നതും ഓരോ ചരിത്ര താളുകളായി നാടിനുവേണ്ടി നമ്മൾ സമർപ്പിക്കുകയാണ്.എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു..

Admin Panel

നജീബ് സാഹിബ് കാരിയാട്ട്

എന്റെ പിതാവിനെ കുറിച്ച് ഞാൻ തന്നെ കുറിപ്പ് എഴുതുന്നത് അനൗചിത്യം ആണ്. എന്നിരുന്നാൽ തന്നെ ഉമ്മാന്റെ സ്നേഹ പൂർണമായ നിർബന്ധത്തിന് വഴങ്ങാതെ വഴിയില്ല.

" മരണം രംഗ ബോധമില്ലാത്ത കോമാളി ആണ്" എന്ന എം. ടി. യുടെ വളരെ പ്രസക്തമായ വരികൾ ആണ് അദ്ദേഹത്തിന് ബാധകം. ഏതൊരാളുടെ സേവനം സമൂഹത്തിന് സമുദായത്തിന് അനിവാര്യമാണ് ആ സൻദർഭത്തിൽ ആണ് ഉപ്പാടെ മടക്കയാത്ര.

ആയിരത്തി തൊള്ളായിരത്തി എൺപത്തി ആറ് സെപ്റ്റംബർ പതിനേഴ് ഒരു വൈകുന്നേരം. അദ്ദേഹത്തിന് കേവലം അൻപത്തി മൂന്ന് വയസ്സ് മാത്രം ഉള്ളപ്പോൾ. എറണാകുളത്ത് രാജീവ് ഗാന്ധിയുടെ Function attend ചെയ്തു പതിവ് Medical check up കഴിഞ്ഞ് Train ൽ തൃശൂർ വന്നു ബസിൽ വീട്ടിലേക്ക് വന്നു വിശ്രമിക്കുമ്പോൾ.....

ആ രംഗം ഇനിയും വിശദീകരിക്കാൻ ഞാൻ ഇപ്പോഴും അശക്തനാണ്.

പൊതു പ്രവർത്തനം ഒരു Part time ഏർപ്പാട് ആയി തുടങ്ങി പിന്നീട് Full time രാഷ്ട്രീയക്കാരനായി Gradually changed personality! പുറത്ത് നിന്ന് നോക്കുമ്പോൾ എന്റെ വിലയിരുത്തൽ അങ്ങനെ ആണ്. Party ഭാരവാഹിത്വങ്ങൾ പലതും അദ്ദേഹത്തിന്റെ ചുമലിൽ വന്നു വീഴുക ആയിരുന്നു. No പറയാൻ ഉള്ള അശക്തി ഒരു ദൗർബല്യം ആയി ആണ് ഞാൻ വിലയിരുത്തുന്നത്. ഒരു മുഴുവൻ സമയ Politician ആയി ഇരിക്കുന്നവർക്ക് കുടുംബ കാര്യങ്ങളിൽ ശ്രദ്ധ കുറയും. സ്വാഭാവികം, തൻമൂലം ഒരു പാട് സാമ്പത്തിക തകർച്ച അനുഭവിച്ച കുടുംബം ആണ് എന്റെത്.

I don't want to explain it further.

Irrespective of poltics, Cast and creed അദ്ദേഹം എല്ലാവരുമായും സഹവർത്തിത്വം സ്നേഹം പുലർത്തി. അതിന്റെ അനുരണനം അദ്ദേഹത്തിന്റെ കബറടക്ക വേളയിൽ പാടൂർ ദർശിച്ചു. അതും വിശദീകരിക്കാൻ ഞാൻ അപ്റാപ്തനാണ്. Till now. വളരെ വലിയ ഒരു കുടുംബത്തിന്റെ മുഴുവൻ ഭാരവും കേവലം ഇരുപത്തി ആറു വയസ് ഉള്ള എന്റെ ചുമലിൽ ചാർത്തി ആണ് അദ്ദേഹം വിട ചൊല്ലിയത്. എന്റെ പ്രിയപ്പെട്ട പെറ്റമ്മ ജീവിച്ചിരിപ്പുണ്ട്. ഞാനൊഴികെ രണ്ടു സഹോദരൻമാരും വിദ്യാർത്ഥികൾ. ഞാൻ കഷ്ടിച്ച് സർക്കാർ സർവീസിൽ Enter ചെയ്തിട്ടേ ഉള്ളൂ. അദ്ദേഹം മണലൂർ ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് ആയിരുന്നു. അന്ന് ഒരു Constituency യിൽ ഒരൊറ്റ ബ്ളോക്ക് കമ്മിറ്റി. President is More powerful than M. L. A. ശ്രീ വി എം സുധീരൻ ആണ് എൺപതുകളിൽ എംഎൽഎ. ഏത് കാര്യത്തിലും Block President ൻറെ അംഗീകാരം വേണം. ഒരു Cader party എന്ന് തന്നെ പറയാം. ഒരു കാര്യം മാത്രം കുറിക്കുന്നു. ജനാബ് C H. മുഖ്യമന്ത്രി ആയ വേള. ഉമ്മൻ ചാണ്ടി സാറിന് Agriculture ഉൾപ്പെടെ നിരവധി വകുപ്പുകളുടെ Charges. ഉപ്പ അന്ന് മുല്ലശ്ശേരി B. D. C Chair man കൂടി ആണ്. B. D. C. ചെയർമാൻ എന്ന നിലയിൽ ഉപ്പ ശ്രീ വി എം ന് നൽകിയ , Representation ആണ് ഇടിയൻ ചിറ Regular cum bridge യാഥാർത്ഥ്യമാക്കാൻ സഹായിച്ചത്. V.M.ഇപ്പോഴും പറയും. അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ കരുണാകരൻ ആണ്

തറക്കല്ലിട്ടത്. കൂട്ടത്തിൽ പറയട്ടെ ബഹുമാനപ്പെട്ട Leader പ്രതിപക്ഷനേതാവ് ആയി ഇരിക്കുമ്പോൾ ആയിരുന്നു എന്റെ വിവാഹം. Uppa വിട പറഞ്ഞിട്ട് ഒരു വർഷം. തിരക്കുകൾക്ക് ഇടയിലും ലീഡർ പാടൂർ ബംഗ്ളാവിൽ വന്നു എന്നെയും ആരിഫ യെയും അനുഗ്രഹിച്ചത് ഹൃദയസ്പർശിയായ അനുഭവം. പൊതു പ്രവർത്തനത്തേക്കാൾ സാമുദായിക പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന്റെ effort ഉപയോഗിച്ചു. ജുമാഅത്ത് കമ്മിറ്റിയുടെ പ്രസിഡന്റായി/ സെക്രട്ടറി ആയി പലവട്ടം ചുമതല ഏൽപ്പിക്കുകയും ചെയ്തു. പലപ്പോഴും വളരെ തിക്തമായ അനുഭവം ആണ് അദ്ദേഹത്തിന് അതിൽ നിന്ന് ഉണ്ടായത് എന്ന് ഹൃദയ വേദനയോടെ കുറിക്കട്ടെ. എല്ലാം വിശദീകരിച്ചു വീണ്ടും സൻകീർണമാക്കാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ അതി മനോഹരമായ പണ്ടാര മാടിലേക്ക് ഒരു നടപ്പാലം കൊണ്ട് വന്നത് മുതൽ പാടൂർ Government Rural Dispensary സ്ഥാപിക്കുന്നത് വരെ നിരവധി ആയ വികസന പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന്റെ കയ്യൊപ്പ് ഉണ്ട്. ആ കാലത്ത് ഏറ്റവും പ്രശസ്തമായ കൊച്ചി കാർഷിക സഹകരണ ബാങ്കിന്റെ Directer എന്ന നിലയിൽ നിരവധി കർഷകർക്ക് വായ്പ ലഭ്യമാക്കാൻ കഴിഞ്ഞത് ഏറ്റവും ചാരിതാർത്ഥ്യ ജനകം. ഒരു മുഴുവൻ സമയ രാഷ്ട്രീയക്കാരൻ എന്നതിലുപരി കർഷകൻ വികസന നായകൻ എന്ന നിലയിലാണ് ഞാൻ നോക്കി കാണുന്നത്. ആയിരത്തി തൊള്ളായിരത്തി അറുപത്തി അഞ്ചിൽ ആണ് പാടൂർ സെന്ററിൽ " നജീബ് റൈസ് & ഫ്ളവർ മിൽസ്" സ്ഥാപിച്ചത്. എഴുപത്തി മൂന്നിൽ ഒരു Coconut husk defibering unit വീടിന് മുന്നിൽ സ്ഥാപിച്ചു. അക്കാലത്ത് ചകിരി വ്യവസായം ഉന്നത നിലവാരമുള്ള ഒരു ബിസിനസ് ആയിരുന്നു. ഏതായാലും മരണം നമ്മുടെ കണക്കു കൂട്ടലുകൾക്ക് അതീതമാണ്. അദ്ദേഹത്തിന്റെ dreams കുടുംബത്തിന്റെ ഉത്തരവാദിത്വം ഒന്നും പൂർത്തിയാക്കാതെ ഇഹലോക വാസം വെടിഞ്ഞു. പിന്നീട് ഉള്ള എന്റെ ജീവിതം വളരെ ദുഷ്കരമായിരുന്നു. വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. സർവ ശക്തനായ അല്ലാഹു എന്റെ ഉപ്പാടെ കബറിടം വിശാമാക്കി കൊടുക്കാൻ ദുആ ചെയ്തു കൊണ്ട്

Let me conclude.

Thank you

<u>ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം</u>

https://youtu.be/Ccc9hGgZEPc?si=6ltf0Uj7Z1bIVUQK

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

പള്ളികമ്മറ്റി സെക്രട്ടറിയായിരിക്കുമ്പോൾ കാര്യാട്ട് മുഹമ്മദുണ്ണി സാഹിബിന്റെ കൂടെ പള്ളിക്ക് വേണ്ടി പണപ്പിരിവിന് പോയത് ഓർമ്മയിൽ വരുന്നു. നടന്നുവേണം വീടുകളിലും വ്യക്തികളിലും എത്താൻ. കിതപ്പും പ്രയാസങ്ങളും അദ്ദേഹത്തെ ബാധിച്ച്ചിരുന്നതായി ഓർക്കുന്നു. എങ്കിലും തമാശകൾ പറഞ്ഞ്ഞും കൂടെയുള്ളവരെ ചേർത്തു നിർത്തിയും ഉദ്ദേശം പൂർത്തിയാക്കാൻ അദ്ദേഹം ഒപ്പം നിന്നു..... ഞാനും കാര്യാട്ട് കൃഷ്ണനും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ആയിരുന്നു പഠിച്ചിരുന്നത്. കൃഷ്ണൻ പ്രീ

ഡിഗ്രിക്കും, ഞാൻ ഡിഗ്രിക്കും. കൃഷ്ണന് ഫീസ് അടക്കാൻ ഞാൻ എന്തോ സഹായം ചെയ്തകാര്യം പറഞ്ഞ് മുഹമ്മദുണ്ണിക്ക വേറെ ഒരു സന്ദർഭത്തിൽ എന്നെ ആളുകളുടെ ഇടയിൽ വെച്ച് വല്ലാതെ പുകഴ്ത്തി.അത് എനിക്ക് കിട്ടിയ ബഹുമതിയായി ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു. കൃഷ്ണനോടും അദ്ദേഹം മറക്കരുത് എന്നോർമിപ്പിച്ചതായി അറിയാൻ കഴിഞ്ഞു. ചെറിയനന്മകളെ പോലും വലിയ കാര്യമായി കാണാനുള്ള അദ്ദേഹത്തിന്റെ വലിപ്പം മനസ്സിലാക്കാൻഎനിക്കും മറ്റുള്ളവർക്കും സാധിച്ച സംഭവമെന്നനിലയിൽ കുറിച്ചതാണ്. കൃഷ്ണൻ ഇപ്പോൾ കുടുംബസമേതം ബ്രഹ്മക്കുളത്ത്താമസിക്കുന്നു. ഹരിജന വിഭാഗക്കാരായ കാര്യാട്ട് കുടുംബത്തെ പറ്റി നാട്ടുകാർക്ക് അറിവുള്ളതാണല്ലോ.ചെറിയ ഒരു കാലഘട്ടത്തിനുള്ളിൽ കോൺഗ്രസ്സ് പാർട്ടിയിൽ പ്രവർത്ഥിച്ച് അംഗീകാരവും പദവികളും നേടിയ മറ്റൊരു വ്യക്തി നമ്മുടെ നാട്ടിലോ പ്രദേശത്തോ ഇല്ല. എല്ലാം തന്റെ ആൽമാർത്ഥതയും സമർപ്പണവും വഴി അദ്ദേഹത്തെ തേടി യെത്തുകയായിരുന്നു.കക്ഷിരാഷ്ട്രീയം നമ്മുടെ നാട്ടിലെ നേതാക്കളെ നോവിക്കാതെ വിട്ടിട്ടില്ല. മുഹമ്മദുണ്ണിക്കാടെ കാര്യത്തിൽ അത് കുറച്ച് കടത്തതായി എന്നത് സത്യം.ഒരു കാര്യം പാടൂരിന്റെ ചരിത്രത്തിൽ കുറിച്ച് വെച്ചിട്ടുണ്ട്. സ്വാതന്ത്ര്യഅനനന്തരം കോൺഗ്രസ്സ് എന്നമാഹാപ്രസ്ഥാനത്തെ പാടൂരുമായി വിളക്കിച്ചേർത്ത ശിൽപ്പി മുഹമ്മദുണ്ണി സാഹിബ് എന്ന മഹാൻ എന്നതിൽ ആർക്കും വിയോചിക്കാനാവില്ല. അദ്ദേഹം ജനസ്സുകളിൽനിന്ന് മായുകയോ മ റയുകയോ ഇല്ല. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുൻപിൽ ആദരാഞ്ജലികൾ. അല്ലാഹു അദ്ദേഹത്തിന്റെ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ സ്വീകാര്യമായ സൽ കർമമായി സ്വീകരിക്കുകയും പ്രതിഫലം നൽകുകയും ചെയ്യട്ടെ. സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

<u>സൈനുദ്ധീൻ പാടൂർ</u>

മർഹൂം മുഹമ്മദുണ്ണി സാഹിബ് കാര്യാട്ട്

പാടൂരിന്റെ മണ്ണിൽ ജനിച്ചു വളർന്ന്, ജീവിതം മുഴുവൻ നാടിനോടും നാട്ടുകാരോടും ആത്മബന്ധം പുലർത്തി ജീവിച്ച്, സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച് മൺമറഞ്ഞുപോയ മഹത് വ്യക്തിത്വങ്ങളിൽ ഒരാളാണ് മർഹൂം മുഹമ്മദുണ്ണി സാഹിബ് കാര്യാട്ട്.

1986 ഒക്ടോബർ 31-ന് നമ്മളിൽ നിന്ന് വേർപിരിഞ്ഞെങ്കിലും, അദ്ദേഹത്തിന്റെ ഓർമ്മകൾ ഇന്നും പാടൂരിന്റെ മനസ്സുകളിൽ ജീവനോടെ നിലകൊള്ളുന്നു. ലാളിത്യമാർന്ന പെരുമാറ്റം, വ്യക്തമായ നിലപാടുകൾ, മനുഷ്യരോടുള്ള ആദരം എന്നിവ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മുഖമുദ്രകളായിരുന്നു.

സാമൂഹിക ഇടപെടലുകളിലും നാട്ടിലെ പൊതുവിഷയങ്ങളിലും സജീവ സാന്നിധ്യമായിരുന്ന മുഹമ്മദുണ്ണി സാഹിബ്, വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വിശ്വാസവും ബഹുമാനവും നേടിയ വ്യക്തിയായിരുന്നു. അദ്ദേഹത്തെ അടുത്തറിയുന്നവർക്ക്, ഒരിക്കൽ

കണ്ടുമുട്ടിയവർക്ക് പോലും, അദ്ദേഹം വിട്ടുപോയ ഒരു നല്ല മനുഷ്യന്റെ ഓർമ്മ ഇന്നും ഹൃദയത്തിൽ സൂക്ഷിക്കപ്പെടുന്നു.

അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ലാളിത്യത്തോടെയും മാന്യതയോടെയും ജീവിക്കുക എന്ന മൂല്യമാണ്. കാലം മുന്നോട്ട് നീങ്ങിയാലും, അത്തരം വ്യക്തിത്വങ്ങൾ ഒരു നാടിന്റെ ആത്മാവായി എന്നും നിലനിൽക്കും.

ഈ അനുസ്മരണ കുറിപ്പിലൂടെ, മർഹൂം മുഹമ്മദുണ്ണി സാഹിബ് കാര്യാട്ടിന്റെ ജീവിതവും ഓർമ്മകളും വരും തലമുറകളിലേക്ക് കൈമാറുകയാണ് നാം.

അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗപൂങ്കാവനം നൽകി അനുഗ്രഹിക്കുമാറാവട്ടെ

آمين 🤲 يارب العالمين

<u>മൊയ്തു. പി.കരിപ്പായിൽ</u>

മതനിരപേക്ഷ

ജനാധിപത്യവാദി.

,, കാര്യാട്ട് മുഹമ്മദുണ്ണിക്കയുടെ അനുസ്മരണ ദിനത്തിൽ ഞാനും ചില അറിവുകൾ പങ്ക് വെയ്ക്കുന്നു.🙏 സംഭവ ബഹുലമായ ഇന്നലെകളിൽ ഒഴിച്ചു നിർത്താൻ പറ്റാത്ത അഥവാ ദേശീയ പ്രസ്ഥാനത്തിന്റെയും വിപ്ലവപ്രസ്ഥാനത്തിന്റെയും ഭാഗമായിരുന്ന പ്രധാനപ്പെട്ട വ്യക്തി ങ്ങളിൽ ഒരാളായിരുന്നു മോമുണ്ണിക്ക.❤️ കോൺഗ്രസ്സ് എന്ന് കേട്ടാൽ എല്ലാവരുടെയും മനസ്സിൽ ആദ്യം ഓടിയെത്തുന്ന നാമം കാര്യാട്ട് മോമുണ്ണിക്ക എന്ന് തന്നെയാവും 🌹 അതിന് കാരണം ആ പാർട്ടിയിൽ അദ്ദേഹം വഹിച്ച പോലുള്ള ഉന്നതമായ പദവി പിന്നീടു് ഇതുവരെ പാടൂരിലുള്ള ആർക്കും ഇന്ന് വരെ വഹിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് തന്നെയാണ് അതിന് കാരണം.🙏 ജീവിതത്തിൽ ഒരു തവണ മാത്രമാണ് അദ്ദേഹത്തോട് നേരിൽ സംസാരിയ്ക്കാൻ എനിയ്ക്ക് ഇടവന്നിട്ടുള്ളത്.തികച്ചും വ്യക്തിപരമായ ആ വിഷയത്തിൽ ഞാൻ പറയുന്നതെല്ലാം ക്ഷമാപൂർവ്വം, അനുഭാവത്തോടെ, കേട്ടതിന് ശേഷം ഇത് തന്നെയാണ് എന്റെയും വിവക്ഷ എന്ന മറുപടി നൽകിയാണ് എന്നെ അദ്ദേഹം തിരിച്ചയച്ചത്❤️ കോടതി വ്യവഹാരം ഉൾപെടുന്നതായതുകൊണ്ട് ആ പ്രശ്നം അനുരജ്ഞനത്തിൽ അവസാനിക്കുന്നതായിരുന്നില്ല.. കോൺഗ്രസ്സ് നേതൃത്വ നിരയിലെ അവസാന വാക്കായിരുന്നു കാര്യട്ട് മോമുണ്ണിക്ക.🙏 അഖിലേന്ത്യ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് പിളർപ്പിനെ നേരിടുന്ന ഘട്ടത്തിൽ ചാവക്കാട് മേഘലയിലെ പ്രധാന നേതാക്കളായ. എ.സി. കുഞ്ഞിമോൻ ഹാജി.കെ. ബീരു സാഹിബ്. തുടങ്ങിയവരോടൊപ്പം മോമുണ്ണിക്കയും കോൺഗ്രസ്സ് (യു) പക്ഷത്ത് നിലയുറപ്പിച്ച് ഇടതുമുന്നണിയുടെ ഭാഗമായി🙏 അതിലൂടെ മണലൂർ മണ്ഡലത്തിലെ ഭരണകക്ഷിയുടെ അവസാന വാക്കായി മാറി മോമുണ്ണിക്ക❤️ മറ്റൊന്ന് ഉയർന്ന ജനാധിപത്യ ബോധം വെച്ച് പുലർത്തിയിരുന്ന കുടുംബമായിരുന്നു അവരുടേത്.🙏 പ്രത്യേകിച്ച് എടുത്തു പറഞ്ഞാൽ അദ്ദേഹത്തിന്റെ

സഹോദരൻ കാര്യാട്ട് കുഞ്ഞിമോൻക്ക. ഐ. വിഭാഗം കോൺഗ്രസ്സിൽ തന്നെ നിലയുറപ്പിച്ചു❤️. മറ്റൊരു പ്രത്യേകത അദ്ദേഹത്തിന്റെ സഹോദര പുത്രൻ ബാബുക്ക ഞങ്ങൾ ഇടതുപക്ഷ പ്രവർത്തകർക്ക് എന്നും ആവേശമാണ്.👍 മാർക്സിയൻ ദർശനങ്ങളിൽ വലിയ അവഗാഹമുള്ള വ്യക്തിയായിരുന്നു. ഐ.എ.എസ്സ് ഉദ്യോഗസ്ഥൻ കൂടിയായിരുന്ന സഖാവ് ബാബുക്ക.🙏 എല്ലാത്തിനെയും ഉൾകൊള്ളാൻ കഴിഞ്ഞിരുന്ന ജനാധിപത്യവാദി ങ്ങളായിരുന്നു ആ കുടുംബാഗംങ്ങൾ.🙏

എന്റെ പിതാവ്പൗരത്വ പോരാട്ടം നടത്തുന്ന കാലത്ത് ഹൃസ്വ സന്ദർശനത്തിന് നാട്ടിലെത്തി അവധി കഴിഞ്ഞ് തിരിച്ചു പോകാൻ വൈകിയപ്പോൾ പോലിസ് തിരഞ്ഞെത്തിയത്കാര്യാട്ട് തറവാട്ടിലാണ് 🌷 എന്റെപിതാവ് അവിടെ ഉണ്ടായിരുന്നത്രെ ഈ വ്യക്തി തിരിച്ചു പോയി എന്ന് എഴുതി ഒപ്പിട്ട് താൻ തന്നെ നല്കിയ വിവരം ഉപ്പ എഴുതിയ പുസ്തകത്തിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്😂 സാഹിത്യംവായന എന്നിത്യാദി കാര്യങ്ങളിൽ ഏറെ തല്പരരായിരുന്നു ആ കുടുംബാംഗങ്ങൾ എല്ലാവരും എന്ന് ഞാൻ കേട്ടിട്ടുണ്ട്.👍 അദ്ദേഹത്തിന്റെ വേർപാടിന്റെ ദിനം എന്റെ മനസ്സിൽ എന്നും ഓർത്ത് വെയ്ക്കപ്പെടും.,,അന്ന്,,ശരീയത്ത് വിവാദം കൊടുംബിരി കൊള്ളുന്ന കാലമായിരുന്നു.,, സഖാവ് ഇമ്പിച്ചിബാവ പങ്കെടുക്കുന്ന പൊതുയോഗം സംഘടിപ്പിയ്ക്കാൻ തിരുമാനിച്ച് എന്റെ പാർട്ടിയുടെ നേതാക്കളായ. എം.കെ. ഗോപാലേട്ടൻ.എൻ.ആർ മോഹനേട്ടൻ. കൂടാതെ സജനും ഞാനും. ഉൾപടെ ജില്ലാ കമ്മറ്റിയുടെ ശുപാർശ കത്തുമായി ഏഴര വെളുപ്പിന്എന്ന് പറയാവുന്ന തരത്തിൽ പൊന്നാനിയിലെത്തി സമ്മതം വാങ്ങി തിരിച്ചു വരുബോഴാണ് ഈ വേർപാടിന്റെ വാർത്ത ഞങ്ങളറിയുന്നത്😭 അദ്ദേഹത്തിന്റെ നേതൃത്വപാടവത്തെ കുറിച്ച് ഇടതുമുന്നണിയിലെ ഒന്നിച്ച് പ്രവർത്തിച്ച കാലത്തെ കുറിച്ച് അവരെല്ലാം എന്നോട് പങ്ക് വെച്ച അനുഭവങ്ങൾ ഇന്നും ഓർമ്മയിൽ തെളിഞ്ഞു വരുന്നു.🙏 അനുശോചന യോഗത്തിൽ അന്നത്തെ സ്പീക്കർ സുധീരൻ സർ, പൊട്ടി കരഞ്ഞ് കൊണ്ടാണ് അദ്ദേഹത്തെ അനുസ്മരിച്ചത്.😭 കെ.പി.സി.സി. പ്രസിഡണ്ടായതിന് ശേഷം റംസാൻ സപ്ലിമെന്റിൽ കാര്യാട്ട് കുടുംബ ത്തിന്റെ ആദ്യത്യ മര്യാദയെ കുറിച്ച് വാചാലനാകുന്നുണ്ട് സുധിരൻ സർ..❤️,,മോ മുണിക്കാടെ മകൻ നിഷാദ് എന്റെ അടുത്ത സുഹൃത്താണ്.,,,ആര് എത്ര വാഴ്ത്ത് പാട്ട് പാടിയാലും,, പ്രിയപ്പെട്ട നിഷാദേ, അങ്ങയുടെ മനസ്സിനെ അതൊന്നും സാന്ത്യാനിപ്പിക്കില്ലെന്നറിയാം😭 കാരണം കൗമാരത്തിൽ പിതാവിന്റെ പരിലാള ഏൽക്കാത്ത,, പുത്രദുഃഖം,,അനുഭവിച്ച ആളെന്ന നിലയിൽ അങ്ങയുടെ വേദന ഞാൻ ഇപ്പോൾ അടുത്തറിയുന്നുണ്ട്.🙏 ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നിലയുറപ്പിച്ച്മത നിരപേക്ഷതയുടേയും ജനാധിപത്യത്തിന്റെയും നന്മ വിതറി കൊണ്ടാണ് അങ്ങയുടെ പിതാവും കടന്നുപോയത്.🙏 പ്രിയപ്പെട്ട കാര്യാട്ട് മോമുണ്ണിക്കയുടെ സ്മരണ ദിനത്തിൽ പ്രാർത്ഥനാപൂർവ്വം ഞാനും പങ്കാളിയാകുന്നു.🤲

,, മൊയ്തു. പി.കരിപ്പായിൽ


❤️,,,,,,,,,,,,,,,🌷,,,,,,,,,,,🙏

ഡോ അൻവർ പി മുഹമ്മദ്

സലാം

നേരിട്ട് അനുഭവിച്ചു അറിയാൻ കഴിയാതെ പോയ മഹത്തായ വ്യക്തിത്വങ്ങളെ കുറിച്ച് ഉള്ള വിവരണങ്ങൾ ഹൃദയ സ്പർശി ആണ്. മാതൃകാ പരവും ആണ് ആ മഹത്തായ സന്ദേശങ്ങളും മാതൃകകളും നാം എത്ര മാത്രം ഉൾക്കൊള്ളുന്നു പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു എന്ന് നാം തിരിച്ചറിയുന്നു എന്നിടത്താണ് ചരിത്രത്തിന്റെ പ്രസക്തി.വായന ഉപകാരപ്പെടും എന്ന് പ്രത്യാശിക്കാം നമുക്ക് ശ്രമിക്കാം

ഹൃദയപൂർവം പാടൂർ പേജ് 15 ഫോട്ടോ ഷെയർ ചെയ്തത് ഷരീഫ് ബാബു



അധ്യ ആർ വി സൈദു മുഹമ്മദ് സാഹിബ്-ശബ്ദ സന്ദേശം

https://youtu.be/zIqSy2P8VfE?si=KyuLvbzsd435uplh

നാസറുദ്ധീൻ തങ്ങൾ

പുളിക്കകടവ് പാലം വരുന്നതിന് മുമ്പു, ഉമ്മയുടെ വീട് ആയ മതിലകത്ത് പോകാൻ വേണ്ടി, അന്ന് ആശ്രയം കടവ് ആണ്. എന്റെ ഓർമയിൽ അവിടെ ഒരു ചായക്കട ഉണ്ട്. കടവ് കടക്കൽ, കാലത്ത് ആണെങ്കിൽ അവിടെ മുഹമ്മദണ്ണിക്കയെ കാണാം. പൂർണ്ണമായ ചിരിയോടെ, തോളത്തു കൈ വെച്ച് ചായ കുടിക്കാൻ ക്ഷണിക്കും. എന്നെ അദ്ദേഹം അറിയില്ല, പക്ഷേ വാപ്പ യു മാ യി യുള്ള ബന്ധം. വാപ്പ യുടെ കൂടെയാണ് യാത്ര എങ്കിൽ അവർ തമ്മിൽ എന്തോ ചില കാര്യങ്ങൾ ഒക്കെ പറയും. അപ്പോൾ ഒക്കെ എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു സാധാരണ പാടൂർ ക്കാ രൻ. കുറച്ച് മുതിർന്നപ്പോൾ ആണ് മുഹമ്മദണ്ണിക്കയുടെ വലിപ്പം മനസ്സിലായതു. ആ ലാളിത്യം ജന്മനാ അല്ലാഹു കൊടുത്ത ഒരു ഗുണമാണ്. പിന്നീട് പല സന്ദർഭങ്ങളി ലും അദ്ദേഹവുമായി ഇട pazhakiyittundu. ചിരിച്ച് കൊണ്ടാണ് സ്വാഗതം ചെയ്യുക.

രാഷ്ട്രീയ ത്തിൽ കുറേ കൂടി ഉയർന്ന സ്ഥാനങ്ങൾക്ക് അദ്ദേഹം അർഹനായി രു ന്നു എന്ന് രാഷ്ട്രീയം അറിയില്ല എങ്കിൽ പോലും എനിക്ക് തോന്നിയിട്ടുണ്ട്.

വളരെ വലിയ ജനക്കൂട്ടം ആയിരുന്നു അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്തതു. ജമാഅത്ത് പള്ളി യുടെ തെക്ക് കിഴക്ക് മൂലയിൽ ഓർമയിൽ മുങ്ങി ഇരിക്കുന്ന സുധീരനെ ഇപ്പോഴും കാണുന്നു. ഞങ്ങളുടെ കുടുംബങ്ങൾ തമ്മിലുള്ള ബന്ധം ഇപ്പോഴും സജീവമാണ്.

അദ്ദേഹത്തിന്റെ ആ ഖി രത്ത ന് വേണ്ടി പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

ലത്തീഫ് വാക്കയിൽ

പ്രിയപ്പെട്ട സഹോദരങ്ങളേ,

സാന്ദർഭികമായി മോനുട്ടിക്ക പോസ്റ്റ് ചെയ്ത വോയിസ് വരെയധികം അർത്ഥവത്തവും പ്രശംസനീയവുമാണ്. അദ്ദേഹത്തിന് അഡ്മിൻ പാനലിന്റെ നന്ദി അറിയിക്കുന്നു.

നമ്മുടെ ഈ കൂട്ടായ്മ ഒരു സാധാരണ വാട്സ്ആപ്പ് ഗ്രൂപ്പ് മാത്രമല്ല. ഇത് നമ്മുടെ നാടിന്റെ ഓർമ്മപ്പതിപ്പ് കൂടി ആണ്. നമ്മൾ അനുസ്മരിക്കുന്ന മഹത്തുക്കൾ – അവർ നമ്മൾക്ക് മുമ്പേ നടന്നവർ, നമുക്ക് വേണ്ടി വഴിയൊരുക്കിയവർ, ഇന്നത്തെ നമ്മുടെ ജീവിതത്തിന്റെ അടിത്തറ പണിതവർ ആണ്.

ഈ അനുസ്മരണം ഒരു ചരിത്രരേഖയായി മാറണമെന്നാണ് നമ്മുടെ ലക്ഷ്യം. അത് ചിലരുടെ എഴുത്തിൽ മാത്രം ഒതുങ്ങേണ്ടതല്ല. ഇവിടെ എല്ലാവരും വായനക്കാരും എഴുത്തുകാരുമാകണം. പലർക്കും എഴുതാൻ മടിയുള്ളത് ഒരു കാരണത്താലാണ് –

"എന്റെ എഴുത്ത് പോരാ, ഭാഷ മോശമാവുമോ?" എന്ന ഭയം.

പക്ഷേ, ഇവിടെ നമ്മൾ അന്വേഷിക്കുന്നത് സാഹിത്യ പണ്ഡിതരെയല്ല സത്യസന്ധമായ ഓർമ്മകളെയാണ്. ഒരു മഹാത്മാവിനെ കുറിച്ച് നിങ്ങൾക്ക് അറിയാവുന്ന ഒരു ചെറിയ സംഭവം, ഒരു നല്ല വാക്ക്, ഒരു പ്രാർത്ഥന,

അല്ലെങ്കിൽ "അദ്ദേഹത്തെ കണ്ടിട്ടുണ്ട്" എന്ന ഒരു വരി പോലും ഈ ചരിത്രത്തിന്റെ ഭാഗമാണ്.

വലിയ കുറിപ്പുകൾ വേണ്ട. ഒരു പാരഗ്രാഫ് മതി. ഒരു വരി മതി. അത് നിങ്ങളുടെ ഭാഷയിൽ, നിങ്ങളുടെ മനസ്സിൽ നിന്നായാൽ മതി. ഇമോജി മാത്രം ഇടുന്നവരോടും ഒരു സ്നേഹപൂർവ്വമായ അഭ്യർത്ഥന മണ്മറഞ്ഞവർക്കായി ഒരു ദുആ, 🤲 ഒരു ഫാതിഹ, 🕊️ "അല്ലാഹു അവരെ അനുഗ്രഹിക്കട്ടെ" എന്നൊരു വാക്ക് എങ്കിലും. ഇത് ഈ അനുസ്മരണത്തിന്റെ ആത്മാവാണ്.

ഇത് show ചെയ്യാനുള്ള വേദിയല്ല, share ചെയ്യാനുള്ള വേദിയാണ്. നമ്മൾ എഴുതാത്ത ഓർമ്മകൾ നാളെയുടെ തലമുറക്ക് അറിയപ്പെടാത്ത ചരിത്രമായി മാറും. അതിനാൽ, ഇന്ന് മുതൽ ഈ കൂട്ടായ്മയിൽ എല്ലാവരും പങ്കാളികളാകണം –വായനയിലും, എഴുത്തിലും, പ്രാർത്ഥനയിലും.

നമ്മുടെ നാടിന്റെ മഹത്തുക്കൾ നമ്മുടെ നിശബ്ദതയിൽ മറഞ്ഞുപോകരുത്.ഓരോ ചെറിയ സംഭാവനയും വലിയ ചരിത്രമാണ്.

അഡ്മിൻ പാനൽ

ഹംസ സാഹിബ് -ശബ്ദ സന്ദേശം

https://youtube.com/shorts/F8xBMEgaHJQ?si=1wB6ZORGNVMGH7on

ആർ വി ഉമ്മർ സാഹിബ്

മുഹമ്മദുണ്ണിക്കാടെ ഫ്ലവർ മില്ലിലേക്ക് അരിയും ഗോതമ്പും പൊടിപ്പിക്കാൻ പോയിരുന്നത് ബാല്യകാല ഓർമകളിൽ ഒന്നാണ്. മില്ലിന്റെ ശബ്ദവും ബെൽറ്റിന്റെ കറക്കവും വലിയ കൗതുക കാഴ്ചകളായിരുന്ന കാലം. ഒരു പക്ഷേ നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ വൈദ്യുതീകൃത സംരംഭം ആയിരുന്നു അത്. നല്ല രീതിയിൽ പ്രവർത്തിച്ചു വന്ന ആ മില്ലിന്റെ കെട്ടിടം പ്രവർത്തനം നിർത്തിയ ശേഷവും വളരെ കാലം പൊളിക്കാതെ നിന്നിരുന്നു.

പള്ളിയുടെ പ്രസിഡന്റ്, സെക്രട്ടറി സ്ഥാനങ്ങൾ വഹിച്ചിരുന്ന ആൾ. പള്ളിയിലെ വലിയ സാന്നിധ്യം. മാന്യമായ പെരുമാറ്റം, ഇരുത്തം വന്ന ഇടപെടൽ, തികഞ്ഞ മാന്യൻ.

ഉപ്പയുമായി അദ്ദേഹം കൂട്ടാണ്. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ കുഞ്ഞുമുഹമ്മദ്ക്ക, എളാപ്പ (ഉമ്പായിക്ക) യുമായായിരുന്നു കൂടുതൽ അടുപ്പം. പിതാവിൻറെ സമശീർഷരായിരുന്ന ആളുകളോട് ആദരവിന്റെ ആ ഒരു അകലത്തിൽ നിന്നേ അന്നൊക്കെ ഇടപെടാൻ സാധിക്കുമായിരുന്നുള്ളൂ.

രാഷ്ട്രീയ-മത വൈജാത്യങ്ങൾ മറികടന്നു കൊണ്ട് സൗഹൃദം സൂക്ഷിച്ചിരുന്ന വ്യക്തി. രാഷ്ട്രീയമായി നേരെ എതിർ ദിശയിൽ നിന്നിരുന്ന സഖാവ് K K മുഹമ്മദാലി സാഹിബുമായി പുലർത്തിയിരുന്ന ഉറ്റ കൂട്ടുകെട്ടിനെ പറ്റി എന്റെ അമ്മായിയമ്മ എടുത്തു പറയാറുണ്ട്. SSLC കഴിഞ്ഞ് PDC ക്ക് ചേരാൻ സീറ്റ് കിട്ടാൻ വിഷമിച്ചു നിൽക്കുകയായിരുന്നപ്പോൾ, കേരളവർമ കോളേജ്

അഡ്മിഷന് വേണ്ടി മുഹമ്മദുണ്ണിക്ക, DCC ഓഫീസിലേക്ക് എഴുത്തുതന്നു വിട്ടത് ഓർക്കുന്നു. അല്ലാഹു അദ്ദേഹത്തിൻറെ പരലോകവാസം പ്രഭാ പൂരിതമാക്കിത്തീർക്കുമാറാകട്ടെ. ആമീൻ.

ആർ പി സിദ്ധിഖ് സാഹിബ്

ചില ആളുകളെ പടച്ച റബ്ബ് നേരത്തെ തിരിച്ചുവിളിക്കും. അതിൽ പെട്ട ഒരാളായിപ്പോയി സ്നേഹസമ്പന്നനായ മുഹമ്മദുണ്ണിക്ക. 1971 ൽ പ്രവാസ ജീവിതം ആരംഭിച്ച സമയം മുതൽ ആ മഹാനുഭവന്റെ സാമിപ്യം ആസ്വാദിക്കാനോ ആ സ്നേഹാദരവുകൾ നുകരാനൊ കഴിയാതെ പോയല്ലൊ,എന്നതും ഒരു ദു:ഖമായി കൊണ്ടു നടക്കുന്നു.

ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലത്തും പിന്നെ തേരപാര നടന്നിരുന്ന കാലത്തും. എന്നും കാണുന്ന എപ്പോഴും കുശലങ്ങൾ ചോദിച്ചറിയുന്ന വ്യക്തിത്തമായിരുന്നു. ഞങ്ങളുടെ കളിതമാശകൾ അരങ്ങേറിയിരുന്ന സ്ഥലം അദ്ദേഹത്തിന്റെയും ദൈനംദിന യാത്രാ സ്ഥലങ്ങളിലായിരുന്നു. വഴിയിലും മറ്റുമിരുന്നുള്ള കളികൾ മുതിർന്ന പലർക്കും പിടിച്ചിരുന്നില്ല. ചിലർ ഞങ്ങളെ വഴക്ക് പറയും രൂക്ഷമായി വിമർശിക്കും.ഇതിൽ നിന്നെല്ലാം വിഭിന്നമായിരുന്നു മുഹമ്മദുണ്ണിക്കയക്കയുടെ സമീപനം. വളരെ കുറച്ചേ പറയൂ.പറയുന്നുണ്ടെങ്കിൽ ഗുണകാംക്ഷ രൂപത്തിൽ.

ഒരു ദിവസം കൂട്ടത്തിൽ നിന്ന് എന്നെ മാത്രം വിളിച്ചു പറയുകയാണ്. രാത്രികളിക്കാനിരിക്കുമ്പോൾ കണ്ണട മാറ്റി വെച്ച് ഇരിക്കണം കെട്ടോ. ദൂരെ കൂടെ പോകുന്നവർക്ക് ആളെ വേഗം മനസ്സിലാകും.

ചീട്ട് കളി (28 കളി)പഠിച്ചിരുന്നത് ആരും കാണാതിരിക്കാനായി രാത്രി കാലങ്ങളിൽ ആളൊഴിഞ്ഞ സ്ഥലങ്ങളിൽ മെഴുകുതിരി കത്തിച്ചു വെച്ചായിരുന്നു. അതിന്റെ നാളം കണ്ണട ചില്ലുകളിൽ പെട്ടെന്ന് പ്രതിഫലിക്കുമല്ലൊ. ഒരു ദിവസം ഈ കളി അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു .ഈ രുപത്തിലായിരുന്നു. അദ്ദേഹത്തിന്റെ പ്രതികരണം. പിന്നീട് ചീട്ട്കളി പടിപ്പും രാത്രിയിലെ കളിയും പാടെ ഒഴിവാക്കി.

സപ്ത കക്ഷി കൂട്ടുകെട്ട് മുന്നണി തെരഞ്ഞെടുപ്പിനെ നേരിടുന്ന സമയം. അതിനെതിരായി കോൺഗ്രസ് സംഘടിപ്പിച്ച ഒരു സമ്മേളനം പാ ടൂർ സെന്ററിൽ നടക്കുകയാണ്. വാണി വിലാസം റാഫേൽ മാഷാണ് അദ്ധ്യക്ഷൻ.പ്രാം സംഗികൻ മുഹമ്മദുണ്ണി സാഹിബ്. ശരിക്കും പ്രൗഢമായ വായടപ്പൻ പ്രസംഗം. അത് കഴിയുന്നതു വരെ അവിടെത്തന്നെ നിന്നു കേട്ടു .

ഞങ്ങൾ പഠിച്ചിരുന്നത് ഏങ്ങണ്ടിയൂർ സെന്റ് തോമാസ് ഹൈസ്കൂളിൽ ആയിരുന്നു.മുഹമ്മദുണ്ണിക്കയും CP ഹൈദർക്കയും അവരും അവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ ആയിരുന്നു. മകൻ നജീബിനെ അവിടെ ഇംഗ്ലീഷ് മീഡിയം ക്ലാസിൽ ചേർക്കുന്ന കാര്യം ഞങ്ങളെ അറീച്ചിരുന്നു.

ജനമനസ്സുകളിൽ ജീവിക്കുന്ന മുഹമ്മദുണ്ണി :സാഹിബിനെ സർവ്വശക്തനായ റബ്ബ് അവന്റെ ഇഷ്ടദാസ രിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

അഷ്റഫ് പി എ

കാര്യാട്ട് മോഹമ്മദുണ്ണിക്കാനെ കുറിച്ചുള്ള ഓർമ കുറിപ്പുകൾ വായിച്ചപ്പോൾ എന്റെ ഒരനുഭവം എഴുതാതെ വയ്യ.

സമപ്രായക്കാർ ഒക്കെ പാസ്പോർട്ട് എടുക്കുന്ന കാലം . എന്നിലും മോഹം വർധിച്ചു . സുഹൃത്ത് നാസർ പുഴങ്ങര പറഞ്ഞതനുസരിച്ചു പാസ്പോർട്ട് അപേക്ഷ ഫോർമാറ്റ് ഫിൽ ചെയ്യുവാൻ നജീബ് സാഹിബിനെ സമീപിച്ചു . അന്ന് അദ്ദേഹം ഡിഗ്രിക്ക് കേരള വർമ്മയിൽ താമസിച്ചു പഠിക്കുകയാണ്. ഞാൻ അവിടെ ചെന്ന് കണ്ടെങ്കിലും ക്ലാസിൽ പോവുന്ന തിരക്കിൽ നടന്നില്ല .പിന്നീട് കൈതമുക്കിൽ ഉള്ള നീണ്ട് വളഞ്ഞ കൽവർട്ട്ൽ ഇരുന്ന് ഫോം ഫിൽ ചെയ്ത് വാങ്ങി . ഇനി MLA യെ കണ്ടു ഒപ്പ് മേടിക്കണം. അതിനെ ഉപ്പാനെ കണ്ടാൽ മതിയെന്നും പറഞ്ഞു .

ഞാൻ പിറ്റേന്ന് തന്നെ ഭഗവാൻ കൃഷ്ണനെ കാണുവാൻ പോയ കുചേലനെ പോലെ അവിൽ പൊതിക്ക് പകരം അപേക്ഷാ ഫോമുകൾ കക്ഷത്തിൽ വെച്ച് മൊമ്മുണ്ണിക്കാടെ വീട്ടിലേക്ക് നടന്നു. പാതി വഴിയെത്തിയപ്പോ തേടിയ വള്ളി എന്ന പോലെ മൊമ്മുണ്ണിക്ക ഇങ്ങോട്ട്. കുചേലൻ ക്ഷീണിച്ച പോലുള്ള എന്നോട് ചിരിച്ചു കൊണ്ട് കാര്യം തിരക്കി. ഞാൻ കാര്യം പറഞ്ഞപ്പോൾ എന്തോ ഓർത്തിട്ടെന്ന പോലെ എന്റെ കൈ പിടിച്ച് തിരിച്ചു വീട്ടിലേക്ക് നടന്നു. ആശങ്കയോടെ അതിലേറെ അങ്കലാപ്പോടെ ഞാൻ ഒപ്പം നടന്നു . വീട്ടിലെത്തിയപ്പോ എന്നോട് ഇരിക്കാൻ പറഞ്ഞു അകത്തോട്ട് പോയി . പെട്ടെന്ന് തന്നെ ഒരെഴുത്തുമായി തിരിച്ചു വന്നു എന്റെ കൈൽ തന്നു കൊണ്ട് പറഞ്ഞു... ഇത് സുധീരനുള്ളതാണ് .DCC ഓഫിസിൽ ചെന്നാൽ ഇത് കൊടുത്താൽ മതി.

ഞാൻ പിറ്റേന്ന് തന്നെ തൃശൂർ കോട്ടപ്പുറത്തുള്ള DCC ഓഫിസിൽ എത്തി കാത്ത് നിന്നു . ഒരു പൂരത്തിനുള്ള ആളുകൾ ഉണ്ടായിരുന്നു . ആകെ ബഹളം .നല്ല ചൂടുള്ള സമയം ആയിരുന്നു .സുധീരൻ വൈകുന്തോറും ആളുകൾ വർധിച്ചു തുടങ്ങി. ആരൊക്കെയോ വന്ന് എല്ലാവരെയും വരിയിൽ നിർത്തി . അപ്പൊ എനിക്ക് gate കടന്ന് പെട്രോൾ പമ്പിന് അടുത്തായിട്ടാണ് വരിയിൽ നിൽക്കനായത്. ഞാൻ ഒരു കയ്യിൽ അപേക്ഷയും മറ്റേ കയ്യിൽ റെക്കമെന്റാഷൻ എഴുത്തുമായി സുധീരനെ കാത്ത് നിന്നു അക്ഷമയോടെ..

അങ്ങിനെ സുധീരൻ എത്തി . പിന്നെ ഒന്നും പറയണ്ട .ജനങ്ങൾ ചാടി അദ്ദേഹത്തിന്റെ മേൽ വീണു. ഷർട്ട് കീറി പറിച്ചു .ആരൊക്കെയോ അദ്ദേഹത്തെ രക്ഷപ്പെടുത്തി അകത്തോട്ട് കൊണ്ട് പോയി. അൽപ്പം കഴിഞ്ഞപ്പോ മുൻ വരിയിൽ നിന്നും ആളുകൾ അകത്തോട്ട് കയറി തുടങ്ങി .

എന്റെ ഊഴം എത്തുമ്പോഴേക്കും സുധീരൻ പോകുമോ എന്ന ബേജാറിൽ അവിടെ കണ്ടു ഒരു നേതാവിനോട് കയ്യിലുള്ള എഴുത്ത് കാണിച്ച് വിവരങ്ങൾ പറഞ്ഞു. അയാൾ എന്നെ നോക്കിയിട്ട് പറഞ്ഞു .. ഒപ്പ് മേടിക്കാൻ എഴുതൊന്നും വേണ്ട വരിയിൽ നിന്നാമതിയെന്ന് .

ഞാൻ ശ്രദ്ധിച്ചപ്പോ ആരുടെ കയ്യിലും എഴുതൊന്നും കണ്ടില്ല . വെറുതെ എഴുത്ത് മേടിച്ച് പോന്നു എന്നൊക്കെ ചിന്തിച്ച് നിൽക്കുമ്പോൾ... താ സുധീരൻ

തിരിച്ചു പോണു എന്ന് പറഞ്ഞു വീണ്ടും ഒച്ചയും ബഹളവും . ഇതിനിടയിൽ ഞാൻ gate കടന്ന് മിറ്റത്തു എത്തിയിരുന്നു .

പിന്നെ വരിയൊക്കെ പോയി ആളുകൾ വാതിലിന് മുന്നിൽ തടിച്ചു കൂടി കയ്യൂക്കുള്ളവൻ അകത്തോട്ട് കടന്ന് പോയി . ഇനി നിന്നിട്ട് കാര്യമില്ല പിന്നെ വരാം എന്ന് കരുതി തിരിച്ചു പോരാൻ നിൽക്കുമ്പോ മറ്റൊരു നേതാവ് അകത്തോട്ട് കയറാൻ ശ്രമിക്കുന്നു കണ്ടു . ഞാൻ ഒരു ശ്രമം എന്ന നിലയിൽ എഴുത്ത് അദ്ദേഹത്തെ കാണിച്ച് വിവരം പറഞ്ഞപ്പോ ഒന്നും പറയാതെ അതും മേടിച്ച് അകത്തോട്ട് പോയി .

അഷ്റഫ് എന്ന വിളി കേട്ട് നോക്കുമ്പോ അയാൾ വാതിക്കൽ നിന്ന് കൈ പൊക്കി കാണിച്ച് എന്നെ വിളിക്കുന്നു . ഞാൻ ആളുകളുടെ വയറിൽ തല കൊണ്ട് കുത്തി മാറ്റി അകത്തോട്ട് ചെന്നു . അപ്പോൾ ഒരു ഇടുങ്ങിയ മുറിയിൽ മമ്മുട്ടിയുടെ ഇടി കൊണ്ട വില്ലനെ പോലെ സുധീരൻ ഇരിക്കുന്നു .ഷർട്ടും പോക്കറ്റും ഒക്കെ കീറി ..

ഈ വരുന്ന കുട്ടിക്ക് വേണ്ട സഹായങ്ങൾ ചെയ്യണം എന്നെഴുതിയ ആ എഴുത്ത് വായിച്ചു എന്റെ ഫോമിൽ ഒപ്പിടുന്ന തിനിടയിൽ സുധീരൻ ചോദിച്ചു സാഹിബിന്റെ ആരാ ..!അടുത്ത വീട്ടിലെയാണ് എന്ന് പറഞ്ഞു തീരുമ്പോഴേക്കും ഒപ്പിട്ട് എന്റെ കയ്യിൽ തന്നു .

പിന്നീട് മൊമ്മുണ്ണിക്കാനെ കണ്ട് വിവരങ്ങൾ ഒക്കെ പറഞ്ഞപ്പോ ചിരിച്ചു കൊണ്ട് എന്റെ പുറത്ത് തട്ടിക്കൊണ്ടു പറഞ്ഞു. . വരിയിൽ നിൽക്കാതിരിക്കാൻ അല്ലെ എഴുത്ത് തന്നത്..!

ഓർമകൾ നിറം മങ്ങിയെങ്കിലും അദ്ദേഹത്തെ കണ്ട് എഴുത്ത് മേടിച്ചതും സംസാരിച്ചതും ഒക്കെ മനസ്സിൽ ജ്വലിച്ചു നിൽക്കുന്നു . അദ്ദേഹത്തെ ഓർക്കുന്ന ഈ വേളയിൽ അദ്ദേഹത്തിന് വേണ്ടി ആത്മാർഥമായ പ്രാർത്ഥനയോടെ ..

അഷ്റഫ് .P.A.

<u>ആർ വി അബ്ദുൽ ഹമീദ് സാഹിബ്</u>

السلام عليكم ورحمه الله وبركاته

മൺമറഞ്ഞുപോയ നമ്മുടെ മഹൽ വ്യക്തികൾ സീതി തങ്ങൾ. മുഹമ്മദുണ്ണിക്ക എന്നിവരുമായിഅടുത്തിടപഴകുവാനും ആ മഹാന്മാരുടെ ജീവിത രീതി മനസ്സിലാക്കാനും എനിക്ക് സാധിച്ചിട്ടുണ്ട് അൽഹംദുലില്ലാ. തങ്ങളും മുഹമ്മദ് ഉണ്ണിക്കയും എൻറെ ഉപ്പാടെ ഏറ്റവുമടുത്ത കൂട്ടുകാരായിരുന്നു ആ പരിഗണന വെച്ച് അവർ എന്നോട് പെരുമാറിയിരുന്നു.അവരെ കുറിച്ച് ഓർക്കുമ്പോൾ ഞാൻ അഭിമാനിക്കുകയാണ്.തങ്ങളെയും മുഹമ്മദുണിക്കാനെയും കുറിച്ച് എൻറെ പ്രായത്തിലുള്ളവർക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും പറഞ്ഞാൽ തീരാത്ത അത്ര കാര്യങ്ങൾ ഉണ്ടാകും .കാരണം അവർ കുട്ടികളോടൊപ്പം

ചേർന്ന് നിന്നവരായിരുന്നു. മുഹമ്മദുണ്ണിഇക്കാടെ കൂടെ ഞാൻ തൃശ്ശൂർ ഡിസിസി ഓഫീസിൽ പോയിട്ടുണ്ട്. ഗുരുവായൂരും കോൺഗ്രസ് ഓഫീസുകളിൽ പോയിട്ടുണ്ട്.എനിക്കതിൽ റോളുകൾ ഒന്നുമില്ലെങ്കിലും പിന്നാലെ പോയി എന്നുള്ള ഒരു അഭിമാനം ഇപ്പോഴും ഉണ്ട് ആ ഓർമ്മകളും ഉണ്ട്.ഞാൻ സെൻറ് തോമസ് ഹൈസ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾയാദൃശ്ചികമായി മുഹമ്മദുണ്ണി ഇക്കയും ഒന്ന് രണ്ട് കോൺഗ്രസ് നേതാക്കന്മാർ എങ്ങണ്ടിയൂർഉള്ളവരാണ് എന്നാണ് ഓർമ്മ. നടന്നു വരുമ്പോൾഞാൻ ക്ലാസ്സിൽ നിന്നിറങ്ങി മുഹമ്മദുണ്ണി ക്കാടെ അടുത്തേക്ക് ചെന്നു. മുഹമ്മദുണ്ണിക്ക എന്നെ പിടിച്ചു ചേർത്തു നിർത്തി.ക്ലാസ്സിൽ ഉണ്ടായിരുന്ന എന്റെ കൂട്ടുകാർക്ക് അതൊരു വലിയ സംഭവമായിരുന്നു വലിയ നേതാക്കന്മാരുമായി എനിക്കു ഉള്ള അടുപ്പം. എന്റെ കൂട്ടുകാരുടെ മുമ്പിൽ ഞാൻ ഒരു ഹീറോ ആയി ഷൈൻ ചെയ്തു രണ്ട് ദിവസം ആഗമയിൽ നടന്നു.

മുഹമ്മദ് ഉണ്ണിക്കാടെ വയർ കുലുക്കിയുള്ള ചിരിയും സീതി തങ്ങളുടെ കവിൾ വീർപ്പിച്ചുള്ളഒരു പ്രത്യേക അഭിസംബോധനവും മറക്കാൻ പറ്റുകയില്ല. അവരുടെ ബർസക്കീ ജീവതം സന്തോഷത്തിലും സമാധാനത്തിലും ആ കുവാൻ നമുക്ക് പ്രാർത്ഥിക്കാം.അവരെയും നമ്മളെയും അല്ലാഹു ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടുമാറാകട്ടെ. ആമീൻ

വീഡിയോ പങ്കുവെച്ചത് ഷരീഫ് ബാബു

https://youtube.com/shorts/Gg1D80iVsDk?feature=share

കെ അബ്ദുൽ വാഹിദ് സാഹിബ്

അൽഹംദുലില്ലാഹ്...

നാം നമ്മുടെ പാടൂരിന്റെ പൂർവ സൂരികളെയും മൺമറഞ്ഞ സമൂഹ നന്മകൾക്കായി ജീവിതം അടയാളപ്പെടുത്തിയ മഹത്തുകളെയു ഓർമയിൽ നിന്ന് ചികഞ്ഞെടുത്ത് നാട്ടുകാരിൽ അറിയുന്നവർക്ക് ഓർമ പുതുക്കാനും പുതുതലമുറക്ക് പരിചയപ്പെടുത്താനും ഗ്രൂപ്പ് അഡ്മിൻ മാർ നടത്തുന്ന ഈ പരിശ്രമം എത്രയും ശ്ലാഘനീയമാണ്. മാത്രമല്ല മൺമറഞ്ഞ മഹത്തുക്കൾക്കായി അർപിക്കുന്ന പ്രാർത്ഥനകൾ അവരുടെ ബർസഖി ജീവിതത്തിലെ ഇളംതെന്നൽ കൂടിയായിരിക്കും.

സഹോദരൻ ശരീഫ് ബാബുവിന്റെ പ്രാർത്ഥന ക്ലിപ് സന്ദർഭോചിതവും കണ്ണുനി രണിയിക്കുന്നതുമായി🤲 🤲

ഓർമക്കുറിപ്പുകൾ മർഹും മുഹമ്മദുണ്ണി ക്കയിലെത്തിനിൽക്കുന്നു. അദ്ദേഹവും തന്റെ ജീവിതം അടയാളപ്പെടുത്തി അല്ലാഹുവിലേക്ക് യാത്രയായി .അല്ലാഹു അദ്ദേഹത്തിൻെറ പാരത്രിക ജീവിതം വിജയ പ്രദമാക്കട്ടെ🤲

അദ്ദേഹം ചെയ്ത നന്മകളു പ്രതിഫലങ്ങൾ ബർസ വീ ജീവിതത്തിലെ തണലുകളായിത്തീരട്ടെ🤲

നമുക്കേവർക്കും നാളെ ജന്നാത്തുൽ ഫിർദൗസിൽ ഒത്തുകൂടാൻ റബ്ബ് അനുഗ്രഹിക്കട്ടെ.🤲🤲🤲

<u>സൈനുദ്ധീൻ പാടൂർ</u>

എന്റെ ഗ്രാമം ഇത് ഞാനെഴുതി FB യിൽ പോസ്റ്റായത് 2020 ലാണ്.പലരുടെയും എഴുത്തുകൾ സമാഹരിച്ചും വായിച്ചുമാണ് എഴുതിയത്. തെറ്റുകൾ ഉണ്ടാവാം അത് അറിയാവുന്നവർ തിരുത്തി തരിക....

തൃശൂർ നഗരത്തിൽ നിന്നും ഇരുപത്തഞ്ചു കിലോമീറ്റർ ദൂരെ പടിഞ്ഞാറ് ദിശയിലാണ് പാടൂർ ഗ്രാമം. ഗുരുവായൂർ, ചാവക്കാട് എന്നിവിടങ്ങളിൽ നിന്നും പത്തു കിലോ മീറ്റർ ദൈർഘ്യം തെക്കോട്ട് സഞ്ചരിച്ചാലും ഇവിടെയെത്താം. കിഴക്ക് മുല്ലശ്ശേരി, തെക്ക് തൊയക്കാവ് , വടക്ക് തിരുനെല്ലൂർ (പെരിങ്ങാട്) പടിഞ്ഞാറ് ചേറ്റുവ, ഏങ്ങണ്ടിയൂർ എന്നിവ അയൽ പക്ക ഗ്രാമങ്ങൾ. തൊയക്കാവ് കൂടെ ഉൾപെടുന്ന കുണ്ടഴിയൂർ പഞ്ചായത്തിന്റെ (1957) ഭാഗമായിരുന്നു പാടൂർ ഗ്രാമം. 1964 ൽ വെങ്കിടങ്ങു പഞ്ചായത്ത് രൂപീകൃതമായപ്പോൾ പാടൂർ അതിന്റെ ഭാഗമായി മാറി. പാടൂർ സ്വദേശിയായ സഖാവ്. കെ കെ മുഹമ്മദാലി ആയിരുന്നു വെങ്കിടങ്ങു പഞ്ചായത്തിന്റെ ആദ്യ അധ്യക്ഷൻ.

ബ്രിട്ടീഷ് ഭരണ കാലത്തെ മലബാർ ജില്ലയുടെയും അത് വഴി മദ്രാസ് സംസ്ഥാനത്തിന്റെയും ഭാഗമായിരുന്നു പാടൂർ ഗ്രാമം. ഗാന്ധിജി നേതൃത്വം നൽകിയ ഉപ്പുസത്യാഗ്രഹത്തെ തുടർന്ന് പാടൂരിലെ കുഞ്ഞു കോയകുട്ടിതങ്ങളുടെ നേതൃത്വത്തിൽ ഇടിയഞ്ചിറയിൽ ഉപ്പുകുറുക്കുകയും നാട്ടിൽ വിതരണം ചെയ്തിരുന്നുവന്നു ചരിത്രം പറയുന്നു. പാടൂർ ജുമാ മസ്ജിദ് പുരാതന മുസ്ലീം ആരാധനാലയം. കൂടാതെ നിരവധി ഹിന്ദു ക്ഷേത്രങ്ങളും ഒരു ക്രിസ്ത്യൻ ചർച്ചും മറ്റു ചില മുസ്ലിം പള്ളികളും നാല് മുസ്ലിം മദ്രസ്സകളും ഇന്ന് പാടൂർ ഗ്രാമത്തിലുണ്ട്.

പാടൂരിലെ 'തങ്ങൾ' കുടുംബത്തിന്റെ ഉത്ഭവം ഇന്നത്തെ ഉസ്ബെകിസ്ഥാന്റെ തലസ്ഥാനമായ 'ബുഖാറ' യിൽ നിന്നും ആണെന്ന് കരുതുന്നു. മുസ്ലിം പണ്ഡിതരുടെ പ്രസിദ്ധമായ ഒരു കേന്ദ്രമായിരുന്നു ബുഖാറ (bukhara). പാടൂർ, അഞ്ചങ്ങാടി കടപ്പുറം, മതിലകം എന്നിങ്ങനെയുള്ള ചില ഗ്രാമങ്ങളിൽ മാത്രമേ ' ബുഖാറയിൽ വളപ്പിൽ' എന്ന പേരിൽ പ്രസിദ്ധമായ ഈ തങ്ങൾ കുടുംബത്തെ നമുക്ക് കാണാനാവൂ. പാടൂരിന്റെ ചരിത്രവുമായി ഏറ്റവും സജീവമായി ബന്ധപെട്ട കുടുംബവും ഇത് തന്നെയാണ്.

കേരള മുസ്ലിംകൾക്കിടയിൽ കർമം, വിശ്വാസം, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ വൻ പ്രചാരം നേടിയ കിതാബ് ആണ് വൈതുല്ല്യം തർജ്ജുമ. 100 ഇൽ പരം വർഷങ്ങൾക്ക് മുമ്പ് ഇത് നിർവഹിച്ചത് പാടൂർ സ്വദേശി ആയ ബുഖാറയിൽ കോയക്കുട്ടി തങ്ങൾ ആയിരുന്നു. കേരളത്തിലെ മുസ്ലിം വിജ്ഞാനത്തിനു വലിയ സംഭാവനകൾ നൽകിയ ഗ്രാമമാണ് പാടൂർ. ഇവിടത്തെ 'പള്ളി ദർസ്' നിരവധി മുസ്ലിം പണ്ഡിതർക്ക് ഉപരി

പഠനത്തിനുള്ള വേദിയായിരുന്നു. മലയാള ഭാഷയിൽ ആദ്യമായി 'സഹീഹുൽ ബുഖാരി' എന്ന ഹദീസ് പഠനത്തിന്റെ ആധികാരിക പുസ്തകം വിവർത്തനം ചെയ്തത് പാടൂരിലെ ഖാസിയും പണ്ധിതനുമായിരുന്ന എം കെ കുഞ്ഞി മുഹമ്മദ് മുസ്ലിയാർ ആയിരുന്നു. പിന്നീട് സലഫി വീക്ഷണങ്ങൾ ഉള്ള പാടൂർ കാട്ടേ പറമ്പിൽ കുഞ്ഞി ബാവു മുസലിയാരും തർജ്ജുമ ചയ്തിട്ടുണ്ട്.

ചാവക്കാട് പ്രദേശത്ത് പ്രചാരത്തിലുണ്ടായിരുന്ന പല മാപ്പിള ഗാനങ്ങളും രചിച്ചത് പാടൂർ അക്കരമാട് സ്വദേശി ആയ കെ വി അഹമ്മദ് കവി ആയിരുന്നു. അദ്ദേഹം സ്വന്തം ഗാനങ്ങളും കവിതകളും പ്രസിദ്ധീകരിക്കുകയും വില്ക്കുകയും ചെയ്തിരിന്നു

മാപ്പിള ഗാനങ്ങൾ ഈണത്തോടെ ചിട്ടപ്പെടുത്തിയ പാടൂർ ത അലീമുൽ ഇസ്ലാം മദ്രസ അധ്യാപകനായിരുന്ന തച്ചങ്കോടൻ ഹമീട് മുസ്ലിയാർ ദഫ് മുട്ട്, അർബന, കോൽകളി എന്നീ മാപ്പിള കലകളുടെ പ്രചാരകനായിരുന്നു. പാടൂർ വടക്ക് അതിർത്തിയിലുള്ള ഇടിയന്ചിര മേഖല കേരളത്തിലെ മാപ്പിള കലകൾക്ക് പരിശീലനം നൽകുന്ന ഒരു കേന്ദ്രം കൂടിയാണ്. കേരള സംസ്ഥാന വിദ്യഭ്യാസ വകുപ്പിന്റെ കലാ മേളകളിൽ പാടൂർ അലീമുൽ ഇസ്ലാം ഹൈ സ്കൂൾ പല തവണ മാപ്പിള കലകളിൽ വിജയിച്ചത് സർഗാത്മകത നിറഞ്ഞ പാടൂർ ലത്തീഫ് കുരിക്കള് തുടങ്ങിയ ഇവിടത്തുകാരുടെ ശ്രമ ഫലമാണ്.

പുഴ മത്സ്യസമ്പത്തുകൊണ്ട് അനുഗ്രഹീതമായ നാടാണ് പാടൂർ. കനോലി കനാൽ അഥവാ കൊച്ചിപുഴ പടിഞ്ഞാറുഭാഗത്തും ഇടിയൻ ചിറപുഴ വടക്കുഭാഗത്തും ആയിട്ടാണ് പാടൂർ ഗ്രാമം സ്ഥിതി ചെയ്യുന്നത്. ഇവ ഏകദേശം മൂന്നു കിലോമീറ്ററോളം ദൈർഘ്യം വരും. പുഴയിലേക്ക് എത്തിച്ചേരുന്ന നിരവധി തോടുകളുണ്ട്. ഈ തോടുകൾ കോൾനിലങ്ങളിൽ നിന്നും നെൽപാടങ്ങളിൽ നിന്നും ഒഴുകിയെത്തുന്നതുകൊണ്ട് ശുദ്ധജലമത്സ്യങ്ങൾ സമൃദ്ധമാണ്.

പാടൂർ ഗ്രാമത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത്, ചേറ്റുവ പാലത്തിനടുത്ത് കാണുന്ന മനോഹരമായ കണ്ടൽ കാടുകൾ (mangrove forest) കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിലെ സ്ഥാനം പിടിച്ചു കഴിഞ്ഞ പരിസ്ഥിതി പ്രാധാന്യമുള്ള ഒന്നാണ്. ഇതിനടുത്തുള്ള രാജാ ദ്വീപ് (rajah Island) എന്ന ഒരു വിനോദ സഞ്ചാര കേന്ദ്രം വിദേശ സഞ്ചാരികൾക്കും മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിലെസഞ്ചാരികൾക്കും പ്രിയകരമായി മാറി കഴിഞ്ഞു. കണ്ടൽ കാടുകളും പരിസര പ്രദേശങ്ങളും കാണാൻ ആഗ്രഹിക്കുന്നവർക്കായി ബോട്ട് യാത്രകൾ രാജാ റിസോർട്ടിൽ ലഭ്യമാണ്.

പാടൂർപടിഞ്ഞാറു ഭാഗത്തുള്ള കനോലികനാൽ അഥവാ കൊച്ചിപുഴയിലൂടെ മുമ്പ് ജല മാർഗമുള്ള ചരക്കു, യാത്രാ ഗതാഗതം വ്യാപകമായിരുന്നു. പാടൂർ പുതിയങ്ങാടി തങ്ങളുടെ കടവിലും പുളിക്ക കടവിലും ഇതുമായി ബന്ധപ്പെട്ടു പാണ്ടിക ശാലകളും കച്ചവട സ്ഥാപനങ്ങളും അക്കാലത്ത് സജീവമായിരുന്നു. ഇതിൽ പുളിക്ക കടവിലെ പാണ്ടിക ശാല ബി വി സീതി തങ്ങളുടെ ഉടമസ്ഥതയിൽ ഉള്ളതായിരുന്നു. ദീർഘ കാലം നിയമ സഭാംഗം ആയിരുന്ന തങ്ങളുടെ ഓഫീസും ചാവക്കാട് മുല്ലശ്ശേരി പോസ്റ്റ് ഓഫീസിന്റെ കീഴിലുള്ള ഒരു പാടൂർ ബ്രാഞ്ചും ഇവിടെ പ്രവർത്തിച്ചിരുന്നു. പാടൂരിലെ

പാണ്ടികശാലകൾ മുമ്പ് ചാവക്കാട് കൂട്ടുങ്ങൽ അങ്ങാടിയും കണ്ടശൻ കടവിലെ അങ്ങാടിയും തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു പ്രധാന കച്ചവട മേഖലയുടെ ഭാഗം ആയിരുന്നു. കയർ, ചകിരി ഉത്പന്നങ്ങൾ തുടങ്ങിയവ ഇവിടെ നിന്നും ധാരാളമായി ഈ ജല ഗതാഗത മാർഗത്തിലൂടെ കച്ചവടം ചെയ്തു വന്നിരുന്നു.

പാരമ്പര്യവ്യവസായങ്ങൾ സജീവമായിരുന്ന ഒരു ഗതകാല ചരിത്രം പാടൂർ ഗ്രാമത്തിനുണ്ട്. നെൽകൃഷിയും സംഘടിത കയർ മേഖലയും, ബീഡിതെറുപ്പും ചെത്തുതൊഴിലാളി പ്രസ്ഥാനവും ഈ പ്രദേശത്ത് മുമ്പ് സജീവമായിരുന്നു. കയർ ഉൾപടെയുള്ള പാരമ്പര്യവ്യവസായങ്ങൾ ഇന്ന് നിലച്ചു കഴിഞ്ഞു.

1940 കളിൽ പാടൂർ ഗ്രാമത്തിൽ നിന്നും തൊഴിൽ ആവശ്യത്തിനായി ബോംബെയിലേക്ക് പലരും യാത്ര ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ പാടൂരിൽ നിന്നും കുറച്ചെങ്കിലും പേർ ഇന്നത്തെ ശ്രീ ലങ്ക ആയ സിലോണിലേക്കും മലേഷ്യ, സിങ്കപ്പൂർ എന്നിവിടങ്ങളിലേക്കും പോയിട്ടുണ്ട്. പാടൂരിന്റെ അതിർത്തിയിലുള്ള 'ഫിജി കൃഷ്ണന്റെ ' കുടുംബം (മുല്ലശ്ശേരി) അക്കാലത്തെ ദീർഘ ദേശ പ്രവാസത്തിന്റെ ആഴത്തിന്റെ മറ്റൊരു തെളിവാണ്.

എന്നാൽ ഗൾഫിലേക്കുള്ള കുടിയേറ്റമാണ് പാടൂരിന്റെ സാമൂഹ്യ സാമ്പത്തിക അവസ്ഥയെ മാറി മറിച്ചത്. 1960-കളുടെ ഒടുവിൽ ഈ പ്രദേശങ്ങളിൽ നിന്ന് തൊഴിലസവരങ്ങൾ തേടി ഗൾഫ് മേഖലയിലേക്കുള്ള പ്രയാണം തുടങ്ങി. പാടൂരിൽ നിന്നുള്ള ആദ്യകാല പ്രവാസികൾ ബോംബയിൽ നിന്ന് ഉരുക്കളിൽ സാഹസികമായി യാത്ര ചെയ്തു ഇറാഖിലെ ബസ്രയിലെത്തി അവിടെ നിന്നും കുവൈത്തിലേക്കും ബഹറയിനിലെക്കും മറ്റും ജോലി തേടി മാറുകയായിരുന്നു. അക്കാലത്ത് യു എ ഇ ആകർഷകമായ ഒരു രാജ്യമായിരിന്നില്ല. കപ്പലിൽ ഒരു മാസത്തോളം യാത്ര ചെയ്തു ഗൾഫിൽ എത്തുന്ന ഒരു രീതിയായിരുന്നു പിന്നീട് പലരും ഉപയോഗപെടുത്തിയിരുന്നത്.

വിമാന ഗതാഗതം വികസിച്ചതോടെ ഇന്ന് പാടൂർ നിവാസികളുടെ ഗൾഫ് യാത്രകളും വർധിച്ചു കഴിഞ്ഞു. മാനസികമായി നാടിന്റെ ഒരു എക്സ്റ്റൻഷൻ എന്ന രീതിയിൽ ഗൾഫ് രാജ്യങ്ങളെ പാടൂർ നിവാസികൾ ഇന്ന് കാണുന്നുണ്ട്. മിക്കവാറും എല്ലാ ദിവസവും, പാടൂരിൽ നിന്നും ശരാശരി മൂന്നു പേരെങ്കിലും ഗൾഫു മായി ബന്ധപ്പെട്ട യാത്രകളിൽ ഇന്ന് എർപെടുന്നതായി ടാക്സിക്കാർ കരുതുന്നു. യു എ ഇ, ഖത്തർ, കുവൈത്ത്, ഒമാൻ, സൗദി അറേബ്യ, ബഹ്റൈൻ, എന്നീ രാജ്യങ്ങളിൽ ഇന്ന് പാടൂരിൽ നിന്നുള്ളവർ ജോലി ചെയ്യുന്ന്നുണ്ട്. മിക്കവാറും എല്ലാ വീടുകളിൽ നിന്നും ഇന്ന് ഒരു പ്രവാസി എങ്കിലും ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. ഇവരിൽ ഏറ്റവും കൂടുതൽ പേർ ഐക്യ അറബ് എമിരേറ്റ്സ് ആണ് ഇന്നുള്ളത്.

എന്നാൽ സമ്പത്ത് കൂടിയതോടെ വായന സംസ്കാരം കുറഞ്ഞ ഒരു അവസ്ഥയും പാടൂരിനുന്ടായി. വായന, ലൈബ്രറി, കൈയ്യെഴുത്തു മാസികകൾ എന്നിവ വളരെ പ്രചാരത്തിലുണ്ടായിരുന്ന പാടൂർ ഇന്ന് ഇക്കാര്യത്തിൽ പിന്നിലാണ്. 1970 കളിൽ പാടൂർ സെന്ററിൽ ഉണ്ടായിരുന്ന അൽ അമീൻ ലൈബ്രറി പിന്നീട് ഇല്ലാതായി. സെന്റര് ഫോർ യൂത്ത് എന്ന

പേരിൽ രൂപപെട്ട ക്ലബും പിന്നീട് പ്രവർത്തനം നിലച്ചു. പാടൂരിലെ 'മാസ്' എന്ന പേരിൽ പ്രസിദ്ധമായ ഒരു ഫുട്ബോൾ ക്ലബ് ടീം ഈ മേഖലയിൽ ഏറ്റവും പ്രശസ്തമായ ഒന്നായിരുന്നു. എന്നാൽ ക്രിക്കെറ്റിന്റെ വരവോടെ ഫുട്ബോൾ മേധാവിത്വം പിന്നീട് പാടൂരിനു നഷ്ടമായി.

ഈ മേഖലയിലെ വിദ്യാഭ്യാസ വികസനത്തിൽ പാടൂർ ഗ്രാമം മഹത്തായ പങ്കു വഹിച്ചു. 1920 കളിൽ സ്ഥാപിതമായ വാണി വിലാസം അപ്പർ പ്രൈമറി സ്കൂൾ. പിന്നീടുണ്ടായ പാടൂർ മാപ്പിള അപ്പർ പ്രൈമറി സ്കൂൾ, എന്നിവ പതിടാണ്ടുകളുടെ പഴക്കമുള്ള വിദ്യാലയങ്ങളാണ്. ചാവക്കാട് താലൂക്കിൽ ആധുനിക വിദ്യാഭ്യാസം നേടുകയും സർക്കാർ ജോലി നേടുകയും ചെയ്ത ആദ്യ മുസ്ലിം വനിതകളിലൊന്ന് പാടൂർ സ്വദേശിനി ആയ ഖദീജ ടീച്ചർ (സെയ്ത് മുഹമ്മദ് മാഷുടെ ഭാര്യ) ആയിരുന്നു. പാടൂർ വാണി വിലാസം പ്രൈമറി സ്കൂളിലെ അധ്യാപിക ആയിരുന്നു അവർ.

1960 കളിൽ എങ്ങന്ടിയൂരിലെയും 1970 – 80 കളിൽ മുല്ലശ്ശേരിയിലെയും വെന്മേനാട്ടെയും പാവറട്ടി, ഏനാമാവു എന്നിവിടങ്ങളിലെയും ഹൈ സ്കൂളുകളെ ആയിരുന്നു തുടർ വിദ്യാഭ്യാസതിനായി പാടൂർ ഗ്രാമ വാസികൾ ആശ്രയിച്ചിരുന്നത്. പിന്നീടു 1979 ൽ ബി വി സീതി തങ്ങളുടെ ഉടമസ്ഥതയിൽ സ്ഥാപിച്ച പാടൂർ അലീമുൽ ഇസ്ലാം ഹൈ സ്കൂൾ, ഗ്രാമത്തിന്റെ വികസനത്തിന് അനന്തമായ സാധ്യതക്ക് തുടക്കം കുറിച്ചു. ഇന്ന് ഈ മേഖലയിലെ ഉയർന്ന വിജയ ശതമാന പുലർത്തുന്ന സ്കൂളായി ഈ സ്ഥാപനം മാറ്റി എടുത്തതിൽ നീണ്ട 26 വർഷം ഇവിടത്തെ പ്രധാന അധ്യാപകനായിരുന്ന എം കെ ശംസുദ്ധീൻ മാഷുടെ പങ്കു വളരെ വലുതാണ്. ഹയർ സെക്കന്ററി കോഴ്സുകൾ പഠന സൌകര്യമുള്ള ഈ സ്ഥാപനം ഇപ്പോൾ ഫാബ്സ് അകാദേമി എന്ന പേരിൽ പുതിയ മാനജ്മെന്റിനു കീഴിൽ പ്രൊഫഷണൽ സ്വഭാവത്തോടെ പ്രവർത്തിച്ചു വരുന്നു.

ഒരു സബ് പോസ്റ്റ് ഓഫീസ്, കിടക്കകളോടെ ചികിത്സ സൗകര്യം ഉള്ള പൊതു ജന ആരോഗ്യ കേന്ദ്രം (ഫോൺ 2741045) എന്നിവ ഇപ്പോൾ ഈ ഗ്രാമത്തിലുണ്ട്. വെങ്കിടങ്ങു ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ കീഴിൽ രൂപം കൊണ്ട ആശുപത്രി നിർമിക്കാനവശ്യമായ സ്ഥലം സൌജന്യമായി വിട്ടു കൊടുത്ത പാടൂർ ജുമാ മസ്ജിദ് കമ്മിറ്റിയും മുൻ നിയമ സഭാംഗം ആയിരുന്ന പരേതനായ ബി വി സീതി തങ്ങളും ഈ ഗ്രാമത്തിന്റെ വികസനത്തിൽ കാര്യമായ പങ്കു വഹിച്ചു. കെ അവുകാദെർ കുട്ടി നഹ പഞ്ചായത്ത് വകുപ്പ് മന്ത്രി ആയിരിക്കെയാണ് വെങ്കിടങ്ങു പഞ്ചായത്ത് ആശുപത്രി പാടൂരിൽ സ്ഥാപിക്കാൻ തീരുമാനമായത്. ഈ തീരുമാനത്തിന്റെ പിന്നിൽ പരേതനായ ബി വി സീതി തങ്ങളുടെ പങ്ക് അനിഷേധ്യമാണ്.

പാടൂർ സെന്ററിൽ ഉണ്ടായിരുന്ന കാനറ ബാങ്കിന്റെ ശാഖ ഇപ്പോൾ മുല്ലശ്ശേരി യിലാണ് പ്രവർത്തിക്കുന്നത്. മോശമായ സേവനം നിമിത്തം ഇടപാടുകാർ കൊഴിഞ്ഞു പോയതിനു തുടർന്ന് ഗ്രാമത്തിലെ ഏക ദേശിയ ബാങ്ക് ബ്രാഞ്ചിന് സ്ഥലം മാറേണ്ടി വന്നു. അതെന്തായാലും വെങ്കിടങ്ങു ഫാർമേഴ്സ് ബാങ്കിന്റെ പാടൂർ ശാഖ ഇവിടെ പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്നുണ്ട്.

മുൻകാലങ്ങളിൽ പുളിക്ക കടവ് -മുല്ലശ്ശേരി റോഡ് മാത്രമാണ് പാടൂരിൽ ടാർ ചെയ്യതായുണ്ടായിരുന്നത്. അന്ന് റോഡ് പുളിക്ക കടവിൽ അവസാനിക്കുമ്പോൾ അനുബന്ധയാത്രക്ക് പുഴ കടക്കേണ്ടിയിരുന്നു. പിന്നീട് ബി വി സീതി തങ്ങൾ ഏറെ പരിശ്രമിച്ച നേടിയ 'പുളിക്ക കടവിൽ ഒരു പാലം എന്ന സ്വപ്നം യാഥാർത്ഥ്യം ആയി . പാലം വന്നതോടെ ചേറ്റുവയിൽ കൂടെ പോകുന്ന എൻ എച് 17 മായി നേരെ ബന്ധപ്പെടുകയും വിപുലമായ ഗതാഗത സൌകര്യങ്ങൾ സാധ്യമാവുകയും ചെയ്തു.

മുല്ലശ്ശേരി മുതൽ പുളിക്ക കടവ് വരെയുള്ള മൂന്നു കിലോമീറ്റർ ടാർ ചെയ്ത റോഡു വളരെ പഴക്കമുള്ളതാണ്. മൂന്ന് പ്രാവശ്യം കേരള നിയമ സഭയിൽ അംഗം ആയിരുന്ന പരേതനായ ബി വി സീതി തങ്ങൾ മുന്കയ്യെടുതാണ് ഈ റോഡ് നിർമ്മിച്ചത്. പാടൂരിലെ ബാക്കിയുള്ള റോഡുകളെല്ലാം ഇതിനുശേഷം നിർമ്മിച്ചവയാണ്. പാടൂർ ഉൾപ്രദേശങ്ങളിലുണ്ടായിരുന്ന നടവഴികളും, തോടുകളും വരമ്പുകളുമാണ് പിൽക്കാലത്ത് റോഡുകളായി മാറിയത് ഇവയിൽ സിംഹ ഭാഗവും ഇപ്പോൾ ടാർ ചെയ്തു കഴിഞ്ഞു. ഇതിൽ താരതമ്യേന വീതിയുള്ളതും ടാർ ചെയ്തതുമായ തോയാക്കാവ് ഇടിയഞ്ചിര റോഡു ഇപ്പോൾ വികസനത്തിന്റെ ജീവനാഡിയായി മാറി കഴിഞ്ഞു.

കൂടി വരുന്ന ജന സാന്ദ്രത, ഇടുങ്ങിയ റോഡുകൾ ക്കിടയിൽ നിർമിച്ച വലിയ വീടുകൾ, മഴ കാലത്ത് തകാരിലാകുന്ന അഴുക്കു ജല സംവിധാനം, കുറഞ്ഞു വരുന്ന പൊതു സാമൂഹ്യ ബോധം, സ്വകാര്യ വാഹനങ്ങളുടെ ആധിക്യം, പൊതു ഗതാഗതത്തിന്റെ കുറവ്, ഇവയൊക്കെയാണ് അതി വേഗം നഗര വല്ക്കരിക്കപെടുന്ന പാടൂർ ഗ്രാമം നേരിടുന്ന വിപത്തുകൾ.

[Ctsy]

ഇനി ചില വർത്തമാനം

****

പാടൂരിലെ മാട്ടുമ്മൽ എന്നറിയപ്പെടുന്ന കനോലി കനാലിന്റെ വടക്കു ഭാഗത്തായുള്ള പ്രകൃതി രമിണീയമായ സ്ഥലത്ത് പല സിനിമാ ഷൂട്ടിംഗുകളും നടന്നിട്ടുണ്ട്..[ജോക്കർ , കാറ്റു വന്നു വിളിച്ചപ്പോൾ എന്നീ ചിത്രങ്ങൾ ഓർമ്മയിലുണ്ട്] 'പാടൂർ യുവജന കലാസമതി' എന്ന ക്ലബ്ബും വള്ളം കളിയിൽ ഒരുപാട് ബഹുമതികൾ കരസ്ഥമാക്കിയിട്ടുണ്ട്.നെഹ്റു ട്രോഫി വള്ളം കളിയിൽ മത്സരിക്കാനുള്ള അവസരവും ലഭിച്ചു എന്നതും പാടൂരിന്റെ പേര് പലയിടങ്ങളിൽ മുഴങ്ങാനും കാരണമായി...

മാത്രവുമല്ല , പാടൂരിന്റെ ചരിത്രത്തോടൊപ്പം സഞ്ചരിക്കുന്ന കരാട്ടെ പരിശീലകൻ ജനാബ് ഷുഹൈബ് മാഷ് പറയുന്നു:

" കായികാഭ്യാസം വെറും മസ്സില് പെരുപ്പിക്കലോ ശത്രുവിനെ ഇടിച്ചു താഴെ ഇടുകയോ അല്ല നമ്മുടെ മുൻകാമികൾ നമുക്ക് നൽകിയ അറിവുകൾ.അത് നമ്മുടേ തന്നെ ജീവിത സാഹചര്യങ്ങളെ മാനസികമായും ശാരീരികമായും ഉറച്ച ആത്മവിശ്വാസം കൂടി ലഭ്യമാക്കുക എന്നതുകൂടിയാണ്.." അതിരുകളില്ലാത്ത ഷുഹൈബ് മാഷുടെ അറിവ് എനിക്കുമത് പുതിയ അറിവായിരുന്നു

അദ്ദേഹം തുടരുന്നു:

'' സൈനുദ്ധീൻകാക്കറിയുമോ കരാട്ടേയുടെ ലോക ടൂർണ്ണമെന്ററിൽ നമ്മൾ പങ്കെടുക്കുകയും അതിൽ രണ്ടാം സ്ഥാനം ലഭിക്കുക എന്നതും ചെറിയ കാര്യമല്ല. അതിലേക്കുള്ള ക്ഷണം തന്നെ പാടൂക്കാർക്ക് ലഭിക്കുന്ന വലിയ ബഹുമതിയാണ്. ഇതിൽ നിന്നുള്ള ഊർജ്ജമാണ് കരാട്ടേയുടേയും മറ്റു ആരോഗ്യപരമായ കായിക പരിശീനത്തിനുമായി സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ എല്ലാവർക്കും ആരോഗ്യം എന്ന സന്ദേശത്തോടെ അടുത്തു തന്നെ പ്രവർത്തനം ആരംഭിക്കുന്ന 'കരാട്ടെ ഹെഡ് കോർട്ടേഴ്സ്' എന്ന ആരോഗ്യ സ്ഥാപനം'' നേരാം ഒരായിരം ആശംസകൾ..

ഇനി ചില കമന്റ്സുകൾ വായിക്കാം..

****

ഞാൻ ഈ കുറിപ്പിനു താഴെ 'കടപ്പാട് ' എഴുതിയിരുന്നു.അത് കോപ്പി പേസ്റ്റ് ചെയ്യുമ്പോൾ അതിലെ ഒരക്ഷരം പോലും മാറ്റിയിരുന്നില്ല.തന്നെയുമല്ല എഴുതിയ കാലം പ്രധാനവുമാണ്. പലരും ഇത് Share ചെയ്തിട്ടുമുണ്ട്.അതിലെ കമന്റ്സുകളാണ് താഴെ..

'' ഇമാം ഗസാലിയുടെ ഇഹ്യാ ഉലൂമുദ്ധീൻ ആണ് തർജ്ജുമ ചയ്യത് ഫത് ഉൽമുഈൻ പരിഭാഷയും നടന്നിട്ടുണ്ട്. ''

'എന്റെ ഗ്രാമം', വായിക്കാൻ രസമുണ്ട്. എന്നാൽ ചരിത്ര പരമായ കണ്ടെത്തലുകളിൽ കുറെ അപാകതകളുണ്ട്. ചിലതൊക്കെ രാഷ്ട്രീയവും കൂടി കലർന്നതാണ്. അങ്ങിനെ വരുമ്പോൾ പാലം വന്നതും റോഡുകൾ വന്നതും ഒക്കെ ഒരു വ്യക്തിയിൽ ഊന്നി പറയാമോ? പ്രതേകിച്ചും ആശുപത്രി (ഹെൽത്ത് സെന്റർ) ആശുപത്രിയുടെ ഉത്ഭവം പറയുമ്പോ മർഹൂം കാര്യാട്ട് മുഹമ്മദുണ്ണി സാഹിബിനെ ഒഴിവാക്കാനാവുമോ? ''തുടക്കത്തിൽ പറയുന്ന "ചില മുസ്ലിം പള്ളികളും" എന്ന പ്രയോഗം ശരിയാണോ?

മുൻപ് ഒരു കണക്കെടുപ്പിൽ പാടൂരിൽ 11 മുസ്ലിം പള്ളികൾ ഉണ്ട്.

1. പാടൂർ പ്രധാന ജുമത്തു പള്ളി

2. പുളിക്കകടവ് പള്ളി

3.മസ്ജിദ് റഹ്മ

4. റേഷൻ കടയുടെ മുന്നിലൂടെ പോകുന്ന റോഡിലെ ചെറിയ പള്ളി

5. പാടൂർ സെന്റർ പള്ളി

6. സെന്ററിൽ തന്നെ തെക്കേ ഭാഗത്തുള്ള ചെറിയ പള്ളി

7. ചിറക്കൽ മണലൂ പള്ളി.

8. സലഫി പള്ളി

9. ബുക്കരയിൽ വളപ്പിൽ പള്ളി

10. കാരക്കോസ് പള്ളി

11. (ഓർമയില്ല)

പിന്നെ "മുസ്ലിം മദ്രസ്സ" എന്ന പ്രയോഗവും ശരിയല്ല. വിമർശനമോ നിരോപണമോ അല്ല. ചരിത്രത്തോടൊപ്പം അതിന്റെ രാഷ്ട്രീയ പക്ഷാത്തലങ്ങളിലും കൂടി ഒരു ബോധവും ബോധ്യവും ഉണ്ടാവണം എന്ന് മാത്രം.

വെങ്കിടങ്ങ് പഞ്ചായത്ത്, രൂപം കൊള്ളുന്നതിന് മുൻപ് കുണ്ടഴിയൂർ വില്ലേജ് (അംശം) പഞ്ചായത്ത് ആയിരുന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗം ആയിരുന്ന....എം.കെ . കുഞ്ഞിബാപ്പു സാഹിബ് (എന്റെ വെല്ലിപ്പ) ആയിരുന്നു അതിന്റെ പ്രസിഡൻറ്.

അദ്ദേഹം മാഊനത്തുൽ ഇസ്ലാം സഭ എന്ന പൊന്നാനി ആസ്ഥാനമായ സഭയുടെ ദീർഘ കാലം അംഗമായും ഒരു ഘട്ടത്തിൽ പ്രസിഡൻറ് ആയും പ്രവർത്തിച്ചിട്ടുണ്ട്

[R.V ഉമ്മർക്കയുടെ ബ്ലോഗിൽ നിന്നും താഴെ]

'' കുണ്ടഴിയൂർ പഞ്ചായത്ത്

ഗ്രാമത്തിലെ ജിഎംയുപി സ്കൂളിൽ ഒരു നെയിം ബോർഡ് പ്രദർശിപ്പിച്ചു, അതിൽ "ഗവ. മാപ്പിള സ്കൂൾ - കുണ്ടഴിയൂർ ". പാടൂരിലെ ഒരു സ്കൂളിന് എന്തിനാണ് ഇത്ര വ്യത്യസ്തമായ സ്ഥലനാമം വഹിക്കേണ്ടതെന്ന് കുട്ടിക്കാലത്ത് ഞാൻ എപ്പോഴും ചിന്തിച്ചിരുന്നു. കുണ്ടഴിയൂർ യഥാർത്ഥത്തിൽ എവിടെയാണെന്ന് എന്നോട് പറയാൻ എന്റെ സുഹൃത്തുക്കൾ ആർക്കും കഴിഞ്ഞില്ല!

പിന്നീട് ഞാൻ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾ കാണാൻ തുടങ്ങിയപ്പോൾ, എന്റ കൗതുകം വർദ്ധിച്ചു, അവിടെയും ഞങ്ങളുടെ സ്ഥലനാമം "കുണ്ടഴിയൂർ അംശം, പാടൂർ ദേശം" എന്ന് പരാമർശിക്കപ്പെട്ടു.

മലബാർ ജില്ലയിൽ 1930 മുതൽ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. മദ്രാസ് പ്രവിശ്യയിൽ സ്വാതന്ത്ര്യത്തിനുശേഷം അവരുടെ അധികാരങ്ങൾ വർദ്ധിപ്പിച്ചു (മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് 1950). നിങ്ങൾക്കറിയാവുന്നതുപോലെ, മലബാർ അക്കാലത്ത് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്നു.

ഓരോ ഗ്രാമത്തിലും കുറഞ്ഞത് 500 ജനസംഖ്യയുള്ള ഒരു പഞ്ചായത്ത് രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റിനെയും അംഗങ്ങളെയും ജനങ്ങൾ നേരിട്ട് തിരഞ്ഞെടുത്തു. തിരഞ്ഞെടുപ്പ് യോഗം നടന്ന വേദിയിൽ പങ്കെടുത്തവരുടെ കൈകളാണ് (ബാലറ്റുകളല്ല) പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്.

പാടൂർ ഉൾപ്പെടുത്തിയ പഞ്ചായത്തിന്റെ പേര് കുണ്ടഴിയൂർ, അത് തോയക്കാവ്, കുണ്ടഴിയൂർ ദേശങ്ങളോ ഗ്രാമങ്ങളോ ഉൾപ്പെടുത്തിയിട്ടുണ്ട് (ദയവായി ബാസൽ മിഷൻ ആർക്കൈവ്സ് മാപ്പ് കാണുക. ദേശത്തിന്റെ പേര് അതിൽ "പാടൂർ"# 421 എന്ന് കാണിച്ചിരിക്കുന്നു). കനോലി കനാലിന്റെ

എതിർവശത്തുള്ള പഞ്ചായത്തിന് "കുണ്ഡലിയൂർ" എന്നാണ് പേര്. ഈ പഞ്ചായത്തുകളിലേക്കുള്ള സാർവത്രിക മുതിർന്നവർക്കുള്ള ഫ്രാഞ്ചൈസിയുടെ അടിസ്ഥാനത്തിൽ ആദ്യ തിരഞ്ഞെടുപ്പ് നടന്നത് 1954 ലാണ്. കുണ്ഡലിയൂർ പഞ്ചായത്തിലേക്കുള്ള ഈ തിരഞ്ഞെടുപ്പിൽ മുസ്ലീം ലീഗ് കോൺഗ്രസിന്റെ പിന്തുണയോടെ പോരാടി. അപ്പോഴേക്കും കമ്മ്യൂണിസ്റ്റുകാർ ഗ്രാമത്തിൽ വളരെ സജീവമാവുകയും അവരും ഒരു സഖ്യം രൂപപ്പെടുത്തുകയും ചെയ്തു.

എംഎൽ-കോൺഗ്രസ് മുന്നണിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിയായിരുന്നു ഒഥുല്ലി അബ്ദുൽ കാദർ. കമ്യൂണിസ്റ്റുകാർ മുത്തട്ടു പരക്കുട്ടി അദ്ദേഹത്തെ എതിർത്തു. എസ് എം മൂസൽ കാസിം തങ്കൽ, ആർ പി ബാവു, പി കെ ബാപ്പുട്ടി എന്നിവരാണ് ലീഗ് കോമ്പൈനിന്റെ അംഗ സ്ഥാനാർത്ഥികൾ. മറുവശത്ത് എ എം തങ്ങൾ, പി കെ മുഹമ്മദുന്നി, കനിചിൽ കൃഷ്ണൻ എന്നിവരെ കളത്തിലിറക്കി.

അവസാനം ഒരു തീവ്രമായ പ്രചാരണം - അതിനുമുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത തോതിൽ - ലീഗ് കോമ്പൈൻ വെറും 9 വോട്ടുകൾക്ക് വിജയിച്ചു. കുന്ദശിയൂർ പഞ്ചായത്തിൽ ലീഗ്-കോൺഗ്രസ് കോമ്പിനേഷൻ പൂർവികരുടെ പിന്തുണയോടെ എല്ലായ്പ്പോഴും ശക്തമായി കണക്കാക്കപ്പെട്ടിരുന്നതിനാൽ ഇത് തന്നെ ആശ്ചര്യകരമായിരുന്നു "

ഒ ടി ഷംസു സാഹിബ്

മണലൂർ ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് ആയിരുന്ന മുഹമ്മദുണ്ണി സാഹിബിനെ ഒ. ടി. ഷംസുദ്ദീൻ സ്മരിക്കുന്നു.

കോൺഗ്രസിന്റെ രാഷ്ട്രീയ പാൻഥാവിലേക്ക് എന്നെ കൈപിടിച്ചു ഉയർത്തിയത് യശശ്ശരീരനായ എം. കെ. മുഹമ്മദുണ്ണി സാഹിബ് ആയിരുന്നു എന്ന് ഇത്തരുണത്തിൽ നൻദി പൂർവം സ്മരിക്കുന്നു. യൂത്ത് കോൺഗ്രസ് പ്രവർത്തകൻ എന്ന നിലയിൽ ഞാൻ പ്രവർത്തിക്കുംപോൾ അദ്ദേഹം വെൻകിടങ്ങ് മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ആയിരുന്നു.

പിന്നീട് ഞാൻ പ്രവാസി ആയപ്പോൾ Kuwait Incas ൻറെ സജീവ പ്രവർത്തകനായിരുന്നു. അപ്പോഴെല്ലാം അദ്ദേഹത്തിന്റെ മാർഗനിർദേശങ്ങൾ പാർട്ടി പ്രവർത്തനത്തിൽ ഒരു Guideline ആയി സ്വീകരിച്ചത് എന്റെ പൊതു പ്രവർത്തനത്തിൽ തിളക്കം വർദ്ധിപ്പിച്ചു. എങ്ങനെ ഒരു പൊതു പ്രവർത്തനം നടത്തണം എന്നതിന്റെ ഒരു Text Book ആയിരുന്നു അദ്ദേഹം.

ഈ വൈകിയ വേളയിൽ എൻകിലും അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു റോഡ് യാഥാർത്ഥ്യം ആക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്. അതിന്റെ പിന്നണിയിൽ ഈയുള്ളവൻ കാര്യമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചു.

അദ്ദേഹത്തിന്റെ വീട് നിൽക്കുന്ന വാർഡ് കഴിഞ്ഞ പൻചായത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് തിരിച്ച് പിടിച്ചത് വിനീതനായ എന്റെ പ്രവർത്തനം കൊണ്ട് തന്നെയാണ് എന്ന് അഭിമാനത്തോടെ പറയുന്നു.

തുടർന്നും പുതിയ പതിനെട്ടാം വാർഡിൽ ചിട്ടയായ പ്രവർത്തനത്തിലൂടെ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലും വാശിയേറിയ മത്സരത്തിൽ കോൺഗ്രസ് പ്രസ്തുത വാർഡ് നില നിർത്തി. മുഹമ്മദുണ്ണിക്കാടെ സഹോദരന്റെ മകൻ സലീർ നിറഞ്ഞ ഭൂരിപക്ഷത്തിൽ അവിടെ വിജയം കൈവരിച്ചു.

സർവോപരി കഴിഞ്ഞ പത്തു വർഷമായി നമ്മുടെ കയ്യിൽ നിന്നും നഷ്ടപ്പെട്ട പൻചായത്ത് തിരിച്ച് പിടിക്കാൻ യുഡിഎഫിന് കഴിഞ്ഞു. തീർച്ചയായും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മൽസരിക്കാൻ എന്റെ മേൽ കടുത്ത സമ്മർദ്ദം ഉണ്ടായിരുന്നു. ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്തിലേക്ക് മൽസരിക്കാൻ പാർട്ടി എന്നോട് ആവശ്യപ്പെട്ടു.

പക്ഷേ ഞാൻ സ്വയം മാറി നിന്നു. പുതിയ തലമുറയിലെ അംഗങ്ങൾ വരട്ടെ എന്നത് ആണ് എന്റെ Policy. മുഹമ്മദുണ്ണിക്ക എല്ലാം ഉള്ള കാലത്ത് കോൺഗ്രസിന്റെ പ്രതാപകാലം ആയിരുന്നു. എൻ. ഐ. ദേവസ്സി കുട്ടി ഏട്ടൻ മുതൽ വി. എം. സുധീരൻ വരെ ആ പ്റതാപം നില നിർത്താൻ കഴിഞ്ഞു. പിന്നീട് പല വിധ കാരണങ്ങൾ കൊണ്ട് നമുക്ക് മണലൂർ Assembly Constituency നഷ്ടപ്പെട്ട സാഹചര്യം ഉണ്ടായി. അത് തിരിച്ച് പിടിക്കൽ ആണ് നമ്മുടെ Target. ചിട്ടയായ പ്രവർത്തനത്തിലൂടെ നമുക്ക് ഇരുപത്തി ആറിലെ തെരഞ്ഞെടുപ്പിൽ യുഡിഎഫിനെ വിജയിപ്പിക്കാൻ കഴിയണം.

മുഹമ്മദുണ്ണിക്കാട് ചെയ്യാൻ ഉള്ള ഏറ്റവും വലിയ നീതി അതാണ്. ഒറ്റക്കെട്ടായി അണിനിരന്നു കൊണ്ട് അതിന് ശ്രമിക്കാം.

ഒ. ടി. ഷംസുദ്ദീൻ

പുത്തൻ പുരയിൽ

മണലൂർ ബ്ലോക്ക് കോൺഗ്രസ് വൈസ് പ്രസിഡന്റ്.

പാടൂർ

23/12/25

ഷബീർ അൻസാരി തങ്ങൾ

പാടൂരിന്റെ ചരിത്ര നിർമിതിയിൽ വലിയൊരു കാൽവെപ്പാണ് PMK നടത്തിക്കൊണ്ടിരിക്കുന്നത്. ഏറെ ശ്ലാഘനീയവും ഭാവി തലമുറയ്ക്ക് വളരെ ഉപകാരപ്രദവുമാണ് ഈ സദ്പ്രവർത്തി എന്നതിൽ പക്ഷാന്തരമില്ല.

പലപ്പോഴും ഗ്രൂപ്പിൽ വരാൻ കഴിയാഞ്ഞതിനാൽ ഇതിന്റെ ആദ്യ സെഗ് മെന്റ് വളരെ വൈകിയാണ് കാണാൻ കഴിഞ്ഞത്. നമ്മുടെ സമാദരണീയരായ ഉസ്താദുമാരെക്കുറിച്ച അനുഭവങ്ങൾ എഴുതേണ്ടതായിരുന്നു എന്ന് മനസ്സ് കുറ്റപ്പെടുത്തുമ്പോഴേക്കും അവരിൽ പലരെ കുറിച്ചുമുള്ള അനുസ്മരണാവസരങ്ങൾ കഴിഞ്ഞു പോയിരുന്നു.ഇൻശാ അല്ലാഹ് അതിനു മറ്റൊരവസരം വന്നു ചേർന്നേക്കാം. ഇപ്പോൾ രാഷ്ട്രീയ, സാമൂഹിക രംഗത്ത്, നമ്മുടെ സമീപ ഗ്രാമങ്ങളെക്കാൾ നമ്മുടെ പാടൂരിന് തലപ്പൊക്കം നൽകിയ മഹാരഥന്മാരെ അനുസ്മരിക്കുകയാണല്ലോ. അതും വരുംകാല തലമുറകൾക്ക് പ്രയോജകീഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം നന്മ നിറഞ്ഞ ഈ

ഉദ്യമത്തിന്റെ അണിയറ ശില്പികളായ അഡ്മിൻ പാനലിനെ അകമഴിഞ്ഞ് അഭിനന്ദിക്കട്ടെ. ബഹുമാന്യനായ സീതി തങ്ങളെക്കുറിച്ച അനുസ്മരണയിൽ പങ്കു കൊള്ളണമെന്ന് ആർ. പി. സിദ്ധിക്ക രണ്ടു ദിവസം മുൻപ് ആവശ്യപെട്ടെങ്കിലും രണ്ടു ദിവസവും നല്ല തിരക്കായിരുന്നതിനാൽ കഴിഞ്ഞില്ല.

ഇപ്പോഴാകട്ടെ ആദരണീയതയിൽ നാട്ടിലെ അതികായ വ്യക്തിത്വമായിരുന്ന M. K. മുഹമ്മദുണ്ണിക്കയെ ക്കുറിച്ചാണാല്ലോ അനുസ്മരണം. ആദ്യം അദ്ദേഹത്തെക്കുറിച്ചാകാം. അവസരമുണ്ടെങ്കിൽ ഇൻശാ അല്ലാഹ്, സീതി തങ്ങളെക്കുറിച്ച് പിന്നീടാകാം.

ഷബീർ അൻസാരി തങ്ങൾ

മുഹമ്മദുണ്ണിക്കയെ ഓർക്കുമ്പോൾ

എന്റെ കൗമാര, യൗവ്വനാരംഭത്തിൽ കണ്ടു മുട്ടിയ നാട്ടുകാരണവന്മാരിൽ മുഹമ്മദുണ്ണിക്കയെ വ്യതിരിക്തനാക്കുന്നത്, ചെറു പ്രായക്കാരോടും ഒരു സുഹൃത്തിനെ പോലെ പെരുമാറുന്ന അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നു. മറ്റു കാരണവന്മാരോട് ഒരു തരം ആദരഗൗരവത്തിൽ പെരുമാറുമ്പോൾ മമ്മുണ്ണിക്കയോട് ആദരം നിലനിർത്തിക്കൊണ്ടുതന്നെ വളരെ ലാഘവത്തോടെ ചിരിച്ചും തമാശകൾ പറഞ്ഞും സംവദിക്കാമായിരുന്നു.

ഞാൻ സിമിയിൽ പ്രവർത്തിച്ചിരുന്ന കാലത്ത് പല കാരണവന്മാരും ചില അനിഷ്ടങ്ങൾ പ്രകടിപ്പിച്ചിരുന്നെങ്കിലും മമ്മുണ്ണിക്കയുടെ സമീപനം വ്യത്യസ്തമായിരുന്നു.(തങ്ങൾ അതുവരെ പുലർത്തിപോന്ന ചിന്തയിൽ നിന്നുമുള്ള വേറിട്ടു നടത്തത്തോടുള്ള അവരുടെ ആ സമീപനം തീർത്തും സ്വാഭാവികം തന്നെ. അതിൽ അവരെ കുറ്റപ്പെടുത്തേണ്ടതില്ല) .എന്നെ കാണുമ്പോൾ അത് സംബന്ധമായ വിശേഷങ്ങൾ ചോദിക്കുകയും സംസാരം നീളുമ്പോൾ 'ങ്ങളെ ഒരു സിമി' എന്ന് പറഞ്ഞു തമാശയിൽ കളിയാക്കി ഉറക്കെ ചിരിക്കുകയും ചെയ്യുമായിരുന്നു. വാപ്പയോടും എളാപ്പായോടുമുള്ള അടുത്ത ബന്ധത്തിന്റെ സ്നേഹവും അധികാരവും പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു.

മമ്മുണ്ണിക്കയെ ഓർക്കുമ്പോൾ ഇപ്പോഴും പച്ചയായി നിൽക്കുന്ന ഒരു സംഭവം.ഒരിക്കൽ വടക്ക് നിന്ന് നടന്നു വരുകയായിരുന്നു മമ്മുണ്ണിക്ക. കുന്ന്യാറാവായിൽ എത്തിയപ്പോൾ പുറകിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ എന്നെ കണ്ടു അദ്ദേഹം നിന്നു. പിന്നെ തുടങ്ങി സംഘടന വിശേഷങ്ങളും തമാശയും. ഞാനും തമാശയിൽ മറുപടി പറയുമ്പോൾ ഹ ഹാ ഹാ എന്ന് ഉറക്കെയുള്ള ആ ചിരി ഇപ്പോഴും കാതിൽ മുഴങ്ങുന്നു. വിശാലമായ ശരീരത്തിനുള്ളിലെ വിശാല ഹൃദയന്റെ വിശാലമായ ചിരി. കൂട്ടത്തിൽ പറഞ്ഞു. "ഇങ്ങളെ ഒരാള് നമ്മളെ കൂട്ടത്തിലുമുണ്ട്ട്ടാ". തന്റെ ഭാര്യാ കുടുംബത്തിൽ പെട്ട ഒരു അല്ലാബക് ഷ് എന്ന ജമാ അത്ത് പ്രവർത്തകനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്.

അക്കാലത്തു സിമിയും ജമാ അത്തും നല്ല ബന്ധത്തിലായിരുന്നു. ഒരു സിമിക്കാരൻ എന്നാൽ ജമാ അത്ത് കാരൻ എന്നായിരുന്നു പൊതു ധാരണ.

പലപ്പോഴായി പാടൂർ മഹല്ലിന്റെ സാരഥ്യത്തിൽ സജീവ മായിരുന്നു അദ്ദേഹം. അമ്പത്തിമൂന്നാം വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ വേർപാട് എന്ന നജീബ് സാഹിബിന്റെ വെളിപ്പെടുത്തൽ വേദനയും വെറും അമ്പത്തിമൂന്ന് വയസ്സിനുള്ളിലാണല്ലോ ഒരു പുരുഷായുസിന്റെ പ്രവർത്തന റെക്കോർഡോടെ അദ്ദേഹം തിരിച്ചു പോയത് എന്നാലോചിക്കുമ്പോൾ അത്ഭുതവും തോന്നുന്നു.

പാടൂരിന്റെ രാഷ്ട്രീയ സാമൂഹിക രംഗത്ത് പ്രതിഫലേച്ഛയില്ലാതെ നിറഞ്ഞു നിന്ന് ജനസേവനം ആരാധനയാക്കിമാറ്റിയ കർമധന്യനായിരുന്നു അദ്ദേഹം. കുറച്ചു കൂടി ആയുസ്സ് അള്ളാഹു നൽകിയിരുന്നെങ്കിൽ രാഷ്ട്രീയത്തിൽകൂടുതൽ ഉയർന്ന സ്ഥാനങ്ങളിൽ എത്തുമായിരുന്നു ആ മഹദ് വ്യക്തത്വം എന്ന് തോന്നിയിട്ടുണ്ട്. ജുമാഅത് പള്ളിയുടെ പടിഞ്ഞാറു ഭാഗത്തുകൂടി നടന്നു പോകുമ്പോൾ തെക്ക് പടിഞ്ഞാറു മൂലയിലെത്തിയാൽ പേര് വിളിച്ചു സലാം ചൊല്ലാറുണ്ട്.

അല്ലാഹു സ്വർഗ്ഗലോകത്ത് അദ്ദേഹത്തിന് സമുചിതമായ ആതിഥ്യമരുളട്ടെ. അദ്ദേഹത്തെ യും നമ്മെയും ആ ആരാമങ്ങളിൽ ഒരുമിച്ച് ചേർക്കട്ടെ.

<u>ആർ പി സിദ്ധിഖ് സാഹിബ്</u>

ശബീർ അൻസാരിയുടെ വരികൾ ആകർഷണീയമായി തോന്നി. മുഹമ്മദുണ്ണി സാഹിബ് ഓരോ വ്യക്തിയോടും ഏത് രൂപത്തിലാണ് ഇടപെട്ടിരുന്നത്.ആരേയും മാറ്റി നിർത്താതെയും എല്ലാവരെയും ചേർത്ത് നിറുത്തിയും സൗഹൃദം പങ്കിട്ടും സഹോദര്യം നിലനിർത്തിയും ഉള്ള മാനോഹരമായ യാത്ര.

ജമാഅത്തെ ഇസ്ലാമി മലപ്പുറത്ത് 60 കളുടെ അവസാനത്തിലാണെന്ന് തോന്നുന്നു , നടത്തിയ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത വിശേഷങ്ങൾ എന്തൊരു സന്തോഷത്തോടെയായിരുന്നു പങ്കുവെച്ചത്!

അദ്ദേഹത്തിന്റെ കൂടെ സമ്മേളനത്തിലേക്ക് പോകാൻ ഒപ്പം ഉണ്ടായിരുന്നത് മർഹൂം പി.പി.കുഞ്ഞിമോൻ സാഹിബായിരുന്നു. അന്ന് അവിടെ വളണ്ടിയർ സേവനം അനുഷ്ഠിച്ചിരുന്ന എന്റെ സഹോദരി ഭർത്താവ് മർഹൂം മക്കാർ മൗലവിയെ കണ്ടതും സമ്മേളന ലോഗോ ആലേഖനം ചെയ്ത ഒരു പേന നൽകിയതും എല്ലാം പറഞ്ഞിരുന്നു.

എല്ലാവരെയും കാരുണ്യവാനായ റബ്ബ് അനുഗ്രഹിക്കുമാറാകട്ടെ.

<u>നാസർ അബ്ദുള്ള</u>

കാര്യാട്ട് മുഹമ്മദുണ്ണി ക്കയും ഞാനും ആത്മാർഥമായ സ്നേഹബന്ധം നിലനിന്നിരുന്നു, രാഷ്ട്രീയബന്ധത്തിലുപരി സഹോദര ബന്ധമായിരുന്നു, പലപ്പോഴും ഇണങ്ങിയും പിണങ്ങിയും തായി കഴിഞ്ഞിരുന്നത്. പലപ്പോഴും രാവിലെ ഞാനും കാലടിയിൽകുഞ്ഞിമുഹമ്മദ്ക്കും മുഹമ്മദുണ്ണി ക്കാതെ അടുത്ത് പോയിരുന്നു.

ഒരിക്കൽ അദ്ദേഹത്തിന് ഇലക്ട്രിക് ഷോക്ക് ഏൽക്കുകയുണ്ടായി. തേപ്പും പെട്ടിയിൽ നിന്നാണ് ഷോക്കേറ്റത്

അദ്ദേഹത്തെ ഓർക്കുമ്പോൾ പലവിധ വികാരങ്ങൾ കേട്ടിരുന്നു, കണ്ണുകൾ നിറയുന്നു. അദ്ദേഹത്തിന്റെ വിയോഗം അറിയിച്ചു കൊണ്ട് ഞാനും വേണു നായരുമാണ് അനൗൺസ് ചെയ്തത് ചേറ്റുവ പാലത്തിൽ അന്ന് ഞങ്ങളിൽ നിന്ന് ടോൾ വാങ്ങിയില്ല, ഇത്തരം ഒരുപാട് ഓർമ്മകൾ.

അല്ലാഹു ത്ആലാ അദ്ദേഹത്തിന്റെ പാപങ്ങളെല്ലാം പൊറുത്തുകൊടുക്കുകയും ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ 🤲🤲🤲

കുഞ്ഞി സീതി തങ്ങൾ-ശബ്ദ സന്ദേശം

https://youtu.be/W6Ep8GE8wII?si=E5XF9BXILLLRXWnz

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/Bttk_9snBQI?si=DXet95fV1q87DD_f

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/iINwMdh_7r0?si=btKrxPfHzY1tgWPM

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtube.com/shorts/QP8fR898d60?si=W0XTspGU01NFhjpb

അബ്ദുൽ മജീദ് മുഹമ്മദ്

സാംസ്കാരികവും ആത്മീയവും ആഢ്യത്വം കൊണ്ടും എത്രയോ സമ്പന്നം ഈ ഗ്രാമം..മഹാൻമാരാൽ അലങ്കരിക്കും ഈ സുന്ദര കൊച്ചു ഗ്രാമം..പണ്ഡിതൻമാരാൽ പാദസ്പർശമേറ്റ് പുണ്യം നിറഞ്ഞു തുളുമ്പും ഗ്രാമം..അഭിമാനം എന്റെ ഗ്രാമം..

ശക്തമാണ് അഡ്മിൻസിന്റെ ഈ ചുവടുവെപ്പ്… തീണ്ടാപാടകലെ നിന്നിരുന്ന എത്രയെത്ര ചെറുതും വലുതുമായ അറിവുകളാണ് ഇവിടെ നിങ്ങളിലൂടെ സമ്മാനിക്കപ്പെടുന്നത്.. ഇങ്ങിനെയൊരു ശ്രമം നിങ്ങൾ ചെയ്യില്ലായിരുന്നെങ്കിൽ അറിയാതെ പോകുമായിരുന്നു ഒട്ടേറെ പവിഴ തുല്യമായ മഹാന്മാരെ കുറിച്ചുള്ള ജീവചരിത്രങ്ങൾ…

കൂടാതെ മറ്റൊരു കാര്യം കൂടി ഓർമ്മപ്പെടുത്തട്ടേ.. ഈയൊരു സംഭവത്തോട് കൂടി ഗ്രൂപ്പിലെ ഒട്ടേറെ പേരുടെ ഭാഷകൾക്കും വല്ലാത്തൊരു സൗന്ദര്യം

വന്നിരിക്കുന്നു.. ഗ്രൂപ്പിലെ ഇക്കമാർ, ഇപ്പോൾ കുറിപ്പുകളും അനുഭവങ്ങളും പങ്കു വെക്കുന്ന ഇക്കമാർ അവരുടെ യൗവ്വനത്തിലെ, കൗമാരത്തിലെ കഥകളും അനുഭവ സാക്ഷ്യങ്ങളും നമുക്ക് മുൻപിൽ വിവരിക്കുമ്പോൾ നിങ്ങളോടൊക്കെ വല്ലാത്തൊരു ഇഷ്ടം തോന്നുന്നു..

അള്ളാഹു ഈ സംരംഭത്തെ സ്വാലിഹായ അമലുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തട്ടെ… നാഥൻ നമുക്കും നമ്മളിൽ നിന്നും നാഥനിലേക്ക് പോയവർക്കും നമ്മുടെ കൂട്ടുകുടുംബത്തിനും മറ്റെല്ലാവർക്കും നന്മയും ഐശ്വര്യവും ഒത്തിരി ഒത്തിരി നൽകി അനുഗ്രഹിക്കട്ടെ… അസ്സലാമു അലൈക്കും വറഹ്മത്തുള്ളാഹി വബറക്കാത്തുഹു

നവാസ് അബ്ദുൽ ഖാദർ

സഹോദരൻ മജീദ് പറഞ്ഞത് വളരെ ശരിയാണ്. സത്യത്തിൽ ഇത്ര പുഷ്കലം ആയിട്ടുള്ള ഒരു ഭൂതകാല ചരിത്രം എന്നുള്ളത് നമ്മുടെ ഗ്രാമത്തിൻറെ മാത്രം പ്രത്യേകതയല്ല. ഒരുപാട് ഗ്രാമങ്ങളിൽ ഇതേ രീതിയിലുള്ള ചരിത്രങ്ങൾ മൂടി കിടക്കുന്നുണ്ട്. ഒരുപാട് മഹത് വ്യക്തിത്വങ്ങൾ മൺമറഞ്ഞു പോയിട്ടുണ്ട്. എന്നാൽ അതിനെ പുറത്തേക്ക് കൊണ്ടുവരാനുള്ള ഒരു ശ്രമം ബോധപൂർവ്വം ആയിട്ട് നടക്കേണ്ടതുണ്ട്.നാമത് വളരെ നിസ്സാരമായിട്ട് കാണുമ്പോഴും, അതിൻറെ പ്രാധാന്യം വളരെ വലുതാണ്. നമ്മുടെ അയൽ ഗ്രാമമായ വൻമനാട് പൈങ്കണ്ണിയൂരിൽ, ഇത്തരം ഒരു ശ്രമം അവിടുത്തെ ചില യുവാക്കൾ ചേർന്ന് നടത്തിയത് അറിയാൻ സാധിച്ചു. ഏകദേശം നൂറോളം, പ്രായമായ ആളുകളെ നേരിട്ട് ഇൻറർവ്യൂ നടത്തി അവരിൽ നിന്നുള്ള പഴയകാല വിവരങ്ങൾ ശേഖരിച്ച് ഒരത്ഭുതകരമായിട്ടുള്ള ഒരു സൃഷ്ടി തന്നെയാണ് അവർ നടത്തിയിട്ടുള്ളത്. ഒരു പുസ്തകരൂപത്തിൽ അവർ അത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നെ വ്യക്തികൾ എന്നുള്ളതലത്തിൽ നിന്നും ഇത് അടുത്തൊരു ഘട്ടത്തിലേക്ക് കടന്നാലാണ് ഇതിന്റെ സാമൂഹികമായിട്ടുള്ള പ്രസക്തി ഏറ്റവും കൂടുതൽ നമുക്ക് അനുഭവപ്പെടുക. അത് ഈ നാടിൻറെ ചരിത്രമാണ്. അതായത് വിവിധ ഘട്ടങ്ങളിലും (ഉദാഹരണത്തിന് സ്വാതന്ത്ര്യത്തിനു മുന്നേ സ്വാതന്ത്രത്തിന്റെ സമരവേളയിൽ അതിനുശേഷം എന്നൊക്കെ) പല ഘട്ടങ്ങളിൽ നമ്മുടെ ഈ നാടും, നാട്ടിലെ വ്യക്തികളും ഒക്കെ വഹിച്ചിട്ടുള്ള പങ്ക് എന്തൊക്കെയാണ് എന്ന് പരിശോധിക്കുന്നത് ഈ കാലഘട്ടത്തിൻറെ ഏറ്റവും അനിവാര്യമായിട്ടുള്ള ഒരു കാര്യമാണ്.

അതുപോലെതന്നെ നമ്മുടെ നാടിൻറെ അഭിമാനമായി നിൽക്കുന്ന പല സ്ഥാപനങ്ങളിലും നമ്മുടെ കാരണവന്മാരുടെ പങ്ക് എത്രത്തോളം പതിഞ്ഞുകിടക്കുന്നു എന്നുള്ളത് അടുത്ത തലമുറക്കും കൂടി മനസ്സിലാകുന്ന രൂപത്തിൽ നമ്മൾ ഡോക്യുമെന്റ് ചെയ്യേണ്ടതുണ്ട്.

ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന മറ്റൊരു ഉദാഹരണം കൂടി. മലബാർ സമരത്തിന്റെ നൂറാം വാർഷിക വേളയിൽ, അതിനോടനുബന്ധിച്ച ഒന്നോ രണ്ടോ വർഷം മാത്രം പ്രസിദ്ധീകരിക്കപ്പെട്ട ചരിത്ര പഠനങ്ങളുടെ എണ്ണം നൂറിലധികം വരും. ഇതിൽ ഏറിയ പങ്കും പ്രാദേശിക ചരിത്ര പഠനങ്ങളാണ് ഓരോ പ്രദേശത്തെയും വ്യക്തികളെക്കുറിച്ച് അവരുടെ ഓർമ്മക്കുറിപ്പുകളെ

കുറിച്ച് പഠനങ്ങളാണ്. പക്ഷേ അത് ഏറ്റവും കൂടുതൽ വെളിച്ചം വീശുന്നത് അന്നത്തെ മലബാർ സ്വാതന്ത്ര്യ സമര കാലഘട്ടത്തിലെ സംഭവങ്ങളിലേക്ക് ആയിരുന്നു. അന്നത്തെ ശുഹദാക്കളുടെ കബറുകളെ കുറിച്ച് മാത്രം പോലും പഠനങ്ങൾ വന്നിട്ടുണ്ട് ഓരോ കബറുകളെ കുറിച്ചും പഠിച്ച് അതിൻറെ പിന്നാമ്പുറങ്ങൾ തേടി ആ വ്യക്തികളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് വളരെ നല്ല രീതിയിലുള്ള പഠനങ്ങൾ പോലും വന്നിട്ടുണ്ട്.

പറഞ്ഞുവന്നത്, ഇതെല്ലാം ഒരു ഭൂതകാലത്തിന്റെ "ഉപ്പാപ്പാക്ക് ഒരു ആന ഉണ്ടായിരുന്നു" എന്ന രീതിയിലുള്ള അഭിരമിക്കലിനപ്പുറം, നമ്മുടെ ഭൂതകാലത്തെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലും, അതിലൂടെ നമ്മുടെ ഭാവിയുടെ ഭദ്രത തേടുന്നതും ആയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കർത്തവ്യമാണ് നമ്മൾ ഇപ്പോൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത് എന്നതാണ്.

അതുകൊണ്ടുതന്നെ ഓരോ വ്യക്തികളും അവരുടെ മനസ്സിലുള്ള ഒരു ചെറിയ ഓർമ്മയുടെ തുമ്പ് ആണെങ്കിൽ പോലും, അത് ഈ ഒരു സംരംഭത്തിലേക്ക് സംഭാവന ചെയ്തുകൊണ്ട് ഇതിനെ കൂടുതൽ ഭംഗിയുള്ളതും കൂടുതൽ കരുത്തുള്ളതും ആക്കി മാറ്റണം എന്നാണ് എനിക്ക് തോന്നുന്നത്. അതിന് ഇപ്പോൾ സമയമില്ലാത്തവർ തീർച്ചയായും പിന്നീട് നമ്മുടെ അഡ്മിനുമായി അത്തരം ഓർമ്മകൾ പങ്കുവെച്ചുകൊണ്ട്, നമ്മുടെ പിഡിഎഫിൽ അത് പിന്നീടാണെങ്കിലും ഉൾപ്പെടുത്താനുള്ള ഒരു ശ്രമം നടത്തണം എന്ന് അഭ്യർത്ഥിക്കുന്നു.

ലത്തീഫ് വാക്കയിൽ

ഫഖ്റുദ്ദീൻ കോയക്കുട്ടി തങ്ങൾ, പാടൂർ ചാവക്കാട്. ബുഖാരി സാദാത്തീങ്ങളിൽ പ്രമുഖ പണ്ഡിതനും ഖാദിരിയ സരണിയിലെ ശൈഖുമായിരുന്നു.

ഫഖീഹും സൂഫിയും കൂടിച്ചേർന്ന നേതാക്കന്മാരാണ് ബുഖാരി ഖബീലയിലെ സാദാത്തീങ്ങൾ അധികവും. അത് ബുഖാരി സാദാത്തീങ്ങളുടെ ഒരു പ്രത്യേകതയാണ്. കണ്ണൂരിലെ വളപ്പട്ടണത്ത് അന്ത്യവിശ്രമം കൊള്ളുന്ന സയ്യിദ് ജലാലുദ്ദീൻ ബുഖാരി തങ്ങളാണ് കേരളത്തിലെത്തിയ ആദ്യത്തെ ബുഖാരി സയ്യിദ്. ഉസ്ബെക്കിസ്ഥാനിലെ ബുഖാറയിൽ നിന്ന് വന്ന മഹാനവർകൾ വളപട്ടണത്തു നിന്ന് വിവാഹം ചെയ്യുകയും അവിടെ സ്ഥിരതാമസമാക്കുകയുമായിരുന്നു. അവരുടെ സന്താനപരമ്പരയിലാണ് ഫഖ്റുദ്ദീൻ തങ്ങൾ ജനിക്കുന്നത്.

ജലാലുദ്ദീൻ ബുഖാരി തങ്ങളുടെ താവഴിയായി വരുന്ന പേരകുട്ടികളിൽപ്പെട്ട മറ്റൊരു പ്രമുഖ പണ്ഡിതനും ശൈഖുമാണ് കണ്ണൂർ സിറ്റിയിൽ അന്ത്യവിശ്രമം കൊളഅളുന്ന സയ്യിദ് മുഹമ്മദ് മൗലൽ ബുഖാരി(റ)തങ്ങൾ. മഹാനവർകളുടെ സഹോദരി പുത്രനും മകളുടെ ഭർത്താവും ശിഷ്യനും ത്വരീഖത്തിൽ ഖലീഫയുമായ സയ്യിദ് അഹ്മദുൽ ബുഖാരി(റ) ആണ് ചാവക്കാട് എത്തുന്ന ആദ്യത്തെ ബുഖാരി തങ്ങൾ. അദ്ദേഹത്തിൽ നിന്ന് സാമൂതിരി രാജാവിന് ചില ഉപകാരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അഞ്ചങ്ങാടിയിൽ 80 ഏക്കർ ഭൂമി പാരിതോഷികം നൽകുകയായിരുന്നു. അവിടെ അദ്ദേഹം

ബുഖാറ എന്ന പേരിൽ ഒരു ഭവനം നിർമിച്ചു. മഹാനവർകളുടെ മകൻ സയ്യിദ് മുസ്തഫ(ചാവക്കാട് ഖബർ) തങ്ങളുടെ മകൻ സ്യയ്യിദ് ഇബ്രാഹീം സഖ്റാൻ(കണ്ണീർ സിറ്റിയിൽ ഖബർ) അവർകളുടെ മകനാണ് അൽ ഇമാം സയ്യിദ് ഫഖ്റുദ്ദീൻ കോയകുട്ടി തങ്ങൾ(റ).

കൊച്ചി ചെന്പട്ട പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന കൊച്ചിയിലെ ഖാസിയായിരുന്ന ഖാളി കൊഛുകോയ തങ്ങളുടെ ശിഷ്യനും മകളുടെ ഭർത്താവുമായ സയ്യിദ് ഫഖ് റുദ്ദീൻ ഭാര്യാപിതാവ് നിർമിച്ച ചാവക്കാട്, പാടൂരിലെ വീട്ടിലാണ് താമസിച്ചിരുന്നത്. അതിനടുത്ത് തന്നെ ഫഖ് റുദ്ദീൻ തങ്ങൾ സ്വന്തം ആവശ്യത്തിനായി ഒരു പള്ളി നിർമിച്ചു. അതാണ് പാടൂർ വളപ്പിലെ പള്ളി എന്നറിയപ്പെടുന്നത്. വളപ്പിലെ പള്ളിക്കു തെക്കു വശത്താണ് മഹാനവർകളുടെ ഖബർ.

കേരളത്തിൽ അറിയപ്പെടുന്ന സിയാറത്ത് കേന്ദ്രമായ പുത്തൻപള്ളി കുഞ്ഞഹമ്മദ് മുസ്ലിയാരുടെ ഉസ്താദ് നൂണക്കടവ് ശൈഖ് സൈനുദ്ദീൻ റംലി(റ) അവർകളുടെ ശൈഖാണ് ഫഖ് റുദ്ദീൻ തങ്ങൾ. സമസ്തയുടെ സ്ഥാപക നേതാക്കളിൽപ്പെട്ട പാങ്ങിൽ അഹ്മദ്കുട്ടി മുസ്ലിയാരുടെ ശൈഖ് സയ്യിദ് മുഹ്ളാർ വളപ്പട്ടണം അവർകളുടെ ഖാദിരിയ ത്വരീഖത്തിലെ ശൈഖും ഫഖ്റുദ്ദീൻ തങ്ങളാണ്. ശിഷ്യന്മാരുടെ സ്ഥാനവലിപ്പത്തിൽ നിന്ന് തന്നെ ഫഖ്റുദ്ദീൻ തങ്ങളുടെ പാണ്ഡിത്യവും ഔന്നിത്യവും മനസ്സിലാക്കാവുന്നതാണല്ലോ....

24 Dec 2025

Episode-5

മർഹൂം സൈനുൽ ആബിദീൻ തങ്ങൾ (കൊച്ചു കോയ തങ്ങൾ)



ഇന്ന് നമ്മൾ അനുസ്മരിക്കുന്നത് പാടൂരിന്റെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തിൽ തന്റെ വ്യക്തമായ അടയാളം പതിപ്പിച്ച മർഹൂം സൈനുൽ ആബിദീൻ തങ്ങളെ (നമ്മുടെ കൊച്ചു കോയ തങ്ങൾ) ആണ്. ജനനം 10.04.1924- മരണം 19.12.2007

25 വർഷം വെങ്കിടങ് പഞ്ചായത്തിൽ അംഗമായിരുന്നു. മുസ്ലിം ലീഗ് ചാവക്കാട് താലൂക്ക്, മണലൂർ മണ്ഡലം, ജില്ലാ വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലയിലും KMEA എക്സിക്യൂട്ടീവ് മെമ്പർ, MIC പ്രസിഡന്റ്, തൊഴിയൂർ ദാറുൽ റഹ്മാ പ്രവർത്തകര സമിതി അംഗം, പാടൂർ മഹല്ല് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിരുന്നു. രാഷ്ട്രീയ രംഗത്തും സാമൂഹിക രംഗത്തും വിവിധ ഉത്തരവാദിത്വങ്ങൾ വഹിച്ചുകൊണ്ട് ജനങ്ങളുടെ വിശ്വാസം നേടിയ നേതാവായിരുന്നു അദ്ദേഹം.

നമുക്ക് ഇന്ന് അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യാം. അല്ലാഹു അദ്ദേഹത്തിന്റെ ഖബർ വിശാലമാക്കുകയും, പരലോകത്തിൽ ഉന്നത സ്ഥാനങ്ങൾ നല്കുകയും ചെയ്യട്ടെ. ആമീൻ.

അഡ്മിൻ പാനൽ

ആർ പി സിദ്ധിഖ് സാഹിബ്

പാടൂരിന്റ് ജനനായകനായി, ജനങ്ങൾക്കൊപ്പം നിന്ന, മത-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ തിളങ്ങി നിന്ന, പാടൂരിന്റെ പ്രശസ്തിയും പ്രതാപവും പുറം ലോകത്തേക്കും എത്തിച്ച മർഹൂം സൈനുൽ ആബ്ദീൻ തങ്ങളാണ് ഇന്നത്തെ സൂര്യപുരുഷൻ.സന്തോഷിക്കുന്നു.

പലർക്കും ഒരു പാട് പറയാനും, എഴുതാനും ഉണ്ടാക്കും. തുടരാം നമുക്കീ യാത്ര. നാഥന്റെ അനുഗ്രഹം നമ്മോടൊപ്പം ഉണ്ടാകും.

ലത്തീഫ് വാക്കയിൽ

പാടൂരിലെ അറിയപ്പെടുന്ന വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു മർഹൂം സൈനുൽ ആബിദീൻ തങ്ങൾ. രാഷ്ട്രീയ രംഗത്ത് വിവിധ ഉത്തരവാദി ത്വങ്ങൾ വഹിച്ചുകൊണ്ട് ജനങ്ങളുടെ വിശ്വാസം നേടിയ നേതാവായിരുന്നു. എവിടെയെങ്കിലും പ്രശ്നങ്ങളോ അഭിപ്രായഭിന്നതകളോ ഉയർന്നാൽ, അത് ശാന്തമായി കേൾക്കുകയും ബുദ്ധിപൂർവ്വം പരിഹരിക്കുകയും ചെയ്യാനുള്ള അപൂർവ കഴിവ് അദ്ദേഹത്തിനു ണ്ടായിരുന്നു. അതുകൊണ്ടുതന്നെ പലർക്കും ആശ്രയിക്കാവുന്ന ഒരാളായി അദ്ദേഹം മാറി.

എല്ലാവരുമായി സൗഹൃദപരമായ ബന്ധം പുലർത്തിയിരുന്ന കൊച്ചു കോയ തങ്ങൾ, നിലപാടുകളിൽ ഉറച്ചതും സമീപനത്തിൽ സ്നേഹപൂർവ്വവുമായ ഒരു വ്യക്തിത്വമായിരുന്നു. നല്ല ഉയരവും അതിനൊത്ത ദേഹവടിവും വെളുത്ത നിറവും ചേർന്ന് അദ്ദേഹത്തിന് ഒരു പ്രത്യേക ആകർഷണവും ഗൗരവവും നൽകുകയായിരുന്നു.

എന്നാൽ ഈ സമതുലിതമായ ജീവിതത്തിലേക്ക് ഒരിക്കലും മായാത്ത ഒരു വേദനയായി കടന്നുവന്നതാണ്–7 ഉം 5 ഉം വയസ്സായ ജാബിറിന്റെയും ഫൈസലിന്റെയും അപകട മരണം ആ സംഭവം ഒരു കുടുംബത്തിന്റെ മാത്രം ദുഃഖമല്ലായിരുന്നു; മുഴുവൻ പാടൂരിനെയും നടുക്കിയ ഒരു വലിയ shock ആയിരുന്നു അത്. ഇന്നും ആ വഴി പോകുമ്പോൾ അന്നത്തെ ദുരന്തത്തിനു സാക്ഷിയായത് ഓർമ വരുന്നുണ്ട് . ഒരു പിതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ ഹൃദയം തകർത്ത, ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തമായിരുന്നു ആ വേദന.

അത്ര വലിയ ദുഃഖം സഹിച്ചിട്ടും, അദ്ദേഹം തന്റെ മനസ്സിനെ തളരാൻ അനുവദിച്ചില്ല. (കുറച്ചു സമയം എടുത്താണെങ്കിലും) വേദനയെ സഹനത്തിലും ക്ഷമയിലും മാറ്റി, സമൂഹത്തോടുള്ള തന്റെ ഉത്തരവാദി

ത്വങ്ങളിൽ നിന്ന് പിന്മാറാതെ മുന്നോട്ട് പോയത് അദ്ദേഹത്തിന്റെ ആത്മ ബലത്തിന്റെയും വിശ്വാസത്തിന്റെയും തെളിവായിരുന്നു.

കൊച്ചു കോയ തങ്ങൾ ഇന്ന് നമ്മുക്ക് ഒരു ഓർമ്മ മാത്രമല്ല; സഹനത്തിന്റെയും സമാധാനത്തിന്റെയും, മനുഷ്യരെ ഒന്നിപ്പിക്കുന്ന നേതൃഗുണത്തിന്റെയും ഒരു പാഠം കൂടിയാണ്. പാടൂരിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ പേര് ആദരവോടെയും നന്ദിയോടെയും എന്നും നിലനിൽക്കും.

അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും, ഖബർ വിശാലതയും, പരലോകത്തിൽ ഉന്നത സ്ഥാനങ്ങളും നല്കട്ടെ.

അവരുടെ മക്കൾക്ക് ജന്നത്തിലെ ചെറുപക്ഷികളായുള്ള ഉയർന്ന സ്ഥാനങ്ങൾ ലഭിക്കട്ടെ. ആമീൻ.

<u>നജീബ് സാഹിബ് കാരിയാട്ട്</u>

ബഹുമാനപ്പെട്ട

S. M. Zainul Abideen Thangal

ജനാബ് കൊച്ചു കോയ തങ്ങൾ ഏഴ് ദശാബ്ദങ്ങളായി പാടൂരിൻറെ പൊതു ഇടങ്ങളിൽ നിറഞ്ഞു നിന്ന വ്യക്തിത്വം ആണ്.

ആദ്യത്തെ വെൻകിടങ്ങ് ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അന്നത്തെ ഒന്നാം വാർഡിൽ നിന്ന് Unanimous ആയി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി. അത് തന്നെയാണ് അദ്ദേഹത്തിന് സമൂഹത്തിൽ അദമ്യമായ സ്ഥാനം ഉണ്ട് എന്നതിന്റെ ഉദാത്തമായ ഉദാഹരണം. അന്ന് കോൺഗ്രസും ലീഗും വേറിട്ട മൽസരം ആയിരുന്നു. തങ്ങൾ ഒന്നാം വാർഡിൽ നിന്ന് Unanimously elected ആയപ്പോൾ ഒന്നാം വാർഡിലെ എല്ലാ ലീഗ് പ്രവർത്തകരും രണ്ടാം വാർഡിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കോൺഗ്രസിന്റെ സ്ഥാനാർത്ഥിയെ പരാജയപ്പെടുത്താൻ അഹോരാത്രം പ്രവർത്തിച്ചു.

യശശ്ശരീരനായ ശ്രീ എം എസ് അയ്യു ആയിരുന്നു രണ്ടാം വാർഡിലെ കോൺഗ്രസ് സ്ഥാനാർത്ഥി. ഏതായാലും എല്ലാ കോൺഗ്രസ് പ്രവർത്തകരും സജീവമായി പ്രവർത്തിച്ചു. അയ്യു വിജയിച്ചു. ഉസ്താന്റെ ഉപ്പ തറയിൽ കുഞ്ഞി മോൻ, പി പി കുഞ്ഞിമോൻ, എന്റെ ഉപ്പ, ആലക്കനായിൽ മുഹമ്മദ്, കാക്കി വേലായുധൻ തുടങ്ങി ചുരുക്കം പേരേ കോൺഗ്രസിന്റെ പ്റവർത്തകർ ആയി ഉണ്ടായിരുന്നു ഉള്ളൂ. പിന്നീട് തങ്ങൾ പൻചായത്ത് പ്രസിഡന്റും ആയി എന്ന് ആണ് ഞാൻ മനസ്സിലാക്കുന്നത്.

ഇൻഡ്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ തൃശൂർ ജില്ലയിലെ സമുന്നതനായ നേതാവ് ആയിരുന്നു അദ്ദേഹം. കൂടാതെ തൃശൂർ MIC പ്രസിഡന്റും ആയിരുന്നു. കേച്ചേരി അൽ. അമീൻ ഹ. സെ. സ്കൂളിന്റെ സ്ഥാപകരായ ഒരാൾ. ഒരു ഘട്ടത്തിൽ മാനേജരും തങ്ങൾ ആയിരുന്നു.

പാടൂർ ജുമാഅത്ത് കമ്മിറ്റിയുടെ പ്രസിഡന്റായി ദീർഘ കാലം പ്രവർത്തിച്ചു. അക്കാലത്ത് ആണ് നമ്മുടെ പള്ളിയുടെ സമഗ്രമായ വികസനം ഉണ്ടായത്. പാടൂർ Government Hospital ൻറെ സ്ഥാപന ഘട്ടത്തിൽ ഉരുത്തിരിഞ്ഞ പല പ്രതിസന്ധികളേയും അദ്ദേഹത്തിന്റെ നയപരമായ ഇടപെടൽ മൂലം പുഷ്പം പോലെ പരിഹരിക്കാൻ കഴിഞ്ഞത് അഭിമാനപൂർവ്വം സ്മരിക്കുന്നു. തങ്ങളുടെ മകൻ റഫീഖ് തങ്ങൾ എന്റെ Close friend ആണ്. മാത്രമല്ല അദ്ദേഹം ഒരു കായിക അഭ്യാസി കൂടെ ആയിരുന്നു. ഒരു വിധക്കാർക്ക് ഒന്നും അദ്ദേഹത്തെ നേരിടാൻ കഴിയുകയില്ല.

പക്ഷേ, തങ്ങളുടെ Effert മുഴുവൻ പാടൂരിൽ Spend ചെയ്തു എന്നത് ആണ് ഞാൻ അദ്ദേഹത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ കാണുന്ന പോരായ്മ. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ലീഗിന്റെ മുൻ നിരയിൽ നിന്ന് പ്റവർത്തിക്കാൻ ഉള്ള Space ഉം Capacity യും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

എൺപതുകളിലെ ശ്രീ വി എം സുധീരന്റെ വിജയത്തിന് അവിഭാജ്യ ഘടകമായിരുന്നു തങ്ങൾ. സുധീരനോടൊപ്പം മണലൂർ മണ്ഡലത്തിലെ എല്ലാ മേഖലകളിലും സൻചരിച്ച് അദ്ദേഹത്തിന്റെ വിജയം ഉറപ്പാക്കിയത് തങ്ങളുടെ ഭഗീരഥ യത്നം ആയിരുന്നു എന്ന് V M ഇപ്പോഴും പറയാറുണ്ട്. എന്റെ ഉപ്പാടെ ഏറ്റവും അടുത്ത സുഹൃത്ത് ആയിരുന്നു തങ്ങൾ. വിമോചന സമരകാലത്ത് ഇരുവരും ഒരുമിച്ച് ജയിലിൽ കിടക്കേണ്ടി വന്നത് ഉപ്പ ഓർക്കാറുണ്ട്. ഒരു ഘട്ടത്തിൽ (last of sevetees)നമ്മുടെ നാട്ടിൽ പ്രമാദമായ ഒരു തെങ്ങ് കയറ്റ സമരം ഉണ്ടായി. തങ്ങളും കഴുൻകിൽ ദാസേട്ടനും പുതിയേടത്ത്, കളപ്പുരയ്ക്കൽ കുടുംബക്കാരും ഏനാമാക്കൽ പള്ളിയും ഭൂ ഉടമ പക്ഷത്ത്. അന്ന് ആന്റണി കോൺഗ്രസ് ആയിരുന്ന എന്റെ ഉപ്പ വെൻകിടങ്ങ് പൻചായത്ത് പ്രസിഡന്റ് ആയിരുന്ന K. O. കുരിയാക്കോസ് ചേട്ടൻ ഉൾപ്പെടെ ഉള്ള വർ തൊഴിലാളി പക്ഷത്ത്. മതിലകത്ത് O A Francis എന്ന മുതലാളി യുടെ തെങ്ങ് കയറ്റക്കാരെ കൊണ്ട് വന്നു തെങ്ങ് കയറ്റ സമരം പൊളിച്ചത് തങ്ങളുടെ വാശി. വാശി ഒരർത്ഥത്തിൽ അദ്ദേഹത്തിന്റെ Weekness ആയിട്ട് ആണ് ഞാൻ വിലയിരുത്തുന്നത്. (Subject to correction)പാരമ്പര്യമായി ലഭിച്ച ഭാരിച്ച ഭൂ സ്വത്തിന്റെ ഉടമ ആയിരുന്നു തങ്ങളുടെ ബീവി എന്നൈല്ലിപ്പ പറയാറുള്ളത് ഇത്തരുണത്തിൽ ഓർത്തു പോകുന്നു.

പൊതു പ്രവർത്തനത്തിന് വേണ്ടി സ്വന്തം ആരോഗ്യവും സമ്പത്തും ത്യജിച്ചു നാടിന്റെ നൻമയ്ക്ക് വേണ്ടി പ്രവർത്തിച്ച മഹാരഥന്മാരുടെ നാട് ആണ് പാടൂർ. അവരിൽ അഗ്റഗണ്യൻ ആണ് ഏറ്റവും ആദരണീയനായ കൊച്ചു കോയ തങ്ങൾ. അദ്ദേഹത്തിന്റെ സ്മരണകൾക്ക് മുന്നിൽ നമ്റശിരസ്കനാകുന്നു.

അദ്ദേഹത്തിന്റെ കബറിടം വിശാലമാക്കട്ടെ എന്ന് സർവശക്തനായ അല്ലാഹുവിനോട് ദുആ ചെയ്യുന്നു.

നജീബ് കാര്യാട്ട്

24/12/25

<u>ഫോട്ടോ ഷെയർ ചെയ്തത് ഷരീഫ് ബാബു</u>

പാടൂർ കൊച്ചുകോയ തങ്ങൾ, പകരം വെക്കുവാനില്ലാത്ത വലിയ കൊച്ചു കോയതങ്ങൾ

"ഈന്ത മരങ്ങൾ ഇടതിങ്ങിയ ശീതള ശാദ്വലങ്ങളിൽ
സുഖിക്കും; ഹേ; മക്കാ ദേശമേ എന്തു കൊണ്ട് നീയൊരു
ഉമർ ഫാറൂഖിനെ ഉയർത്തുന്നില്ല. വീണ്ടും."
(ഖലീഫ ഉമറിനെ കുറിച്ച്)
അല്ലാമാ മുഹമ്മദ് ഇഖ്ബാൽ.



ഇസ്ലാം മത പ്രവാചകനായ മുഹമ്മദ് നബി (സ) യുടെ സന്താന പരമ്പരയിൽപ്പെട്ടവരെ സൂചിപ്പിക്കുന്ന അറബി ഭാഷയിലുള്ള പദമാണ് അഹ്ലുബൈത്ത്. വീട്ടുകാർ എന്ന് ഭാഷാർത്ഥമുള്ള ഈ പദം ഖുർആനിലും ഹദീസുകളിലും കാണാം. സാദാത്തുകൾ എന്നും സയ്യിദുകൾ എന്നും ഇവർ അറിയപ്പെടുന്നുണ്ട്. മാന്യൻ, മിസ്റ്റർ എന്നീ അർത്ഥത്തിൽ സയ്യിദ് എന്ന അറബിവാക്ക് ഉപയോഗിക്കാറുണ്ടെങ്കിലും അഹ്ലുബൈത്തിൽപ്പെട്ടവരെ ഇന്നും പൊതുവേ സയ്യിദ് അഥവാ സാദാത്ത് എന്നുതന്നെയാണ് സംബോധനം ചെയ്തു വരുന്നത്. കേരളത്തിൽ ഇക്കൂട്ടരെ തങ്ങൾ എന്നു വിളിക്കുന്നു. എന്റെ പാടൂർ ഗ്രാമത്തിലും ഉണ്ട് അങ്ങിനെയുള്ള സയ്യിദന്മാർ. തൃശ്ശൂർ ജില്ലയുടെ തീരപ്രദേശങ്ങളായ പുതിയകാവിലും, മതിലകത്തും, ചാവക്കാട് കടപ്പുറത്തും, വാടാനപ്പള്ളിയിലും, ഞങ്ങളുടെ പാടൂരിലും സയ്യിദന്മാർ ഉണ്ട്.

കേരളത്തിലെത്തിയ അഹ്ലുബൈത്ത് അംഗങ്ങളിൽ പലരും പണ്ഡിതന്മാരും, സാഹിത്യകാരന്മാരും, ഗ്രന്ഥകാരന്മാരുമായിരുന്നു. പ്രവാചക കീർത്തനങ്ങളും, ക്ഷണികമായ ഐഹികജീവിതത്തിന്റെ നിഷ്ഫലത സൂചിപ്പിക്കുന്ന സൂഫി ശൈലിയിലുള്ള പ്രാർത്ഥനകളും ആദ്ധ്യാത്മിക ചിന്തകളുമാണ് അവരുടെ രചനകളിലെ പ്രതിപാദ്യം. ഇങ്ങിനെയുള്ള വിഷയങ്ങളിൽ പ്രസിദ്ധനായിരുന്നു. എന്റെ പിതാമഹൻ മർഹൂം. ചാവക്കാട് നാലകത്തു മുഹമ്മദാലി മുസ്ലിയാരും, ആ കാലഘട്ടത്തിലൂടെ സഞ്ചരിച്ചു കടപ്പുറത്തിന്റെ മണൽ തരികൾക്ക് അനുഗ്രഹം വാരിവിതറി മറഞ്ഞുപോയ എന്നെ കുഞ്ഞുനാളിൽ അനുഗ്രഹിച്ച അനുഗ്രഹീതനായ മർഹൂം സയ്യിദ് ബുഖാറയിൽ ഹിബ്ബത്തുള്ള തങ്ങളും, പാടൂരിലെ വളപ്പിലെ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന മർഹൂം, അല്ലാമാ സയ്യിദ് ബുഖാറയിൽ ഫഖ്റുദ്ധീൻ തങ്ങളും ആ തലത്തിൽ വളരെ പ്രശസ്തരാണ്. ഇവരുടെ തലമുറയിൽ നിന്നാണ് മർഹൂം എസ്.എം മുസ്സൽ കാസിം തങ്ങളും, മർഹൂം ഹാഷിം തങ്ങളും, മർഹൂം വള്ളാഹി കോയക്കുട്ടി തങ്ങളും. പിന്നെ ഞങ്ങളുടെ ഗ്രാമത്തെ ഉന്നതങ്ങളിലേക്ക് കൊണ്ടുപോയ മർഹൂം ബി.വി സീതി തങ്ങളും കടന്നുവന്നത്.

ഇനി ഞാൻ പോവുകയാണ് മഹാനായ എന്റെ നാടിന്റെ ആ നായകനിലേക്ക് ഇത് ഞാൻ കണ്ടതും കേട്ടതുമായ ഓർമ്മയിലെ അറിവുകളാണ് വായിച്ചു

(44)

"മഹാനായ ഉമർ (റ) ലോകം കണ്ട ഏറ്റവും വലിയ പ്രതിഭാസമ്പന്ന
വിവിധ തുറകളിൽ പ്രസിദ്ധരായിത്തീർന്ന അനേകം മഹാന്മാർ ചേർന്നാൽ ഒരു
ഉമറാവുകയില്ല. ബഹുമുഖങ്ങളായ കഴിവുള്ള ഒരു സമൂർത്ത രൂപം എന്ന്
ചുരുക്കത്തിൽ അദ്ദേഹത്ത വിശേഷിപ്പിക്കാം".

"കേര വൃക്ഷങ്ങൾ ഇടതിങ്ങിയ
ശീതള ശാദ്വലങ്ങളിൽ
സുഖിക്കും: ഹേ; പാടൂർ ദേശമേ
എന്തു കൊണ്ട് നീയൊരു കൊച്ചു
കോയ തങ്ങളെ ഉയർത്തുന്നില്ല വീണ്ടും."
(---------------------------)

നാഥാ. പ്രവാചകന്മാരിൽ ദൃഢചിത്തരും ഇല്ലാത്തവരുമുണ്ടല്ലോ. അവരെല്ലാം നിനക്ക് പ്രിയപെട്ടവരാണല്ലോ. അതുപോലെ ക്ഷമാശീലരും അല്ലാത്തവരുമുൾക്കൊള്ളുന്ന നിന്റെ ദാസന്മാർക്ക് അഖിലം നീ നരകമുക്തി നൽകി അനുഗ്രഹിച്ചാലും.

(46)

<u>മൊയ്നു കരിപ്പായിൽ</u>

ആദരണീയ വ്യക്തിത്വം🙏

.... ജനാബ് കൊച്ചു കോയ തങ്ങൾ അക്ഷരാർത്ഥത്തിൽ പാടൂരിന്റെ നിറസാന്നിദ്ധ്യം തന്നെയായിരുന്നു.❤️ 1962.ൽ വെങ്കിടങ്ങ് പഞ്ചായത്തിലേയ്ക്ക് എതിരില്ലാതെയാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത് എന്നാണ് ഞാൻ കേട്ടിട്ടുള്ളത്.👍 ഏറെ തെറ്റിദ്ധരിക്കപ്പെട്ട വ്യക്തി വിശേഷമാണ് അദ്ദേഹത്തിൽ ചാർത്തപ്പെട്ടത്. അതിൽ പലതും വസ്തുതങ്ങൾക്ക് നിരക്കുന്നതായിരുന്നില്ല. 🌹ചെറിയ ഉദാഹരണം ഇങ്ങിനെ പരാമർശിക്കുന്നു. എന്റെ പിതൃ സഹോദരൻ. കെ.കെ. മുഹമ്മദാലിയും തങ്ങളും ദർസ്സിൽ ഓതി കൊണ്ടിരിക്കുന്ന കാലത്താണ് ആറ്റകോയ തങ്ങളുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രഹസ്യ യോഗം അഥവാ പഠന ക്ലാസ് നടക്കുന്നത് ജനാബ് തങ്ങൾ നിർബന്ധിച്ച്എന്റെ കുഞ്ഞുപ്പാനെ കൊണ്ടുപോകാൻ ശ്രമിക്കുമെത്രെ അതിന് കാരണം ആറ്റകോയ തങ്ങളുടെ വീട്ടിൽ നിന്ന് ഇറച്ചിയും പത്തിരിയും കൊണ്ടുവരും നമ്മുക്ക് അത് കഴിക്കാം നമ്മൾ അവരുടെ പാർട്ടിയിൽ ചേരാനല്ലലോ പോകുന്നത് എന്ന് പറഞ്ഞിട്ടാണ്തന്നെ കൂട്ടി കൊണ്ടുപോയിരുന്നത് എന്ന്കുഞ്ഞു പ്പ പലകുറിഎന്നോട് പറഞ്ഞത് ഇപ്പോൾ ഞാൻ ഓർത്തെടുക്കുന്നു.🙏 പിന്നീട് ആ പ്രസ്ഥാനത്തിൽ താൻ ആ കൃഷടനായപ്പോൾ തനിയ്ക്ക് അതിൽ വിശ്വാസമാണെങ്കിൽ അതുമായി മുന്നോട്ട് പോകുന്നതിൽ യാതൊരു തടസ്സവുമില്ലായെന്ന് തങ്ങൾ പറഞ്ഞ കാര്യം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.👍 തമാശരൂപത്തിൽ തങ്ങളുടെ സവിധത്തിൽ തന്നെ അദ്ദേഹം ഇങ്ങിനെ പറയും.,,തങ്ങൾപത്തിരിയിലും

ഇറച്ചിയിലും ശ്രദ്ധിച്ചപ്പോൾ ഞാൻ പറയുന്ന കാര്യത്തിൽ ശ്രദ്ധിച്ചു😂 ഞാൻ പറഞ്ഞു വെയ്ക്കുന്നത് ജനാബ് തങ്ങൾ തികഞ്ഞ ജനാധിപത്യ വാദിയായിരുന്നു എന്ന് രേഖപ്പെടുത്താൻ വേണ്ടിയാണ്.🙏 വ്യക്തിപരമായ വിഷയങ്ങൾ അടങ്ങുന്ന സംഘർഷങ്ങളെ മാത്രംപരാമർശിച്ച് ജനാബ്ങ്ങളെ വിലയിരുത്തുന്നത് ചരിത്ര നിഷേധമായിരിക്കും🙏. അദ്ദേഹം നല്ലൊരു വായനാ തല്പരനായിരുന്നു.. ഒരിക്കൽ പാടൂർഹൈസ്കൂളിന് മുൻ വശമുള്ള ഞങ്ങൾ നേതൃത്വം കൊടുത്തിരുന്ന ഗ്രാമീണ വായനശാല സന്ദർശിക്കാൻ തങ്ങൾ എത്തി. ബഹുമാനപുരസ്സരം ഞങ്ങൾഅദ്ദേഹത്തെ സ്വീകരിച്ചു.❤️ പുസ്തകൂട്ടങ്ങൾകിടയിൽ നിന്ന്,,,ഡോക്ടർ സുകുമാർ അഴീകോട് രചിച്ച ഭാരതീയ ഇതിഹാസ ദർശനങ്ങളെ അധികരിച്ച്,തത്വമസി, എന്ന തത്വചിന്താ ഗ്രന്ഥം,, അദ്ദേഹം എടുത്തിട്ടു പറഞ്ഞു ഇതു ഞാൻ കൊണ്ടുപോകുന്നു. പലയിടത്തായി ഞാൻ അന്വോഷിക്കുന്നു വായിച്ചിട്ട് തിരിച്ചെത്തികാമെന്ന് പറഞ്ഞു തങ്ങൾ യാത്രയായപ്പോൾ സത്യത്തിൽ ഞങ്ങൾ അദ്ഭുതപ്പെട്ടു ജനാബ് തങ്ങളെ കുറിചുള്ള തെറ്റായ ധാരണ അതോടെ തിരുത്ത പ്പെടുകയായിരുന്നു. 🙏എന്റെ പിതാവിനും അമ്മാവന്മാർ ഉൾപ്പടെ എല്ലാവർക്കും വലിയ രീതിയിലുള്ള സൗഹൃദമുണ്ടായിരുന്നുജനാബ് തങ്ങളുമായിഎന്റെ മൂത്ത സഹോദരിമാർക്ക് തങ്ങളുടെ പെൺമക്കളുമായി നിഷ്കളങ്കമായ ആത്മബന്ധമായിരുന്നു. അതുകൊണ്ട് തന്നെയാണ്എന്റെ വീട്ടിലെ വിവാഹ ചടങ്ങിൽ തങ്ങളുടെ സഹധർമിണി പങ്കെടുത്തിരുന്നു.🙏 ആ കാലഘട്ടങ്ങളിൽ,,,,ബീമാർ,,,പൊതുവെ സാധാരണ,,മലബാരി,, വിവാഹങ്ങളിൽ പങ്കെടുക്കുക പതിവുള്ളതല്ല.. കുടുംബങ്ങൾ തമ്മിലുള്ള ബന്ധം എത്ര ആഴമേറിയതാണെന്ന് അറിയാൻവേണ്ടി മാത്രം പരാമർശിച്ചതാണ് തികച്ചുംവൈയക്തികമായ ഇത്തരം കാര്യങ്ങൾ❤️ അവസാനമായി പൊതു പ്രശ്നത്തിൽ തങ്ങളുടെ സഹായം തേടിയ സന്ദർഭം ഞാനിന്ന് ഓർത്തെടുക്കുന്നു. എന്റെ വീടിനടുത്തുള്ള പെൺകുട്ടിയ്ക്ക് പാലക്കാട് നിന്ന് വന്ന വിവാഹ ആലോചന ചെറുക്കന്റെ രണ്ടാം വിവാഹ മായതു കൊണ്ട് നിയമപ്രശ്നം ഉണ്ടെന്ന കാരണത്തിൽ പള്ളി കമ്മറ്റി അനുമതി നിഷേധിച്ചപ്പോൾ ആ കുടുംബാംഗങ്ങൾ ഉൾപടെ ഞാനും തങ്ങളെ സന്ദർശിച്ചു വസ്തുതങ്ങൾഎല്ലാം എന്നോട് ചോദിച്ചറിഞ്ഞ തങ്ങൾ അവരോട് വൈകിട്ട് പള്ളി പരിസരത്ത് എത്താൻ പറഞ്ഞു. എന്നോട് അവിടെ നില്ക്കാൻ പറഞ്ഞു. കൂടുതൽ കുടുംബ വിശേഷങ്ങളും പ്രവാസ വിശേഷങ്ങളും ചോദിച്ചറിഞ്ഞു. മകളുടെ വീട്ടിൽ വിശ്രമിക്കുകയായിരുന്നുആ ഘട്ടത്തിൽ ജനാബ് തങ്ങൾ. 1980 ൽ തങ്ങൾ ഉൾപ്പെടുന്ന മുന്നണി സ്ഥാനാർത്ഥി.എൻ.ഐ. ദേവസി കുട്ടി പരാചയപ്പെട്ട സന്ദർഭത്തിലും ജനാബ് തങ്ങൾ അക്ഷോഭ്യനായിരുന്നു. യഥാർത്തത്തിൽഅർഹിച്ച അംഗീകാരം ലഭിക്കാതെ പോയി ജനാബ് തങ്ങൾക്ക് എന്ന് തന്നെയാണ് എന്റെപക്ഷം.🌹 എന്റെ പിതൃ സഹോദരൻ സഖാവ്.കെ.കെ. മുഹമ്മദാലിയ്ക്ക്ശേഷം പഞ്ചായത്ത് പ്രസിഡണ്ട് ആകേണ്ടിയിരുന്നത് ജനാബ് തങ്ങളായിരുന്നു. അങ്ങിനെയായിരുന്നു ധാരണ അതും അട്ടിമറിക്കപ്പെട്ടു. കൂടാതെ ആദ്യത്തെ തൃശൂർ ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ മത്സരികേണ്ടിയിരുന്നത് തങ്ങളായിരുന്നു. അവിടെയും അദ്ദേഹം വഞ്ചിക്കപ്പെട്ടു. അതിന് പുറകിൽ ഏത് പാർട്ടി ഏത് വ്യക്തി എന്നത് ഈ ഘട്ടത്തിൽ അനുചിതമായതുകൊണ്ട് മാത്രം പരാമർശവിധേയമാക്കുന്നില്ല.🙏 കൂടാതെ ഇത്രത്തോളം ജനകീയനായ ഈ നേതാവിന് കേബിനറ്റ് റാങ്ക് ഉള്ള ബോർഡ് പദവിയോ, കോർപ്പറേഷൻ

പദവിയോ ലഭിച്ചില്ല എന്നത് ഞാൻ ഉൾപ്പെടുന്നവരുടെ മനസ്സിലെ ചോദ്യചിഹ്നമായി ഇപ്പോഴും അവശേഷിക്കുന്നു. ഒരു പാട് ചരിത്ര മുഹൂർത്തങ്ങൾക്ക് നേതൃത്വം വഹിച്ച ജനാബ് കൊച്ചു കോയ തങ്ങളുടെ ഓർമ്മ കൾക്ക് ഹൃദയത്താൽ ആദരവ് അർപ്പിക്കുന്നു.🙏 പ്രാർത്ഥനാപൂർവ്വം👐

,, മൊയ്തു. പി.കരിപ്പായിൽ



<u>ആർ പി സിദ്ധിഖ് സാഹിബ്</u>

രാഷ്ട്രീയ, സാമൂഹിക, കായിക, മത, വദ്യാഭ്യാസ മേഖലകിൽ പ്രവർത്തിച്ച് നേതൃ സ്ഥാനങ്ങൾ നേടിയെടുത്ത തലയെടുപ്പുള്ള വ്യക്തിത്തം, അതായിരുന്നു മർഹൂം ഹൈനുലാഭിദീൻ എന്ന കൊച്ചുകൊയ തങ്ങൾ.കേരളത്തിൽ മുസ്ലിംലീഗ് എന്ന രാഷ്ട്രീയ പാർട്ടിക്ക് അടിത്തറ ഭദ്രമാക്കാൻകഴിഞ്ഞതിൽ തങ്ങൾ കുടുംബങ്ങളുടെ പങ്ക് വലുതാണ് എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യം. നമ്മുടെ പാടൂരിൽ ആ സംഘടന പടർന്നുപന്തലിക്കാൻ കാരണക്കാർ തങ്ങൾ കുടുംബക്കാരായ സീതിതങ്ങൾ, മൂസൽക്കാസിം എന്ന കോയമ്മതങ്ങൾ, കൊച്ചുകൊയ തങ്ങൾ തുടങ്ങിയവരുടെ നേതൃത്വം തന്നെ.💗....... എഴുപത്തിമൂന്നാം ഭരഘടനാഭേദഗതിക്ക് മുൻപ് നടന്ന ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ച തങ്ങൾ അടങ്ങുന്ന പഞ്ചായത്ത് സമിതികളുടെ കാലാവധി പലതവണ നീട്ടിക്കൊണ്ടിരുന്നു. ആ ആനുകൂല്യം തങ്ങക്കും കിട്ടി ....💗 ആദ്യകാലങ്ങളിൽ ജില്ലാത്തലത്തിലുള്ള പ്രവർത്ഥനങ്ങളിൽ കൊച്ചുകോയതങ്ങൾ താല്പര്യം കാണിച്ചിരുന്നില്ല, ഒരുവേള ജനങ്ങൾ സമ്മതിച്ചില്ല. കാരണം, അവർക്ക് തങ്ങളെ മേൽക്കമ്മറ്റിക്ക് വിട്ടുകൊടുക്കാൻ സമ്മതമല്ലായിരുന്നു. ചാവക്കാട് താലൂക്കിന്റെയും മണലൂർ മണ്ഡലത്തിന്റെയും അന്നത്തെ സാഹചര്യം അത്ര സംഘർഷം നിറഞ്ഞതായിരുന്നു.💗മരണപ്പെടുന്നതിന് മൂന്നു പതിറ്റാണ്ട് മുൻപാണ് കൊച്ചുകൊയതങ്ങൾ ജില്ലാ കമ്മയിൽ സജീവമാകുന്നത്. പലതവണ ജില്ലാ പ്രസിഡണ്ട് സ്ഥാനം അദ്ദേഹത്തെ തേടിയെത്തി. കേച്ചേരിയിലെ അൽ ആമീൻ സ്കൂൾ എം. ഐ.സി.ഏറ്റെടുത്തപ്പോൾ വര്ഷങ്ങളോളം കൊച്ചുകൊയതങ്ങൾ സ്കൂൾ മേനേജറായി സേവനം നടത്തി. തന്റെ വാർദ്ധക്യകാലത്ത് ദിവസേന കേച്ച്ചേരിയിൽ എത്തി സ്കൂളിന്റെ ദൈനദിന പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ചു.💗കൊച്ചുകൊയ തങ്ങൾ പങ്കെടുത്ത പല അനുരഞ്ജന ചർച്ചകളിലും പങ്കെടുക്കാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചു. തൃശൂർ നാഷണൽ ടൂരിസ്റ്റ് ഹോമിലും, കൊക്കാലയിലെ ലീഗ് ഓഫിസിലും വെച്ചു നടന്ന മസ്‌ലഹത്ത് ചർച്ചകൾ ഇപ്പോഴും ഓർമയിലുണ്ട്. ആരുടെ പ്രകോപനം നിറഞ്ഞ വസക്കുകളിലും പതറാതെ വിഷയം വഴിമാറിപ്പോകാൻ അനുവദിക്കാതെ ഒത്തുതീർപ്പിന്റെ മാർഗത്തിലൂടെ മാത്രം ചർച്ചയെ നയിക്കാൻ അദ്ദേഹത്തിന്റെ കഴിവ് അനുഭവിച്ചറിയാൻ സാധിച്ചു. അനുഭവങ്ങൾ അദ്ദേഹത്തിന് നേതൃ രംഗത്ത് ഏറെ സഹായകമായി. ഭൗതിവും മതപരവുമായ നല്ല വിവരം അദ്ദേഹത്തിനുണ്ടായരുന്നു. 💗

അൻസാരിയ ട്രസ്സ്റ്റ്, പുളിക്കക്കടവ് പാലം, ഹെൽത്ത് സെന്ററ്, ഇടിയഞ്ചിറപാലം, ഏനാ മ്മാവ് -ചക്കംകണ്ടം റോഡ് വികസനം, അലീമുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂൾ, മഹല്ല് മസ്ജിദ്, ത അലീമുൽ ഇസ്ലാം മദ്രസ്സ, അതിന്റെ ബ്രാഞ്ചുകൾ എല്ലാറ്റിലും കൊച്ചുകൊയ തങ്ങളുടെ കയ്യൊപ്പുണ്ട്.എല്ലാവരും അറിയുന്ന തങ്ങളെ കുറിച്ചുള്ള കുറിപ്പിൽ ഉൾപെടുത്താതെ പോയ കാര്യങ്ങൾ ഒത്തിരി ഉണ്ടാവും. മനപ്പൂർവമല്ല. സദയം ക്ഷമിക്കുക 🙏കൊച്ചുകൊയതങ്ങൾക്കും നമ്മിൽ നിന്ന് വിട്ടുപിരിഞ്ഞ മഹത്തുക്കൾക്കും അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകട്ടെ. അവരെയും നമ്മ ളെയും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടട്ടെ. ആമീൻ.💗

<u>ആർ വി ഉമ്മർ സാഹിബ്</u>

സഹോദരൻ ജ. മൊയ്ദു എഴുതിയതിന് തുടർച്ചയായി...

നമ്മൾ ഇവിടെ പ്രതിപാദിക്കുന്ന തലമുറയുടെ സമൂഹ്യ പരിസ്ഥിതി കൂടി മനസ്സിലാക്കാതെ ഈ വ്യക്തികളെ നമുക്ക് ശരിയായി പരിചയപ്പെടാനോ പരിചയപ്പെടുത്താനോ സാധിക്കില്ല എന്ന് തോന്നുന്നു. അവരുടെ ആയുസ്സിൽ നാട്ടിലെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ സമൂലമായ, സമഗ്രമായ മാറ്റങ്ങൾക്കാണ് അവർ സാക്ഷ്യം വഹിച്ചിട്ടുണ്ടായത്.

1963 ലെ ലാൻഡ് റിഫോം ആക്ട് വരുത്തിയ സാമൂഹ്യമായ മാറ്റങ്ങൾ, 60-കളിൽ തുടങ്ങിയ ഗൾഫ് കുടിയേറ്റവും ആ കുടിയേറ്റത്തിന്റെ ഭാഗമായി നാട്ടിലുണ്ടായ അനുരണങ്ങളും - ഹൈസ്കൂൾ കഴിഞ്ഞു ഉന്നത വിദ്യാഭ്യാസം നേടിയിരുന്ന യുവതലമുറ വ്യാപകമായതു അടക്കം - വിദ്യാഭ്യാസത്തിൻറെ, വായനയുടെ വാതായനങ്ങൾ വഴി കരസ്ഥമായ അവരുടെ പുതിയ മൂല്യങ്ങൾ തികച്ചും പരമ്പരാഗത സമൂഹത്തിലുണ്ടാക്കിയ ആശയക്കുഴപ്പങ്ങൾ, ആശയ സംഘർഷങ്ങൾ.

ഇതിനിടയിൽ, സമൂഹത്തിലെ കാലികമായ മാറ്റങ്ങൾ തികച്ചും ജനാതിപത്യപരമായി ഉൾക്കൊള്ളാൻ ബഹുമാനപ്പെട്ട തങ്ങൾ ശ്രദ്ധിച്ചിരുന്നു എന്നാണ് വ്യക്തിപരമായ എന്റെ അഭിപ്രായം.

ഞാൻ ഖത്തറിൽ ആയിരുന്ന കാലത്ത് അവിടത്തെ പ്രവാസികൾ ഫിത്തർ സക്കാത്ത് അവിടെ നിന്നു പിരിവ് നടത്തി നാട്ടിൽ വിതരണം ചെയ്യുന്നതിന് ജമാഅത്ത് കമ്മിറ്റിയുടെ സഹകരണം തേടിയ സമയത്ത് അത് ഉറപ്പാക്കിയത് ബഹുമാനപ്പെട്ട തങ്ങളുടെ ഇടപെടലായിരുന്നു.

ലത്തീഫ് സാഹിബ് പറഞ്ഞതുകൂടാതെ, വ്യക്തിപരമായ വലിയ ദുഃഖങ്ങൾ വേറെയും നേരിട്ട ആളായിരുന്നു അദ്ദേഹം. താമസിച്ചിരുന്ന വീട് കത്തിനശിച്ചു പോയത് നാട്ടിലെ അന്നത്തെ വലിയ ദൗർഭാഗ്യ സംഭവങ്ങളിൽ ഒന്നായിരുന്നു. എന്തിനോ വേണ്ടി സൂക്ഷിച്ചിരുന്ന വലിയൊരു സംഖ്യയും അതിനൊപ്പം നഷ്ടപ്പെട്ടതായി കേട്ടിരുന്നു. എടുത്തു പറയേണ്ട സമചിത്തത, മനസ്സാന്നിധ്യം എന്നിവ അദ്ദേഹത്തിന്റ ഗുണങ്ങളായിരുന്നു.

അല്ലാഹു അദ്ദേഹത്തിന് സ്വസ്ഥമായ പരലോക ജീവിതം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

അമീറുദ്ധീൻ കെ എം

മർഹും സൈനുൽ ആബിദീൻ തങ്ങൾ:

പാടൂർ എന്ന പ്രദേശത്തിന് പ്രശസ്തിയും അഭിമാനവുമായി ജില്ലയിൽ തന്നെ അറിയപ്പെട്ടിരുന്ന മഹൽ വ്യക്തി, നേതൃപാടവം കൊണ്ടും ദീരമായ തീരുമാനങ്ങൾ എടുക്കുവാനും അത് അനുസരിക്കപ്പെടുന്ന ഒരു സമൂഹം കൂടെ ഉള്ള കാലഘട്ടത്തിലൂടെ നാടിനേയും സമൂഹത്തേയും നയിക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. പല പ്രദേശങ്ങളിലേയും പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവർ സമീപിച്ചിരുന്നത് തങ്ങളെ ആയിരുന്നു.

പാടൂർ ജമാഅത്തിന്റെ പ്രസിഡന്റ് ആയിട്ട് തങ്ങൾ വഹിച്ചിരുന്ന രണ്ട് ടേമിൽ ഞാൻ മെമ്പർ ആയിട്ടുള്ളപ്പോൾ , പലരും നേരിട്ട് പറയാൻ മടിച്ചിരുന്ന കാര്യങ്ങൾ തങ്ങളുടെ മുന്നിൽ അവതരിപ്പിക്കുവാനും അത് നല്ല രീതിയിൽ തീരുമാനിക്കുവാനും കഴിഞ്ഞിരുന്നു. തങ്ങൾ ഉള്ളപ്പോൾ മര്യാദ യില്ലാതെ സംസാരിക്കരുത് എന്ന് പറഞ്ഞ് എന്നെ പലരും നിരുൽസാഹപ്പെടുത്തുക പോലും ഉണ്ടായിരുന്നു. പക്ഷേ കാർകശ്യ സ്വഭാവം ഉണ്ടായിരുന്നെങ്കിൽ പോലും കാര്യങ്ങളെ കുറിച്ച് മനസ്സിലാക്കി അതിനനുസരിച്ച് തീരുമാനങ്ങൾ എടുക്കുന്ന സ്വഭാവം ഉള്ളത് കൊണ്ട് പിന്നീട് ഒരു സുഹൃത്തിനെ പോലെ ആണ് എന്നോട് പെരുമാറിയിരുന്നത്. കമ്മറ്റി മീറ്റിങ്ങുകളിൽ പല സമയത്തും തർക്കങ്ങളിൽ ഏർപ്പെട്ടു എങ്കിലും വളരെ സ്നേഹത്തോടെ പെരുമാറിയിരുന്ന വ്യക്തിത്വം. ഉറച്ച തീരുമാനങ്ങൾക്ക് മുൻ ഗണന കൊടുത്തിരുന്ന അദ്ദേഹത്തിന്റെ വിയോഗത്തിന്റെ ശേഷം പാടൂരിനും പരിസര പ്രദേശങ്ങൾക്കും നഷ്ടപ്പെട്ടത് വലിയ ഒരു നേതൃത്വം ആണ്. ആ വിടവ് ഒരിക്കലും നികത്താൻ പിൻ തലമുറക്ക് സാധിച്ചിട്ടില്ല എന്ന് പറയാം. അള്ളാഹു അദ്ദേഹത്തിന്റെ എല്ലാ സൽ പ്രവൃത്തികൾക്കും അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ, ബർസഖിയായ ജീവിതം സന്തോഷത്തിലും സുഖത്തിലും ആകട്ടെ. സ്വർഗ്ഗം നൽകി അനുഗ്രഹിക്കുന്ന കൂട്ടത്തിൽ അവരേയും നമ്മേയും അള്ളാഹു ഉൾപ്പെടുത്തു മാറാകട്ടെ . ആമീൻ.

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/ircwyDQGB1g?si=A_SzfCnLSH_pYqFP

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/NjSDXCIkhHc?si=TFOPL-CKVRNASQIr

തമീം ഷമീം ശബ്ദ സന്ദേശം

https://youtube.com/shorts/LVmTTtCeF7c?si=nMCpE_8LnKoTrrnX

26 Dec 2025

Episode-6

<u>മർഹുമാ ഹഫ്സ അബ്ദുൽ റഹ്മാൻ സാഹിബ കേലാണ്ടത്ത്</u>



നാട്ടിലെ സാമൂഹിക ജീവിതത്തിൽ അനുകമ്പയും സേവന മനോഭാവവും നിറഞ്ഞ സാന്നിധ്യമായി നിലകൊണ്ടിരുന്ന വ്യക്തിത്വമായിരുന്നു മർഹൂം ഹഫ്സ അബ്ദുൽ റഹ്മാൻ സാഹിബ കേലാണ്ടത്ത്. മതഭേദമന്യേ ഏവർക്കും സഹായഹസ്തം നീട്ടുകയും, നന്മകൾ മാത്രം ചെയ്ത് അള്ളാഹുവിന്റെ പ്രീതിയോടെ ജീവിതം നയിക്കുകയും ചെയ്ത സാഹിബയുടെ ജീവിതം സമൂഹത്തിന് ഒരു മാതൃകയായിരുന്നു. അള്ളാഹുവിന്റെ വിളിക്കുത്തരം നൽകി നമ്മളിൽ നിന്ന് പിരിഞ്ഞുപോയ നമ്മുടെ ആദരത്തിനർഹയായ ആ സാഹിബയുടെ സ്മരണകളും, അവരോടൊപ്പം നമുക്ക് പങ്കുവെക്കാനുള്ള അനുഭവങ്ങളും ആണ് ഇന്ന് നമ്മൾ അനുസ്മരണ വേളയിൽ ആദരപൂർവ്വം ഓർക്കുന്നുത്. اللهم أدخلها الجنة بغير حساب അല്ലാഹുവേ, കണക്കെടുപ്പില്ലാതെ അവരെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കേണമേ.. آمين 🤲 يارب العالمين

അഡ്മിൻ പാനൽ

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtube.com/shorts/4fyiKVYN4Pc?si=sTc-CMvyxrexBm6n

ഉസ്താൻ തറയിൽ

"മരിച്ചയുടനെ നിങ്ങൾ മറക്കപ്പെടാതിരിക്കാൻ ഒന്നുകിൽ വായിക്കാൻ കൊള്ളാവുന്നവ വല്ലതും എഴുതുക, അല്ലെങ്കിൽ എഴുതാൻ കൊള്ളാവുന്നവ ചെയ്യുക"

-ബെഞ്ചമിൻ ഫ്രാങ്ക്ലിൻ

ഈ വരികൾ ഞാനിന്ന് ഓർക്കുന്നത് അള്ളാഹുവിന്റെ വിളിക്കുത്തരം നൽകി അവനിലേക്ക് തിരിച്ചു പോയ ഹഫ്സത്ത് എന്ന ഇത്തയെകുറിച്ച് നാലു വാക്ക് എഴുതാനിരിക്കുമ്പോഴണ്. കാരുണ്യം ദയ , സ്നേഹം ഇതെല്ലാം ഒരു മനസ്സിന്റെ ഉള്ളിൽ നിന്നും തന്റെ സഹജീവികളിലേക്കെത്തിക്കുകയും അവിടെ മനുഷ്യരെ വേർതിരിവില്ലാതെ കാണാൻ കഴിഞ്ഞു എന്നുള്ളതും എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം തന്നെയാണ്.

കനിവിന്റെ കടലായി ഓരോ പാടൂർക്കാരുടെയും അടുത്തേയ്ക്ക് അവരെത്തുമ്പോൾ ആശ്രയത്തിന്റെയും ആശ്വാസത്തിന്റെയും ആ സുഗന്ധമറിയാത്തവർ പാടൂരിൽ വിരളമായിരിക്കും. വിശേഷിച്ചും വീട്ടമ്മമാരിൽ.

ദീർഘകാലമായി പ്രവാസിയായ ഞാനും ഭാര്യ ഹസീനയും മകനും കൂടി ലീവിന് നാട്ടിൽ വന്ന നാൾ ഏറെ കാലത്തെ പരിചയവും സ്നേഹവുമുള്ള കേലാണ്ടത്ത് അബ്ദുറഹ്മാൻക്ക ഞങ്ങളെ ഒരു നേരം വീട്ടിലേക്ക് ക്ഷണിച്ചു. അന്നാ വീട്ടിൽ നിന്ന് ഹഫ്സത്ത ഞങ്ങൾക്കായി വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കിത്തന്നു ഞങ്ങളെ യാത്രഅയക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു സന്തോഷം എന്റെ ഭാര്യ പങ്കുവയ്ക്കുകയുണ്ടായി.

അന്നാണ് സത്യത്തിൽ ഞാൻ ഹഫ്സത്ത് എന്ന ഇത്തയെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും.ഈ കൂടിക്കാഴ്ച്ച കഷ്ടിച്ച് മൂന്നു വർഷങ്ങൾക്ക് മുമ്പാണ് എന്നാണെന്റെ ഓർമ. പിന്നീട് ഭാര്യ ഹസീന ഹഫ്സത്തയുടെ ഉറ്റ സുഹൃത്തും പറഞ്ഞറിയിക്കാനാവാത്ത വിധം സഹോദര്യ ബന്ധത്തിലുമായി.തുടന്ന് നിരന്തരം അവർ തമ്മിൽ ആശയവിനിമയം നടത്തികൊണ്ടിരുന്നു. അവയിൽ കൂടുതലും ദീനീ വിഷയങ്ങളായിരുന്നു എന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്.

ഹഫ്സത്താക്ക് മാറി മാറി അസുഖങ്ങൾ ഇടയ്ക്കിടെ വരാറുണ്ട് എന്ന വിവരമൊക്കെ അബ്ദുൽ റഹുമാൻ ക്കയുമായുള്ള സംഭാഷണങ്ങളിൽ ഞാനറിയാറുണ്ട്. അതങ്ങ് ഭേദമായെന്നും പറയാറുണ്ട്. ഏതായാലും ജീവിച്ചിരുന്ന കാലമത്രയും സ്വന്തമായ അസുഖം മറച്ചുവച്ച് ദീനിയായ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ഹഫ്സത്ത് ഇത്തയുടെ ഖബർ വിശാലമാക്കി അള്ളാഹു അവർക്ക് സ്വർഗ്ഗപൂങ്കാവനം നൽകുമാറാകട്ടെ, ആമീൻ. ഹഫ്സത്ത് ഇത്ത നമ്മളെവിട്ട് പോയതിനുശേഷം അനുശോചനാർത്ഥം ഒരു ഗൂഗിൾ മീറ്റ് സംഘടിപ്പിക്കുകയുണ്ടായി. വിവിധ ദേശങ്ങളിൽ നിന്നും രാജ്യങ്ങളിൽ

നിന്നും പല മേഖലയിലും പ്രവർത്തിക്കുന്ന ഒരുപാട് ആളുകൾ അതിൽ പങ്കെടുത്തിരുന്നു. എനിക്കും അതിൽ പങ്കെടുക്കാൻ സാധിച്ചു. പലരുടെയും വാക്കുകൾ അക്ഷരാർത്ഥത്തിൽ മനസ്സിൽ തട്ടിയ വിങ്ങലുകളായിരുന്നു.

ഇടക്കെപ്പഴോ ചിലരുടെ കണ്ഠമിടറി വാക്കുകൾ കണ്ണുനീരായി പ്രവഹിക്കുന്നത് കണ്ടപ്പോൾ കരയരുത് എന്ന് എപ്പോഴും എല്ലാവരോടും പറഞ്ഞിരുന്ന എന്റെയും കണ്ണു നിറഞ്ഞു.

പലരും പറയാറില്ലേ മരിച്ചു കഴിഞ്ഞാലേ അവരുടെ നന്മകൾ പുറത്തു വരൂ എന്ന്. എത്ര ശരിയാണത് ചിലർ ഓർക്കാൻ വിട്ടു പോയതാവാം. അവിടെ പങ്കെടുത്തവരിൽ പലരും സഹോദര മതങ്ങളിലുള്ളവരായിരുന്നു. ജാതി മത ഭേതമന്യേ സ്വന്തം സത്വത്തിലും താൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രത്തിലും ഉറച്ചുനിന്നുകൊണ്ടുതന്നെ മനുഷ്യരെ ഒന്നായി കാണാനും അവരെ ചേർത്തു നിർത്താനും ഹഫ്സത്ത് ഇത്ത കാണിച്ചുതന്ന ആ പാത നമ്മൾ ഓരോരുത്തർക്കും മാതൃകയണ്. " ഈ മീറ്റിൽ പങ്കെടുത്തില്ല എങ്കിൽ ഇത്രയും ആഴത്തിൽ മനുഷ്യ മനസ്സിനെ സ്നേഹിച്ചിരുന്ന ഒരാളെ കാണതെ പോകുമായിരുന്നു ". ഞാനറിയുന്ന ഒരാൾ പിന്നീട് ഫോണിൽ വിളിച്ച് എന്നോട് ഇത് പറഞ്ഞപ്പോൾ എന്റെ മനസ്സിൽ തോന്നിയത് ഇനിയും കുറേയേറെ ജീവിക്കണ്ടവരായിരുന്നു ഹഫ്സത്ത് ഇത്ത.

ചെറിയ അസുഖബാധിത ആയായിരുന്നെങ്കിലും അതാരേയും അറിയിക്കാതെ ഈ സഹജീവി സ്നേഹം അവർ പ്രകടമാക്കിയിരുന്നത് വീട്ടിലെ അടുക്കള തോളത്തിൽ വിളയെടുത്ത പച്ചക്കറികൾ എന്റെ വീട്ടിലേയ്ക്കും അവർ കൊടുത്തു വിട്ടിരുന്നു.

"നമുക്കൊരാൾ നമ്മളെ ഓർക്കുന്നു എന്ന തെളിവ് ഇതിൽപരം എന്തു വേണം" ഒരു ദിവസം ഭാര്യ ഹസീന ഇതു പറഞ്ഞപ്പോൾ അന്നത്ര കാര്യമാക്കിയില്ലെങ്കിലും ഇന്ന് ഹഫ്സത്ത് ഇത്തയെ ഓർത്ത് പ്രാർത്ഥിക്കുന്നു നമുക്കതിനല്ലേ കഴിയൂ.. ഹഫ്സത്ത ഇന്ന് നമ്മളോടൊപ്പമില്ലെങ്കിലും മറക്കാനാവാത്ത ആ മുഖവും ജീവിതവും നമ്മുടെ മനസ്സിൽ എന്നും ഉണ്ടാവും..

-ഉസ്മാൻ തറയിൽ (അലൈൻ)

അബ്ദുൽ മജീദ് മുഹമ്മദ്

ഹഫ്സത്ത ... അല്ലാഹു സ്വർഗ്ഗത്തിൽ ഏറ്റവും ഉന്നതമായ ദറജ നൽകി അനുഗ്രഹിക്കട്ടെ. അല്ലാഹു ഏറ്റവും സ്നേഹിക്കപ്പെടുന്ന മഹതികളുടെ കൂട്ടത്തിൽ സ്ഥാനം നൽകി സന്തോഷിപ്പിക്കട്ടെ. ദുനിയാവിലെ ജീവിതം മുഴുവനും സഹജീവികൾക്ക് വേണ്ടി ഉഴിഞ്ഞു വെച്ച വ്യക്തിത്വം. തനിക്ക് ചുറ്റുമുള്ളവരുടെ വേദന സ്വന്തമെന്ന് കരുതിയ നമ്മുടെ ഹഫ്സത്താ.. ഇത്ത ആരെയെങ്കിലും പരിചയപ്പെട്ടാൽ അവർ ഏതെങ്കിലും തരത്തിൽ വിഷമമോ പ്രയാസമോ അനുഭവിക്കുന്നവരാണെങ്കിൽ ഇത്താടെ സംസാരത്തിലൂടെ ആ പ്രയാസം മനസ്സിലാക്കിയെടുത്ത് ആ പ്രയാസം മാറ്റിയെടുക്കാൻ തന്നെ കൊണ്ട് ചെയ്യാൻ പറ്റുന്നതെല്ലാം ചെയ്യുകയും ആയതിനു കഴിയുന്നവരെ കൊണ്ട് ആരുടെയും അഭിമാനത്തിന് കോട്ടം തട്ടാതെ ഇരു ചെവിയറിയാതെ

ആ പ്രയാസങ്ങൾക്ക് അറുതി വരുത്തിക്കുകയും ചെയ്യുക എന്നത് ഇത്താക് നിർബന്ധമുള്ള കാര്യമാണ്. എന്താണ് സാമൂഹിക പ്രവർത്തനം എന്ന ചോദ്യത്തിന് ഉത്തരമാണ് ഹഫ്സത്ത.. എങ്ങിനെയായിരിക്കണം ഒരു സാമൂഹിക പ്രവർത്തകൻ അല്ലെങ്കിൽ പ്രവർത്തക എന്നതിന് ഹഫ്സത്തയേക്കാൾ മികച്ച ഉദാഹരണം ഇല്ല.. നല്ലൊരു ദീനി പ്രവർത്തക എന്നതിന്റെ നേർരേഖയാണ് ഹഫ്സത്ത.. ഇത്താടെ പ്രവർത്തനങ്ങൾ കേവലം പാടൂരിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. അത് ജില്ലയും കടന്ന് ഇതര ജില്ലകളിലേക്കും പടർന്നു പന്തലിച്ചിരുന്നു. അതിൽ ജാതിയില്ല, മതവുമില്ല, രാഷ്ട്രീയമോ ഇല്ല തന്നെ.. പ്രയാസപ്പെടുന്നവരുടെ പ്രയാസം അകറ്റാൻ മരണം വരെ പ്രവർത്തിക്കുക എന്നത് ജീവിത ചര്യയാക്കി മാറ്റിയ വ്യക്തിത്വം.. അബ്ദുൽ റഹിമാനിക്ക എന്റെ ബന്ധുവാണ്. ആയതിൽ ഞാൻ ഏറ്റവും കൂടുതൽ അഭിമാനിക്കുന്നു. ഹഫ്സത്ത അബ്ദുൽ റഹിമാൻക്കാടെ സഹധർമ്മിണി ആയതിൽ ഏറെ അഭിമാനിക്കുന്നു. നിസ്വാർത്ഥ ജീവിതം നയിക്കുന്ന അബ്ദുൽ റഹിമാനിക്കയുടെ ഭാര്യയും അതെ വഴിയിൽ.. ഹഫ്സത്തയുടെ മരണം തീരാ നഷ്ടമാണ് ഒട്ടേറെ അശരണർക്ക്.. അല്ലാഹുവേ അവരുടെ കുടുംബത്തിന് നീ ക്ഷമ നൽകണമേ.. അവരുടെ മനസ്സിന് നീ ധൈര്യം നൽകണമേ.. ഇക്കഴിഞ്ഞ ദിവസം അബ്ദുൽ റഹിമാനിക്കയുമായി സംസാരിച്ചപ്പോൾ ആ വാക്കുകളിലെ പതറിച്ച ഞാൻ മനസ്സിലാക്കി.. ആ ഒരു ഒറ്റപ്പെടൽ നന്നായി ഇക്കാക്ക് അനുഭവപ്പെടുന്നുണ്ടെന്ന് സംസാരത്തിൽ നിന്നും ബോധ്യപ്പെട്ടു. നാഥാ ഇക്കാക്കും ഇവരുടെ കുടുംബത്തിനും ഹഫ്സത്തയെയും അബ്ദുൽ റഹിമാനിക്കയെയും സ്നേഹിക്കുന്നവർക്ക് ക്ഷമിക്കാനുള്ള തൗഫീക് നല്കണമേ..

മൊയ്തു. പി.കരിപ്പായിൽ

ജിവ കാരുണ്യത്തിന്റെ തൂവൽസ്പർശം🙏

''

ശ്രീമതി ഹഫ്സ അബ്ദുറഹ്മാൻ എന്ന വനിതയെ ആദരിക്കുമ്പോൾ ഞാനും ചില കാര്യങ്ങൾ ചേർത്തു വെയ്ക്കുന്നു. ജീവിതത്തിൽ ഒരു തവണ മാത്രമാണ് ഞാൻ ഇവരെ നേരിൽ കാണുന്നത്. അബ്ദുറഹ്മാൻക്ക. എന്റെ പഴയ കാല അയൽവാസിയും കുടുംബ സുഹൃത്തുമാണ്🙏 അദ്ദേഹം വിവാഹിതനായ സമയത്ത്എന്റെ ഉമ്മയെ കാണാൻ രണ്ട് പേരും വന്നിരുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അബ്ദുറഹ്മാൻക്ക എന്റെവീട്ടിൽ പലപ്പോഴായി വരികയും ഒരു പാട് നേരം പൊതു കാര്യങ്ങളും വ്യക്തിവിശേഷങ്ങളും പരസ്പരം പറയാറുണ്ട്. അദ്ദേഹത്തിന്റെ ആശയം എല്ലാവരെ പോലെ എനിയ്ക്കും അറിയുന്നതാണ്. ഞാൻ നാട്ടിൽ ഉള്ള സമയത്താണ് ഇദ്ദേഹത്തിന്റെ സഹധർമിണിയുടെ ദേഹവിയോഗം സംഭവിക്കുന്നത്. വിവരമറിഞ്ഞ് അനുശോ നവചനവുമായി ഞാനും അദ്ദേഹത്തെ സന്ദർശിച്ചു. അത് മാത്രമാണല്ലോ ? മനുഷ്യസാധ്യമായ കാര്യം. പിന്നീടാണ് അറിയാൻ കഴിഞ്ഞത്. അവർ ഒരു സാധാരണ വീട്ടമ്മയല്ല. ജന സേവനം,സഹജീവി സ്നേഹം, സാമൂഹ്യ പ്രവർത്തനം, തുടങ്ങിയവ ജീവിത വ്രതമാക്കിയ വിശുദ്ധയായ വനിതയാണെന്ന്.🙏 ഇതെന്നെഏറെ അൽഭുതപ്പെടുതി. ഏത് ആശയത്താൽ പ്രചോദിതയായി എന്നതിനേക്കാൾ

സ്ത്രികൾ വീട്ടമ്മമാരായി മാത്രം ഒതുങ്ങി കഴിയേണ്ടവരല്ല എന്ന സന്ദേശംകൂടി നമ്മുടെ പൊതുബോധത്തിന് നൽകി കൊണ്ടാണ് ആ മഹതി വിട വാങ്ങിയത് 👍സ്ത്രീ പക്ഷ രാഷ്ട്രീയത്തിനായിമുറവിളി കൂട്ടുന്ന ആധുനിക കാലത്ത് ജീവകാരുണ്യ പ്രവർത്തനത്തിന് സ്വജീവിതം തന്നെ സമർപ്പിച്ചു കൊണ്ടാണ് ആ മഹതി വിടവാങ്ങിയത്😭 പാടൂരെന്ന ഈ ഗ്രാമത്തിൻ്റെ ആദരവ്എല്ലാ അർത്ഥത്തിലും അവർ അർഹിക്കുന്നു.🙏 പ്രിയപ്പെട്ട അബ്ദുറഹ് മാൻക്ക.എല്ലാ വേർപാടുങ്ങളും അവരോടൊപ്പമുള്ളവർക്ക് അപരിഹാര്യമായ നഷ്ടംതന്നെ.ഒപ്പം ജീവിച്ച് കൊതി തിരാത്ത അങ്ങയുടെ ആത്മാവിൻ്റെ നൊമ്പരം ഞാനറിയുന്നു. 😭ഒരു ജനതപൂർണ്ണ മനസ്സോടെ അങ്ങയുടെ സഹധർമിണിയുടെ മഹിതമായ ഇന്നലെകൾക്ക് ആദരവ് നൽക്കുന്നുഎന്നത് വേർപാടിൻ്റെ ദുഃഖം പേറുന്ന അങ്ങയുടെ മനസ്സിനെ സാന്ത്യ നപ്പെടുത്തട്ടെഎന്ന് ഞാൻ ആശിക്കുന്നു.ഏത് ആശയത്തിൽ പ്രചോതിതമായിട്ടാണെന്നതല്ല അത് മാനവികതയെ എത്രതോളം ചേർത്തു നിറുത്തുന്നു എന്നതിനാണ് പ്രസക്തി. ❤️മത വിശ്വാസത്തിൽ അതിഷ്ഠിതമായ നാവോത്ഥാനത്തിന് നേതൃത്വം നൽകിയ പരേതയായ ഹഫ്സ അബ്ദുറഹ്മാൻ എന്ന നാടിൻ്റെ സഹോദരിയ്ക്ക് ഹൃദപൂർവ്വം ആദരവ് അർപ്പിക്കുന്നു.🙏 പരലോക മോക്ഷത്തിനായുള്ള പ്രാർത്ഥനയിൽ ഞാനുംപങ്കാളിയാവുന്നു.👐

''

മൊയ്തു. പി.കരിപ്പായിൽ🙏

''

<u>**ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം**</u>

https://youtu.be/NWx0ZZRDZmU?si=UikbB0XY-NheqvfX

<u>**സൈഫുന്നീസ അബ്ദുൽ ഹമീദ്**</u>

അസ്സലാമു അലൈക്കും ഞങ്ങളുടെ ഹഫ്സ. എഴുതാൻ വലിയ അറിവില്ലെങ്കിലും ഹഫ്സയെ കുറിച്ചുള്ള നല്ല ഓർമ്മകൾ നൊമ്പരമായി നിറഞ്ഞു നിൽക്കുമ്പോൾ എന്തെങ്കിലും ചിലത് പകർത്തി അങ്ങനെ മനസ്സിനൊരു ആശ്വാസം കിട്ടാൻ കുത്തിക്കുറിക്കണമെന്ന് തോന്നി അവളുടെ ക്ലാസുകളിലൂടെ ഞങ്ങൾക്ക് തന്ന അറിവ് അവൾ പഠിപ്പിച്ച ദിക്കർ ദുആകൾ ഇന്നും നിലനിർത്തി പോരുന്നു. അസുഖം കൂടുതലായത് മുതൽ എന്തോ അവളുടെ ദിക്കർ കൂടുതൽ ഓർമ്മ വന്നുകൊണ്ടിരിന്നു.എന്നും തഹജ്ജുദിന് എണീറ്റ് ബാത്റൂമിൽ നിന്ന് പുറത്തുവന്നു വുളുവിന്റെ ദുആ ക്ക്ശേഷം ഇത് ചൊല്ലിയാലെ എനിക്കിപ്പോൾ മുതൽ റസൂൽ പാതിരാവിൽ ചെല്ലിയിരുന്നപ്രാർത്ഥനകൾ ഓർമ്മ വരികയുള്ളൂ. പ്രാർത്ഥന

لا اله الا الله عظيم حليم لا اله الا الله رب العرش العظيم لا اله الا الله رب السماوات ورب الارض ورب العرش الكريم ഈ ദിക്റ് വർഷങ്ങൾക്കു മുമ്പ് ഞങ്ങളെ പഠിപ്പിച്ചതാണ്. ഇന്ന് ഈ ദിക്കറിന്റെ ഗുണങ്ങൾ പലതിലും പറഞ്ഞു കാണുന്നു അങ്ങനെ അങ്ങനെ പലതും.

ഞങ്ങൾ രണ്ടുപേർക്കും വേണ്ടി മാത്രം ഞാനും അനുജത്തി സുഹ റ യും നബഅസൂറത്ത് പഠിക്കാൻ വേണ്ടി പോയിരുന്നുള്ള അറിവ് മറ്റുള്ളവർക്ക് പകർന്നു കൊടുക്കണമെന്നുള്ളത് അവളുടെ നിർബന്ധമായിരുന്നു. പല ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും അവൾ വരും അല്ലെങ്കിൽ വീട്ടിലേക്ക് ചെല്ലാൻ പറയും ഞങ്ങൾ ആദർശപരമായി രണ്ടു തരത്തിൽ ആണെങ്കിലും അവളുടെ പ്രവർത്തനനിങ്ങളോട് എന്നുമെന്നും എനിക്ക് മതിപ്പ് ആയിരുന്നു അവൾ ക്ലാസിന് വിളിച്ചാൽ പോകാതിരിക്കാൻ തോന്നുകയില്ല അവളുടെ ഓർമ്മകൾ എഴുതിയാൽ തീരാത്ത അത്രയുമുണ്ട് ഇടയ്ക്കിടെ വരുന്ന അസുഖങ്ങളിൽ നിന്നും രക്ഷപ്പെടുന്നത് പോലെ ഇപ്പോഴും രക്ഷപ്പെട്ട് ഞങ്ങളുടെ ഹഫ്സ തിരിച്ചുവരുമെന്ന് കരുതി. വേണ്ടപ്പെട്ടവർ പലരും മരിച്ച നഷ്ടബോധത്തെക്കാൾ ഇത് അതിലപ്പുറം എന്തോ നഷ്ടപ്പെട്ടപോലെ.ഹഫ്സാക്ക് പകരം വെക്കാൻ ഇനി ആരുണ്ട് എന്ന് തോന്നൽ.ഈ നഷ്ടം നമുക്ക് തീർത്താൽ തീരുമോ? ഇനി ഒരു ഹഫ്സ ഉണ്ടോ ?ഇല്ല അവൾക്ക് തുല്യം അവൾ തന്നെ അവൾ പകർന്ന് നന്ന അറിവിൻറെ ഗുണങ്ങൾ അവൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നുണ്ടാകും അതിൽ നമുക്ക് സമാധാനിക്കാം റഹ്മാനെ ആ കുടുംബത്തിന് നീ സമാധാനം പ്രധാനം ചെയ്യണമേ നാളെ ജന്നാത്തുൽ ഫിർദൗസിൽ ഞങ്ങളെ ഒരുമിപ്പിക്കേണമേ ആമീൻ യാ റബ്ബൽ ആലമീൻ......

സൈഫുന്നീസ അബ്ദുൽ ഹമീദ്

സഹോദരൻ വി എസ് സലീം

അനുസ്മരണം

എന്റെ കുഞ്ഞുപെങ്ങൾ

=====================

"കുഞ്ഞു പെങ്ങൾ" എന്നു പറഞ്ഞത് പ്രായം നോക്കിയല്ല. എന്നെക്കാൾ പ്രായം കുറഞ്ഞവരാണ് എല്ലാ പെങ്ങന്മാരും. ഹഫ്സയ്ക്കു താഴെ രണ്ടു പെങ്ങന്മാർ കൂടിയുണ്ട്. മുകളിൽ ഒരാളും. പക്ഷെ, കുഞ്ഞുപെങ്ങളെന്ന് നന്നെ ചെറുപ്പം മുതൽ ഞാൻ കരുതിപ്പോന്നത് ഇവളെയായിരുന്നു. കാരണങ്ങൾ പലതുമുണ്ട്.

ഈ ഭൂമിയിൽ പിറന്നുവീണ നാൾ മുതൽ കായികക്ഷമതയിലും ആരോഗ്യാവസ്ഥയിലും മറ്റെല്ലാവരെക്കാളും പിറകിലായിരുന്നു അവൾ. മാസം തികയാതെ പ്രസവിച്ച ചില കുട്ടികളെപ്പോലെ! സാധാരണ കുട്ടികൾ പിച്ച വെച്ചു തുടങ്ങുന്നത് രണ്ടു വയസ്സു മുതൽക്കാണല്ലോ? ഇവൾ പക്ഷേ അതിന്റെ ഇരട്ടിയിലധികം കാലമെടുത്തു രണ്ടു കാലിൽ നിവർന്നു നടക്കാൻ. ഓടിച്ചാടി നടക്കാൻ തുടങ്ങിയത് പിന്നെയും ഒരു വർഷം കൂടി കഴിഞ്ഞാണ്.

അതുവരെ അവളുടെ സഞ്ചാരം വീടിന്റെ പരുക്കൻ സിമന്റിട്ട തറയിലൂടെ സ്വന്തം ശരീരഭാരം മുഴുവൻ തന്റെ ശോഷിച്ച കൈകളിൽ ആവാഹിച്ച് നിരങ്ങി നിരങ്ങിയായിരുന്നു. നിലത്തു വിരിച്ച തഴപ്പായിൽ കിടന്നുറങ്ങിയ കുഞ്ഞിന്റെ ഉറക്കം തടസ്സപ്പെടുത്താതെ ഉമ്മ പതുക്കെ എഴുന്നേറ്റ് പ്രാഥമിക കൃത്യങ്ങളെല്ലാം നിർവഹിച്ച ശേഷം അടുക്കളയിൽ കയറും. കുഞ്ഞ് ഉണർന്നു നോക്കുമ്പോൾ ഉമ്മയെ കാണാത്തിനാൽ ബഹളം വെക്കാനൊന്നും

നിൽക്കാതെ തന്റെ പതിവു സഞ്ചാരരീതിയനുസരിച്ച് ഇഴഞ്ഞിഴഞ്ഞ് അടുക്കളപ്പടി വരെയെത്തും. സമുദ്രനിരപ്പിൽ നിന്ന് രണ്ടടി താഴ്ചയിലുള്ള അടുക്കളയിലേക്ക് ഇറങ്ങിച്ചെല്ലാൻ ശ്രമിച്ചാൽ തീർച്ചയായും അവൾ ഉരുണ്ടു വീഴും. ഏതു ദുഃഖത്തിനിടയിലും തന്റെ അസാമാന്യമായ നർമബോധം കൈവിടാത്ത ഉമ്മ "ദേ വരണ് മുത്തപ്പന്റെ വഞ്ചി" എന്നു പറഞ്ഞു കൊണ്ട് ഓടിച്ചെന്ന് അവളെ വാരിയെടുക്കും. അടുപ്പിനടുത്ത് അവൾ ഉമ്മയുടെ മടിത്തട്ടിന്റെയും വിറകടുപ്പിന്റെയും ഇളം ചൂടനുഭവിച്ചു കൊണ്ട് അൽപ നേരം കൂടി മയങ്ങും...

അതു കഴിയുമ്പോഴേക്കും ഉമ്മ അവൾക്കുള്ള ഭക്ഷണം ഉണ്ടാക്കിയിരിക്കും. അതു കൊടുത്തു കഴിഞ്ഞാൽ വീണ്ടും ഒരുറക്കമുണ്ട്. അത് ചായ്പിൽ കെട്ടിത്തൂക്കിയ തുണിത്തട്ടിലിൽ ആയിരിക്കും. അവൾ ഗാഢനിദ്രയിലാകും വരെ ഏതെങ്കിലും ഒരു സിനിമാ താരാട്ടിന്റെ അകമ്പടിയോടെ തൊട്ടിൽ പതുക്കെ ആട്ടിക്കൊണ്ടിക്കുന്നത് എന്റെ ജോലിയായിരുന്നു.

മറ്റൊരു സഹോദരിയുടെ മകൾ പറഞ്ഞപോലെ ആരോഗ്യപ്രശ്നങ്ങളായിരുന്നില്ല അവളുടെ യഥാർഥ പ്രശ്നം. അതൊന്നും അവളെ കാര്യമായി അലട്ടിയിരുന്നു പോലുമില്ല.

അവളുടെ ദുഃഖത്തിന്റെ യഥാർഥ കാരണം "മിഖ്ദാദ്" ആയിരുന്നു, നാൽപതു വർഷം മുമ്പാണ് അതു തുടങ്ങിയത്. കല്യാണം കഴിഞ്ഞ് ഒരു വർഷത്തിന്നുശേഷം. പത്തു മാസം ഗർഭം ചുമന്ന് എന്തെല്ലാം പ്രതീക്ഷകളോടെ ആയിരിക്കണം അവൾ ആ കടിഞ്ഞൂൽ പുത്രനു ജന്മം നൽകിയിട്ടുണ്ടാവുക?

ജീവിതത്തിൽ തനിക്കു താങ്ങും തണലുമായിരിക്കേണ്ട ആ മകൻ, ശരീരവളർച്ചയും ബുദ്ധി വളർച്ചയുമില്ലാത്ത ഒരു കുട്ടിയായി പിറന്നാൽ അധികപേരും അതോടെ തകർന്നു പോവില്ലേ? പക്ഷെ, വിശ്വാസം ആ കുഞ്ഞിനെ അരുമയായി വളർത്താൻ അവൾക്കു കരുത്തേകി.

ഇപ്പോൾ തന്റെ പ്രിയപ്പെട്ട ഉമ്മയുടെ അഭാവത്തിൽ ഈ നാൽപതാം വയസ്സിലാണ് ആ കുട്ടി തന്റെ അനാഥത്വം തിരിച്ചറിയാൻ പോകുന്നത്. താൻ എവിടെ പോകുമ്പോഴും കൂടെ കൊണ്ടുപോകുന്ന, പത്തുവയസ്സുവരെ തന്നെ ചുമന്നു നടന്നിരുന്ന ആ ഉമ്മ ഇനിയില്ലല്ലോ?

എത്ര വലിയ ജീവിത പ്രാരബ്ധങ്ങളുള്ളപ്പോഴും ഇസ്‌ലാമികപ്രസ്ഥാനത്തിനു വേണ്ടിയുള്ള പ്രവർത്തനത്തിനു മുൻഗണന നൽകാൻ സഹായിച്ച വിശ്വാസദാർഢ്യത്തെക്കാൾ ഈ ഒരൊറ്റ ത്യാഗം മാത്രം മതി അവളുടെ സ്വർഗപ്രവേശം ഉറപ്പുവരുത്താൻ എന്ന് ഞാൻ കരുതുന്നു. അതങ്ങനെതന്നെ സംഭവിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

വി.എസ്. സലീം

*****

ഷരീഫ് ബാബു

ചിറകുള്ള മാലാഖയായിരുന്നു.

================================

ഹഫ്സത്ത, പാടൂർ ഗ്രാമത്തിൽ വന്നത് മുതൽ അവരീ നാട്ടിൽ പറന്നു നടക്കുകയായിരുന്നു. അവിടങ്ങളിലെ പാവപെട്ടവർ പ്രയാസം അനുഭവിക്കുന്നവർ ആരും അറിയാതെ അവർക്ക് മാത്രം അറിയാവുന്നവരുടെ അടുക്കലേക്ക് തന്റെ കൂടെയുള്ളവരെയും വഹിച്ചു അവർ പറന്നു നടന്നിരുന്നു.

ചിലർക്ക് അവർ ഒരു ഉമ്മയെ പോലെ ആയിരുന്നപ്പോൾ മറ്റുചിലർക്ക് സഹോദരി അതുമല്ലെങ്കിൽ സ്വന്തം കൂടെപിറപ്പ് പരീക്ഷണങ്ങൾ ഏറെ ഏറ്റുവാങ്ങിയിട്ടുണ്ടെങ്കിലും അവരുടെ വിശ്വാസം അവരുടെ നിയോഗം ദൃഢ നിശ്ചയം എല്ലാം ഉറച്ചതായതിനാൽ അവർക്ക് ഒരിക്കലും തന്റെ കർമ്മ മണ്ഡലത്തിൽ നിന്നും പിൻവലിയാൻ അവരെ നിർബന്ധിച്ചില്ല. അതെ, ഏറെ ജീവ കാരുണ്ണ്യ പ്രവർത്തനങ്ങൾ അവരുടെ കൈകളിലൂടെ നടന്നിരിക്കുന്നു.

ഇനി കാലങ്ങളോളം ഹഫ്സത്തയെ നമുക്ക് ഓർക്കാം മറക്കാതെ, അതുപോലെ ഒരാൾ ആ നാട്ടിൽ വരുന്നത് വരെ.അപ്പോഴും നമ്മുടെയിടയിൽ നിന്നും കൊഴിഞ്ഞു പോകുന്ന ഓരോ കുറവുകളും നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. സ്വന്തം മരണത്തെക്കുറിച്ച് ചിന്തിക്കാതെ ഒഴിഞ്ഞു മാറുന്ന ഈ സമയത്ത്.

കുടുംബത്തിനും ഗ്രാമത്തിനും നഷ്ടമായത് ഒരു ചിറകുള്ള മാലാഖയെ യായിരുന്നു. ചെറിയ ഒരു വീഴ്ച്ചയെ തുടർന്നു കുറച്ചു നാൾ അവർ പ്രയാസത്തിലായിരുന്നെങ്കിലും അവസാന സമയം വരെ പരിചരിച്ച അവരുടെ ജീവിത പങ്കാളി കേലാണ്ടത്ത് അബ്ദുൾ റഹിമാൻക്കയെ സ്നേഹാദരങ്ങളോടെയല്ലാതെ ഓർക്കാനാവില്ല. മൂന്നു മക്കളുടെ സ്നേഹവായ്പ്പുള്ള ഉമ്മയായി... ബന്ധുക്കൾക്ക് പ്രിയപ്പെട്ട ബന്ധുവായി.. നല്ല നാട്ടുകാരിയായി ആത്മ സുഹൃത്തായി ജീവിച്ച ഹഫ്സത്ത.... സ്വസ്ഥതയില്ലാതെ ഒരു ചോദ്യം ബാക്കിയാക്കുന്നു... നല്ലവരും നീതിമാന്മാരും എന്തിന് ഈ വിധം കഷ്ട്ടപ്പെട്ടു പോകുന്നു......?

അല്ലാഹു അവർക്ക് അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാവട്ടെ. അവരുടെ മഗ്ഫിറത്തിന്നായി ദുആ ചെയ്യാം.

ദീപതമായ ഓർമ്മകൾക്ക് മുന്നിൽ പ്രാർഥനയോടെ.

ഷരീഫ് ബാബു.

19/7/2025

<u>അബ്ദുൽ വാഹിദ് സാഹിബ്</u>

പ്രിയസഹോദരി ഹഫ്സത്ത് അബ്ദുറഹ്മാൻ:-

ഒരു പ്രയോഗമുണ്ട്" വന്നു കണ്ടു കീ ഴടക്കി" ഇവിടെ ഇത് പ്രസക്തമാണോ എന്നറിയില്ല.

പക്ഷെ ഒരു സഹോദരിയുടെ മരണാനന്തരം അനുസ്മരണയോഗവും കൂടതൽ ആളുകളുടെ പങ്കാളിത്തം വേണമെന്നാവശ്യം മുൻ നിർത്തി ഒരു ഗൂഗിൾ അനുസ്മരണവും പാടൂരിന്റെ വനിതാ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും നടന്നിരിക്കുക. അതായിരുന്നു ഹഫ്സത്ത്. അത്യാവശ്യം ഇസ്ലാമിക വിദ്യാഭ്യാസം നേടി പാടുരിന്റെ മണവാട്ടിയായിയെത്തിയ സഹോദരിക്ക് നാട്ടിലെ സാംസ്കാരിക സാമുഹിക ചുറ്റുപാടിൽ തനിക്കും ചില തടയാളപ്പെടുത്താനുണ്ടന്ന് കണ്ടു് ഇറങ്ങുകയായിരുന്നു.

ആ ഇറക്കം കാണികൾക്ക് കൺകുളിർമയും ആവശ്യക്കാർക്ക് തേൻമഴയും അധിഥികൾക്ക് മധുരിക്കുന്ന ഓർമയും ചെറുപ്പമോ വലിപ്പമോ ജാതി മത വിത്യാസമില്ലാതെ എല്ലാവരിലും ഹഫ്സത്തിന്റെ ആർദ രതയും കനിവും അടിച്ചു വിശുകയായിരുന്നു.

കടിഞ്ഞു ൽ പ്രസവത്തിൽ കിട്ടിയ കൊച്ചു മോന്റെ ശാരീരിക അവശതകൾ അവരുടെ സ്വകാര്യദു:ഖമായിരുന്നു. മറ്റു ശാരീരികമായും പ്രയാസങ്ങളുമ വരെ അലട്ടിയിരുന്നു.

ഇതെല്ലാം ഉണ്ടായിരുന്നങ്കിലും അവരുടെ ജനസേവനത്തിലും പച്ച കൃഷിയിലും പ്രിയതമന്റെ കുട്ടുകാർക്ക് ആഥിത്യം നൽകുന്നതിലുമൊന്നും തടസ്സമായിരുന്നില്ല.

അവരുടെ അഭിലാക്ഷങ്ങൾക്ക് സർവിധ പിന്തുണയും പ്രിയതമൻ അബ്ദുറഹിമാനിൽ നിന്നവർക്ക് ലഭിച്ചിരുന്നു.

തന്റെ ചാരിറ്റി പൊതുപ്രവർത്തനം തന്നിലൊതുക്കാതെ നിലനിന്നു പോകണമെന്ന കാഴ്ചപ്പാടിൽ തന്റെ വിശ്വസ്തരായ വനിതാ കൂട്ടായ്മയെ പ്രാപ്തരാക്കുകയും "അൽ ഹംദുലില്ലാഹ്.." അവരിലൂടെ നിലനിൽക്കുകയും ചെ യ്യുന്നുവെന്നത് മരണാനന്തര ജീവിതത്തിലും അവർക്കത് ജാരിയായ സ്വദഖയായി ലഭിക്കും. ഇൻശാ അല്ലാഹ്...

സഹോദരിയുട ഖബറിടം വിശാലമാക്കി നാളെ ജന്നാതുൽ ഫിർദൗസിൽ മാന്യമായ സ്ഥാനം നൽകി അനുഗ്രഹിക്കേണമെ!

നാളെ ഞങ്ങൾക്കും അവരോടൊപ്പം ഒരിടം നൽകി അനുഗ്രഹിക്കേണമെ. അല്ലാഹുവെ, പ്രിയ സഹോദരിയുടെ വേർപാടിൽദുഖ:മനുഭവിക്കുന്ന മക്കൾ, പ്രിയതമൻ അബ്ദുറഹ്മാൻ , കുടുംബാദികൾ, വേണ്ടപ്പെട്ടവർ, സഹപ്രവർത്തകർ , എല്ലാവർക്കും സമാധാനവും സഹനവും നല്കേണമെ!

അവരുടെ മകൻ മിക്താദി നെ അനുഗ്രഹിക്കേണമെനാഥാ!

<u>തയ്സീർ പുത്തൻപുരയിൽ</u>

മിക്ദാദിന്റെ ഉമ്മ.. സഹജീവികളുടെയും

2018 ഇൽ അവധിക്കു നാട്ടിൽ വന്ന സമയം. സുബ്ഹി കഴിഞ്ഞ ഉടനെ അബ്ദുൽ റഹ്മാൻക്കാടെ വണ്ടിയുടെ പിറകിൽ ഹഫ്സത വീട്ടിലെത്തി. പാടൂരുള്ള പഠനത്തിൽ മിടുക്കിയായ ഒരു കുട്ടിയുടെ തുടർ വിദ്യാഭ്യാസമാണ് കാര്യം..

കഴിയാവുന്ന രീതിയിൽ ഇടപെടൽ ഉണ്ടാകും എന്ന ഉറപ്പിനാൽ അല്പ സ്വല്പ വാർത്താനത്തിന് ശേഷം അവർ യാത്രയായി. ഏകദേശം രണ്ടു മണിക്കൂറിനു ശേഷം വീണ്ടും കണ്ടു മുട്ടി.. കമ്മ്യൂണിറ്റി ഹാളിന്റെ വഴിയിലൂടെ അവർ വീട്ടിലേക്കുള്ള അവരുടെ ധൃതി പിടിച്ച ഓട്ടമാണ് അപ്പോൾ. രാവിലെ ഇറങ്ങിയതല്ലേ തഹ സീറെ(അങ്ങനെയാണ് അവർ വിളിക്കുക). മിഖദാദിന്റെ അടുത്ത് എത്തണം എന്നും പറഞ്ഞു.."എന്തായാലും ഇറങ്ങിയ കാര്യം റാഹത്തായി അൽഹംദുലില്ലാഹ്" അത് കേട്ടപ്പോ എനിക്കും സന്തോഷമായി..

അവരുടെ ജീവിതത്തിലെ എണ്ണിയാലൊടുങ്ങാത്ത കരുണയുടെ ഏടുകളിലെ ഒരു നുറുങ്ങു മാത്രം.. അവിടെ തുടങ്ങി ഈ അടുത്ത കാലം വരെ സ്ഥിരമായി അവരുടെ ശ്രമങ്ങളിൽ ഒപ്പമുണ്ടാകാൻ ശ്രമിക്കാറുണ്ട്. മെസ്സേജുകൾ കേട്ടതിനു ശേഷം മറുപടി അയക്കുമ്പോൾ എന്റെ ഇണ പറയും ഹഫ്സത ആണ് ല്ലേ.. ആണ് എന്ന് പറയുമ്പോൾ, എന്തൊരു ഭാഗ്യവതി ആണല്ലേ അവർ ഞങ്ങൾ സന്തോഷത്തോടെ പറയും.

പക്ഷെ ഇന്നേ വരെയുള്ള അവരുടെ ഇടപെടലുകളിൽ, രോഗികളുടെയും, വിഷമിക്കുന്നവരുടെയും, ഭക്ഷണം എത്തിക്കേണ്ടവരുടെയും ചെറു ചെറു കരങ്ങൾ സഹായമായി കിട്ടേണ്ടവരുടെയും ഒക്കെ ആവശ്യങ്ങളുടെ നിര ഉണ്ടാകുമ്പോളും അവരുടെ സ്വന്തം കാര്യങ്ങളെ പറ്റി പറയുന്നത് ഉണ്ടായിട്ടേ ഇല്ല എന്നത് എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തീട്ടുണ്ട്..

ഞാൻ അവരുമായി ചില സംസാരങ്ങളിൽ അത് പങ്കുവെച്ചപ്പോൾ,അതൊക്കെ ഭംഗിയോടെ പടച്ചോൻ നിവർത്തിച്ചു പോരുന്നുണ്ട് മോനെ എന്ന അവരുടെ ഏറെ ദൃഢ വിശ്വാസത്തോട് കൂടിയ മറുപടി കാതിനിമ്പം നിറഞ്ഞതായിരുന്നു..

സാധാരണക്കാരെ സംബന്ധിച്ച് മരണം എന്നത് നാം ഇഷ്ടപ്പെടുന്ന ഒരുപാട് ആളുകളെ വേർപിരിഞ്ഞുള്ള, നമ്മളെ ഒരുപാട് ഇഷ്ടപ്പെടുന്ന സൃഷ്ടാവിലേക്കുള്ള യാത്രയാണ് എങ്കിൽ ഇത്തയെ സംബന്ധിച്ച് അവരെ ഒരുപാട് ഇഷ്ടപ്പെടുന്ന ആളുകളെ കൂടി വേർപിരിഞ്ഞുള്ള എന്നന്നേക്കും ഉള്ള യാത്രയായിരുന്നു.

അവർക്ക് പകരം വയ്ക്കാൻ അതേപോലെത്തെ ഒരാളില്ല എങ്കിൽ പോലും ഒരുപാട് ഹഫ്സത്ത്മാരെ സൃഷ്ടിക്കാനും അവർ നടന്ന അതേ വഴിയിൽ നടത്താനും അതിലൂടെ ഒരുപാട് ആസാറുകൾ ഈ ലോകത്ത് ബാക്കിവെച്ച്

പോകാനും അവർക്ക് കഴിഞ്ഞു എന്നത് തികച്ചും ഭാഗ്യമാണ്. അതിന്റെ കൂടി തെളിവാകണം പാടൂർ ഒരുപാട് പേർക്ക് അനുസ്മരണ സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഒരു വനിത മരണപ്പെട്ടിട്ട് ഒരു അനുസ്മരണ സമ്മേളനം സംഘടിപ്പിക്കുന്നത് ആദ്യമായിട്ട് ആകുന്നത്.

മരണവേളയിലും അവരോടു പറഞ്ഞിട്ടുണ്ടാകും. അന്ത്യനാളിൽ ഉയിർത്തെഴുന്നേറ്റ് വിചാരണസഭയിലേക്ക് ഗമിക്കുമ്പോഴും പറയപ്പെടും. അല്ലാഹുവിന്റെ കോടതിയെ നേരിടുന്ന സന്ദർഭത്തിലും പറയപ്പെടും.

*സമാധാനം പ്രാപിച്ച ആത്മാവേ,നിന്റെ നാഥങ്കലേക്ക് മടങ്ങിക്കൊള്ളുക. റബ്ബിങ്കൽ സംപ്രീതനും പ്രീതിപ്പെട്ടവനുമായിക്കൊണ്ട്.

ഓരോ ഘട്ടത്തിലും താൻ അല്ലാഹുവിന്റെ അനുഗ്രഹത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് അവർക്ക് ഉറപ്പുകൊടുക്കുകയും ചെയ്യും.

അള്ളാഹുവേ കർമനിരതയായി നെറ്റിയിൽ വിയർപ്പ് തുള്ളികൾ നിറഞ്ഞ രീതിയിൽ വിടപറഞ്ഞ ഞങ്ങളുടെ പ്രിയ സഹോദരിക്ക് നീ സ്വർഗീയ ആരാമങ്ങളിൽ ഉന്നത പദവി നൽകണേ. അവരുടെ സത്കർമങ്ങളെ സ്വീകരിക്കണേ... അവർ യാത്രയായതിൽ ഉണ്ടായ വിടവിനെ അവരുടെത്തന്നെ പിൻഗാമികളിൽ നിന്ന് നിവർത്തിക്കണേ.. അവർ നയിച്ച പാതയിൽ ഇനിയും ഏറെ മുന്നോട്ടു പൊകാൻ തൗഫീഖ് നൽകണേ.

തയ്സീർ പുത്തൻപുരയിൽ

<u>ഫോട്ടോ ഷെയർ ചെയ്തത് അബ്ദുൽ റഹ്മാൻ കെലാണ്ടത്ത്</u>



<u>പി എം മുഹ്സിൻ മാസ്റ്റർ</u>

ഞാനറിഞ്ഞ ഹഫ്സത്ത...

പ്രിയ സുഹൃത്തിനെ ഫോണിലൂടെ ബന്ധപ്പെടാൻ ശ്രമിച്ചു.എന്റെ ടലഫോൺ കോളാണ് എന്നറിഞ്ഞാൽ തൽക്ഷണം എടുക്കാറുള്ള അദ്ദേഹം എന്തുകൊണ്ടോ ഫോൺ എടുത്തില്ല.പലതും ചിന്തിച്ചു നിരാശയോടെ ഇരിക്കുമ്പോൾ അതാ അദ്ദേഹം എന്നെ തിരിച്ചു വിളിക്കുന്നു.

ഹാവൂ എന്തൊരാശ്വാസം..... - മനസ്സ് മന്ത്രിച്ചു

'ഹഫ്സത്ത മരിച്ചതറിഞ്ഞില്ലേ?'

- അദ്ദേഹം ആരാഞ്ഞു.

'നമ്മുടെ ഹഫ്സത്തയോ?'

- എന്റെ മറു ചോദ്യം

'അതേ ....'

- സുഹൃത്ത് സ്ഥിരീകരിച്ചു.

അതുവരെയുണ്ടായിരുന്ന എല്ലാ സന്തോഷങ്ങളും ദുഃഖങ്ങൾക്ക് വഴി മാറി. തുടർന്ന് നിമിഷാർദ്ധത്തിലെന്ന പോലെ ജീവിതത്തിലെ ചില അനുഭവ സാക്ഷ്യങ്ങളിലേക്ക് ചിന്തകൾ ചിറകടിച്ചു പോയി....

ഒരു ജീവിതം ശിഥിലമാവാൻ ഏറെ സമയമൊന്നും വേണ്ട. പ്രത്യേകിച്ച് ദമ്പതികൾ തമ്മിൽ തെറ്റിയാൽ....രണ്ട് ഭാഗത്തും ആളുകൾ ചേരും. അടുപ്പിക്കാനല്ല..... അടിപിടിയുടെ ഊഴവും കാത്തുകൊണ്ട്.അതാണ് ലോകം.

ഇങ്ങനെയുള്ള ദൗർഭാഗ്യകരമായ ബന്ധങ്ങളുടെ കഥകളും അതൊക്കെ സർഗാത്മകമായി പരിഹരിച്ച ധന്യ മുഹൂർത്തങ്ങളും വിശിഷ്യാ അതിലെ നിത്യ ഹരിത നായികയും മനസ്സിൽ ഓടിയെത്തി..

പ്രിയപ്പെട്ട എന്റെ സുഹൃത്തിന്റെ ജീവിതത്തിന്റെ പാതയും പാളവും തകിടം മറിഞ്ഞു പോകുമായിരുന്ന ഘട്ടത്തിൽ,അവരുടെ കുടുംബ ബന്ധം വിളക്കിച്ചേർത്തതിൽ ഹഫ്സത്തയുടെ പങ്ക് മാതൃകാപരമായിരുന്നു. ഭാര്യയേയും മക്കളേയും എന്നെന്നേക്കുമായി നഷ്ടപ്പെടാതിരുന്നതിന് അവർ വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണ്.

ഒരിക്കൽ പരസ്പരം തെറ്റി നിൽക്കുന്ന ദമ്പതികളുടെ ഒരു മകൾ മരിക്കാൻ ഇടയായതിൽ ആ മാതൃഹൃദയം ഒരുപാട് വേദനിച്ചു. അവർക്ക് സഹായം എത്തിക്കുന്നതിൽ അവർ നടത്തിയ പരിശ്രമം ശ്ലാഘനീയമായിരുന്നു. എന്നോട് പലപ്പോഴും ആ തെറ്റിനിൽക്കുന്ന ഭർത്താവിനെ കണ്ടെത്താനും അയാളുമായി സംസാരിക്കാനും ഹഫ്സത്ത സമ്മർദ്ദം ചെലുത്തിയിരുന്നു. ഇടക്കിടക്ക് വിളിച്ച് അദ്ദേഹത്തെ ഫോണിൽ കിട്ടിയോ എന്നന്വേഷിക്കും. അങ്ങനെ അയാളുടെ ഫോൺ നമ്പർ കണ്ടെത്തി വിളിച്ചു വരുത്തുകയും മഹല്ല് പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ ഒരുപാട് കാര്യങ്ങൾ സംസാരിച്ചു

തീർപ്പാക്കി രമ്യതയിൽ ആ വിഷയത്തിൽ പരിഹാരം കണ്ടെത്താൻ ഹഫ്സത്താക്ക് സാധിക്കുകയുണ്ടായി.

ഭാര്യക്ക് ഭർത്താവിനേയും മക്കൾക്ക് ഉപ്പയേയും അങ്ങനെ തിരിച്ചു കിട്ടാൻ കാരണമായത് ഈ മഹതിയുടെ ഇടപെടലിലൂടെയുള്ള കർമ്മങ്ങളിൽ ഒന്നു മാത്രമാണ്.

ഭർത്താവ് ആ സഹോദരിയെ വളരെ മാന്യമായി സ്വീകരിക്കുന്നത് വരെയും തുടർന്നുള്ള നാളുകളിൽ ആ വീട്ടുകാർക്കുള്ള മുഴുവൻ ചെലവുകൾ ഹഫ്സത്തയുടെ നേതൃത്വത്തിലുള്ള ഒരു ടീം വഹിച്ചു പോരുന്നത് വരെയും ഹഫ്സത്ത ആ ദമ്പതിമാർക്കൊപ്പമുണ്ടായിരുന്നു.ഒരു കുടുബത്തിന്റെ ഈ പുനഃസമാഗമം ഇന്നും എന്റെ ഹൃദയത്തിൽ ഏറെ മതിപ്പുളവാക്കിയ മരിക്കാത്ത ഓർമയാണ്.

കൊടുങ്ങല്ലൂരിൽ നിന്നും വന്ന് പാടൂരിന്റെ മരുമകളായ ഒരു ചിത്രമല്ല ഹഫ്സത്തയെ കുറിച്ച് ഈ കുറിപ്പ് എഴുതുമ്പോൾ എനിക്ക് ഓർമ വരുന്നത്,മറിച്ചു പാടൂരിന്റെ സ്വന്തം മകളായിതന്നെ മാറിയ ചിത്രം മാത്രമാണ്.

ഞങ്ങൾ തമ്മിൽ ആദർശപരമായ ചർച്ചകളും കർമശാസ്ത്രപരമായ സംവാദങ്ങളും രാഷ്ട്രീയമായ വാദപ്രതിവാദങ്ങളു മൊക്കെ പലഘട്ടങ്ങളിലും സന്ദർഭങ്ങളിലും നടക്കാറുണ്ട്.ഒർമയിൽ ഹരിതാഭമായി നിൽക്കുന്ന ക്രിയാത്മകമായ ബുദ്ധിപരമായ മാന്യമായ സൗഹൃദ സംഭാഷണങ്ങൾ മാത്രമായിരുന്നു തത്വത്തിൽ അവ. അനർഘനിമിഷങ്ങളായി മനസ്സിൽ പതിഞ്ഞു നിൽക്കുന്നു ആ രംഗങ്ങളെല്ലാം.

ഹഫ്സത്തയെ കുറിച്ച് ഓർക്കുമ്പോൾ മനസ്സിലേക്ക് ഓടിയെത്തുന്നതിൽ പ്രധാനപ്പെട്ടത്, ഇണ തുണ ബന്ധങ്ങളെ ഇണക്കി ചേർക്കുന്നതിലെ നൈപുണ്യവും,സന്നദ്ധ സേവന പ്രവർത്തനങ്ങളിലെ കാര്യക്ഷമതയുമാണ്. ക്ഷമയും സഹനവും ത്യാഗ സന്നദ്ധതയും ഏറെ അനിവാര്യമായ പ്രസ്തുത വിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യാനുള്ള സൗഭാഗ്യം കൊണ്ട് അനുഗ്രഹീതയായിരുന്നു പ്രിയപ്പെട്ട സഹോദരി.

ഹഫ്സത്തയുടെ മക്കളായ യാസിറും സബീഹയും എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളായിരുന്നു. എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കാലയളവിൽ രണ്ടുപേരെയും അവർക്ക് എത്തിപ്പെടാവുന്ന വേദികളിലൊക്കെ കൊണ്ടുപോവുകയും അർഹമായ പുരസ്കാരങ്ങളും ബഹുമതികളും അവർക്ക് നേടി കൊടുക്കുകയും ചെയ്തിട്ടുണ്ട് ഞാൻ. അതിലെല്ലാം എന്റേതായ പങ്കുവഹിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷവാനും കൃതാർഥനുമാണ് ഞാൻ.അതിന്റെയെല്ലാം കൃതഞ്ജത ഹഫ്സത്തയുടെ സമീപനങ്ങളിൽ എനിക്ക് ദർശിക്കാനും കഴിഞ്ഞിട്ടുണ്ട്. ഹഫ്സത്തയുടെ ഭർത്താവ് അബ്ദുറഹ്മാൻക്കയുമായി പണ്ടേയുള്ള ഹൃദ്യമായ ബന്ധമാണ് എന്റേത്.

നല്ല ഒരു എഴുത്തുകാരനും സരള പ്രിയനുമായ എന്റെ പ്രിയപ്പെട്ട കേലാണ്ടത്ത് അബ്ദുറഹ്മാൻക്ക ഞങ്ങളുടെ കുടുംബ സുഹൃത്താണ്.മിഖ്ദാദും,യാസിറും

സബീഹയും, എല്ലാം അടങ്ങുന്ന ആ കുടുംബത്തിന് സ്നേഹനിധിയായ ഉമ്മയുടെ വേർപാടിൽ ക്ഷമിക്കാനുള്ള കരുത്ത് അല്ലാഹു പ്രധാനം ചെയ്യട്ടെ.

ഈ മാതൃകാ ദമ്പതികൾ കുടുംബ ബന്ധങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്ന വ്യക്തിത്വങ്ങൾ ആണ് എന്ന് അടിവരയിടപ്പെടേണ്ട സംഗതിയാണ്.എന്റെ കുടുംബവുമായി ഏറെ സൗഹൃദ ബന്ധം പുലർത്തിയിരുന്ന ഹഫ്സത്ത, കുടുംബ ബന്ധങ്ങൾ ചേർക്കുന്നതിൽ ഒരു വലിയ കണ്ണിയായിരുന്നു. കുടുംബങ്ങളിൽ ഇളകി നിൽക്കുന്ന കണ്ണികൾ കണ്ടെത്തി അവ വിളക്കിച്ചേർക്കുന്നതിൽ വ്യക്തിമുദ്ര പതിപ്പിച്ച അപൂർവ്വം ഒരാളായിരുന്നു എന്ന് നിസ്സംശയം അവരെ പറ്റി പറയാനാകും.

അവരുടെ വിയോഗത്തിൽ വേദന അനുഭവിക്കുന്ന കുടുംബത്തിന് ക്ഷമിക്കാനുള്ള സഹന ശേഷി അള്ളാഹു നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്.ഒപ്പം ഹഫ്സത്തയുടെ പരലോക ജീവിതം അല്ലഹു സ്വർഗ്ഗീയമാക്കി അനുഗ്രഹിക്കുമാറാവട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പി എം മുഹ്സിൻ മാസ്റ്റർ പാടൂർ.

=========

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

******---**-സഫലം ഈ ജന്മം *******-**

കേലാണ്ടത്ത് അബ്ദുൽ റഹിമാൻ -ഹഫ്സ ദമ്പത്തികളുടെ ജീവിതം പ്രതിസന്ധികൾ നിരവധി തരണം ചെയ്തുകൊണ്ടാണ് മുന്നോട്ട് പോയിരുന്നത് എന്ന് തോന്നിയിട്ടുണ്ട്.അവർ പാടൂരിന്റെ പല പ്രദേശങ്ങളിലും കുടുംബമായി താമസമുറപ്പിക്കാൻ ശ്രമം നടത്തിയിട്ടുണ്ട്. ഹഫ്സഅവസാന ശ്വാസം വലിക്കുന്ന സമയത്തും വീട് നിൽക്കുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ അസൗകര്യവും അയൽ വാസികളുടെ പ്രതികൂമായ നിലപാടുകളുംമഹതിയുടെ സ്വകാര്യ ദുഃഖങ്ങൾ ആയിരുന്നു എന്ന് തോന്നുന്നു.......അവരെക്കുറിച്ച് ഗ്രൂപ്പിൽ നിന്ന് കിട്ടിയ അറിവുകൾ അത്ഭുദപ്പെടുത്തുന്നതും വ്യക്തിപരമായി പുതുമയുള്ളതുമാണ്. ചാവക്കാടും, തൃശൂരിലുമായി ഏറെകാലം കഴിച്ചുകൂട്ടിയതിനാൽ പാടൂരിലെ ചലനങ്ങൾ പൂർണമായി ആസ്വദിക്കാൻ എനിക്ക് കഴിയാതെ പോയിട്ടുണ്ട്.......... ചെറിയ അടുപ്പവും ആശയവിനിമയങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും മഹതിയുടെ സേവനങ്ങളും മഹത്വവും പൂർണമായി മനസ്സിലാക്കാൻ ആവാതെ പോയത് വലിയ നഷ്ടം തന്നെ.അവരുടെ പ്രവർത്തങ്ങൾ അല്ലാഹു സ്വീകരിക്കുകയും പ്രതിഫലം നൽകുകയും ചെയ്യട്ടെ. അല്ലാഹു അവരുടെ കുടുംബത്തിന് സമാധാനം നൽകട്ടെ. വേർപാടിൽ ഉണ്ടായ ദുഃഖവും വേദനയും താങ്ങാനുള്ള കരുത്ത് നാഥൻ പ്രദാനം ചെയ്യട്ടെ. ഹഫ്സത്തിന് പടച്ചതമ്പുരാൻ സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ............

R. V. Saidumuhammed.

ആർ പി സിദ്ധിഖ് സാഹിബ്

ദൗത്യം നിർവ്വഹിച്ചു, ലക്ഷ്യസ്ഥാനത്തേക്ക് തിരിച്ചു .

ഒരു സ്മരണിക രചിക്കുന്നതു ആരുടെ പേരിലാണോ അവരെ സമൂഹത്തിന് പരിചയപ്പെടുത്തുക, അവരുടെ ജീവിതമാതൃകകൾ വരുന്ന ലമുറകൾക്ക് പാഠമാക്കുക, ഒരു സന്ദേശമായി ജനമനസ്സുകളിൽ നിലനിൽക്കുക എന്നീ ഉദ്ദേശങ്ങളിലായിരിക്കുമല്ലൊ. ആനിലക്ക് എല്ലാവർക്കും മാതൃകയാവേണ്ട അഥവാ മാതൃകയാക്കേണ്ട ഒരു മഹാ വ്യക്തിത്വമായിരുന്നു നമ്മിൽ നിന്നും വിട പറഞ്ഞ സഹോദരി ഹഫ്സത്ത് അബ്ദുറഹ്മാൻ കേലാണ്ട ത്ത്.

കൊടുങ്ങല്ലൂർ മാടവന പ്രദേശത്തു നിന്ന് വർഷങ്ങൾക്കു മുമ്പ് ജനാബ് അബ്ദുറഹ്മാന്റ സാഹിബിന്റെ മണവാട്ടിയായാണ് അവർ പാടൂരിൽ എത്തുന്നത്.അങ്ങിനെ അവർ പാടൂരിന്റ മരുമകളായി. മാത്രമല്ല പാടൂരിന്റെ മാനസപുത്രി കൂടിയായി.പാടൂരിനെ അവർ അക്ഷരാർത്ഥത്തിൽ നെഞ്ചേറ്റുകയായിരുന്നു. താൻ വളർന്നതും പഠിച്ചതും ഉൾക്കൊണ്ടതും എത് സംസ്കാരമായിരുന്നോ അതിലേക്ക് ആളുകളെ ക്ഷണിച്ചു, ബോധ്യപ്പെടുത്താൻ ശ്രമിച്ചു, അഹോരാത്രം പണിയെടുത്തു.

വെയിൽ കൊണ്ടു, മഴ നനഞ്ഞു, മറ്റുള്ളവരുടെ വേദന സ്വന്തം വേദനയായി കണക്കാക്കി, ചുറ്റി നടന്നു, മുക്കു മൂലകൾ കയറിയിറങ്ങി, അവരെ സ്വാന്തനപ്പെടുത്തി. ഒന്നിനും ജാതിയും മതവും പ്രശ്നമല്ലായിരുന്നു. തന്നാൽ കഴിയുന്നത് ചെയ്യുക, മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുക. അതിനായി ആത്മാർത്ഥമായി പ്രവർത്തിച്ചു.വനിതകളുടെ ഇടയിൽ ഒരു അനുയായി വൃന്ദം ഉണ്ടാക്കിയതിന് ശേഷമാണ് സംതൃപ്തിയോടെ അവർ വിട പറഞ്ഞിരിക്കുന്നതു.

ഈയുള്ളവൻ പ്രവാസ ജീവിതം നയിച്ചുകൊണ്ടിരുന്ന കാലത്താണ് അവരുടെ വിവാഹം നടന്നതു .അബ്ദുറഹ്മാൻ സാഹിബ് എന്റെ കൂട്ടുകാരനാണ്. അയൽപക്കത്തായിരുന്നു താമസിച്ചിരുന്നത്.ഇസ് ലാമിക പ്രസ്ഥാനത്തിന്റെ വെളിച്ചം കിട്ടിക്കൊണ്ടിരിന്ന സമയവും കൂടിയായിരുന്നു അന്ന്. പരിചയപ്പെട്ട കാലം മുതൽ ആശയ വിനിമയം നടത്താനും നാട്ടിലെ വിശേഷങ്ങൾ അറിയാനും പ്രസഥാനചലനങ്ങൾ മനസ്സിലാക്കാനും അവർ മുഖേന സാധിച്ചിരുന്നു.

2009 ൽ പ്രവാസ ജീവിതം അവസാനിപ്പിച്ചു നാട്ടിൽ സ്ഥിര താമസമാക്കിയതിന് ശേഷം പ്രസ്ഥാന പ്രവർത്തനങ്ങളിൽ പരസ്പരം സഹകരിച്ചു പ്രവർത്തിക്കാനുള്ള അവസരവും കൈവന്നു. അനുഭവങ്ങൾ ഒരുപാടുണ്ട് .ഇവിടെ കുറിച്ചിടാൻ വിസ്തര ഭയത്താൽ മുതിരുന്നില്ല.

ഖുർആൻ പഠിക്കലും പഠിപ്പിക്കലും ഒരു തപസ്യയായി അവർ കണ്ടു. അതിന് വേണ്ടി ഓടി നടന്നു. ഗൃഹങ്ങളിൽ നിന്ന് ഗൃഹങ്ങളിലേക്ക് .വേദികളിൽ നിന്ന് വേദികളിലേക്ക്.....അവർ പഠിപ്പിച്ച, നിത്യജീവിതത്തിൽ പാലിക്കേണ്ട പല പ്രാർത്ഥനകളും ഹൃദിസ്ഥമാക്കിയ പല സഹോദരിമാരും ഇന്നതെല്ലാം കണ്ണീരോടെ ഓർത്തെടുക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നു.

കൃഷിയിൽ താൽപര്യം ഉണ്ടായിരുന്ന അവർ വീട്ടുമുറ്റത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി കളും ഫലങ്ങളും എല്ലാവർക്കും എത്തിക്കും. വിശേഷപ്പെട്ട

പലഹാരങ്ങളും മറ്റും ഉണ്ടാക്കുമ്പോൾ ഒരു വിഹിതം വീട്ടിൽ എത്തിക്കു മായിരുന്നു.

സിദ്ധീക്കാ .... എന്ന വിളി ഇപ്പോഴും കാതിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. പ്രസ്ഥാനികമായ എന്തെങ്കിലും കാര്യങ്ങൾ ഉണ്ടായാൽ ആദ്യം വിളിക്കുന്നതും അന്വേഷിക്കുന്നതും ചർച്ച ചെയ്യുന്നതും എന്നോടാ യിരീക്കും.

മദ്രസ കുട്ടിക്കളുടെ വിനോദയാത്ര, പ്രസ്ഥാന പരിപാടികൾക്കായുള്ള ദീർഘയാത്ര എല്ലാത്തിലും സഹോദരിയുടെ സാന്നിദ്ധ്യം ഉണ്ടാകും. പൂർണ്ണമായും ഇസ്ലാമിക ചൈതന്യം ഉൾക്കൊള്ളുന്ന തരത്തിലായിരിക്കും യാത്രകൾ സംഘടിപ്പിക്കുക. എന്തെങ്കിലും അപാകതകൾ കണ്ടാൽ തിരുത്താനും പറഞ്ഞു മനസ്സിലാക്കാനും ആർജ്ജവം കാണിക്കും.

അങ്ങിനെ പാടൂരിന്റെ മണ്ണിൽ നിന്നും പടച്ച റബ്ബിന്റെ സന്നിദ്ധിയിലേക്ക് യാത്ര തിരിച്ച അവർക്ക് കരുണാനിധിയായ റബ്ബ് എല്ലാ സൗഭാഗ്യങ്ങളും നൽകി ആദരിക്കുമാറാകട്ടെ.

പ്രവർത്തനങ്ങൾക്കെല്ലാം താങ്ങും തണലുമായി നിന്ന സഹോദരൻ അബ്ദുറഹ്മാൻ സാഹിബിനും, ഭിന്നശേഷിക്കാരനായ മിഖ്ദാദിനും, യാസർ സബീഹ കുടുംബങ്ങൾക്കും അല്ലാഹു ക്ഷമയും സഹനവും പ്രധാനം ചെയ്യുമാറാകട്ടെ. എല്ലാവരെയും സുഖലോക സ്വർഗ്ഗത്തിൽ ഒരുമിച്ചുകൂട്ടുമാറാകട്ടെ. ആമീൻ.

തയാറായിക്കൊണ്ടിരിക്കുന്ന സഹോദരി ഹഫ്സത്തിന്റെ സ്മരിണികയിൽ കുറിച്ചിട്ട കുറിപ്പിൽ നിന്ന് പ്രസക്തമായചില വരികളാണ് ഇവിടെ അവതരിപ്പിച്ചത്.

65 ൽ പരംലേഖനങ്ങളും അനുഭവങ്ങളും ഉൾക്കൊള്ളുന്ന സ്മരണിക അധികം താമസിയാതെ വായനക്കാരുടെ കൈകളിൽ എത്തും.ഇൻശാ അല്ലാഹ്.

ആർ.പി.സിദ്ധീഖ്.

<u>അമീറുദ്ധീൻ കെ എം</u>

പാടൂരിൽ മിന്നി തിളങ്ങിയ മാലാഖ : ഹഫ്സത്ത

ഞങ്ങളുടെ അയൽക്കാരായി താമസിച്ചിരുന്ന അബ്ദുൽ റഹിമാൻ സാഹിബിന്റെ പ്രിയ പത്നി ആയി പാടൂരിലേക്ക് വന്നത് മുതൽ മരണം വരെയും ഉള്ള സ്നേഹ ബന്ധം ഉണ്ടായിരുന്ന ഒരു മഹതി ആയിരുന്നു ഹഫ്സത്ത. അയൽക്കാർ എന്നതിനുപരി ഉമ്മയോട് വളരെ ആത്മബന്ധവും സ്നേഹവും പ്രകടിപ്പിച്ചിരുന്നതിനാൽ ഒരുപാട് കാര്യങ്ങൾ കണ്ടും അറിഞ്ഞും അനുഭവിച്ചും കടന്ന് പോയിട്ടുണ്ട്. അതെല്ലാം വാക്കുകൾക്കപ്പുറം കുറിക്കാൻ അസാധ്യമാണ്.

പാടൂരിലേക്ക് മണവാട്ടി ആയി വന്ന ദിവസം (കല്യാണ ദിവസം) അബ്ദുൽ റഹിമാൻ ക്കാടെ വീട്ടിൽ വന്ന സമയത്ത് നിസ്ക്കാരത്തിന്റെ സമയം ആയി എനിക്ക് നിസ്ക്കരണം എന്ന് പറഞ്ഞ് ദീനി ചര്യയുടെ ഉത്തമ മാതൃക കാണിച്ച്

കൊണ്ട് തുടങ്ങിയ മണവാട്ടി ആയിരുന്നു ഹഫ്സത്ത. ഉമ്മയുമായി ആത്മ ബന്ധം പുലർത്തിയിരുന്നത് കൊണ്ട് മക്കളെ ഞങ്ങളുടെ വീട്ടിൽ ആക്കി ജോലിയ്ക്ക് പോയി ഭർത്താവിന് താങ്ങായി നിൽക്കുമ്പോഴും ദീനി പ്രവർത്തികളിലും സാമൂഹ്യ സേവന രംഗത്തും സജീവമായിരുന്നു.

ആശയപരമായി പല പ്രസ്ഥാനങ്ങളിൽ ആയതിനാൽ പല വിഷയങ്ങളിലും തർക്കിക്കുമ്പോൾ മാതൃ തുല്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്ന രീതിയിൽ ആയിരുന്നു മഹതി. ഏത് വിഷയങ്ങൾ ആയാലും ഇസ്ലാമിക വിധികളും നിയമങ്ങളും ഖുർആൻ ഉദ്ധരണികളിലൂടെയും ഹദീസിന്റെ പിൻപലത്തിലൂടെയും പറഞ്ഞ് സമർത്തിക്കാനുള്ള പാണ്ഡിത്യം ഉള്ള അപൂർവ്വ മഹതികളിൽ ഒരാളാണ് ഹഫ്സത്ത.

ഉമ്മയുടെ മരണശേഷം മുറിഞ്ഞ് പോയിരുന്ന സ്നേഹബന്ധം പിന്നീട് എന്റെ ഭാര്യമായി ഹഫ്സത്ത സ്ഥാപിക്കുകയും വീണ്ടും കൂടുതൽ അടുപ്പമാകാനും ഇടയാക്കി. മതപഠന ക്ലാസ്സുകളിലേക്ക് ക്ഷണിച്ച് ഭാര്യയുമായി കൂടുതൽ സ്നേഹ ബന്ധം പുലർത്തുകയും അത് അവർക്ക് ദീനിപരമായി കൂടുതൽ പഠിക്കുവാനും മനസ്സിലാക്കുവാനും കഴിഞ്ഞത് വലിയ ഒരു ഗുണമായി മാറി. പിന്നീട് മതപഠന ക്ലാസ്സ് നടത്തുവാൻ വീട്ടിൽ സമ്മതിക്കുമോ എന്ന് എന്നോട് വിളിച്ച് ചോദിച്ചപ്പോൾ പ്രസ്ഥാനികമായി വിയോജിപ്പ് ഉണ്ടെങ്കിലും ഹഫ്സതയുടെ മുന്നിൽ എതിർപ്പ് പറയാൻ പറ്റുമായിരുന്നില്ല. അത്രത്തോളം മാതൃതുല്യ സ്നേഹ ബന്ധം ആയിരുന്നു.

നമ്മുടെ നാട് ആയിട്ട് ഒരു ബന്ധവും ഇല്ലാത്ത അന്യ നാട്ടിലെ ഒരു കുടുംബത്തിന്റെ സഹായത്തിന് വേണ്ടി എന്നോട് അന്വേഷിച്ചപ്പോൾ , എനിക്ക് മനസ്സിലായി ഹഫ്സത്തയുടെ കാരുണ്യ സ്പർശം പാടൂരും പരിസര പ്രദേശത്തും മാത്രമല്ല കഷ്ടത അനുഭവിക്കുന്ന എല്ലാവരിലേക്കും എത്തുന്നതാണ് എന്ന് '. അർഹത ഉള്ളവരിലേക്ക് സഹായം എത്തിക്കുവാൻ നേതൃതവം നൽകുന്നതിൽ മുൻപന്തിയിൽ ആയിരുന്നു.

നമ്മുടെ നാട്ടിലെ വേണ്ടപ്പെട്ടവർക്ക് പോലും ചെയ്യാൻ കഴിയാത്ത രീതിയിൽ നാട്ടിലെ അശണരുടേയും കഷ്ടപ്പെടുന്നവരുടേയും സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വരുടേയും വിവരങ്ങൾ കൈവശം ഉള്ളതിനോടൊപ്പം അവർക്ക് സഹായങ്ങൾ എത്തിച്ച് നൽകുകയും ചെയ്തിരുന്നു ഈ മഹതി. അവസാന സമയങ്ങളിൽ പോലും അസുഖങ്ങൾ വകവെക്കാതെ ദീനി പ്രവർത്തനങ്ങൾക്കും ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കും സമയം നീട്ടി വെച്ച സാമൂഹ്യ സാംസ്കാരിക നായിക ആയത് കൊണ്ടാണ് പാടൂരിൽ ഇത് വരേയും ഒരു സ്ത്രീക്കും നടത്തിയിട്ടില്ലാത്ത അനുസ്മരണ സദസ്സ് നടന്നത്.

കുറച്ച് മുന്നേ നാട്ടിൽ ഉള്ളപ്പോൾ വീട്ടിൽ പോയി കണ്ട് തിരിച്ച് പെട്ടെന്ന് പോരുമ്പോൾ ഹഫ്സത്ത പറഞ്ഞു., ഒരു മിനുട്ട് നിൽക്ക് ഇപ്പോൾ വരാം എന്ന് പറഞ്ഞ് ഉള്ളിലേക്ക് പോയിട്ട് തിരിച്ച് വരുമ്പോൾ ഒരു പൊതി തന്നു. എന്നിട്ട് പറഞ്ഞു ഇത് ഞാൻ ഉണ്ടാക്കിയ അച്ചപ്പം ആണ് , വീട്ടിൽ പോയിട്ട് കഴിച്ചോ എന്ന് , അത്രത്തോളം ബന്ധങ്ങളെ കാത്ത് സൂക്ഷിച്ചിരുന്ന സ്നേഹ നിധിയായ ഹഫ്സത്ത , ഇപ്പോഴും വിട പറഞ്ഞു പോയി എന്നത് ഉൾകൊള്ളാൻ കഴിയുന്നില്ല.

താമസിക്കുന്ന ഇപ്പോൾ ഉള്ള വീട്ടിൽ നിന്ന് മാറി പഴയ വീടിന്റെ പരിസരത്തേയ്ക്ക് മാറി താമസിക്കണം എന്ന ഒരു വലിയ ആഗ്രഹം സഫലമാകാതെ ആണ് ഹഫ്സത്ത ഈ ലോകത്തോട് വിട പറഞ്ഞത്. അള്ളാഹു അവരുടെ സൽപ്രവർത്തികൾക്ക് അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ , ബർസഖി ആയ ജീവിതം സുഖത്തിലും സന്തോഷത്തിലും ആക്കി അള്ളാഹു നൽകട്ടെ, ആമീൻ. അവരുടെ വിയോഗം മൂലം വിഷമം അനുഭവിക്കുന്ന മോൻ മിഷ്ഹാദിനും മററുള്ളവർക്കും അള്ളാഹു ക്ഷമയും സഹനവും നൽകുമാറാകട്ടെ : ആമീൻ

K.M.Ameeudheen....

<u>സൈനുദ്ധീൻ പോഗോ</u>

പാടൂരിന്റ മരുമകൾ



സഹോദരൻ കേലാണ്ടത്ത് അബ്ദുറഹിമാൻക്കാടെ പാതി ഹഫ്സത്ത് പാറി പറന്നു നടന്ന മണ്ണ് പാടൂര്.

ഞാൻ കേട്ടറിഞ്ഞ ഹഫ്സത്ത ഒരു വെക്തിയായിരുന്നില്ല ഒരു പ്രസ്ഥാനമായിരുന്നു. അവരുടെ പ്രവർത്തന മേഖലക്ക് അതിരുകളില്ലായിരുന്നു. ജാതി വർണ്ണ വർഗ്ഗ വ്യത്യാസങ്ങളില്ല. അവരുടെ മുന്നിൽ ദൈവപ്രീതി മാത്രം. പെൺകൂട്ടായ്മയിലെ "റാണി " .

കുറഞ്ഞ കാലം കൊണ്ട് ചെയ്ത് വെച്ച ഗുണവിശേഷണങ്ങൾ മാത്രം മതിയാവും അവരുടെ നന്മയുടെ തുലാസ് കനം തൂങ്ങാൻ. ആ കുടുംബത്തിനും നാടിനും ഒരു വസന്തമായിരുന്നു. നമുക്കിടയിൽ നിന്ന് ഒട്ടനേകം മഹിളാ രത്നന ങ്ങളായ ദീനി സേവകർ കടന്ന് പോയിട്ടുണ്ട്. നമുക്ക് സമാധാനിക്കാം. അവരുടെ അറിവും പഠനവും ഒരു എളിയ സേവികയായി ഉള്ള കാലം വളരെ ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ട് എന്ന്. .എല്ലാവർക്കും കിട്ടുന്ന സൗഭാഗ്യമല്ല ഇതൊന്നും സൃഷ്ടാവിനോടുള്ള കടപ്പാട് നിറവേറ്റി എന്നുള്ളതാണ് അത്.

ജീവിത സായാഹ്നങ്ങളിലുള്ള ഒരു വേർപ്പാടായിരുന്നില്ല അവരുടെത്. അള്ളാഹു തീരുമാനിച്ച സമയം അവസാനിച്ചു എന്ന് മാത്രം. പാടൂരിന്റെ ഓരോ മൺ തരികൾ പോലും അവരുടെ വേർപാടിൽ കണ്ണുനീർ വാർത്തിട്ടുണ്ടാവാം. അവരെ അടുത്തറിഞ്ഞ വർക്കൊക്കെ ഹൃദയഭേദകമായിരുന്നു ആ പേർപ്പാട്. സ്നേഹം വിതച്ച് സ്നേഹം കൊയ്തവർ .

അടുത്ത കുടുംബ ബന്ധമുള്ള അബ്ദുറഹിമാൻക്കാടെ പത്നിയുടെ വിട പറയൽ അദ്ദേഹത്തിന് ഒരു കനലായ് എന്നുമുണ്ടാവും.കാന്നുമ്പോഴൊക്കെ വിശേഷങ്ങൾ പങ്കുവെക്കുന്ന അദ്ദേഹം ഒരിക്കൽ എന്നോട് പറയുകയുണ്ടായി ഹഫ്സത്തിനെ കുറിച്ച് ഒരു അനുസ്മരണം വേണമെന്ന്. അന്ന് എന്റെ അനോരോഗ്യ പറമായ കാരണങ്ങളുള്ളത് ഞാൻ പറയുകയായിരുന്നു.

എന്തായാലും അവരെ ആറടിമണ്ണ് ഏറ്റുവാങ്ങി. അവരുടെ ജീവിതം അവിടെ തുടങ്ങി.ബർസ ഹീ ജീവിതത്തിൽ അവർ പരിലസിക്കട്ടെ...

ഹുബ്ബു ദുനിയയിലല്ല അവരുണ്ടായിരുന്നത് എന്ന് ഉറപ്പായിരുന്നു. ഏറെ ചെയ്ത് തീർക്കാൻ അവർ ആഗ്രഹിച്ചിട്ടുണ്ടാവാം. മനുഷ്യൻ ഒന്ന് തീരുമാനിച്ച് വെക്കും റബ്ബ് മറ്റൊന്ന് തീരുമാനിച്ച് ചെയ്യും. ഞാനീ കുറിപ്പവസാനിപ്പിക്കുകയാണ്. എല്ലാവരും ഒരുനാൾ മടങ്ങുക തന്നെ ചെയ്യും അത് റബ്ബിന്റെ പ്രീതിയോടെയാണമെന്ന് മാത്രം.

നമ്മുടെയും അവരുടെയുംഇഹപര രക്ഷക്കായി പ്രാർത്ഥിക്കാം നമുക്ക്. എന്ന് പറഞ്ഞവസാനിപ്പിക്കുന്നു.

ZAiN Pogo Tech padoor.



അമീറുദ്ധീൻ കെ എം

കുടിൽ വ്യവസായിക രംഗത്ത് ഹഫ്സത്ത വിവിധ തരം അച്ചാറുകൾ വിപണിയിൽ ഇറക്കിയിരുന്നു. ഓർമ്മ ശരിയാണെങ്കിൽ 6 ൽപരം രുചികളിൽ ഇറക്കിയ അച്ചാറുകൾക്ക് വലിയ പ്രിയം ആയിരുന്നു നമ്മുടെ പ്രദേശങ്ങളിൽ എല്ലാം . അത്രമേൽ മധുര രുചി ഉള്ള തരത്തിൽ ആണ് ഉണ്ടാക്കിയിരുന്നത്. വ്യവസായിക മേഖലയിലും തന്റെ കഴിവ് പ്രകടിപ്പിച്ചിരുന്ന ഒരു മഹതി ആയിരുന്നു ഹഫ്സത്ത.

മകൾ ഡോ സബീഹ ഷബീർ

ഉമ്മയുടെ പ്രാസ്ഥാനിക ജീവിതം എന്റെ ഓർമ്മയിലൂടെ

ഉമ്മയുടെ പ്രാസ്ഥാനിക ജീവിതത്തിന്റെ പ്രചോദനം അത്തുപ്പ എന്ന് ഞങ്ങൾ വിളിച്ചിരുന്ന ഉമ്മയുടെ പിതാവിൽ നിന്നാണ് എന്ന് ഉമ്മ തന്നെ ഒരു കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.അത്തുപ്പയെ കുറിച്ച് സംസാരിക്കുമ്പോഴൊക്കെ കണ്ണുകൾ നിറഞ്ഞൊഴുകാതെ ഉമ്മയെ ഞാൻ കണ്ടിട്ടില്ല. ഉമ്മയുടെ വിദ്യാഭ്യാസ കാലയളവിലെ (ബനാത്തിലെ) ഉസ്താദുമാരോടും എന്തെന്നില്ലാത്ത ഒരു ആദരവും, സ്നേഹവും എന്നും ഉമ്മാക്ക് ഉണ്ടായിരുന്നെന്നിരിക്കെ പ്രാസ്ഥാനികമായി അവർ ചെലുത്തിയ സ്വാധീനവും പ്രസക്തമാണ്. എന്റെ ഓർമ്മയിൽ നിന്ന് ഉമ്മയുടെ പ്രാസ്ഥാനിക ജീവിതത്തെ ഏതാനും വാക്കുകളിൽ പകർത്തി എഴുതുക ശ്രമകരമാകുന്നത് അവരുടെ ദൈനംദിന ജീവിതവും, രോഗാവസ്ഥയും, പ്രാസ്ഥാനിക ജീവിതവും ഇഴ ചേർന്ന് കിടക്കുന്നു എന്നുള്ളത് കൊണ്ടാണ്. പാടൂർ സെന്ററിലെ താമസവും വാഹിദ്ക്കയുമായുള്ള അയൽപക്ക ബന്ധവുമാണ് ഉമ്മയുടെ പ്രാസ്ഥാനിക ചിന്തകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കളം ഒരുക്കിയത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഉപ്പയുടെ സാമൂഹിക ബന്ധങ്ങളും അളവറ്റ പിന്തുണയും ഉമ്മാക്ക് വിലമതിക്കാനാവാത്ത ഒരു മുതൽക്കൂട്ട് തന്നെയായിരുന്നു. ചിട്ടയായ സമയബന്ധിതമായ ഒരു ജീവിതമായിരുന്നു ഉമ്മയുടേത്. ഒഴിവുസമയത്തെക്കുറിച്ചും ആരോഗ്യത്തെ ക്കുറിച്ചും നിങ്ങൾ ചോദ്യം ചെയ്യപ്പെടും എന്ന ഹദീസിനെ ഓർമ്മപ്പെടുത്തുന്ന ജീവിതം. വെറും കേൾവിക്കാർ ആയി കൊണ്ട് ആളുകൾ ഖുർആൻ

ക്ലാസുകൾ നടത്തിക്കൊണ്ടിരുന്ന സാഹചര്യത്തിൽ നിന്ന് പേനയും പുസ്തകവുമായി പരീക്ഷയെ മുൻനിർത്തി ഖുർആൻ പഠന ക്ലാസുകൾ നിലവിൽ വന്നതിന്റെ തുടക്കം പാടൂർ ഹൈസ്കൂളിലെ ഒരു ക്ലാസ് റൂമിൽ നിന്നായിരുന്നു.

ഞായറാഴ്ച ഉച്ചതിരിഞ്ഞ് ഉമ്മയുടെ കൈയും പിടിച്ച് ആ ക്ലാസിനു നടന്നു പോകുമ്പോൾ പക്ഷേ മനസ്സ് സങ്കടത്തിലാണ്. മിക്കിക്കയെ പോലെ അടുത്ത വീട്ടിൽ പോയിരുന്നു ടിവി കാണാൻ എനിക്ക് പറ്റുന്നില്ലല്ലോ എന്നതായിരുന്നു സങ്കടം. പഠിപ്പിക്കുന്ന കാര്യങ്ങൾ എന്തെന്ന് ഉൾകൊള്ളാൻ പോലുംഎനിക്ക് സാധ്യമല്ലാതിരുന്ന നന്നെ കൊച്ചു പ്രായം ആയിരുന്നെങ്കിലും അവിടെ എത്തി ഉമ്മയുടെ സുഹൃത്തുക്കളെ കാണുമ്പോഴും അവരുടെ ഇടയിൽ അങ്ങനെ ഇരിക്കുമ്പോഴും എന്റെ സങ്കടം ഞാൻ മറന്നു പോകുമായിരുന്നു. ഖുർആൻ പഠനത്തിന്റെ പ്രാധാന്യം, കുടുംബജീവിതം, സ്ത്രീകൾ ഉൽബുദ്ധരാവേണ്ടതിന്റെ ആവശ്യകത, ഇസ്ലാമിൽ സ്ത്രീകളുടെ പ്രാധിനിധ്യം...അങ്ങനെ വീട്ടിലെ ചുവരുകളിൽ നിന്ന് വായനയിലേക്കും, ഖുർആൻ പഠനത്തിലേക്കും, ജനസമ്പർക്കങ്ങളിലേക്കും, സാമൂഹ്യ സേവനങ്ങളിലേക്കും സ്ത്രീകളെ പരിപോഷിപ്പിച്ചെടുക്കുവാൻ ഉമ്മയും സഹപ്രവർത്തകരും സംഘടിപ്പിച്ചിരുന്ന പൊതു ക്ലാസുകൾക്ക് നിർണായകമായ പങ്കുണ്ടായിരുന്നു. അതിലേക്ക് ആളുകളെ ക്ഷണിക്കുന്നതിനു വേണ്ടി അവരുടെ കാലടികൾ പതിയാത്ത മണ്ണും ഇടവഴികളും പാടൂരിൽ ഇല്ല എന്നു തന്നെ പറയേണ്ടിവരും.പൊന്നാനിയിലെ ഫാത്തിമ്മ ഉമർ, ഒരുമനയൂരിലെ ഫാത്തിമ ടീച്ചർ, അസൂറ അലി, നസീമ ടീച്ചർ, പെരുമ്പിലാവ് സുബൈദ ടീച്ചർ എന്നിവർ ഒക്കെ പാടൂരിലേക്ക് ക്ലാസ്സുകൾ എടുക്കുവാൻ ഉമ്മ മുഖേന ക്ഷണിക്കപ്പെട്ടവരാണ്. ചിലപ്പോഴെങ്കിലും ഹഫ്സത്ത എടുത്താൽ മതി ക്ലാസ് എന്ന് പലരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പ്രഭാഷണ മികവുകൊണ്ടാണോ അതോ അവർക്ക് ആത്മബന്ധം ഉള്ള അവരിൽ ഒരാളുടെ വാക്കുകൾ ശ്രവിക്കുന്നതിനുള്ള താല്പര്യം കൊണ്ടാണോ എന്ന് എനിക്കറിയില്ല.

കമ്മ്യൂണിറ്റി ഹാളിന്റെ അടുത്തേക്ക് താമസം മാറ്റിയതും റഹ്മ പള്ളിയുടെ മദ്രസ ആസ്ഥാനമായി പ്രവർത്തനങ്ങളെ വിശാലപ്പെടുത്തിയതും ഉമ്മയുടെ പ്രാസ്ഥാനിക ജീവിതത്തിന്റെ രണ്ടാംഘട്ടമായി ഞാൻ കണക്കാക്കുന്നു. ജുമുഅക്കായി സ്ത്രീകൾ പള്ളിയിലേക്ക് വന്നതും, റമദാനിലെ തറാവീഹ് നമസ്കാരത്തിന് സ്ത്രീകളുടെ സ്വഫുകൾ അധികരിച്ചതും, നമസ്കാരത്തിന് അവരുടെ പങ്കാളിത്തം ഉണ്ടായതും, പെരുന്നാൾ നമസ്കാരത്തിന് ഈദ് ഗാഹിൽ പുരുഷന്മാരെക്കാൾ സ്ഥലം സ്ത്രീകൾക്ക് മാറ്റിവയ്ക്കേണ്ടി വന്നതും, വീട്ട് പണികൾക്കൊടുവിൽ വിശ്രമിക്കുകയോ, ടിവി കണ്ടിരിക്കുകയോ ചെയ്തിരുന്ന ഉമ്മമാർ തഫ്ഹീമെടുത്തു വായിക്കുവാൻ തുടങ്ങിയതും ഒക്കെ ഉമ്മ അടങ്ങുന്ന ഒരു പറ്റം സ്ത്രീകളുടെ പ്രയത്നഫലമാണ്. താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തിന്റെ അണിയറ പ്രവർത്തകരാകുവിൻ എന്ന് ആഹ്വാനം ചെയ്യുന്നതിന് പകരം നിങ്ങൾ ഉത്ബുദ്ധരാവുക, ഖുർആൻ പഠിതാക്കൾ ആകുക, രോഗം കൊണ്ടും സാമ്പത്തികമായും കഷ്ടപ്പെടുന്ന നമുക്ക് ചുറ്റുമുള്ളവർക്ക് ആശ്രയം ആവുക എന്നതായിരുന്നു ഉമ്മ മുന്നോട്ട് വെച്ചിരുന്ന കർമ്മലക്ഷ്യം. ശാരീരിക അസ്വസ്ഥതകൾ വല്ലാതെ അലട്ടിയിരുന്ന സമയത്തും, വീട്ടിൽ നിന്നും പുറത്തിറങ്ങി പ്രവർത്തിക്കാൻ

കഴിയാത്ത നാളുകളിലൊക്കെയും ഉമ്മ സ്വന്തമായി സ്മാർട്ട് ഫോൺ ഉപയോഗപ്പെടുത്തി അതിന്റെ എല്ലാ ടെക്നിക്കുകളും പഠിച്ചെടുത്ത് അത് വഴി പ്രവർത്തന മേഖല സജീവമാക്കിക്കൊണ്ട് വരാൻ ഉമ്മാക്ക് സാധിച്ചു എന്നത് എടുത്ത് പറയേണ്ട സംഗതിയാണ്.

ഹോസ്റ്റലിൽ നിന്നോ ഭർതൃ വീട്ടിൽനിന്നോ വന്നിരിക്കുന്ന വേളകളിൽ ഖുർആൻ പഠിപ്പിക്കാനും ഇതര പ്രവർത്തനങ്ങൾക്കും വേണ്ടി ഉമ്മ വീട്ടിൽ നിന്നിറങ്ങുമ്പോൾ നെറ്റി ചുളിച്ചു നിൽക്കുന്ന എന്നെ നോക്കി ഉമ്മ പറയാറുള്ള വാചകം ഇത് വായിക്കുന്ന എല്ലാവർക്കും വേണ്ടി ഞാൻ ഇവിടെ കുറിക്കുന്നു "നിങ്ങൾക്കുള്ള ഭക്ഷണവും മറ്റും ഞാൻ ഇവിടെ ഒരുക്കി വെച്ചിട്ടില്ലേ, ഇനി ഞാൻ എന്റെ ഖബറിലേക്കുള്ളതിനുവേണ്ടി എന്തെങ്കിലും ചെയ്യട്ടെ".

✍️ സബീഹ ഷെബീർ

ലത്തീഫ് വാക്കയിൽ

ഹഫ്സ അബ്ദുൽ റഹ്മാൻ – "സ്നേഹത്തിന്റെ, സേവനത്തിന്റെ ഒരു നാമധേയം" പാടൂരിന്റെ മരുമകളായി വന്നു പാടൂരിന്റെ മകളായും സഹോദരിയായും ഈ മണ്ണിൽ അലിഞ്ഞു ചേർന്ന മഹതിയെ കുറിച്ച് ഒരു പാട് പറയാൻ എല്ലാവർക്കും കാണും. അത്രമാത്രം ബന്ധങ്ങൾ ആണ് അവർ ഈ കുറഞ്ഞ കാലം കൊണ്ട് നേടിയെടുത്തത്

മർഹൂമ ഹഫ്സ അബ്ദുൽ റഹ്മാൻ എന്ന, നിശബ്ദമായി ജീവിച്ച് വലിയ മനുഷ്യസ്നേഹത്തിന്റെ അടയാളങ്ങൾ അവശേഷിപ്പിച്ച ഒരു മഹിള ആണ്. വളരെ അധികം ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന ഹഫ്സത്ത

മതം, ജാതി, വിഭാഗം എന്ന അതിർവരമ്പുകൾക്കപ്പുറം മനുഷ്യരെ മനുഷ്യരായി മാത്രം കണ്ടു സഹായിച്ച ഒരാളായിരുന്നു. അവശരായവർക്ക് കൈത്താങ്ങാവുക, രോഗികളെ ശുശ്രൂഷിക്കുക, ആവശ്യമുള്ളവർക്ക് ആശ്വാസ വാക്കുകൾ പറയുക —ഇവയൊക്കെ അവരുടെ ദിനചര്യയുടെ ഭാഗമായിരുന്നു. ചിലപ്പോഴൊക്കെ എനിക്കും അതിന്റെ ഭാഗവാക്കാവാനുള്ള ഭാഗ്യം കിട്ടിയിട്ടുണ്ട്, അൽഹംദുലില്ലാഹ്. മതപ്രബോധന രംഗത്തും സൗമ്യതയോടെയും സ്നേഹത്തോടെയും മുന്നിൽ നിന്ന ഒരു മാതൃകാ സ്ത്രീയായിരുന്നു ഹഫ്സത്ത. വാക്കുകളേക്കാൾ പ്രവർത്തിയിലൂടെ ദീൻ പഠിപ്പിച്ച മഹതി

വ്യക്തിപരമായി, എനിക്ക് അവർ ഒരു അനുസ്മരണ വിഷയം മാത്രമല്ല, ഒരു അയൽവാസി എന്ന ആത്മബന്ധവും കൂടിയാണ്. 2025 ജൂലൈ 19-ന് ഈ ലോകത്തോട് വിട പറഞ്ഞ ഹഫ്സ അബ്ദുൽ റഹ്മാൻ, നമ്മുക്ക് ഓർമ്മകളായി മാത്രം അല്ല, പ്രചോദനമായും തുടരുന്നു. അല്ലാഹു തആലാ മർഹൂമയ്ക്ക് മഗ്ഫിറത്തും ഉയർന്ന ദർജകളും നല്ലുമാറാകട്ടെ, മകൻ മിഖദാദിന് പരാശ്രയം കൂടാതെ ജീവിക്കാൻ അള്ളാഹു തൗഫീഖ് നൽകട്ടെ, ജീവിതത്തിലെ ഏതു പ്രതിസന്ധിയും തരണം ചെയ്യാൻ അബ്ദുൾറഹ്മാനിക്കാനെ നാഥൻ തുണക്കട്ടെ-ആമീൻ യാ റബ്ബിൽ ആലമീൻ

👉 ഈ ഗ്രൂപ്പിൽ ആദ്യമായി ഒരു മഹിളയുടെ അനുസ്മരണം പങ്കുവെക്കാൻ കഴിയുന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം

ലത്തീഫ് വാക്കയിൽ

<u>സഊദ് പി സി</u>

സ്വന്തം മകൾ ഉമ്മയെ കുറിച്ചെഴുതിയ ഹൃദയ സ്പർശിയായ വരികൾ, എന്റെ സഹോദരി ബുഷ്റിയിലൂടെയാണ് ഞാൻ ഹഫ്സതയെ അറിയുന്നത് വളരെ അത്ഭുതട്ടടെയാണ് ഞാൻ അവരെ വീക്ഷിച്ചത് സഹായിക്കപ്പെടാൻ അർഹധയുള്ള അവർ മറ്റുള്ളവരെ സഹായിക്കുന്നു, ഉള്ളവരിൽ നിന്ന് മേടിച്ച് ഇല്ലാത്തവരെ സഹായിക്കുന്ന അവരുടെ ആ പുണ്ണ്യ പ്രവർത്തി ആരെയും അത്ഭുതപ്പെടുത്തും എന്റെ ഭാര്യ കിഡ്നി രോഗിയായിരുന്ന സമയത്തു വീട്ടിൽ വരുകയും അവരെ ആശ്വസിപ്പിക്കുന്നത് ഞാൻ കണ്ടിരുന്നു ഒന്നിലധികം തവണ ഭക്ഷണം വരെ ഉണ്ടാക്കി കൊണ്ട് വന്നിരുന്നു, സ്വന്തം ശരീരരത്തിന്റെ അവശതയെ അവഗണിച്ചു സഹജീവിയിടുള്ള അവര്യടെ കരുണ വിലമധിക്കാത്തതാണ് റബ്ബ് ആ മഹ്തിയുടെ പരലോക ജീവിതം സന്ദോഷത്തിൽ ആക്കട്ടെ ജന്നത്തുൽ ഫിർദൗസിൽ ഉയർന്ന പദവി നൽകട്ടെ (ആമീൻ)എന്ന് ആത്മാർഥമായി പ്രാർത്ഥിക്കുന്നു

സഊദ്

<u>കുടുംബ സുഹൃത്ത് രഘു</u>

ഹഫ്സത്ത് - ഞങ്ങളുടെ ഹബീബത്ത്, ചില ഓർമ്മകുറിപ്പുകൾ

എന്റെ പേര് രഘു എന്നാണ്. ഭാര്യയുടെ പേര് ലത എന്നും.

എന്റെ വിദ്യാഭ്യാസകാലത്തിനിടയിൽ വെച്ചാണ് ഞാനെന്റെ അയൽ നാട്ടുകാരനായ അബ്ദുൽ റഹ്മാൻ എന്ന ഹബീബിനെ പരിചയപ്പെടുന്നത്. കോളേജിലെ ബിരുദപഠന കാലത്ത് ഞങ്ങൾ സഹപാഠികളായിരുന്നു.അവിടം മുതൽക്ക് തുടങ്ങിയ അടുപ്പവും സൗഹൃദവും ഇന്നും തനതു രൂപത്തിൽ നില നിന്ന് പോരുന്നു.

ഞാൻ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള MPEDA യുടെ അക്വകൾച്ചർ വിഭാഗത്തിന്റെ ഓൾ ഇന്ത്യ ഹെഡ് ആയി സേവനമനുഷ്ഠിച്ചു വിരമിച്ച വ്യക്തിയാണ്.ഞാൻ ഡിഗ്രിക്ക് പഠിക്കുന്ന കാലം മുതൽ MSc യും Phd യും ഒക്കെ പഠിക്കുന്ന കാലത്തും ശേഷം ഇന്നെ തീയതി വരെയും അബ്ദുൽ റഹ്മാൻ എന്ന ഹബീബുമായി തികഞ്ഞ ആത്മ ബന്ധം നിലനിർത്തി പോരുന്നു.സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റിയുടെ ജല കൃഷി വിഭാഗത്തിന്റെ തലവനായിരിക്കവേയാണ് ഞാൻ സർവീസിൽ നിന്ന് വിരമിച്ചത്.

ഇത്രയും എഴുതിയത് എന്റെ പഠനകാലം മുതൽ റിട്ടയർമെന്റ്കാലം വരെയും ശേഷമുള്ള എന്റെ ജീവിതത്തിലെ എല്ലാ സംഭവവികാസങ്ങളും അറിഞ്ഞിരുന്ന വ്യക്തിയാണ് ഇവിടെ സൂചിപ്പിക്കപ്പെട്ട ഹബീബ് എന്ന്

പറയാൻ വേണ്ടിയാണ്. ഞങ്ങൾ എല്ലാ വിഷയങ്ങളും 'ഹബീബെ' എന്ന അഭിസംബോധനയോടെ പരസ്പരം ഷെയർ ചെയ്യാറുള്ളവരാണ്.സോഷ്യൽ മീഡിയ ഒക്കെ ഇപ്പോൾ അടുത്ത കാലത്തല്ലേ വന്നത്. അതിനു മുമ്പ് തപാൽ വഴിയായിരുന്നു ഞങ്ങളുടെ ആശയവിനിമയങ്ങൾ. എന്റെ സർവീസ് അധികവും വടക്കെ ഇന്ത്യയിലായിരുന്നു.

പറയാൻ പോകുന്നത് ഹബീബിന്റെ ഹബീബത്തിനെ കുറിച്ചാണ്. ഹഫ്സത്തു എന്ന ആ ഹബീബത്ത് എന്റെ ഭാര്യയായ ലതയുടെ ഇഷ്ടഭാജനമായിത്തീരാൻ അധികനാൾ ഒന്നും വേണ്ടി വന്നില്ല.ഹബീബത്തുമായുള്ള ആദ്യ കാഴ്ച്ചയിൽ തന്നെ എന്റെ പ്രിയതമക്ക് അവർ പ്രിയങ്കരിയായി മാറിയിരുന്നു. അതിനുള്ള അവസരം ഞങ്ങളുടെ രണ്ടു പേരുടെയും കുടുംബങ്ങളിൽ അനേക തവണ ഉണ്ടായിട്ടുണ്ട്. ഞങ്ങൾ ഫാമിലി അടക്കം ഹബീബിന്റെ വീട്ടിൽ പലപ്പോഴും പോയിട്ടുണ്ട്. ഹബീബത്തിന്റെ ഊഷ്മളമായ വിരുന്നു സൽക്കാരം ഏറെ ആസ്വദിച്ചിട്ടുണ്ട്. അതിഥികളെ സ്വീകരിക്കുന്നതിലും അവരെ സ്നേഹം കൊണ്ട് ചേർത്ത് പിടിക്കുന്നതിലും ആ ഇത്തായിൽ അസാമാന്യമായ മികവ് കാണാൻ കഴിഞ്ഞിട്ടുണ്ട്. പക്വമായ പെരുമാറ്റവും സ്ഫുടമായ സംസാര ശൈലിയും അവരുടെ സ്വന്തമായിരുന്നു.അത് കൊണ്ടാവണം, ഒരിക്കൽ ഞാൻ ഹബീബിനോട് തുറന്ന് പറഞ്ഞിട്ടുണ്ട്, തന്നോടുള്ളതിനേക്കാൾ ഞങ്ങൾക്ക് ഒരു പണതൂക്കം കൂടുതൽ സ്നേഹാദരവും ബഹുമാനവും ഹഫ്സത്തിനോടാണ് എന്ന്. അവർക്ക് തീരെ നിസ്സാരമല്ലാത്ത ഒന്നിലധികം സ്ഥായിയായ രോഗങ്ങൾ ഉണ്ടായിരുന്നു എന്നെനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും ആ നാളുകളിലും അവർ നല്ലൊരു കുടുമ്പിനിയായി ഭർത്താവിനെയും മക്കളെയും പരിചരിച്ചു പോന്നിരുന്നു. ത്യാഗം ഏറെ സഹിച്ചാണെങ്കിലും ഒട്ടും പരിഭവമില്ലാതെയാണ് മിഥ്ലാദു എന്ന ഭിന്നശേഷിക്കാരനെ നാല്പത് കൊല്ലത്തോളം അവർ പോറ്റിയത് എന്നറിയുമ്പോൾ അതിശയം തോന്നുന്നു.

ഹബീബും ഹബീബത്തും പല തവണ ഞങ്ങളുടെ വീട്ടിലേക്കും വന്നിട്ടുണ്ട്. ഞങ്ങളുടെ സദ്യയിൽ അവരും പങ്ക് കൂടിയിട്ടുണ്ട്.എന്റെ അച്ഛനും അമ്മക്കും അവർ ഇഷ്ടക്കാരായിരുന്നു. തിരുവോണത്തിന് പല വട്ടവും ഞങ്ങളവരെ ക്ഷണിക്കാറുണ്ടെങ്കിലും ഒരു ഓണത്തിന് മാത്രമെ അവർ എത്തിയിരുന്നുള്ളു. ഒരു പകൽ മുഴുവൻ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അന്ന് വൈകീട്ട് ഞങ്ങൾ എല്ലാവരും കൂടി കണ്ടശ്ശങ്കടവിലെ വള്ളം കളി മത്സരം കണ്ടതിന് ശേഷമാണു അവർ മടങ്ങിയത്. ഓർമ്മയിൽ നിന്ന് മായാത്ത ഒരു ഓണാഘോഷമായിരുന്നു ഞങ്ങൾക്കത്. ഞാനും കുടുംബവും ഒടുവിലായി പാടൂരിലെ അവരുടെ വീട്ടിൽ വന്ന ദിവസവും മറക്കാനാവാത്തതായിരുന്നു. ഹബീബും ഹബീബത്തും അവരുടെ മക്കളും മരുമക്കളും പേരക്കിടാങ്ങളും എല്ലാവരെയും ഒരുമിച്ചു കാണാനും ഒരുമിച്ചിരുന്നു ആഹാരം കഴിക്കാനും അന്നാണ് സാധിച്ചത്. പിന്നീട് ഞാനും ലതയും വന്നത് ഹഫ്സത്തു മരിച്ച വിവരം അറിഞ്ഞിട്ടാണ്. ഏതായാലും മയ്യത്ത് കാണാൻ കഴിഞ്ഞല്ലോ എന്ന ആശ്വാസത്തോടെയാണ് മടങ്ങിയത്. വിധിയെ ആർക്കും തടുക്കാനാവില്ലല്ലോ. ഭാവത്തിലും പെരുമാറ്റത്തിലും തന്റേതായ ഉറച്ച വിശ്വാസവും ഭക്തിയും നില നിർത്തി പോരുന്നതോടൊപ്പം സമൂഹത്തിൽ ക്രിയാൽമകമായ ഇടപെടലുകൾ നടത്തിപ്പൊന്നിരുന്ന ഒരു വനിത യായിരുന്നു അവർ എന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

അകാലത്തിൽ നമ്മെ വിട്ട് പിരിഞ്ഞ ആ ഹബീബത്തിന് ആത്മ ശാന്തി നേർന്നുകൊണ്ട് ഈ വരികൾ ഇവിടെ അവസാനിപ്പിക്കട്ടെ.

രഘു & ലത, മണലൂർ.

<u>അൻവർഷാ</u>

വെല്ലിത്തയും കുഞ്ഞുമ്മയുമായ ഹഫ്സത്ത

ഹഫ്സത്തയെ കുറിച്ച് പറയുന്നതിന് മുമ്പ് 'അദ്രമാൻക്ക'യെ കുറിച്ച് രണ്ടു വാക്ക് പറയട്ടെ. അതെ അദ്രമാൻക്ക- ഞങ്ങളങ്ങനെയാണ് കേലാണ്ടത്തെ അബ്ദുറഹിമാൻക്കയെ വിളിച്ചിരുന്നത്. ഇപ്പോഴും അങ്ങനെതന്നെ. വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലും സൗഹൃദപൂർവ്വം അദ്ദേഹം അങ്ങിനെ വിളിക്കപ്പെടാറുണ്ട്.

ജ്യേഷ്ഠൻ അഹമ്മദ് മുസ്ലിയാരോട് അയൽവാസി എന്നതിനപ്പുറം ഗുരുശിഷ്യ ബന്ധമുണ്ടെങ്കിലും, സരസനും സംസാരപ്രിയനുമായ അനുജൻ അദ്രമാൻക്കയുമായുള്ള ഞങ്ങളുടെ ഒക്കെ കൂട്ടുകെട്ട് ഞങ്ങളുടെ വല്യുപ്പ ഹമീദ് മുസ്ലിയാർ ജീവിച്ചിരിക്കുന്ന കാലം മുതലേ ഉള്ള തായിരുന്നു.

ഹഫ്സത്തയെ റഹ്മാൻക്ക വിവാഹം കഴിച്ചതിനു ശേഷം ആദ്യ കുടുംബ സന്ദർശനം ഞങ്ങളുടെ വീട്ടിലേക്കായിരുന്നു എന്ന് അദ്രമാൻക്ക പറഞ്ഞിട്ടുണ്ട്. വെല്ലിപ്പയുമായി നീണ്ട കാലങ്ങളായുള്ള അദ്ദേഹത്തിന്റെ ആ അടുപ്പം പിന്നീട് എന്റെ ഉപ്പയുമായും ഇപ്പോൾ ഞാനുമായും തുടർന്ന് പോരുന്നു. അതിപ്പോൾ എന്റെ മകൻ വരെ എത്തിക്കഴിഞ്ഞിട്ടുമുണ്ട്.

ഒരു സഹോദരനോടോ ഉറ്റ ഒരു കൂട്ടുകാരനോടോ ഉള്ള അടുപ്പമാണ് ഞങ്ങൾ തമ്മിൽ നാളിത് വരെ നിലനിർത്തി പോന്നിട്ടുള്ളത്. പ്രായത്തിന്റെയും കാലത്തിന്റെയും പരിധികളെ മറികടന്നുള്ള ഒരാത്മ ബന്ധം എന്ന് വേണമെങ്കിൽ ഇതിനെ പറയാം.

അൽഹംദുലില്ലാഹ്... അല്ലാഹു മരണം വരെ ആ ബന്ധം നിലനിർത്തട്ടെ.

അദ്ദേഹം വിവാഹ ശേഷം ഭാര്യ ഹഫ്സത്തയുമായി ആദ്യമായി ഞങ്ങളുടെ വീട്ടിലെത്തിയപ്പോൾ ഉമ്മയുമായുള്ള അവരുടെ ഇടപെടൽ ഒരു മൂത്ത സഹോദരിയോടെന്നപോലെയായിരുന്നു. ഏറെ നാളത്തെ മുൻപരിചയം ഉള്ളത് പോലെയായിരുന്നു അവർ ഉമ്മയോട് പെരുമാറിയിരുന്നത്. അതാണ് ഹഫ്സത്തയുടെ പ്രത്യേകതയും.

എന്റെ ഉമ്മാക്ക് ജേഷ്ഠത്തിയോ അനിയത്തിയോ ഇല്ലാത്തത് കൊണ്ട് ഒരു അനിയത്തിയെ കിട്ടിയ സന്തോഷത്തോടും വാത്സല്യത്തോടും കൂടിയായിരുന്നു ഉമ്മ ഹഫ്സത്തയെ കണ്ടിരുന്നത്. അവർ തമ്മിലുണ്ടായിരുന്ന ആത്മബന്ധം അത്ര വൈകാരികമായിരുന്നു.

ഉമ്മയുടെയും ഹഫ്സത്തയുടെയും എല്ലാ വിഷമങ്ങളും സന്തോഷങ്ങളും അവർ പരസ്പരം പങ്കുവെക്കാറുണ്ടായിരുന്നു എന്നത് ആ ബന്ധത്തിന് ഊഷ്മളത കൂട്ടി. ഹഫ്സത്ത വീട്ടിൽ എത്തിയാൽ പിന്നെ പലഹാരങ്ങളുണ്ടാക്കലും അത് നിർബന്ധിച്ച് കഴിപ്പിക്കലുമെല്ലാം ഇന്നലെ കഴിഞ്ഞത് പോലെ തോന്നുന്നു. ഇസ്ലാമിക ചട്ടക്കൂട്ടിൽ വളർന്ന ഹഫ്സത്തയുടെ വസ്ത്രധാരണവും

സംസ്കാര സമ്പന്നമായ പെരുമാറ്റവും, വിനയവും, സംസാരരീതിയുമാണ് ഒരു അനിയത്തിയെപ്പോലെ ഉമ്മ ഹഫ്സത്തയെ സ്നേഹിക്കാൻ നിമിത്ത മാക്കിയത്. ജേഷ്ഠത്തിയെപ്പോലെ ഹഫ്സത്ത ഉമ്മയെ സ്നേഹിച്ചതും ആ ഇസ്ലാമിക ബോധം കൊണ്ട് തന്നെ യായിരിക്കും.

അതെ, രക്തബന്ധത്തേക്കാളും അപ്പുറം സ്നേഹവും വിശ്വാസവും നിറഞ്ഞ അതുല്യമായ ആത്മബന്ധമായിരുന്നു അവർ തമ്മിൽ. എനിക്കില്ലാതെപോയ ജേഷ്ഠത്തിയായിരുന്നു എനിക്കെന്റെ ഹഫ്സത്ത. എനിക്കില്ലാതെപോയ എന്റെ കുഞ്ഞുമ്മയുമായിരുന്നു എനിക്ക് ഹഫ്സത്ത.

ഹഫ്സത്ത ജമാഅത്ത് കാരി ആയത് കൊണ്ട് വീട്ടിൽ വന്നാൽ സുന്നി-ജമാഅത്ത് സംവാദം നടത്തലാണ് ഞങ്ങളുടെ നേരംപോക്ക്. ഇസ്ലാമിക വിഷയങ്ങളിലും ബന്ധപ്പെട്ട പ്രമാണങ്ങളിലും സാമാന്യം നല്ല അറിവുള്ള ഹഫ്സത്തയോട് മുട്ടിയാൽ എപ്പോഴും തോൽക്കുന്നത് ഞാൻ തന്നെയായിരുന്നു. എല്ലാം മാഞ്ഞുപോകാത്ത ഓർമ്മകളായി ഇപ്പോഴും നിൽക്കുന്നു.

പിന്നീട് ഞങ്ങളുടെ ഉമ്മ മരിച്ചതിന് ശേഷം സന്ദർശനം കുറഞ്ഞു വെങ്കിലും വർഷങ്ങൾ പിന്നിട്ടിട്ടും ആ ബന്ധം മുറിയാതെ നില നിർത്താൻ ഹഫ്സത്ത ശ്രമിച്ചിരുന്നു.

ഈ അടുത്ത് മരിക്കുന്നതിന് ഏകദേശം രണ്ട് മാസം മുമ്പ് ഏതാനും ചില ഫോട്ടോകളും മെഡിക്കൽ റിപ്പോർട്ടുകളും എനിക്ക് ഇത്ത വാട്സ്ആപ്പിൽ അയച്ചുതന്നിരുന്നു. കൂടെ 2:52 സെക്കന്റ് ദൈഘ്യമുള്ള ഒരു വോയിസും. അവിടെ അടുത്ത് തന്നെയുള്ള ഒരു സ്ത്രീയുടെ ചികിത്സയുമായി ബന്ധപ്പെട്ട് അനിവാര്യമായ സഹായം തരപ്പെടുത്തേണ്ടതിലേക്കായി അയച്ചതായിരുന്നു അത്. ഹഫ്സത്തയെസംബന്ധിച്ചിടത്തോളം ഇതൊന്നും ഒറ്റപ്പെട്ട സംഗതിയല്ല എന്ന് അറിയുന്നവർക്കറിയാം. എന്നാലും സൂചിപ്പിച്ചെന്ന് മാത്രം.

ഹഫ്സത്ത തന്റെ രോഗാവസ്ഥയും അതിന്റെതായ പാരവശ്യങ്ങളും പരിഗണിക്കാതെ മറ്റുള്ളവർക്ക് വേണ്ടിയാണ് ജീവിതകാലം അധികവും നീക്കിവെച്ചത്. ഇങ്ങിനെ ഒരു മാതൃകായോഗ്യയായ ഒരു സഹോദരിയെ ഇനി ഈ പാടൂരിന് ലഭിക്കുമോ??

തുടക്കത്തിൽ ഹഫ്സത്തയുടെ വസ്ത്രധാരണത്തെ പറ്റി സൂചിപ്പിച്ചുവല്ലോ. അവർ പാടൂരിലെത്തുന്ന എൺപതുകളിൽ പൊതുവെ മുസ്ലിം സ്ത്രീകൾ ഇസ്ലാമിക വേഷ വിധാനങ്ങളൊന്നും വേണ്ടും വിധം പാലിച്ചിരുന്നില്ല. പ്രത്യേകിച്ച് ചെറുപ്പക്കാരികൾ. ഹാഫ് കയ്യ് ഒരു പരിഷ്കാരമായിരുന്നു. തല മറക്കുമെങ്കിലും അത് ഭാഗികമായിരുന്നു. തെറ്റാണെന്നറിയാം. എന്നാലും ശരിചെയ്യാൻ ഒരപകർഷതാബോധം നമ്മുടെ സോദരിമാരെ വേട്ടയാടിയിരുന്നു. അവർക്കിടയിലൂടെയായിരുന്നു ഹഫ്സത്ത ആദർശ വീര്യത്തോടെ മുഖമക്കനയും ഫുൾ കൈയുമായി നടന്നിറങ്ങിയത്. കാണുന്ന ഇത്തമാർക്ക് കുറച്ചെങ്കിലും ചമ്മൽ തോന്നിയിരിക്കണം. എന്നാൽ അവർക്ക് സ്ത്രീത്വത്തിന്റെ മാന്യത എന്തെന്നു ഇത്ത തന്റെ ഡ്രസ്സ് കോഡിലൂടെ കാണിച്ചു കൊടക്കുകയായിരുന്നു. അവരിൽ സ്വത്വബോധവും തങ്ങളുടെ പൈതൃകത്തിന്റെ മഹത്വവും ഹഫ്സത്ത പറിച്ചു നട്ടു. അങ്ങനെ സ്ത്രീകളിൽ ഇസ്ലാമിക വേഷ വിധാനത്തിന്റെ ഒരു സംസ്കാരം നാട്ടിൽ

കൊണ്ട് വരുന്നതിൽ ഹഫ്സത്ത നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്നു തന്നെ പറയാം. അത് പോലെ പലതും പലതും.

ജമാഅത്തായുള്ള സ്ത്രീകളുടെ തറാവീഹുനിസ്കാരം, പെണ്ണുങ്ങളുടെ കൂട്ടായുള്ള മയ്യിത്ത് നിസ്കാരം, ഈദ് ഗാഹു കളിൽ സ്ത്രീകളുടെയും കുട്ടികളുടെയും നിറ സാന്നിധ്യം ... ഇവയെല്ലാം ചിലത് മാത്രം.

ഇനിയും ഒരുപാടൊരുപാട് എഴുതാനുണ്ട്.

എത്ര എഴുതിയാലും, പറഞ്ഞാലും തീരാത്തത്ര മഹനീയമായ ഗുണങ്ങൾ ഒത്തുചേർന്ന ഹഫ്സത്താക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാവട്ടെ. സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനങ്ങൾ നൽകി അവരെ അള്ളാഹു അനുഗ്രഹിക്കുമാറാകട്ടെ...

ഹഫ്സത്ത നമ്മെ വിട്ട് പോയെങ്കിലും ഓർമ്മകളിൽ ഇപ്പോഴും ജീവിച്ചിരുന്ന ആ ആത്മ ബന്ധം, ഇന്നിന്റെ ഹൃദയവേദനയായി തുടർന്ന് കൊണ്ടേയിരിക്കുന്നു.

ഹൃദയപൂർവ്വം

അൻവർ ഷാ, പാടൂർ

<u>ആർ വി അബ്ദുൽ ഹമീദ് സാഹിബ്</u>

ഹഫ്സ ടീച്ചർക്ക് അള്ളാഹുമഗ്ഫിറതുമറ ഹമത്തും നല്കി ജന്നാത്തുൽ ഫിർദൗസിൽ ഉന്നതസ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ ടീച്ചർ ക്ക്പകരം വെക്കാൻ പാടൂരു ആരും ഇല്ല .

അവരുടെ മതവിജ്ഞാനം . ഒരു പ്രത്യക തയാണ് ഖുർ തുറന്ന് വെച്ച് അതിന്റെ അത്ഥവും കാലോചിതമായി വിശദീകരണവും പറയാൻ അവർക്ക് പ്രത്യക കഴിവാണ്. പാടു രിന്റെ മുക്കും മൂലയും അറിയുന്ന ആളാണ്. ജമാ : മുജാഹിദ് ' സുന്നി വിത്യാസമില്ലാതെ ഓരോ വിടുകളിലും പോയി ഖുർആൻ ക്ലാസുകൾ എടുകുന്ന ആളാണ്

ഇതരസഹോദരങ്ങളെ എന്നും ചേർത്ത് നിർത്തുന്ന വ്യക്തിയായിരുന്നു. എന്റെ അയൽവാസിയും ആയിരുന്നു. എന്റെ കുടുംബത്തിലെ ഒരു അഗത്തെ പോലെയാണ് ഞാൻ അവരെ കണ്ടിരുന്നത്. തന്റെ അറിവുകൾ മറ്റുള്ളവക്ക് പകർന്ന് നൽകാൻ എന്നും അവർ തയ്യാറാണ്. തന്റെ കൈവശമുള്ള സാധനങ്ങൾ, ഭക്ഷണമായാലും, പച്ചക്കറി പോലുള്ള വ മറ്റുള്ളവർക്ക് കൊടുക്കാനും എന്നും ഉൽസാഹം കാണിച്ചിരുന്നു.ഖുർആൻ വാക്യങ്ങൾ ജീവിതത്തിൽ പകർത്തിയ ഒരു വ്യക്തിത്വമായിരുന്നു.തൻറെ സഹായം ആവശ്യമുള്ള എല്ലാ ജനങ്ങൾക്കും അതിൽ അവകാശമുണ്ടെന്ന് നിലപാട് സ്വീകരിക്കുന്നവരായിരുന്നു. അത് സ്വീകരിക്കുന്നവരെ തന്റെ ഔദാര്യം എന്ന നിലയിൽ ചെയ്യുന്നതായിരിക്കില്ല അവരുടെ സഹായം. താൻ ചെയ്യുന്നത് സ്വീകരിക്കുന്നവരുടെ അവകാശമായിട്ടും അത് വകവച്ചു കൊടുക്കേണ്ടത് തൻറെ കർത്തവ്യമായിരിക്കും എന്നാണ് അവർ കരുതുന്നത് .

സഹയാഭ്യർഥനകളുമായി തൻറെ മുന്നിൽ കൈ നീട്ടുന്നവരിൽ പരിമിതമായിരിക്കില്ല അവരുടെ ഈ ജനസേവനം നിത്യജീവനത്തിന് വിഷമിക്കുന്നതായി ആരെക്കുറിച്ച് അറിഞ്ഞാലും അവർ അയാളെ സഹായിക്കാൻ ഒരുക്കമായിരുന്നു. ആലംബഹീനനായി തീരുന്ന അനാഥൻ നിരാശ്രയത്തിയിരുന്ന വിധവകൾ ദൈനംദിന ആവശ്യങ്ങൾ. വരുമാനം അത്യാവശ്യങ്ങൾക്ക് തികയാത്തവർ ആപത്തുകളിൽ പെട്ടവർ . എന്നുവേണ്ട സഹായം ആവശ്യമുള്ളവര്ന്ന് താൻ അറിയുകയും തനിക്ക് സഹായിക്കാൻ സാധിക്കുകയും ചെയ്യുന്ന ആരുടേയും അവകാശം അംഗീകരിച്ച സഹായ ഹസ്തം നീട്ടാൻ അവർക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല, അല്ലാഹുവിനോടുള്ള അടിമത്തിന്റെ ബാധ്യതകൾ ജീവിതത്തിൽ പകർത്തിയവരായിരുന്നു. ദൈവ ദാസന്മാരെ സേവിക്കുന്നതിനു അവർ ഒരു ഔദാര്യമായി കാണാതെ സഹായം അഭ്യർഥിക്കുന്നതിനോടുള്ള നിർബന്ധ ബാധ്യതയായി മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞിരുന്നു. നമുക്ക് അവരെ മാതൃകയാക്കാവുന്നതാണ്

<u>സൈനുദ്ധീൻ പാടൂർ</u>

ഒരു നോമ്പ് കാലത്ത് ഞാൻ ഒമാനിൽനിന്നും ലീവിന് വന്നതായിരുന്നു ടി വി കണ്ടു കൊണ്ടരിക്കെ ഹോണിംങ് ബെൽ കേട്ടാണ് കതക് തുറന്നത്.

ഒരു വലിയ സഞ്ചി നിറയെ നിത്യോപയോഗ സാധനങ്ങളുമായി നിറചിരിയോടെ മർഹൂം ഹഫ്സ അബ്ദുൽ റഹ്മാൻ സാഹിബ കേലാണ്ടത്തും കൂടെ ആരിഫ ജമാലും. എല്ലാ വർഷവും മത്രമല്ല അല്ലാതെയും വീട്ടിൽ വരാറുള്ളവരാണ് ഹഫ്സത്തയും കൂടെ ഉള്ളവരും എന്ന് സഹധർമ്മിണി പറഞ്ഞപ്പോൾ ഇരിക്കൂ ചായ കുടിച്ചു പോവാം എന്നു പറഞ്ഞപ്പോൾ ഇനിയും കുറേ വീടുകളിൽ പോകേണ്ടതുണ്ട് എന്നു പറഞ്ഞ് അവർ വന്ന വണ്ടി തിരിക്കുകയായിരുന്നു...

നമ്മളേക്കാൾ പാവപ്പെട്ടവർക്ക് ലഭിക്കേണ്ട സഹായം ഇയാളിതെന്തിന് വിങ്ങി വെച്ചു എന്ന് എന്റെ ചോദ്യത്തിന് ഉത്തരമായി സഹധർമ്മിണി പറഞ്ഞത് ഇങ്ങിനെ:

'' ഇക്കാ ഞാൻ വേണ്ട എന്നു പറഞ്ഞാൽ അവർക്ക് അതൊരു വിഷമമാവില്ലെ നമുക്ക് അതു വാങ്ങി നമ്മളേക്കാൾ പാവപ്പെട്ട ആളുകൾക്ക് അത് കൊടുക്കാമല്ലോ ''

മുഖം നോക്കാതെ സഹായഹസ്തം നീട്ടിയിരുന്ന ഹഫ്സത്തയുടെ മുഖം ഇന്നും മറക്കാനാവുന്നില്ല...

അള്ളാഹു അവർക്ക് സ്വർഗ്ഗപൂങ്കാവനം നൽകുമാറാകട്ടെ

آمين 🤲 يارب العالمين

അബ്ദുൽ നാഫിഹ് തങ്ങൾ

ഞങ്ങളുടെ ഹഫ്സ ടീച്ചർ: ദീനിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകിയ ഗുരുനാഥ. പാടൂരിലെ ആദ്യത്തെ പിസ (PISSA) ഇംഗ്ലീഷ് മീഡിയം സ്കൂളിലായിരുന്നു എന്റെ ബാല്യം. പഴയ ഹാഷിംക്കയുടെ (തങ്ങൾ) വീടിന് പിന്നിലായി, ഇന്നത്തെ റഷീദ് മാഷിന്റെ വീടിന് അടുത്തുണ്ടായിരുന്ന ആ കൊച്ചു സ്കൂളിൽ എൽ.കെ.ജിയിൽ പഠിക്കുമ്പോഴാണ് ഹഫ്സ ടീച്ചറുടെ മൂത്ത മകൻ മിക്കി ദാദിനെ ഞാൻ ആദ്യമായി കാണുന്നത്. അന്ന് മിക്കവാറും സ്കൂളിൽ കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതും ടീച്ചർ തന്നെയായിരുന്നു.

ഞാൻ രണ്ടാം ക്ലാസ്സിലെത്തിയപ്പോഴേക്കും സ്കൂൾ ഇന്നത്തെ കമ്മ്യൂണിറ്റി ഹളിലേക്ക് മാറ്റിയിരുന്നു. അവിടെ വെച്ചാണ് ഇസ്ലാമിക് വിഷയങ്ങൾ പഠിപ്പിക്കാനായി ഹഫ്സ ടീച്ചർ ക്ലാസ്സിലെത്തുന്നത്. എന്നാണ് ഓർമ്മ.

മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് വാപ്പ എന്നെ തെക്കേ മദ്രസയിൽ ഒന്നാം ക്ലാസ്സിൽ ചേർത്തുന്നത്. എന്നാൽ അതിനു മുൻപേ തന്നെ എനിക്ക് ഖുർആനിലെ ചെറിയ സൂറത്തുകളും, നിസ്കാരത്തിലെയും അല്ലാത്തതുമായ പ്രാഥമിക പ്രാർത്ഥനകളുമെല്ലാം മനപ്പാഠമായിരുന്നു. സ്കൂളിൽ നിന്ന് എനിക്ക് ലഭിച്ച ആ അടിസ്ഥാന ദീനീവിജ്ഞാനത്തിന് പിന്നിൽ ഹഫ്സ ടീച്ചറുടെ വലിയ പരിശ്രമമുണ്ടായിരുന്നു.

അബ്ദുറഹ്മാൻക്ക എന്റെ വാപ്പയുടെ അടുത്ത സുഹൃത്താണ്. അവരുടെ തറവാട് വീട് എന്റെ ഉമ്മയുടെ വീടിനടുത്തായതുകൊണ്ട് കുടുംബപരമായും ഞങ്ങളുമായി നല്ല ബന്ധമുണ്ടായിരുന്നു. പിന്നീട് ടീച്ചറുടെ രണ്ടാമത്തെ മകൻ യാസിർ പാടൂർ, ശാന്തപുരം അൽ ജാമിയ കോളേജിൽ എന്റെ ജൂനിയർ കൂടിയായതോടെ ആ ബന്ധത്തിന്റെ ആഴം വർദ്ധിച്ചു.

സത്യദീനിന്റെ ആദ്യാക്ഷരങ്ങൾ ചൊല്ലിപ്പഠിപ്പിച്ച എന്റെ പ്രിയപ്പെട്ട ടീച്ചർക്ക് അല്ലാഹു ജന്നാത്തുൽ ഫിർദൗസിൽ അർഹമായ ഇടം നൽകി അനുഗ്രഹിക്കട്ടെ.

اللهم اغفرلها والرحمها

എ. ഷറഫുദീൻ

ഹഫ്സത്ത്:

പാടൂരിന്റെ സ്നേഹം

പാടൂർ ഗ്രാമത്തിന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നിറദീപമായി ജ്വലിച്ച വ്യക്തിത്വമായിരുന്നു ഹഫ്സത്ത്. കൊടുങ്ങല്ലൂരിൽ നിന്ന് പാടൂരിലേക്ക് ഒരു സാധാരണ വീട്ടമ്മയായി കടന്നുവന്ന അവർ, സ്വന്തം ജീവിതം സമൂഹത്തിന്റെ നന്മയ്ക്കായി ഉഴിഞ്ഞുവെച്ച ഒരു മാലാഖയായി മാറി. ജന്മനാ രോഗിയായിരുന്നിട്ടും, ആ രോഗാവസ്ഥയെ തന്റെ ഇച്ഛാശക്തികൊണ്ട്

മറികടന്ന്, മറ്റുള്ളവർക്ക് താങ്ങും തണലുമായി മാറിയ ഹഫ്സത്തിന്റെ ജീവിതം ആർക്കും ഒരു പ്രചോദനമാണ്.

ഹഫ്സത്ത് എന്ന വ്യക്തി, വെറുമൊരു വീട്ടമ്മയായി ഒതുങ്ങിയില്ല. അടുക്കളയിൽ നിന്ന് സമൂഹത്തിലേക്ക് ഇറങ്ങിവന്ന അവർ, തന്റെ വാക്കും പ്രവൃത്തിയും, കൈവശമുള്ളതെന്തും ജനങ്ങൾക്ക് ആശ്വാസമേകാൻ ഉപയോഗിച്ചു. പാടൂരിലെ മാളികകളേയും കുടിലുകളെയും ഒരുപോലെ സ്നേഹിച്ച അവർ, വലുതും ചെറുതുമായ പ്രശ്നങ്ങളെ ഒരുപോലെ ഏറ്റെടുത്ത് പരിഹരിച്ചു. അവർ അറിയാത്ത ഒരു വീടും, അവരെ അറിയാത്ത ഒരു വീട്ടുകാരും പാടൂരിൽ ഉണ്ടായിരുന്നില്ല. ഈ ജനകീയബന്ധം തന്നെയാണ് അവരുടെ ജീവിതത്തിന്റെ ഏറ്റവും വലിയ അടയാളം.

കാരുണ്യത്തിന്റെ ചിറകുള്ള മാലാഖ

ഹഫ്സത്തിനെക്കുറിച്ച് പറയുന്നവരെല്ലാം അവരെ ചിറകുള്ള മാലാഖയായിട്ടാണ് വിശേഷിപ്പിച്ചത്. അശരണർക്കും പ്രയാസ മനുഭവിക്കുന്നവർക്കും ഒരുമ്മയെപ്പോലെയും സഹോദരിയെപ്പോലെയും സ്വന്തം കൂടെപ്പിറപ്പിനെപ്പോലെയും അവർ താങ്ങായി നിന്നു. രോഗികളെ പരിചരിക്കാനും, പാവപ്പെട്ടവർക്ക് വീടുവെച്ച് കൊടുക്കാനും, വിദ്യാർത്ഥികളുടെ പഠനച്ചെലവുകൾ ഏറ്റെടുക്കാനും അവർ മുന്നിട്ടിറങ്ങി. ഈ പ്രവൃത്തികളെല്ലാം ആരും അറിയാതെ, നിശ്ശബ്ദമായിട്ടാണ് അവർ ചെയ്തിരുന്നത്. മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കുചേരാനും, അവർക്ക് ആശ്വാസം പകരാനും സ്വന്തം ആരോഗ്യത്തെപ്പോലും അവഗണിക്കാൻ അവർ മടിച്ചില്ല.

ഹഫ്സത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ത്യാഗം, തന്റെ മകൻ മിഷാദിനെ പരിപാലിച്ചതിലാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന, മകന് താങ്ങും തണലുമായി നാൽപ്പത് വർഷം ചുമന്ന ആ അമ്മയുടെ ത്യാഗം ആരെയും കണ്ണീരണയിക്കുന്നതാണ്. ആ ദൃഢവിശ്വാസം, ഇസ്ലാമിക പ്രസ്ഥാനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിലും, ഖുർആൻ, ഹദീസ് പഠനങ്ങളിലും അവർക്ക് വലിയ ഊർജ്ജം നൽകി.

ഹഫ്സത്തിന്റെ ജീവിതപാഠങ്ങൾ

ഹഫ്സത്തിന്റെ വിയോഗം പാടൂരിനെ മാത്രമല്ല, അവരെ അറിഞ്ഞ എല്ലാവരെയും ദുഃഖത്തിലാഴ്ത്തി. കോഴിക്കോട് നിന്നുവന്ന നിവ്യ സത്യൻ എന്ന പെൺകുട്ടിക്ക് സ്വന്തം 'ഉമ്മ'യെപ്പോലെ അവർ മാറിക്കഴിഞ്ഞിരുന്നു. പ്രകൃതി ചികിത്സകയായ ഡോ. ജയന്തിക്ക് ഒരു രോഗിയായി തുടങ്ങിയ ഹഫ്സത്ത്, പിന്നീട് തന്റെ സാമൂഹിക പ്രതിബദ്ധത തെളിയിച്ച ഒരു വ്യക്തിയായി മാറി. ഹഫ്സത്ത് തനിക്ക് നൽകിയ തെങ്ങുംതൈകളും , ഫലവൃക്ഷങ്ങളും മുരിങ്ങയും ചീരയുമൊക്കെ ഡോക്ടറുടെ തോട്ടത്തിൽ ഇന്നും വളരുന്നു. അവർ നട്ട സ്നേഹത്തിന്റെ വിത്തുകൾ പലരുടെയും ജീവിതത്തിൽ ഇന്നും തഴച്ചുവളരുന്നുണ്ട്. 'നല്ലവരും നീതിമാന്മാരമായ

മനുഷ്യർ എന്തിന് ഈ വിധം കഷ്ടപ്പെടേണ്ടിവരുന്നു ?' എന്ന ചോദ്യം ഹഫ്സത്തിന്റെ ജീവിതം നമ്മുടെ മുന്നിൽ വെക്കുന്നു. കഷ്ടപ്പാടുകൾക്കിടയിലും നന്മകൾ മാത്രം ചൊരിഞ്ഞ് , ജനഹൃദയങ്ങളിൽ എന്നെന്നേക്കുമായി ഇടം നേടിയാണ് അവർ ഈ ലോകത്തോട് വിട പറഞ്ഞത്. ഹഫ്സത്ത് എന്ന വ്യക്തി നമുക്ക് നൽകിയ സന്ദേശം ഇതാണ്:

' ഈ ലോകം ചെറുതാണ്, പക്ഷേ നന്മകൾ കൊണ്ട് നമുക്ക് അത് വലുതും ശാശ്വതവുമാക്കാം.'

ഹഫ്സത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരപൂർവ്വം പ്രാർത്ഥിക്കുന്നു. അല്ലാഹു അവർക്ക് സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹ സ്മരണകളോടെ

എ. ഷറഫുദീൻ

<u>സഊദ് തങ്ങൾ</u>

ബഹുമാന്യ ഹഫ്സ ടീച്ചർ

****

അഴീക്കോട് ഭാഗത്തെ മാടവന-അത്താണിയിൽ നിന്നു തുടങ്ങി, വളവുകളും തിരിവുകളും താണ്ടി, കണ്ടു മുട്ടിയ മനുഷ്യരുടെ ഹൃദയങ്ങൾ കവർന്നൊഴുകി, അവസാനം പാടൂരിൽ വന്നണഞ്ഞ 'മുത്തപ്പന്റെ വഞ്ചി'യെ കുറിച്ചുള്ള ഓർമകളാണ് നാം അയവിറക്കുന്നത്.

പിതാവ് സൈദ് മുഹമ്മദ് മൗലവി. പ്രഗത്ഭരായ ഒട്ടേറെ വ്യക്തികൾക്ക് ചാർച്ചയുള്ള കുടുംബമാണ് സൈദു മുഹമ്മദ് മൗലവിയുടേത്. ടീച്ചറുടെ സഹോദരൻ വി. എസ്. സലീം സാഹിബാണല്ലോ 'ഖുർആന്റെ തണലിൽ' എന്ന ബൃഹത് ഗ്രന്ഥം മലയാളത്തിലേക്ക് പരിഭാഷ പ്പെടുത്തിയ രണ്ടു പണ്ഡിതരിൽ ഒരാളാൾ.

തന്റെ കുഞ്ഞിപ്പെങ്ങളെ കുറിച്ച് അദ്ദേഹം വളരെ ഹൃദയ സ്പർശിയായി എഴുതിയിട്ടുണ്ടല്ലോ. അതേ, ആ 'മുത്തപ്പന്റെ വഞ്ചി'യെ കുറിച്ച്. നമ്മുടെ ഹഫ്സ ടീച്ചറെ കുറിച്ച്.

ഇരുപതാം നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ വിയർത്തു നിന്ന മുസ്‌ലിം ഉമ്മത്തിന് ഉയിര് കൊടുത്ത മൌലാന മൗദൂദിയുടെയും, സെയ്യിദ് ഖുതുബിന്റേയും ധൈഷണിക പ്രഭാവത്തിൽ നിന്ന് ഉരുവം കൊണ്ടതാണ് ഹഫ്സ ടീച്ചറുടെ ജ്ഞാന പരിസരം. അതിന്റെ എല്ലാ വിധ ഗുണവും മണവും നിറഞ്ഞു നിന്നതായിരുന്നു അവരുടെ ജീവിതം.

ഹഫ്സ ടീച്ചർ പാടൂരിലേക്ക് വരാനുള്ള ഹേതുവായത് വി. എസ്. സലീം സാഹിബിനും അബ്ദുൽ റഹിമാൻ സാഹിബിനും, എന്റെ സഹോദരൻ ആറ്റക്കോയയുമായുള്ള സൗഹൃദമാണ്. ഒരു ദീനി പ്രബോധകക്ക്

ആവശ്യമായ ക്രാന്ത ദർശിത്തവും, പ്രായോഗിക ജ്ഞാനവും അവർക്ക് സ്വതസ്സിദ്ധമായിരുന്നു.

ഒരിക്കൽ ഒരു വിവാഹാലോചനയുമായി ബന്ധപ്പെട്ടു, എനിക്കവരോട് സംസാരിക്കേണ്ടി വന്നു. ഒരു തീരുമാനമെടുക്കാൻ വിഷമിച്ചു നിൽക്കെ, പ്രശ്നം അവർ ഏറ്റെടുത്തു.

തനിക്ക് പ്രാസ്ഥാനിക ബന്ധമുള്ള വ്യക്തികളുടെ വാക്കുകൾ തള്ളിക്കളഞ്ഞാണ്, ഹഫ്സ ടീച്ചർ, ആ ആലോചനയെ, വിവാഹബന്ധത്തിലേക്ക് കൊണ്ടെത്തിച്ചത്. ഞാൻ ഇത്തിരി ഇടഞ്ഞു നിൽക്കുന്നു എന്ന് തോന്നിയപ്പോൾ അത് വരെ എനിക്ക് അവർ തന്ന പ്രിവിലേജ് മറി കടന്നു, ഒരു പേരന്റൽ റോളിൽ നിന്ന് കൊണ്ടവർ ശാസനാധികാരത്തിൽ സംസാരിച്ചു.

തന്റെ വൃത്തത്തിലുള്ള വ്യക്തികൾക്ക് അനിഷ്ടം ഉണ്ടാകാനിടയുള്ള ആ തീരുമാനം എടുക്കാൻ അവർക്ക് കഴിഞ്ഞത്, അവരുടെ സ്വജന പക്ഷപാതരഹിതമായ നിഷ്കളങ്കത കൊണ്ടാണ്.

പഠിച്ചതിലൊന്നും വെള്ളം ചേർക്കാതെയും, ആദർശത്തിൽ വിട്ടു വീഴ്ച്ച ചെയ്യാതെയും ചുറ്റുപാടുകളോട് എങ്ങനെ സമരസപ്പെടാം എന്നതിന്റെ മികച്ച ഉദാഹരണമാണ് ഹഫ്സ ടീച്ചർ.

വലിയ ആദർശവും സഹനവുമൊക്കെ പ്രസംഗിക്കുന്ന പലരും കാലിടറി വീഴുന്ന പരീക്ഷണ ഭൂമിയിൽ, സഹനം കൊണ്ട് വിജയിച്ചു കയറിയ ഹഫ്സ ടീച്ചറെ കുറിച്ച് ഇത്രയെങ്കിലും പറഞ്ഞില്ലെങ്കിൽ അത് നന്ദി കേടാകും.

അല്ലാഹു അവർക്ക് അവന്റെ വാഗ്ദാനമായ സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ

മുഹമ്മദ് റഷീദ് ശബ്ദ സന്ദേശം

https://youtu.be/3ooGduCRgRc?si=BzbMAgb1QiTBPJnS

28 Dec 2025

Episode-7

മർഹൂം കാലടിയിൽ അബ്ദുള്ള കുട്ടി സാഹിബ്



اسلام عليكم ورحمة الله وبركاته

ഇന്ന് നമ്മൾ ഓർമ്മകൾ പങ്കുവയ്ക്കുന്നത് മർഹൂം കാലടിയിൽ അബ്ദുള്ള കുട്ടി സാഹിബ് (BDO) യെ കുറിച്ചാണ്.

പാടൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസ-ഭരണ ചരിത്രത്തിൽ അഭിമാനത്തോടെ ഓർക്കപ്പെടുന്ന വ്യക്തിത്വമാണ് മർഹൂം കാലടി അബ്ദുള്ള കുട്ടി സാഹിബ്. പണിക്ക വീട്ടിൽ കാലടിയിൽ പരീത് മുസ്ലിയാരുടെയും കുഞ്ഞലീമയുടെയും മകനായി 1939 മെയ് 8ന് ജനിച്ച അദ്ദേഹം, പാടൂരിലെ ആദ്യ ബിരുദധാരികളിൽ ഒരാളായിരുന്നു.

Block Development Officer (BDO) ആയി സേവനമനുഷ്ഠിച്ച അദ്ദേഹം പിന്നീട് ADC ആയി വിരമിച്ചു. വിനയവും കൃത്യനിഷ്ഠയും ജനകീയ സമീപനവും കൊണ്ട് അദ്ദേഹം പൊതുസേവനരംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചു.

അദ്ദേഹത്തിന്റെ ജീവിതവും സേവനവും ഇന്നും പാടൂരിന് പ്രചോദനമായി നിലനിൽക്കുന്നു.അല്ലാഹു അദ്ദേഹത്തിന് ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കാൻ നമുക്ക് ദുആ ചെയ്യാം يارب العالمين 🤲 آمين

അഡ്മിൻസ്

നജീബ് സാഹിബ് കാരിയാട്ട്

ജനാബ് P. K. Abdulla kutty (Lt) Dy Dvpmt Commissioner

ബഹുമാനപ്പെട്ട അബ്ദുല്ല കുട്ടി ക്കായെ ഞാൻ വീക്ഷിക്കുന്നത് സത്യ സൻധനും അതിലുപരി Efficient, ഉം ആയ Senior Government Officer എന്ന നിലയിൽ ആണ്. അൻപതുകളിൽ പാടൂരിൽ Maximum education of an upper middle class Muslim family is S S L C ആണ്.

സമ്പന്നർ തങ്ങളുടെ മക്കളെ മലപ്പുറത്തും മറ്റും ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർത്ത് ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കാറുണ്ട്. പക്ഷേ ഇടയ്ക്ക് വെച്ച് drop out കാറാണ് പതിവ്.

കൊടുങ്ങല്ലൂർ മേഖലയിലെ പല പ്രമുഖ കുടുംബങ്ങളും ഇതിൽ നിന്നും വിഭിന്നമായി മദ്റാസിലും അലിഗഢ് University യിലും മറ്റും അയച്ചു ഉന്നത വിദ്യാഭ്യാസം / professional education കരസ്ഥമാക്കി. എം ഇ എസ് സ്ഥാപകൻ ഡോക്ടർ പി. കെ അബ്ദുൽ ഗഫൂർ അക്കൂട്ടത്തിൽ പെടുന്നു. ലണ്ടനിൽ നിന്നും ആണ് അദ്ദേഹം Neuro surgery പാസ്സായത്. മറ്റൊരു വ്യക്തി കെ മുഹമ്മദ് (കൂളിയാട്ടയിൽ കുന്ദംകുളം) ആണ്. അദ്ദേഹത്തെ ബ്രിട്ടീഷ് സർക്കാരിന്റെ നേതൃത്വത്തിൽ ലണ്ടനിൽ Oxford University യിലേക്ക് അയച്ചു M A എടുപ്പിച്ചു. പിന്നീട് അദ്ദേഹം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ Education Officer ആയി നിയമിതനായി.

ആമുഖമായി ഇത്രയും പറഞ്ഞത് അബ്ദുല്ല കുട്ടി ക്കായുടെ അക്കാലത്തെ Educational experience അവതരിപ്പിക്കുന്നതിന് വേണ്ടി ആണ്. S S L C ഉന്നത വിജയം കരസ്ഥമാക്കിയ ശേഷം Government Victorya College ൽ Intermediate കരസ്ഥമാക്കി. പിന്നീട് തിരുവനന്തപുരം വെള്ളയാനി Agricultural University നിന്ന് B Sc Agriculture ബിരുദം കരസ്ഥമാക്കി (Subject to correction)

തുടർന്ന് കേരള സർക്കാരിന്റെ Agriculture/ Development DPT യിൽ സർവീസിൽ പ്രവേശിച്ചു. അറുപത്തി അഞ്ചിൽ അദ്ദേഹം B D O ആയി നിയമിതനായ ശേഷം ഉള്ള വിവരങ്ങൾ (എനിക്ക് ഓർമ്മ വെച്ച നാൾ മുതൽ)മാത്രം ആണ് എനിക്ക് വിവരിക്കാൻ കഴിയുകയുള്ളൂ. തൽസമയം തന്നെ എന്റെ മൂത്താപ്പാടെ മരുമകൻ അബ്ദുറഹ്മാൻ (വടക്കേക്കാട്) സമാന തസ്തികയിൽ ഉണ്ട്. പിന്നീട് Bifurcation വേളയിൽ അദ്ദേഹം Development department opt ചെയ്തു. പിന്നീട് Assistant Development Commissioner മുതൽ Deputy Development Commissioner വരെ ആയത് ചരിത്രം. ഒരർത്ഥത്തിൽ കേരള Government Service ൽ ഏറ്റവും ഉന്നതസ്ഥാനീയനായിരുന്നു അദ്ദേഹം. കേവലം സ്ഥാന മഹിമ അല്ല ഉദ്യോഗസ്ഥനെ ഉന്നതനാക്കുന്നത്; മറിച്ച് തനിക്ക് കരഗതമായ സ്ഥാനം സമൂഹത്തിന് പ്റയോജനപ്പെടുത്തുക എന്നത് ആണ്. അദ്ദേഹം ചാവക്കാട് ബി

ഡി ഒ ആയിരിക്കുംപോൾ അന്നാട്ട് കാർക്ക് ഏറ്റവും പ്രിയങ്കരനായിരുന്നു. യശശ്ശരീരനായ കെ ബീരു സാഹിബ് ആയിരുന്നു Block Development Council Chairman.

പിന്നീട് മൽസ്യം തൊഴിലാളി ക്ഷേമ കോർപ്പറേഷൻ Regional Manager ആയി പ്രവർത്തിച്ചു. പാവപ്പെട്ട മൽസ്യ തൊഴിലാളികൾക്ക് നിരവധി ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞു. യഥാർത്ഥത്തിൽ അബ്ദുല്ല കുട്ടിക്കാടെ Graph ഉയരുന്നത് എൺപതുകളിലെ എൽഡിഎഫ്/ യുഡിഎഫ് ഭരണകാലത്ത് ആണ്. അദ്ദേഹം അക്കാലത്ത് മുല്ലശ്ശേരി Block Development Officer ആയിരുന്നു. വി. എം. സുധീരൻ എംഎൽഎ. എന്റെ ഉപ്പ B. D. C. ചെയർമാൻ. നമ്മുടെ ബ്ളോക്കിൽ/ പൻചായത്തിൽ വൻ വികസനത്തിന്റെ പെരുമഴക്കാലം!

സർക്കാർ ഉദ്യോഗസ്ഥൻ എന്നതിലുപരി യഥാർത്ഥ മനുഷ്യസ്നേഹി (Humanist) ആയിരുന്നു. Irrespective of caste/ creed/ politics എല്ലാവർക്കും നൻമകൾ ഉണ്ടാകാൻ പ്രവർത്തിച്ചു. സമുദായത്തിന്റെ സമഗ്രമായ പുരോഗതിക്ക് അഹോരാത്രം പ്രവർത്തിച്ചു. After retirement അദ്ദേഹത്തിന്റെ സേവനം നമ്മുടെ ജുമാഅത്ത് കമ്മിറ്റിയ്ക്ക് വേണ്ടി അഹോരാത്രം പ്രവർത്തിച്ചു.

എന്റെ വ്യക്തിപരമായ ഒരനുഭവം കൂടി പൻക് വെച്ച് കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.നമ്മുടെ ആസ്പത്രി യാഥാർത്ഥ്യം ആകാൻ നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ചു

Losing my father pushed us into a crisis I never imagined. Those who once stood close slowly drifted away, leaving silence where support was expected. The lack of empathy, the distance, even casual hurtful remarks made the situation unbearable. In this difficult time, when emotional strength mattered most, only one person truly stepped forwad,Mr. Abdullah Kutty with genuine concern and support. His presence reminded us that humanity still exists, even when many turn away.

അദ്ദേഹത്തിന്റെ മക്കൾ എല്ലാവരും ആ ആത്മ ബന്ധം ഇപ്പോഴും പുലർത്തുന്നു എന്നതാണ് ചാരിതാർത്ഥ്യജനകം സർവ ശക്തനായ അല്ലാഹു അദ്ദേഹത്തിന്റെ കബറിടം വിശാലമാക്കി കൊടുക്കാൻ ദുആ ചെയ്യുന്നു

നജീബ് കാര്യാട്ട്

28/12/25

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/Pqkq1LJyrus?si=aiySdXzDAfeLGc3h

ഫോട്ടോ പങ്കുവെച്ചത് ഷരീഫ് ബാബു (ഹൃദയപൂർവം പേജ് 40)

ഫോട്ടോ പങ്കുവെച്ചത് ഉസ്മാൻ തറയിൽ

മുല്ലശ്ശേരിblockile റോഡ് നിർമ്മാണം ഉദ്ഘാടനം ഏത് റോഡ് ആണ് എന്ന് അറിയില്ല





(തുടർച്ച)

ഓർമ്മകളിലൂടെ



പി.കെ.അബ്ദുള്ളക്കുട്ടി

തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിൽനിന്ന് 1959 മെയ് മാസത്തിൽ എന്റെ ബിരുദ പഠനം പൂർത്തിയാക്കി ഞാൻ നാട്ടിൽ തിരിച്ചെത്തി. "ഇനി എത്രയും വേഗം എനിയ്ക്ക് ഒരു ജോലി വേണം" അതായിരുന്നു എന്റെ അടുത്ത ലക്ഷ്യം. തൃത്താലയിലുള്ള ഒരു സുഹൃത്തിൽനിന്നും ചെറുതുരുത്തി ഗവ. ഹയർസെക്കന്ററി സ്കൂളിൽ കാർഷികവിഷയം പഠിപ്പിക്കാനായി അധ്യാപകനെ താൽക്കാലികമായി നിയമിക്കുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പേര് രജിസ്റ്റർ ചെയ്യാൻ ഞാൻ പുറപ്പെട്ടു. ആ സമയത്ത് എനിക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും ലഭിച്ചിരുന്നില്ല. പക്ഷേ റിസൽട്ട് പ്രസിദ്ധീകരിച്ച പത്രറിപ്പോർട്ടും ഹാൾടിക്കറ്റും കാണിച്ച് കൊടുത്തത് തെളിവായി സ്വീകരിച്ചുകൊണ്ട് എന്റെ പേര് രജിസ്റ്റർ ചെയ്യാൻ അന്നത്തെ എംപ്ലോയ്മെന്റ് ഓഫീസർ തയ്യാറായി. അദ്ദേഹത്തിന്റെ ആ മഹാമനസ്കതെ ഞാൻ ഇപ്പോഴും ഓർക്കുന്നു. അധികം താമസിയാതെ 1960 ജൂൺ 19 ന് ചെറുതുരുത്തി ഗവ.ഹയർസെക്കന്ററി സ്കൂളിൽ കാർഷിക അദ്ധ്യാപകനായി എനിക്ക് നിയമനം ലഭിച്ചു. ഈ സ്കൂളിൽ എനിക്ക് മറ്റ് അദ്ധ്യാപകരേക്കാൾ ആദരവ് ലഭിച്ചിരുന്നു. കാരണം സ്കൂളിൽ പ്രധാനാധ്യാപകൻ കഴിഞ്ഞാൽ കൂടുതൽ ശമ്പളം പറ്റുന്നത് കാർഷിക അധ്യാപകനായിരുന്നതുകൊണ്ടാവാം എനിക്ക് മറ്റധ്യാപകരേക്കാൾ പരിഗണന ലഭിച്ചിരുന്നത്. എനിക്ക് ഈ താൽക്കാലിക ജോലി ലഭിക്കാൻ കാരണമായ മുഹമ്മദ്കുട്ടി എന്ന പേര് ഉള്ള എംപ്ലോയ്മെന്റ് ഓഫീസറെ ഞാൻ സ്നേഹബഹുമാനപുരസ്സരം സ്മരിക്കുന്നു. അങ്ങനെ അക്കാദമിക് വർഷം പൂർത്തിയാക്കി മാർച്ചിൽ സ്കൂൾ അടയ്ക്കുമ്പോൾ സ്വാഭാവികമായും താൽക്കാലിക ജീവനക്കാർ പിരിഞ്ഞുപോകേണ്ടതുകൊണ്ട് എനിക്ക് കിട്ടിയ ജോലി നഷ്ടമാവുകയും ചെയ്തു. പിന്നീട് ഭാഗ്യവശാൽ അധികം വൈകാതെ തന്നെ PSC കൃഷി വികസന തസ്തികയിലേക്ക് അപേക്ഷക്ഷണിക്കുകയും കൃഷി വികസന ഓഫീസറായി സ്ഥിരനിയമനം ലഭിക്കുകയും ചെയ്തു. എന്റെ ആദ്യ നിയമനം കണ്ണൂർ ജില്ലയിലായിരുന്നു. അന്നത്തെ സാഹചര്യത്തിൽ വീട് വിട്ട് അധിക ദൂരം പോയി ജോലി ചെയ്യാൻ കഴിയുമായിരുന്നില്ല. ഈ വിവരം നമ്മുടെ കാരണവരായിരുന്ന കുഞ്ഞാലിക്കുട്ടി സാഹിബിനെ ഉപ്പ അറിയിച്ചു. അദ്ദേഹം അന്ന് എക്സൈസ് വകുപ്പിൽ ഡെപ്യൂട്ടി കമ്മീഷണറായിരുന്നു. കുഞ്ഞാലിക്കുട്ടിക്കാക്ക് ഉപ്പയെ വലിയ ഇഷ്ടമായിരുന്നു. തിരിച്ച് ഉപ്പാക്കും അദ്ദേഹത്തോട് വലിയ ബഹുമാനവും സ്നേഹവുമായിരുന്നു. ഞങ്ങൾ അദ്ദേഹത്തെ നേരിൽ കണ്ട് വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ശുപാർശപ്രകാരം കൃഷിവകുപ്പിൽ അഡീഷണൽ കമ്മീഷണറായിരുന്ന സെയ്തുസാഹിബ് എന്റെ നിയമനം കണ്ണൂർ ജില്ലയിൽ നിന്നും അണ്ടത്തോട് വികസന ബ്ലോക്കിലേക്ക് മാറ്റുകയായിരുന്നു. 1962 ഏപ്രിൽ 23 ന് അണ്ടത്തോട് ബ്ലോക്കിൽ കൃഷിവികസന ഓഫീസറായി ഞാൻ നിയമിതനായി. പിന്നെ നീണ്ട 32 വർഷക്കാലത്തെ സർവീസ് കാലഘട്ടം. ഈ കാലയളവിൽ ഓർമ്മിക്കാവുന്ന ഒട്ടേറെ അനുഭവങ്ങൾ ഉണ്ട്. ഇതെല്ലാം എനിക്ക് ഈ അവസരത്തിൽ നിങ്ങളോട് പങ്കുവെയ്ക്കാൻ കഴിയുമോ എന്ന് തോന്നുന്നില്ല.

അണ്ടത്തോട് ബ്ലോക്കിൽ നിയമിതനായ എന്നെ പരിചയപ്പെടാൻ വന്ന മൂന്ന് യുവ രാഷ്ട്രീയപ്രവർത്തകരുടെ ചോദ്യവും അതിന് ഞാൻ പറഞ്ഞ മറുപടിയും ഞാൻ ഇപ്പോൾ ഓർക്കുകയാണ്. "താങ്കൾ എങ്ങനെയാണ് ഇവിടെ എത്തിയത്?" ഞാൻ മറുപടി പറഞ്ഞു. ആലപ്പുഴ പൊന്നാനി കെ.എസ്.ആർ.ടി.സി.



Thrissur collector ആയിരുന്ന Vinod Ray IAS



Padoor ആശുപത്രിയുടെ നിർമ്മാണം ഉദ്ഘാടനം



16

തന്റെ ജീവിതാനുഭവങ്ങൾ കുടുംബസൗഹൃദത്തിലൂടെ പങ്കുവെയ്ക്കുന്നതിനിടയിൽ ഈ പ്രിയ കുടുംബാംഗം നമ്മെ വിട്ട് പിരിഞ്ഞുപോയിരിക്കുന്നു. അദ്ദേഹത്തിന്റെ കുറിപ്പുകൾ ഇവിടെ അവസാനിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ.







ഷംസുദ്ധീൻ മാഷ് ഖത്തർ

ഓർമ്മയിലെ അബ്ദുള്ളക്കുട്ടിക്ക

കടംതീരാത്ത ഒരു ബന്ധത്തിന്റെ ആഴക്കയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയാണ് ഞാൻ. പ്രായത്തിൽ എന്നെക്കാൾ 12 വയസ്സ് കൂടുതലുണ്ടെങ്കിലും പ്രായം മറന്ന ഒരു സൗഹൃദമായിരുന്നു ഞങ്ങളുടേത്. വളരെ ചെറുപ്പത്തിൽതന്നെ പാടൂർ ഹൈസ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തപ്പോൾ ഉണ്ടായ എല്ലാ പ്രതിസന്ധികളും തരണം ചെയ്യാൻ കഴിഞ്ഞതിൽ എന്റെ പുറകിലെ ശക്തിയും ആശ്വാസവും അബ്ദുള്ളക്കുട്ടിക്കയായിരുന്നു. പാടൂരിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കാൻ പ്രവർത്തിച്ചവരിൽ പ്രമുഖസ്ഥാനം വഹിച്ച അബ്ദുള്ളക്കുട്ടിക്ക ദീർഘകാലം പാടൂർ ഹൈസ്കൂളിന്റെ പി.ടി.എ. പ്രസിഡന്റായിരുന്നു. എല്ലാവരുടേയും ശബ്ദത്തിൽനിന്നും വേറിട്ട്നിൽക്കുന്ന ഒരു ശബ്ദം. മനുഷ്യമഹത്വം ജന്മസിദ്ധമല്ല, കർമ്മസിദ്ധമാണ് എന്ന് പറയാറുള്ള ഒരു മനസ്സിന്റെ ഉടമ. സ്വന്തം ജീവിതത്തിന്റെ ഭാഗമാണ് എല്ലാം. കുടുംബം-സമൂഹം-സാമൂഹ്യപ്രവർത്തനങ്ങൾ. എത്ര സമ്പത്തും സ്ഥാനമാനങ്ങളുമുണ്ടായാലും മക്കൾ നന്നായില്ലെങ്കിൽ നമ്മൾ നിർഭാഗ്യവാൻമാരാണ്. സ്നേഹത്തിന്റെ പേരിലുള്ള അമിതലാളന എപ്പോഴും സൂക്ഷിക്കണം. നമ്മൾ നൽകുന്നതും തടയുന്നതും യുക്തിനിഷ്കർഷമായിരിക്കണം, ഒരു അദ്ധ്യാപകൻ എന്ന നിലയിൽ എന്നെ ഏറെ പ്രചോദിപ്പിച്ചിരുന്ന അഭിപ്രായങ്ങളായിരുന്നു ഇവ. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ശ്രദ്ധിക്കുന്നതിനെപറ്റി പലപ്പോഴും സംസാരിക്കാറുണ്ട്. പല ദിവസങ്ങളിലും രാത്രി വളരെ വൈകി സൗഹൃദസംഭാഷണങ്ങളിൽ ഏർപ്പെട്ട് ഭക്ഷണം കഴിച്ചെ ഞങ്ങൾ പിരിയാറുണ്ടായിരുന്നുള്ളൂ. സ്വന്തം ജീവിതത്തിൽ നിന്ന് പകർത്തിയെടുത്ത അനുഭവങ്ങൾ പങ്കുവെക്കുമായിരുന്നു. 38 വർഷത്തെ ആഴത്തിലുള്ള സുഹൃത്ബന്ധത്തിനിടയിൽ പ്രായക്കൂടുതലുള്ള പല സുഹൃത്തുക്കൾ എനിക്ക് ഉണ്ടെങ്കിലും 'ഷംസു' എന്ന് ചുരുക്കി പേര് വിളിക്കുന്ന ഒരാൾ അബ്ദുള്ളക്കുട്ടിക്ക മാത്രമാണ്. വ്യക്തിപരമായ ചുമതലകളോട് അദ്ദേഹം അഭിനിവേശം കാണിച്ചിരുന്നു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വേദനിക്കാനും വേദനിക്കപ്പെടാനും ബന്ധങ്ങൾ അനിവാര്യമാണ്. സുദൃഢമായ ബന്ധങ്ങൾ ഉള്ളിടത്തേ അത് നടക്കൂ. വീട്ടാനാകാത്ത കടങ്ങളാണ് സൗഹൃദങ്ങൾ. സന്തോഷങ്ങളും വിഷമങ്ങളും മനസ്സിനിഷ്ടപ്പെട്ടവരുമായി പങ്കുവെയ്ക്കാൻ എപ്പോഴും അബ്ദുള്ളക്കുട്ടിക്ക താൽപര്യം കാണിച്ചിരുന്നു.

ജീവിതത്തിന്റെ പ്രായോഗിക പാഠങ്ങളിൽപെട്ടുഴലുമ്പോൾ എന്നും ഒരാശ്വാസമായി, സാന്ത്വനമായിരുന്നു അബ്ദുള്ളക്കുട്ടിക്ക. ജീവിതത്തെ അതിന്റെ അനായാസതയോടെയും തിരിച്ചറിവോടെയും വേണം നേരിടാൻ എന്ന് പറയാറുണ്ട്. ഓർമ്മകളെ ലാളിച്ച് മനസ്സുകൊണ്ട് ഒരു പരിചിത തീർത്ഥാടനം നടത്തുകയാണ് ഞാൻ. കാലത്തിന്റെ മണൽപരപ്പുകളിൽ തിരിച്ചെടുക്കപ്പെടാനാവാത്തവിധം വിസ്മൃതമാകും മുമ്പ്, രേഖപ്പെടുത്തിവെയ്ക്കാൻ സ്മരണകൾ പങ്കുവെയ്ക്കാൻ ആ സൗഹൃദം ആസ്വദിക്കാൻ കഴിഞ്ഞതിന്റെ സംതൃപ്തി.

അവസാന നാളിൽ രോഗം മൂർച്ഛിക്കുന്നു എന്നറിഞ്ഞപ്പോൾ പലപ്പോഴും ഒരാശ്വാസമായി അടുത്തെത്താൻ കഴിഞ്ഞിരുന്നു. ഇവിടെ ഖത്തറിലായിരിക്കുമ്പോഴും എപ്പോഴും ബന്ധപ്പെടുമായിരുന്നു. ഒരുപാട് മോഹങ്ങളുടേയും ആഗ്രഹങ്ങളുടേയും സാഫല്യമാണ് ഈ ജീവിതം. നടക്കാത്തതും നടന്നതുമായ മോഹങ്ങൾ. ഇനിയും കാത്തിരിക്കുന്ന പലതും. അങ്ങനെ നമ്മളും യാത്രയിലാണ്. കുടുംബത്തെക്കുറിച്ചും മക്കളെക്കുറിച്ചും എപ്പോഴും അഭിമാനത്തോടെ പറയാറുണ്ട്.

ജീവിതമാണ്, ആര് പോയാലും വന്നാലും അത് ഒഴുകികൊണ്ടേയിരിക്കും. പോകുമ്പോൾ, ചിലരെ നഷ്ടപ്പെടുമ്പോൾ അതുൾക്കൊള്ളാൻ വിസമ്മതിച്ച് മനസ്സ് പിണങ്ങി മാറിനിൽക്കും. നഷ്ടബോധങ്ങളുടെ ആകെത്തുകയാണ് പലപ്പോഴും നമ്മുടെ ജീവിതം. സ്വന്തമായി നഷ്ടബോധമില്ലാത്തവൻ ജീവിച്ചിട്ടില്ലാത്തവന് തുല്യമാണ്. ഞങ്ങളുടെ ജീവിതത്തിൽ ഹൃദയത്തിൽ ആഴത്തിലുണ്ട് ആ നഷ്ടബോധം. അതൊരിക്കലും നഷ്ടപ്പെടാതിരിക്കട്ടെ. ഒരു വിശ്വാസിയുടെ അവസാനലക്ഷ്യമായ സ്വർഗ്ഗത്തിൽ നമുക്ക് നാളെ ഒരുമിക്കാൻ കഴിയട്ടെ. ആമീൻ



ഷംസുദ്ദീൻ മാസ്റ്ററുടെ ഓർമ്മകുറിപ്പ്



26

ഒരു ഓർമ്മക്കുറിപ്പ്

വഹീദ മുഹമ്മദ്

കാലടിയിൽ പരീത് മുസ്ല്യാരുടെയും പറമ്പത്ത് കണ്ണി കുഞ്ഞ ലീമ(കുഞ്ഞാലുമ്മ) യുടെയും മകനായി ജനിച്ച എന്റെ പിതാവ് ബഹു. പി.കെ. അബ്ദുള്ളക്കുട്ടി സാഹിബ് അല്ലാഹുവിന്റെ അലംഘനീയമായ വിധിക്ക് കീഴൊതുങ്ങി അല്ലാഹുവിലേക്ക് യാത്രയായി.

ഉപ്പ എന്ന നിലക്ക് ഒരിക്കലും വിസ്മരിക്കാനാവാത്ത ഒട്ടേറെ ഓർമ്മകൾ ബാക്കിവെച്ചിട്ടാണ് അദ്ദേഹം കടന്നുപോയത്. ഞങ്ങൾ 6 മക്കളിൽ 2-മത്തെ ആളാണ് ഞാൻ പെൺമക്കളിൽ ആദ്യത്തേതും...

അതിരറ്റ സ്നേഹവാൽസല്യത്തോടെ ആണ് ഉപ്പ ഞങ്ങളെ വളർത്തിയത് ഞങ്ങൾ നന്നാകാൻ വേണ്ടി സ്നേഹപൂർവ്വമുള്ള ശാസനകളുണ്ടായി എന്നല്ലാതെ.. ഒരിക്കൽപോലും വടി എടുക്കുകയോ അടിക്കുകയോ അനാവശ്യമായി വഴക്ക് പറയുകയോ ചെയ്യുന്ന സ്വഭാവക്കാരനല്ലായിരുന്നു ഞങ്ങളുടെ ഉപ്പ. എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്താൽ ഒരുപാട് പ്രോത്സാഹനം നൽകുകയും സന്തോഷിക്കുകയും ചെയ്യുമായിരുന്നു. ഞങ്ങളുടെയും കുടുംബാംഗങ്ങളുടെയും കാര്യത്തിൽ അതീവശ്രദ്ധാലുവായിരുന്നു. ജോലിയുടെ കാര്യത്തിലാണെങ്കിൽ കൃത്യനിഷ്ഠയോടും ആത്മാർത്ഥതയോടും ചെയ്യണമെന്ന് നിർബന്ധമായിരുന്നു.

സ്വഭാവ, പെരുമാറ്റ, മര്യാദകളുടെ ആൾരൂപമായിരുന്നു ഉപ്പ.. ജീവിതയാത്രയിൽ വന്നെത്തിയിരുന്ന അനാവശ്യകാര്യങ്ങൾ സംസാരിക്കാനോ, ചർച്ച ചെയ്യാനോ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ കുടുംബബന്ധങ്ങൾ മുറുകെ പിടിക്കാനും, നിലനിറുത്തുവാനും ഉപ്പ വളരെ അധികം താൽപര്യം കാണിച്ചിരുന്നു. പ്രത്യേകിച്ച് പാവപ്പെട്ട കുടുംബാംഗങ്ങളോട്. അദ്ദേഹം എന്നും ഞങ്ങൾക്ക് ആവേശവും പ്രചോദനവുമായിരുന്നു.. ഉപ്പാടെ മകൾ എന്നുപറയുമ്പോൾ എനിക്ക് ഒരുപാട് ഒരുപാട് അഭിമാനമാണ്.

ഒരുദിവസം ഉപ്പാക്ക് ഭക്ഷണം കൊടുത്തപ്പോൾ, ഉപ്പാടെ ചെറിയ പച്ചക്കറിത്തോട്ടത്തിൽ നിന്നും, പച്ചമുളക്, വേപ്പില, പൊതിന എന്നിവയും വീട്ടിലെ മാങ്ങയും നാളികേരവും ചേർത്ത് ചമ്മന്തിയുണ്ടാക്കി. ഇത് ഉപ്പ കൃഷി ചെയ്തുണ്ടാക്കിയതാണ്, നല്ലതാണ് കഴിക്കണം എന്ന് പറഞ്ഞപ്പോൾ .. "ഉപ്പാടെ മോൾ അരച്ചതും അല്ലേ" എന്ന് പറഞ്ഞ് നന്നായി കഴിക്കുകയും ചെയ്തത് ഞാൻ ഇന്ന് വേദനയോടെ ഓർക്കുന്നു.

ഉമ്മയും മക്കളും ഉപ്പാക്ക് എതുകാലത്തേയും വലിയ സ്വത്തായിരുന്നു. എന്നാൽ അതുപോലെ തന്നെ മറ്റുള്ളവരുടെ വേദനകൾ കേൾക്കാനും അവരുടെ പ്രയാസങ്ങൾക്ക് അറുതി വരുത്താനും വിഷമിക്കുന്നവരുടെ പ്രശ്നങ്ങൾക്ക് തീർപ്പ് കൽപിക്കാനും ഉപ്പ എന്നും മുൻപന്തിയിൽ ആയിരുന്നു. കൂടാതെ നാടിന്റെ സർവ്വതോന്മുഖമായ മേഖലയിൽ ഉപ്പാടെ സജീവസാന്നിദ്ധ്യമുണ്ടായിരുന്നു. വർത്തമാനകാലത്തെ ദാമ്പത്യജീവിതങ്ങൾക്ക് എന്നും ഒരു പാഠവും പ്രചോദനവുമായിരുന്നു ഉപ്പയുടെയും ഉമ്മയുടെയുടെയും ജീവിതം. വീട്ടിൽ ഒരിക്കൽ പോലും അനാവശ്യമായ വഴക്കോ, പ്രശ്നങ്ങളോ വാക്കുതർക്കങ്ങളോ ഉണ്ടായിരുന്നില്ല. സ്നേഹപൂർവ്വമായ ഇടപെടലുകളോ തിരുത്തലോ അല്ലാതെ.. ദീനിന്റെ കാര്യത്തിൽ.. ഉപ്പ അനാചാരങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കും ഒരിക്കലും കൂട്ടുനിന്നിരുന്നില്ല ഇഷ്ടപ്പെട്ടിരുന്നുമില്ല ഞാനും ഉപ്പയും ഈ വിഷയം സംസാരിക്കുക പതിവായിരുന്നു.

പേരക്കുട്ടികളുടെ എല്ലാ കുസൃതിത്തരങ്ങൾക്കും കൂട്ടുനിൽക്കുന്ന വാപ്പാപ്പ ആയിരുന്നു. ക്ഷമ ചോദിക്കേണ്ട ഒരു തെറ്റും ഉപ്പ ആരോടും ഞങ്ങളോടും ചെയ്തിട്ടില്ല എന്നിട്ടും മരിക്കുന്നതിനുമുമ്പ് എല്ലാവരോടും ക്ഷമ ചോദിച്ചും, പൊരുത്തപ്പെടണമെന്നും അപേക്ഷിച്ചിരുന്നു. ഉപ്പാടെ അവസാനനിമിഷം വരെ ഉപ്പാനെ പരിചരിക്കുവാനും ഉമ്മാക്കും ഞങ്ങൾക്കും സാധിച്ചത് അല്ലാഹുവിന്റെ വലിയൊരു അനുഗ്രഹമാണ്. ആ ദിവസങ്ങളിൽ ഒരു മണിക്കൂർപോലും ഉപ്പാനെ വിട്ടുനിൽക്കേണ്ട സന്ദർഭമുണ്ടായിട്ടില്ല. അൽഹംദുലില്ലാഹ്.

ഉപ്പാടെ ജീവിതത്തിൽ നാടിനും വീടിനും കുടുംബാംഗങ്ങൾക്കും ഉപ്പ ചെയ്ത നല്ല കാര്യങ്ങളും സാലിഹായ അമലുകളായി അല്ലാഹു സ്വീകരിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

അല്ലാഹുവേ.. ഞങ്ങളുടെ ഉപ്പാനേയും ഞങ്ങളേയും കുടുംബാംഗങ്ങളേയും സ്വർഗ്ഗത്തിൽ ഒന്നിച്ചു ചേർക്കണേ എന്ന പ്രാർത്ഥനയാണ് ബാക്കിയുള്ളത്. അത് ഒരു പ്രതീക്ഷയാണ്. അല്ലാഹു തൗഫീക്ക് ചെയ്യുമെങ്കിൽ മരണങ്ങളില്ലാത്ത ഒരു ലോകത്ത് കാണാമെന്നും ഒരുമിച്ച് കഴിയാമെന്നും പ്രതീക്ഷിക്കുന്നു. അല്ലാഹു സഹായിക്കുമാറാകട്ടെ.. എന്ന പ്രാർത്ഥനയോടെ.

മകളുടെ ഓർമ്മ കുറിപ്പ്



സീതിതങ്ങൾ MLA ആയിരിക്കുമ്പോഴാണ് ചാവക്കാട് ഒരു ഉദ്ഘാടന ചടങ്ങിൽ... തങ്ങളുമായി ഉള്ള ബന്ധം അത്പോലെ കാര്യാട്ട് Mohamedunnikka ഇവർ oru ടീം ആയി നമ്മുടെ നാടിന്റെവികസന തിന് ഉദ്യോഗസ്ഥ തലത്തിൽ ulla സ്വാധീനം ഉപയോഗിച്ച് പല കാര്യങ്ങളും ചെയ്യാൻ കഴിഞ്ഞു കൂടാതെ VM Sudhheranumayulla വ്യക്തിബന്ധവും സഹായിച്ചിട്ടുണ്ട്

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/chnz_WsALjo?si=S26El26q8OEiOA78



Rajeev gandhi യുടെ നിര്യാണത്തിൽ മുല്ലശ്ശേരി ബ്ലോക്കിന്റെ നേതൃത്വത്തിൽ നടന്ന വിലാപയാത്ര



Thayyappil kaderkka , MLA ആയിരുന്ന ബലറാം

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/pqkD9emj16o?si=zdHGGNGthlOCiewb

പി എൻ അബ്ദുൽ ഖാദർ സാഹിബ്

അസ്സലാമു അലൈക്കും വറഹ്മത്തുള്ളാഹിവബറ്ക്കാത്തുഹു മഹൽ കൂട്ടായ്മയിലെ പ്രിയ സഹോദരങ്ങളെ എല്ലാവർക്കും ആയുരാരോഗ്യ സൗഖ്യം നേരുന്നു പാടൂരിലെ മൺമറഞ്ഞ മഹദ് വ്യക്തിത്വങ്ങളെ കുറിച്ചു അനുസ്മരിക്കുന്ന ഈ വേദിയിൽ അനുസ്മരിക്കുന്ന വ്യക്തികളെ എല്ലാം അറിയാം എന്നല്ലാതെ അവരുമായി കൂടുതൽ ബന്ധം സ്ഥാപിക്കാനൊ അവരെ കുറിച്ച് കൂടുതൽ അറിയാനൊ ഒന്നും സാധിച്ചിട്ടില്ല സുബഹിക്ക് സ്ഥലംവിട്ടു മഗ്രിബിന് ശേഷമാണ് തിരിച്ചെത്തിയത് അള്ളാഹു നമ്മുടെ നാട്ടുകാരും നാട്ടിന് വേണ്ടി പ്രയക്നിച്ചവർക്കും അള്ളാഹു സ്വർഗം നൽകി അനുഗ്രഹിക്കട്ടെ അസ്സലാമുഅലൈക്കും

കെ അബ്ദുൽ വാഹിദ് സാഹിബ്

P.K.അബ്ദുള്ള കുട്ടിക്ക:-

അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണറായി ട്ടും പരിചയക്കാരയ നാട്ടുകാർB.D.0 അബ്ദുല്ലക്കുട്ടി അല്ലങ്കിൽ അബ്ദുല്ല കുട്ടിക്ക എന്നാണ് മരണം വരെ അറിയപ്പെട്ടിരുന്നത്.

എന്റെ തറവാട് അയൽവാസികളായ കാലടി കുടുംബവുമായി പ്രത്യേകമായ അടുപ്പവും സ്നേഹവുമായിരുന്നു. പ്രത്യേകിച്ച് അബ്ദുല്ല കുട്ടിക്കയുടെ പിതാവ് പരിത് മുസല്യാരുമായി..

ആഴ്ച്ചയിൽ 2-3 ദിവസമെങ്കിലും രാത്രി സമയങ്ങളിൽ വീട്ടിൽ വന്ന് മുസല്യാരുടെ ആരോഗ്യനാളുകളിൽ എന്റെ പിതാവുമായി സംസാരിച്ചിരിക്കുമായിരുന്നു. അത്ര അടുപ്പമായിരുന്നു ആ കുടുംബവുമായി. ആബന്ധം മക്കളായ ഞങ്ങളും പരസ്പരം കാത്ത് സൂക്ഷിക്കുന്നു.

ജേഷ്ഠൻ അബ്ദുറഹിമാൻ മാസ്റ്റർ ആ വീട്ടിലെ ഒരംഗം പോലെയായിരുന്നു. അബ്ദുല്ല കൂട്ടിക്ക എനിക്ക് ജേഷ്ട സുഹൃത്തിനെപോലെയായിരുന്നു.

അബ്ദുല്ലകുട്ടിക്കയുടെ മാതാവ് വലപ്പാട്ടെ വിദ്യാഭ്യാസ സാമ്പത്തിക രംഗത്ത് ഏകദേശം 100 കാെല്ലങ്ങൾക്ക് മുമ്പ് പേരു കേട്ട പാണ്ടികശാലയിൽ എന്ന തറവാട്ട് കുടുംബാംഗമാണ്. ആതറവാട്ടിലെ ഏകദേശം 90 കൊല്ലങ്ങൾക്ക് മുമ്പ് ചെറുപ്പക്കാർ ഉപരിപഠനത്തിന്നായി ലണ്ടലിനിലും, അലീഗർ യൂണിവേഴ്സിറ്റിയിൽ നിന്നും വിദ്യാഭ്യാസം നേടിയിരുന്നു.Dr. യൂസുഫ് എന്നാൾ ലണ്ടനിന്ന് FRcs, MR CP എന്നീ ബിരുദങ്ങൾ നേടി മദ്രാസ് മെഡിക്കൽ കോളേജിൽ ഉയർന്ന പോസ്റ്റിലിരുന്ന മാന്യ വ്യക്തിത്വമായിരുന്നു. അതുപോലെ മുഹ്സിൻ എന്നാൾ അലിഗറിൽ നിന്ന് ഉന്നത വിദ്യാസം നേടി 4 -മദാസ് ഗവണ്മെന്റിൽ വിദ്യാഭ്യാസ വകുപ്പിൽ ഉയർന്ന തസ്തികയിലുണ്ടായിരുന്നു.

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

അത് അങ്ങനെയാണ്, ഉസ്മാൻ . ഒരാൾ പോലിസ് S I ആയി സർവീസിൽ കയറി I G ആയി വിരമിച്ചാലും S I എന്ന് വിളിക്കലാണ് നാട്ടുനടപ്പ്. നമ്മുടെ നാട്ടുകാരി ആയ ലീല, (എഞ്ചിനീയർ രവിയുടെ സഹോദരി)മുൻസിഫ്ആയി ജുടീഷ്യൽ സർവീസിൽ കയറി ജില്ലാജുഡ്ജി ആയി വിരമിച്ച വനിതയാണ്. വിരമിച്ച ശേഷവും അഭിഭാഷകരും പരിചയക്കാരും അറിയാതെ ലീല മുൻസിഫ് എന്ന് പറയാറുണ്ട്. അത് പോലെ നമ്മുടെ അയൽ നാട്ടുകാരനും മുൻമന്ത്രി നഹാസാഹിബിന്റെ മരുമകനുമായ ഖാലിദ് സാഹിബ് S P ആയി വിരമിച്ചിട്ടും ഒരുപാട് ആളുകൾ S I ഖാലിദ്ക്ക എന്നാണ് വിളിക്കാറ്. ചൊട്ടയിലെ ശീലം ചുടല വരെ എന്നുണ്ടല്ലോ.****അബ്ദുള്ള കുട്ടി സാഹിബ് സർക്കാർ സർവീസിൽ ഉള്ളപ്പോൾ പാടൂർ പ്രദേശത്ത് നിന്ന് വിവിധ സർക്കാർ വകുപ്പുകളിലായി ധാരാളം ഉദ്യോഗസ്ഥർ ജോലി ചെയ്തിരുന്നു. C P.ഹൈദർ സാഹിബ് (വിദ്യാഭ്യാസം)കാലടിയിൽ മുഹമ്മദ് സാഹിബ്, എൻ. പി. അബുസാഹിബ് (ആര്യോഗ്യം)ചൊവ്വൂരയിൽ അഹമ്മദ് സാഹിബ് (എക്സ്സൈസ്)കാനാപ്പുള്ളി കുഞ്ഞിമൊയ്‌ദുണ്ണി സാഹിബ് (പോലീസ്)എഞ്ചിനീയർ ശ്രീ :രവി, അദ്ദേഹത്തിന്റെ സഹോദരിമാർ തുടങ്ങിയവർ എന്നിവർ ചിലരാണ്. പലരുടെയും പേരുകൾ മറന്ന് പോയിരിക്കുന്നു. ക്ഷമിക്കണം. ഓർമയുള്ളവർ അവരെയും പരിചയപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. പാടൂരിന്റെ വികസനകാര്യത്തിൽ സ്ഥലം MLA യായിരുന്ന വിഎം സുധീരൻ, ഗുരുവായൂർ MLA ആയിരുന്ന ബി. വി. സീതിതങ്ങൾ എന്നി വർക്കൊപ്പം അബ്ദുള്ക്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ സർക്കാർ ഉദ്യോഗസ്ഥ വൃന്ദം വഹിച്ച പങ്ക് വലുതും അഭിനന്ദനീയവുമാണ്.*****1984ൽ ആണ് ഞാൻ സ്വന്തമായി ഓഫീസ് എടുത്ത് ചാവക്കാട് അഭിഭാഷകനായി പ്രാക്റ്റീസ് തുടങ്ങുന്നത്. അധികം താമസിയാതെ ഒരുമനയൂർ പഞ്ചായത്തിന് സ്മശാനം നിർമിക്കാൻ വേണ്ടി ഖത്തർ പ്രവാസിയായ ഒരാളുടെ സ്ഥലം ഏറ്റെടുക്കാൻ വിജ്ഞാപനം വന്നു. ആക്ഷേപം ബോധിപ്പിച്ച സ്ഥലം ഉടമയെ വിചാരണക്കായിഡെപ്യൂട്ടി കലക്റ്റർ നോട്ടിസ് അയച്ചു.ഭൂഉടമ എന്നെ വക്കാലത്ത് ഏൽപ്പിച്ചു. (ഒരുപ്രാവശ്യം സ്ഥലം ഏറ്റെടുത്തുകൊണ്ട് വിജ്ഞാപനം വന്നത് ഹൈക്കോടതിയിലെ എന്റെ ഒരു സുഹൃത്ത് റിട്ട് ഹാരജികൊടുത്ത് നോട്ടിഫിക്കേഷൻ റദ്ധാക്കിയിരുന്നു).താ ലൂക്ക് ആപ്പീസിൽ വെച്ച്ചായിരുന്നു ഹിയറിങ്ങ്. ഹിയറിങ്ങിനു വന്ന ഉദ്യോഗസ്ഥന് പഞ്ചായത്തിന് അനുകൂ ലമായ നിലപാടായിരുന്നു. ഞാൻ ഹിയറിങ്ങ് ആരംഭിച്ചപ്പോൾ അദ്ദേഹം കാര്യമില്ലാതെ ഇടപെടാൻ തുടങ്ങി. ആ സമയത്താണ് അബ്ദുള്ളകുട്ടിക്ക വിചാരണ നടക്കുന്ന ചേമ്പറിലേക്ക് കയറി വരുന്നത്. മകളുടേയോ, മകന്റെയോ എന്നോർമയില്ല, കല്യാണത്തിന് സഹപ്രവർത്തകരെ ക്ഷണിക്കാനുള്ള വരവാണ്. ചെമ്പറിൽ കയറിയ ഉടനെ എന്റെ മുന്നിലുള്ള ഉദ്യോഗസ്ഥൻ എഴുന്നേറ്റ് അബ്ദുള്ളകുട്ടിക്കാനെ ബഹുമാനിച്ചു, കൈകൊടുത്തു. അബ്ദുള്ക്കുട്ടിക്ക ആദ്യം കല്യാണക്കത്ത് എനിക്കാണ് തന്നത്. എന്നിട്ട് എന്നെ കുടുംബക്കാരനാണെന്ന് പരിചയപ്പെടുത്തി. അതുവരെ ആസ്വസ്ത്തനായിരുന്ന എനിക്ക് സന്തോഷവും ആല്മവിശ്വാസവും തിരിച്ച് കിട്ടിയ സന്ദർഭം ആയിരുന്നു അത്.പിന്നീടുള്ള ഹിയറിങ്ങ് വളരെ സമാധാനപരവും പരസ്പര ബഹുമാനം പുലർത്തിയും നടന്നു. എന്നും ഏറെ സ്നേഹ ബാബുമാനങ്ങളോടെ

പെരുമാറിയിരുന്ന അബ്ദുള്ള കുട്ടി സാഹിബിന്റെ ഓർമ്മകൾ ഒരുപാട് പറയാനുണ്ട്.... തൽക്കാലം അവസാനിപ്പിക്കുന്നു.

അദ്ദേഹത്തിന്റെ പരലോകജീവിതം സന്തോഷവും സമാധാനവും നിറഞ്ഞതാവട്ടെ. അല്ലാഹു അദ്ദേഹത്തിന് സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.....

R. V. സൈദുമുഹമ്മദ്.

കെ അബ്ദുൽ വാഹിദ് സാഹിബ്

1960 ന്റെ തുടക്കത്തിൽ തന്നെ അബുള്ളക്കുട്ടിക്ക പാടുരിന്റെ അഗ്രികൾച്ചറൽ ഗ്രാജു വേറ്റാണ്. ഒരു പക്ഷെ പാടുരിലെ ആദ്യമുസ്ലിം ഗ്രാജുവേറ്റായിരിക്കും. അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിലെ സൂക്ഷ്മതയും ആത്മാർത്ഥ യുംBDO യിൽ നിന്ന് തുടങ്ങി ADC വരെ ഉയർന്ന റേ ങ്കിലെത്താൻ കുടുതൽ സമയമെടുത്തില്ലന്ന് തോന്നുന്നു. ഗവണ്മെന്റ് ഔദ്യോഗികബോർഡ്വെച്ച കാർ വന്നു രാവിലെ കൊണ്ടുപോയി വൈകുന്നേരം തിരിച്ചു വരുന്നത് കാണുമ്പോൾ പാടൂരിന്നഭിമാനമായി എനിക്ക് തോന്നാറുണ്ട്.

പാടൂരിന്നഭിമാനമായ ഹൈസ്കൂൾ, കമ്മ്യൂണിറ്റി ഹാൾ, ഗവമെന്റ് ആസ്പത്രി എന്നിവയുടെ തുടക്കത്തിന് അദ്ദേഹത്തിന്റെ കാര്യമായ സംഭാവനകളുണ്ട്. അൻസാരിയ ചാരിറ്റി എന്ന പേരിൽ പാടുർ കൂട്ടായ്മയുണ്ടാക്കി ഒരു അസ്പത്രി വേണമെന്ന ആശയത്തിന് തുടക്കം കുറിച്ചത് അബ്ദുല്ലക്കുട്ടിക്ക, NP. അബുക്ക , PC. ഹംസക്ക , CP ഹൈദർക്ക , അബ്ദുറഹിമാൻ മാഷ് തുടങ്ങിയ നന്മേഛുക്കളുടെ കൂടിയാലോചനയിൽ നിന്നാണ്. പിന്നീട് സാക്ഷാൽക്കപ്പെട്ടത് മഹല്ല് കമ്മറ്റിയുടെ നേതൃത്വത്തിലാണ്.

നാമറിയുന്നതും അല്ലാത്തതുമായ പല നല്ല കാര്യങ്ങളും ചെയ്താണ് അദ്ദേഹം വിടപറഞ്ഞത്. ചാരിറ്റി രംഗത്ത് വ്യക്തിമുദ്ര പതിച്ച സമ്പന്ന വ്യവസായി ഗൾഫാർ മുഹമ്മദാലി, ഇക്കയുടെ കസിനാ (കുഞ്ഞുമ്മാടെ മകൻ) ണ്.

അദ്ദേഹം വിട്ടേച്ചു പോയ നന്മകൾ ജാരിയായ സദഖയായി അല്ലാഹു സ്വീകരിച്ച് എല്ലാ പാപങ്ങളും പൊറുകൊടുത്ത് പരലോക ജീവിതം വിജയകരമാക്കി സ്വർഗം നൽകി അനുഗ്രക്കട്ടെ 🤲 🤲

(ചില സാങ്കേതിക പ്രശ്നങ്ങളാൽ ഓർമക്കുറിപ്പ് പൂർത്തീകരിക്കുന്നതിന്ന് മുമ്പ് ഫോർ വേഡ് ആയതിനാൽ അനുബന്ധം ചേർക്കേണ്ടിവന്നു.)

മൊയ്തു. പി.കരിപ്പായിൽ

പ്രിയപ്പെട്ട അബ്ദുള്ള കുട്ടിക്കയുടെ സ്മരണകൾ ഉയർത്തുന്ന ഇന്നലെകളെ സ്മരിക്കുന്ന ഈ വേളയിൽ. ഉദ്യോഗതലത്തിലും മത സാമൂഹ്യ മണ്ഡലത്തിലേയും അദ്ദേഹം നിർവ്വഹിച്ചു പോന്ന നേതൃത്വപരമായ പങ്ക് ഏറെ വിവരിക്കപ്പെട്ടു എന്ന് ഞാൻ കരുതുന്നു. 1980 ൽ ഇടതുമുന്നണി കേരളത്തിൽ അധികാരം കയ്യാളുമ്പോഴാണ് ബഹുമാന്യനായ അബ്ദുള്ള കുട്ടിക്ക മുല്ലശ്ശേരി

ബി.ഡി.ഒ. ആയി പ്രവർത്തിക്കുന്നത്. അന്നത്തെ കൃഷി വകുപ്പ് മന്ത്രി ഡോക്ടർ സുബ്ബറാവു, നെൽകൃഷിയും, നാളികേര കൃഷിയും, പ്രോൽസാഹിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. അതിൽ ഗ്രാമസേവകന്മാർക്കും,ബി. ഡി.ഒ. മാർക്കും, സ്വതന്ത്രമായി പ്രവർത്തികാനുള്ള അധികാരം നൽകിയിരുന്നു.❤️ ബഹുമാന്യനായ അബ്ദുള്ള കുട്ടിക്ക.ആ അവസരം ഉപയോഗിച്ച്. നെൽകൃഷി കാർക്കും, നാളികേര കൃഷികാർക്കും, കാർഷികവൃത്തിയ്ക്ക് ഉപകരിക്കുന്ന തരത്തിലുള്ള ക്ഷേമ പദ്ധതി നടപ്പാകുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു എന്നത് ഒരു വസ്തുതയാണ്.👍 യഥാർത്ഥത്തിൽ സർക്കാർ ഉദ്യോഗത്തിൽ നിന്ന് വിരമിച്ചാൽ സാധാരണ കണ്ട് വരാറുള്ളതിൽ നിന്ന് വ്യത്യസ്തമായി അബ്ദുള്ള കുട്ടി സാഹിബ്. പൊതു രാഷ്ട്രീയ രംഗത്ത്നിലയുറപ്പിച്ചത് എല്ലാവരേയും ആശ്ചര്യപ്പെടുത്തിയിരുന്നു. പ്രത്യേകിച്ച് ഇടതുപക്ഷ രാഷ്ട്രീയത്തിൽ. 🙏എല്ലാ വിരമിച്ച ഉദ്യോഗസ്ഥന്മാരെ പോലെ അധികാര സ്ഥാനത്തിന് വേണ്ടിയല്ല അദ്ദേഹം രാഷ്ട്രീയ രംഗം തിരഞ്ഞെടുത്തത്.❤️ അതിനുഒരു ഉദാഹരണമായിരുന്നു. ശ്രീമാൻ വി.എം.സുധീരൻ തന്റെ പ്രവർത്തന മണ്ഡലം ആലപ്പുഴയിലേയ്ക്ക് മാറ്റിയപ്പോൾ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്വതന്ത്ര സ്ഥാനാർത്ഥിയായി അബ്ദുള്ള കുട്ടിക്കയെ പരിഗണിക്കുക മാത്രമല്ല ധനകാര്യവൈദ്യുതി വകുപ്പ് മന്ത്രി. ശിവദാസമേനോൻ.ചീഫ് വിപ്പ്.കെ.പി. അരവിന്ദാക്ഷൻ ഉൾപ്പടെ അബ്ദുള്ള കുട്ടിക്കയെ സമീപിച്ച്ഇടതു സ്വതന്ത്രനായിമത്സരിക്കാൻസമ്മതം തേടിയിരുന്നു.👉 എന്നാൽ സ്നേഹപൂർവ്വംഅദ്ദേഹംഅത് നിരസിക്കുകയായിരുന്നു. സത്യത്തിൽ നമ്മുടെ നാടിന്ഒരു. എം.എൽ.എ. നഷ്ടപ്പെട്ട ലോ ?എന്ന്. ഇന്നോർക്കുമ്പോൾ എനിയ്ക്ക് തോന്നാറുണ്ട്. ചെറിയ വോട്ടിന്റെ വ്യത്യാസത്തിലാണ് ഒരു വനിതാ സ്ഥാനാർത്ഥിയുമായി ഇടതുമുന്നണി പരാചയപ്പെട്ടത്.🌹 ഇത്രയും പറഞ്ഞ് വെച്ചത്. അധികാരം അദ്ദേഹത്തെ ഭ്രമിപ്പിച്ചിരുന്നില്ല എന്ന് ബോധ്യപ്പെടുത്താൻ മാത്രമാണ്.🙏 വെങ്കിടങ്ങ് സർവ്വീസ് സഹകരണ ബാങ്കിന്റെ സാധാരണ ഡയറക്ടറായി തുടർന്ന് രാഷ്ട്രീയ പ്രവർത്തനം നടത്താൻവൈമനസ്യം കാണിക്കാത്ത വിശാല മനസ്സിന് ഉടമയായ വിപ്ലവകാരിയായിരുന്നു. അബ്ദുള്ള കുട്ടിക്ക. കാലം എത്ര കഴിഞ്ഞാലും കുടുംബാംഗങ്ങൾക്ക് ഉണ്ടായ നഷ്ടം പരിഹാരമില്ലാത്തതാണ്.😭 വേർപാടിന്റെ വേദന അനുഭവിയ്ക്കുന്ന കുടുംബത്തിന്റെ ദുഃഖത്തിൽ പങ്ക് കൊണ്ട്. ഈ അനുസ്മരണ കുറിപ്പിന് വിരാമമിടുന്നു,,,,,,,,,,,,,,,,,,,,,,,

മൊയ്തു. പി.കരിപ്പായിൽ.🙏

ആർ വി ഉമ്മർ സാഹിബ്

ഇവിടെ കണ്ട ഓർമ്മക്കുറിപ്പുകൾ, പ്രത്യേകിച്ച് ബഹുമാനപ്പെട്ട വാഹിദ്ക്ക എഴുതിയ വരികൾ, ഓർമ്മയിൽ കൊണ്ടുവന്നത് അഭിപ്രായവ്യത്യാസങ്ങളും രാഷ്ട്രീയ ബോധ്യങ്ങളും മാറ്റിനിർത്തിക്കൊണ്ട് നാടിൻറെ അടിസ്ഥാന പ്രശ്നങ്ങൾക്ക് വേണ്ടി ഒരുമിച്ച് നിന്ന് നേട്ടങ്ങൾ കൊയ്തെടുത്ത ഒരു തലമുറയെ പറ്റിയാണ്. ഇവരെയെല്ലാം സ്മരിക്കുന്ന വേളയിൽ അവർ പുലർത്തിയ സമൂഹ്യ

ബോധം മാതൃകയാക്കാനുള്ള പാഠം കൂടി ഉൾകൊള്ളാൻ നമുക്കാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒരുകാലത്ത് നാടിൻറെ ഒട്ടാകെ റോൾ മോഡലുകളായി ഉണ്ടായിരുന്ന ജനാബ് അബ്ദുള്ള കുട്ടി സാഹിബ് അടക്കമുള്ള എല്ലാവർക്കും അല്ലാഹു അവൻറെ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ആമീൻ.

ആർ പി സിദ്ധിഖ് സാഹിബ്

പാടൂർ നിവാസികൾ അഭിമാനപൂർവ്വം ഓർമ്മിച്ചു കൊണ്ടിരിക്കുന്ന മഹാനായ വ്യക്തിത്തമായിരുന്നു ജനാബ്. BDO അബ്ദുല്ല കുട്ടി എന്നറിയപ്പെടുന്ന കാലടിയിൽ അബ്ദുല്ല കുട്ടിക്ക.അദ്ദേഹം സർവ്വീസിൽ ഉണ്ടായിരുന്ന സമയങ്ങളിൽ കൂടുതൽ അടുക്കാനൊ ഇടപഴകാനൊ കഴിഞ്ഞിരുന്നില്ല.

ഒരിക്കൽ ഹൃസ്വ സന്ദർശനാർത്ഥം ഒമാനിൽ എത്തിയപ്പോൾ പാടൂർ - മസ്ജിദ് കമ്മറ്റിയുടെ കീഴിൽ ഞങ്ങൾ ഒരു സ്വീകരണം സംഘടിപ്പിച്ചത് ഓർമ്മയിൽ വരുന്നു. അദ്ദേഹം വളരെ സന്തോഷപൂർവ്വം ഞങ്ങളെ അഭിസം ബോധനം ചെയ്തതും സമുചിതമായ രീതിയിൽ മറുപടി നൽകിയതും എല്ലാം മായാതെ മനസ്സിൽ നിൽക്കുന്നു.

2009 ൽ പ്രവാസ ജീവിതം അവസാനിപ്പിച്ചു നാട്ടിൽ സ്ഥിരതാമസമാക്കിയതു മുതലാണ് കൂടുതൽ അടുക്കുന്നതും ഇടപഴകുന്നതും. വിശേഷിച്ചു മസ്ജിദ് റഹ്മ പ്രവർത്തനങ്ങളുമായി നീങ്ങിക്കൊണ്ടിരുന്നപ്പോൾ.

മസ്ജിദ് റഹ്മയും അനുബന്ധ സ്ഥാപനങ്ങളുമായും അതിന്റെ പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടി നല്ല സഹകരണവും സാമ്പത്തിക സഹായവുമായിരുന്നു അദ്ദേഹത്തിൽ നിന്നും കിട്ടിക്കൊണ്ടിരുന്നത്. ആ മഹത്തായ പാത പിന്തുടർന്ന് കൊണ്ടുള്ള സഹകരണം ഇന്നും കുടുംബക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ പരലോകജീവിതം കാരുണ്യവാനായ റബ്ബ് സന്തോഷ പ്രദമാക്കിത്തീർക്കു മാറാകട്ടെ. അദ്ദേഹത്തിന്റെ സഹധർമ്മിണിക്കും മക്കൾക്കും കുടുംബത്തിനും ക്ഷേമവും ഐശ്വര്യവും ആരോഗ്യത്തോടെയുള്ള ദീർഘായുസ്സും നൽകുമാറാകട്ടെ. ആമീൻ.

ലത്തീഫ് വാക്കയിൽ

നമ്മുടെ നാട്ടിലെ സാമൂഹിക-ഭരണ ചരിത്രത്തിൽ സ്വന്തം ഇടം നേടിയ മഹത്തായ വ്യക്തിത്വമായിരുന്നു മർഹൂം അബ്ദുല്ല കുട്ടി സാഹിബ്. സാധാരണ ജീവിത സാഹചര്യങ്ങളിൽ നിന്ന് ഉയർന്ന് BDO ആയി സേവനം ആരംഭിച്ച് ADC സ്ഥാനത്ത് നിന്ന് വിരമിച്ച അദ്ദേഹത്തിന്റെ ജീവിതം അധ്വാനത്തിന്റെയും അച്ചടക്കത്തിന്റെയും പ്രതീകമായിരുന്നു.

നാട്ടിലെ ആദ്യ ബിരുദധാരി എന്ന് പറയപ്പെടുന്ന അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തിന്റെ മഹത്വം സമൂഹത്തിന് തെളിയിച്ച, അറിവും സ്ഥാനവും സ്വാർത്ഥതയ്ക്ക് ഉപയോഗിക്കാതെ സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ

സജീവമായി ഇടപെട്ടു. പൊതുജന സേവനം അദ്ദേഹത്തിന് ഒരു ജോലിയല്ല, ഒരു ദൗത്യമായിരുന്നു. അതിന്റെ തെളിവാണ് ജോലിയിൽ നിന്നും വിരമിച്ചതിനു ശേഷവും സാമൂഹ്യ സേവനത്തിന് സന്നദ്ധനായത്, നീതി, സത്യസന്ധത, മാനുഷികത എന്നീ മൂല്യങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ എല്ലായ്പ്പോഴും പ്രതിഫലിച്ചിരുന്നു.

പുരാതന തറവാടിന്റെ സംസ്കാര മൂല്യങ്ങൾ ജീവിതത്തിൽ കാത്തുസൂക്ഷിച്ച അദ്ദേഹം, കുടുംബത്തിലും സമൂഹത്തിലും ഒരുപോലെ ആദരിക്കപ്പെട്ട വ്യക്തിയായിരുന്നു. മക്കളെല്ലാം ഉന്നത വിദ്യാഭ്യാസം നേടിയവരാക്കി വളർത്തിയതിലൂടെ വിദ്യാഭ്യാസം തലമുറകളെ ഉയർത്തുന്ന ശക്തിയാണെന്ന സന്ദേശവും അദ്ദേഹം പ്രവർത്തിയിലൂടെ തെളിയിച്ചു.

മർഹൂം അബ്ദുല്ലഹ് കുട്ടികയുടെ വേർപാട് നമ്മുടെ നാടിന് തീരാനഷ്ടമാണ്. എന്നാൽ അദ്ദേഹം വിതച്ച വിദ്യാഭ്യാസ ബോധവും സാമൂഹിക ഉത്തരവാദിത്വവും വരും തലമുറകൾക്ക് വഴികാട്ടിയായി നിലനിൽക്കും.

അല്ലാഹു തആലാ അദ്ദേഹത്തിന്റെ സേവനങ്ങൾ സ്വീകരിച്ച്, പാപങ്ങൾ പൊറുത്ത്, ജന്നത്തുൽ ഫിർദൗസ് നല്കുമാറാകട്ടെ.

ആമീൻ.

<u>തൈസീർ പി മുഹമ്മദ് ശബ്ദ സന്ദേശം</u>

https://youtube.com/shorts/Gm2-UCbV6Z4?si=9E5iic4zCGV7EzWG

<u>തമീം ഷമീം ശബ്ദ സന്ദേശം</u>

https://youtube.com/shorts/k-8bcXxu864?si=tr-JzSn9KSxCRBfN

<u>തൈസീർ പി മുഹമ്മദ് ശബ്ദ സന്ദേശം</u>

https://youtube.com/shorts/aF8WXDJuFQY?si=y7tpQY31ZuSAnHW5

<u>ആർ പി സിദ്ധിഖ് സാഹിബ്</u>

2000 ൽ നടന്ന എന്റെ മകളുടെ വിവാഹ സദസ്സിൽ നിന്ന് .....

അല്ലാഹുവിലേക്ക് തിരിച്ചു പോയ അബ്ദുല്ല കുട്ടിക്ക, സീതി തങ്ങൾ ,പുളിക്കൽകാദർക്ക, അഹമ്മദുക്ക, സെലാമു ക്ക, RVമുഹമ്മദുണ്ണിക്ക ഗുരുവായൂർ. തുടങ്ങിയവർ .

നമ്മെയും അവരെയും അല്ലാഹു ജന്നാത്തുൽ ഫിർദൗസിൽ ഒരു മിപ്പിച്ചു കൂട്ടുമാറാകട്ടെ. ആമീൻ.





<u>സഊദ് തങ്ങൾ</u>

ബഹുമാന്യനായ ബി.ഡി.ഒ. അബ്ദുല്ലകുട്ടി സാഹിബ്

****

സാമൂഹ്യ പുരോഗതിക്ക്, പണവും സൗകര്യങ്ങളും മാത്രം പോരാ, ഭരണ പങ്കാളിത്തവും ആവശ്യമാണെന്ന് മനസ്സിലാക്കിയവരുടെ കൂട്ടത്തിലെ ഒരു മഹാനുഭാവനെ ആണ് നാം ഇപ്പോൾ ഓർമിക്കുന്നത്. അഡ്വ. സയ്യ് മുഹമ്മദ് സാഹിബ്, തന്റെ ഔദ്യോഗിക കൃത്യ നിർവഹണത്തിനിടയിൽ അഭിമുഖീകരിച്ച ഒരു പ്രശ്നം, അബ്ദുല്ലക്കുട്ടി സാഹിബിന്റെ യാദൃശ്ചിക സാന്നിധ്യം കൊണ്ട് പരിഹരിക്കപ്പെട്ട കാര്യം ഇവിടെ കുറിച്ചത്, നമ്മുടേത് പോലുള്ള സമൂഹത്തിൽ ഭരണാധികാര പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെ ആണ് എടുത്ത് കാണിക്കുന്നത്.

മുമ്പൊരിക്കൽ, എന്റെ സ്കോളർഷിപ്പു മായി ബന്ധപ്പെട്ടു ഞാൻ പഠിച്ച സ്ഥാപനത്തിന്റെ മേധാവിയെ കാണാൻ പോയി. എന്റെ ആവശ്യം

കേട്ടയുടനെ, മേധാവി, പോലീസ് ഭാഷയിലൊരു ചോദ്യം, 'Where is your father?' ഞാൻ പറഞ്ഞു, 'ബാപ്പക്ക് സുഖമില്ല'. ഉടനെ അധികാര ഗർവോടെ അദ്ദേഹം: 'It's a human problem. But, this is a legal problem'. മനുഷ്യന്റെ നിസ്സഹായാവസ്ഥയെ നിയമത്തിന്റെ ചുവന്ന ചരടുകൊണ്ട് മുറുക്കി കെട്ടുന്ന ആ ഉത്തരത്തോട് എനിക്ക് പുച്ഛം തോന്നി.

ഈ കൈപുള്ള അനുഭവവുമയാണ്, നാട്ടിലെ ഒരു പ്രമാണിയായ ബി.ഡി.ഒ. അബ്ദുല്ലക്കുട്ടി സാഹിബ് എന്ന ഓഫീസറുടെ മുമ്പാകെ ഒരാവശ്യവുമായി പോകുന്നത്. എന്റെ ഭാര്യാ പിതാവ് ഹജ്ജിന് പോകാൻ തീരുമാനിച്ചപ്പോൾ, പാസ്പോർട്ട് എടുക്കാൻ ഫോട്ടോ അറ്റസ്റ്റ് ചെയ്യുതിന് വേണ്ടിയുള്ളതായിരുന്നു ആ പോക്ക്.

ഇവിടെ ഒരു സുഹൃത് പറഞ്ഞത് പോലെ, ഒരു പോലീസ് ഓഫീസറുടെ എടുപ്പും മുഖഭാവവുമുള്ള ഒരാൾ. എന്റെ മുന്നനുഭവം വെച്ച് ഞാൻ പരുങ്ങലോടെ പറഞ്ഞു, 'ഇതെന്റെ ഭാര്യയുടെ ബാപാടെ ഫോട്ടോസ് ആണ്. ഇതൊന്ന് അറ്റസ്റ്റ് ചെയ്തു കിട്ടണം. ഹജ്ജിന് പോകാൻ പാസ്പോർട്ട് എടുക്കാനാണ്'.

എന്നോട് ഇരിക്കാൻ പറഞ്ഞു. ഫോട്ടോ കണ്ടിട്ട് അദ്ദേഹത്തിന് ആളെ മനസ്സിലായി കാണണം. ഉടനെ അദ്ദേഹം പേനയും സീലുമെടുത്തു. ഹജ്ജ് യാത്രക്ക് ആവശ്യമായ നിശ്ചിത ഫോം, ആമിനാ ബുക്ക് സ്റ്റാളിൽ നിന്ന് കിട്ടുമെന്നതു പോലുള്ള, അദ്ദേഹത്തിന്റെ ചുമതലയിൽ പെടാത്ത മറ്റു കാര്യങ്ങളും പറഞ്ഞു തന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അതൊരു ചെറിയ കാര്യം. എന്നാൽ, എനിക്കത് വലിയ കാര്യമായിരുന്നു. ഇതൊക്കെ കഴിഞ്ഞിട്ടാണ് അദ്ദേഹം എന്നെക്കുറിച്ചു ചോദിച്ചറിയുന്നത്!

ആളെ കുഴക്കാനും കാര്യങ്ങൾ കുളമാക്കാനും, 'ആവശ്യക്കാരൻ നേരിട്ട് വരണ'മെന്ന നിയമ വശം അദ്ദേഹത്തിന് പറയാമായിരുന്നു. അതുണ്ടായില്ല. തിരിച്ചു പോരുമ്പോൾ, സുഹൃത്തിന്റെ ആദിത്യം സ്വീകരിച്ചു മടങ്ങുന്ന ഒരാളുടെ മാനസികാവസ്ഥ ആയിരുന്നു എന്റേത്. എന്റെ മനസ്സിൽ, ഞാൻ ആ മാന്യ വ്യക്തിയുടെ ചിത്രം കൊത്തി വെക്കുകയായിരുന്നു.

രണ്ടു അധികാരികളുടെ പെരുമാറ്റങ്ങളിലെ അന്തരം ചൂണ്ടി കാണിക്കാനാണ് ഇത്രയും പറഞ്ഞത്.

അദ്ദേഹത്തിന്റെ അവസാന നാളുകളിൽ, സുഹൃത് ബി. കെ. ഹുസൈനും ഞാനും അദ്ദേഹത്തെ കാണുകയും ഒരാവശ്യം ഉന്നയിക്കികയും ചെയ്തു. അദ്ദേഹം, ഞങ്ങളെ കേൾക്കുകയും, പോസിറ്റീവ് ആയി പ്രതികരിക്കുകയും ചെയ്തത് നന്ദി പൂർവ്വം അനുസ്മരിക്കുകയാണ്.

കാലടി കുടുംബത്തിലെ പലരുമായും എനിക്ക് ബന്ധമുണ്ട്. ദുബായിൽ ഉണ്ടായിരുന്ന ഒരു മകനുമായി അവിടെ വെച്ച് കണ്ടിട്ടുണ്ട്. പൊതുവെ അവരെല്ലാവരും ഇസ്ലാമിക സമൂഹത്തിന്റെ അതിരുകളിൽ ജീവിക്കുന്നവരായാണ് അനുഭവം. അൽഹംദു ലില്ലാഹ്.

അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് തക്കതായ പ്രതിഫലം നൽകട്ടെ. സ്വർഗ പൂന്തോപ്പിൽ അനുഗ്രഹ വർഷം അനുഭവിക്കുന്നവരുടെ കൂട്ടത്തിൽ അല്ലാഹു അദ്ദേഹത്തെ ഉൾപ്പെടുത്തട്ടെ- ആമീൻ

30 Dec 2025

Episode-8

മർഹൂം മുഅദ്ദിൻ കുഞ്ഞിമോൻ സാഹിബ്



اسلام عليكم ورحمة الله وبركاته

മർഹൂം മുഅദ്ദിൻ കുഞ്ഞിമോൻ സാഹിബ്

ഏറെകാലം പാടൂർ ജുമഅത്ത് പള്ളിയിൽ മുഅദ്ദിൻ ആയി സേവനമനുഷ്ഠിച്ച, ലളിതജീവിതവും സ്നേഹ സമ്പന്നനുമായിരുന്നു അദ്ദേഹം. നിസ്വാർഥമായ സേവനത്തിലൂടെ പള്ളിയിലും സമൂഹജീവിതത്തിന്റെ ഭാഗമായിത്തീർന്ന

കുഞ്ഞിമോൻക്കയുടെ മധുരസ്വരത്തിലുള്ള ബാങ്ക് വിളി പാടൂരിന്റെ പ്രഭാതങ്ങളെയും സന്ധ്യകളെയും ആത്മീയതയിൽ മൂടിയിരുന്നു.

നമസ്കാരസമയങ്ങളോട് ഉള്ള കൃത്യതയും ആരാധനയോടുള്ള അകമഴിഞ്ഞ സമർപ്പണവും അദ്ദേഹത്തെ എല്ലാവരുടെയും ഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ച വ്യക്തിയാക്കി. തലമുറകൾക്ക് വഴികാട്ടിയായ ആ ജീവിതം ഇന്ന് ഓർമ്മകളായി നമ്മോടൊപ്പം നിലനിൽക്കുമ്പോൾ, അദ്ദേഹത്തോടൊപ്പം പങ്കിട്ട സ്നേഹനിമിഷങ്ങളും ആത്മബന്ധങ്ങളും നന്ദിയോടെ നമ്മൾ സ്മരിക്കുന്നു.

അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങൾ സ്വീകരിക്കുകയും, മഗ്ഫിറത്തും മർഹമത്തും കൊണ്ട് അനുഗ്രഹിച്ച് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനമരുളുകയും ചെയ്യട്ടെ

آمين 🤲 يارب العالمين

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/1RwW13dCVhg?si=kyYP3ZRe4ApFUhQ3

നജീബ് സാഹിബ് കാരിയാട്ട്

When remembering the respected Kunhyonkka, his voice still resonates in my heart like the call to prayer (Adhan). Specifically, before 1965, when there were no microphone sets in our mosque, he used his own natural voice to deliver the Adhan. I still remember him standing near the door on the upper floor of the mosque, fingers pressed to his ears, delivering that powerful call that invited everyone to prayer.

I used to marvel at how such a small-statured man could produce such a loud and resonant voice; it was truly a reflection of his deep faith and devotion to Allah. During every prayer time, we would eagerly wait to hear his voice without the aid of loudspeakers. Later, in 1965, when microphone sets began to be used, I recall reading about the debates within the Samastha Kerala Jam'iyyathul Ulama regarding whether using such technology for Adhan was permissible.

Regardless of those debates, his voice through the microphone remains even more vividly in our memories. In those days, operating a microphone set was considered a difficult task, yet he handled it effortlessly. Five times a day, with perfect punctuality, he used the equipment to call the faithful to prayer.

Beyond his duties at the mosque, he was someone we could entirely rely on for wedding ceremonies. Once the responsibilities of a wedding—be it for a son or daughter—were entrusted to Kunhyonkka, he would manage all the arrangements perfectly. From bringing the Khatib on time to managing the registers, getting signatures, and filling out forms, he handled everything systematically. He performed these tasks with utmost honesty, never taking an extra penny unfairly. He also meticulously managed the mosque's offerings (Nercha) and Maulid ceremonies.

In an era with far fewer technical facilities than today, he supported the committee members with total commitment and integrity. His son, Mustafa, is a famous violinist in Kerala. Whenever I visit my

hometown or relatives in Thrissur and Chavakkad, many artists and stage performers speak of Mustafa with great admiration. All of Kunhyonkka's children were my contemporaries, classmates, and friends.

Kunhyonkka's life was inseparable from the mosque; it could be said he had no existence without it. His passing was a significant loss to the mosque's activities. During the time of M.V. Kunhi Ahmed Musliyar as Khatib and Mudarris, the mosque committee functioned very smoothly due to Kunhyonkka's presence. May his soul rest in peace, and may his presence continue to be felt in our community.

Translation of above

പ്രിയപ്പെട്ട കുഞ്ഞിമോന്ക്കയെ ഓർക്കുമ്പോൾ, അദ്ദേഹത്തിന്റെ ശബ്ദം ഇന്നും എന്റെ ഹൃദയത്തിൽ മുഴങ്ങുന്നത് അദാന്റെ ദിവ്യധ്വനിപോലെ തന്നെയാണ്.

1965-ന് മുമ്പ്, നമ്മുടെ പള്ളിയിൽ മൈക്രോഫോൺ സംവിധാനങ്ങൾ ഇല്ലാതിരുന്ന കാലത്ത്, കുഞ്ഞിമോന്ക്ക തന്റെ സ്വാഭാവിക ശബ്ദം ഉപയോഗിച്ചാണ് അദാൻ വിളിച്ചിരുന്നത്. പള്ളിയുടെ മുകളിലത്തെ നിലയിൽ വാതിലിനരികിൽ നിൽന്ന്, വിരലുകൾ ചെവികളിൽ ചേർത്ത്, വിശ്വാസികളെ നമസ്കാരത്തിലേക്ക് ക്ഷണിച്ച ആ ശക്തമായ അദാൻ ഇന്നും എന്റെ മനസ്സിൽ അതീവ സജീവമായൊരു ദൃശ്യമാണ്.

ഇത്ര ചെറുതായ ശരീരമുള്ള ഒരാൾക്ക് എങ്ങനെ ഇത്ര ശക്തിയും ഗൗരവവും നിറഞ്ഞ ശബ്ദം ഉണ്ടാകുമെന്നത് ഞങ്ങൾ അത്ഭുതത്തോടെ നോക്കി നിന്നിരുന്നു. അത് ശരീരശക്തിയല്ല, അല്ലാഹുവിനോടുള്ള അദ്ദേഹത്തിന്റെ ആഴമുള്ള ഈമാനും ആത്മാർത്ഥതയും ഭക്തിയും തന്നെയായിരുന്നു. ഓരോ നമസ്കാര സമയത്തും, യാതൊരു ശബ്ദവലുപ്പ ഉപകരണങ്ങളുടെയും സഹായമില്ലാതെ, അദ്ദേഹത്തിന്റെ ശബ്ദം കേൾക്കാൻ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരുന്ന ദിവസങ്ങളായിരുന്നു അവ.

1965-ൽ പള്ളികളിൽ മൈക്രോഫോൺ സംവിധാനങ്ങൾ ഉപയോഗിക്കാൻ ആരംഭിച്ചപ്പോൾ, അദാനിൽ ഇത്തരം സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിക്കുന്നത് ശരിയാണോ എന്ന വിഷയത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയിൽ നടന്ന ചർച്ചകളും വാദപ്രതിവാദങ്ങളും വായിച്ചതായി ഓർമ്മിക്കുന്നു. ആ വാദങ്ങൾക്കപ്പുറത്തായി, മൈക്രോഫോണിലൂടെ മുഴങ്ങിയ കുഞ്ഞിമോന്ക്കയുടെ ശബ്ദം ഇന്നും കൂടുതൽ വ്യക്തമായി നമ്മുടെ ഓർമ്മകളിൽ നിലനിൽക്കുന്നു.

അന്നത്തെ കാലത്ത് മൈക്രോഫോൺ പ്രവർത്തിപ്പിക്കുന്നത് ഏറെ ബുദ്ധിമുട്ടുള്ള കാര്യമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ കുഞ്ഞിമോന്ക്ക അത് അതീവ എളുപ്പത്തോടെയും നൈപുണ്യത്തോടെയും കൈകാര്യം ചെയ്തു. ഒരു പിഴവുമില്ലാതെ, കൃത്യസമയത്ത്, ദിവസവും അഞ്ചുനേരം, അദ്ദേഹം വിശ്വാസികളെ നമസ്കാരത്തിലേക്ക് വിളിച്ചു.

പള്ളിയിലെ ചുമതലകൾക്കപ്പുറം, വിവാഹകാര്യങ്ങളിൽ സമൂഹം പൂർണ്ണമായി ആശ്രയിച്ചിരുന്ന വ്യക്തിയായിരുന്നു കുഞ്ഞിമോന്ക്ക. മകനായാലും മകളായാലും, ഒരു വിവാഹത്തിന്റെ ഉത്തരവാദിത്വം ഒരിക്കൽ അദ്ദേഹത്തിന് ഏൽപ്പിച്ചാൽ, എല്ലാം കൃത്യമായും ക്രമബദ്ധമായും നടക്കും.

ഖത്തീബിനെ സമയത്ത് എത്തിക്കൽ മുതൽ രജിസ്റ്ററുകൾ കൈകാര്യം ചെയ്യൽ, ഒപ്പുകൾ ശേഖരിക്കൽ, രേഖകൾ പൂരിപ്പിക്കൽ എന്നിവ വരെ എല്ലാം അദ്ദേഹം അതീവ ഉത്തരവാദിത്വത്തോടെയും കൃത്യതയോടെയും നിർവഹിച്ചു. ഒരിക്കലും അന്യായമായി ഒരു പൈസ പോലും സ്വീകരിക്കാതെ, പരിപൂർണ്ണ സത്യസന്ധതയോടെയാണ് അദ്ദേഹം ഈ സേവനങ്ങൾ നിർവഹിച്ചത്.

പള്ളിയിലെ നേർച്ച, മൗലിദ്, മറ്റു മതപരമായ പ്രവർത്തനങ്ങൾ എന്നിവയും അദ്ദേഹം അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്തു. ഇന്നത്തെ പോലെ സാങ്കേതിക സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് പോലും, പള്ളി കമ്മിറ്റി അംഗങ്ങൾക്ക് അദ്ദേഹം അചഞ്ചലമായ പിന്തുണയും വിശ്വാസയോഗ്യമായ സേവനവും നൽകി.

അദ്ദേഹത്തിന്റെ മകൻ മുസ്തഫ ഇന്ന് കേരളത്തിൽ പ്രശസ്തനായ ഒരു വയലിനിസ്റ്റാണ്. ഞാൻ എന്റെ നാട്ടിലേക്കോ, അല്ലെങ്കിൽ തൃശൂർ, ചാവക്കാട് പ്രദേശങ്ങളിലെ ബന്ധുക്കളെ സന്ദർശിക്കുമ്പോഴോ, നിരവധി കലാകാരന്മാരും വേദി കലാപ്രവർത്തകരും മുസ്തഫയെക്കുറിച്ച് അതീവ ആദരവോടെ സംസാരിക്കുന്നതു പലപ്പോഴും കേട്ടിട്ടുണ്ട്. കുഞ്ഞിമോന്ക്കയുടെ മക്കൾ എല്ലാവരും എന്റെ സമകാലികരും സഹപാഠികളും സുഹൃത്തുക്കളുമായിരുന്നു എന്നത് ഈ ഓർമ്മകൾക്ക് കൂടുതൽ ആത്മീയവും വ്യക്തിപരവുമായ ആഴം നൽകുന്നു.

കുഞ്ഞിമോന്ക്കയുടെ ജീവിതം പള്ളിയോട് വേർപിരിയാനാകാത്തവിധം ചേർന്നുനിന്നതായിരുന്നു. പള്ളിയില്ലാതെ അദ്ദേഹത്തിന് ഒരു അസ്തിത്വം പോലും ഉണ്ടായിരുന്നില്ലെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. അദ്ദേഹത്തിന്റെ വിയോഗം പള്ളിയുടെ പ്രവർത്തനങ്ങളിൽ വലിയൊരു ശൂന്യത സൃഷ്ടിച്ചു. എം.വി. കുഞ്ഞി അഹമ്മദ് മുസ്ല്യാർ ഖത്തീബും മുദരിസുമായിരുന്ന കാലഘട്ടത്തിൽ, പള്ളി കമ്മിറ്റി അതീവ സുതാര്യവും സുസ്ഥിരവുമായി പ്രവർത്തിച്ചത് കുഞ്ഞിമോന്ക്കയുടെ സാന്നിധ്യവും സേവനവുമാണ്.

അല്ലാഹു അദ്ദേഹത്തിന് പരലോക ശാന്തി നൽകട്ടെ, ജീവിതകാലം മുഴുവൻ ചെയ്ത സേവനങ്ങൾ സ്വീകരിക്കട്ടെ, അദ്ദേഹത്തിന്റെ സാന്നിധ്യവും പാരമ്പര്യവും നമ്മുടെ സമൂഹത്തിൽ എന്നും ജീവിച്ചിരിക്കട്ടെ.

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/_OIDsZ061-g?si=mUu8VMR0peNKZ7_n

സൈനുദ്ധീൻ പാടൂർ

മർഹൂം മുഅദ്ദിൻ കുഞ്ഞിമോൻ സാഹിബ്

പാടൂരിന്റെ ആത്മാവിൽ ലയിച്ച ശബ്ദമായിരുന്നു അദ്ദേഹത്തിന്റെ സുന്ദരമായ ബാങ്ക് വിളി. കാലത്തിന്റെ ഒഴുക്കിൽ പല മുഖങ്ങളും

ഓർമ്മകളിൽ നിന്നും മായുമ്പോഴും, കുഞ്ഞോൻക്കയുടെ ശബ്ദം പാടൂരിന്റെ പ്രഭാതങ്ങളിലും സന്ധ്യകളിലും ഇന്നും മുഴങ്ങുന്നുണ്ടെന്നു തോന്നും.

പാടൂരിലെ ഓരോ വീട്ടിലുമുള്ള പഴയ ഫോട്ടോ ആൽബങ്ങൾ തുറന്നുനോക്കിയാൽ, കുടുംബാംഗങ്ങളിലെ എല്ലാവരുടെയും ചിത്രങ്ങൾ അവിടെ ഉണ്ടാവണമെന്നില്ല; പക്ഷേ കുഞ്ഞോൻക്കയുടെ ചിത്രം കുറഞ്ഞത് ഒന്നെങ്കിലും ഇല്ലാതിരിക്കില്ല. അത് അദ്ദേഹത്തിന്റെ സാമൂഹിക സാന്നിധ്യത്തിന്റെയും ജനഹൃദയങ്ങളിലെ സ്ഥാനത്തിന്റെയും തെളിവാണ്.

തലമുറകൾ മാറിവരുമ്പോൾ, കാലം മറന്നുപോയവരുടെ ഖബറിടങ്ങൾ ഏതാണ് എന്ന് ചൂണ്ടിക്കാട്ടി കാണിച്ചു തരുന്ന സ്മൃതിപാലകനുമായിരുന്നു കുഞ്ഞോൻക്ക. പാടൂരിലെ വിവാഹങ്ങളാകട്ടെ, മരണങ്ങളാകട്ടെ, നേർച്ചകളാകട്ടെ ഏത് അവസരമായാലും കുഞ്ഞോൻക്കയുടെ സാന്നിധ്യം അവിടെ അനിവാര്യമായിരുന്നു.

ഒരു ഗ്രാമത്തിന്റെ ചരിത്രവും ഓർമ്മയും മനുഷ്യരൂപത്തിൽ നിലകൊണ്ടിരുന്ന ഒരനുഗ്രഹമായിരുന്നു മർഹൂം മുഅദ്ദിൻ കുഞ്ഞിമോൻ സാഹിബ്. പാടൂരിന്റെ മണ്ണിൽ അദ്ദേഹം വിട്ടുപോയ ശൂന്യത ഒരിക്കലും പൂർണമായി നിറയുകയില്ല.

അല്ലാഹു തആലാ അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുക്കി, കബർ ജീവിതം സുഖകരമാക്കി, ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നല്കുമാറാകട്ടെ. ആമീൻ.

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

ഇത് വായിക്കുന്ന വ്യക്തികളിൽചിലർക്കെങ്കിലും വിശ്വസിക്കാൻ പ്രയാസം ഉണ്ടാകുമോ എന്ന ആശങ്ക ഉണ്ട് . മുഅദ്ധിൻ എന്ന നിലയിൽ,വെള്ളിയാഴ്ച ദിവസം ജുമാ നമസ്കാരത്തിന് ആരംഭം കുറിച്ച് കൊണ്ട്, മആശറൽ മുസ്ലിമീൻ ആലപിക്കുന്നതിന് മുൻപ് മുക്രി കുഞ്ഞിമോൻക്ക മസ്ജിദിന്റെ അകത്ത് പ്രവേശിച്ച ആളുകളുടെ തല എണ്ണി തിട്ടപ്പെടുത്തുന്ന ഒരുകാലം നമ്മുടെ മഹല്ലിൽ കഴിഞ്ഞുപോയിട്ടുണ്ട്. ചിലദിവസങ്ങളിൽ നാൽപ്പത് തികയാൻ വേണ്ടി ഖുതുബ അഞ്ച് -എട്ട് മിനിറ്റ് നീട്ടിവെക്കേണ്ട അവസ്ഥയും ഉണ്ടായിട്ടുണ്ട്.(ഇപ്പോൾ മൂന്ന് നാലു പള്ളികളിൽ ആയിട്ടാണല്ലോ വെള്ളിയാഴ്ച നമ്മൾ ഒരുമിച്ച് കൂടുന്നത്!)******മർഹൂം താഹക്കാടെ സഹോദരിയെ ആണ് കുഞ്ഞിമോൻ സാഹിബ് രണ്ടാമത് വിവാഹം ചെയ്തത്. ആദ്യ വിവാഹത്തിലുള്ള മകൻ ഉമ്പായു എന്റെ സതീർത്യനും അടുത്തസുഹൃത്തും ആയിരുന്നു....... അന്ന് മുക്രിയുടെ ജോലി ഇന്നത്തേപോലെ എളുപ്പമുള്ളതല്ലാ യിരുന്നു. കിണറ്റിൽ നിന്ന് വെള്ളം രണ്ട് ഹൌളുകളിൽ നിറക്കണം. സമയത്തിന് വിളക്കുകൾ കത്തിച്ചുവെക്കണം, വെള്ളവും വെളിച്ചവും സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണണം. പൊതുവെ എല്ലാ കുറവുകളും നികത്തി പരിഹാരം കാണേണ്ടത് മുക്രിക്കയാണ്. ഒരു മരണം നടന്നാൽ കുളിപ്പിച്ച് കിടത്തലും, ശരീരമാകെ ഒരു തുണി കൊണ്ട് പുതപ്പിക്കൽ മുതൽ ഖബർ ഒരുക്കി മറവുചെയ്യൽ വരെ അദ്ദേഹത്തിന്റെ ഉത്തരവാദിത്തമായാണ് ആളുകൾ കണക്കാക്കിയിരുന്നത്.ആളുകളുടെ

ആവശ്യങ്ങക്കനുസരിച്ച് പ്രവർത്തന സജ്ജനായി നാട്ടുകാർക്കൊരു മുക്രിക്ക. അതായിരുന്നു മർഹൂം കുഞ്ഞിമോൻ സാഹിബ്.ചുമതലകളിൽ ആദ്യകാലത്ത് സഹായിക്കാൻ ഉണ്ടായിരുന്നത് മൂത്ത മകൻ ഉമ്പായു മാത്രമായിരുന്നു. ഉമ്പാ യുവിന് സുഹൃത്തുക്കൾ ധാരാളമായിരുന്നതിനാൽ ഹൗള് നിറക്കാൻ ഞങ്ങൾ എല്ലാവരും ഉണ്ടാവും.ചെറിയ ഹൌളിൽ നിന്ന് വെള്ളംവലിയ ഹൌളിൽ എത്തും.ചെറിയ ഹൌളിലേക്ക് വെള്ളം കോരിഒഴിക്കാൻ ചില മെക്കാനിസമൊക്കെ ഉണ്ടായിരുന്നു. പേരൊക്കെ മറന്നു.മത്സരിച്ചായിരുന്നുഹൌള്നിറക്കൽ.ഉമ്പായു ഇപ്പോൾപുവത്തൂരിൽ കുടുംബസമേതം താമസിക്കുന്നു **പാടൂർ പള്ളി പണിയാനുള്ള കാരണം മുക്രിക്കപറഞ്ഞുതന്നത്ഇപ്രകാരം :-"ആദ്യകാലത്ത് കെട്ട് വഞ്ചിയിൽ യാത്രചെയ്ത് ബ്ളാങ്ങാട് പള്ളിയിൽ എത്തിയാണ് പാടൂർ നിവാസികൾ വെള്ളിയാഴ്ച ജുമഅയിൽ പങ്കെടുത്തിരുന്നത്. ഒരു വെള്ളിയാഴ്ച്ച നമ്മുടെ വഞ്ചി ബ്ലാങ്ങാട് എത്തു മ്പോഴേക്ക് ജുമ കഴിഞ്ഞിരുന്നു. അന്നെടുത്ത തീരുമാനം അനുസരിച്ച് ഇപ്പോൾ പള്ളിനിൽക്കുന്നതിന്റെ തെക്ക് -കിഴക്ക് ഭാഗത്തായി മുളയും ഓലയും ഉപയോഗിച്ച് ഒരു ഷെഡ് പണിത് നമസ്ക്കാരം ആരംഭിച്ചു.ആ പള്ളിയുടെ ചില അവശിഷ്ടങ്ങൾ മുക്രിക്ക ഞങ്ങക്ക് കാണിച്ചുതരികയുണ്ടായി."*** അറുക്കുക മുക്രിക്കയാണ്. ആടായാലും, പോത്തായാലും, മൂരി ആയാലും തല മുക്രിക്കാക്കുള്ളതാണ്. ഒരു ദിവസം ചിലപ്പോൾ മൂന്നും നാലും തലകൾ മുക്രിക്കാക്ക് കിട്ടും. മുക്രിക്കാടെ മകൻ ഉമ്പായു എന്നെ വീട്ടിലേക്ക് കൂട്ടി കൊണ്ടുപോകും.അവിടെ റഹീമത്ത ആടുമാടുകളുടെ തലച്ചോർ നല്ല മസാലചേർത്ത് പാകംചെയ്ത് വെച്ചിട്ടുണ്ടാവും.റഹീമത്ത നല്ല സ്നേഹവുംകയ്യഴവും ഉള്ള വ്യക്തി. (മുക്രിക്കാടെ സഹധർമിണി).കൊതി തീരുവോളം തിന്നാനുള്ളതുണ്ടാവും. ആഴ്ച്ചയിൽ ഒന്നോ രണ്ടോ തവണ തലച്ചോർ സദ്യ പതിവുണ്ടായിരുന്നു. അത് ഇല്ലായ്മയിലെ നല്ലോർ മകൾ.*****കുഞ്ഞിമോൻക്ക ഏവരുടെയും സ്വന്തക്കാരൻ. എല്ലാവരും മുക്രിക്കയുടെ സ്വന്തക്കാർ. എത്രയെത്ര ജനാസകളാണ് ആകൈകളിൽ നിന്ന് മണ്ണോട് ചേർന്നത്. എത്ര മയ്യത്തുകളാണ് ആ കൈകൾ കൊണ്ട് കുളിപ്പിച്ചത്, കഫൻ ചെയ്തത്,ആ തോളിലേറ്റിയത്. അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് അർഹമായ പ്രതിഫലം നൽകട്ടെ. നമ്മുടെ പ്രിയപ്പെട്ട മുക്രിക്കാക്ക് സ്വർഗത്തിൽ ഉന്നത പദവി നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

<u>ഷരീഫ് ബാബു</u>

ഹൃദയത്തിൽ സ്പർശിക്കുന്ന വരികൾ. ഒരു കാലത്ത് വെള്ളിയാഴ്ച്ച രാവും കാത്ത് നടന്നിരുന്ന ഞങ്ങൾക്ക് (ആ ദിവസം രാത്രി പള്ളിയിൽ ദിക്കർ നടക്കാറുണ്ട്)മുക്രിക്ക ദിക്കർ കഴിഞ്ഞു ഞങ്ങൾ കുട്ടികൾക്ക് തന്നിരുന്ന രണ്ടു രൂപ നോട്ടിനു ഇന്നും എന്തൊരു വിലയാണ്. റബ്ബ് അദ്ദേഹത്തിന്ന് ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ. നാളെ നമ്മുക്കെല്ലാവർക്കും കാണാൻ നാഥൻ തുണയേകട്ടെ ആമീൻ

ഫോട്ടോ പങ്കു വെച്ചത് ഷരീഫ് ബാബു ഹൃദയപൂർവം പേജ്. 65-67

പറയുകയാണെങ്കിൽ ഞങ്ങളിപ്പോൾ തന്നെ അവരെ അവരുടെ വീട്ടിലേക്ക് വിളിപ്പിച്ച് നിക്കാഹ് കർമ്മം ചെയ്യുവാൻ ആഗ്രഹിക്കുന്നു. അൽസമയത്തെ നിശബ്ദതക്ക് ശേഷം ഉസ്താദ് പറഞ്ഞു. നിങ്ങൾ ഉടനെ മുക്രിയെ പോയി വിളിക്കുക ഞാനിവിടെയുണ്ട്. അതേ ആ മുക്രിക്കയെ വിളിക്കാൻ ഞാനും കൂടെ പോയി,

പിന്നെ, മണിക്കൂറുകൾ കഴിയുന്നതിന് മുന്നേ എല്ലാം ഹലാലായ രീതിയിലേക്ക് കാര്യങ്ങൾ കൊണ്ടുവരുവാൻ സാങ്കേതിക തടസ്സങ്ങളൊന്നും പ്രശ്നമല്ല. അപ്പോഴും പെണ്ണിന്റെ പിതാവ് മരണപ്പെട്ടതിനാൽ രക്ഷാധികാരിയായി ആരുമില്ലാത്ത അവസ്ഥവന്നപ്പോൾ അവരുടെ സമ്മതം ചോദിച്ചു. മഹല്ല് ഖാസി കൂടിയായ ഇമാമിൽ അർപ്പിതമായ വിവേചനാധികാരം ഉപയോഗപ്പെടുത്തി വലിയ്യിന്റെ (രക്ഷാധികാരി) സ്ഥാനം ഏറ്റെടുത്ത് നിക്കാഹിന്റെ കാർമികത്വം ചെയ്തു കൊടുക്കാനായി അപ്പോഴേക്കും രണ്ട് സാക്ഷികളും തയ്യാറായിരുന്നു. ഇതെല്ലാം സമുദായം ഞങ്ങളുടെ മേൽ അർപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വമാണെന്ന് തിരിച്ചറിവായിരിക്കാം. ആ രാത്രിയിൽ ഗ്രാമം ശാന്തമായുറങ്ങുമ്പോൾ നേരം പുലരാൻ തിരക്ക് കാട്ടാതെ രാത്രിയുടെ യാമങ്ങളെ തനിയെ വിട്ടു ദമ്പതികൾക്ക് അനുഗ്രഹപ്പൂർണ്ണമായ രാവ് രാത്രി സമ്മാനിക്കുവാൻ ഇറങ്ങി പുറപ്പെട്ട മുക്രിക്കയോടും, ഇമാമിനോടും കൂടെ ശുഭ്രവസ്ത്ര മാലാഖമാരും പങ്കെടുത്തിട്ടുണ്ടാവാം അവർക്ക് സ്വാഗതമോതിക്കൊണ്ട്.

ഞങ്ങൾ കുഞ്ഞു കുട്ടികളോട് സ്നേഹവും, വാത്സല്യവും നിറയെ കാട്ടിയിരുന്ന മുക്രിക്ക എപ്പോഴും പള്ളിയിലേക്ക് മൗലീദ്, റാത്തീബ്, ദിക്റ്, മരണ വീട്ടിൽ നിന്നും കൊണ്ടുവരുന്ന ചീരനി (പലഹാരങ്ങൾ) മുതലായവ ചെറിയ കുട്ടികൾക്ക് വിതരണം ചെയ്യുമ്പോൾ അവ, അവർക്ക് കിട്ടുന്നുണ്ടോന്ന് പലപ്പോഴും ഉറപ്പ് വരുത്തുന്നത് ഇപ്പോഴും ഓർമ്മയിലുണ്ട്. സുബഹി നമസ്ക്കാരത്തിന് ബാങ്ക് വിളിക്കായി ആദ്യമെത്തുന്ന മുക്രിക്ക പിന്നെ പള്ളിയുടെ ഓരോ മുക്കിലും, മൂലയിലും തന്റെ കണ്ണുമായെത്തുന്നു. കൂടാതെ മഹല്ല് കമ്മറ്റി, ഇമാം, ദർസിലെ മുത്തഅല്ലിമീങ്ങൾ എന്നീ വകുപ്പുകളുടെ ഒരു ചാലക ശക്തിയായി പ്രവർത്തിക്കുവാൻ അന്നാട്ടുകാരൻ കൂടിയായ മുക്രിക്കാക്ക് കഴിഞ്ഞിരുന്നു.

ഇശാ നമസ്ക്കാരവും കഴിഞ്ഞു പള്ളിക്കോലായിൽ ഉലാത്തുന്ന ദൂരെ നിന്നും എത്തപ്പെടുന്ന ഫഖീർ മിസ്കീന്മാരുടെ അത്താണിയായും അവരോട് സ്നേഹത്തിന്റെ വടവൃക്ഷമായി മാറാറുള്ള മുക്രിക്ക എന്ന യാഥാർത്ഥ്യം അദ്ദേഹം ഇല്ലാതായപ്പോൾ മാത്രം അനുഭവിച്ച വസ്തുതയായി പാടൂർ മഹല്ല് പള്ളിയുടെ അകത്തളങ്ങളിൽ അവശേഷിക്കുന്നുണ്ടിപ്പോഴും. ആ വിടവ് നികത്താൻ ഇനിയൊരു മുക്രിക്ക ജന്മമെടുക്കേണ്ടിവരും. അതെല്ലാം ഓർമ്മയിൽ സൂക്ഷിക്കാവുന്ന നല്ലോർമ്മകൾ തന്നെ.

ഓരോ വെള്ളിയാഴ്ച്ച ദിവസവും മുക്രിക്കായുടെ പ്രത്യേക ദിവസമാണ്. അന്നാണല്ലോ ഫഖീർ മിസ്കീന്മാരുടെ പെരുന്നാൾ. അന്ന് പള്ളിയിൽ തടിച്ചു കൂടുന്ന വിശ്വാസികൾക്ക് വേണ്ടതായ പായ നിരത്തിയിടുക, ഹൗളിൽ വെള്ളം നിറക്കുക തുടങ്ങി ഒരുപാട് കാര്യങ്ങളുണ്ടാവും. ഇതെല്ലാം കഴിഞ്ഞു വരുമ്പോഴേക്കും ബാങ്ക് വിളിക്കാനുള്ള സമയം ആയിരിക്കും. തുടർന്ന് തന്റെ പള്ളിയോട് ചേർന്നുള്ള വിശ്രമ

(66)

അബ്ദുൽ മജീദ് മുഹമ്മദ്

മുക്രി കുഞ്ഞോൻക്ക… അല്ലാഹു സ്വർഗ്ഗത്തിൽ ഏറ്റവും ഉന്നതമായ ദറജ നൽകി അനുഗ്രഹിക്കട്ടെ.. നാളെ ജന്നാത്തുൽ ഫിർദൗസിൽ മുത്ത് ഹബീബായ റസൂലുല്ലാഹിയുടെ ചാരെ ചേർന്ന് നിൽക്കാൻ സൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.. ഒപ്പം മുക്രിക്ക ഉണ്ടായിരുന്ന കാലങ്ങളിൽ ജുമുആക്ക് വേണ്ടി മാഅഷറ വിളിച്ച് ഖുത്വുബക്കും ജുമുഅ നിസ്കാരത്തിനും നമ്മൾ പാടൂരിലെ എല്ലാ വിശ്വാസികളെയും ഒരുമിച്ച് കൂട്ടിയിരുന്നത് പോലെ നാളെ നാഥന്റെ സ്വർഗ്ഗത്തിലും നമ്മളെ വിളിച്ചു കൂട്ടാൻ മുക്രിക്കാക്ക് കഴിയട്ടെ, ആയതിനുള്ള ഭാഗ്യം അല്ലാഹു നമ്മൾക്ക് എല്ലാവർക്കും നൽകി അനുഗ്രഹിക്കട്ടെ… മുക്രിക്കയുടെ ബാങ്കോലികൾ ഇന്നും നമ്മൾ ഓരോത്തരുടെയും ചെവികളിൽ ഉണ്ട്, ഹൃദയത്തിൽ ഉണ്ട്.. എത്രഎത്ര മുഅദ്ദിനുകൾ വന്നാലും ആ പള്ളി മിനാരത്തിനോട് ചേർന്ന് നിൽക്കുന്ന കോളാമ്പി മൈക്കിലൂടെ എത്ര സുന്ദര ശബ്ദത്തിലൂടെ ബാങ്ക് വിളിച്ചാലും നമ്മുടെ മുക്രിക്കാടെ ബാങ്കിന്റെ ആ സുഖം ലഭിക്കുന്നില്ല എന്നത് യാഥാർഥ്യം. മുക്രിക്ക നാടിന്റെ സ്പന്ദനമായിരുന്നു. മുക്രിക്കാടെ സാന്നിദ്ധ്യം പാടൂരിന്റെ ഓരോ വിശേഷ ദിനങ്ങളിലും ഉണ്ടാകും. അദ്ദേഹം നമ്മളുടെ ഓരോ വീട്ടിലെയും അംഗമായിരുന്നു. പള്ളിക്കലെ വലിയ ഉസ്താദിന്റെ സന്തത സഹചാരി…

ആർ വി ഉമ്മർ സാഹിബ്

"താക്കോൽ കൊടുക്കാതരുണോദയത്തിൽ

താനേ മുഴങ്ങും വലിയോരലാറം

പൂങ്കോഴി തൻ പുഷ്കല കണ്ഠനാദം

കേട്ടിങ്ങുണർന്നേറ്റു കൃഷിവലന്മാർ."

ചെറിയ ക്ലാസ്സിൽ പഠിച്ച ഒരു കവിതയുടെ തുടക്കമാണ്. മുക്രിക്കായുടെ ശ്രവണ സുന്ദരമായ ബാങ്കിൻ്റെ ഒലികൾ കൊണ്ട് അദ്ദേഹം ഉണർത്തിയത് നാട്ടിലെ പല തലമുറകളെയാണ്.

പള്ളിയുടെ മുകളിലെ നിലയുടെ വടക്കേ കിളിവാതിലിനടുത്തു നിന്ന് അദ്ദേഹം ബാങ്ക് കൊടുക്കുന്നത് നാട്ടിലെ ഒരറ്റം അറ്റം മുതൽ മറ്റേയറ്റം വരെയുള്ള ഒരുമാതിരി സ്ഥലങ്ങളിലെല്ലാം അലയടിക്കും, ഒരു ഉച്ചഭാഷിണിയുടെയും സഹായം കൂടാതെ. നോമ്പ് തുറക്കാൻ മുക്രിക്കയുടെ ബാങ്ക് വിളി കാത്തിരുന്ന നാളുകൾ!

ഒരുപാട് കാലം പള്ളിയിലെ ഗ്രഹനാഥയുടെ റോളിലായിരുന്നു മുക്രിക്ക. പള്ളി അടിക്കൽ, തുടക്കൽ, ഹൗളിൽ വെള്ളം കോരി നിറയ്ക്കൽ, പായയും പുൽപ്പായയും കഴുകി ഉണക്കൽ, വിരിക്കൽ തുടങ്ങിയ പണികളെല്ലാം മുക്രിക്കയുടെ കൈകളാലാണ്. അതൊക്കെ കഴിഞ്ഞ് ക്ഷണം കൊണ്ട് വേഷം

മാറി "മഅ്ശിറ" വിളിക്കാൻ മിമ്പറിന് മുൻപിൽ റെഡിയായിട്ടുണ്ടാവും അദ്ദേഹം.

പള്ളിയിലെ ഹൗളിൽ വെള്ളം കോരി നിറയ്ക്കൽ.... അതൊരു ഒന്ന് ഒന്നര പണിയാണ്. പള്ളിക്കിണറിന്റെ വടക്കുവശത്ത് നിൽക്കുന്ന മരത്തിൻറെ ഉയർന്ന കവരത്തിൽ കെട്ടിയിട്ടിരിക്കുന്ന ഏത്തക്കുട്ട. നല്ല ശക്തിയിൽ താഴേക്ക് വലിച്ചില്ലെങ്കിൽ ആളും കുട്ടയും കൂടെ മരത്തിൻറെ തുഞ്ചത്തിരിക്കും. തേകുന്ന കുട്ട മുകളിലേക്ക് പൊക്കുന്ന സമയത്തും അതേപോലെ തന്നെ വേണം സൂക്ഷ്മത. വലിയ വട്ടക്കിണറിന്റെ ഉയരമുള്ള, എളുപ്പം കാൽ വഴുതാവുന്ന ആൾമറയിൽ നിൽക്കാൻ തന്നെ വേണം ഒരു മെയ് വഴക്കം. അവിടെ നിന്നു കൊണ്ടു പാടൂർ പള്ളിയിലെ അതിവിശാലമായ ഹൗളുകൾ കൈകൊണ്ട് തേവി നിറയ്ക്കുക എന്നത് ഒരു നിസ്സാര അധ്വാനമല്ല.

ചില ദിവസങ്ങളിൽ ഏത്തക്കുട്ടയുടെ കപ്പിയിൽ നിന്നാണോ മുക്രിക്കയുടെ നെഞ്ചിൽ നിന്നാണോ കൂടുതൽ ഉച്ചത്തിലുള്ള ഞരക്കം വരുന്നതെന്ന് കാതോർത്തു പോയിട്ടുണ്ട്.

മുണ്ട് മടക്കി കുത്തി അരയിൽ പച്ച ബെൽറ്റും കൈയുള്ള ബനിയനും ഇട്ട് ഹൗളു നിറക്കുന്ന മുക്രിക്ക, ഇടക്ക് ആ വലിയ വട്ടക്കിണറിന്റെ ആൾ മറക്കു ചുറ്റും ഒരു അഭ്യാസിയെ പോലെ ചുവട് വെച്ച് നീങ്ങുന്നത് ശ്വാസം അടക്കിപ്പിടിച്ചാണ് നോക്കി നിൽക്കാറ്.

മുക്കർമ്മങ്ങൾ ചെയ്യുന്നയാൾ മുക്രി എന്നൊരു വ്യാഖ്യാനമുണ്ട്. നമ്മുടെ മുക്രിക്ക ചെയ്തു പോന്നിരുന്നതു മൂന്നല്ല മുപ്പത് കർമ്മങ്ങൾ ആയിരുന്നു എന്ന് തോന്നിയിട്ടുണ്ട്.

മയ്യത്ത് കുളിപ്പിക്കാനും, കഫൻ ചെയ്യാനും, പള്ളിയിലേക്ക് ചുമന്നു കൊണ്ടു വരുവാനും മുന്നിൽ മുക്രിക്കയുണ്ടാകും. ഖബറിൽ ഇറക്കുന്ന മയ്യിത്ത് ഒരു രക്ഷിതാവിനെപ്പോലെ ഏറ്റുവാങ്ങി സൂക്ഷിച്ചു മണ്ണിൽ വെക്കുന്ന മുക്രിക്ക. ഖത്തപ്പുരയിലെ യാമം മുറിയാത്ത ഓത്തിലും ഉയർന്ന് കേൾക്കാം മുക്രിക്കാടെ ശബ്ദം.

മുക്രിക്കാടെ കൈപ്പടയിൽ എഴുതിയ കല്യാണ രജിസ്റ്റർ അദ്ദേഹത്തിന്റെ സ്മാരകമായി പള്ളിയിൽ ഉപയോഗത്തിലുണ്ട്. കോഴിയെ അറക്കാൻ മുക്രിക്ക, യാസീൻ ഓതാൻ മുക്രിക്ക, ആണ്ട് ഖത്തത്തിന്, ചെറിയ നിലയിൽ നടത്തുന്ന മൗലൂദു, നേർച്ച, പള്ളിയിലെ നേർച്ചക്കു ചീരണിയും, ഇടയ്ക്ക് കൈമടക്കും കൊടുക്കാൻ...... ഇതിനൊക്കെ വേണം മുക്രിക്ക.

ഇതൊക്കെ കഴിഞ്ഞ് പാടത്തെ കളിമണ്ണ് കുഴച്ച് ഇഷ്ടിയുണ്ടാക്കാനും ആ ഇഷ്ടിക വെച്ച് പുര നിർമിക്കാനും വീട് വെള്ളപൂശാനുമൊക്കെ അദ്ദേഹം സമയം കണ്ടെത്തി. പള്ളിയിലെ തുച്ഛമായ വരുമാനം കൊണ്ട് കുടുംബ ചിലവിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ അദ്ദേഹം പാടുപെട്ടിട്ടുണ്ടാകും.

അദ്ദേഹത്തിൻറെ ഭാര്യ വാർദ്ധക്യ സഹജമായ രോഗങ്ങളുമായി ഇന്ന് ജീവിച്ചിരിപ്പുണ്ട്. സമുദായത്തിന്റെ ഖിദ്മത്തിൽ ജീവിതം കഴിച്ച അദ്ദേഹത്തിന്റെ സ്മരണകൾ, നമ്മുടെ കടമകൾ നിർവ്വഹിക്കാൻ നമ്മളെ

പ്രാപ്തമായരാക്കട്ടെ എന്ന് ദുആ ചെയ്യുന്നു. മുക്രിക്കയുടെ ആഖിറം അല്ലാഹു വെളിച്ചമാക്കി കൊടുക്കട്ടെ. ആമീൻ

മൊയ്തു. പി.കരിപ്പായിൽ

*ആത്മീയതയുടെ

നറുനിലാവ്....... 🌷 🙏

....

നമ്മുടെ ഗ്രാമത്തിൽ പരലോക ചിന്തയിൽ അതിഷ്ഠിതമായ ജീവിതം നയിച്ച.....പ്രകൃതിയിൽ വെളിച്ചം നൽകാൻ സൂര്യൻ തയ്യാറെടുക്കുന്നതിന് മുൻപേ മയിലാഞ്ചി ചെടികളും പറങ്കിമാവിന്കൂട്ടങ്ങളും ഇടതൂർന്ന പള്ളികാട്ടിലൂടെ നിർഭയത്വത്തോടെ ദൈവത്തിന്റെ ഭവനത്തിലെത്തി സർവ്വശക്തൻ ഒന്നു മാത്രം നിങ്ങൾ വിജയത്തിലേയ്ക്ക് വരിക ഉണരുക. എല്ലാത്തിനേക്കാളും ശ്രേഷ്ട്രമാണ് പ്രാർത്ഥന ❤️

ഈവിളബരത്തിലുടെ ഗ്രാമീണരെ ഉണർത്തിയിരുന്നു. പാടൂരിന്റെ മുക്റിക്ക (കുഞ്ഞോൻക്ക) അദ്ദേഹം ജീവിച്ച കാലത്ത് നമുക്ക് കൂടെ ജീവിയ്ക്കാൻ കഴിഞ്ഞുവെന്നത് നമ്മുക്ക് ദൈവം നൽകിയ അനുഗ്രഹമായി തന്നെ കരുതാം. 🌷

ഇത്രത്തോളം ഹൃദയത്തിലേക്ക് ആഴ് നിറങ്ങിയ ബാങ്കൊലി നിത്യജീവിതത്തിൽ പിന്നിടൊരിക്കലും ഗ്രാമവാസികൾ കേട്ടിരിക്കില്ല. ❤️ വിശ്വാസിയേയും അവിശ്വാസിയേയും ഒരുപോലെ ആകർഷിച്ച ബാങ്കൊലി ശബ്ദത്തിനുടമായായിരുന്നു നമ്മുടെ മുക്റിക്ക. ❤️ സൗമ്യഭാവവും മിത ഭാഷിയുമായ അദ്ദേഹത്തിന്റെ കണ്ഠനാളത്തിൽ നിന്നാണോ ഈ ശബ്ദമെന്ന് പലപ്പോഴും അദ്ഭുതപ്പെടാറുണ്ട്. 👍 ,അല്ല ദൈവത്തിന്റെ ശബ്ദം തന്നെയാണ് ഇതെന്ന്,നാം ഉറപ്പിക്കുന്നു. 🙏 അതുകൊണ്ട് കൂടെയാവണം ഈ സ്വാത്തികനായ ദൈവസന്ദേശവാഹകൻ എല്ലാവർക്കും സ്വീകാര്യനായത്.. 🙏 തെരഞ്ഞെടുപ്പ് ഘട്ടമെത്തിയാൽ പാടൂരിലെ പ്രധാന രാഷ്ട്രീയ പ്രവർത്തകർ അദ്ദേഹത്തെ സന്ദർശിക്കും.അത് വോട്ട് ചോദിക്കാനല്ല.മറിച്ച് വോട്ടർ പട്ടികയിലെ ജീവിച്ചിരിക്കുന്നവരേയും മരിച്ചു പോയവരുടേയും പേരുകൾ വേർതിരിച്ചെടുക്കാനാണ്. കൃത്യമായിരിക്കും അദ്ദേഹം നൽക്കുന്ന വിവരം 👍 പക്ഷപാതിത്വമില്ലാതെ അദ്ദേഹം നൽകുന്ന പേരുകൾ ഞങ്ങൾ എഴുതി എടുത്തു. മരിച്ചവരുടെ പേരിൽ വോട്ട് ചെയ്യാൻവരുന്നവരെ തിരഞ്ഞെടുപ്പ് സമയത്ത് പിടികൂടുക.. പതിവായിരുന്നു. 🙏 ദൈവത്തിന്റെ നാമ പ്രകീർത്തനം നടത്തുന്നതിന്റെ പ്രത്യേകത കൊണ്ടായിരിക്കാം ആർക്കും വിമർശനത്തിന് വിധേയനാവാതെ ജീവിച്ചു വിട വാങ്ങാൻ ആ മഹത് വ്യക്തിക്ക് സാധിച്ചത് 🙏

പാടൂരിലെ അക്കാലത്തെ ഓരോ മനുഷ്യരുടെയും ചെവിയിലേക്കല്ല മറിച്ച്ഹൃദയത്തിലേക്കായിരുന്നു ആ ശബ്ദവീചികൾ എത്തി ചേർന്നിരുന്നത്. 🙏 ശബ്ദ സൗകുമാര്യതയോടെ പ്രപഞ്ച നാഥന്റെ മുന്നിൽ ശിരസ് നമിയ്ക്കാൻ ഒരു ഗ്രാമത്തിലെ വിശ്വാസി സമൂഹത്തെ ക്ഷണിക്കുന്ന അങ്ങയുടെ

ശബ്ദവീഞ്ചികളിലടങ്ങിയ ദൈവ സ്വരം കേട്ടുണരാൻ കഴിഞ്ഞ ഞങ്ങൾ എത്രമാത്രം പുണ്യം ചെയ്തവർ🙏, അദ്ദേഹത്തിന്റെ രണ്ട് മക്കൾ പ്രിയപ്പെട്ട ജമാൽക്ക, മുസ്തഫക്ക, ഒരു പക്ഷെ വായനയുടെ പ്രാധാന്യം എത്രമാത്രം അനിവാര്യമാണെന്ന് ഞങ്ങളെ പഠിപ്പിച്ച ജമാൽക്ക.🙏 കൈ വെള്ളയിൽ വയലിനെന്ന സംഗീത ഉപകരണം കൊണ്ട്,,,മനുഷ്യ ബന്ധങ്ങളെ കൂട്ടിയിണക്കുന്നസംഗീതത്തെ പെരുമഴയായി പെയ്യിക്കുന്ന മുസ്തഫക്ക,,,🙏. പുരോഗമന പ്രസ്ഥാനത്തോട് ചേർന്ന് സഞ്ചരിച്ചിരുന്നപ്രിയപ്പെട്ടജ്യേഷ്ഠ സഹോദരന്മാർ.👍 ഒരിക്കൽപ്രവാസ ലോകത്ത് എത്തി.ഞാൻ നിന്നിരുന്ന ഇടത്തിൽ ചരിത്രകാരൻ ഹാജി. ചേറ്റുവ അബ്ദുൽ ഖാദർ മാഷുടെ മകൻ ഖലീലിനൊപ്പം എന്നെ കാണാൻ വന്ന പ്രിയപ്പെട്ട മുസ്തഫക്കാനേയും നമ്മേ വിട്ടു പോയ ഖലീലിനെയും👐 സാന്ദർഭികമായി ഞാൻ ഇപ്പോൾ ഓർക്കുന്നു🌹 അരണ്ട വെളിച്ചത്തെ പിൻപറ്റി ഇടതുർന്ന് നില്ക്കുന്ന വൃക്ഷലതാദികൾക്കിടയിലുടെചാറ്റൽ മഴയുടെ തണുത്ത കാറ്റിലൂടെ സംഗീതാന്മകമായ ബാങ്കൊലി ഗ്രാമവാസികളുടെ കർണ്ണങ്ങളെ ഗൃഹാതുര സ്മരണങ്ങളോടെ ഇന്നും ഉണർത്തി കൊണ്ടിരിക്കുന്നു,,,.🙏

പ്രപഞ്ച നാഥന്റെ അതിഥിയായി സ്വർഗ്ഗപ്രവേശം വിചാരണ കൂടാതെയായിരിക്കും അങ്ങേയ്ക്ക് ലഭിച്ചിരിക്കുക..❤️.കാരണം ശ്വാസനിശ്വാസത്തിൽ ദിഖ്റിന്റെ ശബ്ദം മാത്രം പുറപ്പെടുവിച്ചിരുന്ന അങ്ങേക്കല്ലാതെ ആർക്കാണ് സ്വർഗ്ഗം?.🙏

പ്രവാസ ലോകത്തിരുന്ന് ഞങ്ങൾ ഓർത്തെടുക്കുന്നു🌹.നാളെ നാം ഓരോരുത്തരും എത്തി ചേരേണ്ട മൈലാഞ്ചി ചെടിയാൽ ഇടതൂർന്ന് നില്ക്കുന്ന പള്ളികാട്ടിലൂടെ നിർഭയനായി ഒറ്റയ്ക്ക് നടന്ന്.ആ ശബ്ദം കാതിൽ മുഴങ്ങുന്നു👐.....

,,, അള്ളാഹു അക്ബർ,

അസ്സലാത്തുഖൈററും......മിനൻനൂം.👐.....

(അള്ളാഹുവാണ് വലിയവൻ. ഉറക്കത്തേകാൾ ശ്രേഷ്ഠമാണ് പ്രാർത്ഥന)

ഓർമ്മകൾക്ക് മുന്നിൽപ്രാർത്ഥനാപൂർവ്വം ആദരവ് അർപ്പിക്കുന്നു.👐🙏

,,,,,,,,,,,,,,,,,,,,,,,,,,,, മൊയ്തു. പി.കരിപ്പായിൽ

❤️,,,,,,,🌹,,,,,,,🙏

<u>കുഞ്ഞി സീതി തങ്ങൾ ശബ്ദ സന്ദേശം</u>

https://youtu.be/5dALtobFQ5M?si=19KG5CwsLNLS6icH

സഊദ് തങ്ങൾ

ആളുകളുടെ തല എണ്ണുന്ന സംപ്രദായം എഴുപതുകളുടെ ആദ്യപാദം വരെ ഉണ്ടായിരുന്നു. മതിലകം ഭാഗത്തെ 3 പള്ളികളിലെ അനുഭവം എനിക്കുണ്ട്. പൊൻ വാണിഭം പള്ളിയിൽ ഞങ്ങൾ, സ്കൂൾ കുട്ടികൾ അഞ്ചു പത്തു പേർ വരുന്നത് വരെ മുക്രി കാത്ത് നിൽക്കും.

മുസ്ലിംകൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളായിരുന്നിട്ടും ഇതായിരുന്നു സ്ഥിതി!

ലത്തീഫ് വാക്കയിൽ

നമ്മുടെ പള്ളിയിലെ മുക്രിക്കയായി (മുഅദ്ദിൻ) ദീർഘകാലം സേവനം ചെയ്ത മർഹൂം കുഞ്ഞിമോൻ സാഹിബ് എന്ന മഹനീയ വ്യക്തിയുടെ ഓർമ്മകൾ ഇന്നും നമ്മുടെ മനസ്സിൽ സജീവമാണ്. ഓർമ്മവെച്ച കാലം മുതൽ കേട്ട് വളർന്നതാണ് അദ്ദേഹത്തിന്റെ ബാങ്ക് വിളി. പാടൂരിൽ ജനിച്ചു വളർന്ന ആർക്കും അദ്ദേഹത്തിന്റെ ബാങ്ക് വിളി മനസ്സിലാക്കാൻ ഒരു പ്രയാസവും ഇല്ലായിരുന്നു. പ്രത്യേകിച്ച് ഫജ്റിന്റെ ബാങ്ക് വിളിക്ക് ഉണ്ടായിരുന്ന ആ സ്വരമാധുര്യവും ആത്മീയ ആഴവും ഇന്നും മനസ്സിനെ സ്പർശിക്കുന്നു.

ഒരിക്കൽ-മദ്രസ്സയിൽ 3 ആം ക്ലാസ്സിൽ ആണെന്നാണ് ഓർമ- കൊക്കാലയിൽ വെച്ചു ഒരു ബാങ്ക് വിളി മത്സരം ഉണ്ടായിരുന്നു. മർഹൂം ഹമീദ് മുസ്ലിയാരും മർഹൂം അഹമ്മദ് മുസ്ലിയാരും മത്സരത്തിൽ പങ്കെടുക്കാൻ എന്നെയും കൊണ്ടുപോയി. അദ്ദേഹത്തിന്റെ ബാങ്ക് വിളിയുടെ ശൈലി ആദ്യത്തെ "അള്ളാഹു അക്ബർ, അള്ളാഹു അക്ബർ" വളരെ short ആണ്, പിന്നീടാണ് നീട്ടലും മണിക്കലും. ഞാൻ അതൊന്നു അനുകരിക്കാൻ ശ്രമിച്ചു. മത്സരത്തിൽ നിന്നും പെട്ടെന്ന് പുറത്തായി. ഒരു ഓർമ പങ്കു വെച്ചെന്നു മാത്രം.

ആദ്യകാലങ്ങളിൽ പെരുന്നാൾ മാസം കണ്ട വാർത്ത കാരണവന്മാർ അയൽ നാടുകളിൽ പോയി അറിഞ്ഞു വരും. വരുമ്പോൾ രാവേറെ ആവും. കണ്ടെന്ന് ഉറപ്പ് കിട്ടിയാൽ അതറിയിക്കുന്ന പ്രത്യേക ബാങ്ക് വിളി ഉണ്ടായിരുന്നു. ആ വിളി കേൾക്കാൻ ഞങ്ങൾ കുട്ടികൾ വലിയ ആകാംക്ഷയോടെയായിരുന്നു കാത്തിരുന്നത്. അത് ഒരുതരം സന്തോഷത്തിന്റെ, ഉത്സവത്തിന്റെ പ്രഖ്യാപനമായിരുന്നു.

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗം പള്ളിയുടെ പരിപാലനത്തിനും സേവനങ്ങൾക്കുമാണ് സമർപ്പിക്കപ്പെട്ടത്. പള്ളിയുമായി അത്രയും ആഴത്തിലുള്ള ബന്ധമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സാന്നിധ്യമില്ലാതെ പള്ളിയിൽ ഒരു പരിപാടിയും, നാട്ടിലെ പല വീടുകളിലും ഒരു ചടങ്ങും നടക്കാറില്ലായിരുന്നു എന്നത് തന്നെ അദ്ദേഹത്തിന് സമൂഹത്തിൽ ഉണ്ടായിരുന്ന സ്ഥാനത്തിന്റെ തെളിവാണ്.

ഇന്ന് അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ, അദ്ദേഹത്തിന്റെ ബാങ്ക് വിളിയും, സേവനവും, സമർപ്പണവും മാത്രമല്ല — പള്ളിയോടും സമൂഹത്തോടും ഉള്ള ഉത്തരവാദിത്വം എത്ര സൂക്ഷ്മമായും കരുണയോടെയും കൈകാര്യം ചെയ്യണം എന്ന ബോധ്യവും നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്.

അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങൾ സ്വീകരിക്കട്ടെ. അദ്ദേഹത്തിന് മഗ്ഫിറത്തും ഉയർന്ന സ്ഥാനവും നൽകട്ടെ. ആമീൻ

വീഡിയോ പങ്കുവെച്ചത് ലത്തീഫ് വാക്കയിൽ

https://youtu.be/WR7Tstfcq2I?si=mhS9ySGnqzTnsxQJ

മർഹൂം കുഞ്ഞിമോൻ സാഹിബിന്റെ ബാങ്കു വിളിയുടെ റെക്കോർഡ് ലഭ്യമല്ല എന്നറിഞ്ഞു. എല്ലാവർക്കും ഒരു നഷ്ടബോധം ഉണ്ടായിരിക്കും. അതുകൊണ്ടാണ് ചില ചരിത്രങ്ങൾ ആ സമയത്തെ തലമുറ രേഖപെടുത്തിയില്ലെങ്കിൽ വരും തലമുറക്ക് അത് ആസ്വദിക്കാനോ അറിയാനോ കഴിയില്ല. നമ്മൾ ഏറ്റെടുത്ത ഈ ദൗത്യം ഇതിനൊരു അറുതി വരുത്താനാണ്. അദ്ദേഹത്തിന്റെ മകൻ മുസ്തഫ ഭായിയുടെ ഒരു വയലിൻ പ്രോഗ്രാം പോസ്റ്റ് ചെയ്യുന്നു. ഇപ്പോൾ പോസ്റ്റ് ചെയ്താൽ അതു പാടൂർ ചരിത്രത്തിൽ ഇടം പിടിക്കും എന്ന ഒരു വിശ്വാസം ഉണ്ട്.

അബ്ദുൽ മജീദ് മുഹമ്മദ്

ലത്തീഫ്ക്ക, നമ്മുടെ ഏറെ പ്രിയങ്കരനായ വയലിനിസ്റ്റ് മുസ്തഫക്ക ഹലോ പാടൂർ എന്ന പ്രോഗ്രാമിലേക്ക് (യു എ ഇ) വരികയും വയലിൻ കൊണ്ട് ചരിത്രം സൃഷ്ടിക്കുകയും ചെയ്തയാളാണ്. ഒരു വലിയ ജനക്കൂട്ടത്തെ (പാടൂർ ക്കാരുടെ പ്രോഗ്രാം ഗൾഫിൽ നടക്കുമ്പോൾ ഇവിടം മറ്റൊരു പാടൂർ രൂപം കൊള്ളുകയാണ് പതിവ്) മൊത്തം മായാമഞ്ചലിൽ ഇരുത്തി സ്വപ്ന ലോകത്തേക്ക് ആനയിച്ച വ്യക്തിത്വം ആണ് മുസ്തഫക്ക… മാ ഷാ അല്ലാഹ്.. സൃഷ്ടാവിന്റെ അനുഗ്രഹം കൊണ്ട് തന്റെ കഴിവുകൾ സദസ്സിന് മുന്നിൽ നിരത്തി വെച്ചതോടെ മുസ്തഫക്ക മാജിക്കുകാരനായി മാറുകയായിരുന്നു.. വയലിൻ കൊണ്ടുള്ള മാജിക്ക്...

വീഡിയോ പങ്കുവെച്ചത് നവാസ് അബ്ദുൽ ഖാദർ

പെരുന്നാൾ തക്ബീർ വയലിനിൽ കേട്ടിട്ടുണ്ടോ? മനോഹരം |Amazing Violin Player Musthafa Padoor

https://youtu.be/zO9Sd95p7nI?si=KWEHI6dAOZ5wMngL

പെരുന്നാളിന്റെ തക്ബീർ നമ്മുടെ നാട്ടിൽ മാത്രം ഒരു പ്രത്യേക രാഗത്തിൽ ആണ്. ബാങ്ക് വിളിയുടെ രാഗങ്ങളിൽ ഒക്കെ അറബ് ശൈലി സാധാരണം ആയെങ്കിലും നമ്മുടെ ആ nostalgic ആയ പെരുന്നാൾ തക്ബീർ ഇന്നും അതേ പോലെ നില നിന്നു പോരുന്നു. പെരുന്നാളിന്റെ യഥാർത്ഥ സന്തോഷം മനസ്സിൽ വരണം എങ്കിൽ ഈ രാഗത്തിൽ ഉള്ള തക്ബീർ തന്നെ കേൾക്കണം. വയലിനിൽ ഈ രാഗം വായിക്കുന്നത് ആദ്യമായിട്ടായിരിക്കാം...

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/LujHW6qR4YQ?si=T-ISSAuNigdm1N9e

പി എൻ അബ്ദുൽ ഖാദർ സാഹിബ്

അസ്സലാമു അലൈക്കും പാടൂർ മഹൽ കൂട്ടായ്മയിലെ പ്രിയ സഹോദരന്മാരെ മുക്രി കുഞ്ഞോൻ ക്കാനെ പറ്റി ഓർക്കുമ്പോൾ കുടുംബവുമായി ബന്ധപ്പെട്ടു 3 ബന്ധങ്ങളാണ് എനിക്ക് പറയാനുള്ളത് ആദ്യവിവാഹം എന്റെ കുഞ്ഞിമ്മാനെ ആയിരുന്നു അതിലുള്ള മകനാണ് ഉമ്പായുക്ക എന്ന് പറയുന്ന ഇബ്രാഹീം ഉമ്മാടെ അമ്മാവന്റെ മകൻ ബാപ്പാടെ അനുജൻ ഡയറക്റ്റ് അല്ലങ്കിലും ചെറുപ്പകാലത്ത് അദ്ദേഹത്തിൽ നിന്ന് വേണ്ടുവോളം സ്നേഹവും ലാളനയും വേണ്ടിയ സമയത്ത് ശിക്ഷയും കിട്ടിയിട്ടുണ്ട് ബാപ്പ ഇല്ലാത്തതുകൊണ്ട് തന്നെ ചെറുപ്പത്തിൽ കിട്ടുന്നആലാളനയും വാൽസല്യവും സ്നേഹവും ഒന്നും ഒരിക്കലും മറക്കാൻ പറ്റില്ല അന്നത്തെ മുക്രി ജോലീന്ന് പറഞ്ഞാൽ ഇന്നത്തെ പോലെയല്ലല്ലോ രണ്ടു നേരവും ഹൗളിൽ വെള്ളം നിറക്കണം പള്ളിയുടെ മറ്റു കാര്യങ്ങളും അതുപോലെ തന്നെ പാടൂർ മൂപ്പരെ അറിയാത്തവർ ആയിട്ട് ആരും ഇല്ലായിരുന്നു ഒരു മുക്രി മാത്രമല്ലായിരുന്നു എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന നല്ലൊരു വ്യക്തിത്വത്തിന്നുടമ ബാങ്ക് അത് മനസ്സിൽ തങ്ങിനിൽക്കുന്ന ഒരു പ്രത്യേക ശൈലിയിലായിരുന്നു ബാങ്ക് വിളി അന്നൊക്കെ പുറത്ത് വെച്ച് കണ്ടാൽ അരയിലെ ബെൽറ്റിൽ നിന്നൊരു നാലണ 25 പൈസ അന്ന് നാലണ എന്നാണ് പറയുക അത് തരും അത് കൊണ്ട് ചെറിയ തോതിൽ അന്ന് ഒരു ചായ കുടി ഒക്കെ നടത്താം എഴുതുകയാണെങ്കിൽ ഒരു പാടുണ്ട് എഴുത്ത് വശമില്ലാത്തതു കൊണ്ട് നിർത്തുന്നു അള്ളാഹു അദ്ദേഹത്തിന്റ ഖബർ ജീവിതം സ്വർഗതുല്യമാക്കട്ടെ അള്ളാഹു അവന്റെ സ്വർഗാരാമത്തിൽ നമ്മളെയും ഒരുമിച്ച് കൂട്ടുമാറാകട്ടെ ആമീൻ

തൈസീർ പി മുഹമ്മദ് ശബ്ദ സന്ദേശം

https://youtube.com/shorts/WdlRN1XLkB8?si=CTr7V1NPVluWI-W3

ആർ പി സിദ്ധിഖ് സാഹിബ്

നാളെ മഅശറിൽ തലയെടുപ്പുള്ള ഒരു കൂട്ടർ ഉണ്ടാകും.അവരാണ് ജനങ്ങളെ നമസ്ക്കാരത്തിലേക്കും വിജയത്തിലേക്കും ക്ഷണിച്ചു കൊണ്ടിരിക്കുന്ന മുഅദ്ദിൻ മാർ. പ്രവാചകന്റെ ഒരു ഹദീസാണ്.

വിനയത്തിന്റെയും ലാളിതത്തിന്റെയും എല്ലാത്തിലു മുപരി സഹന ത്തിന്റെയും ആൾരൂപമായിരുന്നു നമ്മുടെ മുഅദ്ദിൻ കുഞ്ഞു മോനിക്ക.കുട്ടിക്കാലം മുതലെ അറിഞ്ഞും അനുഭവിച്ചും കൊണ്ടിരുന്ന വ്യക്തി. പ്രായഭേദമെന്യേ എല്ലാ വരോടും തുറന്ന മനസ്സോടെ ഇടപഴകിയി രുന്ന സാധാരണ മനുഷ്യൻ. കുട്ടികളായിരുന്ന ഞങ്ങളോട് വളരെ വാത്സല്യത്തോടെയായിരുന്നു പെരുമാറിയിരുന്നത്. എടാ, പോടാ വാക്കുകൾ

ഉപയോഗിച്ചതായി കേട്ടിട്ടില്ല. എന്താണ്ടുമ്മാ അങ്ങിനെ, ഇങ്ങനെ എന്നുള്ള സംബോധനകളാണ് നടത്തിയിരുന്നത്. പള്ളിയിൽ ഉച്ചഭാഷിണി ഉപയോഗത്തിൽ വരുന്നതിന് മുമ്പെ പാടൂരിന്റെ മുക്കുമൂലകളിൽ ആ ശ്രവണ സുന്ദരമായ ശബ്ദം അലയടിക്കുമായിരുന്നു.

മസ്ജിദിലെ എല്ലാ പണിയും കൃത്യതയോടെയും ഉത്തരവാദിത്തത്തോടെയും ചെയ്തു തീർക്കുന്നതോടൊപ്പം പുറത്തും ജോലിക്ക് പോകുമായിരുന്നു.

മഹല്ലിൽ ഒരു മരണം കഴിഞ്ഞാൽ പിന്നെ ആ മയ്യത്ത് ഖബറിൽ കിടത്തി മണ്ണിട്ട് മൂടിക്കഴിയുന്നത് വരെ യുള്ള എല്ലാ പണികളും കുഞ്ഞുമോനിക്ക സ്വന്തം ചെയ്യുകയാണ് പതിവ്.കുട്ടിക്കാലത്ത് ഇതെല്ലാം ചെയ്യുന്നത് കാണുമ്പോൾ ചെറിയ മനസ്സ് ചിന്തിച്ചു പോകാറുണ്ടായിരുന്നു. അല്ലാഹ് ഈ കുഞ്ഞിമോനിക്കയും വിട പറയുമല്ലോ. അന്ന് ആരാണ് ഇത്തരം ക്രിയകൾ എല്ലാം ചെയ്യുക . അദ്ദേഹത്തിന്റെ വിയോഗ സമയത്ത് നാട്ടിൽ ഇല്ലാതെ പോയി.

പടച്ച റബ്ബ് നാളെ പരലോകത്ത് തലയെടുപ്പുള്ള ആളുകളുടെ കൂട്ടത്തിൽ അദ്ദേഹത്തെ നമുക്കും കാണാൻ ഇടവരട്ടെ.

മക്കളായ ഉമ്പായുക്ക, മുഹമ്മദ് മോൻ, ജമാലു, മുസ്തഫ എല്ലാവരും കൂട്ടുകാരാണ്. അവരുടെ ഉമ്മാനെ കുറച്ചു മുമ്പുവരെ പലപ്പോഴും സന്ദർശിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്.

നമ്മുടെ എല്ലാവരുടെയും ആഖിബത്ത് പടച്ച റബ്ബ് സന്തോഷത്തിൽ ആക്കിത്തീർക്കു മാറാകട്ടെ.

കെ അബ്ദുൽ വാഹിദ് സാഹിബ്

മുക്രി കുഞ്ഞിമോൻ ക്ക:-

മുക്രി കുഞ്ഞിമോൻ ക്കയെ കുറിച്ച് R.V. ഉമ്മർ സാഹിബിന്റെ നേർസാക്ഷ്യ വിവരണം കണ്ണീരോടെയാണ് വായിച്ചതു. അല്ലാഹുവിന്റെ പ്രീതിയെ മാത്രം കാംക്ഷിച്ച് അവന്റെ ഭവനത്തിന്റെ പരിപാലനം ഒരു സൗഭാഗ്യമായി കണ്ട് കൈ മെയ് മറന്ന് സേവനമർപിച്ച ദൈവദാസന്റെ ആത്മാർത്ഥതയും പ്രതിബദ്ധതയുമാണ് ഉമ്മർ സാഹിബ് നമ്മെ ബോദ്ധ്യപ്പെടുത്തിയത്.

കുഞ്ഞിമോൻക്കയുടെയവ്വനാംഭത്തിൽ മുൻകാലത്തെ മേസ്തിരി കരീ മാക്കയുടെ (അടുത്തിടെ മരണപ്പെട്ട മേസ്തിരി കാദർക്കയുടെ പിതാവ്) ശിഷ്യനായിരുന്നു. അതിനാൽ നാട്ടിൽ ചെറുതരത്തിലുള്ള വീടു പണികളുമായി കൂടുകയായിരുന്നു.

പാടുർമഹല്ലിലെ 70 കൊല്ലങ്ങളോളം മുമ്പ് മുക്രി കുഞ്ഞു മൊയ്തുക്കയായിരുന്നു. അദ്ദേഹം വാർദ്ധ്യവും ശാരിരി പ്രയാസങ്ങളുമായി മരണമടഞ്ഞപ്പോൾ മകൻ മുഹമ്മദുക്ക കുറഞ്ഞ നാൾ മുക്രിപദം കൊണ്ടു നടന്നെങ്കിലും അദ്ദേഹവും രോഗിയായി മരണപ്പെട്ടു.

പിൻഗാമിയായി മുക്രി കുഞ്ഞി മുഹമ്മദ് മുസല്യാരെ (അദ്ദേഹം മദറസയുടെ സ്ഥാപക ഉസ്താദുമാരിൽ ഒരാളായിരുന്നു.) നിയമിക്കാൻ അന്നത്തെ

പള്ളിക്കാരണമാർക്ക് കൂടുതലാലോചിക്കേണ്ടി വന്നിരിക്കില്ല കാരണം മുൻ മുക്രി കുഞ്ഞുമാ◌ൈയ്ക്കുക്കയുടെ തറവാട് താവഴിയിലുള്ള ആളായിരുന്നു മുക്രികുഞ്ഞി മുഹമ്മദുമുസലിയാരുടെ പിതാവ് ഇബ്രാഹീംക്ക .

മുക്രികുഞ്ഞുമുഹമ്മദുക്ക യവ്വനത്തിൽ തന്നെ രോഗബാധിതനായി മരണമടഞ്ഞപ്പോൾ ആ പദവി മുക്രി കുഞ്ഞുമോൻ ക്കയിലർപിതമായി വർഷങ്ങളോളം പാടൂർക്കാരുടെ മനം കവർന്ന് കൊണ്ടു നടത്തി. അദ്ദേഹത്തിന്റെ കാലയളവിൽ മരണപ്പെട്ടവരുടെ കബറിടങ്ങൾ ബന്ധുക്കളേക്കാൾ ഓർമശക്തി യോടെ അദ്ദേഹത്തിന്നറിയാമായിരുന്നു.

മൈക്കുപയോഗം ഇല്ലാതിരുന്ന കാലത്ത് സഹോദരമു ക്രിമാരുടെ ബാങ്ക് രാവും പകലും പാടൂരിന്റെ അതിർത്തികളിൽ ശ്രുതിമധുരമായി വ്യക്തമായി കേൾക്കാമായിരുന്നു.

ഒരു പക്ഷെ ഇന്നത്തെ അപേക്ഷിച്ച് വിടുകളുടെ എണ്ണക്കുറവും പാടൂരിന്റെ പേരുകേട്ട പാടങ്ങളിൽ കൈകടത്തലുകൾ നടന്നിട്ടില്ലാത്തുതും ഒരു ഘടകമായിരിക്കാം. മനുഷ്യരും വൃക്ഷലദാദികളും എല്ലാംമുഅദ്ധിൻ മാർക്കായി പ്രാർത്ഥിക്കു മല്ലോ?

അല്ലാഹുവിന്റെ ഭവനത്തിന് വേണ്ടി സേവനമർപിച്ച മുൻകാല മുക്രിമാർക്കല്ലാഹു ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കട്ടെ. അവരോടൊപ്പം നാളെ സ്വർഗത്തോപ്പിൽ ഒത്തുചേരാൻ നമുക്കേവർക്കും ഉദവി ലഭിക്കുമാറാകട്ടെ 🤲 🤲

നവാസ് അബ്ദുൽ ഖാദർ

ആ ബാങ്ക്...!

It was something special. 😌

അത്ര deep ആയതും ഉച്ചസ്ഥായിയിൽ ഉള്ളതുമായ ഒരു ബാങ്ക് പിന്നീട് കേൾക്കാൻ സാധിച്ചിട്ടില്ല എന്ന് തോന്നുന്നു. മൈക്ക് ഇല്ലാതെ കൊടുത്തു ശീലിച്ച ബാങ്ക് ആയതിനാൽ ആവണം, ഏറേ ദൂരത്തേക്ക് മുഴങ്ങുന്ന രീതിയിൽ ആയിരുന്നു ആ ബാങ്ക്. ഏതോ വിദൂര ദേശാന്തരങ്ങൾ കടന്ന് കടന്ന് നമ്മുടെ ഉള്ളിലേക്ക് പ്രവേശിച്ച് നമ്മുടെ ഉള്ളിൽ അലിഞ്ഞു ചേരുന്ന ഒരു ബാങ്കനുഭവം! ബാങ്ക് കഴിഞ്ഞാലും അൽപ്പനേരം അതുള്ളിൽ തങ്ങി നിൽക്കുന്നതായി അന്നു തോന്നുമായിരുന്നു. ഇപ്പോളാണ് മനസ്സിലാകുന്നത് അന്ന് കയറിയ ആ ശബ്ദ വീചികൾ ഉള്ളിൽ തന്നെയുണ്ട്... ഇതുവരെ ഇറങ്ങി പോയിട്ടില്ല!

ഞങ്ങൾ പിള്ളേർ ആരോ അക്കാലത്ത് വാക്മാനിലോ മറ്റോ അത് റെക്കോർഡ് ചെയ്തതായി ചെറിയൊരു ഓർമ്മ ഉണ്ട്. ആരാണെന്ന് ഓർമ്മ കിട്ടുന്നില്ല. അല്ലെങ്കിലും ഓഡിയോ കാസറ്റ് ഒക്കെ നാട് നീങ്ങിയിട്ട് കാലം എത്രയായി! ആ മധുര ശബ്ദം നമുക്ക് ചുറ്റും അങ്ങിനെ ലയിച്ച് നിൽപ്പുണ്ട്. അത് ഡീക്കോഡ് ചെയ്യാനുള്ള ടെക്നോളജി എന്നെങ്കിലും വരുമായിരിക്കാം.

"മുക്രി കുഞ്ഞിപ്പ"

അതായിരുന്നു ഞങ്ങൾ ചെറുപ്പം മുതലേ വിളിച്ചു ശീലിച്ച പേര്. ഉപ്പയും, ഉമ്മയും വിളിക്കുന്നത് കേട്ട് അതങ്ങിനെ ആയതാണ്.

ഓർമ്മ വെച്ച നാൾ മുതൽ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. മിക്കവാറും സമയം കിട്ടുമ്പോൾ വീട്ടിൽ വന്ന് വെല്ലിമ്മയുമായി ഒരു തൗതാരം... പിന്നെ, ഉമ്മയോടും മറ്റും ഒരു സുഖാന്വേഷണം. ഞങ്ങൾ കുട്ടികൾക്ക് ഒരു പുഞ്ചിരി. പലപ്പോഴും പച്ച ബെൽറ്റിലെ പേഴ്സിൽ നിന്ന് കയ്യിൽ വെച്ച് തരുന്ന ചില ചില്ലറ തുട്ടുകൾ. ഇരുപത്തി ഏഴാം രാവ് പോലെ ഉള്ള വിശേഷ ദിവസങ്ങളിൽ പള്ളിയിൽ വെച്ച് കണ്ടാൽ അടുത്തേക്ക് വിളിച്ച് കയ്യിൽ നോട്ട് തന്നെ വെച്ച് തരും. ചിലപ്പോൾ, കിട്ടിയ ചീരണിയിൽ നിന്ന് ഒരു ഭാഗം തന്നെൽപ്പിച്ച് "വെല്ലിമ്മാക്ക് കൊടുക്ക് " എന്ന് പറയും.

വീട്ടിലെ എല്ലാ വിശേഷങ്ങളും തുടങ്ങുന്ന ആദ്യ ഫോക്കൽ പോയിന്റ്... അതായിരുന്നു ഞങ്ങൾക്ക് മുക്രിക്കുഞ്ഞിപ്പ. "മുക്രി കുഞ്ഞിപ്പാട് പറയ്" എന്ന ഒരു വാക്കിൽ നിന്നായിരുന്നു വീട്ടിലെ വിരുന്നുകൾ, നോമ്പു തുറകൾ, മൗലിദ് എന്ന് വേണ്ട കുട്ടികളുടെ മുടി കളച്ചിൽ, മാർക്ക കല്യാണം തുടങ്ങി എന്ത് ഇവന്റും തുടങ്ങിയിരുന്നത്....

വലിയൊരു ശൂന്യത അനുഭവപ്പെട്ടതും അദ്ദേഹം പോയതിന് ശേഷമാണ്. ഉപ്പയുടെ ഉപ്പ പാലക്കാട് വെച്ച് മരണപ്പെട്ട കഥ ഓർമ്മ വെച്ചത് മുതൽ കേൾക്കുന്നത് ആയിരുന്നു. കബറടക്കം നടത്താൻ പോയതിൽ അന്ന് ജീവിച്ചിരിപ്പുള്ള ഒരാൾ മുക്രിക്കുഞ്ഞിപ്പ ആയിരുന്നു. ഉപ്പയോ ഞങ്ങളോ കബർ കണ്ടിട്ടില്ല. എല്ലാ തവണ ഉപ്പ നാട്ടിൽ ലീവിന് വരുമ്പോഴും പോകാനുള്ള ഒരുക്കങ്ങൾ കൂട്ടും. പക്ഷേ, കുഞ്ഞിപ്പായുടെ തിരക്ക് കാരണം അതങ്ങിനെ ഓരോ വെക്കേഷനിലും നീണ്ടു പോയി. അവസാനം, പോകാൻ തീരുമാനിച്ചു. പക്ഷേ, അപ്പൊൾ അനാരോഗ്യം കാരണം മുക്രി കുഞ്ഞിപ്പാക്ക് വരാൻ സാധിച്ചില്ല.

എങ്കിലും, അവിടെ ചെന്ന ഞങ്ങൾക്ക് കുഞ്ഞിപ്പ പറഞ്ഞു തന്ന അടയാളങ്ങളും സൂചനകളും വെച്ച് കബർ കണ്ടെത്തി ദുആ ചെയ്തു തിരിച്ചു പോരാൻ സാധിച്ചു.

പട്ടരുടെ കട, പള്ളിക്കാട്ടിലെ തെക്കേ ഭാഗത്ത് ഉള്ള വലിയ തേക്ക് ആ പ്രദേശത്തിന്റെ പ്രത്യേകതകൾ ഒക്കെ ഒരു സിനിമയിലെന്ന പോലെ ഞങ്ങളുടെ മനസ്സിൽ പതിഞ്ഞിരുന്നതിന് കാരണം മുക്രി കുഞ്ഞിപ്പായുടെ ഇടയ്ക്കിടയ്ക്ക് ഉള്ള വിവരണങ്ങൾ ആയിരുന്നു. പിന്നെ, കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചു പോകാതെ നിന്ന പാലക്കാടിന്റെ ഗ്രാമ്യ ഭംഗിയും, പട്ടരും, പട്ടരുടെ കടയും....

പറഞ്ഞു പറഞ്ഞ് ഓർമ്മകൾ എവിടെയൊക്കെയോ എത്തി. സദാ ചലിച്ചു കൊണ്ടിരുന്ന ഒരു കർമ്മയോഗി. അവസാന സമയത്ത് ഒക്കെ തന്റെ ശ്വാസത്തിന്റെ നിയന്ത്രണം പഴയതുപോലെ ലഭിക്കുന്നില്ല എന്ന് ചില ആത്മഗതങ്ങൾ നടത്തുമായിരുന്നു... "അതേയ്... ശ്വാസഗോളം... പഴയ പോലെ പറ്റണില്ല... " എന്നോ മറ്റോ ഒക്കെ ഇടക്ക് പറയും. എങ്കിലും വിശ്രമിക്കുന്നത്

കണ്ടിട്ടില്ല. സർവ്വവ്യാപിയായി, എല്ലായിടത്തും കയ്യൊപ്പ് പതിപ്പിച്ച് അങ്ങിനെ നമ്മുടെ ഒക്കെ ഉള്ളിൽ ആ അഭൗമമായ സ്വരം നിക്ഷേപിച്ച് കടന്നു പോയി...

അല്ലാഹുവേ മനോഹര ശബ്ദത്തിൽ നിന്റെ വീട്ടിലേക്ക് എല്ലാവരെയും വിളിച്ച ആ പരിശുദ്ധ ആത്മാവിനെ സ്വർഗ്ഗത്തിന്റെ ആരാമങ്ങളിൽ പാറിപ്പറക്കുന്ന ഒരു പൈങ്കിളിയായി നീ സ്വീകരിക്കണേ! നാളെ നിന്റെ ഭവനത്തിൽ വെച്ച് കണ്ടുമുട്ടാൻ നീ ഭാഗ്യം നൽകി അനുഗ്രഹിക്കണേ!

ആമീൻ.

-നവാസ് അബ്ദുൽഖാദർ

ഷരീഫ് ബാബു

നമ്മുടെ മുക്രിക്കയുടെ ബാങ്കൊലികൾ ഗ്രാമത്തിന് ഏറെ പേർക്കും അറിയുന്ന പോലെ മറ്റൊരു സുന്ദരമായ ബാങ്കൊലി കൂടെ ഞാൻ കേട്ടിട്ടുണ്ട് അത് സിങ്കപ്പൂർ കുഞ്ഞോൻക്ക യുടെ ഏറെ ശ്രുതി മധുരമായ ആ ശബ്ദവും ഈണവും നമ്മിൽ പലർക്കും ഓർമ്മയിൽ ഉണ്ടാവും. ഓർമ്മപ്പെടുത്തി എന്ന് മാത്രം. അല്ലാഹു അദ്ദേഹത്തിന്റെ പരലോക ജീവിതത്തെ അനുഗ്രഹിക്കട്ടെ ആമീൻ 🤲🤲🤲

മുഹമ്മദ് സഊദ്

കുഞ്ഞു നാൾ മുതൽ പള്ളിയോടുള്ള അടുപ്പം പോലെ തന്നെയാണ് എനിക്ക് മുക്രിക്കാടും ഉള്ള അടുപ്പം അദ്ദേഹവും എന്റെ വാപ്പയും മരണം വരെ ഒരേ മഹല്ലിൽ ഖത്തീബും മുക്രിയുമായി സേവനം ചെയ്തവർ അവർ തമ്മിൽ നല്ലൊരു സ്നേഹ ബന്ധം ഉണ്ടായിരുന്നു പാടൂരിന്റെ മഹല്ലിന്റെ ചരിത്രത്തിൽ ഇത്ര അധികം കാലം മരണം വരെ സേവനം ചെയ്തവർ ഉണ്ടാവില്ല, എഴുതാൻ ഒത്തിരി യുണ്ട് അധികവും പലരും ഇവിടെ വിവരിച്ചതായി കണ്ടു, റബ്ബ് അവരുടെ ബർസഖിയായ ജീവിതം സന്തോഷത്തിലാക്കട്ടെ ആമീൻ.

സഊദ് (ഖത്തർ)

സഊദ് തങ്ങൾ

ബഹുമാന്യനായ മുഅദ്ദിൻ കുഞ്ഞിമോൻ സാഹിബ്

****

അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമാക്കിയ ചരിത്ര മുഹൂർത്തത്തോളം പഴക്കമുള്ള പാരമ്പര്യത്തിന്റെ തുടർച്ചയാണല്ലോ അദാൻ അഥവാ ബാങ്ക് എന്ന ഇബാദത്ത്. റസൂലുല്ലയുടെ നിർദ്ദേശപ്രകാരം, മഹാനായ സ്വഹാബി വര്യൻ, ബിലാൽ (റ) മദീനയിൽ മുഴക്കിയ ആദ്യ ബാങ്കൊലിയുടെ പകർപ്പ് ഇന്നും സമയാ സമയങ്ങളിൽ നിർബാധം ലോകത്താകമാനം നിറഞ്ഞു

കേൾക്കുന്നു. നമ്മുടെ മഹല്ലിൽ വർഷങ്ങളോളം ആ കൃത്യം നിർവഹിച്ചു പോന്ന ബഹുമാനപ്പെട്ട മുഅദ്ദിൻ കുഞ്ഞിമോൻ സഹിബിനെ ആണ് നാമിന്നോർക്കുന്നത്. അദ്ദേഹത്തിന്റ രാഗാർദ്രമായ ബാങ്കിനെ കുറിച്ച് പലരും പറഞ്ഞു കഴിഞ്ഞു.

മുഅദ്ദിൻമാരെ നമ്മുടെ നാട്ടിൽ മുക്രി എന്നാണ് അറിയപ്പെടുന്നത്. ആ വാക്കിന്റെ ഭാഷാപരമായ യുക്തി എന്താണെന്ന് മനസ്സിലായില്ല.

മുക്രിമാരുടെ ജീവിത വ്യവഹാരങ്ങൾ, പൊതുവെ പള്ളിയുടെ നാലതിരുകളിൽ നിന്ന് പുറത്തു കടക്കാറില്ല. എന്നാൽ, കുഞ്ഞോൻക്ക എന്ന് നാം ഇഷ്ടത്തിൽ വിളിക്കുന്ന കുഞ്ഞിമോൻ സാഹിബ്, പൊതുയിടങ്ങളിൽ ആഴത്തിൽ വേരുകളാഴ്ത്തിയ വ്യക്തിയായിരുന്നു എന്നാണ് മനസ്സിലാകുന്നത്. ജീവിക്കാൻ വേണ്ടി അദ്ദേഹം മറ്റു ജോലികൾ ചെയ്തിരുന്നു എന്നത് അദ്ദേഹത്തെ കുറിച്ചുള്ള മതിപ്പ് വർദ്ധിപ്പിക്കുന്നു.

അത്തരമൊരു മഹൽ വ്യക്തിയെ മറവിക്ക് വിട്ട് കൊടുക്കാതെ, ഓർമ്മയുടെ മുൻനിരയിലേക്ക് കൊണ്ട് വരിക എന്ന ദൗത്യം ഏറ്റെടുത്ത അഡ്മിൻസ് അഭിനന്ദനമർഹിക്കുന്നു. വലിപ്പ - ചെറുപ്പമില്ലാതെ സർവരെയും ചേർത്ത് പിടിച്ച പ്രവാചക മാതൃകയിലേക്കുള്ള ഒരു തീർത്ഥയാത്ര തന്നെ ഇത്.

ഒരു ചെറിയ കാലയളവിൽ, കെ. പി. മുഹമ്മദ് അഷ്‌റഫും ഞാനും ഒരുമിച്ചാണ് ജുമുഅ കൂടാനായി പള്ളിയിലേക്ക് പോയിരുന്നത്. അന്ന് കേട്ട ആ മധുരതരമായ ബാങ്കിന്റെ ഉറവിടം ഏതോ ഒരു കുഞ്ഞോൻക്ക ആണെന്നതിനപ്പുറം മറ്റൊന്നും അറിഞ്ഞിരുന്നില്ല. സുഹൃത്തുക്കൾ പലരുടെയും കുറിപ്പുകൾ വായിച്ചപ്പോഴാണ് അവഗണിക്കാൻ വയ്യാത്ത ഒരു വ്യക്തിയാണ് കുഞ്ഞോൻക്ക എന്ന് മനസ്സിലായത്.

അല്ലാഹുവിന്റെ മസ്ജിദിനെ സ്നേഹിച്ച, പ്രവാചകൻ (സ) പഠിപ്പിച്ച വാക്കുകൾ അഞ്ചു നേരങ്ങളിൽ ഉറക്കെ ഉരുവിടാൻ അവസരം കിട്ടിയ കുഞ്ഞോൻക്ക എന്ന ഭാഗ്യശാലിക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ജീവിതത്തിൽ സംഭവിക്കാനിടയുള്ള തെറ്റുകൾ പൊറുത്തു കൊടുത്ത്, അദ്ദേഹത്തിന്റെ പരലോക ജീവിതത്തെ സ്വർഗം നൽകി അല്ലാഹുഅനുഗ്രഹിക്കട്ടെ - ആമീൻ

<u>മകൻ മുസ്തഫ</u>

അസ്സലാമു അലൈക്കും:വറഹ് മത്തുള്ളാഹ് :

തിരുത്തലുകളോ കൂട്ടിചേർക്കലുകളോ ആവശ്യം വന്നില്ല ; നിങ്ങളുടെ ഓരോരുത്തരുടെയും മുക്രിക്ക എന്ന എന്റെ ഉപ്പയെക്കുറിച്ചുള്ള ഓർമകൾ; ഞങ്ങളോടൊപ്പമുള്ള നിങ്ങളുടെ ദുആയും അള്ളാഹു സ്വീകരിയ്ക്കുമാറാകട്ടെ! (ആമീൻ) അതുപോലെ നിങ്ങളോരോരുത്തരെയും അള്ളാഹു അനുഗ്രഹിയ്ക്കുമാറാകട്ടെ!ആമീൻ യാ റബ്ബുൽ ആലമീൻ🤲

എല്ലാവർക്കും സ്നേഹം🤍: മുസ്തഫ

ആർ വി അബ്ദുൽ ഹമീദ് സാഹിബ്

السلام عليكم ورحمه الله وبركاته

മുക്രിക്ക ശരിക്കും ഒരു دعوه പ്രവർത്തനമാണ് നടത്തിയിരുന്നത്ജനങ്ങളെ നമസ്കാരത്തിലേക്ക് ക്ഷണിക്കുകഅത്രയും വലിയ ഒരു പ്രവർത്തി എന്താണു ഉള്ളത്. സുബഹി മുതൽ ഇഷാ വരെ ഒരേ സ്വരത്തിൽ നമ്മളെ വിളിച്ചു കൊണ്ടിരുന്നു നിങ്ങൾ വിജയത്തിലേക്ക് വരിക നമസ്കാരത്തിലേക്ക് വരുവിൻ ഇണത്തിൽ വിളിക്കുന്ന അതിനേക്കാൾ വേറെ ആരാണ് ഉത്തമൻ ആയിട്ടുള്ളത്.എൻറെ കുട്ടിക്കാലത്തെ ചില കാര്യങ്ങൾ ആയി ബന്ധപ്പെട്ട ഓർമ്മ വരികയാണ് എല്ലാ വ്യാഴാഴ്ചയും രാത്രി ദിക്കർ ഹൽഖ നടന്നിരുന്ന നമ്മുടെ പള്ളിയിൽദിക്കറിന്റെ പേര് പറഞ്ഞ് വീട്ടിൽ നിന്ന് ഇറങ്ങി നേരെ മുല്ലശ്ശേരി പ്രവിഡൻ സിലേക്ക് സിനിമ കാണാൻ പോയിരുന്നു ഞങ്ങൾ മൂന്നു പേരായിരുന്നു കൂട്ടുകാർ ആയി ഉണ്ടായിരുന്നത് സിനിമക്ക് പോകുമ്പോൾ തന്നെ ഒരു പൊതി പഴം വാങ്ങി പൊതിഞ്ഞ് സൂക്ഷിച്ചിരുന്നു വീട്ടിൽ കാണിക്കാൻ വേണ്ടിയായിരുന്നു സൂത്രം രാത്രി സിനിമ കഴിഞ്ഞു വന്ന പള്ളി ചെരുവിൽ ഞങ്ങൾ കിടക്കുമായിരുന്നു ബാങ്ക് കൊടുക്കുന്നതുവരെ അവിടെ കിടന്നു ഉറങ്ങുമായിരുന്നു.ചരുവിലെ പായ അലങ്കോല പെട്ട് കിടക്കുന്നതകണ്ടു ആരോ ചോദിച്ചു എന്താണ് പള്ളി ഇങ്ങനെ കുത്തി മറിഞ്ഞു കിടക്കുന്നത്. അപ്പോൾ കുഞ്ഞിമോൻക്ക പറഞ്ഞത് ഇപ്പോഴും കാദിൻ മുഴങ്ങുന്നു. സാരമില്ല വൃത്തിയാക്കാൻ മുക്രിയും മക്കളും ഉണ്ടല്ലോഎന്ന് മാത്രം പറഞ്ഞുആ പറച്ചിൽ ഇന്നും ഞാൻ ഓർക്കുകയാണ്.പള്ളിയിൽ വരുന്ന കുട്ടികളെ പറ്റി നല്ല ധാരണ ഉള്ള ആളായിരുന്നു കുഞ്ഞുമോനിക്ക എല്ലാവരെപ്പറ്റിയും നല്ലോണം അറിയാം എങ്കിലും ഒന്നും ശാസിക്കുകയോ പറയുകയോ ചെയ്യാറില്ലഅതാണ് മൂപ്പരുടെ പ്രത്യേകത.

ആ കാലത്ത് കോഴിമുതൽ പോത്ത് വരെ കുഞ്ഞുമോൻക്കയായിരുന്നു അറുത്ത് ഹലാൽ ആക്കിയിരുന്നത്.

അതേപോലെ എല്ലാ വീടുകളിലും വന്നു നല്ല നാട്ടുമാവ് ഉണ്ടോ എന്ന് അന്വേഷിച്ച് അത് പള്ളിക്ക് വേണ്ടി തരണമെന്നും പറഞ്ഞു ഖബറിന്റെ മൂട് പലക ഉണ്ടാക്കാനായി മാവു മുറിച്ച് പലകയാക്കി കൊണ്ടുപോയിരുന്നതും ഓർമ്മയിലുണ്ട് എൻറെ വീട്ടിൽ നിന്ന് ഒരു മാവ് കൊടുത്തിരുന്നു അത് തീരുന്നത അനുസരിച്ച് വേറെ മാവ് അന്വേഷിച്ചു നടക്കും. കുഞ്ഞി മോനിക്കയുമായിഉണ്ടായിരുന്ന ബന്ധം ഇന്നും ഉബായിക്കയും മുഹമ്മദ് മോനും ജമാലു മുസ്തഫ എന്നിവരായി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.മുക്രി ക്കാടെ എല്ലാ സൽപ്രവർത്തികളും അല്ലാഹു സ്വാലിഹായ അമലാക്കി തീർത്തു.ജന്നാത്തുൽ ഫിറ് ദൗസിൽ നമുക്കെല്ലാവർക്കും ഒരുമിച്ചു കൂടുവാൻ അല്ലാഹു തൗഫീഖ് ചെയ്യട്ടെ ആമീൻ

ആർ വി ഉമ്മർ സാഹിബ്

مُقرِئ എന്ന പദത്തിനു അറബിയിലും പേർഷ്യനിലും ഓതുന്ന ആൾ എന്നാണ് അർത്ഥം. ഇത് മലയാളീകരിച്ചാണ് മുക്രി ഉണ്ടായത് എന്ന് പറയുന്നവർ ഉണ്ട്.

മൂന്നു ക്രിയകൾ (ബാങ്ക് വിളി, ഹൗളുകളിൽ വെള്ളം നിറയ്ക്കൽ , വിളക്ക് കത്തിക്കൽ) എന്നിവ ചെയ്യുന്ന ആൾ എന്ന അർത്ഥത്തിലാണ് ഇങ്ങനെ വിളിക്കുന്നത് എന്നു പറയുന്നവരും ഉണ്ട്.

പിൻകുറിപ്പ്: കുഞ്ഞുമോൻക്കാടെ സമപ്രായക്കാരായി ഒരു പടി കുഞ്ഞുമോന്മാർ അന്ന് പാടൂരിലുണ്ടായിരുന്നു. "കുഞ്ഞുമോൻ" അന്നത്തെ കാലത്ത് വളരെ പോപ്പുലർ ആയ ഒരു പേരായിരുന്നു എന്ന് തോന്നുന്നു. കുഞ്ഞുമോന്മാർ പൊതുവേ അവരുടെ ഇരട്ടപ്പേർ ചേർത്താണ് അറിയപ്പെട്ടിരുന്നത്.

എന്റെ അമ്മാവനായ ആർ വി കുഞ്ഞുമോൻ സാഹിബിന്റെ ബംഗ്ലാവിൽ സ്ഥിരമായി അടുത്ത സുഹൃത്തുക്കളായ 7 കുഞ്ഞുമോൻമാരുടെ സഭ കൂടാറുണ്ടായിരുന്നത് ഓർക്കുന്നു.

01 Jan 2026

Episode-9

മർഹൂം കെ.വി. അഹ്മദ് സാഹിബ്



പാടൂരിന്റെ കലാ സാംസ്കാരിക ആത്മാവായി നിലകൊണ്ടിരുന്ന മർഹൂം കെ.വി. അഹ്മദ് സാഹിബിനെയാണ് ഇന്നത്തെ നമ്മുടെ സ്മരണകളിൽ ഓർത്തെടുക്കുന്നത്. പാട്ടും കവിതയും ജീവിതമായി കൊണ്ടുനടന്ന ഒരു അസാധാരണ പ്രതിഭയായിരുന്നു അദ്ദേഹം. ലളിതമായ വാക്കുകളിൽ ആഴമുള്ള ആശയങ്ങൾ പകരാൻ കഴിവുള്ള അദ്ദേഹത്തിന്റെ രചനകൾ, തലമുറകളെ സ്വാധീനിച്ച സൃഷ്ടികളായി ഇന്നും നമ്മുടെ മനസ്സുകളിൽ ജീവിക്കുന്നു.

ഇന്നും മലയാളിയുടെ മനസ്സിൽ മങ്ങാത്ത വരികളാണ് അദ്ദേഹം രചിച്ചു കെ ജി സത്താർ പാടിയ

"മനുഷ്യാ നീ ഉലകത്തിൽ ജനിച്ചുള്ള തടിയല്ലേ"

" ആഡംബരം കൊണ്ടലങ്കാര മോഹി ആറടി മണ്ണിൽ"

പ്രശസ്തിയിലേക്കുള്ള ഓട്ടത്തേക്കാൾ, തന്റെ കല നാട്ടിനും നാട്ടുകാർക്കും സമർപ്പിച്ചിരുന്ന ഒരു കലാകാരനായിരുന്നു മർഹൂം കെ.വി. അഹ്മദ് സാഹിബ്.

ഇന്ന് അദ്ദേഹത്തെ സ്മരിക്കുമ്പോൾ, കവിതയിലും സംഗീതത്തിലുമുള്ള അദ്ദേഹത്തിന്റെ ആത്മാവ് നമ്മോടൊപ്പം തുടരുന്നുവെന്ന ബോധ്യമാണ് നമ്മെ ആശ്വസിപ്പിക്കുന്നത്.

അല്ലാഹു അദ്ദേഹത്തിന്റെ തെറ്റുകൾ മാപ്പാക്കി, സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ. ആമീൻ.

പാടിയത് പി എൻ അബ്ദുൽ ഖാദർ സാഹിബ്

https://youtube.com/shorts/y6h-3NhcyBo?si=yIZswQ-SlHUt7z9f

ഫോട്ടോ പങ്കുവെച്ചത് ആർ പി സിദ്ധിഖ് സാഹിബ്





2002 ൽ എന്റെ മകന്റെ വിവാഹത്തിന് എത്തിയവരിൽ നമ്മിൽ നിന്ന് പിരിഞ്ഞു പോയ കെ.വി.അഹമ്മദ് ക്ക, പി.പി.കുഞ്ഞിമോനിക്ക, കെ.കെ.മുഹമ്മദലിക്ക, പച്ചക്കറി മുഹമ്മദ്ക്ക, അടാട്ടുപുറം അഹമ്മദുക്ക, പൂത്തോക്കിൽ ഹമീദുക്ക, ഗുരുവായൂർ ആർ.വി. അബൂബക്കർ സിദ്ധിക്ക. തുടങ്ങിയവർ.

പടച്ച റബ്ബ് അവരെയും നമ്മെയും അവന്റെ ഇഷ്ടദാസ രിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

പി എൻ അബ്ദുൽ ഖാദർ സാഹിബ്

അദ്ദേഹം ഞാൻ നാട്ടിൽ വരുമ്പോഴൊക്കെ വീട്ടിൽ വരാറും ഒരു പാട് സമയം ഞങ്ങൾ സംസാരിച്ചിരിക്കാറുണ്ട് കൂടുതലായും പാട്ടിനെ കുറിച്ചും സത്താർക്കയുമായി ഉള്ള അടുപ്പവും അദ്ദേഹമെഴുതിയ പാട്ട് സത്താർക്ക കുറെ പാടിയിട്ടുണ്ട് കുറെ ഫോട്ടോസ് കൊട്ന്ന് കാണിച്ചു തന്നിട്ടുണ്ട് പ്രമുഖരായിട്ടുള്ളത് അന്ന് കാലത്ത് അതൊക്കയാണല്ലൊ. ഇപ്പോഴും മനസ്സിൽ നിന്ന് മായാത്ത ഒരു സംഭവം ഓർമയിൽ അദ്ദേഹവുമായി ബന്ധപ്പെട്ടത് പ്രസിദ്ധ ഗായിക റംലാ ബീഗത്തിന്റെ ഒരു കഥാപ്രസംഗം പാടൂർ സെന്ററിൽ നടക്കുന്നു ആ വേദിയിൽ അദ്ദേഹത്തിന്റെ ഒരു ഗാനം അദ്ദേഹത്തോട് പാടാൻ ആവശ്യപ്പെട്ടത് പ്രകാരം അദ്ദേഹം സ്റ്റേജിൽ കയറി പാടി തുടങ്ങി യാതൊ രു മുന്നൊരുക്കമോ റിഹേഴ്സലൊ ഇല്ലാതെ സ്റ്റേജിൽ കയറി ശരിയായ രീതിയിൽ അദ്ദേഹത്തിനത് പൂർത്തികരിക്കാൻ കഴിഞ്ഞില്ല എഴുതുന്ന പോലെയല്ലല്ലൊ പാടൽ ആ സദസ്സിൽ ഒരു പാട് ഓടിയൻസ് പ്രതികൂലമായി പ്രതികരിക്കുകയും ഞാനടക്കമുള്ളവർ ഞാൻ ചെറിയ കുട്ടി ആയതു കൊണ്ട് തന്നെ ഞാനും അതിൽ കൂടി അദ്ദേഹത്തിന് മാനസികമായി ഏറെ പ്രയാസമുണ്ടാക്കിയെങ്കിലും ഏറെ വൈകാതെ വേറൊരു വേദി കമ്മ്യൂണിറ്റി ഹാളിന്റെ വടക്ക് ഭാഗത്ത് ചാവക്കാട്ട് റഹ്മാൻ റഗാനമേളയിൽ ചാവക്കാട് റഹ്മാൻ വളരെ ഭംഗിയായി ആ ഗാനം ആലപിക്കുകയും ചെയ്തു അന്ന് പ്രതികൂലമായി പ്രതികരിച്ചവർ എല്ലാവരും കയ്യടിച്ചു ആഡംബരം കൊണ്ട് അലങ്കാര ദേഹി എന്ന് തുടങ്ങുന്ന വളരെ അ ർഥവത്തായ വരികൾ അങ്ങിനെ എന്റെ ഓർമയിൽ ഉള്ളത് പറഞ്ഞെന്ന് മാത്രം നമ്മുടെ നാട്ടിൽ ഒരു പാട് വ്യക്തിത്വങ്ങൾ അവരുടെ ജീവിതത്തിൽ വ്യക്തിമുദ്രപതിപ്പിച്ച വർ കഴിഞ്ഞു പോയിട്ടുണ്ട് ഇപ്പോഴും ജീവിച്ചിരിക്കുന്ന ഒരു പാട് ആളുകൾ അവരുടെ തായ കഴിവുകൾ പല മേഘലയിലും തെളിയിച്ചു കൊണ്ടിരിക്കുന്നു മൺമറഞ്ഞവർക്ക് വേണ്ടിയുള്ള ഈ കൂട്ടായ്മ ജീവിച്ചിരിക്കുന്നവരെ ഉൾപ്പെടുത്തി അവരെയും ആദരിക്കുന്ന ഒരു ചടങ്ങായി മാറേണ്ടതുണ്ട് വരും തലമുറക്ക് ഇതൊരു ചരിത്ര സത്യമാണെങ്കിലും ജീവിച്ചിരിക്കുമ്പോൾ കിട്ടുന്ന ആ ഒരു സന്തോഷം അത് പറഞ്ഞറിയിക്കാവുന്നതല്ലല്ലോ എന്റെ ഒരു അഭിപ്രായം പറഞ്ഞതാണ് എല്ലാവരെയും അള്ളാഹു അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടട്ടെ ആമീൻ

PNA - Kadar

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

മുൻപേനടന്നകെ.വി*********കൈരളി ടി. വി. പട്ടുറുമാൽ എന്ന മാപ്പിളപ്പാട്ട് മത്സരപരിപാടി ആരംഭിച്ച കാലത്ത് കെ. വി. അഹമ്മദ് സാഹിബ് ജീവിച്ചിരിപ്പില്ല. എന്നാൽ കെ വി ക്കയുടെ ധാരാളം പാട്ടുകൾക്ക് ഗ്രാമഫോൺ റെകോഡിലൂടെ ശബ്ദം നൽകിയ നമ്മുടെ അയൽനാട്ടുകാരനും പ്രസിദ്ധ ഗായകനും ആയ സത്താർക്ക അന്ന് നമ്മോടൊപ്പം ഉണ്ടായിരുന്നു.പട്ടുറുമാൽ ഉത്ഘാടാന എപ്പിസോടുകളിൽ സത്താർക്ക പങ്കെടുക്കുകയും ചെയ്തിരുന്നു. അത് പോലെ മീഡിയവൺ ടി വി കഴിഞ്ഞ റമദാൻ കാലത്ത് പ്രക്ഷേപണം ചെയ്ത ഇശൽ വസന്തം എന്ന മാപ്പിളപ്പാട്ട് പരിപാടിയിൽ സത്താർക്കക്കായി ഒരു എപ്പിസോഡ് പ്രക്ഷേപണം ചെയ്തിരുന്നു. ആ പരിപാടിയുടെ ആങ്കർ ഫൈസൽ എലെറ്റിലും ഇശൽ വസന്തം പരിപാടിയുടെ നിർമ്മാതാവ് ഷെമീർ

ഷേർവാണിയും ആയിരുന്നു.ഈ പരിപാടികളിൽ എല്ലാം സത്താർക്കാടെ പേരിനൊപ്പം ആങ്കർമാർ എടുത്തുപറഞ്ഞ പേരായിരുന്നു കെ. വി. അഹമ്മദ് എന്ന മാപ്പിള പ്പാട്ട് രജയിതാക്കളിൽ മുൻ നിരയിൽ ഇടം പിടിച്ച നമ്മുടെ കെ വി ക്ക.കെവിക്ക എഴുയതെല്ലാം സത്താർക്കാക്കു വേണ്ടിയായിരുന്നു എന്ന് തോന്നിയിട്ടുണ്ട്.ആമിനാ ബുക്ക്സ്റ്റാൾ, ലൈലാബുക്ക്സ്റ്റാൾ തുടങ്ങിയ പ്രസാധകരാണ് ഏറെയും രചനകൾ പ്രസിദ്ധീകരിച്ചത്.ആഷിക്കിന്റെ കത്ത്, മുശൂക്കിന്റെ മറുപടി അങ്ങനെ നിരവധി പാട്ട് പുസ്തകങ്ങൾ..............ഏറെ അസൗകര്യങ്ങൾ നിറഞ്ഞ പണ്ടാരമാടിന്റെ വികസത്തിനായി മരണം വരെ അദ്ദേഹം പരിശ്രമിച്ചു.ശ്രീ വി. എം. സുധീരൻ എം. എൽ. എ. ആയിരുന്ന കാലം മുതൽ ഇക്കാര്യങ്ങളുമായി അദ്ദേഹത്തിന്റെ നിഴൽപോലെ നിന്നു. എല്ലാജനപ്രതിനിധികൾ ക്കും ഉദ്യോഗസ്ഥർക്ക്കും പണ്ടാരമാട്ടുകാരനായ കെവി സാഹിബിന് പരിചിതൻ .... എന്റെ ഭാര്യക്ക് ചലച്ചിത്ര നിർമാതാവും, സംവിധായകനും, ഗാനരചയിതാവും, കവിയും ഒക്കെ ആയ യൂസഫലി സാഹിബുമായുള്ള ബന്ധം കെ വി സാഹിബിന് അറിയാമായിരുന്നു. യൂസഫലി സാഹിബ് വിചാരിച്ചാൽ അദ്ദേഹത്തിന്റെ ഒന്നൊരാണ്ടോ പാട്ടുകൾ സിനിമയിൽ പാടിക്കാൻ കഴിയും, അതിന് വേണ്ടി അദ്ദേഹത്തോട് സുപാ ർശ ചെയ്യണം എന്നആവശ്യവുമായി അദ്ദേഹം എന്നെ സമീപിച്ച്ചിരുന്നു. യൂസഫലി സാഹിബ് വ്യക്തിപരമായ വളരെ പ്രതിസന്ധികൾ നേരിടുന്ന ഒരുഘട്ടമായിരുന്നു അത്. അത് കൊണ്ട്തന്നെ ആ സഹായം ചെയ്ത് കൊടുക്കാനോ ശ്രമിക്കാൻ പോലുമോ എനിക്കായില്ല. ഞാൻ ഒഴിഞ്ഞുമാറുകയാണെന്ന് കേവിക്ക ധരിച്ചുകാണാൻ ആണ് സാധ്യത. അല്ലാഹുപൊറുത്ത്തരട്ടെഎന്ന് പ്രാർത്തിക്കാനല്ലാതെ എന്ത് ചെയ്യാൻ?.കെ. വി. അഹമ്മദ് സാഹിബിന് അല്ലാഹു മ ഗ്ഫിറത്തും മർഹമത്തും നൽകട്ടെ. അദ്ദേഹത്തെയും നമ്മളെയും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടട്ടെ. ആമീൻ

തമീം ഷമീം ശബ്ദ സന്ദേശം

https://youtu.be/icOkahtKhmg?si=iyxPm7UD_YheMHgB

ഗാനം പങ്കുവെച്ചത് ലത്തീഫ് വാക്കയിൽ

https://youtu.be/aADc5CpUCHY?si=Q1mXwYJZtz3HTuVN

നജീബ് സാഹിബ് കാരിയാട്ട്

കെ വി

പാടൂരിൻ്റ കവി ഹൃദയം യഥാർത്ഥത്തിൽ കെ. വി. അഹമ്മദ് സാഹിബ് ആണ്. ഇന്നത്തെ കാലത്ത് സാങ്കേതിക വിദ്യ/നവമാധ്യമങ്ങൾ എല്ലാം വളരെ Active ആണ്. എന്നാൽ എഴുപതുകളിൽ/ എൺപതുകളിൽ മാപ്പിളപ്പാട്ട് രചിക്കുന്നത് ശ്രമകരമായ ഒരു ദൗത്യം ആണ്. തീർച്ചയായും തന്നിൽ ഉന്നീതമായ കവി ഹൃദയം അതിന് വേണ്ടി ത്റസിച്ചിരുന്നു. അത് കൊണ്ട്ആണ് അദ്ദേഹം നമ്മുടെ പണ്ടാരമാടിൽ നിന്ന് സ്വയം കവിതകൾ

തയ്യാറാക്കി പാങ്ങിൽ ഉള്ള പ്രസ്സിൽ കൊണ്ട് പോയി അച്ചടിപ്പിച്ച് പ്രസിദ്ധീകരിച്ചിരുന്നത്.

അതീവ ഹൃദ്യമായ നിരവധി മാപ്പിളപ്പാട്ടുകൾ അദ്ദേഹത്തിന്റെ സൃഷ്ടിയാണ്. അക്കാലത്ത് പ്രശസ്ത നായ കെ. ജി. സത്താർ ആലപിച്ച നിരവധി ഗാനങ്ങൾ നാം ആകാശ വാണിയിലൂടെ കേട്ടിട്ടുണ്ട്. എവിടെ തന്റെ തൂലിക ചലിപ്പിക്കും പോഴും **K. V. അഹമ്മദ് പാടൂർ** എന്ന് പൂർണമായും രേഖപ്പെടുത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അത്ര മാത്രം ഹൃദയബന്ധം ആണ് പാടൂരിനോട് അദ്ദേഹത്തിന്.

മനോഹരമായ പണ്ടാര മാടിലേക്ക് അക്കാലത്ത് ഒട്ടും ഗതാഗത സൗകര്യം ഇല്ല. കുടിവെള്ളം ഇല്ല. പക്ഷേ അത് നേടിയെടുക്കാൻ നിരന്തരം പരിശ്രമിച്ചു. ശ്രീ വി എം സുധീരൻ എം എൽ എ ആയി വന്ന കാലത്ത് അദ്ദേഹത്തെ സമ്മർദ്ദം ചെലുത്തി അത് നേടിയെടുത്ത കാര്യം കെ വി പറയാറുണ്ട്. മാപ്പിള കലാ കാരൻ മാർക്ക് അക്കാലത്ത് നടപ്പാക്കിയ പെൻഷൻ K. V. യ്ക്ക് V M ഇട പെട്ട് യാഥാർത്ഥ്യമാക്കി. കവി എന്നതിലുപരി സംഭാഷണം അദ്ദേഹത്തിന്റെ സവിശേഷത ആണ്. മാടിലൂടെ 11 K. V ലൈൻ വലിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഒരു കവി വാക്യം ആണ്. " ഞാൻ വെറുമൊരു കേവിയല്ല പതിനൊന്ന് കേവി ആണ്"!

വളരെ അവികസിത മായിരുന്ന മാടിലേക്ക് കുടിവെള്ളവും ഗതാഗത യോഗ്യമായ റോഡും യാഥാർത്ഥ്യം ആക്കാൻ അദ്ദേഹത്തിന്റെ സേവനം നിസ്തുലമാണ്. ശ്രീ. വി. എം. സുധീരൻ എന്ന് പാടൂരിൽ വന്നാലും കെ വി യുടെ ഭവനം സന്ദർശിക്കുക പതിവാണ്. അദ്ദേഹത്തിനോടൊപ്പം ഇടിയൻ ചിറ മുതൽ പണ്ടാരമാടിൻറെ വടക്കൻ അതിർത്തിയിലെ കോളനിയിലേക്ക് പദയാത്ര നടത്തിയത് ഉൾപ്പുളകത്തോടെ ഓർത്തു പോകുന്നു. മുദ്രാവാക്യങ്ങൾ മുഴുവൻ രചിച്ചത് കെ. വി ആയിരുന്നു.

കെ. ജി. സത്താർ കെ. വി ദ്വയങ്ങളുടെ നിരവധി ഗാനങ്ങൾ അക്കാലത്ത് ആകാശവാണിയിൽ കേൾക്കുമ്പോൾ നമ്മുടെ നാടിനെ കുറിച്ച് അഭിമാനപൂരിതമാകാറുണ്ട് അന്തരംഗം. കലയിലും സാഹിത്യത്തിലും സർവോപരി വായനയിലും അഭിരമിച്ച ഒരു പാടൂർ ആയിരുന്നു അന്ന്. പിന്നീട് അദ്ദേഹം പുതിയ വീട്ടിലേക്കു താമസം മാറ്റിയപ്പോൾ ഞാൻ പോയി കാണാറുണ്ട്. അദ്ദേഹത്തിന്റെ മകൻ ഹംസ ലണ്ടനിൽ ജോലി ചെയ്യുന്നു. എന്റെ ഇളയ മകനും അവിടെ ഉണ്ട്. അവർ പരസ്പരം വിശേഷങ്ങൾ പങ്കു വെയ്ക്കുന്നത് അതീവ ഹൃദ്യം.

പോസ്റ്റ് ഓഫീസിൽ കത്തുകൾ വായിച്ച് വിതരണം ചെയ്യുമ്പോൾ " കെ. വി. അഹമ്മദ് പാടൂർ" എന്ന വിലാസത്തിൽ എല്ലാ ദിവസവും നിരവധി കത്തുകൾ വന്നിരുന്നു. ആകാശവാണിയിൽ എഴുത്ത് പെട്ടി യിലും കെ വി അഹമ്മദ് പാടൂർ ചിര പരിചിതം ആണ്. തന്റെ രചനകളിലൂടെ നാടിന്റെ യശസ്സ് വാനോളം ഉയർത്തിയ കെവി യുടെ സ്മരണയ്ക്ക് മുന്നിൽ നമ്രശിരസ്കനാകുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കബറിടം വിശാലമാക്കട്ടെ!

നജീബ് കാര്യാട്ട്

2.1.26

ഹൃദയപൂർവം പാടൂർ, പേജ് 115- 116 പങ്കു വെച്ചത് ഷരീഫ് ബാബു

236

അഹമ്മദ് കെ.എം.

ജ : 10.1.1948 കാസർഗോഡ്.
പി : കുന്നിൽ മൂസ
മാ : ബങ്കര ബീഫാത്തിമ
ഭാ : സുഹ്റ ബി.എം.
വി : സ്കൂൾ പഠനം,
അധ്യാപനപരിശീലനം.
ജോ : പത്രപ്രവർത്തനം.
കൃ : ഓർമകളിലേക്ക് ഒരു കിളിവാതിൽ,
തെരഞ്ഞെടുത്ത മാപ്പിളപ്പാട്ടുകൾ
മേ.വി. : തളങ്കരകുന്നാൽ വീട്, കാസർകോഡ്.

237

അഹമ്മദ് കെ.വി. പാടൂർ

ജ : 7.7.1927 ദാദർ, ബോംബെ.
പി : കാദർ
മാ : ഫാത്തിമ
ഭാ : നഫീസ
വി : സ്കൂൾ വിദ്യാഭ്യാസം
കൃ : രക്തബന്ധം, ഞെക്കുവിളക്ക്
(നോവൽ), പരിശുദ്ധ പ്രണയം,
ചിറകൊടിഞ്ഞ പക്ഷി തുടങ്ങിയവ.
മേ.വി : കളപ്പുരയ്ക്കൽ, പാടൂർ
തൃശൂർ-680 524.

പകരം ചൂഷണത്തിലൂടെ പണ സമ്പാദനത്തിനായി തിരുശേഷിപ്പുകളെ ഇമാമാക്കി അവരെല്ലാം അവക്ക് പിന്നിൽ അണിനിരക്കുമ്പോൾ അതിൽ നിന്നെല്ലാം മുക്തരായി വ്യത്യസ്തരായി ഇവിടെ വെളിയങ്കോട് ഉമർ ഖാസിയുടെ ഭവനം എന്നും ഇത് പോലെ നില നിൽക്കുവാൻ ആഗ്രഹിക്കുകയാണ്. നാളെ നമ്മെയെല്ലാം പരലോകത്ത് അനുഗ്രഹിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ....


എഴുത്തുപെട്ടി




ആകാശവാണിയിലെ പരിപാടികളെപ്പറ്റിയുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും റേഡിയോയിലൂടെ മറ്റുള്ളവരെ അറിയിക്കുവാനും അവ പരിഹരിക്കുവാനുള്ള നിർദേശങ്ങൾ അധികാരികളുടെ മുന്നിൽ കൊണ്ടുവരുവാനും ശ്രോതാക്കളുമായി പങ്കുവെക്കുവാനുമായി ഞങ്ങളുടെ പാടൂർ ഗ്രാമത്തിലുമുണ്ടായിരുന്നു ഒരാൾ. തപാലാപ്പീസിലൂടെ പോസ്റ്റൽ കാർഡുകളും സ്റ്റാമ്പ് ഒട്ടിച്ച ഇൻലന്റുകളും റേഡിയോ നിലയത്തിലേക്ക് അയക്കുവാനും അവയുടെ മറുപടിക്കായി തപാലാപ്പീസിൽ വന്ന് മറുപടി കൈപ്പറ്റുവാനുമായി നേരത്തേയെത്താറുള്ള കെ.വി. അഹമ്മദ് പാടൂർ ഇപ്പോൾ പോസ്റ്റ് ഓഫീസിൽ എത്താറുമില്ല. ആ പേര് റേഡിയോവിലൂടെ കേൾക്കാറുമില്ല.

ഗ്രാമത്തിന്റെ ആ നാടൻ എഴുത്തുകാരൻ കെ.വി അഹമ്മദ് പാടൂർ ഇന്ന് നമ്മോടൊപ്പമില്ല. എന്നാലും അദ്ദേഹത്തിന്റേതായി ഇപ്പോഴും ജീവിച്ചിരിക്കുന്ന കഥകളും നോവലുകളും എന്തെല്ലാമായിരുന്നുവെന്ന് അറിയാനായി കേരള ഡയറക്ടറിയിലെ സാഹിത്യകാരുടെ പേജുകൾ പരതേണ്ടിവന്നു. ബോംബെയിലെ തന്റെ തീക്ഷണമായ ജീവിത സാഹചര്യങ്ങളെ മെരുക്കി തനിക്കൊപ്പം കൂടെ നടക്കുവാൻ പഠിപ്പിക്കുകയും അങ്ങനെ പേന കൊണ്ട് കഥയും നോവലും എഴുതിക്കാൻ അദ്ദേഹത്തെ കൊണ്ട് തോന്നിപ്പിച്ചിട്ടുണ്ടെങ്കിൽ, അതിനേക്കാൾ അദ്ദേഹത്തെ കൊണ്ടുപോയിരിക്കുക പാടൂരിന്റെ അങ്ങേ അറ്റത്തുള്ള തന്റെ വീടിനോട് ചേർന്നുള്ള കനോലി കനാലിനോട് തൊട്ടുരുമ്മി നിൽക്കുന്ന മാട്ടുമ്മലിൽ പുഴയുടെ തീരത്ത് ചുള്ളിക്കാടുകളും, കണ്ടൽകാടുകളും, തോടുകളും, മാട്ടിൽ ചെളി കോരുന്ന തോണിക്കാരന്റെയും, ചകിരി തല്ലിയും കയർ പിരിച്ചും, പുഴയിലെ കക്ക വാരുന്നവരെയും പുഴയുടെ ആഴിയിൽ മുങ്ങി പൂഴിമണൽ കൊണ്ട് വന്ന് വള്ളത്തിൽ കുന്ന് കൂട്ടുന്നവരുടെയും ജീവിതം നേരിട്ടു കണ്ട് രൂപപ്പെട്ടതിൽ നിന്നുമായിരിക്കും. കഴിവുകൾ ചിലരെ അങ്ങ് വല്ലാതെ ഉയർത്തും. ചിലരെ അങ്ങ് വെറുതെ വിടും. ചിലർ സ്വയം പിൻവാങ്ങുന്നു. ചിലർ അതോടെ അഹങ്കരിക്കുകയും ചെയ്യുന്നു. എല്ലാം കൂടെയുള്ളവരുടെ താൽപര്യം പോലെ. പിന്നെ എല്ലാം ദൈവഹിതം കെ.വി.അഹമ്മദ് പാടൂർ മറഞ്ഞാലും മായാതെ താൻ എഴുതിയ പുസ്തകങ്ങളിലൂടെ

ഫോട്ടോ പങ്കു വെച്ചത് തമീം ഷമീം



കെ. വി. അഹമ്മദ് പാടൂർ



രചന: കെ. വി. അഹമ്മദ് പാടൂർ

ആ കൊച്ചു നക്ഷത്രം പെട്ടെന്ന് പൊലിഞ്ഞുപോയി. പക്ഷേ, അ തിർകവിഞ്ഞു താലോലിച്ച മാതാപിതാവിന്റെ കൺമുമ്പിൽ നിന്നും അതിന്റെ പ്രകാശം മാഞ്ഞുപോയിട്ടില്ല—ഉമ്മ മകനോട്......

പെരിമയാണെ നിന്നെ സ്തുതിക്കുന്നു—എന്റെ
പിരിശപ്പൂമോനെ ഞാൻ ഓർക്കുന്നു.
തങ്കക്കനീഹംസമോ നല്ലെ—ഉമ്മ
താരാട്ടുപാടുന്നതു കേട്ടില്ലെ...
പത്തും തികഞ്ഞു ജനിച്ചല്ലൊ—നിന്നെ
പാലൂട്ടിനെഞ്ചോടണച്ചല്ലൊ.
പത്തുമാസം നീ വളർന്നല്ലൊ—മാസം
പത്തും റംസാനിൽ നീ പോയല്ലൊ.
മല്ലിക മുല്ലപ്പൂ തേനല്ലെ—തീരെ
മാററ് കുറയാത്ത പൊന്നല്ലെ.
വാപ്പാന്റെ കണ്ണിന് മണിയല്ലെ—നല്ല
വരിവൊത്ത പുണ്ണും മുഖമല്ലെ.
മധുവൂറും ചുണ്ടും മുഖം കാട്ടി—എന്റെ
മനസ്സും കുളിർപ്പിത്ത മോനല്ലെ.
കൺമുഖം കാട്ടിക്കൊതിപ്പിച്ച്—എന്നും
കണ്ണിൽ മണിയായി പോരേല്ലെ.
കൊഞ്ചിക്കളിക്കുന്ന നേരത്ത്—വാപ്പ
നെഞ്ചത്തിതുള്ളുന്ന മോനല്ലെ.
തളിർമുല്ലപ്പൂവിന്റെ മണമെല്ലാം—എന്റെ
കരളിൽ പകർന്നു നീ പോയല്ലൊ.

എങ്ങിനെ ഞാനിതു സഹിക്കുന്നു—മോനെ
എപ്പോഴും നിന്നെ ഞാൻ ഓർക്കുന്നു.
പഞ്ചവർണ്ണക്കിളികൊഞ്ചുന്ന—നിന്റെ
പുഞ്ചിരിപ്പുണ്ടും മുഖമല്ലെ.
പാരിൽ പരിമളം വീശുന്ന—നല്ല
പനിനീർ പുഷ്പത്തിന്റെ ഇമ്പല്ലെ.
കൂമ്പിൽ ഒളിഞ്ഞൊരുതേനല്ലെ—കൂരി—
ട്ടത്തുവെച്ച വിളക്കല്ലെ.
താരാട്ടുപാടുന്ന നേരത്ത്—നിന്റെ
താമരപ്പൂവിന്റെ ...
... ഉമ്മാന്റെ—കണ്ണീരിൽ
പൂക്കണ്ണീരായല്ലൊ പൂമോനെ.
പരലോകപ്പുറത്തേയ്ക്കു പോയല്ലൊ—അന്ന്
പരിശുദ്ധ റംസാനും പത്തല്ലെ.
ജന്നാത്തുൽഫിർദൗസിൽ എന്നാളും—നിന്റെ
... വിരിയട്ടെ.
ഇരുലോകനാഥന്റെ തിരുമുമ്പിൽ—നിന്റെ
കരവും പിടിച്ചു ഞാനെത്തുമല്ലൊ.
കരളായ പുന്നാരപ്പൂമോനെ—കാണാൻ
കാരുണ്യം ഏററിത്താ റഹ്മാനേ...

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/P85mr-pi228?si=PcFmGOgpLEiPsugc

മകൻ അബ്ബാസുമായി ആർ പി സിദ്ധിക്ക് സാഹിബ് നടത്തിയ ഒരു ഹ്രസ്വ കൂടികഴ്ച്ച

https://youtu.be/AgjrgzIAD4o?si=LpxPOPMszmFKXcYk

https://youtu.be/X1CzxSkho94?si=nchsAthlrD92Wr3E

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/Xl2h0B7-ZD4?si=-uOHiPlDvLkqNHHA

വീഡിയോ പങ്കുവെച്ചത് അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

https://youtu.be/eq0llC7O2TI?si=ZA-V22hFnQB_Gyn1

സൈനുദ്ധീൻ പാടൂർ

"മനുഷ്യാ നീ ഉലകത്തിൽ

ജനിച്ചുള്ള തടിയല്ലേ...."

ഈ വരികൾ മർഹൂം കെ.ജി. സത്താറിന്റെ ശബ്ദത്തിൽ കേൾക്കുമ്പോൾ മർഹൂം കെ.വി. അഹമ്മദ് പാടൂർ രചിച്ച ആ വരികൾക്ക് ആത്മാവിന്റെ ആഴവും വിശുദ്ധിയുടെ സ്പർശവും പകർന്ന ആലാപനം കാലത്തിന്റെ പ്രവാഹം എത്ര മുന്നേറിയാലും മനസ്സുകളിൽ നിന്ന് മാഞ്ഞുപോകാത്ത ഒരു അനശ്വര കലാസ്മരണയായി ഇന്നും നിലകൊള്ളുന്നു.

'കാറ്റു വന്നു വിളിച്ചപ്പോൾ' എന്ന ചിത്രത്തിൽ, മയ്യത്തിനരികിൽ ഇരുന്ന് ഖുർആൻ പാരായണം ചെയ്യുന്ന ഒരു കഥാപാത്രമായി മർഹൂം കെ വി അഹമ്മദ് പാടൂർ കാണപ്പെട്ട നിമിഷം, അദ്ദേഹത്തെ വെറും ഗാനരചയിതാവ് മാത്രമായല്ല കണ്ടത്, സൂക്ഷ്മവും സംവേദന പൂർണവുമായ അഭിനയ സാമർത്ഥ്യമുള്ള ഒരു സമ്പൂർണ കലാകാരനായി തിരിച്ചറിയാൻ പലർക്കും സാധിച്ചു. ആ രംഗം അഭിനയത്തിന്റെ അതിരുകൾ കടന്നുചെന്ന ഒരു അനുഭവമായിരുന്നു; അത് വിശ്വാസത്തിന്റെ, ജീവിതാനുഭവങ്ങളുടെ, ആത്മനിസ്സംഗതയുടെ സ്വാഭാവികവും സത്യസന്ധവുമായ പ്രതിഫലനം തന്നെയായിരുന്നു.

'ഞെക്കുവിളക്ക്' എന്ന കഥയെഴുതിയതും അത് സിനിമയാക്കണം എന്ന മോഹം അദ്ദേഹം മനസ്സിൽ സൂക്ഷിച്ചിരുന്നു എന്നതും സത്യം തന്നെ...അദ്ദേഹത്തിന് അല്ലാഹുവിന്റെ കരുണയിൽ മഗ്ഫിറത്തും മർഹമത്തും

കൊണ്ട് അനുഗ്രഹിച്ച് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനമരുളുകയും ചെയ്യട്ടെ

آمين 🤲 يارب العالمين

ഷരീഫ് ബാബു



കെ വി അഹമ്മദ് പാടൂർ കേരള സാഹിത്യകാര ഡയറക്ടറിയിൽ.

================================

1997- ൽ കേരള സാഹിത്യ അക്കാദമിയിൽ നിന്നും ഒരു അറിയിപ്പ് വന്നു. സാഹിത്യകാരൻമാരുടെ ഡയറക്ടറി പുറത്തിറക്കുന്നു നിലവിലുള്ളവരുടെ പുതിയ സാഹിത്യ സൃഷ്ടികൾ അവരുടെ വിലാസം ജനനം മരണം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പുതിയ ഡയറക്ടറി പുറത്തിറക്കുന്നു അതായിരുന്നു ആ വാർത്ത.

ഈ വാർത്ത കണ്ട ഞാൻ എന്റെ പിതാവിന്റെതായ ഫോട്ടോയും വിവരങ്ങളും തൃശൂരിലുള്ള സഹിഹിത്യ അക്കാദമിയിൽ കൊണ്ടു പോയി കൊടുത്തിരുന്നു. ആ സമയങ്ങളിൽ ആയിരുന്നു സ്ഥിരം പോസ്റ്റ് ഓഫിസ് സന്ദർശകനായിരുന്ന കെ വിയെ പരിജയപ്പെടുന്നതും അറിയുന്നതും വീടും പോസ്റ്റ് ഓഫീസും അടുത്ത് തന്നെ ആയതിനാൽ പിന്നെ കൂടെ കൂടെ അദ്ദേഹത്തെ കാണുമായിരുന്നു.

സാഹിത്യ അക്കാദമിയിൽ നിന്നും പിതാവിന്നായി വന്ന ഒരു പോസ്റ്റ് കാർഡിൽ നിന്നും തുടങ്ങിയ ആ സൗഹൃദം പിന്നെ സാഹിത്യ അക്കാദമി

വരെ എത്തി. അന്ന് അക്കാദമി സെക്രട്ടറി ആയിരുന്ന പ്രശസ്ത മലയാളം-ഭാഷാ നോവലിസ്റ്റും ചെറുകഥാകൃത്തും പത്രപ്രവർത്തകനുമായിരുന്ന കെ എൽ മോഹന വർമ്മ സാറിന്ന് തിരക്കിട്ട ജോലിയുള്ള കാലം. കേരളത്തിലെ ജീവിച്ചിരിക്കുന്നവരുടെയും മറഞ്ഞവരുടെയും ബയോ ഡാറ്റ സ്വീകരിക്കുകയും അവ ക്രോസ് വെരിഫിക്കേഷൻ നടത്തുകയും ചെയ്യുന്ന സമയം.അത് പ്രകാരം നിലവിലുള്ളവരെ ഈ അറിയിപ്പ് അറിയിച്ചു കൊണ്ടുള്ള അക്കദമിയുടെ അറിയിപ്പ് ആയിരുന്നു പോസ്റ്റ് കാർഡ് വഴി വീട്ടിലേക്ക് വന്നത്. ഞാൻ ഉപ്പയുടെ നിലവിലുള്ള പുതിയ വിവരങ്ങളും ഫോട്ടോയും ആയി സാഹിത്യ അക്കാദമിയിൽ കൊണ്ടു പോയി കൊടുത്തതും മറ്റും കെ വി യെ അപ്പോൾ ധരിപ്പിച്ചിരുന്നു. അതിന്ന് ശേഷമാണ് കൂടുതൽ അടുപ്പം ഉണ്ടായതും.അങ്ങിനെയാണ് കെ വി യുടെ ഫോട്ടോയും വിവരണങ്ങളും ആയി മൂന്ന് പ്രാവശ്യം തൃശൂർ പോയതും ഡയറക്ടറി പുറത്ത് വന്നപ്പോൾ ആദ്യമായി കെ വി യുടെ ഫോട്ടോ ഡയറക്ടറിയിൽ കണ്ട സന്തോഷത്താൽ കെ വി യെ വീട്ടിൽ പോയി കണ്ടതും ആ നിമിഷത്തെ സന്തോഷം ഇന്നും ഓർമ്മയിൽ കാണുന്നു.

ഒരു പോസ്റ്റ് കാർഡിൽ നിന്നും തുടങ്ങിയ സൗഹൃദം സാഹിത്യ അക്കാദമി സെക്രട്ടറിയായ മോഹന വർമ്മ സാറുമായി ബന്ധപ്പെടുവാനും അദ്ദേഹത്തെ പരിജയപ്പെടാനും സാധിച്ചു വളരെ സഹകരണത്തോടെ അദ്ദേഹം കെ വിയുടെ ഡാറ്റ സ്വീകരിക്കുകയും ഇനി മറ്റു വിവരങ്ങൾ പത്രത്തിലൂടെ അറിയിപ്പ് വരുമെന്നും പറഞ്ഞു. പിന്നെ ഡയറക്ടറി എപ്പോൾ പുറത്തിറങ്ങും എന്ന ഉത്കണ്ഠയോടെ കെ വി യും ഞാനും കുറച്ചു നാൾ തള്ളി നീക്കി അങ്ങിനെ കുറച്ചു നാൾ കഴിഞ്ഞു പോയി.പിന്നീട് ഡയറക്ടറി പുറത്തിറങ്ങിയപ്പോൾ കൂടുതൽ ഞങ്ങൾ അടുത്തു ഇന്നിപ്പോൾ കെ വി യും ആ കാലവും കഴിഞ്ഞുപോയി. ജനം കെ വി യെ ഓർക്കാൻ തുടങ്ങിയിരിക്കുന്നു. അന്ന് അങ്ങിനെ കെ വിയെ കൂടെ ചേർത്തു നിർത്തുവാനും ഡയറക്ടറിയിൽ വിവരങ്ങൾ ചേർത്തുവാനും സാധിച്ചതിൽ ഇന്നിപ്പോൾ ഏറെ അഭിമാനം തോന്നുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഫോട്ടോയും വിവരങ്ങളുമായി വന്ന സാഹിത്യകാര ഡയറക്ടറി കാണുവാൻ അദ്ദേഹം വീട്ടിൽ വന്നിരുന്നു.

നമ്മുടെ ഗ്രാമത്തിൽ നിന്നും മറഞ്ഞു പോയവർ അവരെ ഓർക്കൽ അതിലൂടെ അവർക്ക് കിട്ടുന്ന പ്രാർത്ഥനകൾ എല്ലാം ഏറെ പുണ്ണ്യ കരമായ പ്രവർത്തികളാണ്.നന്മകൾ ചെയ്തവരെ ഓർക്കാനായി കാലം ചിലപ്പോൾ അടുത്ത തലമുറ വരെ കാത്ത് നിൽക്കും അതൊരു സത്യമാണെന്നതിൽ തർക്കമില്ല ഗ്രാമത്തിൽ നിന്നും ആദരവ് കിട്ടാതെ പോയ കെ വി അഹമ്മദ് പാടൂർ എഴുതിയ എത്രയോ വരികളിലൂടെ പലരും പ്രശസ്തരായപ്പോഴും തനിക്ക് ചുറ്റുമുള്ളവരെ കൂടെ നിർത്തി ലവലേശം അതിൽ പ്രയാസമില്ലാതെ വെറും സാദാരണക്കാരനായാണ് കെ വി അഹമ്മദ് ജീവിച്ചത്

പ്രോത്സാഹിപ്പിക്കുവാൻ ആരുമില്ലല്ലോ ഏന്നോർത്ത് ദുഃഖിക്കുന്നതിനേക്കാൾ മറ്റുളവരെ സന്തോഷിപ്പിക്കുവാനാവുന്നല്ലോ ഏന്നോർത്ത് അദ്ദേഹം കഴിഞ്ഞിരിക്കാം പിന്നീട് ഒരു നാൾ തന്നെ ഓർക്കാനായുള്ള കാലം വരുമെന്ന നിശ്ചയത്തോടെയും ജീവിച്ചിരിക്കണം. മറ്റുള്ളവർ എന്തായിരിക്കണം എന്നതിനേക്കാൾ താൻ എന്തായിരിക്കണം എന്ന ചിന്തയായിരിക്കാം

അതാണല്ലോ എപ്പോഴും വീട്ടിൽ വരുമ്പോൾ ഈ إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ كَانَتْ لَهُمْ جَنَّاتُ الْفِرْدَوْسِ نُزُلًا ഖുർആൻ വചനം പറയാറുള്ളത്.(സത്യവിശ്വാസം കൈകൊള്ളുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരോ, അവർക്ക് ആദിത്വം നൽകാൻ ഫിർദൗസിലെ ഉദ്യാനങ്ങളുണ്ടായിരിക്കും.) അതെ, ഈ എഴുത്തും വായനയും ഓർക്കലും തന്നെയാണ് കെ വി അഹമ്മദ് സാഹിബിന്ന് നൽകാനുള്ള ആദരവും ബഹുമാനവും.

അതെ,കെ വി അഹമ്മദ് സാഹിബിനെ ഓർക്കാൻ അവസരം നൽകിയ പാടൂർ മഹൽ കൂട്ടായ്മക്ക് അവരുടെ അഡ്മിൻസിന് പ്രത്യേകമായി ആർ പി സിദ്ധീഖ് സാഹിബ് അദ്ദേഹത്തിന്റെ മകനുമായി സംഭാഷണം നടത്തിയത് എല്ലാവരോടും നന്ദിയുണ്ട്. ഇത് തന്നെയാണ് നമുക്ക് അദ്ദേഹത്തിന്ന് നൽകാനുള്ള മികച്ച സമ്മാനവും.

ജീവിതത്തിൽ മനോഹരമായ വരികൾ നമുക്കായി നൽകി നമ്മോട് വിട പറഞ്ഞു പോയ അദ്ദേഹത്തിന്റെ പരലോക രക്ഷക്കായി പ്രാർത്ഥിച്ചു കൊണ്ടു.

ഷരീഫ് ബാബു.

മൊയ്തു. പി.കരിപ്പായിൽ

സാധാരണ മനുഷ്യരുടെ കവി🙏

,,,,,,,,,,,,,,,,,,,,,,,,,,,,,,,,,, ആഡംബരം കൊണ്ടലങ്കാരമോഹി ആറടി മണ്ണിൽ അണയുന്ന ദേഹി 🌹 ഈ വരികൾ മാത്രം കേട്ടാൽ മതി ഈ എഴുത്ത്കാരനെ ഓർക്കാൻ.🙏 എന്റെ കുട്ടി പ്രായത്തിൽ പാടൂർ സെന്ററിൽ റംലാ ബീഗത്തിന്റെ ഒരു കഥാപ്രസംഗ പരിപാടി അരങ്ങേറിയിരുന്നു. നമ്മുടെ ഗ്രാമം അതുവരെ കാണാത്ത ജന കൂട്ടമായിരുന്നു സെന്ററിൽ തടിച്ചു കൂടിയിരുന്നത്. ഇടവേള സമയത്താണ് ഇദ്ദേഹം ഈ പാട്ട് പാടാൻ ശ്രമിച്ചത് മുഴുവിപ്പിയ്ക്കാൻ കഴിയാത്ത പ്രത്യാക സാഹചര്യമായിരുന്നു. പിന്നീട് ഈ ഗാനം പൂർണ്ണമായി കേൾക്കുന്നത്എന്റെ ഒരു ബന്ധുവീട്ടിലെ കൃത്യം പറഞ്ഞാൽ,,കൂട്ടുങ്ങൽ,, അങ്ങാടിയ്ക്ക് അടുത്ത്.😂 ചാവക്കാട് റഫാന്റെ ഗാനമേളയിൽനിന്നാണ് (പ്രവാസ ലോകത്തെ ഗസൽ ഗായിക സരിതാ റഫാന്റെ പിതാവ്]. കൂട്ടത്തിൽ പറയാം ചാവക്കാട് റഫാന്റെ ഗാനമേളയിൽതമ്പലി സ്റ്റായി നമ്മുടെ നാട്ടുകാരനായ അശോകൻ (പറയ സമുദായ കാരനായ) ഉൾപ്പെട്ടിരുന്നു തിരിച്ചറിയാൻ ജാതി പേര് പറഞ്ഞതാണ്. 🙏ഒരു പക്ഷെ മലയാള ഗാനശാഖയിലെ തത്വചിന്താപരമായ ഗാനമായി വിലയിരുത്ത പ്പെടുന്ന,,ആത്മവിദ്യാലയമേ,, എന്ന ഗാനത്തിനെ മറികടക്കുന്ന അർത്ഥ സമ്പുഷ്ടമായ വരികളാണ് കെ.വി.ക്ക കുറിച്ചു വെച്ച, ആഡംബരം കൊണ്ടലങ്കാര മോഹി, മനുഷ്യന്റെ നിസ്സാരതയും ദൈന്യതയും പരിമിതിയും ഏറെ ആഴത്തിൽ പരാമർശവിധേയമാക്കിയിരിക്കുന്നു ഈ ജനകീയ കവി. ഒരു വിശ്വാസിയുടെ മനസ്സോടെ തീർത്ഥാടനത്തിന്റപ്രാധാന്യം വിളിച്ചോതുന്ന രചനകൾ നിർവ്വഹിച്ചിരുന്നു. കെ.വി.ക്ക.🌹 പ്രണയവും, വിരഹവും, ഭക്തിയും, ജീവിത വിഹ്വലതകളും ഒരുപോലെ ആസ്വാദകരിൽ സന്നിവേശിപ്പിയ്ക്കാൻ കഴിഞ്ഞു എന്നത്

തന്നെയാണ്. കെ.വി.ക്കയെ ഏറെ വ്യത്യസ്തനാക്കുന്നത്.❤️ ഇതിലേയ്ക്ക് അദ്ദേഹത്തെനയിച്ചത് ജീവിത ചുറ്റുപാടുകളും അനുഭവസാക്ഷ്യങ്ങളും. ഭാവനാ സമ്പന്നതയും മാത്രമാണെന്ന് ഉറപ്പിച്ച് പറയാം.,കലാകാരനെ ഏതെങ്കിലും സങ്കുചിത മുന്നണി രാഷ്ട്രീയത്തിന്റെയോ? കക്ഷി രാഷ്ട്രീയത്തിന്റെയോ ? കള്ളിയിൽ ഒതുക്കി നിർത്താൻ സാധ്യമല്ലെന്ന് കെ.വി.ക്കയുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. 1987 ൽ. പണ്ടാരമാട്ടിലെ കുടിവെള്ള പ്രശ്നം ഉയർത്തി അന്നത്തെ ഗവൺമെന്റ് ചീഫ് വിപ്പിന് നിവേദനം സമർപ്പിയ്ക്കാൻ വേണ്ടി കെ.വിക്ക എത്തിയത് ഞാൻ ഇപ്പോൾ ഓർക്കുന്നു. എഴുത്തുകാരന്റെ മനസ്സ് എന്നും,എപ്പോഴും. ജനപക്ഷത്തായിരിക്കും.🙏 ഏറെ ചാരിതാർത്ഥ്യത്തോടെ യാണ്ഈകുറിപ്പ് എഴുതുന്നത്. കാരണം. ഞാൻ ഉൾപ്പടെയുള്ളവർക്ക്. ഭാവന സമ്പന്നനായ കെ.വി.ക്കയെ ആദരിയ്ക്കാൻ അവസരം ലഭിച്ചിരുന്നു.❤️ പാടൂർ ഗ്രാമീണ വായനശാലയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത് ബഹുമാന്യനായ അബ്ബാസ് ഡോക്ടറാണ്. ആ ചടങ്ങിൽ മുഖ്യാതിഥിയായി.കെ.വി.ക്കയാണ് പങ്കെടുത്തത്. ആദരവ് ഏറ്റുവാങ്ങിയ കെ.വി.ക്ക.,,, ഞെക്ക് വിളക്ക്,,,,എന്ന കഥാസൃഷ്ടി ഞങ്ങൾക്ക്കൈമാറി.❤️ ചുറ്റുപാടുകളുടെ ജീവിതങ്ങളെ വരച്ചുകാട്ടുന്ന. സ്വന്തം അധ്വാനം കൊണ്ട് ജീവിക്കുന്ന. അവരുടെ ദുഃഖങ്ങളെയും ദുരിതങ്ങളെയും സർവ്വോപരി പ്രണയത്തേയും വിരഹത്തേയും കാല്പനികമായി വരച്ചുകാട്ടാൻ ആകൃതിയിലൂടെ കെ.വി. അഹമ്മദ് സാഹിബ് പാടൂർ. എന്നഎഴുത്തുക്കാരന് സാധിച്ചിരിക്കുന്നു.🙏 ഉൾനാടൻ മത്സ്യ തൊഴിലാളിയുടെ ജീവിത പരിസരം തെളിഞ്ഞു കാണാൻ കെ.വി. എന്ന എഴുത്തുകാരൻ തന്റെ,,,,ഞെക്ക്വിളക്ക്,,,, തെളിച്ചു നോക്കുന്നു,,,❤️ സഞ്ചാരി കൂടിയായിരുന്നു.കെ.വിക്ക. ആദ്യകാല മലയാളികളെ പോലെ ബോംബെനഗരം വിട്ട്കറാച്ചിയിലെത്തിയിരുന്നു കെ.വി.ക്ക. അതുകൊണ്ടോ? എന്തോ ? എന്റെ പിതാവുമായി ഏറെ വ്യക്തിബന്ധം സൂക്ഷിച്ചിരുന്നുകെ.വി.ക്ക🙏.ആ സ്നേഹ വാത്സല്യം എന്നോടും കാണിച്ചിരുന്നു🙏,,,നെയ്യിട്ട പത്തിരി,,,! തലവാചകത്തിൽ ചിരിയ്ക്കാൻ തോന്നുമെങ്കിലും കുടുംബത്തിനകത്തു മാത്രം അഥവാ അടുക്കളയിൽ മാത്രം ഒരുങ്ങി കഴിയേണ്ടി വന്ന നിഷ്കളങ്കയായസ്ത്രിയുടെ പ്രണയ സാഫല്യത്തെ കുറിയുള്ള വർണ്ണനകളും കൈപ്പുണ്യമാർന്ന വിഭവത്തിലുടെ പുരുഷഹൃദയം കീഴടക്കുന്നതുമാണ് ഇതിവൃത്തം.❤️ ഒരു പക്ഷെ അന്യംനിന്നു പോയ അറബി മലയാളത്തിന്റെ സ്വാധീനം കെ.വി.ക്കയുടെ ഓരോ സൃഷ്ടിയിലും അളവിൽ കൂടുതൽ പ്രകടമാണ്.❤️ അത്രത്തോളം അറബി മലയാളം പ്രാഞ്ചീന കേരളീയ സാഹിത്യത്തെ എത്ര ആഴത്തിലാണ് സ്വാധീനിച്ചിരുന്നത് എന്ന് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നു❤️ കെ.വി.ക്കയെ പോലുള്ളവരുടെ കലാ സൃഷ്ടികൾമാപ്പിളപാട്ടിന്റെ പരിധിയിൽ മാത്രംഒതുക്കിനിർത്തേണ്ടതല്ല. മലയാള സാഹിത്യത്തിലെ ലബ്ധപ്രതിഷ്ഠ നേടിയ സാഹിത്യ കൃതികളോട് ചേർത്ത് വെച്ച് വായിക്കപ്പെടേണ്ട ഉദാത്തമായ സാഹിത്യ കൃതി ങ്ങളാണ്. കെ.വി.ക്കയുടേത്.🙏 അനുഭവങ്ങളിലൂടെയും കേട്ടറിവുകളിലൂടെയും ഭാവനയുടെ വാതായനങ്ങൾ തുറക്കുന്നവനാണ്എഴുത്തുകാരൻ. അവരെ പ്രചോദിപ്പിക്കുന്നത് മനുഷ്യ സ്നേഹവും. പ്രകൃതി സ്നേഹവും മാത്രമാണ്🌷 ആ അർത്ഥത്തിൽ. കെ.വി.അഹമ്മദ് സാഹിബ് സമ്പൂർണ്ണനായ കലാകാരനാണ്. തന്റെ കലാ സൃഷ്ടി കളിൽ ഏതെങ്കിലും ഒന്ന്. കഥയോ., കവിതയോ., അഭ്രപാളിയിൽ തെളിഞ്ഞു കാണാൻ ആഗ്രഹിച്ചിരുന്നു പ്രിയപ്പെട്ട

കെ.വി.ക്ക. പുതിയ തലമുറ സാങ്കേതിക വൈദഗ്ത്യം നേടിയവരാൽ സമ്പന്നമാണല്ലോ❤️ ഏതെങ്ങിലും കൃതികളിൽ ഒന്ന്.പകർത്തപ്പെട്ടാൽ അതായിരിക്കും അദ്ദേഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ആദരവ്.🙏 ആകാശവാണി റേഡിയോയിലൂടെ എഴുത്തുപ്പെട്ടി എന്ന പരിപാടിയിൽ കെ. വി.ക്കയുടെ അഭിപ്രായം അടങ്ങിയ ദിവസ മില്ലായിരുന്നു.,, വയലും, വീടും, രജ്ഞിനി, മാപ്പിളപ്പാട്ട്, ലളിതഗാനം., കെ.വി. അഹമ്മദ് പാടൂർ അഭിപ്രായപ്പെട്ടു.🙏സത്യത്തിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനമാണ് ഈ കൂട്ടായ്മ പങ്ക് വെയ്ക്കുന്നത് പണ്ഡിതനെന്നോ ? പാമരനെന്നോ? വ്യത്യാസമില്ലാതെ നമുക്ക് മുന്നേ സഞ്ചരിച്ചവരുടെ അടയാളപ്പെടുത്തലുകൾ. രേഖപ്പെടുത്തുക എന്ന ദൗത്യം.❤️ഈ ഉദ്യമം കൂടുതൽ തെളിമയോടെ മുന്നോട്ട് നയിക്കാൻ കഴിയട്ടെ.🙏 പ്രിയപ്പെട്ട.കെ.വി. അഹമ്മദ്ക്ക എന്ന സാഹിത്യകാരനു വേണ്ടിയുള്ള പ്രാർത്ഥനയിൽ പങ്ക് കൊളുന്നു.👐

,,,,,,,,,,,,,,,,,,,,,,,,,,,,,,,മൊയ്ദു. പി.കരിപ്പായിൽ



<u>ആർ വി അബ്ദുൽ ഹമീദ് സാഹിബ്</u>

കെ വി അഹമ്മദ് ഇക്ക അദ്ദേഹത്തെപ്പറ്റി എപ്പോഴും ഓർത്തു കൊണ്ടിരിക്കുന്ന ഒരു പേരാണ്. മാട്ടുമ്മൽ പോകുമ്പോൾ ഓർക്കാതിരിക്കാൻ പറ്റുകയില്ല അദ്ദേഹത്തിൻറെ പഴയ വീടിനോട് അനുബന്ധിച്ച് വീടിൻറെ തെക്ക് ഭാഗത്തായിട്ട് കുറച്ചു സ്ഥലം ഞങ്ങളുടേതായിട്ടുണ്ട് അവിടേക്ക് പോകുമ്പോൾ Kv ക്കാടെ വീട്ടിൽ കയറി ഇരുന്ന് അല്പം സംസാരിച്ചിട്ടാണ് പറമ്പിലേക്ക് പോവുക ഇപ്പോഴും അങ്ങനെ തന്നെയാണ്

മാട്ടുമ്മൽ പോകുമ്പോൾ അവരുടെ ആ പഴയ വീട്ടിൽ കാദർ മോനുമായി അല്പം സംസാരിച്ചിരുന്ന ശേഷമാണ് വരിക.കെവിയുടെ വീടിനു തൊട്ടുള്ള ഞങ്ങളുടെ സ്ഥലം കെ വി ആയിരുന്നു നോക്കിയിരുന്നത് തെങ്ങുകയറ്റമുള്ള സമയത്ത് ഒരു ഉത്സവം പോലെ ആയിരുന്നു തെങ്ങുകയറ്റക്കാരും മൂന്ന് നാല് പേരും ഓല വെട്ടുന്നതും വിറക് കെട്ടി വീട്ടിലേക്ക് കൊണ്ടുവരുന്നത് രണ്ടുമാസത്തിൽ ഒരിക്കൽ ഇത് ഇങ്ങനെ ആവർത്തിച്ചു കൊണ്ടിരിക്കുന്നതും ഒരു ഉത്സവ രീതിയിൽ തന്നെയായിരുന്നു . അന്ന് തെങ്ങിന് പ്രത്യേക നമ്പറുകൾ ഉണ്ടാകും ആ നമ്പറുകൾ ഒരു പുസ്തകത്തിൽ എഴുതി. തേങ്ങ വീഴച്ചയും കുലയും എഴുതിയിരുന്നു തെങ്ങ് കയറ്റം കഴിഞ്ഞു വീഴ്ചകണക്കാക്കിയിരുന്നു. അങ്ങനെ കണക്കെഴുതുന്നവരിൽ ഒരാൾ കെവിയായിരുന്നു.ആൽക്കണയിലെ മഹാൻ മുഹമ്മദ്ക്ക പാടൂർ സെന്ററിൽ ഉള്ള കുഞ്ഞിക്ക. കുട്ടുക്ക അതുപോലെ എഴുതുന്നവരായിരുന്നു. തങ്ങ് കയറ്റം കഴിഞ്ഞ് ഓല കൊണ്ട് ഉണ്ണി പുര ഉണ്ടാക്കലും ഓല മുടയലും എല്ലാം തിരക്കുപിടിച്ച ദിവസങ്ങൾ ആയിരുന്നുതെങ്ങുകയറ്റമുള്ള സമയത്ത് Kvക്കാനായി കണ്ടാൽ കുറേ സംസാരിക്കും അപ്പോൾ എല്ലാം എന്റെ ഉപ്പാനെ കുറിച്ച് ആയിരിക്കും പറഞ്ഞുകൊണ്ടിരിക്കുക ബോംബെയിലെ ജീവിതം Kvക്കാടെ ജീവിതം അങ്ങനെ അവിടെയുള്ള കരീം ലാല പോലെയുള്ളവരുടെ ചരിത്രങ്ങൾ ഇങ്ങനെ പറഞ്ഞു കൊണ്ടിരിക്കും അതേപോലെ വി എം

സുധീരനെ പറ്റിയും കുറെ പറഞ്ഞുതരും. സുധീരനുമായുള്ള കത്തിട പാടുകളും എല്ലാം പറയും അതേപോലെതന്നെ കെ വി റേഡിയോ നിലയുമായി പാട്ട് ആവശ്യപ്പെടുന്നതും . റോഡിയോ കത്തിടപാടുകൾ ശരവണൻ പാടൂരും ഒരാളാണ്. മാട്ടുമ്മൽ ഉള്ളവർക്ക്പഞ്ചായത്ത് മുഖേന കിട്ടേണ്ട ആനുകൂല്യങ്ങൾ എല്ലാം Kv മുഖേനയായിരുന്നു

അവർക്ക് കിട്ടിയിരുന്നത്അപേക്ഷ എഴുതലും അതുപോലുള്ള കാര്യങ്ങൾ അപേപേക്ഷിക്കലും കെവിയിലൂടെ യായിരുന്നു. മട്ടു മ്മലേക് ഒരു ഇടപുഴ കടക്കണമായിരുന്നു മറുകരയുമായി

ബന്ധിപ്പിച്ചിരുന്നത് പഞ്ചായത്ത് വക ഒരു വഞ്ചിയായിരുന്നു ഒരു കയർ ഒരു കരയിലും ഒരു കയർ മറുകരയിലും ആണ് കെട്ടിട്ടു ഉണ്ടാവുക ആ ഭാഗത്തുള്ള കയർ പിടിച്ച് പോയാൽ അക്കരെ എത്തും അതുപോലെതന്നെ അവിടുന്ന് വഞ്ചിയിൽ കേറി കയർ പിടിച്ച് വലിച്ചാൽ ഇക്കരെഎത്തും അങ്ങനെ കയറി പിടിച്ചു വലിച്ചിട്ടാണ് കടന്നിരുന്നത് അതിനുശേഷം ഒരു വലിയ മരപ്പാലം അവിടെ വന്നു മരപ്പാലത്തിനു വേണ്ടി പരിശ്രമിച്ചതും അത് കൊണ്ടുവന്നതും കാര്യാട്ടെ മുഹമ്മദുണ്ണിക്കയുടെ പരിശ്രമഫലമായിരുന്നു . ഇപ്പോഴും കെ വിയുടെ വീട്ടിലുള്ളവരുമായി നല്ല ബന്ധത്തിലാണ് മകൻ കാദർ മോൻ അബ്ബാസ് എന്നിവ രുമായി ഞാൻ കൂടുതൽ അടുപ്പം ചെറിയ വരുമായി അടുപ്പുമില്ലെങ്കിലും നല്ല ബന്ധം തന്നെയാണ് ഉള്ളത് എല്ലാവർക്കും വേണ്ടപ്പെട്ട ഒരു വ്യക്തിയായിരുന്നു Kv ക്ക അങ്ങനെയുള്ളവരെ ഇനിയിപ്പോൾ ആരെയും കാണുന്നില്ല അദ്ദേഹത്തിന്റെ കബറിടം അള്ളാഹു വിശാലമാക്കി കൊടുക്കട്ടെഎന്ന് പ്രാർത്ഥിക്കുന്നു ആമീൻ

<u>ആർ പി സിദ്ധിഖ് സാഹിബ്-ശബ്ദ സന്ദേശം</u>

https://youtu.be/_PYa5HCIBDw?si=_StlA8onNDlBK5v7

<u>നവാസ് അബ്ദുൽ ഖാദർ</u>

കെവി അഹമ്മദ് പാടൂർ...

അതങ്ങിനെ തന്നെ എഴുതിയതിന് പ്രത്യേക കാരണം ഉണ്ട്. അദ്ദേഹത്തിന് തന്റെ പേരിന്റെ കൂടെ പാടൂർ വേണം എന്ന് നിർബന്ധമായിരുന്നു. അന്നത്തെ പ്രധാന ജനകീയ മാധ്യമമായിരുന്ന റേഡിയോയിലേക്ക് സ്ഥിരമായി കത്തയച്ചിരുന്ന അദ്ദേഹം ഒരിക്കൽ അവതാരകൻ തൻറെ പേര് പാടൂർ എന്നില്ലാതെ വായിച്ചതിനു വലിയ പ്രതിഷേധം അറിയിച്ചു കാത്തയക്കുകയും അവതാരകൻ അത് വലിയ പ്രാധാന്യത്തോടെ വായിക്കുകയും ചെയ്തത് ഓർക്കുന്നു. എങ്കിലും അദ്ദേഹം അത്രയധികം സ്നേഹിച്ച ആ നാട്, അദ്ദേഹത്തെ എങ്ങിനെ തിരിച്ചു പരിഗണിച്ചു എന്നത് ചിന്തനീയമാണ്. മാത്രമല്ല, റേഡിയോയിലൂടെ കേരളക്കരയുടെ മുഴുവൻ പേരിലും പാടൂരിന്റെ പേരെത്തിച്ച അദ്ദേഹം പിന്നീട് ടെലിവിഷൻ, സിനിമ പോലുള്ള മാധ്യമങ്ങളിൽ അധികം ശ്രദ്ധ നേടാതെ പോയി.

അദ്ദേഹത്തിന്റെ "ഞെക്കു വിളക്ക്" എന്ന നോവൽ ഇറങ്ങിയ സമയത്ത് പാടൂർ സെന്ററിലെ പള്ളിയുടെ തൊട്ടടുത്ത് ഉള്ള ഷോപ്പിൽ അത് കുറെ തൂങ്ങി കിടന്നിരുന്നത് കണ്ടിട്ടുണ്ട്. പിന്നീട്, അദ്ദേഹവുമായി നല്ലൊരു സൗഹൃദം ഉണ്ടാക്കാൻ സാധിച്ചിരുന്നു.

അതിന്റെ തുടക്കം ആസ്പത്രിക്ക് മുന്നിലുണ്ടായിരുന്ന നജീബ്ഇക്കാടെ (കബീർക്കാടെ) ചായക്കടയിൽ നിന്നായിരുന്നു. വളരെ സരസമായി സംസാരിക്കുന്ന അദ്ദേഹത്തെ കേൾക്കാൻ പലപ്പോഴും അവിടെ കൂടും. ഒരിക്കൽ അദ്ദേഹം "സ്വലാത്തുള്ള സലാമുള്ള" എന്ന് തുടങ്ങുന്ന ബൈത്ത് "ബഹാറോം ഫൂൾ ബർസാവോ" എന്ന മുഹമ്മദ് റാഫി സാഹിബ് പാടിയ ഗാനത്തിന്റെ ഈണത്തിൽ പാടിത്തന്നത് ഇന്നലെ കഴിഞ്ഞത് പോലെ ഓർക്കുന്നു.

പിന്നീട് പലപ്പോഴായി അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും അദ്ദേഹത്തിനെ കുറിച്ച് വിവിധ പത്രങ്ങളിൽ വന്ന ലേഖനങ്ങളെ കുറിച്ചും എല്ലാം സംസാരിക്കുമായിരുന്നു. അങ്ങിനെ, അതെല്ലാം ഓൺലൈനിൽ ഒരുമിച്ച് കൂട്ടിയാൽ എങ്ങിനെ ഉണ്ടാകും എന്ന ഒരു ആശയം അദ്ദേഹത്തിന്റെ മുൻപിൽ വെച്ചു. പിറ്റേന്ന് തന്നെ ഒരു പഴയ പെട്ടിയുമായി അദ്ദേഹം വീട്ടിൽ വന്നു. അതിൽ, ഒരുപാട് പഴയ പുസ്തകങ്ങൾ പത്ര കട്ടിങ്ങുകൾ ഫോട്ടോകൾ എന്നിവയൊക്കെ ഉണ്ടായിരുന്നു. ഓരോന്നും എടുത്ത് വലിയ ആവേശത്തോടെ അദ്ദേഹം വിവരിച്ചു തന്നു. ബ്ലോഗുകൾ ഒന്നും ഇല്ലാത്ത ഒരു കാലമായിരുന്നു. അതെല്ലാം എങ്ങിനെ എങ്കിലും ഡിജിറ്റലൈസ് ചെയ്യുക. പിന്നീട് പറ്റുന്നത് പോലെ പബ്ലിഷ് ചെയ്യുക എന്നൊരു ആശയം ആയിരുന്നു മനസ്സിൽ. പക്ഷേ, അന്ന് സ്വന്തമായി ഒരു കമ്പ്യൂട്ടർ പോലും ഇല്ലാതിരുന്ന വിദ്യാർഥി ആയിരുന്ന എനിക്ക് അത് പൂർത്തീകരിക്കാൻ സാധിച്ചില്ല. കുറെ നാൾ എന്റെ കയ്യിൽ ഇരുന്ന ശേഷം വളരെ ഖേദത്തോടെ അദ്ദേഹത്തിന് അവയെല്ലാം മടക്കി നൽകി. ഒരു ഫോട്ടോസ്റ്റാറ്റ് എങ്കിലും എടുത്ത് വെച്ചാൽ മതിയായിരുന്നു എന്ന് വിഷമത്തോടെ പലപ്പോഴും ഓർത്തിട്ടുണ്ട്. പക്ഷേ, അപ്പോള് അത്തരം കാര്യങ്ങൾക്ക് ഒന്നും സമയവും, പണവും ചിലവഴിക്കാൻ താല്പര്യം ഉള്ളവരെ കണ്ടെത്താൻ വലിയ പ്രയാസം ആയിരുന്നു.

അതിനു ശേഷം പലപ്പോഴായി അദ്ദേഹം വീട്ടിൽ വരുമായിരുന്നു. കൂടാതെ, പെങ്ങളുടെ വിവാഹം കഴിഞ്ഞ ശേഷം അവരുടെ വീട്ടിൽ ഉമ്മയുടെ അടുത്ത് സ്ഥിരം സന്ദർശകനായിരുന്ന അദ്ദേഹത്തിന്റെ സരസമായ സംസാരം കൗതുകത്തോടെ പലപ്പോഴായി കാതോർത്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഇളയ മകൻ മജീദ് എന്റെ സഹപാഠി ആയിരുന്നു. പക്ഷേ, എനിക്ക് തോന്നുന്നത് മജീദിനേക്കാൾ ഞാൻ ഒരുപാട് സംസാരിച്ചിരിക്കുക കെവി ക്കയോട് ആയിരിക്കും. തന്റെ മകന്റെ കൂട്ടുകാരനോട് കൂട്ടുകാരനെ പോലെ സരസമായി സംസാരിക്കാൻ കഴിയുന്ന എത്ര പേരുണ്ട്? ജനറേഷൻ ഗ്യാപ്പ് ഒരിക്കലും നമുക്ക് തോന്നിക്കാത്ത ഒരു സഹൃദയനായിരുന്നു അദ്ദേഹം.

മാട്ടുമ്മലിനെ കുറിച്ച് "ദുനിയാവിന്റെ അറ്റം" എന്ന അദ്ദേഹത്തിന്റെ പ്രയോഗം ചിരിയും ചിന്തയും നമ്മിൽ ഉണർത്തി. പാടൂരിൽ നിന്നും ഓരോ ആഗോള പാടൂർക്കാരനായി നമുക്ക് സംഭാവന നൽകാൻ തരത്തിൽ പ്രതിഭ യുണ്ടായിരുന്ന ഒരു മഹാ കലാകാരൻ ആയിരുന്നു അദ്ദേഹം.

ഇനിയെങ്കിലും അദ്ദേഹത്തെ ഓർക്കുന്ന രീതിയിൽ നാം എന്തെങ്കിലും ചെയ്യേണ്ടതുണ്ട്. ചുരുങ്ങിയത് അദ്ദേഹത്തിന്റെ വർക്കുകൾ റിപബ്ലിഷ് ചെയ്തു ലോകത്തിന് നൽകേണ്ടതുണ്ട്. ഒരു പ്രായശ്ചിത്തം എന്ന് തന്നെ നമുക്ക് കരുതാം. നമ്മുടെ ഈ കൂട്ടായ്മയ്ക്ക് അതിന് സാധിക്കും എന്ന് തന്നെയാണ് എന്റെ പ്രതീക്ഷ.

ദുനിയാവിന്റെ അറ്റത്ത് നിന്ന് ആ മഹത്തായ സൃഷ്ടികൾ ആലം ദുനിയാവിൽ പടർന്ന് പരിലസിക്കട്ടെ!

അബ്ദുൽ മജീദ് മുഹമ്മദ്

സഹോദരൻ നവാസ് മുന്നോട്ട് വെച്ച ആശയം നല്ലതാണ്. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ നമുക്ക് നൽകാൻ കഴിയാതെ പോയ അർഹിക്കുന്ന അംഗീകാരം ഇങ്ങിനെയെങ്കിലും നമുക്ക് തിരികെ നൽകാൻ കഴിയണം. ഈ കൂട്ടായ്മക്ക് അതിന് കഴിയും. തീർച്ച .. ഇൻ ഷാ അല്ലാഹ്…

നാസറുദ്ധീൻ തങ്ങൾ

K.V. അഹ്മദ് എന്ന വ്യക്തിയെ പലപ്പോഴും കണ്ടിട്ടുണ്ട്. കുറച്ചു പാട്ടുകൾ എഴുതുന്ന വ്യക്തി എന്നല്ലാതെ എനിക്ക് ഒന്നും അറിയുമായിരുന്നില്ല. എനിക്ക് ആണെങ്കിൽ പാട്ടിൽ താൽപര്യം വരുന്നത് വളരെ അടുത്ത കാലത്താണ്. അതിനാൽ എഴുത്തുകാരൻ എന്ന രീതിയിൽ അറിയില്ല. എന്നെ വ്യക്തി പരമായി അദ്ദേഹ ത്തിനും അറിയുമായിരുന്നില്ല.

പക്ഷെ എനിക്ക് ഒരു ഓർമ്മ പങ്കു വെക്കാൻ ഉണ്ട്. ആശുപത്രിയുടെ മുന്നിൽ വെച്ച് പറയുന്നത്. ഒരു കുത്ത് മാറിയാൽ വാക്ക് മാറും, വാക്ക് മാറിയാൽ അർത്ഥം മാറും. അതിന് അദ്ദേഹം ഉദാഹരണമായി പറഞ്ഞത് ഉർദു വില് khuda, juda എന്നീ വാക്കുകൾ ആണ്. അത് പറഞ്ഞത് ഉർദു ഈരടി പാടിക്കൊണ്ട് ആണ്

ഗാനം പങ്കു വെച്ചത് ലത്തീഫ് വാക്കയിൽ

https://youtu.be/ApSjekWdCjM

അമീറുദ്ധീൻ കെ എം

K. V അഹമദ് പാടൂർ :

ഒരു കാലത്ത് വാർത്താ മാധ്യമമായിരുന്ന റേഡിയോയിലൂടെ രാത്രി 7.35 ന് വാർത്ത യ്ക്ക് ശേഷം ഉള്ള ശ്രോദ്ധാക്കളുടെ കത്ത് വായന യിലൂടെ കേട്ട് പരിചയം ഉള്ള പേരാണ് KV അഹമ്മദ് പാടൂർ. പാടൂരിന്റെ ഒരു അറ്റത്ത് പണ്ടാരമാടിൽ താമസിച്ചിരുന്ന അദ്ദേഹം രാവിലേയും വൈകീട്ടും വീട് മുതൽ ജമാഅത്ത് പള്ളി പരിസരത്തെ ചായക്കട , പാടൂർ സെന്റർ തുടങ്ങി

ഇടിയൻ ചിറ വഴി ഒരു കാലൻ കുടയുമായി നടന്ന് സഞ്ചരിക്കുന്ന ഒരു ജീവിത ശൈലിയുടെ ഉടമയായിരുന്നു. എല്ലാവരോടും സംസാരിക്കുമ്പോൾ നർമ്മരസത്തിലും തന്റെ ശൈലിയിൽ ഉള്ള ഹാസ്യ ഗാനം കൊണ്ടുമായിരുന്നു. വ്യത്യസ്ത ശബ്ദത്തിന്റെ ഉടമ കൂടിയായിരുന്ന അദ്ദേഹത്തിന്റെ ശബ്ദം ഓരോ പാടൂർ ക്കാരുടെ മനസ്സിലും മായാതെ ഓർത്തിരിക്കുന്നതാണ്. ജമാലിയ മസ്ജിദിന്റെ സമീപത്തുള്ള റേഷൻ കടയിൽ വരുമ്പോഴെല്ലാം അദ്ദേഹത്തിന്റെ തമാശയും പാട്ടും കേട്ട് രസിച്ചിരുന്ന ഒരുപാട് പേരിൽ ഒരാളായിരുന്നു ഞാനും. സ്വർണ്ണ കളർ ഉള്ള പല്ല് വെച്ചിരുന്ന അദ്ദേഹത്തോട് അതിനെ കുറിച്ച് ചോദിക്കുമ്പോൾ ഉള്ള മറുപടി രസകരമായിരുന്നു. അദ്ദേഹത്തിന്റെ കഴിവുകൾ അന്നത്തെ ജനങ്ങൾ വേണ്ട രീതിയിൽ പ്രോത്സാഹിക്കാതെ പോയിട്ടുണ്ടോ എന്ന ഒരു സംശയം ഉണ്ട്. ഈ കാലഘട്ടത്തിലെ പോലെയുള്ള മാധ്യമ സ്ത്രോതസ്സുകൾ ഇല്ലാതെ പോയതാകാം ഒരു കാരണം. പുതു തലമുറക്ക് ഇദ്ദേഹത്തെ ക്കുറിച്ച് അറിയാൻ ഇത് കൊണ്ട് ഒരു നിമിത്തമാകുന്നതിൽ അഭിമാനിക്കാം.

<u>സഊദ് തങ്ങൾ</u>

ബഹുമാന്യനായ മാപ്പിളകവി കെ. വി. അഹ്മദ് സാഹിബ്

****

കേരളത്തിന്റെ സർഗ്ഗതീരത്തേക്ക് പാടൂരിനെ ആനയിച്ചു കൊണ്ടുപോയ കെ. വി. അഹ്മദ് എന്ന ഭാവ ഗായകനെയാണ് നാമിന്നോർക്കുന്നത്.

അറിഞ്ഞതിനേക്കാൾ എത്രയോ ആഴത്തിലാണ് അദ്ദേഹത്തിന്റെ പ്രതിഭ എന്ന് മനസ്സിലായത് സുഹൃത്തുക്കളുടെ കുറിപ്പുകളിൽ നിന്നാണ്. അദ്ദേഹത്തെ കൃത്യമായി അറിയാൻ വൈകി എന്ന കുറ്റബോധത്തോടെ ചിലത് കുറിക്കട്ടെ.

ഒരു നാലാം ക്ലാസ്സ് കാരന് കഥയും കവിതയും അനായാസമായി എഴുതാൻ കഴിയുക എന്നത് വലിയ ബഹുമതി തന്നെയാണ്. അനുഭവങ്ങളുടെ പാഠ ശാലയാണ് കലാകാരനെ സൃഷ്ടിക്കുന്നത്. അഹ്മദ് സാഹിബ്, തീക്ഷ്ണമായ ജീവിതാനുഭവങ്ങളിലൂടെ കടന്നു പോകുകയായിരുന്നുവല്ലോ. 'ജീവിതം, അടിച്ചമർക്കപ്പെട്ട ജീവിതം, അതിൽ നിന്നേ പിണർക്കൂ മിന്നൽ പിണരുകൾ' എന്ന് മുണ്ടശ്ശേരി മാഷ് പറഞ്ഞു വെക്കുന്നത് ഈ യഥാർഥ്യത്തെയാണ്.

എഴുതി എഴുതി അതിരു വിടുന്ന കലാകാരന്മാർ ഉണ്ട്. ഇവരെ പറ്റി വിശുദ്ധ ഗ്രന്ഥത്തിൽ അല്ലാഹു 'താഴ്‌വര കളിലൂടെ, അരുതാത്തത് പാടി നടക്കുന്നവർ' എന്ന് ആക്ഷേപിക്കുന്നുണ്ട്.

'വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്യുകയും, സത്യത്തിന്റെ പക്ഷം ചേർന്ന് നിൽക്കുകയും ചെയ്യുന്ന കവികളെ ഒഴിവാക്കിയിട്ടാണ് ഈ വിമർശനം. പ്രവാചകന് തന്നെ സ്വന്തം കവികളുണ്ടായിരുന്നു. ഇതോന്നും പരിഗണിക്കാതെ പാട്ടു പാടുന്നവരൊക്കെ വഴി കേടിലാണെന്ന് വിധിക്കുന്നവരുണ്ട്. ഇസ്ലാമിക സൗന്ദര്യ ശാസ്ത്രത്തെ കുറിച്ച് ഗഹനമായി പഠിച്ചവർ ഇത്തരം വാദങ്ങളെ തള്ളി കളഞ്ഞിട്ടുണ്ട്.

നമ്മുടെ കഥാ പുരുഷന്റെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. പാടുകയും, എഴുതുകയും, നാട്ടിന്റെ പ്രശ്നങ്ങളിൽ ഇടപെടുകയും ഭദ്രമായ കുടുംബ ജീവിതം നയിക്കുകയും ചെയ്ത് നമുക്കിടയിലൂടെ സ്വസ്ഥമായി നടന്നു നീങ്ങിയ കെ. വി. അഹ്മദ് എന്ന വ്യക്തി തികച്ചും മാന്യനായിരുന്നു. ഒരു കലാകാരൻ എങ്ങനെ ആയിക്കൂടാ എന്നതിനെ കുറിച്ച് ബോധവനായിരുന്നു അദ്ദേഹം എന്നാണ് മനസ്സിലാകുന്നത്.

ഒരു തവണ, ഗൾഫിലുള്ള തന്റെ മകൻ കാദർമോനുള്ള ഒരു കത്തുമായി വീട്ടിൽ വന്നിരുന്നു. ആ കത്തു കൈ പറ്റുമ്പോൾ ഞാൻ എന്തോ ഒരുപകാരം ചെയ്യുന്ന പോലെ ഒരു ഭവ്യത ആ മുഖത്തു തെളിഞ്ഞത് ഇപ്പോഴും ഓർക്കുന്നു. എനിക്കദ്ദേഹത്തോട് ബഹുമാനം തോന്നിയ നിമിഷം.

കഠിന പരിശ്രമങ്ങളിലൂടെ കൈവരിച്ച കഴിവുകൾക്ക് അർഹിച്ച അംഗീകാരം അദ്ദേഹത്തിന് കിട്ടാതിരുന്നത് എന്തേ എന്ന ചോദ്യം ബാക്കി നിൽക്കുന്നു. അതിവിനയവും ആൽമാഭിമാനവും ഒത്തു ചേർന്നാൽ അർഹിക്കുന്നത് കിട്ടാതെ പോകുന്ന അനുഭവങ്ങളുണ്ട്. അതോ സർവവും പടച്ചവനിൽ അർപ്പിച്ചു, ബുദ്ധി മുട്ടുകളെ മറവിക്ക് വിട്ട് കൊടുത്ത്, ജീവിതം ഒരു ഉത്സവമാക്കി, സ്വർഗം സ്വപ്നം കണ്ടു നടന്നതാവുമോ അതിന്റെ കാരണം?

അത്തരമൊരു സൂചന സുഹൃത് ശരീഫ് ബാബു തരുന്നുണ്ട്.

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ كَانَتْ لَهُمْ جَنَّاتُ الْفِرْدَوْسِ نُزُلًا

എന്ന വചനം തന്റെ വീട്ടിലേക്ക് കയറി ചെന്ന സന്ദർഭങ്ങളിൽ അദ്ദേഹം ഉരുവിടുമായിരുന്നുവത്രെ. അദ്ദേഹത്തിന്റെ വിശ്വാസ ദാർഢ്യത്തെയും അതു വഴി അദ്ദേഹം സ്വപ്നം കണ്ട സ്വർഗീയ അനുഭൂതിയെയുമാണ് അത് സൂചിപ്പിക്കുന്നത്.

നാം അദ്ദേഹത്തിന്റെ കലാവിരുന്നുകൾ ആസ്വദിക്കുമ്പോഴും, അദ്ദേഹത്തിന് കൊടുക്കേണ്ടത് കൊടുത്തില്ല എന്ന കുറ്റബോധം പലരും പകർത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റ കാലശേഷമെങ്കിലും അദ്ദേഹത്തെ സമുചിതമായി ആദരിക്കാൻ കഴിഞ്ഞത് തന്നെ ഭാഗ്യം.

വളഞ്ഞു തിരിഞ്ഞ വഴികളിലൂടെ തോടുകളോടും കണ്ടൽകാടുകളോടും കിന്നാരം പറഞ്ഞു നടന്നു നീങ്ങുന്നതിനിടയിൽ സംഭവിക്കാൻ ഇടയുള്ള അപാകതകളെ പൊറുത്തു കൊടുക്കാൻ അല്ലാഹുവോട് പ്രാർത്ഥിക്കാം. നമ്മളിൽ നിന്ന് അല്ലാഹുവിലേക്ക് യാത്ര തിരിച്ച സഹോദരന് അല്ലാഹു അവന്റെ സ്വർഗം നൽകി അനുഗ്രഹിക്കട്ടെ- ആമീൻ.

ഗാനം പങ്കു വെച്ചത് ഷറഫു

https://youtube.com/shorts/MeRc_8MULzI?si=3Fpdf_QxC6CqR_Sp

03 Jan 2026

Episode-10

മർഹൂം മൂസൽ ഖാസിം തങ്ങൾ



اسلام عليكم ورحمة الله وبركاته

തന്റേതായ സാന്നിധ്യംകൊണ്ട് ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തിയ മഹത്തുക്കളുടെ ഓർമ്മകൾ പങ്കുവയ്ക്കുന്ന ഈ വേളയിൽ, ഇന്ന് നമ്മൾ സ്നേഹപൂർവ്വം ഓർക്കുന്നത് മർഹൂം മൂസൽ ഖാസിം തങ്ങളെയാണ്

മുസ്ലീം ലീഗ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ അക്ഷീണമായി പ്രവർത്തിച്ച നേതാവായിരുന്ന അദ്ദേഹം, സൗമ്യതയും ദൃഢനിശ്ചയവും ചേർന്ന വ്യക്തിത്വമായി എല്ലാവരുടെയും മനസ്സുകളിൽ ഇടം നേടിയിരുന്നു.

അല്ലാഹു അദ്ദേഹത്തിന് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാന മനുവദിക്കുമാറാകട്ടെ....

آمين 👐 يارب العالمين

നജീബ് സാഹിബ് കാരിയാട്ട്



S. M. മൂസൽ ഖാസിം തങ്ങൾ:

പാടൂരിൻറെ പ്രൗഢ ഗംഭീരമായ മുഖം. ഒരു കാലഘട്ടത്തിന്റെ പ്രതിഭ. റസൂലിന്റെ സന്തതി പരമ്പരയിൽ പെട്ടവരാണ് യഥാർത്ഥത്തിൽ " തങ്ങൾ" എന്ന ഭയഭക്തി ബഹുമാനത്തോടെ നാം അഭിസംബോധന ചെയ്യുന്ന സമൂഹം. സാധാരണ പൗരൻമാരിൽ നിന്നും വിഭിന്നമായ ചില Special Previlage അവർക്ക് സമൂഹത്തിൽ ഉണ്ട്.

എന്നാലും അത്തരം വരേണ്യ വിഭാഗത്തിൽ പെടും എൻകിലും അതെല്ലാം വേണ്ടെന്ന് വെച്ചു സമൂഹത്തിന്റെ സമഗ്രമായ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരു തലമുറയുടെ പ്രതിനിധിയാണ് ബഹുമാനപ്പെട്ട S. M. മൂസൽ ഖാസിം തങ്ങൾ.

പ്രൗഢഗംഭീരമായ ആ മുഖം Personality ഒരിക്കലും നമ്മുടെ ഹൃദയത്തിൽ നിന്ന് മാഞ്ഞു പോകുകയില്ല. അദ്ദേഹത്തിന്റെ ഗാംഭീര്യമേറിയ ശബ്ദം അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. സെയ്ദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുമായി തന്നെ അടുത്ത ബന്ധം അറുപതുകളിൽ മൂസൽ ഖാസിം തങ്ങൾ പുലർത്തിയിരുന്നു.

ഇൻഡ്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പരമോന്നത പദവി അലങ്കരിക്കുന്ന നിരവധി നേതാക്കൾ അദ്ദേഹത്തിന് കരതലാമാലകം പോലെ ആയിരുന്നു. എന്നാലും സ്വന്തം കാര്യത്തിന് വേണ്ടി അതൊരിക്കലും ഉപയോഗിച്ചില്ല എന്നതാണ് അദ്ദേഹത്തിനെ വ്യത്യസ്ഥനാക്കുന്നത്. പല തവണ നിയമ സഭാ സാമാജികൻ ആകാൻ ഉള്ള അവസരം അദ്ദേഹം വേണ്ടെന്ന് വെച്ചു. അത്തരം ത്യാഗ നിർഭരമായ രാഷ്ട്രീയ ജീവിതം നയിക്കുന്ന നേതാക്കൾ ഇക്കാലത്ത് വിരളമാണ്.

ഇൻഡ്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പരമോന്നത സ്ഥാനം അലങ്കരിക്കുമായിരുന്ന അദ്ദേഹം അകാലത്തിൽ ആണ് നമ്മെ വിട്ടു പിരിഞ്ഞത്. ജുമാഅത്ത് കമ്മിറ്റിയുടെയും മ്ദ്റസയുടെയും എല്ലാ കാര്യങ്ങളും അദ്ദേഹത്തിന്റെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്.

അദ്ദേഹത്തിന്റെ യശസ്സ് കേരളത്തിന്റെ തെക്കൻ ജില്ലകളിലും തമിഴ് നാട്ടിലും ഇപ്പോഴത്തെ സാഹചര്യത്തിൽ പോലും നിറഞ്ഞു നിൽക്കുന്നു എന്നത് അഭിമാനകരമായ ഒരു കാര്യമാണ്.

അദ്ദേഹത്തിന്റെ മക്കൾ അസ്ഘർഅലി തങ്ങളും ശബീർ അലി തങ്ങളും എന്റെ ആത്മ മിത്രങ്ങൾ ആണ്. അസ്ഘർഅലി തങ്ങൾ ഇപ്പോഴത്തെ സാഹചര്യത്തിലും സജീവ പൊതു പ്രവർത്തകൻ ആണ്. അദ്ദേഹം ഇനിയും ശോഭിക്കട്ടെ എന്ന് ആണ് എന്റെ പ്രാർത്ഥന.

എസ് എം മൂസൽ ഖാസിം തങ്ങൾ എന്റെ പിതാവിന്റെ ആത്മ മിത്രം ആയിരുന്നു. എൻതോ ഒരു സാമ്യം പോലെ രണ്ടു പേരും അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞു.

ബഹുമാനപ്പെട്ട തങ്ങളുടെ കബറിടം വിശാലമാക്കി കൊടുക്കാൻ സർവ ശക്തനായ അല്ലാഹുവിനോട് ദുആ ചെയ്യുന്നു.

നജീബ് കാര്യാട്ട്

2/1/26

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/dzRavcLmRMs?si=3EhY5RKsYD7Wcg1X

ലത്തീഫ് വാക്കയിൽ

മർഹൂം മൂസൽ ഖസിം തങ്ങൾ

ചെറുപ്പത്തിൽ വളരെ കൗതുകത്തോടെയും അതിലേറെ ബഹു മാനത്തോടെയും നോക്കാറുള്ള വ്യക്തിത്വങ്ങളിൽ ഒരാൾ. എത്ര ദൂരെ നിന്നാലും മനസ്സിലാക്കാൻ കഴിയുന്ന ശരീര ഘടന. നേരിട്ട് ഇടപഴകാൻ അധികം അവസരം കിട്ടിയില്ലെങ്കിലും, മക്കൾ ഷബീർ അൻസാരിയും അസ്ഗർ അലി തങ്ങളും തമ്മിൽ ചെറുപ്പത്തിലേ ഉള്ള സുഹൃത് ബന്ധമാണ്.

ഒരു പക്ഷെ അദ്ദേഹത്തിന്റെ പ്രവർത്തന മേഖല കൂടുതലും തമിഴ് നാട് ആയതിനാലാവും എന്റെ പ്രായക്കാർക്ക് അടുത്തിടപഴകാൻ അവസരം ലഭിക്കാഞ്ഞത്.

എന്തായാലും നമുക്ക് അഭിമാനിക്കാം, പാടൂരിൽനിന്നുള്ള അദ്ദേഹം വളരെയധികം സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന വ്യക്തി ആയിരുന്നു എന്നാണ് അന്വേഷണത്തിൽ മനസ്സിലായത്.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ സംസ്ഥാന പ്രവർത്തന സമിതി അംഗം ആയിരുന്ന എ.എസ്.എം മൂസൽ കാസിം തങ്ങൾ ബുഖാരി തിരൂർ മുതൽ കൊടുങ്ങല്ലൂർ വരെയുള്ള പഴയ പൊന്നാനി താലൂക്കിന്റെ പ്രസിഡന്റ് കൂടിയായിരുന്നു. കേരള സാമൂഹിക രാഷ്ട്രീയ രംഗത്ത് നിറഞ്ഞ് നിന്ന അദ്ദേഹം അയൽ സംസ്ഥാനമായ തമിഴ് നാട്ടിലെ തിരുനെൽവേലിയിലെ മേലെപ്പാളയത്ത് 1957 ൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് സ്ഥാപക നേതാവ് ഖഇദെമില്ലത്ത് ഇസ്മാഈൽ സാഹിബ്ബിന്റെ നിർദ്ദേശപ്രകാരം മുസ്‌ലിംലീഗ്

സ്ഥാപിച്ചു. കൂടാതെ തമിഴ് നാട്ടിലെ മേലെപാളയം, കായൽ പട്ടണം, കീളക്കര, ദിണ്ഡികൽ, തൂത്തുക്കുടി, കടയനല്ലൂർ, സിർത്തണ്ട് എന്നീ പ്രദേശങ്ങളിൽ ആത്മീയമായ നേതൃത്വം നൽകുകയും അവിടത്തെ ജനതയ്ക്ക് ദിശാബോധം നൽകുകയും ചെയ്തു. തൽഫലമായി അദ്ദേഹത്തിന് നിരവധി ശിക്ഷ്യ ഗണങ്ങളെ സമ്പാദിക്കുവാൻ സാധിച്ചു. ചന്ദ്രികയുടെ സ്ഥാപക മെംബറായിരുന്ന അദ്ദേഹം അവിഭക്ത സമസ്തയുടെ യുവജന സംഘം തൃശ്ശൂർ ജില്ലാ പ്രസിഡന്റും കൂടിയായിരുന്നു.

അള്ളാഹു മർഹൂമിന് സ്വർഗത്തിൽ ഉയർന്ന സ്ഥാനം നൽകി അനുഗ്രഹിക്കട്ടേ, ആമീൻ.

ലത്തീഫ് വാക്കയിൽ

നജീബ് സാഹിബ് കാരിയാട്ട്

അനുബന്ധം

ഞാനും അസ്ഘർഅലി തങ്ങളും രണ്ടാം ക്ലാസ്സിൽ (എന്റെ സഹോദരൻ ബാബുവും) ഒരുമിച്ച് പഠിച്ചവർ ആണ്. അക്കാലത്ത് ആണ് മൂസൽ ഖാസിം തങ്ങളുടെ ഭവനത്തിൽ അഗ്നി ബാധ ഉണ്ടായത് എന്ന് ഓർക്കുന്നു. ഒരു പാട് നാശ നഷ്ടം ഉണ്ടായി ഇന്നത്തെ പോലെ Fire force ഒന്നും ഇല്ലാത്ത കാലം.

(2) ജനാബ് ബി. വി. സീതി തങ്ങൾ ആയിരത്തി തൊള്ളായിരത്തി അൻപതുകളിൽ മുതൽ നിയമ സഭാ തിരഞ്ഞെടുപ്പിൽ മൽസര രംഗത്തുള്ള വ്യക്തി ആണ്. എല്ലാ തെരഞ്ഞെടുപ്പുകളിലും Demmy candidate S M ആയിരുന്നു.

Credibility is the only reason for the same. Alhamdulillah

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/EqruYydS_i0?si=gEQ3h66vb5x6l2fn

പി എൻ അബ്ദുൽ ഖാദർ സാഹിബ്

ബഹുമാന്യനായ മർഹും മുസൽ ഖാസിം തങ്ങൾ കൂടുതൽ കണ്ടതായൊ ഇടപഴകിയതായൊ ഓർമയിൽ ഇല്ലങ്കിലും അദ്ദേഹം നടന്നു വരുന്ന ഒരു വരവ് എന്തൊ ഒരു ചൈതന്യം അദ്ദേഹത്തിന്റെ മുഖത്ത് കാണാൻ സാധിക്കും കാണുമ്പോഴൊക്കെ വല്ലാത്തൊരു പറഞ്ഞറിയിക്കാൻ പറ്റാത്തൊരു എന്തോ ഒരു പ്രത്യേകത അദ്ദേഹത്തിനുണ്ടായിരുന്നു അദ്ദേഹം ത്തിന്റെ ഖബറിടം വിശാലമാക്കി സ്വർഗം നൽകി അനുഗ്രഹിക്കട്ടെ ആമീൻ

ഹൃദയപൂർവം പാടൂർ പേജ്.264 പങ്കുവെച്ചത് ഷരീഫ് ബാബു

ഇനിയൊരു ദിവസ്സവും മൂസ്സക്കയുടെ വാട്സാപ്പിൽ നിന്നും ഒരു ജുമാ മുബാറക്കും വരില്ല.

ജീവിതത്തെ ഏറെ കുറെ വെറുതെ ആക്കി കളയാതെ കഴിഞ്ഞ കാലത്തെ കൂടെ കൂട്ടാതെ ആത്മീയ ജീവിതത്തെ കൂടെ കൂട്ടി മനസ്സിന് ബലം കൊടുത്തു ജീവിക്കാമെന്ന് മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുവാൻ മൂസക്കാക്ക് കഴിഞ്ഞു. ആ ബലത്തിലോടെ മാത്രം പടവെട്ടിയാണ് ഓരോ ദിനങ്ങളെയും മൂസക്ക കഴിച്ചു കൂട്ടിയിട്ടുണ്ടായിരിക്കുക.

കാരുണ്ണ്യവാനായ അല്ലാഹുവേ നീ അദ്ദേഹത്തിന്റെ എല്ലാ പാപങ്ങളും കുറ്റങ്ങളും കുറവുകളും പൊറുത്തു കൊടുക്കേണമേ, ഏറെ കരുണയുള്ള നിന്റെ അടുത്ത് എത്തിയാൽ മാന്യമായ സ്ഥാനം നൽകേണമേ, വെള്ളം കൊണ്ടും മഞ്ഞു കൊണ്ടും തണുപ്പ് വെള്ളം കൊണ്ടും നീ കഴുകുകയും, പാപങ്ങളിൽ നിന്നും നീ ശുദ്ധീകരിക്കുകയും ചെയ്യേണമേ നാഥാ!

എസ് എം മൂസൽകാസിം തങ്ങൾ
പാടൂരിന്നു മറക്കാനാവാത്ത മുഖം



1924ൽ. സയ്യിദ് ഇബ്രാഹീം കോയകുട്ടി തങ്ങളുടെയും സയ്യിദ ശരീഫ ബീവിയുടെയും മകനായി പാടൂരിൽ ജനിച്ചു. മുസ്‌ലിം ലീഗിന്റെ തൃശൂർ ജില്ലയിലെ ആദ്യകാല നേതാക്കളിൽ പ്രമുഖനായിരുന്നു. പഴയ പൊന്നാനി താലൂക്കിലും തൃശൂർ ജില്ലയിലും, ഖാഇദ ദേ മില്ലത് ഇസ്മായിൽ സാഹിബിനോടൊപ്പം തമിഴ് നാടിന്റെ തെക്കൻ പ്രദേശങ്ങളിലും മുസ്‌ലിം ലീഗ് കെട്ടിപ്പടുക്കുന്നതിൽ പ്രമുഖ പങ്ക് വഹിച്ചു.

ലീഗിന്റെ പഴയ പൊന്നാനി താലൂക് (തിരൂർ മുതൽ കൊടുങ്ങല്ലൂർ ആല വരെയുള്ള പ്രദേശം) പ്രസിഡന്റ്, തൃശൂർ ജില്ലാ വൈസ് പ്രഡിഡന്റ് ,സംസ്ഥാന കമ്മിറ്റി മെമ്പർ, ചന്ദ്രിക ദിനപത്രം ഡയറക്ടർ. സുന്നി യുവജന സംഘം ജില്ലാ പ്രസിഡണ്ട്, പാടൂർ മഹല്ല് പ്രസിഡന്റ് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് തുടങ്ങി നിരവധി മേഖലകളിൽ നേതൃത്വപരമായ പങ്കു വഹിച്ച അദ്ദേഹം പാടൂരിലെയും തൃശൂർ ജില്ലയിലെയും തമിഴ്നാട്ടിലെ തിരുനെൽവേലി, കായൽപട്ടണം, കന്യാകുമാരി ജില്ലകളിൽ മത, സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ നിറഞ്ഞു നിന്ന വ്യക്തിത്വ മായിരുന്നു. തമിഴ് നാട്ടിലെ തിരുനെൽവേലി മേലെപ്പാളയം, കായൽ പട്ടണം, കീളക്കര, കടയനല്ലൂർ പ്രദേശങ്ങളിൽ ഇപ്പോഴും തരീഖത്തിലെ അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളുണ്ട്. 1991. ജനുവരി ഒന്നിന് ഇഹലോകവാസം വെടിഞ്ഞു.

പാടൂർ ഗ്രാമ ഹിസ്റ്ററിയിൽ തിളങ്ങുന്ന ഒരു മുഖവുമാണ് സയ്യിദ് മൂസൽ ഖാസിം തങ്ങൾ. നാഥൻ അവന്റെ സ്വർഗീയാരാമത്തിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടെ.

(264)

ആർ വി ഉമ്മർ സാഹിബ്

വലിയ വട്ട മുഖം, ഒത്ത ശരീരം, സുന്ദരമായി വെട്ടി ഒരുക്കിയ വട്ടതാടി, തലയിലെ ജിന്നാ ക്യാപ് - തേജസ്സുറ്റ നിറ സാന്നിധ്യം തന്നെയായിരുന്നു ജ. മൂസൽ കാസിം തങ്ങൾ, ഏതു സദസ്സിലായാലും ഗൗനിക്കാതിരിക്കാൻ വയ്യാത്ത വ്യക്തി.

അദ്ദേഹം പാടൂരിൽ പ്രവർത്തന നിരതനായിരുന്ന കാലത്ത് ഞാൻ തീരെ ചെറുപ്പമായിരുന്നു. നേരിട്ട് അനുഭവങ്ങൾ കാര്യമായ ഒന്നും ഇല്ല.1967ലെ അസംബ്ലി തെരഞ്ഞെടുപ്പിനു മുന്നോടിയായി മുസ്ലിം ലീഗിന്റെ

ആഭിമുഖ്യത്തിൽ പുളിക്കക്കടവിന് തൊട്ട് ഒരു ഗംഭീര സമ്മേളനം നടന്നിരുന്നു. ലീഗ് സപ്തകക്ഷി മുന്നണിയിൽ ചേർന്നതിന്റെ വലിയ ആവേശത്തിൽ. അക്ഷരാർത്ഥത്തിൽ നിറഞ്ഞു കവിഞ്ഞ ജനാവലി. കുഞ്ഞിപ്പ മർഹും N P അബ്ദുൽറഹ്മാൻ വലിയ ലീഗ് സ്പിരിറ്റ് ഉണ്ടായിരുന്ന ആളായിരുന്നതു കൊണ്ട് ഞങ്ങൾ കുഞ്ഞു കുട്ടികളെ അടക്കം കൂടെ കൊണ്ടു പോയിരുന്നു. (സമ്മേളന നഗരിക്ക് വെല്ലിപ്പയുടെ പേരായിരുന്നു കൊടുത്തിരുന്നത്. അതു കൊണ്ട് കൂടിയാണ് ഓർത്തു വെച്ചത്). എന്റെ ഓർമയിൽ അന്ന് ആ വേദിയിൽ സ്റ്റാർ ആയി നിറഞ്ഞു നിന്നത് മർഹും മൂസൽ കാസിം തങ്ങളായിരുന്നു.

പിന്നീട് തങ്ങളുടെ സാന്നിധ്യം ഓർത്തു വെക്കുന്നത്, ഒരു വെള്ളിയാഴ്ച ജുമുഅക്ക് ശേഷം "അൻസാരി ട്രസ്റ്റ്" രൂപീകരണം അദ്ദേഹം പ്രഖ്യാപിച്ചതാണു. തങ്ങൾ ആയിരുന്നു ചെയർമാൻ. ആ ട്രസ്റ്റ്ന്റെ പ്രവർത്തന ഫലമാണ് ഇന്ന് Family Health Clinic നിൽക്കുന്ന സ്ഥലം പള്ളിയുടെ കൈവശം വന്നു ചേർന്നത്.

പ്രവർത്തന മണ്ഡലം നാട്ടിൽ നിന്ന് മാറ്റുന്നതിന് മുൻപു കൂട്ടുകാരനും സഹ lപ്രവർത്തകനും എന്ന നിലക്ക് ഉപ്പയെ കാണാനും മറ്റുമായി ഇടക്ക് അദ്ദേഹം വീട്ടിൽ വരാറുണ്ടായിരുന്നു.

അല്ലാഹു അദ്ദേഹത്തിന് പരലോക വിജയം നൽകുമാറാകട്ടെ. ആമീൻ.

<u>അഷ്റഫ് പി എ</u>

മൂസൽ കാസിം തങ്ങളെ കുറിച്ച് മേൽ വിവരിച്ച വിശേഷണങ്ങൾ ഒന്നും എനിക്കറിയില്ലായിരുന്നു . തമിഴ് നാട്ടിൽ ആണെന്ന് മാത്രം അറിയാം.

ഒരിക്കൽ വളപ്പിലെ പള്ളിക്ക് അടുത്തുള്ള ഉപ്പാടെ കടയിൽ ഇരിക്കുമ്പോ തങ്ങൾ അകലെ നിന്നും നടന്നു വരുന്നത് ഞാൻ കണ്ടു . വെള്ള ശുഭ്ര വസ്ത്രധാരിയായി നടന്ന് വന്ന് കടയുടെ കോലായിൽ ഉള്ള വലിയ ഉപ്പ് പെട്ടിയിൽ കയറി ഇരുന്നു .അത് വരെ അടുത്ത് കാണുകയോ പരിചയപെടുകയോ ചെയ്തിട്ടില്ലാത്ത ഞാൻ അന്ന് പരിചയപ്പെട്ട് ഏറെ നേരം സംസാരിച്ചു.

പിന്നീട് ഉപ്പാനെ നോക്കി കൊണ്ട് ചോദിച്ചു .. ഇങ്ങളെ കല്യാണം കഴിഞ്ഞ കാലം ഒക്കെ കുട്ടികൾക്ക് അറിയോ. ..! എന്നിട്ട് ഉറക്കെ ചിരിച്ചു . ചെറുപ്പത്തിൽ തന്നെ ഉപ്പയും ഉമ്മയും വെല്ലിമ്മയും ഒരു പാട് പറഞ്ഞു കേട്ടിട്ടുള്ള സംഭവ ബഹുലമായ ആ കഥ തങ്ങൾ എന്നെ നോക്കി വിവരിക്കുവാൻ തുടങ്ങി .ആദ്യമായി കേൾക്കുന്നുവെന്ന പോലെ ഞാനും .

തറവാട്ടിലെ വിശാലമായ പൂമുഖത്തു ഇരുന്നു നിക്കാഹ് കഴിഞ്ഞ് [അന്ന് കാലത്ത് നിക്കാഹിന് ശേഷം പുതിയാപ്ലമാർക്ക് ചങ്ങായിമാർ നൽകുന്ന ഉപഹാരമാണല്ലോ മംഗളപത്രം] നിക്കാഹിന് ശേഷം തളികുളത്തു നിന്നും വന്ന ഉപ്പാടെ ചങ്ങായിമാർ മംഗള പത്രം വിതരണം ചെയ്തു . പത്രത്തിനു താഴെ സഖാക്കൾ എന്നും അതിന് താഴെ അരിവാൾ ചുറ്റിക നക്ഷത്രം ലോഗോയും . മംഗള പത്രം വായിച്ചു തീർന്ന പാടൂരിലെ പുരുഷാരങ്ങൾ ഒരുമിച്ച് യോഗം

കൂടി കുലങ്കുഷമായ ചർച്ച. അവസാനം എല്ലാ മംഗള പത്രങ്ങളും ഒരുമിച്ച് കീറി നിക്കാഹ് കഴിഞ്ഞ ആലസ്യത്തിൽ വിരുപ്പിൽ ഇരിക്കുന്ന ഉപ്പാടെ തലയിൽ പുഷ്പാർച്ചന നടത്തി .

പിന്നെ എന്ത് പറയാൻ ... സഖാക്കളുടെ ചുവന്ന ചോരയിൽ കാശ്മീരി മുളക് പൊടി ചേർത്ത പോലെ ഒന്ന് കൂടി ചുവന്നു.. എണീക്കടാ ... എന്നൊക്കെ പറഞ്ഞു രംഗം വഷളാവുന്നതിന് മുന്നേ ആരൊക്കെയോ ഇടപെട്ട് നിക്കാഹ് സാക്ഷ്യപെടുത്തി ..

രണ്ട് ഡോറുള്ള കല്ല് ഉപ്പ് നിറച്ച പെട്ടിയിൽ സ്ഥിരം ഇരുന്ന് രാഷ്ട്രീയവും കാലിക വിഷയങ്ങളും പരദൂഷണവും പറയുവാൻ വേണ്ടി സ്ഥിരം വന്നിരിക്കുന്ന ആളുകൾ ഉണ്ട്.

എന്തിനാണ് രണ്ട് ഡോർ എന്ന് ചെറുപ്പം മുതലേ ഞാൻ ചിന്തിക്കാറുണ്ട് . പിന്നീടാണ് മനസിലായത് .. ഒരു ഡോറിന് പുറത്ത് ഒരാൾ ഇരുന്നാലും മറ്റേ ഡോർ തുറന്ന് ഉപ്പ് എടുക്കുവാൻ കഴിയും . ഇന്നത്തെ പോലെ അയോഡൈസിട് പാക്കറ്റ് ഉപ്പ് ലഭിക്കാത്ത കാലം ആണല്ലോ. .!

പറഞ്ഞു വന്നത്, തങ്ങൾ വന്ന് അതിന്മേൽ ഇരുന്നപ്പോ രണ്ട് ഡോറും തുറക്കാൻ പറ്റാത്തത്ര ഉപ്പ് പെട്ടി നിറഞ്ഞു.

സത്യം പറഞ്ഞാൽ ഇത്രയും ഹാൻഡ്സം ഉള്ള ഒരാളെ നാട്ടിൽ ഞാൻ വേറെ കണ്ടിട്ടില്ല . തടിക്കും മുഖത്തിനും അനുയോജ്യമായ വെളുത്ത താടി . മൗലാനയുടെ വെള്ള സൂരിതുണി വെള്ള ഷർട്ടും.

ഗൾഫിൽ ലബനാനികളെയും ഈജിപ്ഷനെയും ഒക്കെ കണ്ടിട്ടുണ്ടങ്കിലും നമ്മുടെ നാട്ടിൽ ഇത്രയും തേജസുള്ള ഒരാളെ ഞാൻ വേറെ കണ്ടിട്ടില്ല.. ഇന്ന് വരെയും. പണ്ട് ഹിന്ദി സിനിമയിലെ ശശി കപ്പൂറിനെ കൊച്ചു കോയ തങ്ങളോട് ഉപമിക്കുന്നത് ഞാൻ ഓർക്കുന്നു. ഇളയ സഹോദരൻ പൂക്കോയ തങ്ങൾ [അൽത്താഫിന്റെ വാപ്പ] അടക്കം മൂന്ന് പേരും പുരുഷ ആകാര സൗന്ദര്യത്തിന്റെ പ്രതീകങ്ങൾ ആണ് .

ഞാൻ തിരിച്ചു പോണതിന് മുന്നെ ഒരു ദിവസം ഉപ്പ പറഞ്ഞാണ് അറിഞ്ഞത് മൂസൽ കാസിം തങ്ങൾ മരണപെട്ടു...! വളരെ അടുത്ത് പഴയ കഥകൾ പറഞ്ഞു പരിചയ പെട്ട തങ്ങളുടെ വിയോഗം അന്നൊരു ഷോക്ക് ആയിരുന്നു .

അള്ളാഹു അവർക്ക് ഉന്നതമായ സ്വർഗ്ഗം നൽകി ആദരിക്കട്ടെ ...

അഷ്‌റഫ് P.A.

മൊയ്തു. പി.കരിപ്പായിൽ.

ബഹുമാന്യനായ ജനാബ് മുസ്സൽ കാസിം തങ്ങളെ ഏറെ അകലെ നിന്ന് കണ്ടിട്ടുള്ള പരിചയം മാത്രമാണ് എനിയ്ക്ക് ഉള്ളത്.🙏 എന്നാൽ ഒരു പാട് കേട്ടറിവുകൾ അദ്ദേഹത്തെ കുറിച്ച് എനിയ്ക്ക് ഉണ്ട്. ❤️അതിൽ പലതും രേഖപ്പെടുത്തുക അഭികാമ്യമാണെന്ന് കരുതുന്നു. ഇടിയൻചിറമുതൽ പാടൂർ സെന്ററിലേക്ക് ഷോപ്പിന്റെ അവിടേക്ക്) റോഡിന് പകരം വിശാലമായ നട വഴിയായിരുന്നു.🌷 ഇന്നത്തേകാളേറെ ജനസഞ്ചാരമായിരുന്നു അക്കാലത്ത്.

വാഹനങ്ങൾ പൊതുവെ കുറവ് ഉള്ള കാലം. വാഹനമെന്നത് സൈക്കിളിൽ മാത്രം ഒതുങ്ങും.വൈകീട്ടുള്ള സമയം. ജനാബ് തങ്ങളും അനുയായികളും സെന്ററിലേക്കുള്ള യാത്രയുണ്ട്.❤️ ഇവിടെ പലരും രേഖപ്പെടുത്തിയ പോലെ നമ്മുടെ സാമൂഹ്യ വ്യവസ്ഥിതി മുന്നോട്ട് വെയ്ക്കുന്ന സൗന്ദര്യം ബോധം. വെള്ളിത്തിരയിലെ സൂപ്പർ സ്റ്റാറിനെ ഓർമ്മിപ്പിക്കുന്ന പുരുഷ സൗന്ദര്യം. അഥവാ ലക്ഷണമൊത്ത,,,പുരുഷ സൗന്ദര്യത്തിന്റെ മൂർത്തി മദ്ഭാവം.,,,❤️ ഒരു പക്ഷെ ആരോപറഞ്ഞു വെച്ച.വരേണ്യ മനോഭാവം ജനാബ് തങ്ങൾ ഒരിക്കലും ജീവിതത്തിൽ പ്രകടമാക്കി രുന്നില്ല എന്നതാണ് വസ്തുത.🙏 സാമൂഹ്യ പുരോഗതി ലക്ഷ്യ വെച്ചുള്ള രാഷ്ട്രീയ പ്രവർത്തനമാണ് ജനാബ് തങ്ങളുടെ ജീവിതമെന്നാണ് എനിയ്ക്ക് അറിയാൻ സാധിച്ചിട്ടുള്ളത്..മുല്ലശ്ശേരി പുളിക്കകടവ് റോഡിന്റെ നിർമാണത്തിൽപ്രഭാതം മുതൽ പ്രദോഷം വരെതങ്ങളുടെ നിതാന്ത ജാഗ്രത ഉണ്ടായിരുന്നതായി പഴമക്കാർ പറയാറുണ്ട്.👍 ജനാധിപത്യ പ്രക്രിയയിൽ അദ്ദേഹത്തിന്റെ നിലപാട് ഏവർക്കും മാതൃകയാണ്. ഏത് തിരഞ്ഞെടുപ്പിലും ആദ്യവോട്ടറായി വോട്ട് രേഖപ്പെടുത്തിയിരുന്നത് ജനാബ് തങ്ങളായിരുന്നു.🌹 എല്ലാ ജനപക്ഷ രാഷ്ട്രീയ പാർട്ടികളിലും സംഭവിച്ചിരുന്ന പോലെമുസ്ലിം ലീഗിൽ ഉയർന്നുവന്ന വ്യത്യസ്ത നിലപാടിൽ കുറെകൂടെ സാമൂഹ്യനീതിയുടെ പക്ഷത്ത് നിലയുറപ്പിച്ച വിഭാഗത്തോട് കൂറ് കാണിച്ചത് കൊണ്ടാണ്,,,,ലീഗിന്റെ സംസ്ഥാന അദ്ധ്യക്ഷ പദവിയിൽ എത്തേണ്ടിയിരുന്ന തങ്ങൾക്ക് ആ പദവി നഷ്ടമായതത്രെ.,,, അക്കാലത്തെ ഇടതുപക്ഷ നേതാക്കൾ പറഞ്ഞതായ അറിവാണ് എനിക്കുള്ളത് (അത് വസ്തുതാ വിരുദ്ധമാണെങ്കിൽ തിരുത്താവുന്നതാണ്) അദ്ദേഹത്തിന്റെ ദേഹവിയോഗത്തെ തുടർന്ന്,,,മണലൂ പള്ളി,,, പരിസരത്ത് ചേർന്ന അനുസ്മരണ യോഗത്തിൽ.എസ്.ടി.യു. എന്ന തൊഴിലാളി സംഘട രൂപികരിച്ചത് മൂസൽകാസിം തങ്ങളുടെ നേതൃത്വത്തിലാണെന്ന് ലീഗിന്റെ ഒരു മുതിർന്ന നേതാവ് പ്രസംഗിക്കുന്നത് എനിയ്ക്ക് കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്ര സമ്പന്നമായ രാഷ്ട്രീയപൈതൃകമുള്ള ജനാബ് തങ്ങൾക്ക് അർഹിച്ച അംഗീകാരം ലഭിയ്ക്കാതെ പോയി എന്നത് സത്യസന്ധമായവസ്തുതയാണ്.🙏 പ്രിയപ്പെട്ട തങ്ങളുടെ മക്കൾ. അസ്ഹറലീതങ്ങൾ, ഷെബീർ തങ്ങൾ. ഒരർത്ഥത്തിൽ പിതാവിന്റെ മാർഗ്ഗം പിൻപറ്റി ആ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന നേതൃത്വനിരയിൽ അസ്ഹർ അലിതങ്ങൾഉള്ളത്.ഒരു പാടൂർ ക്കാരനെന്ന അളവിൽ എന്നെ ഏറെ ആഹ്ലാദിപ്പിക്കുന്നു.❤️ ഷെബീർ തങ്ങൾ എപ്പോഴും സ്നേഹ വാത്സല്യം പ്രകടിപ്പിക്കുന്നസഹോദര സ്ഥാനീയൻ.🌹 സാഹിത്യത്തേയും കലയേയും ഏറെ ഗൗരവത്തോടെ സമീപിക്കുന്ന മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സംവാദത്മക രാഷ്ട്രീയത്തെ മുന്നോട്ട് നയിച്ചിരുന്ന വ്യക്തി.❤️ നിർഭാഗ്യവശാൽ അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന സംഘടന ഇന്ന് നിരോധിതമാണ്. യഥാർത്ഥത്തിൽ ഞങ്ങൾ നിരോധന നിലപാടുകൾക്കെതിരാണ്. ആശയങ്ങളെ ആശയതലത്തിൽ നേരിടുന്നതാണ് ജനാധിപത്യം എന്ന് വിശ്വസിക്കുന്നവരാണ്ഞങ്ങൾ. അതിലേയ്ക്ക് വെളിച്ചം വീശുന്ന ലേഖനം സഖാവ്. ഇ. യം. എസ്സ്. എഴുതിയതിന്റെ തലവാചകം ഇതാണ്,,, മതമൗലികവാദം രണ്ടുതരം,,, (അക്കാലത്ത് ഏറെ വിവാദം സൃഷ്ടിച്ചതും ചർച്ച ചെയ്യപ്പെട്ടതുമാണ്) സാന്ദർഭികമായി പറഞ്ഞതാണ്. 👍ഷെബീർ തങ്ങളായാലും അസ്ഹർ അലി തങ്ങളായാലും വ്യക്തിപരമായിബഹുസ്വര സമൂഹത്തിന് അസ്വീകാര്യരല്ല.

🙏സഹോദര സമുദായങ്ങളോട് എപ്പോഴും ബഹുമാനപൂർവ്വം ഇടപ്പെടാൻ ഇരുവർക്കും കഴിഞ്ഞിരുന്നത് തീർച്ചയായുംമൂസൽകാസിം തങ്ങളുടെ ജീവിതത്തിൽ നിന്ന് സ്വാംശീകരിച്ചതാണെന്ന് തന്നെയാണ് എന്റെ വിലയിരുത്തൽ.🙏 ആദരണീയ വ്യക്തിത്വം ജനാബ് മൂസൽകാസിം തങ്ങളുടെ ഓർമ്മകൾക്ക് പ്രാർത്ഥനാപൂർവ്വം🤲

,,,,,,,,,,,,,,,,,,,,,,,,,,,,, മൊയ്തു. പി.കരിപ്പായിൽ.



സഊദ് തങ്ങൾ

ബഹുമാന്യ മുസൽ കാസിം തങ്ങൾ

****

1967ലെ ഇലക്ഷൻ കാലത്തെ ഒരു ശനിയാഴ്ച ശാന്തപുരം ഇസ്ലാമിയ കോളേജിലെ പഠനകാലം. പ്രിൻസിപ്പൽ, ഇസ്ഹാഖ് മൗലവി എന്നെ വിളിച്ചു പറഞ്ഞു, 'നിങ്ങളുടെ വീട് കത്തി നശിച്ചിട്ടുണ്ട്. വേഗം വീട്ടിലേക്ക് പൊയ്ക്കോ'! ഞാൻ അന്തം വിട്ട് നിന്നപ്പോൾ അദ്ദേഹം പത്ര റിപ്പോർട്ട് കാണിച്ചു തന്നു: 'ചാവക്കാട് പാടൂർ പ്രദേശത്ത്, മൂസൽ കാസിം തങ്ങളുടെ വീട് പൂർണമായും കത്തി നശിച്ചു'! ഞാൻ ഉടനെ വണ്ടി കയറി, ഉറ്റവരോടൊപ്പം ദുഃഖം പങ്കിടാൻ.

മൂസൽ കാസിം തങ്ങൾ എന്റെ കാരണവരിൽ ഒരാൾ ആണെന്ന് മൗലവി എങ്ങനെ മനസ്സിലാക്കി എന്നത് എന്നിൽ വിസ്മയമുണർത്തി. ഇസ്ഹാഖ് മൗലവിയും മൂസൽ കാസിം തങ്ങളും, കാക്സർ പാർട്ടി എന്ന ഒരു സംഘടനയിലെ സഹപ്രവർത്തകരായിരുന്നു എന്ന് ഞാൻ പിന്നീടറിഞ്ഞു. ബ്രിട്ടീഷ് ഇന്ത്യയിൽ, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ജനസേവനത്തിനും വേണ്ടി, മൌലാന ഇനായത്തുല്ല മശ്രീഖി എന്ന പണ്ഡിതന്റെ കാർമികത്വത്തിൽ രൂപീകരിക്കപ്പെട്ടതാണ് കാക്സർ പ്രസ്ഥാനം.

തന്റെ യൗവ്വനത്തിൽ, കാലത്തിന്റെ തേട്ടമനുസരിച്ചു ജന്മമെടുക്കുന്ന നവ സാമൂഹിക പ്രസ്ഥാനങ്ങളെ അദ്ദേഹം നിരീക്ഷിക്കുകയും അതിൽ ഭാഗബാക്കാകുകയും ചെയ്തിരുന്നു എന്നാണ് ഇത് കാണിക്കുന്നത്.

സന്ദർഭവശാൽ പറയട്ടെ, ZINDHAGI എന്ന ഉർദു പത്രത്തിന്റെ എഡിറ്ററായിരുന്ന മുഹമ്മദ് മുസ്‌ലിം സാഹിബ്, കാക്സർ പ്രസ്ഥാനത്തിന്റെ സന്ദേശവുമായി കേരളത്തിൽ വന്നപ്പോൾ അദ്ദേഹത്തിനു ആദിത്യമരുളിയത് മുസ്‌ലിം കേരളത്തിന്റെ പ്രിയപുത്രൻ അബ്ദുർറഹിമാൻ ബാഫഖി തങ്ങളായിരുന്നു.

ദൗത്യം പൂർത്തീകരിക്കപ്പെട്ടു എന്ന കാരണം പറഞ്ഞ്, മൌലാന മാഷ്രീഖി, വിഭജന ശേഷം ആ പ്രസ്ഥാനത്തെ പിരിച്ചു വിട്ടു!

സ്വാന്ത്ര്യ സമരകാലത്തും അതിനു ശേഷവും, മൂസൽ കാസിം തങ്ങൾ നാട്ടിലും പുറത്തും, മത-സാമൂഹ്യ രംഗങ്ങളിൽ വ്യാപൃതനായിരുന്നു. അതിന്റെ തെളിഞ്ഞ രേഖകൾ ഇവിടെ പലരും പകർത്തിയിട്ടുണ്ട്. വിഭജന ശേഷമുള്ള ഇന്ത്യയിൽ, ലീഗിന്റെ സാനിധ്യം ഗുണകരമാകുമോ എന്ന്

സംശയിച്ച ഒരു ചെറിയ ഇടവേളയൊഴിച്ചാൽ, അദ്ദേഹം മുസ്‌ലിം ലീഗിന്റെ ശക്തനായ വക്താവായി പ്രവർത്തിച്ചു. ഒരു സാദാ രാഷ്ട്രീയക്കാരനിൽ നിന്ന് ഭിന്നമായി, അദ്ദേഹം തന്റെ പ്രവർത്തനങ്ങളെ അളന്നു തിട്ട പ്പെടുത്തി യിരുന്നു എന്നതിന് തെളിവുകളുണ്ട്.

അജ്മീർ കോയക്കുട്ടി തങ്ങൾ-ചാലിയം ശരീഫ ബീവി ദമ്പതികളുടെ മക്കളിൽ രണ്ടാമനാണ് അദ്ദേഹം. നാട്ടിലെ സാമൂഹ്യ- രാഷ്ട്രീയ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച സൈനുൽ ആബിദീൻ തങ്ങൾ, അലി അക്ബർ തങ്ങൾ എന്നിവർ സഹോദരങ്ങളാണ്.

മതിലകം പുതിയകാവിലെ പൗരമുഖ്യനായിരുന്ന ആറ്റക്കോയ തങ്ങളുടെ മകൾ ബീക്കുട്ടി ബീവിയാണ് അദ്ദേഹത്തിന്റെ ജീവിതപങ്കാളി. ചെന്ന് കാണുമ്പോഴൊക്കെ അവർ ഗുണകാംക്ഷയോടെ മാത്രം സംസാരിച്ചു. ഇന്ന് നമ്മോടൊപ്പമില്ലാത്ത ആ മാതൃകാ ദമ്പതികൾക്ക് വേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കാം.

പടച്ച റബ്ബ്, അവരുടെ ജീവിതത്തിൽ സംഭവിച്ചിരിക്കാനിടയുള്ള തെറ്റുകൾ പൊറുത്തു കൊടുത്ത്, സജ്ജനങ്ങൾക്ക് ഒരുക്കപ്പെട്ട സ്വർഗം നൽകി അവരെ അനുഗ്രഹിക്കട്ടെ- ആമീൻ

(കാക്കൂർ പ്രസ്ഥാനവുമായുള്ള സൂര്യ പുരുഷന്റെ ബന്ധത്തിന്റെ കഥ, വിശ്വസനീയമായ വാമൊഴികളിലൂടെ കിട്ടിയതാണ്).

വസ്സലാം...

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

S. S. L. C. കഴിഞ്ഞതിനു ശേഷം ഇടവേളകളിൽ മാത്രമേ ഞാൻ പാടൂരിൽ ഉണ്ടായിട്ടുള്ളൂ. പ്രീഡിഗ്രി, ഡിഗ്രി, ലോ ഡിഗ്രി പഠന കാലഘട്ടങ്ങളിൽഇരിങ്ങാലക്കുടക്രൈസ്റ്റ് കോളേജ്, എറണാകുളം മഹാരാജാസ് ലോ കോളേജ് ഹോസ്റ്റലുകളിലും, പിന്നീട് അഭിഭാഷകനായി ചാവക്കാട്, തൃശൂർ എന്നിവിടങ്ങളിലും ആയിരുന്നു സ്ഥിരതാമസം എന്നുപറയാം.എങ്കിലും മൂസൽക്കാസിം തങ്ങളെ കാണാനും അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയും, നേതൃ പാഠവവും മനസ്സിലാക്കാനും കുറച്ചൊക്കെ സാധിച്ചിട്ടുണ്ട്. രാഷ്ട്രീയം, മതം, സാമൂഹികം തുടങ്ങി ഏത് സദസ്സുകളിലും തലയെടുപ്പും നേതൃ ശേഷിയും ഉള്ള തങ്ങളെ നോക്കി അത്ഭുതം കൂറുകയുംഅസൂയപ്പെടുകയും ചെയ്തിട്ടുണ്ട്. "ലക്ഷം മാനുഷർ ഒന്നിച്ചാകിലും ലക്ഷണമൊത്തവർ ഒന്നൊരാണ്ടോ"എന്ന വരികളാണ് തങ്ങളെ കണ്ടാൽ ഓർമ്മവരിക.*---**സീതിതങ്ങളുടെ ആദ്യ രണ്ടോ, മൂന്നോ, അസംബ്ലി തെരഞ്ഞെടുപ്പുകളിൽ മുഖ്യ തെരഞ്ഞെടുപ്പ് ഏജന്റ് മൂസൽ കാസിം തങ്ങൾ ആയിരുന്നുവെന്നാണ് ഓർമ. അന്ന് തെരഞ്ഞെടുപ്പ് കാലത്തെ പ്രധാന വാഹനം ജീപ്പ് ആണ്. വാഹനഗതാഗത യോഗ്യമായ വഴികളൊന്നും അന്ന് അധികം ഇല്ല. ജീപ്പ് പാടത്തും പറമ്പിലും എല്ലാം ഓടിക്കാം എന്നത് ഒരുകാരണമാവാം. തെരഞ്ഞെടുപ്പ് കാലത്ത് പുലർച്ചെ മൂസൽക്കാസിം തങ്ങൾ ജീപ്പിൽ ചാവക്കാട്ടേക്ക് പോകുന്നതും,

രാത്രി വൈകി തിരിച്ച് വരുന്നതും പതിവാണ്. ഫലപ്രഖ്യാപനം വരെ അത് തുടരും

അതൊക്കെതങ്ങളെക്കുറിച്ച്ചുള്ള ബഹുമാനം മനസ്സിൽ വേരുറപ്പിക്കാൻ കാരണമായിട്ടുണ്ട്.**ഉച്ചത്തിൽ സംസാരിക്കുകയും എപ്പോഴും ചിരിക്കുകയും ചെയ്തിരുന്നത്കൊണ്ട് തങ്ങൾ ഒരു സദസ്സിൽ ഉണ്ടെങ്കിൽ ആരോടും അന്വേഷിക്കാതെ മനസ്സിലാക്കാനാവും.**സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ പോയ മൂസ്സാസിം തങ്ങൾ കുറ്റിപ്പുറത്ത് നടന്നുകൊണ്ടിരുന്ന ഒരു ലീഗ് സമ്മേളനത്തിൽ എത്തിപ്പെട്ടത് രാഷ്ട്രീയ ജീവിതത്തിൽ വഴിത്തിരിവായെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്......... അവസാന നാളുകളിൽ തമിഴ് നാട്ടിലേക്ക് കർമ മണ്ഡലം മാറ്റിയത് കുടുംബംപരമായ ഉത്തരവാദിത്തം കൂടി കാണക്കിലേടുത്താവാമെന്നു തോന്നിയിട്ടുണ്ട്..... അല്ലാഹു അദ്ദേഹത്തിന് സ്വർഗം നൽകി അനുഗ്രഹിക്കട്ടെ, ഈ കുറിപ്പിൽ എന്തെങ്കിലും പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കണം എന്ന് അപേക്ഷിക്കുന്നു...... മഅസ്സലാം

ഫോട്ടോ പങ്കു വെച്ചത് മൊയ്നു കരിപ്പായിൽ



1957 ൽ Quaid-e-Millat നൊപ്പം ASM Moosal Qasim തങ്ങൾ പാടൂർ (താഴെ ഇടത്ത് നിന്ന് 4ആ മത്)

കെ അബ്ദുൽ വാഹിദ് സാഹിബ്

ഏകദേശം 67 കൊല്ലങ്ങൾക്ക് മുമ്പുള്ള ഫോട്ടോ ഇത്രയും ഭംഗിയായി സൂക്ഷിച്ച്പിൻ തലമുറകൾക്ക് കൈമാറാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

ഒരു കൊച്ചു ഗ്രാമത്തെപേരും പൊലിമയുള്ളതാക്കാൻ പ്രശസ്ത വ്യക്തിത്വങ്ങളെയും പണ്ഡിതമാരെയും സംഭാവന ചെയ്ത അല്ലാഹുവിന്ന് സർവ സ്തുതിയും.. സുബ്ഹാനല്ലാഹ്......

മുസൽ ഖാസിം തങ്ങളും സഹോദരൻ കൊച്ചുകോയ തങ്ങളും സമൂഹ നന്മക്കായി അവരുടെ സംഭാവനകളർപിച്ചവരാണ്. അവരുടെ ഓർമ ക്കുറിപ്പിൽ പലരും ഇവിടെ വിശദീകരിച്ചതിനാൽ ആവർത്തിക്കുന്നില്ല.

അഞ്ചു സഹോദരങ്ങളിൽ ഇളയ വാരായ അലി അക്ബർ എന്ന പൂക്കോയ തങ്ങളും ആറ്റക്കോയ തങ്ങളും സുഹൃത്തുക്കളായിരുന്നു. ആററക്കോയ തങ്ങൾ UP.school ൽ ക്ലാസ് മേറ്റുമായിരുന്നു.

എല്ലാവരും അല്ലാഹുവിലേക്ക് യാത്രയായി.

മനുഷ്യ സഹജമായ വീഴ്ച്ചകൾ വല്ലതും സംഭവിച്ചിട്ടുണ്ടങ്കിൽ അല്ലാഹു പൊറുത്ത് കൊടുത്ത് സ്വർഗാവകശികളാക്കട്ടെ.🤲 🤲

05 Jan 2026

Episode-11

മർഹൂം സഖാവ് മുഹമ്മദലി സാഹിബ്



പാടൂരിൽ മൺപറഞ്ഞു പോയവരിൽ പലരും പല മേഖലകളിൽ തന്റേതായ വ്യക്തിത്വം പൊൻ ലിപികളാൽ കൊത്തിവച്ചു പോയവരാണ്. അവരിൽ ഒരാളെയാണ് നാം ഇന്ന് ഓർമ്മ പങ്കുവയ്ക്കുന്നത്.

കുളങ്ങരകത്ത് കരിപ്പയിൽ കെ കെ മുഹമ്മദ് അലി എന്ന സഖാവ് മുഹമ്മദലി സാഹിബ് കൊച്ചിയിലെ ചെമ്പിട്ട പള്ളിയിലെ ഖത്തീബ് ആയിരുന്ന അഹമ്മദ്

മുസ്ലിയാരുടെ മകൻ ആയി 1933 ജൂലൈ 13 നാണ് ജനിച്ചത് മാർച്ച് 6 - 2014 ൽ അദ്ദേഹം നമ്മിൽ നിന്നും വിട്ടുപിരിഞ്ഞു.

ഓരോ അംഗവും അവരുടെതായ അനുഭവങ്ങളും ഓർമ്മകളും എഴുത്തായോ ശബ്ദമായോ കൊണ്ടുവരിക...

അള്ളാഹു മർഹൂമിന്റെ ഖബറിടം വിശാലമാക്കി കൊടുക്കട്ടെ, തെറ്റു കുറ്റങ്ങൾ പൊറുത്തു കൊടുത്തു സ്വർഗത്തിൽ ഉയർന്ന സ്ഥാനം അനുഗ്രഹിക്കട്ടെ

آمین یارب العالمین ,

നജീബ് സാഹിബ് കാരിയാട്ട്

ബഹുമാനപ്പെട്ട സഖാവ് കെ.കെ. മുഹമ്മദാലി സാഹിബിനെ കുറിച്ച് പരാമർശം നടത്താനാണ് ഞാൻ ഇവിടെ ഇപ്പോൾ തയ്യാറായിരിക്കുന്നത്. നമ്മുടെ മഹല്ല് കൂട്ടായ്മ പാടൂരിൽ ജനിച്ചു വളർന്ന പല മഹാരഥന്മാരെ കുറിച്ചും ഇതിനകം ചർച്ച ചെയ്തു. അവരിൽ അഗ്രഗണ്യനാണ് സഖാവ് കെ.കെ. മുഹമ്മദാലി സാഹിബ്. സഖാവ് മുമ്മാലിക്ക എന്നാണ് പൊതുവെ നമ്മുടെ നാട്ടിൽ അറിയപ്പെടുന്നത്.

ചെറുപ്പം മുതലേ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ആകൃഷ്ടനായി, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളരെ ദുരിതപൂർണ്ണമായ കാലഘട്ടത്തിലൂടെ അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് പ്രവർത്തകർക്ക് പ്രവർത്തിക്കാൻ പറ്റാത്ത ഒരു കാലഘട്ടം ഉണ്ടായപ്പോൾ അതിൽ ഉറച്ചു നിന്നുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക അംഗങ്ങളുമായിട്ട് ബന്ധപ്പെട്ട് പ്രവർത്തിച്ച ആളാണ് ബഹുമാനപ്പെട്ട സഖാവ് കെ.കെ. മുഹമ്മദാലി സാഹിബ്. 1962-ൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നപ്പോൾ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതായിട്ടാണ് എന്റെ അറിവ്. 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ പിളർന്ന സന്ദർഭത്തിൽ അദ്ദേഹം ഔദ്യോഗിക കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലെങ്കിൽ സിപിഐയിൽ ഉറച്ചുനിന്നു. സിപിഐയുടെ പ്രവർത്തകനായിട്ടാണ് ദീർഘകാലം പിന്നീട് ഞാൻ കാണുന്നത്. എനിക്ക് ഓർമ്മ വെച്ച നാൾ മുതൽ അദ്ദേഹം സിപിഐയുടെ ദീർഘകാല പ്രവർത്തകനാണ്. ഞാൻ വളരെ ചെറുപ്രായത്തിൽ കാണുമ്പോൾ അദ്ദേഹം സംസ്ഥാന കമ്മിറ്റി അംഗമാണ്. സിപിഐയുടെ സംസ്ഥാന കമ്മിറ്റി അംഗം. ഇപ്പോൾ ഒരു പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി അംഗം എന്ന് പറഞ്ഞാൽ ലഭിക്കുന്ന പ്രിവിലേജ് വെച്ച് ആലോചിച്ചു നോക്കുമ്പോൾ അദ്ദേഹം എത്രയോ ഉന്നത സ്ഥാനീയനായിരുന്നു എന്ന് ഞാൻ ഇപ്പോൾ അത്ഭുതപ്പെടുകയാണ്.

തിരുവനന്തപുരത്തും മറ്റും സംസ്ഥാന കമ്മിറ്റി യോഗം കഴിഞ്ഞ് ട്രെയിനിൽ തൃശൂരിൽ വന്ന്, തൃശൂരിൽ നിന്ന് മുല്ലശ്ശേരിയിലേക്ക് ബസ്സിൽ വന്ന് ബാഗുമായി നടന്ന് അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോകുന്ന രംഗം ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. അദ്ദേഹം പിന്നീട് സജീവമായ പ്രവർത്തനത്തിൽ നടന്നു കൊണ്ടിരിക്കുമ്പോൾ സാമ്പത്തികമായ പ്രതിസന്ധി പരിഹരിക്കേണ്ട ഒരു അനിവാര്യമായ സാഹചര്യത്തിൽ അദ്ദേഹം ഗൾഫിലേക്ക് പോയി. ഗൾഫിൽ പ്രവർത്തിക്കുന്ന സമയത്തായാൽ പോലും അദ്ദേഹത്തിന്റെ മനസ്സ്

നമ്മുടെ നാട്ടിലും പാർട്ടിയിലും തന്നെയായിരുന്നു. തന്റെ പ്രവാസ ജീവിതം അവസാനിപ്പിച്ചു വീണ്ടും വന്ന് സജീവമായി സിപിഐയുടെ സജീവ പ്രവർത്തകനായി തുടർന്നു. സിപിഐയുടെ സജീവ പ്രവർത്തകനായി നടന്നു കൊണ്ട് പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ പാടൂർ ജുമാഅത്ത് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടു. അതാണ് അദ്ദേഹത്തിന്റെ സവിശേഷത. ഒരു കമ്മ്യൂണിസ്റ്റുകാരൻ ഒരേ സമയം ദീനി പ്രവർത്തകൻ കൂടിയായിരുന്നു. ഇസ്ലാമിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ അല്ലെങ്കിൽ നമ്മുടെ നാട്ടിലെ മഹല്ലിന്റെ സജീവമായ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ ക്രിയാത്മകമായ പങ്ക് നിസ്തുലമാണ്.

പലപ്പോഴും നമ്മുടെ നാട്ടിൽ പ്രത്യേകിച്ച് പള്ളി കമ്മിറ്റിയുമായി ബന്ധപ്പെട്ട് വിവാദങ്ങളും കോൺട്രവേഴ്സികളും ഉണ്ടാകുമ്പോൾ അത് വളരെ ലളിതമായ രീതിയിൽ പരിഹരിക്കാൻ അദ്ദേഹം എല്ലാ ഇപ്പോഴും മുൻപന്തിയിൽ നിന്നിട്ടുണ്ട്. ഒരു ഘട്ടത്തിൽ പാടൂർ ജുമാഅത്ത് കമ്മിറ്റിയുടെ പ്രസിഡന്റ് എന്റെ ഉപ്പയും സെക്രട്ടറി കെ.കെ. മുഹമ്മദാലി സാഹിബും ആയിരുന്നു. അദ്ദേഹം എല്ലാ കാര്യങ്ങളും വളരെ സിമ്പിൾ ആയി പരിഹരിച്ച് എല്ലാവരെയും ഒരുപോലെ സഹകരിപ്പിച്ചു കൊണ്ടുപോകുന്ന രംഗങ്ങൾ ഇപ്പോഴും എനിക്ക് ഓർമ്മയുണ്ട്. നമ്മുടെ നാട്ടിൽ വിവാദമായ ഒരു റോഡ് വെട്ട് സംഭവം എനിക്കിപ്പോഴും ഓർമ്മയുണ്ട്. ആ റോഡ് വെട്ട് സമയത്ത് അതൊരു വലിയ വിഷയമായി വിഷയമായി വ്യാപിക്കാതിരിക്കാൻ വേണ്ടി അടിയന്തരാവസ്ഥ കാലത്താണെന്നാണ് എന്റെ ഓർമ്മ, അത് വളരെ ലളിതമായി അദ്ദേഹം അത് പരിഹരിക്കാൻ മുൻപന്തിയിൽ നിന്നത് അദ്ദേഹമാണ്.

അദ്ദേഹം സിപിഐയിൽ സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ എന്തുകൊണ്ടോ എന്നറിയില്ല പിന്നീട് സഖാവ് ഇ.കെ. ഇമ്പിച്ചി ബാവയുമായുള്ള അദ്ദേഹത്തിന്റെ ആത്മബന്ധത്തിന്റെ വെളിച്ചത്തിൽ പിന്നീട് അന്ന് ഇളവള്ളി പഞ്ചായത്ത് പ്രസിഡന്റും സിപിഎമ്മിന്റെ ഏരിയ കമ്മിറ്റി സെക്രട്ടറിയുമായിരുന്ന യശശ്ശരീരനായ പി.സി. ജോസഫിന്റെയും കൂടി സമ്മർദ്ദ ഫലമായിട്ടായിരിക്കാം സഖാവ് കെ.കെ. മുഹമ്മദാലി സാഹിബ് അതുവരെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം തുടർന്ന് ചെന്ന സിപിഐയിൽ നിന്ന് വേറിട്ട് സിപിഎമ്മിൽ ചേർന്നു. അതിന്റെ ന്യായീകരണങ്ങളിലേക്ക് ഞാൻ പ്രവേശിക്കുന്നില്ല. എന്തായാലും സിപിഎമ്മിൽ അദ്ദേഹം പിന്നീട് തുടർന്ന് പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ രാഷ്ട്രീയ തീരുമാനം അദ്ദേഹത്തിന്റേത് മാത്രമാണ് അതിൽ നമുക്ക് ഇടപെടാനുള്ള അധികാരമില്ല. പക്ഷെ സിപിഐയിലായാലും സിപിഎമ്മിലായാലും അദ്ദേഹം പ്രവർത്തിക്കുമ്പോൾ തന്നെ മറ്റെല്ലാ രാഷ്ട്രീയ കക്ഷികളുമായിട്ടും അദ്ദേഹത്തിന് രാഷ്ട്രീയ കക്ഷികളിലെ നേതാക്കളും പ്രവർത്തകരുമായിട്ടും അദ്ദേഹത്തിന് ആത്മബന്ധവും സ്നേഹബന്ധവും പുലർത്തിയിരുന്നു, പുലർത്താൻ കഴിഞ്ഞിരുന്നു. അദ്ദേഹം പ്രായഭേദമന്യേ വളരെ ചെറുപ്പക്കാരുമായിട്ടും യുവാക്കളുമായിട്ടും ഒക്കെ സംവദിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യാറുണ്ട്.

ഞാൻ പലപ്പോഴും അദ്ദേഹത്തിന്റെ വീട്ടിൽ പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മക്കൾ എന്റെ അടുത്ത സുഹൃത്തുക്കളാണ്. ഞാൻ സഖാവ് കെ.കെ.

മുഹമ്മദാലിക്കയുടെ ഇമ്പോർട്ടൻസ് മനസ്സിലാക്കിയത് യശശ്ശരീരനായ സഖാവ് കെ.പി. പ്രഭാകരൻ, അദ്ദേഹം സിപിഐയുടെ ഒരു സ്ഥാപക നേതാവാണ്, മന്ത്രിയായിരുന്നു, എംഎൽഎ ആയിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ എനിക്ക് അന്തിക്കാടുള്ള അദ്ദേഹത്തിന്റെ വീട്ടിൽ എനിക്ക് ഇടയ്ക്കിടയ്ക്ക് അവസരം ലഭിച്ചു. കാരണം തൃശൂർ കേരള വർമ്മ കോളേജിൽ ഞാൻ ഡിഗ്രിക്ക് പഠിക്കുമ്പോൾ എംഎക്ക് ശ്രീ കെ.പി. രാജേന്ദ്രൻ പഠിക്കുന്നുണ്ടായിരുന്നു. ഞാൻ കെഎസ്‌യു ആണെങ്കിലും അദ്ദേഹം എഐഎസ്എഫ് ആണ്. പക്ഷെ ഞങ്ങൾ തമ്മിൽ വളരെ അടുപ്പമായിരുന്നു അതുകൊണ്ട് തന്നെ അദ്ദേഹം എന്നെ പലപ്പോഴും എഐഎസ്എഫിലേക്ക് ക്ഷണിക്കാറുണ്ട് അപ്പൊ അന്തിക്കാടുള്ള അദ്ദേഹത്തിന്റെ വീട്ടിലേക്ക് കോളേജ് അവധി ദിവസങ്ങളിൽ വരാൻ പറയാറുണ്ട്. അങ്ങനെ ഒന്നോ രണ്ടോ തവണ ഞാൻ പോയിട്ടുണ്ട്. കാർത്യായനി ടീച്ചർ എന്നാണ് രാജേന്ദ്രന്റെ അമ്മയുടെ പേര് അവർ ടീച്ചറായിരുന്നു അന്ന് റിട്ടയർ ചെയ്തിട്ടില്ല ഹിന്ദി ടീച്ചറായിരുന്നു. രാജേന്ദ്രന്റെ സഹോദരൻ ഒരു ഇളയ സഹോദരൻ അജയൻ അവനും എന്റെ സുഹൃത്താണ്.

അപ്പൊ അവിടെ ചെല്ലുമ്പോൾ ഒരു ദിവസം കെ.പി. പ്രഭാകരൻ സാർ സഖാവ് എംഎൽഎ തന്നെ അവിടെ ഉണ്ടായിരുന്നു അന്ന് അദ്ദേഹം മന്ത്രിയല്ല. അപ്പൊ അദ്ദേഹം എത്രയോ എത്രയോ റെസ്പെക്റ്റോട് കൂടിയിട്ടാണ് കെ.കെ. മുഹമ്മദാലിക്കയെ കുറിച്ച് സംസാരിച്ചത് എന്ന് ഞാൻ ഈ വൈകിയ വേളയിൽ പോലും ഓർത്തു പോവുകയാണ്. നമ്മുടെ നാട്ടിൽ ഉണ്ടാവുന്ന ഒരുപാട് വിഷയങ്ങൾ അതായത് പരസ്പരം സ്നേഹത്തിനും അടുപ്പത്തിനും തടസ്സം ഉണ്ടാവുന്ന സന്ദർഭങ്ങളിൽ എല്ലാം തന്നെ അനുരഞ്ജനത്തിൽ എത്തിക്കാൻ അദ്ദേഹം നിരന്തരം പ്രവർത്തിച്ചിട്ടുണ്ട്. പ്രത്യേകിച്ച് കമ്മ്യൂണൽ ആയിട്ടുള്ള ഇഷ്യൂസ് വരുമ്പോൾ അത് വളരെ എളുപ്പത്തിൽ പരിഹരിക്കാൻ അദ്ദേഹത്തിന് അദ്ദേഹത്തിന് ഒരു പ്രത്യേക വൈഭവം ഉണ്ടായിരുന്നു. അദ്ദേഹം പറയാറുണ്ട് മണത്തലയിൽ ഒരു സംഭവം ഉണ്ടായത് ഞാൻ അതിന്റെ വിശദീകരണങ്ങളിലേക്ക് പോകുന്നില്ല ആ സമയത്ത് അദ്ദേഹം അന്ന് ഇടപെട്ട് ആ പ്രശ്നം പരിഹരിച്ച സംഭവം അദ്ദേഹം പറയാറുണ്ട്.

അദ്ദേഹത്തിന്റെ ജീവിതം ഒരു മാതൃകാ കമ്മ്യൂണിസ്റ്റുകാരന്റെ ജീവിതമാണ്. ലളിത ജീവിതം എല്ലാവരുമായിട്ടുള്ള സഹവർത്തിത്വം കമ്മ്യൂണിസ്റ്റ് ആശയത്തിൽ ഊന്നി നിൽക്കുമ്പോൾ തന്നെയും മറ്റു പാർട്ടിയിലുള്ളവരുമായിട്ടും മറ്റു സമുദായത്തിലുള്ളവരുമായിട്ടും എല്ലാം തന്നെ സഹവർത്തിത്വവും ഇടപെഴകുന്ന മനോഭാവവും വേണം എന്ന ഒരു വിശാലമായ ചിന്താഗതിയായിരുന്നു മുഹമ്മദാലിക്കക്ക് ഉണ്ടായിരുന്നത്. ഇടുങ്ങിയ ചിന്താഗതി ആയിരുന്നില്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അജണ്ടയിൽ ഉറച്ചു നിൽക്കുമ്പോൾ തന്നെ മതവിശ്വാസത്തിന്റെയും ദീനി പ്രവർത്തനത്തിന്റെയും പാന്ഥാവ് പിന്തുടർന്ന മഹാനായ ഒരു പ്രതിഭാശാലിയാണ് യശശ്ശരീരനായ സഖാവ് മുഹമ്മദാലി സാഹിബ്. അദ്ദേഹത്തെ സഖാവ് മുഹമ്മദാലി സാഹിബ് എന്ന് തന്നെയാണ് പൊതുവെ അറിയപ്പെടുക. ഞാൻ അദ്ദേഹത്തെ മുഹമ്മദാലിക്ക എന്ന് വിളിക്കാറുണ്ട്. ബഹുമാനപ്പെട്ട മുഹമ്മദാലിക്ക മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കി തീർക്കട്ടെ അദ്ദേഹത്തിന്റെ മരണസമയത്തും ഞാൻ അവിടെ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. ഒരുപാട് സിപിഎമ്മിലെയും സിപിഐ

യിലെയും സംസ്ഥാനത്തെ പ്രമുഖ നേതാക്കളൊക്കെ അന്ന് അവിടെ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. അന്ന് എനിക്ക് തോന്നുന്നത് ശ്രീ എ.സി. മൊയ്തീൻ സിപിഎമ്മിന്റെ തൃശൂർ ജില്ലാ സെക്രട്ടറിയാണെന്ന് തോന്നുന്നു അദ്ദേഹം ആ സമയത്ത് ഉണ്ടായിരുന്നു. അദ്ദേഹത്തെ എനിക്ക് നേരത്തെ പരിചയമുണ്ട്. അന്ന് സി.എ. ചന്ദ്രൻ മുല്ലശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ചന്ദ്രേട്ടൻ എന്നെ ഈ മൊയ്തീൻ സാഹിബിനെ പരിചയപ്പെടുത്തി ഇന്ന ആളുടെ മകനാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലാണ് ജോലി ചെയ്യുന്നത് എന്നൊക്കെ പറഞ്ഞപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു എനിക്കറിയാം. ഈ മൊയ്തീൻ സാഹിബ് വടക്കാഞ്ചേരി അടുത്താണ് അദ്ദേഹത്തിന്റെ വീട്. അത് വേറെ വഴിക്കുള്ള പരിചയമാണ്. എന്തായിരുന്നാലും സഖാവ് മുഹമ്മദാലി ക്കയുടെ ഖബറിടം വിശാലമാക്കി തീർക്കട്ടെ അദ്ദേഹത്തിന്റെ പാരത്രിക ജീവിതം സ്വർഗ്ഗീയമാക്കി തീർക്കട്ടെ എന്ന് സർവ്വശക്തനായ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/QvXikmoKuow?si=0OhaIPINRkJgSz34

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/dAGtu0CNiD4?si=QWtoFshP8KNfRkLL

അബ്ദുൽ മജീദ് മുഹമ്മദ്

അസ്സലാമു അലൈക്കും. ഏവർക്കും അല്ലാഹുവിന്റെ സംരക്ഷണവും സമാധാനവും എന്നും ഉണ്ടാകട്ടെ. പാടൂർ മഹൽ കൂട്ടായ്മയിൽ നാടിന്റെ പൊന്നോമനകളായ പണ്ഡിതവര്യന്മാരെ കുറിച്ചുള്ള സ്മരണിക തയ്യാറാക്കിയപ്പോൾ അതൊരു പുത്തൻ അറിവും ഉത്തേജനവുമായിരുന്നു എല്ലാവർക്കും. ആയതിനു ശേഷം നാട്ടിലെ പ്രമുഖ വ്യക്തിത്വങ്ങളെ കുറിച്ച് എഴുതാൻ തുടങ്ങിയപ്പോൾ വലിയ പ്രാധാന്യമൊന്നും ഉണ്ടാകില്ലെന്ന് കരുതി. എന്നാൽ എന്താണ് പാടൂരെന്നും ആരാണ് പാടൂരിനെ പാടൂർ ആക്കി മാറ്റിയതെന്നും ഒക്കെ പിന്നീട് കാണാൻ സാധിച്ചു. എത്രയോ മഹാന്മാരുടെയും മഹതികളുടേയും പാദസ്പർശമേറ്റ് പുളകിതമായതാണ് നമ്മുടെ പാടൂരിന്റെ ചരിത്രമെന്ന് കാണുമ്പോൾ അത്ഭുതം കൊണ്ടും സന്തോഷം കൊണ്ടും ആശ്ചര്യം കൊണ്ടും കുളിര് കോരുന്ന അവസ്ഥയിൽ ആയി. ചരിത്രത്തിൽ സ്ഥാനം പിടിച്ച മഹാൻമാർ. ഇക്കഴിഞ്ഞ ദിവസം മൂസ അൽ കാസിമി തങ്ങളുടെ 1957 ലെ ചിത്രങ്ങൾ കണ്ടപ്പോൾ ആ ഓർമ്മകൾക്ക് എത്ര മധുരമെന്ന് അറിയാതെ പറഞ്ഞു പോയി. ഇവിടെ സൂചിപ്പിച്ച വ്യക്തിത്വങ്ങൾ എത്രയോ പുണ്യാത്മാക്കൾ… ഹഫ്സത്തയെ കുറിച്ചുള്ള കുറിപ്പുകൾ വായിച്ചപ്പോൾ സാമൂഹിക പ്രവർത്തനം എന്താണെന്ന് ഇപ്പോഴാണ് മനസ്സിലായത്. ഒരു നാടിന്റെ ഐക്യം എങ്ങിനെ നിർമ്മിക്കണമെന്ന് കൊച്ചുകോയ തങ്ങളെ

കുറിച്ച് വായിച്ചപ്പോൾ ബോദ്ധ്യമായി. ഒരു സമൂഹത്തിനെ വിദ്യാഭ്യാസപരമായി എങ്ങിനെ ഉയർത്തി കൊണ്ട് വരാം എന്ന് മർഹും ബി വി സീതി തങ്ങളുടെ ഓർമകളിൽ നിന്നും പഠിച്ചെടുത്തു. അങ്ങിനെ അങ്ങിനെ എത്രയെത്ര മഹാന്മാരും മഹതികളും… മനസ്സ് നിറഞ്ഞ പ്രാർത്ഥനകൾ ഈ മഹാന്മാർക്കും, പണ്ഡിതന്മാർക്കും.. ഒപ്പം ഇതിനെല്ലാം തൗഫീക് നൽകിയ നാഥന് സ്തുതിയും.. അഡ്മിൻസിന് സ്നേഹത്തിൽ ചാലിച്ച നന്ദിയുടെ സന്തോഷ പൂക്കൾ…

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

രാജ്യം സ്വതന്ത്രമായതിന് ശേഷം നടന്ന നിയമസഭ, പാർലിമെന്റ് തെരഞ്ഞെടുപ്പുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(CPI)പല സംസ്ഥാനങ്ങളിലും അടിത്തറ ഭദ്രമാണെന്ന് തെളിയിച്ച്ചിരുന്നു. 1950കളിലും 1960കളിലും പാർലിമെന്റിലെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടി CPI ആയിരുന്നു.1964ൽപാർട്ടിയിൽ ഉണ്ടായ പിളർപ്പിനെ തുടർന്നാണ് CPI(M)എന്ന പാർട്ടി രൂപീകരിക്കുന്നത്. തുടർന്ന് അണികൾ അധികവും പുതിയ പാർട്ടിയിലേക്ക് ചേക്കേറിയെങ്കിലുംകെ. കെ. മുഹമ്മദാലി സഖാവ് മാതൃ സംഘടനയിൽ തുടരാനാണ് തീരുമാനിച്ചത് .... ആ കാലഘട്ടം പാടൂരിനെ സംബന്ധിച്ച് കമ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുക എന്നത് അതി സാഹസികമായ കാര്യമായിരുന്നു...... മുസ്ലിം ഭൂരിപക്ഷ പ്രദേശം, മുസ്ലിം ലീഗിന്റെ അപ്രമാദിത്തംനിലനിന്നിരുന്ന സ്ഥലം, കമ്മ്യുണിസ്റ്റ്കാരെ അവിശ്വാസികളും ദൈവനിഷേധികളുമായി മുദ്രകുത്തപ്പെട്ട കാലഘട്ടം, എല്ലാം കൊണ്ടുംസമൂഹത്തിൽ ബ്രഷ്ട്ട് കൽപ്പിക്കപ്പെട്ട വിഭാഗത്തെ പോലെ ജീവിക്കാൻ വിധിക്കപ്പെട്ട ഒരു വിഭാഗമായിരുന്നു ആ കാലത്തെ സഖാക്കൾ. ഒളിവിലും ഇരുട്ടിലും രാഷ്ട്രീയ പ്രവർത്തനം നടത്തി ശീലിച്ചവരാമായിരുന്നു നേതാക്കൾ അധികവും.നമ്മുടെ ഗ്രൂപ്പിലെ അംഗമായ അഷ്‌റഫ് സാഹിബ് അദ്ദേഹത്തിന്റെ പിതാവിന്റെ വിവാഹത്തോടാനുബന്ധിച്ചുണ്ടായ സംഭവംപങ്കുവെച്ചത്ആകാലഘടത്തെ ഒരു ചെറിയഅനുഭവം മാത്രം. ഭാഷാടിസ്ഥാനത്തിൽസംസ്ഥാനങ്ങൾ രൂപം കൊള്ളുകയും 1957ൽ കേരളസംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുകയും കമ്യൂണിസ്റ്റ് (CPI)പാർടിക്ക് മന്ത്രിസഭ ഉണ്ടാക്കാൻ കഴിയുകയും ചെയ്തതോടെ കേരള രാഷ്ട്രീയരംഗത്ത് കാര്യങ്ങൾമാറിമറിയുകയായിരുന്നു.ലീഗ് അടക്കം എല്ലാ പാർട്ടികളും കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിക്കാൻ തയ്യാറായി.******

മുഹമ്മദാലി സാഹിബ് അവസാന കുറച്ചുകാലം വരെ സി. പി. ഐ ൽ ഉറച്ചുനിന്നു. തിരഞ്ഞെടുപ്പ് കാലത്ത് അദ്ദേഹം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കാറിൽ ഉച്ചഭാഷിണിയിൽ പ്രസംഗിച്ച് സഞ്ചരിച്ചി രുന്നത് ഓർത്തുപോവുകയാണ്. മൈക്കിലൂടെയുള്ള അദ്ദേഹത്തിന്റെ ശബ്ദം (mechanised voice)ആകര്ഷണീയമായിരുന്നു. പിന്നീട് ടേപ്പ് റിക്കോർഡർ വന്നതോടെ ആദ്ദേഹത്തിന്റെ ശബ്ദം റെക്കോർഡ് ചെയ്ത് ജില്ലയുടെ വിവിധ നിയോജകമണ്ഡലങ്ങളിൽ പ്രചരണത്തിന് ഉപയോഗിച്ചിരുന്നു. അന്ന് ജില്ലയിൽ പാർട്ടിയുടെ ഏറ്റവും പ്രഗത്ഭനായ പ്രാസംഗികൻ സഘാവ് കെ. കെ.

ആയിരുന്നു.**ഗൾഫിൽ പ്രവാസജീവിതം നയിച്ചിരുന്നപ്പോഴും പള്ളി, മദ്രസ്സ തുടങ്ങി ഏത് കാര്യത്തിനും മുൻനിരയിൽ ഉണ്ടായിരുന്നതായി മായിമ്മൽ കാദർക്ക എടുത്ത് പറയാറുണ്ട്.***പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ ശേഷമാണ് തന്റെതായ കാരണങ്ങളാൽ സി. പി. എമ്മിൽ പ്രവർത്ഥിച്ച് തുടങ്ങിയത്..... അക്കാലത്ത് ഒരു കമ്മ്യൂണിസ്റ്റ് നേതാവിനെ മഹല്ല് കമ്മറ്റിയിലും ദീനീ പ്രവർത്തനങ്ങളിലും സഹകരിപ്പിക്കുന്നതും നേതൃത്ത്വം ഏൽപ്പിക്കുന്നതും നമ്മുടെ പ്രദേശത്തിന്റെ പ്രത്യേകതയായി അയൽ നാട്ടുകാർ പറയുന്നത് കേൾക്കാൻ അവസരം ഉണ്ടായിട്ടുണ്ട്. ഒരു പണ്ഡിതന്റെ മകൻ എന്നതിലുപരി പള്ളി ദർസിൽ അത്യാവശ്യം കിത്താബുകൾ പഠിച്ചതും ഈ രംഗങ്ങളിൽ അദ്ദേഹത്തിന് സഹായകമായിട്ടുണ്ടാവും. കോടതി യോടാനുബന്ധിച്ച് മീഡിയേഷൻ സെന്ററുകൾ വരികയും മീഡിയേറ്റർമാരിൽ ഒരാളായി പ്രവർത്തിക്കാൻ അവസരം ലഭിക്കുകയും ചെയ്ത എനിക്ക് മുഹമ്മദാലി സാഹിബിന്റെ അനുരഞ്ജന രീതി മാതൃകയായിട്ടുണ്ട്.അദ്ദേഹത്തിന്റെ ഖബർ വിശാലമാക്കികൊടുക്കട്ടെ. അദ്ദേഹത്തോടൊപ്പം നമ്മളെയും അള്ളാഹു സ്വർഗത്തിൽ ഒരുമിച്ച് കൂട്ടട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.

കെ അബ്ദുൽ വാഹിദ് സാഹിബ്

കെ.കെ മുഹമ്മദാലിക്കയെ വളരെ കൊച്ചു നാളിൽ 5-6 വയസ്സുള്ളപ്പോൾ കണ്ടു പരിചയപ്പെട്ടിയിരുന്നു. മദറസവരുന്നത് മുമ്പ് എന്റെ സഹോദരൻ സലാമു ക്ക കാരാ കോസ് പള്ളിയിൽ അബ്ദുൽ ഖാദിർ മുസല്യാരുടെ ദർസിൽ പഠനത്തിന്നായി പോയിരുന്നു. ചിലപ്പോൾ ഇക്കയുടെ കൂടെ ഞാനും സമയം പോക്കിന്നായി പള്ളിയിൽ ചെന്നിരിക്കുമായിരുന്നു. അന്ന് മുഹമ്മദാലിക്ക ദർസിലെഉയർന്ന കിതാ ബുകൾപഠിക്കുന്ന മുതിർന്ന വിദ്യാർത്ഥിയായിരുന്നു. കൊച്ചു കുട്ടിയെന്ന പരിഗണയും സ്നേഹവും കാരാകോ സിൽ നിന്നു തുടങ്ങി പിൽകാലത്തും സ്നേഹ ബന്ധം തുടർന്നു. പാടൂരിന്റെ വടക്ക് ഭാഗത്തുള്ള തല മുതിർന്ന പലരും ഷാപ്പിന്റവിടെ എന്ന് വിളിച്ചിരുന്ന ഇന്നത്തെ പാടൂർ സെന്ററിൽ 4 മണിക്ക്ശേഷം ഒത്തുകൂടി സൗഹൃദം പങ്കിട്ട് ചായകുടിച്ച് പിരിയുന്ന സ്വഭാവം അന്നുണ്ടായിരുന്നു. 40-50 കൊല്ലം മുമ്പ് പല പാർട്ടി മീറ്റിങ്ങുകളും അവിടെയാണ് നടന്നിരുന്നതെന്ന് തോന്നുന്നു. പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി യോഗങ്ങൾ.

എൻറ പ്രൈമറി പഠനകാലത്ത് ഒരു കുടുംബത്തിന്റെ കുടിയൊഴിപ്പിക്കൽ പ്രശ്നവുമായി ബന്ധപ്പെട്ടാണന്ന് തോന്നുന്നു അതിന്നെതിരായി പാടൂർ സെന്ററിൽ ചേർന്ന യോഗത്തിൽ മുഹമ്മദാലിക്ക ആയത്തുകളും ഹദീസുകളും ഉദ്ധരി റിച്ച് കലക്കൻ പ്രസംഗം നടത്തിയതായി ഓർമയുണ്ട്.. ആരെ? എന്തിനെന്നും? മനസ്സിലാക്കാനുള്ള വകതിരിവുള്ള പ്രായ മായിരുന്നില്ല എനിക്ക് . എങ്കിലും അദ്ദേഹം അബ്ദുൽ ഖാതർ മുസല്യാരുടെ കീഴിൽ അത്യാവശ്യം ദീനീ വിജ്ഞാനം നേടിയ വ്യക്തിയായിരുന്നു.

അദ്ദേഹത്തിന് ശരിയെന്ന് തോന്നിയ ആശയത്തിൽ ഉറച്ച് നിന്ന് അത് മറ്റുള്ളവരിലേക്ക് പകരാനള്ള വാക്ചാതുരിയും ആരെയും ആരെയും ആകർഷിക്കുന്ന പ്രസംഗപാടവവും അദ്ദേഹത്തിനുണ്ടായി രുന്നു. അത്

കൊണ്ടുതന്നെയാവണം തന്റെ പാർട്ടിയുടെ ഉന്നത തലങ്ങളിലെല്ലാം എത്തപ്പെട്ടത്.

മഹല്ല് കമ്മറ്റിയിലും അദ്ദേഹം സേവനമർപിച്ചിട്ടുണ്ട്. ആശയപരമായി രണ്ടു ധ്യുവത്തിലായിരിക്കുമ്പോഴും വ്യക്തിപരമയ മനപ്പൊരുത്തത്താൽ MK. മുഹമ്മു ണ്ണിസാഹിബും മുഹമ്മദാലിക്കയും ഒരു മിച്ച് മഹല്ല് കമ്മറ്റിയിൽ പ്രവർത്തിച്ചുവെന്നതാണ് പാടൂർ മണ്ണിന്റെ ഐക്യ വളക്കൂറ്.

അല്ലാഹുവെ ! മുൻകാല ദീനീപണ്ഡിതരും സഹൃദയരായ സമൂഹ സേവകരും മാതൃകയായി വിട്ടേച്ചു പോയ ഐക്യവും ഈ നാടിന്റെയശസ്സും കൂടുതൽ തേജസ്സോടെ നിലനിർത്താൻ പിൻഗാമികൾക്ക് കഴിയുമാറാകണെ നാഥാ 🤲 🤲

മൺമറഞ്ഞ മഹത്തു ക്കൾക്കല്ലാഹു മഗ്ഫിറത്തും മർഹമത്തും നല്കി സ്വർഗാവകാശികളാക്കട്ടെ 🤲 🤲

റഫീഖ് പേരൊത്തു

ആയത്തുകളും ഹദീസുകളുമായി പാർട്ടിയോഗം തന്നെ നടത്തേണ്ടി വന്ന മറ്റൊരവസരത്തെ പറ്റി കേട്ടറിവു കൂടി ഈ അവസരത്തിൽ പങ്കുവെക്കുന്നു.

ഒരിടത്ത് പ്രസംഗത്തിനായി മൂത്താപ്പ ചെന്നിരുന്ന സ്ഥലത്ത് കമറുദ്ധീൻ എന്നോ? മറ്റൊ പേരുള്ള ഒരാളുടെ നേതൃത്വത്തിൽ മുഹമ്മദലിയെന്നൊരാൾ ഇവിടെ വന്ന് പ്രസംഗിക്കുമെന്നും അവൻ മുസ്ലിം ഒന്നുമല്ല എന്നുമായിരുന്നു പ്രചരണം.

K K യുടെ പ്രസംഗമദ്ധ്യേ അദ്ധ്യക്ഷൻ ഒരു കുറിപ്പ് കൊടുത്തു. കുറിപ്പ് ഗൗനിക്കാതെ പ്രസംഗം തുടർന്നപ്പോൾ വീണ്ടും കുറിപ്പ് കൊടുക്കേണ്ടി വന്നു അദ്ധ്യക്ഷന്.കുറിപ്പ് ശ്രദ്ധിച്ച മൂത്താപ്പാ പിന്നീടുള്ള വയളുപറച്ചിലോടെ തന്നെ എതിരാളികളുടെ കുപ്രചരണത്തിന്റെ മുനയൊടിച്ചെന്നുമൊക്കെയാണ് തങ്കപ്പ മോനാശാരിയിൽ (സുരേഷ്,സാജന്റെയും... മറ്റും അച്ഛൻ)നിന്ന് അറിഞ്ഞത്.

ഭാഗീകമായി മാത്രം കമ്മ്യൂണിസത്തെ നെഞ്ചിലേറ്റിയ ഒരു വിശ്വാസിയുടെ അവസ്ഥ അക്കാലത്ത് ഇതായിരുന്നു എങ്കിൽ മറ്റുള്ളതൊക്കെ എത്ര വ്യത്യസ്ഥമായിരിക്കും.

മൺമറഞ്ഞു പോയ മഹത്തുക്കൾക്കും നമുക്കും റബ്ബിൽ നിന്നു ള്ള മഗ്ഫിറത്തും മർഹമത്തും ലഭിച്ചു സ്വർഗ്ഗാവകാശികളാവാനുള്ള സൗഭാഗ്യം ലഭിക്കട്ടെ 🤲 🤲 🤲

മൊയ്തു. പി.കരിപ്പായിൽ

നാടിന്റെ സഖാവ്.

പാടൂർ എന്ന കൊച്ചു ഗ്രാമം. പാടങ്ങളും പുഴകളും പരസ്പരം ആലിംഗനത്തിൽ അലിയുന്ന സുന്ദര ഗ്രാമം.❤️നിഷകളങ്കരായ മനുഷ്യരുടെ വാസസ്ഥലം.

ഇവിടെത്തെ മഹാ ഭൂരിപക്ഷവും സ്വന്തം അധ്വാനം കൊണ്ട് ജീവിയ്ക്കുന്നതിൽ അഭിമാനം കണ്ടെത്തിയ സാധാരണ മനുഷ്യർ🙏 (ഗൾഫ് കുടിയേറ്റത്തിന് ശേഷം എല്ലാവരും ഏറെകുറെ സ്വയം പര്യാപ്തരാണ്)

ഈ മണ്ണിലേയ്ക്ക് വിപ്ലവത്തിന്റെവിത്തുമായി കേരളത്തിന്റെ,,ചെറിയ മക്കാ,,,എന്നറിയപ്പെടുന്ന പൊന്നാനിയിൽ നിന്ന്. സഖാവ്.ഇമ്പിച്ചിബാവ കടന്നുവരുന്നു🌷ആ വരവിലൂടെ പാടൂരിന്റെ സാമൂഹ്യ ജീവിതവും മാറ്റിമറിക്കപ്പെടുന്നു.🌷ഈ ഗ്രാമത്തിൽ വന്ന് സഖാവിനെ ചോദിച്ചാൽ ഒരാളുടെ നേർക്കാണ് എല്ലാവരും വിരൽ ചൂണ്ടുക. അതെ. സാക്ഷാൽ.കെ.കെ.മുഹമ്മദാലി.❤️എന്റെ പ്രിയപ്പെട്ട കുഞ്ഞുപ്പ🙏 മുല്ലശ്ശേരിഹിന്ദു യൂപി സ്കൂളിൽ വിദ്യാർത്ഥിയായിരികെ. തന്റെ ജേഷ്ടന്റെ സഹപാഠികൂടിയായ അവിടത്തെ അദ്ധ്യാപകനായിരുന്ന സി.കെ.ശങ്കുരു മാസ്റ്ററുടെ വാത്സല്യം നിറഞ്ഞ പെരുമാറ്റത്തിൽ പല പുസ്തകങ്ങളും വായിക്കാൻ നൽക്കുകയും വായിച്ച പുസ്തകങ്ങളിലെ സംശയ നിവാരണത്തിനായ് മാസ്റ്ററെ സമീപിച്ചപ്പോൾ.എല്ലാ ബുധനാഴ്ചയും പറമ്പൻതുള്ളിയിൽ രാമദാസൻ എന്ന പേരിൽ ഒരാൾ വരുന്നുണ്ടെന്ന് പറഞ്ഞതിന്റെ വെളിച്ചത്തിൽ അദ്ദേഹത്തെ കണ്ട് പല കാര്യങ്ങളും പരസ്പരം ചോദിച്ചു മനസ്സിലാക്കി...❤️

മത വിദ്യാഭ്യാസത്തിന്റെ ഭാഗമായി ദർസ്സിൽ ഓതി കൊണ്ടിരിക്കുന്ന സമയത്ത് പുളിക്ക കടവിൽ സഖാവ് ഇമ്പിച്ചിബാവ വഞ്ചി ഇറങ്ങി വരുന്നു... അപ്പോഴവിടെ കൂടി നിന്ന ആറ്റകോയ തങ്ങൾ ഉൾപ്പടെകൈ കൊടുത്തു ആശ്ലേഷിക്കുന്നു.🌷 സംശയം തോന്നിയ. കെ.കെ. ഒരിക്കൽ കൂടി അദ്ദേത്തെ അടിമുടി നോക്കുന്നു.. ഒടുവിൽ ഉറപ്പ് വരുത്തി. ശങ്കുരു മാസ്റ്റർ സംശയനിവാരണത്തിനായ് തന്നെ കൂട്ടി കൊണ്ടുപോയത്. രാമദാസൻ എന്ന പേരുകരനായി പരിചയപ്പെടുത്തിയത്. സാക്ഷാൽ ഇമ്പിച്ചിബാവ യെയാണെന്ന് അന്നാണ് മനസ്സിലാകുന്നത്.❤️ (കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധ കാലത്ത് രാമദാസൻ എന്ന പേരിലാണ്ഇമ്പിച്ചിബാവ ഒളിവിൽ പാർട്ടി പ്രവർത്തനം നടത്തിയിരുന്നത്) പിന്നീടുള്ള പൊതുജീവിതം സംഭവ ബഹുലം.❤️ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗത്വം സ്വീകരിച്ചു കൊണ്ട് എതിർപ്പുകളയെല്ലാം നേരിട്ട് കൃഷിക്കാരെയും , കർഷക തൊഴിലാളികളേയും, ബീഡി തൊഴിലാളികളേയും, മത്സ്യ തൊഴിലാളി കളേയും, യുവജനങ്ങളേയും,അണിനിരത്തി കൊണ്ട് ഒട്ടേറെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകി👍അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ ഡിസ്ട്രിക്ക് കമ്മറ്റി മെമ്പർ. അവിഭക്ത പാർട്ടിയുടെ താലൂക്ക് കമ്മറ്റി സെക്രട്ടറി. അവിഭക്ത പാർട്ടിയുടെ തൃശൂർ ജില്ലാ എക്സിക്യുട്ടീവ് കമ്മറ്റി മെമ്പർ.സി.പി.ഐ. ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി. സ്റ്റേറ്റ്കൗൺസിൽ മെമ്പർ ഓഫീസ് സെക്രട്ടറി. തുടങ്ങി എണ്ണമറ്റ പാർട്ടി പദവികളും. വെങ്കിടങ്ങ് പഞ്ചായത്ത് പ്രസിഡണ്ട് പദവിയും.ജില്ലാ വികസന സമിതി അംഗത്വവും വഹിച്ചു.🙏 പാർട്ടിയുടെ ഉജ്ജ്വലനായ വാഗ്മിഎന്ന നിലയിൽ ഒട്ടേറെ സംവാദങ്ങളിൽപങ്കെടുക്കാൻ അക്കാലത്ത്പാർട്ടി ഇദ്ദേഹത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത് കരുവന്തലയിൽ വെച്ച് ഒരു പകൽ മുഴുവൻ നീണ്ടു നിന്ന സംവാദത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ ചേരിയുടെ നേതാവായ കളപ്പുരയ്ക്കൽ മേനോനെ മുട്ട് കുത്തിച്ച കഥ പാടൂരിലെ പഴയ തലമുറയിലെ

പ്രധാനിയായ അബ്ദുറഹ്മാൻ മാസ്റ്റർ സാക്ഷ്യപ്പെടുത്താറുണ്ട്. (മാസ്റ്റർ കമ്മ്യൂണിസ്റ്റ്കാരനല്ല) 1957 ലെ ചരിത്ര പ്രസിദ്ധമായ തിരഞ്ഞെടുപ്പിൽ നമ്മുടെ പ്രദേശത്ത് നിന്ന് കമ്മ്യൂണിസ്റ്റ് സ്വതന്ത്രനായി കോരു മാസ്റ്റർ മത്സരിച്ചപ്പോൾ ആ തിരഞ്ഞെടുപ്പിലെ പ്രധാന ചുമതല കാരിൽ ഒരാളായിരുന്നു. എഴാം പാർട്ടി കോൺഗ്ര സ്സിലെ പ്രതിനിധി. (ബോംബെ പാർട്ടി കോൺഗ്രസ്സ്) ചരിത്രത്തിൽ ആദ്യമായി ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നെങ്കിലും കുപ്രസിദ്ധമായ വിമോചന സമരത്തിലൂടെ ഗവൺമെന്റ് അട്ടിമറിക്കപ്പെട്ടു. വിമോചന സമരകാലഘട്ടത്തിൽ തൊയക്കാവിൽ ചേർന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി നേതാവായ. ഫാദർ വടക്കന്റെ വെല്ലുവിളി ഏന്റെടുത്തു മതവിശ്വാസിയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കാൻ സാധ്യമാണെന്ന്മറുപടി നൽകിയ കാര്യം പഴമക്കാർ പല കുറി ഓർത്തെടുത്തു പറയാറുണ്ട്.❤️ (ഞങ്ങൾ ദേവാലയങ്ങളിലെ ഈശ്വരന്മാർക്ക് എതിരല്ല മറിച്ച് മനുഷ്യരെ ചൂഷണം ചെയ്യുന്ന കോടീശ്വരൻ മാർക്കാണെ തിര് ഇതായിരുന്നു മറുപടിയുടെ സാരാംശം) പാർട്ടിയുടെ നയവും പരിപാടിയും നടപാകാനുള്ള പ്രവർത്തനത്തിൽ സജീവ പങ്ക് വഹിക്കുമ്പോഴുംതന്റെ മത വിശ്വാസവും കർമ്മവും ഒരുമിച്ച് കൊണ്ട് പോകാൻ കഴിഞ്ഞു എന്നത് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. മറ്റൊരു ഘട്ടത്തിൽ സഖാവ് കുഞ്ഞി കാദർക്ക (മജീദ് ഹാജിയുടെ അളിയൻ) പറഞ്ഞതാണ് ഒരിക്കൽ കേച്ചേരിയിൽ സംഘടിപ്പിക്കപ്പെട്ട യോഗത്തിൽ തലേ ദിവസത്തെ എതിരാളിയുടെ പ്രചരണം ഇങ്ങിനെയാണത്ര നാളെ ഇവിടെ പ്രസംഗിക്കാൻ വരുന്ന മുഹമ്മദാലി മുസ്ലിമല്ല മറിച്ച് അന്തിക്കാട്ടെ ഒരു ചെത്ത് തൊഴിലാളിയാണ് ഇമാൻ കാര്യവും ഇസ്ലാം കാര്യം പോലും അറിയാത്ത ആളാണ്. ഈ പ്രചരണത്തിന് മറുപടി നൽകാൻ ആദ്യം തയ്യാറാവ തിരുന്ന മുഹമ്മദാലി ഞങ്ങളുടെ നിർബന്ധത്തിന് വഴങ്ങിയാണ് മറുപടി നൽകിയതെന്ന് സഖാവ് കുഞ്ഞി കാദർക്ക നേരിട്ട് പറഞ്ഞ അനുഭവം എനിയ്ക്കുണ്ട്. ശരീയത്ത് വിവാദം കൊടുമ്പിരി കൊള്ളുന്ന കാലത്ത് പോലും ഏറെ സമ്മർദ്ദംഉണ്ടായിട്ടും ഒരിക്കൽ പോലും വിശുദ്ധ ഖുറാനെ രാഷ്ട്രീയ മുതലെടുപ്പിനായി പൊതുവേദിയിൽ ഉപയോഗിച്ചിട്ടില്ല. തങ്ങളുടെ രാഷ്ട്രീയ താല്പര്യത്തിനായി ഉപയോഗിക്കേണ്ടതല്ല. വിശുദ്ധ ഗ്രന്ഥം എന്ന വിശ്വാസ കാരാനാണ് അദ്ദേഹം.🙏 എന്റെ പിതാവ് രചിച്ച പുസ്തകത്തിൽ സഹോദരന്റെ വിവാഹത്തെ അഭിമാനത്തോടെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്, പന്തിഭോജനം, എല്ലാ വിഭാഗം ആളുകളേയും ഒരേ പന്തലിലിരുത്തി ഒരേ മേശയ്ക്ക് ചുറ്റും ഭക്ഷണം വിളബി നടത്തിയ വിവാഹ ചടങ്ങ് പാടുരിന്റെ ചരിത്രത്തിലെ ആദ്യത്തെ അനുഭവമാണത്രെ. അസ്വസ്ഥതയോടെ എഴുന്നേല്ക്കാൻ ശ്രമിച്ചവരോട് കരിപ്പായിൽ മുഹമ്മദ്ക്ക എന്റെ മൂത്താപ്പ (കോൺഗ്രസ്സുകാരനായിരുന്നു) അവനവന്റെ ഇലയിൽ മാത്രം നോക്കുക എന്ന ശക്തമായ നിലപാട് പറഞ്ഞ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റായതിന്റെ പേരിൽ ഏറെ വേട്ടയാടപ്പെട്ടിട്ടും ആരേയും ശത്രുവായി അദ്ദേഹം കണ്ടിരുന്നില്ല.🙏 പ്രസംഗപാടവംഎന്നത് കൊണ്ട് തന്നെ പ്രസ്ഥാനത്തിലെ പ്രധാന നേതാക്കളുമായി അടുത്ത വ്യക്തി ബന്ധമായിരുന്നു ഉണ്ടായിരുന്നത്.അത് തന്റെചിന്തകളെ ഏറെ സ്വാധീനിച്ചതായി അദ്ദേഹം സാക്ഷ്യ പ്പെടുത്തറുണ്ട്.👍 ലോക പ്രശസ്ത കമ്മ്യൂണിസ്റ്റ് ആചാര്യൻ കെ. ദാമോധരൻ.

സി.അച്ച്യുതമേനോൻ.എൻ.ഇ. ബലറാം. കണിയാപുരം രാമചന്ദ്രൻ.സി. കണ്ണൻ.എം.എൻ.ഗോവിന്ദൻ നായർ. ടി.വി. തോമസ്. ഇ.കെ. ഇമ്പിച്ചിബാവ. എ.എസ്.എൻ.നമ്പീശൻ. കെ.കെ. മാമ കുട്ടി. സി.കെ. കുമാരൻ. ടി.കെ. കരുണൻ. കെ.പി.പ്രഭാകരൻ. ടി.എ മജീദ്.വി.വി.രാഘവൻ.പി.കെ.വി. എന്നിവരുമായി ഏറെ അടുത്ത വ്യക്തിബന്ധം പുലർത്താൻ കഴിഞ്ഞിരുന്നതായി അദ്ദേഹം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മഹാനായ സഖാവ്. എ.കെ.ജി. മുല്ലശ്ശേരി അച്ഛമ്മായി സ്കൂൾ പരിസരത്ത് പ്രസംഗിക്കാനെത്തിയപ്പോൾ പ്രചരണ വിഭാഗത്തിന്റെ ചുമതല വഹിച്ചിരുന്നത് ഇദ്ദേഹമായിരുന്നു.❤️ പാർട്ടിയിലെ പിളർപ്പിൽ എല്ലാ ആദ്യ കാല നേതാക്കളെ പോലെ തന്നെ മാനസികപ്രയാസം ഏറെ അനുഭവിച്ചിരുന്നു. ഒടുവിൽ കെ.ദാമോധരന്റെ വിശദീകരണത്തിൽ തൃപ്തനായി. സി.പി.ഐ. പക്ഷത്ത് നിലയുറപ്പിച്ചു.എല്ലാ ചാവക്കാട്ടുകാരേയും പോലെ ജീവിത പ്രയാസങ്ങളുടെ ഭാഗമായി എട്ട് വർഷതോളം പ്രവാസിയായി മാറി.... അവിടെ യും സാംസ്കാരിക സംഘടന രൂപികരിച്ചു. അബുദാബി ആ ട്ട് സെന്റർ...❤️ കേരളത്തിലെ പ്രമുഖ നേതാകളായ. സി.എച്ച്.മുഹമ്മദ് കോയ. ബേബി ജോൺ. ഇമ്പിച്ചിബാവ. പി.കെ.വി. സക്കറിയസേഠ് തുടങ്ങിയപ്രമുഖകർക്ക് സ്വീകരണമൊരുക്കി. ഗൾഫിൽ നിന്ന് തിരിച്ചെത്തിശ്രീമതി ഇന്ദിരാ ഗാന്ധിയുടെ വധത്തെ തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ചേരിയിൽ സജീവമായി നിലയുറപ്പിച്ചു. തന്റെ പ്രസ്ഥാനം താൻ നില്ക്കുന്ന പ്രദേശത്ത് ശുഷ്കിച്ചു വരുന്നത് തിരിച്ചറിഞ്ഞ് ഏറെ ദുഃഖിതനായിരുന്നു അദ്ദേഹം.,,ഭട്ടിൻഡ.,,പാർട്ടി കോൺഗ്രസ് തീരുമാനം അനുസരിച്ച് കമ്മ്യൂണിസ്റ്റ് ഏകീകരണം സാധ്യമാകും എന്നു കരുതി യിരുന്നു അദ്ദേഹം. എന്നാൽ താൻ നില്ക്കുന്ന പ്രദേശം ഉൾപ്പടെ ഇടതുപക്ഷ ചിന്താഗതിക്കാരെല്ലാവരും സി.പി.എം പക്ഷത്ത് നിലയുറപ്പിച്ചപ്പോൾ താൻ മാത്രം ഒരു ഒറ്റയാൻ കമ്മ്യൂണിസ്റ്റായി തുടരേണ്ടതില്ലെന്ന് തീരുമാനിച്ചു കൊണ്ടാണ് അദ്ദേഹം സി.പി.എം പക്ഷക്കാരനായി മാറിയത്.ആ കാലഘട്ടത്തിൽ.സി.പി.ഐ. അഖിലേന്ത്യ സിക്രട്ടറിമാരിൽ ഒരാളായ ഡോക്ടർ, കല്യാണസുന്ദരം മുതൽ നമ്മുടെ അയൽ ഗ്രാമത്തിലെ.ബി.ആർ. കേശവൻ വരെയുള്ളവർ സി.പി എം പക്ഷത്തേയ്ക്ക് വന്നവരിൽ ഉൾപ്പെടും. സി.അച്ചുത മേനോനുമായി ഏറെ വ്യക്തി ബന്ധമായിരുന്നു അദ്ദേഹത്തിന്. സി.പി.എം. പാത സ്വീകരിക്കുന്നതിൽ അച്ചുത മേനോൻ എതിർപ്പ് പറഞ്ഞില്ലെന്ന് മാത്രമല്ല. തൊഴിലാളികളും കമ്മ്യൂണിസ്റ്റ് മാസസും അപ്പുറത്താണെന്ന അഭിപ്രായം മോനോൻ പങ്ക് വെച്ചത് സത്യത്തിൽ സി.പി.എം ലേക്ക് വരാൻ അദ്ദേഹത്തെ കൂടുതൽ പ്രചോദിതനാക്കി. ഇതിൽ ഏതെങ്കിലും തരത്തിലുള്ള പാർലിമെന്ററി വ്യാമോഹംഇല്ലായെന്നതാണ് വസ്തുത. അച്യുതമേനോൻ അന്തരിച്ചപ്പോൾ അനുശോചന പ്രമേയം അവതരിപ്പിയ്ക്കാൻ സി.പി.ഐ. നിയോഗിച്ചത് ഇദ്ദേഹത്തെയാണ്. പാർട്ടി വിട്ട ആളെ അത്തരം ചുമതല നൽകൽ പതിവില്ലാത്തതാണ്.പക്ഷെ അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ സത്യസന്ധത തിരിച്ചറിഞ്ഞത് കൊണ്ടാണ് അവർ അങ്ങിനെ ഒരു നടപടി സ്വീകരിച്ചത്.🙏 പ്രവർത്തിക്കുന്ന പ്രസ്ഥാനതോട് പൂർണ്ണമായ നീതി പുലർത്തി കൊണ്ട് തന്നെ എതിർ രാഷ്ട്രീയ പ്രസ്ഥാനത്തിലെ പ്രവർത്തകരോടും നേതാക്കളോടുംസ്നേഹ വാത്സല്യതോടെയാണ് ഇടപ്പെട്ടിരുന്നത്. ഒരു പക്ഷെ അതെല്ലാം ഈ ഗ്രാമത്തിന് തന്നെ മുതൽ

കൂട്ടായിരുന്നു🌷 ഹജ്ജ് കർമ്മം നിർവ്വഹിച്ച് തിരിച്ചെത്തിയപ്പോൾ തെരഞ്ഞെടുപ്പ് കാലത്ത് ഹജ്ജിന് പോയി എന്ന വിമർശനത്തിന് അതുകൊണ്ട്.,,ദുനിയാവും,,,,ആഹററവും,,നേടിഎന്നസരസമായമറുപടിയാണ് വിമർശകർക്കുനൽകിയത്.😂🙏 എല്ലാവരോടും സഹവർത്തിത്വത്തി ലധിഷ്ഠിതമായ ജീവിത സന്ദേശം നൽകിയാണ് അദ്ദേഹംവിട വാങ്ങിയത്അദ്ദേഹത്തിനായുള്ള നാടിന്റെ പ്രാർത്ഥനയിൽ പങ്ക് ചേരുന്നു.🙏,

,,,,,,,,,,,,,,,,,,,,,,,,,,,,,,മൊയ്തു. പി.കരിപ്പായിൽ



ആർ വി ഉമ്മർ സാഹിബ്

1941 - ശക്തമായ മഴയും ചുഴലിക്കാറ്റും മൂലം മലബാറിലെ താഴ്ന്ന പ്രദേശങ്ങളിൽ കടുത്ത വെള്ളപ്പൊക്കവും ചെളി കെട്ടലും മൂലം കടുത്ത നാശനഷ്ടങ്ങൾ ഉണ്ടായ സമയം. തെങ്ങുകൾ എല്ലാം കടപുഴകി; കൃഷികൾ നശിച്ചു.

നാശനഷ്ടങ്ങൾ വിലയിരുത്തുവാനായി മലബാർ കളക്ടർ പാടൂരിലും എത്തി. അന്ന് രാഷ്ട്രീയത്തിൽ ഉയർന്നു വന്നിരുന്ന യുവതാരം ഇബ്രാഹിം സുലൈമാൻ സേട്ടും കളക്ടറുടെ സംഘത്തിലുണ്ടായിരുന്നു.

കളക്ടർക്കും സംഘത്തിനും ഉള്ള ഗംഭീര സ്വീകരണ യോഗത്തിന്റെ വേദിയിൽ നാട്ടുപ്രമാണിമാരായ ബീ. വി കോയക്കുട്ടി തങ്ങൾ, ആർ പി ബാവു സാഹിബ്, കാര്യാട്ട് കുഞ്ഞി ബാപ്പു സാഹിബ് എന്നിവർ. നാട്ടുകാർ സമർപ്പിക്കുന്ന മെമ്മോറാണ്ടം വായിച്ചതു അന്ന് മൂന്നാം തരത്തിൽ പഠിക്കുന്ന ഒരു കുട്ടി. ഭംഗിയായി വായിച്ച ആ മിടുക്കന് കളക്ടർ വകയായി 10 ഉറുപ്പിക സമ്മാനവും കിട്ടി. ആ കുട്ടിയുടെ പേര് മുഹമ്മദാലി. പിന്നീട് സഖാവ് K K എന്നറിയപ്പെട്ട പൊതുപ്രവർത്തകന്റെ അരങ്ങേറ്റം അതായിരുന്നു.

സ്കൂൾ രേഖ പ്രകാരം 1933 ജൂലൈ 13 ന് ആണ് ജനനം. മൂത്ത സഹോദരൻ മുഹമ്മദ് കുട്ടി എന്ന K M കുട്ടി സാഹിബ്. സഹോദരിമാർ ഇല്ല. പിതാവ് കരിപ്പായിൽ അഹമ്മു മുസ്ലിയാർ. ഉമ്മ കരിമ്പനാറേ അസൈനാർ മകൾ കയ്യു. അഹമ്മു മുസ്ലിയാർ കൊച്ചി ചെമ്പിട്ട പള്ളിയിൽ ഖത്തീബ് ആയിരുന്നു. മത പണ്ഡിതന്മാരുടെ കുടുംബത്തിലെ അംഗമായിരുന്ന മുസ്ല്യാർ, സരസനായ ഒരു മാപ്പിള കവി കൂടിയായിരുന്നു. അദ്ദേഹത്തിന്റെ മൈലാഞ്ചി പാട്ടുകൾ കല്യാണങ്ങൾക്ക് പാടി വന്നിരുന്നു. മുഹമ്മദാലി സാഹിബ് ഏതാണ്ട് 5 ൽ പഠിക്കുന്ന സമയത്തു ഉപ്പ മരണപ്പെട്ടു.

നാലു വരെ കുണ്ടഴിയൂർ മാപ്പിള സ്കൂളിൽ പഠനം. അത് കഴിഞ്ഞു മുല്ലശ്ശേരി ഹിന്ദു യു പി സ്കൂളിൽ. പാടത്തു കൂടെയുള്ള നടന്നു പോക്ക് മഴക്കാലത്തു ദുഷ്കരമാകും. അപ്പോൾ വളഞ്ഞു അധിക ദൂരം കൂടെ താണ്ടി വേണം സ്കൂളിൽ എത്താൻ. കാലത്ത് പള്ളിയിലെ ദർസു കഴിഞ്ഞ് കഞ്ഞി കുടിച്ചു സ്കൂളിൽ പോയാൽ വൈകീട്ട് തിരിച്ചു വന്നിട്ടാണ് വല്ലതും കഴിക്കുന്നത്. സി ടി അബ്ദുൾ റഹ്മാൻ മുസ്ല്യാരുടെ പ്രിയശിഷ്യനായിരുന്നു. സി പി ഹൈദർക്ക, കാലടി മുഹമ്മദുണ്ണിക്ക എന്നിവർ സഹപാഠികൾ. ദർസിൽ ഓതുന്നതു കൊണ്ട്

മുസ്ല്യാർ കുട്ടി എന്നൊരു പേരും കിട്ടി. 1947 മുല്ലശ്ശേരി ഗവൺമെൻറ് ഹൈസ്കൂളിലെ ആദ്യ ബാച്ച് വിദ്യാർത്ഥിയായിരുന്നു.

സിടി ഉസ്താദ് ദർസു നിറുത്തി പോയ സമയത്ത് കാരാഗോസ് പള്ളിയിൽ തിരൂർ അബ്ദുൾ ഖാദർ മുസ്ല്യാരുടെ കൂടെ "മിഷ്കാത്ത്" ചൊല്ലിക്കാൻ തുടങ്ങി. ഫറോക്കിലെ പഠനം നിർത്തി തിരിച്ചെത്തിയ കൊച്ചുകോയ തങ്ങളും കൂടെയുണ്ടായിരുന്നു. തങ്ങളുമായുള്ള അദ്ദേഹത്തിൻറെ അടുത്ത സുഹൃദ്ബന്ധം തുടങ്ങുന്നത് അവിടം മുതലാണ്.

സീതിതങ്ങളുടെ പാണ്ടികശാലയിൽ കൊച്ചുകോയ തങ്ങൾ ഒരു ബീഡി കമ്പനി തുടങ്ങുന്നത് ഈ ഘട്ടത്തിലാണ്. അവിടുത്തെ നിത്യ സന്ദർശകനായി, പിന്നീട് രാത്രി കടയടച്ചു പോരുന്നത് രണ്ടുപേരും കൂടിയായി.

തങ്ങളുടെ ബീഡി കടയിൽ വെച്ചാണ് സഖാവ് ഇ കെ ഇമ്പിച്ചി ബാവയുമായുള്ള ആദ്യത്തെ കണ്ടുമുട്ടൽ. സഖാവിനെ തങ്ങളാണ് പരിചയപ്പെടുത്തി കൊടുത്തത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുമായുള്ള ബന്ധത്തിന്റെ തുടക്കം അവിടെ നിന്നായിരുന്നു. അന്നത്തെ ഇമ്പിച്ചി ബാവയുടെ സ്റ്റഡിക്ലാസുകളിൽ ഇവർ രണ്ടു പേരും കൂടാതെ തയ്യപ്പിൽ കാദർക്ക, വി കെ മുഹമ്മദുണ്ണിക്ക എന്നിവരും ഉണ്ടാകാറുണ്ടത്രേ.

ചെറുപ്പക്കാരുടെ മോഹഭൂമി ബോംബേയായിരുന്നു ഒരു കാലത്ത്. ബോംബേയിൽ എത്തിപ്പെടാനുള്ള ശ്രമം വീട്ടിൽ ഉമ്മ ഒറ്റയ്ക്കാകും എന്നൊരു ഭയം കൊണ്ട് ഉപേക്ഷിക്കുകയായിരുന്നു. പാർട്ടി പ്രവർത്തനവും ചെറുത്തു നിൽപ്പും സമരങ്ങളും നാട്ടിൽ പ്രബലരായ ചിലരുടെ എതിർപ്പുകളും ശത്രുതയും സ്വാഭാവികമായും ഉണ്ടാക്കി വെച്ചു. വാഹിദ്ക്ക സൂചിപ്പിച്ച കുടിയിറക്ക് കേസ് മുതലായവ തന്നെ അവരുടെ വിരോധത്തിന് മതിയായ കാരണങ്ങളായിരുന്നു. പാടൂരിന് പുറത്തും തെറ്റിദ്ധാരണകൾ പടർത്തലും അപവാദ പ്രചരണങ്ങളും മുറപോലെ നടന്നു. അന്തിക്കാട്ടുള്ള ഒരു ചെത്തു തൊഴിലാളി മുസ്ലിം വേഷം കെട്ടി ഇറങ്ങിയതാണ് എന്ന് വരെയുള്ള ആരോപണങ്ങളെ അദ്ദേഹത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്.

ബീഡി തൊഴിലാളി രംഗമായിരുന്നു അദ്ദേഹത്തിൻറെ പ്രധാന പ്രവർത്തന മേഖല. ചാവക്കാട് ഫർക്ക ബീഡി തൊഴിലാളി യൂണിയൻറെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

പാർട്ടി സംസ്കാരിക രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ച സമയം. ചാവക്കാട് താലൂക്കിൽ തന്നെ ഏറ്റവും ഏറ്റവും സജീവമായിരുന്ന വെങ്കിടങ്ങ് പ്രോഗ്രസീവ് യൂത്ത് ലീഗ് പ്രവർത്തനത്തിൽ സജീവമായിരുന്നു. ഇവരുടെ ആഭിമുഖ്യത്തിലാണ് "ഇജ്ജ് നല്ലോരു മൻസനാകാൻ നോക്ക്" എന്ന നാടകം പാടൂരിൽ അവതരിപ്പിച്ചതു. സംവിധാനം K K മുഹമ്മദാലി. ആ നാടകം അവതരിപ്പിച്ച ശേഷം കമ്മ്യൂണിസ്റ്റുകാരോടുള്ള നാട്ടുകാരുടെ സമീപനത്തിൽ വല്ലാത്ത ഒരു അയവ് വന്നു എന്ന് അദ്ദേഹം ഓർക്കാറുണ്ട്.

സംസ്ഥാന രൂപീകരണ ശേഷം 1957 ൽ നടന്ന ആദ്യത്തെ അസംബ്ലി തെരഞ്ഞെടുപ്പ്. അന്ന് പാടൂർ ഗുരുവായൂർ മണ്ഡലത്തിന്റെ ഭാഗം. പാർട്ടി നിയോജകമണ്ഡലം തെരഞ്ഞെടുപ്പ് കമ്മറ്റി സെക്രട്ടറിയായിരുന്നു. ഒറ്റക്ക് നിൽക്കുക എന്നൊരു തന്ത്രപരമായ നിലപാട് മുസ്ലിം ലീഗ് കൈക്കൊണ്ട

തെരഞ്ഞെടുപ്പ്. വോട്ടെണ്ണിയപ്പോൾ കമ്യൂണിസ്റ്റ് സ്വതന്ത്രൻ കൂളിയാട്ട് P K കോരു മാസ്റ്ററാണ് വിജയിയായത്. അന്ന് ആദ്യമായി കമ്യൂണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ എത്തിയത് ചരിത്രം.

1958 ലായിരുന്നു അദ്ദേഹത്തിൻ്റെ വിവാഹം. വധു താമരയൂർ കറുപ്പം വീട്ടിൽ മോമുക്കയുടെ മകൾ ഉമ്മു കുൽസു. കമ്യൂണിസ്റ്റ് പാർട്ടി ഏറ്റെടുത്തു നടത്തിയ ഒരു വിവാഹം. നാനാ ജാതി മതസ്ഥരും പങ്കെടുത്ത ആ ഗംഭീര വിവാഹത്തിനായിരുന്നു പാടൂരിൽ ആദ്യമായി പന്തി (മിശ്ര ജാതികൾ ഒരുമിച്ച്) ഭോജനം നടന്നതു.

1960ൽ പാസാക്കിയ കേരള പഞ്ചായത്തു നിയമത്തെ തുടർന്ന് 1962ൽ പുനക്രമീകരിച്ച വെങ്കിടങ്ങ് പഞ്ചായത്തിലേക്ക് ആദ്യ തെരഞ്ഞെടുപ്പ് നടക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി, കോൺഗ്രസുമായി തെറ്റിപ്പിരിഞ്ഞ മുസ്ലിം ലീഗ്, വടക്കനച്ചൻ രൂപീകരിച്ച കെ ടി പി എന്നിവ സഖ്യമായാണ് മത്സരിച്ചത്. 10 സീറ്റുള്ള പഞ്ചായത്തിലെ ആറ് സീറ്റുകൾ നേടി ഈ സഖ്യം ഭരണം പിടിച്ചു. ഒരു നോമിനേറ്റഡ് വനിതാ മെമ്പറും കൂടി 11 പേരാണ് പഞ്ചായത്ത് ഭരണ സമിതിയിൽ. കെ ടി പി 4, മുസ്ലിം ലീഗ് 2, കമ്മ്യൂണിസ്റ്റ് പാർട്ടി 1, കോൺഗ്രസ് 4 ഇങ്ങനെയായിരുന്നു കക്ഷിനില. പാടൂർ നിന്ന് കൊച്ചുകോയ തങ്ങൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയായിരുന്നു.

വടക്കനച്ചൻ്റെ പ്രത്യേക താൽപര്യത്തിൽ മുഹമ്മദാലി സാഹിബ് ആയിരുന്നു പ്രസിഡൻറ് സ്ഥാനാർഥിയായി തീരുമാനിക്കപ്പെട്ടത്. ഇടയ്ക്ക് പ്രസിഡൻറ് സ്ഥാനം കൊച്ചുകോയ തങ്ങൾക്ക് കൈമാറാമെന്ന ഒരു ധാരണയും രൂപപ്പെട്ടിരുന്നു. വിമോചന സമരശേഷം ഉണ്ടായ സംഘർഷങ്ങളെ തുടർന്ന് ഒളിവിൽ കഴിയേണ്ടി വന്ന സജീവ പ്രവർത്തകരിൽ K K യും ഉൾപ്പെടുന്നു.

1964: കേരളത്തിൽ രാഷ്ട്രപതി ഭരണം. തെരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികളായി പഞ്ചായത്ത് സമിതികൾ മാത്രമായി. അതുകൊണ്ടുതന്നെ അവർക്ക് പതിവില്ലാത്ത അംഗീകാരവും അധികാരവും കൈവന്നു. മുഹമ്മദാലി സാഹിബ് ജില്ലാ വികസന സമിതിയിലും അംഗമായിരുന്നു. മുല്ലശ്ശേരി പുളിക്കകടവ് റോഡ് അന്ന് ചരൽ ഇട്ടതായിരുന്നു. അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ റോഡ് സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥ. റിപ്പയർ ചെയ്ത് സഞ്ചാരയോഗ്യമാക്കിയ ശേഷം പി ഡബ്ല്യു ഡിയെക്കൊണ്ട് ഏറ്റെടുപ്പിക്കാനുള്ള ശ്രമം തുടങ്ങി വെച്ചത് ഈ ഭരണ സമിതിയായിരുന്നു. ഏനാമാക്കൽ ബണ്ട് റോഡ് പ്ലാൻ ചെയ്തു തുക വകയിരുത്തിയത്, വരുമാനത്തിനായി പ്രൊവിഡൻസ് തിയേറ്റർ പഞ്ചായത്ത് ഉടമസ്ഥതയിൽ സ്ഥാപിച്ചത് തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ.

1964 ൽ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ CPI യുടെ പക്ഷത്തു നിന്ന അദ്ദേഹത്തെ സ്റ്റേറ്റ് കൗൺസിൽ മെമ്പർ, ബോംബേയിൽ നടന്ന അഖിലേന്ത്യാ സമ്മേളന പ്രതിനിധി എന്നീ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുത്തു.

സംസ്ഥാന സമിതി അംഗം എന്ന നിലയിൽ മുഴുവൻ സമയവും പാർട്ടി പ്രവർത്തനത്തിൽ ശ്രദ്ധിക്കേണ്ടത് കൊണ്ട് പഞ്ചായത്തു പ്രസിഡൻറ് സ്ഥാനം രാജിവച്ചു. പകരം പ്രസിഡൻറ് സ്ഥാനത്തേക്ക് കൊച്ചുകോയ തങ്ങളെ സഖ്യം

നിർദേശിച്ചുവെങ്കിലും വോട്ടിംഗ്നു തൊട്ട് മുമ്പ് നടന്ന അനഭിലഷണീയമായ ചില നീക്കങ്ങൾ മൂലം പ്രസിഡൻ്റ് സ്ഥാനം തങ്ങൾക്ക് നഷ്ടപ്പെടുകയായിരുന്നു.

സഖാവ് സി അച്യുത മേനോനുമായി അദ്ദേഹത്തിന് ഒരു ആത്മബന്ധം ഉണ്ടായിരുന്നു. ഈ ബന്ധം ആദ്യ ഘട്ടത്തിൽ തന്നെ പാടൂരിൽ ഗവൺമെൻ്റ് ഡിസ്പെൻസറി അനുവദിച്ചു കിട്ടുന്നതിൽ നിർണായകമായിട്ടുണ്ട്. ഇടിയൻചിറ പാലം, പുളിക്കകടവ് പാലം തുടങ്ങിയ നാട്ടിലെ വിവിധ വികസന പ്രവർത്തനങ്ങളിൽ അദ്ദേഹത്തിൻ്റെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്.

അദ്ദേഹത്തിൻ്റെ രാഷ്ട്രീയ ജീവിതത്തിൻ്റെ മറ്റു വിവരണങ്ങൾ സ്ഥൂലഭയം മൂലം ഒഴിവാക്കുകയാണ്. സമീപകാല രാഷ്ട്രീയ ചരിത്രങ്ങൾ മിക്ക ആളുകൾക്കും അറിയാവുന്നതുകൊണ്ട് ആവർത്തിക്കുന്നില്ല. പ്രഗത്ഭനായ ഒരു വാഗ്മി, സാധാരണക്കാരുടെ പ്രശ്നങ്ങൾ കണ്ടറിയാനും സങ്കടനിവൃത്തിക്കും വേണ്ടി സദാ മുന്നിട്ടിറങ്ങുന്ന വ്യക്തി, കുടുംബ ബന്ധങ്ങൾക്കും വ്യക്തി ബന്ധങ്ങൾക്കും വേണ്ടി എന്തും ത്യജിക്കാനുള്ള മനസ്സ്.

തികഞ്ഞ ഒരു കമ്യൂണിസ്റ്റ് ആയിരിക്കുമ്പോഴും വിശ്വാസ പ്രമാണങ്ങളിൽ കടുകിട വിട്ടുവീഴ്ച ചെയ്യാത്ത നിലപാട്. ഏതു ചടങ്ങിനിടയിലും നമസ്കാരം സമയത്ത് നിർവഹിക്കാൻ മറക്കാറില്ല. "ഷാബാനു" വിധിക്കുശേഷമുണ്ടായ വിവാദത്തിൽ പാർട്ടി നിലപാടിന് വിരുദ്ധമായി നിലപാട് സ്വീകരിച്ചതിന് അച്ചടക്ക നടപടി നേരിടേണ്ടി വന്നിട്ടുള്ള ആളാണ്. മഹല്ലിൻ്റെ വിഷയങ്ങളിൽ എന്നും മുൻപന്തിയിൽ ഉണ്ടായിട്ടുണ്ട്. ആദ്യമായി മഹല്ലിന് ഭരണഘടന ഉണ്ടാക്കുന്ന യത്നത്തിൽ സജീവ പങ്കാളിയായിരുന്നു.

ഇക്ക മുൻപു സൂചിപ്പിച്ചത് പോലെ, കാര്യങ്ങൾ അനുരഞ്ജനത്തിൽ എത്തിക്കാനുള്ള അദ്ദേഹത്തിൻ്റെ കഴിവ് എടുത്തു പറയേണ്ടതാണു. കണ്ണോത്ത് പള്ളിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള തർക്കം സംഘർഷത്തിലെത്തി. ഖുത്തുബ തടസ്സപ്പെടുത്തി, മദ്രസ്സക്കു കേടുപാടുകൾ ഉണ്ടായി. എം കെ കുഞ്ഞിബാപ്പു സാഹിബ്, ബി വി സീതി തങ്ങൾ, ഇബ്രാഹിം മുസ്ല്യാർ (വന്മേനാടു), K K മുഹമ്മദാലി എന്നിവരുടെ ശ്രമത്തിൽ അനുരഞ്ജനം സാധ്യമായി.

ഇതിനുശേഷം കുറച്ചുകാലത്തേക്ക് പള്ളിയുടെ ഭരണം ബി വി സീതി തങ്ങളെ ഏൽപ്പിച്ചിരുന്നു. ഖുതുബ നടന്നിരുന്നത് മുഹമ്മദാലി സാഹിബിൻ്റെ നിരീക്ഷണത്തിലും ആയിരുന്നു.

ഒരിക്കൽ പെരിങ്ങാട് മഹല്ലിലും ആളുകൾ രണ്ട് വിഭാഗങ്ങളായി തിരിഞ്ഞ് തർക്കങ്ങൾ ഉണ്ടായപ്പോൾ മുഹമ്മദാലി സാഹിബും എൻ്റെ പിതാവ് എൻ പി അബ്ദുല്ലയും മുൻകൈയെടുത്ത് സീതി തങ്ങളുടെയും കൊച്ചുകോയ തങ്ങളുടെയും സാന്നിധ്യത്തിൽ പാടൂർ മദ്രസയിൽ വച്ച് സന്ധിയിൽ എത്തിച്ച ഒരു സംഭവവും ഉണ്ടായിട്ടുണ്ട്. പ്രവാസിയായിരുന്ന കാലത്ത് മായിമ്മൽ ഖാദർ സാഹിബിൻ്റെ ഒപ്പം അബൂദാബി കമ്മറ്റി ഉണ്ടാക്കാൻ വേണ്ട

പ്രവർത്തനങ്ങളിൽ ഭാഗഭാക്കായിരുന്നു. അബുദാബി ആർട്ട് സെൻറർ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

അന്ത്യ നാളുകളിൽ സുഖമില്ലാതെ കുറച്ചുകാലം വീട്ടിൽ തന്നെ കഴിയേണ്ടി വന്നിട്ടുണ്ട്. 2014 മാർച്ച് 6 നായിരുന്നു അദ്ദേഹം മരണപ്പെട്ടത്.

അല്ലാഹു അദ്ദേഹത്തിന് പരലോക മോക്ഷം നൽകുമാറാകട്ടെ. ആമീൻ

(എഴുതിയ കാര്യങ്ങൾക്ക് അദ്ദേഹം ഇടക്ക് അയച്ചു തന്നിരുന്ന കുറിപ്പുകൾ ആണ് അവലംബം. പാടൂർ ചരിത്രത്തിൽ പ്രസക്തമായേക്കാവുന്ന കാര്യങ്ങളാണ് പ്രധാനമായും എഴുതാൻ ശ്രമിച്ചിട്ടുള്ളതു)

<u>ലത്തീഫ് വാക്കയിൽ</u>

ഇത്രയും വായിച്ചുകഴിഞ്ഞപ്പോൾ മുഹമ്മദാലിക്കയുടെ പ്രവർത്തന മഹിമയേക്കാൾ, അത്ഭുതം തോന്നിയത് ഉമ്മർക്കാടെ memories നെ കുറിച്ച് ആണ്. ഇത്രയും വിവരങ്ങൾ ഓർത്തു ഇരിക്കുന്ന ഉമ്മർക്കനെ പോലെ വാഹിദ്ക്ക, സൈദു മുഹമ്മദ്ക്ക, നജീബ്ക്ക, സിദ്ധിക്ക, മൊയ്നു, ഷരീഫ് ബാബു അതു പോലെ ധാരാളം പേർ ഈ ഗ്രൂപ്പിൽ ഉള്ളതാണ് ഈ ഗ്രൂപ്പിന്റെ ഭംഗിയും, ഞങ്ങളെ പോലുള്ളവരുടെ ഭാഗ്യവും. ഇടക്ക് ഉമ്മർക്കാടെ Padoor Talks ബ്ലോഗ് വായിക്കാറുണ്ടെങ്കിലും ഇത്രയും detailed വിവരങ്ങൾ കണ്ടിട്ടില്ല. ഇതൊക്കെ എന്തേ എവിടെയും പങ്കു വെച്ചില്ല എന്ന് ആലോചിച്ചെങ്കിലും, Better late than Never എന്ന് മനസ്സ് പറഞ്ഞു. അള്ളാഹു നമുക്കെല്ലാവർക്കും ആഫിയത്തോട് കൂടിയ ആയുസ് നൽകട്ടെ, ആമീൻ.

<u>അമീറുദ്ധീൻ കെ എം</u>

നമ്മുടെ മുഹമ്മാലിക്ക :

അയൽക്കാരായും വകയിൽ ഉപ്പയുടെ സഹോദരനുമായിരുന്ന നമ്മുടെ പ്രിയപ്പെട്ട സഖാവ് കെ.കെ. മുഹമ്മദാലിക്ക. ചെറുപ്പത്തിൽ പാർട്ടി പരിപാടികൾ ഉണ്ടാകുമ്പോൾ റോഡിലൂടെ കാറിൽ നിന്ന് ഉച്ചത്തിൽ കേൾക്കുന്ന ശബ്ദത്തിൽ സഖാവ് കെ കെ മുഹമ്മദാലി പ്രസംഗിക്കുന്നു എന്ന് കേൾക്കാത്തവർ ആയിട്ട് ആരുമുണ്ടാകില്ല. ത്യാഗോജ്ജ്വലമായ ഗൾഫ് ജീവിതത്തിന് ശേഷം പാടൂരിന്റെയും പരിസരങ്ങളിലേയും സകല മേഖലകളിലും സജീവ സാന്നിദ്ധ്യം. ഒരു പക്ഷേ ഗൾഫ് ജീവിതം ഇല്ലാതെ സ്വന്തം നാട്ടിൽ തന്നെ ആയിരുന്നെങ്കിൽ ഇപ്പോൾ നമ്മൾ ഒരു മുൻമന്ത്രി എന്ന് അഭിസംബോധന ചെയ്യേണ്ടി വരുമായിരുന്നു. ന്യൂസ് പേപ്പറിന്റെ ഒരു കോളവും വിടാതെ ശ്രദ്ധിച്ച് വായിച്ച് മനസ്സിലാക്കുന്ന പതിവ്. പഴയ കാലത്ത് ഇദ്ദേഹമായിരുന്നു പല ചായക്കടകളിലും മറ്റും ഇരുന്ന് വായിക്കാൻ അറിയാത്തവർക്ക് ഉറക്കെ പത്രം വായിച്ച് കേൾപ്പിച്ചിരുന്നത് എന്ന് കേട്ടിട്ടുണ്ട്. വീട്ടിലെ മാധ്യമം പത്രം വന്ന് വായിച്ച് തീർക്കുന്നതിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഒഴിവ് സമയങ്ങളിൽ വീട്ടിൽ വന്ന് ഉപ്പയുമായി മത സാമൂഹിക വിഷയങ്ങളും കുടുംബ വിഷയങ്ങളും മുൻ തലമുറകളുടെ വിശേഷങ്ങൾ പറഞ്ഞ് അവരെ ഓർക്കുന്നതിൽ തൽപരനായിരുന്ന അദ്ദേഹം , മറ്റുള്ളവർക്ക്

അത് പറഞ്ഞ് വിശദീകരിച്ചിരുന്നു. അതിനാൽ ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മതപരമായ കാര്യങ്ങളിൽ നമ്മുടെ മഹല്ലിൽ ചെയ്ത സേവനങ്ങൾ വളരെ സ്തുത്യർഹമായതാണ്. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും അള്ളാഹു സ്വാലിഹായ അമലായി സ്വീകരിക്കട്ടെ. ബർസഖിയായ ജീവിതം സുഖത്തിലും സന്തോഷത്തിലുമാക്കി അള്ളാഹു നൽകട്ടെ...ആമീൻ

<u>ഹൃദയപൂർവം പാടൂർ. പേജ് 108-110 പങ്കു വെച്ചത് ഷരീഫ് ബാബു</u>

സാഹിബി നോട് അഭിപ്രായം തേടാതെ ആറില്ല. മതപരമായ കാര്യത്തിൽ വലിയ അവഗാഹം ചെറുപ്പത്തിലേ അദ്ദേഹം സ്വായത്തമാക്കിയിരുന്നു. യഥാസ്ഥിതിക കുടുംബത്തിൽ വളർന്ന മുഹമ്മദാലി സാഹിബ് ബന്ധുക്കളുടെയും സമുദായത്തിന്റെയും വിലക്കുകൾ അതിജീവിച്ചു കമ്മ്യൂണിസ്റ്റ്കാരൻ ആയി തന്നെ മരണം വരെ അവരുടെ കൂടെ അവരിലെ ഒരാളായി കൊണ്ട് തന്നെ ജീവിച്ചു.

എനിക്ക് നേരിട്ടറിയാം അദ്ദേഹത്തിന്റെ മതത്തിന്റെ വ്യാകരണം അദ്ദേഹമത് പഠിച്ചിട്ട് തന്നെയാണ് രാഷ്ട്രീയക്കാരനായത്. അതിനാൽ തന്നെ മതവും രാഷ്ട്രീയവും വളരെ ബുദ്ധിപൂർവ്വം വിനിയോഗിക്കുവാൻ അദ്ദേഹത്തിന് എളുപ്പം കഴിഞ്ഞിരുന്നു. വ്യക്തിജീവിതത്തിന് വളരെയധികം വില കൽപ്പിച്ചിരുന്നതിനാൽ തന്നെ നാട്ടിലെ മറ്റ് പ്രശസ്തരായ രാഷ്ട്രീയ നേതാക്കളുമായി ഇക്കാലമത്രയും അദ്ദേഹം അവരുടെ ഇടയിൽ നല്ല ഒരു കോമ്രേഡ് (comrade) തന്നെയായി ജീവിച്ചു. ജനങ്ങളുമായി ഇടകലർന്നു ജീവിക്കുകയും, അവരോടൊപ്പം യാത്ര ചെയ്യുകയും, കാൽനടയായുള്ള യാത്രയും അദ്ദേഹത്തെ ജനങ്ങളുമായി ഏറെ അടുപ്പിച്ചു. കൊച്ചു കുട്ടികൾ വരെ മനസ്സ് കൊണ്ട് ഉള്ളിൽ വിളിക്കുന്നു സഖാവ് എന്ന്. ആ വിളിക്ക് ഇത്രയധികം സ്വീകാര്യത ഞങ്ങളുടെ പാടൂരിൽ പടർത്തിയതിന്റെ മുഴുവൻ ക്രെഡിറ്റിനും അനുയോജ്യൻ മർഹൂം മുഹമ്മദാലി സാഹിബ് തന്നെയാണ്. നാട്ടിലെ സഖാക്കൾക്ക് സഖാവ് ഒരു മാതൃകാ കോമ്രേഡ് തന്നെയാണ്. ഇത് കൊണ്ട് തന്നെയാണ് സഖാവ് എന്നതിനേക്കാൾ അദ്ദേഹത്തിന് ചേരുക സുഹൃത്ത്, കൂട്ടുകാരൻ, അനുഗാമി എന്ന മലയാളം പദങ്ങളായിരിക്കും. സ്ഥിതിസമത്വപ്രസ്ഥാനം ശക്തിനേടിയപ്പോൾ മിസ്റ്റർ, മിസ്, മിസിസ് തുടങ്ങിയവയ്ക്കു പകരം തുല്യതയെക്കുറിക്കുന്ന ഒരു പദത്തിന്റെ ആവശ്യമുണ്ടായി. അങ്ങനെയാണ് കോമ്രേഡ് എന്ന ഇംഗ്ലീഷ് പദം ഈ ആവശ്യത്തിനായി ഉപയോഗിക്കപ്പെടുന്നത്.

ഹിന്ദിയിൽ സാഥി എന്ന ഉപയോഗവും അറബി, പേർഷ്യൻ ഭാഷകളിൽ റഫീഖ് എന്ന പദവും ഈ അർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു. പഞ്ചാബിയിൽ വീർ എന്നും തമിഴിൽ തോഴർ എന്ന പദവും കമ്യൂണിസ്റ്റ് പ്രവർത്തകരെ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്നു. കാൾ മാർക്സ് ലോകത്തിനു നൽകിയ സംഭാവനകളെ അദ്ദേഹത്തിന്റെ അനുയായികൾ മാർക്സിസം എന്നു വിളിച്ചു. മാർക്സിസം പിന്നീട് രാഷ്ട്രീയത്തിലും, ശാസ്ത്രത്തിലും വളരെ വലിയ സ്വാധീനം ഉണ്ടാക്കി. അതൊന്നും ഞങ്ങൾ കുട്ടികൾക്കറിയില്ലായിരുന്നു. ഞങ്ങൾ കുട്ടികൾക്കറിയാമായിരുന്ന മാർകിസ്റ്റ് സഖാവ് മുഹമ്മദലി സാഹിബായിരുന്നു. അദ്ദേഹമാണല്ലോ ഞങ്ങളുടെ നാട്ടിലെ അറിയപ്പെടുന്ന മാർക്കിസ്റ്റുകാരൻ. ഒട്ടേറെ സമരങ്ങളുടെ മുന്നണി പോരാളി കൂടിയായിരുന്നു അദ്ദേഹം. പുതിയ കാലഘട്ടത്തിൽ അദ്ദേഹത്തെ പോലെ ആ സ്ഥാനത്തേക്ക് ഞങ്ങളുടെ നാട്ടിൽ പകരം വെക്കാൻ മറ്റാരും ഇല്ലെന്ന് തന്നെ പറയാം. മികച്ച പ്രാസംഗികൻ കൂടിയായ അദ്ദേഹത്തിന് തുല്യം ആ മഹാൻ തന്നെ. പാണനും, പറയനും, കറുത്തവനും, വെളുത്തവനും, ഹിന്ദുവും, മുസൽമാനും, ക്രൈസ്തവനും, ഇടതു കൈയ്യിൽ അരിവാളുമേന്തി വന്ന കർഷകനും പുഴകളായി ഒഴുകി വന്ന് ചെങ്കൊടിക്ക് കീഴിൽ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തിയപ്പോൾ അവർ പരസ്പരം സഖാവ് എന്ന് വിളിച്ചു. കാലം അവരെ കമ്മ്യൂണിസ്റ്റ് എന്നും പേരിട്ട്

(109)

ശുഹൈബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/3AHWrhQLEGQ?si=NMe7YeU6FrlKpf9J

സഊദ് തങ്ങൾ

ബഹുമാന്യനായ മുഹമ്മദലിക്ക

****

പാടൂരിന്റെ മതകീയ ഉള്ളടക്കത്തിന്റെ പിന്നിൽ പ്രവർത്തിച്ച പണ്ഡിത ശ്രേണിയിലെ, അഹ്മദ് മുസ്‌ലിയാർ എന്നമഹൽ വ്യക്തിയുടെ മകനാണ് ഇന്ന് നാമോർക്കുന്ന മുഹമ്മദലിക്ക.

ജീവിതത്തിന്റെ ആദിപാഠങ്ങൾ ആ പിതാവിന്റെ ശിക്ഷണത്തിലായത് കൊണ്ടാകാം, ജീവിത യാത്രയിലെ വിഷമ ഘട്ടത്തിൽ അദ്ദേഹത്തിന്റെ അധരങ്ങളിൽ 'ദിക്ർ' തത്തിക്കളിച്ചിരുന്നത്. അഹ്മദ് മുസ്‌ലിയാർ, ചെമ്പിട്ട പള്ളിയിലെ ഖത്തീബ് ആയിരുന്നു എന്നത് പുതിയ അറിവാണ്. ആ പള്ളി കേരള ചരിത്രത്തിൽ പലതുകൊണ്ടും അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്.എന്റെ പിതാമഹനും, തുടർന്നു എന്റെ മൂത്താപയും, ബാപ്പയും കൊച്ചിയിലെ ഖാദിമാരായിരുന്നു. അവരുടെ കേന്ദ്ര സ്ഥാനം ആ പള്ളിയായിരുന്നു.

തന്റെ ബോധ്യങ്ങളെ ന്യായീകരിച്ചു കൊണ്ട്, ശക്തമായ ഭാഷയിൽ സംസാരിക്കാൻ കഴിവുള്ള ശൈലീ വല്ലഭനായിരുന്നു മുഹമ്മദലിക്ക. എഴുപതുകളിൽ ഒരു നാളിൽ, അന്നത്തെ കേരള മന്ത്രിസഭയിൽ അംഗങ്ങളായിരുന്ന സി. എച്. മുഹമ്മദ് കോയയും ബേബി ജോണും അബൂദബി സന്ദർശിച്ചു. അന്ന് ആ സന്ദർശനത്തിന്റെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്ത് കൊണ്ട് ചില രാഷ്ട്രീയ കേന്ദ്രങ്ങളിൽ നിന്ന് വിമർശനങ്ങൾ ഉയർന്നിരുന്നു. ശോഷിച്ചു പോയ സംസ്ഥാന ഖജനാവിനെ പരിപോഷിക്കാനുള്ള ചില മാർഗ രേഖകളുമായാണ്അവർ ഗൾഫ് സന്ദർശിച്ചത് എന്ന് കേട്ടിരുന്നു. ഇതിനെയാണ് ഒരു പത്രം ഈ രണ്ടു മന്ത്രിമാരെയും 'പോക്കറ്റടിക്കാർ' എന്ന് പരിഹസിച്ചത്.

അബൂദബി ആർട്ട് സെൻന്ററിൽ അവർക്ക് ഒരു സ്വീകരണം കൊടുത്തു. സ്വാഗതം പറഞ്ഞത് നമ്മുടെ മുഹമ്മദലിക്ക ആണ്. ഉപചാര വാക്കുകൾക്ക് ശേഷം പെട്ടെന്നദ്ദേഹത്തിന്റെ മട്ട് മാറി. പിന്നെ, ഒരു ചെറു കനലിൽ നിന്ന് ആളിപ്പടർന്ന തീജ്വാല പോലെയായി ആ വാഗ്പ്രവാഹം! ഗൾഫ് കാരുടെ പല പ്രശ്നങ്ങളോടും സർക്കാരുകൾ പുറം തിരിഞ്ഞു നിന്നതിന്റെ ഉദാഹരണങ്ങൾ കാട്ടിയാണ് അദ്ദേഹം പ്രസംഗിച്ചത്. അതിലൊന്ന് ബോംബെ വഴി യാത്ര ചെയ്ത് വലിയ ചൂഷണങ്ങൾക്കു വിധേയമാകുന്ന മലയാള യാത്ര ക്കാരുടെ ദുരിതമായിരുന്നു. മറുപടി പ്രസംഗത്തിൽ, സ്റ്റേജിൽ ആർത്തലച്ചു സംസാരിച്ച മുഹമദലിക്കയെ, മലയാളത്തിലെ അക്ഷര സാമ്രാട്ടായിരുന്ന സി എച്ച്, മൂർച്ചയുള്ള വാക്കുകൾ കൊണ്ട് നേരിട്ടു. 'എല്ലാവരും പോക്കറ്റടിയിൽ നിന്ന് രക്ഷ പ്പെടാൻ, കീശ ഭദ്രമാക്കി വെക്കണം' എന്ന സി എച്ചിന്റെ നർമോക്തി സദസ്സിൽ ഹർഷാരങ്ങൾക്ക് കാരണമായി. അപ്പോഴും മുഹമ്മദലിക്ക ഉയർത്തിയ വാദങ്ങൾ മാറ്റൊലികൾ സൃഷ്ടിച്ചു കൊണ്ടിരുന്നു.

സോഷ്യലിസ്റ്റായ മുഹമ്മദലിക്ക, അദ്ദേഹം അംഗീകരിക്കുന്ന സർക്കാരിന്റെ പ്രതിനിധികളോട് ഈ രീതിയിൽ പ്രതികരിച്ചതിൽ പരിതപ്പിച്ചു കൊണ്ടാണ് ബേബി ജോൺ സംസാരിച്ചത്. നിലനിൽക്കുന്ന ചില രാഷ്ട്രീയ യാധാർഥ്യങ്ങളും ഗൾഫ് കാരന്റെ പരാതികളും ഒത്തു ചേർന്നപ്പോൾ മുഹമ്മദലിക്കയിലെ ഇൻക്വിലാബ് ഉണർന്ന് പ്രവർത്തിച്ചതായാണ് തോന്നിയത്. സമൂഹത്തിലെ പല പ്രഗത്ഭരും, ജീവിതം പടുത്തുയർത്താൻ ഗൾഫിലേക്ക് വണ്ടി കയറേണ്ടി വരുന്നത് ഇത്തിരി അലോസരമുണ്ടാക്കുന്ന അവസ്ഥയാണ്. നാട്ടിൽ സർവ്വ സ്വാതന്ത്ര്യവും അനുഭവിച്ചവർ, കോർപ്പറേറ്റ് മുതലാളിമാരുടെ കല്പനകൾക്ക് വിധേയമാകുന്ന അവസ്ഥ! മസൂദ് എന്ന ഒരു കമ്പനിയിലായിരുന്നു മുഹമ്മദലിക്ക ജോലി ചെയ്തത്. ആ നാളുകളിൽ, ഞങ്ങൾ നടത്തിയിരുന്ന ടൈപ്പിംഗ് സെന്ററിൽ മുഹമ്മദലിക്കയും മായിമ്മൽ കാദർക്കയും ഇടയ്ക്കിടെ വരുമായിരുന്നു, സ്നേഹം പങ്കിടാൻ. ഗൾഫ് മതിയാക്കി അദ്ദേഹം നാട്ടിലേക്കു മടങ്ങിയതും വീണ്ടും രാഷ്ട്രീയത്തിൽ തുടർന്നതും എല്ലാർക്കും അറിവുള്ളതാണല്ലോ.

തന്റെ രാഷ്ട്രീയ ജീവിതത്തിൽ അദ്ദേഹം ഇസ്ലാമിക വിശ്വാസം മുറുകെ പിടിച്ചിരുന്നതായാണ് ഇവിടെ അനുഭവസ്ഥർ രേഖപ്പെടുത്തിയത്. ശാബാനു കേസിന്റെ മറപറ്റി, ഇസ്ലാമിനെതിരിൽ തിളച്ചു പൊന്തിയ വിവാദത്തിൽ, പാർട്ടി നയത്തിനെതിരിൽ പ്രവർത്തിച്ച് അച്ചടക്ക നടപടിക്ക് വിധേയനായ മുഹമ്മദലിക്കയിൽ, ഒത്തു തീർപ്പുകൾക്ക് തയ്യാറാകാത്ത ഒരു വിശ്വാസിയെയാണ് നമുക്ക് കാണാൻ കഴിയുക.

അല്ലാഹു, അദ്ദേഹത്തിനും അദ്ദേഹത്തിന്റെ മാതാ പിതാക്കൾക്കും, ജീവിത യാത്രയിൽ സംഭവിക്കാനിടയുള്ള തെറ്റുകൾ പൊറുത്തു കൊടുക്കട്ടെ -ആമീൻ

<u>സൈനുദ്ധീൻ പോഗോ</u>

💗സഖാവ് മുഹമ്മദാലിക്ക എന്ന K. K 💗



K K എന്ന ചുരുക്കപ്പേരിലൂടെ സഹപ്രവർത്തകരിലും അണികളിലുമൊക്കെ വളരെ ഇഷ്ടത്തോടെ അറിയപ്പെട്ടിരുന്ന സഖാവ് മുഹമ്മദലിക്കയെ മഹൽ കൂട്ടായ്മയിലൂടെ കുറിപ്പായും വോയ്സായും സ്മരിച്ച് കണ്ടപ്പോൾ വളരെ അഭിമാനം തോന്നി.

രാഷ്ട്രീയമായ നിലപാടിൽ വളരെ മുന്നെ തന്നെ വ്യക്തമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു എന്ന് അദ്ദേഹത്തെ കുറിച്ച് എഴുതിയ മുന്നെയുള്ള കുറിപ്പുകളിൽ മനസ്സിലാക്കിയതാണ്. പാർട്ടി പ്രവർത്തന രംഗത്ത് മികവ് തെളിയിച്ചപ്പോൾ പദവികൾ അദ്ദേഹത്തെ തേടിയെത്തി. പിന്നീട് പ്രവാസ ലോകത്തേക്ക് ചേക്കേറിയപ്പോൾ അവിടെയും തന്റെ മുദ്രപതിപ്പിച്ചിട്ടുണ്ട്. പ്രവാസ ജീവിതം മതിയാക്കി വീണ്ടും രാഷ് ട്രീയ മേലങ്കിയണിഞ്ഞ് രംഗത്തെത്തിയപ്പോൾ രണ്ടു കയ്യും നീട്ടി പാർട്ടിയും നാടും സ്വീകരിച്ചു. നാട്ടിലും പുറത്തുള്ളവരുമായ പല ഉന്നത നേതാക്കളുമായുള്ള ചങ്ങാത്തം കൊണ്ട് കൂടുതൽ അറിയപ്പെടാനിടയായി.

K K പ്രഗൽഭനായ വാഗ്മി കൂടിയായിരുന്നു. വളരെ സരസമായി സംസാരിച്ച് ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും ചിന്തിപ്പിക്കാനുമുള്ള K Kകഴിവ് വേറെ തന്നെയാണ്.ഒരിക്കൽ ഒരു ഇലക്ഷൻ പ്രചാരണ സമയത്ത് ഒരു പാർട്ടി പ്രദേശിക നേതാവ് അദ്ദേഹത്തെ രാഷ്ട്രീയമായും വ്യക്തിപരമായും വിമർശിക്കുകയുണ്ടായി. അതിന് മറുപടിയെന്നോണം പാടൂർ സെന്ററിൽ പ്രചാരണ വാഹനം വന്നപ്പോൾ K Kഅവിടെയുണ്ടായിരുന്നു. അന്നൊക്കെ ഞാൻ സജീവമായും പ്രവർത്ത മേഘലയിലുണ്ടായിരുന്നു. പ്രചാരണ വാഹനത്തിലെ മൈക്കിൽ നിന്ന് സഖാവ് മുഹമ്മദാലിക്ക സംസാരിക്കുന്നതായിരിക്കും എന്നുള്ള അനൗൺസ്മെന്റ് വന്നു. ഞങ്ങൾക്ക് എല്ലാവർക്കും മനസ്സിലായി കഴിഞ്ഞ ദിവസം പ്രസംഗിച്ച് പോയ വ്യക്തിക്കുള്ള തകർപ്പൻ മറുപടി പ്രസംഗമായിരിക്കുമെന്ന്.രാഘവേട്ടന്റെ പീടികയിലെ റോഡിനോട് ചേർന്നുള്ള സൈഡിലുള്ള ചെറിയ ഒരു അരമതിൽ ഉണ്ടായിരുന്നു. ഞങ്ങളൊക്കെ അവിടെ നിൽപ്പുണ്ട്.K K പ്രസംഗം തന്റെ തനതായ ശൈലിയിൽ തകർത്തപ്പോൾ ആവേശം മൂത്ത് ഞാൻ ആ മതിലിൽ നിന്ന് ചാടി നിന്നു. അത്രക്കും രസകരവും വളരെ കാര്യപ്രസ് ക്തവുമായിരുന്നു. അദ്ദേഹത്തെ മോശമായി ചിത്രീകരിച്ചയാൾക്കും മറ്റു എതിരാളികൾക്കും പിന്നീട് വേണ്ടായിരുന്നു എന്ന് തോന്നിക്കാണും. അതാണ് K K. ഞാനിവിടെ സൂചിപ്പിച്ചത് ഉരുളക്കുപ്പേരി കൊടുക്കുന്നതിൽ ബഹുകേമനായിരുന്നു എന്നുള്ളതാണ്.

പാടൂരിന്റെ പല വികസന രംഗത്തും K K യുടെ സാന്നിദ്ധ്യം കാണാം. മതകാര്യങ്ങളിൽ ചിട്ടയായി തന്നെ കണിശത പാലിച്ചിരുന്നു. ചിരിയിലൂടെയുള്ള സ്നേഹാ ന്വേശണങ്ങളും സംസാരങ്ങളും എന്നും നിലനിർത്തി പോന്നു. എഴുത്തുകാരനും പ്രവാസ ലോകത്ത് പ്രാഗൽഭ്യം തെളിയിച്ച പ്രശസ്തവ്യക്തി മർഹൂം മാമുട്ടിക്ക K K യുടെ മൂത്ത സഹോദരനാണ്.എന്റെ കുടുബവുമായി ഏറെ അടുത്ത കുടുംബ ബന്ധമുള്ള K K യെ വളരെ ആദര വോടെയും ബഹുമാനത്തോടെയുമാണ് കണ്ടിരുന്നത് .കുടുംബ ബന്ധങ്ങൾക്ക് ഏറെ പ്രധാന്യം കൽപ്പിച്ചിരുന്നു.

സത്യത്തിൽ പഴയ കാലം മുതലെ തുടർന്ന് പോന്നരാഷ്ട്രീയത്തിൽ ഇടവേളകളില്ലാതെ തുടരുകയാണെങ്കിൽ നമ്മുടെ നാടിന് ഒരു മന്ത്രിയുണ്ടാകുമായിരുന്നു എന്ന് എനിക്ക് പലപ്പോഴായി തോന്നാതിരുന്നിട്ടില്ല. ഞാനവസാനിപ്പിക്കുന്നു. ഏറെ കുറിക്കുവാനുണ്ട്.അടുത്തറിയുന്നവർക്ക് ഇനിയുമേറെയുണ്ടാവാം. എന്തായാലും K K ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തെആറടി മണ്ണേറ്റുവാങ്ങിയിട്ട് നാളേറെയായി. ബർസഹീ ലോകത്താണ് അവർ. നമ്മളും അവരോടൊപ്പം ചേരേണ്ടവരാണ്. പരലോക മോക്ഷമാണ് ഏവരുടെയും കാതലായ ലക്ഷ്യം. പിരിഞ്ഞ് പോയവരുടെ മോക്ഷത്തിനായി നമുക്ക് പ്രാർത്ഥിക്കാം.നമ്മുടെ ഇഹ പരമോക്ഷത്തിനായി നമുക്ക് പണിയെടുക്കാം.

പ്രാർത്ഥനയോടെ


ZAIN Pogo Tech padoor 974563339

🍀 🍀 🍀 🍀 🍀 🍀 🍀

07 Jan 2026

Episode-12

<u>മർഹൂം പുത്തൻപുരയിൽ അബ്ദുല്ല-അബ്ദുൽ സാഹിബ്</u>



പാടൂരിൽ നമുക്ക് മുൻപേ വിട്ടുപിരിഞ്ഞുപോയവരുടെ ഓർമ്മ പുതുക്കിയും, അവർ ഈ നാടിനായി നൽകിയ വിലമതിക്കാനാവാത്ത സംഭാവനകൾ ആദരവോടെ സ്മരിക്കുന്ന ഈ വേളയിൽ, ഇന്ന് നാം ഓർക്കുന്നത് മർഹൂം അവുതുലുക്ക യെയാണ്. നാലകത്തു പുത്തൻപുരയിൽ അബ്ദുല്ല എന്ന അവുതുലുക്ക, പുത്തൻപുരയിൽ ആർ. പി. ബാവു സാഹിബിന്റെയും ഭാര്യ എൻ. പി. ഹലീമയുടെയും മൂത്തപുത്രനായിരുന്നു.

പാടൂർ ജമാഅത്ത് കമ്മിറ്റിയിൽ പ്രസിഡന്റടക്കമുള്ള വിവിധ ഉത്തരവാദിത്വങ്ങൾ വഹിച്ച അദ്ദേഹം, നാട്ടിലെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. ഇടക്കാലങ്ങളിൽ ബോംബെയും തമിഴ്നാടുമടക്കമുള്ള മറുനാട്ടിലും അദ്ദേഹം പ്രവർത്തിച്ചു. PISAയുടെ ആദ്യകാല അംഗമായിരുന്ന അദ്ദേഹം, പാടൂർ ഹൈസ്കൂൾ ആരംഭിച്ച സമയത്ത് PTA ഭാരവാഹിയായും പ്രവർത്തിച്ചു.

1990 മെയ് 14-ന്, 70-ാം വയസ്സിൽ നമ്മളെ വിട്ടുപിരിഞ്ഞെങ്കിലും, പാടൂരിന്റെ ചരിത്രത്തിൽ അദ്ദേഹം കുറിച്ചുപോയ സാന്നിധ്യം ഇന്നും ഓർമ്മകളായി ജീവിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കി കൊടുക്കട്ടെ, സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ, ആമീൻ

അഡ്മിൻസ്

നജീബ് സാഹിബ് കാരിയാട്ട്

ബഹുമാനപ്പെട്ട അബ്ദുൽക്കാ

എനിക്ക് ഏറ്റവും വേണ്ടപ്പെട്ട വ്യക്തി ആണ് ഒരർത്ഥത്തിൽ രണ്ടു തലമുറ ആയുള്ള ബന്ധം. എന്റെ വെല്ലിപ്പാക്ക് വളരെ അടുപ്പമുള്ള വ്യക്തി ആയിരുന്നു അദ്ദേഹം. പിതൃ തുല്യ വാൽസല്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു.

അബ്ദുൽക്കാ കോയമ്പത്തൂർ ഒരു സ്ഥാപനം നടത്തിയിരുന്ന കാലത്ത് മുതൽ ഉള്ള വിവരങ്ങൾ ഓർമ്മയിൽ ഉണ്ട്. പുത്തൻ പുരയിൽ ബാവുക്കയുടെ മകൻ എന്നതിലുപരി ആത്മബന്ധം ഉണ്ട്. പിന്നീട് Next generation എന്റെ ഉപ്പയുമായുംമൂത്താപ്പയുമായും(കാര്യാട്ട് കുഞ്ഞു മുഹമ്മദ് സാഹിബ്) അദ്ദേഹം കാത്തു സൂക്ഷിച്ചു.

എന്റെ പിതാവിന്റെ മരണശേഷം (1986) എന്നെ നിർബന്ധിച്ച് ജുമാഅത്ത് കമ്മിറ്റിയുടെ ഭാരവാഹിത്വത്തിൽ ഉൾപ്പെടുത്തി. ഞങ്ങളുടെ പല കുടുംബ വിഷയങ്ങളും Settle ചെയ്യാൻ അദ്ദേഹം മുൻകൈ എടുത്തത് നന്ദി പൂർവം സ്മരിക്കുന്നു.

ജുമാഅത്ത് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ചിട്ടയായി കൊണ്ട് പോകാൻ എല്ലായ്പ്പോഴും അദ്ദേഹം നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ചു. അക്കാലത്ത് ഏ. പി. ഈ. കെ വിഭജനം യഥാർത്ഥത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയിൽ യാഥാർത്ഥ്യം ആയിട്ടുണ്ടായിരുന്നില്ല എന്ന് തോന്നുന്നു. ഏതായാലും അദ്ദേഹത്തിന്റെ സംഭാഷണം ഏതാണ്ട് ഏ പി ഉസ്താദിന് Priority നൽകുന്ന വിധം ആയിരുന്നു. (Subject to correction)

" കാന്തപുരം എന്നത് കാന്തിക ശക്തനായ" പണ്ഡിതൻ ആണ് എന്ന് അദ്ദേഹം ആരെയോ Quate ചെയ്തു കൊണ്ട് പറഞ്ഞത് ഇപ്പോഴും എന്റെ ഓർമ്മയിൽ ഉണ്ട്. (അന്ന് ഇത് സംബന്ധിച്ച് കാര്യമായ ഗ്റാഹ്യം ഒന്നും എനിക്ക് ഇല്ല)Any way വിവാദ വിഷയങ്ങൾ ഉൽഭവിക്കുംപോൾ അത് Settle ചെയ്യാൻ ഉള്ള വൈഭവം അദ്വിതീയം. ഭൗതിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വളരെ മുമ്പേ തിരിച്ചറിഞ്ഞത് അദ്ദേഹത്തിന്റെ മികവ്. ഒരു പക്ഷെ പാടൂരിലെ പ്റഥമ അഭിഭാഷകൻ അദ്ദേഹത്തിന്റെ പുത്രൻ Ad R. V ആണ്. R. V. ഉമ്മർ എന്റെ Class

mate ഉം ദറ്സ് Mate ഉം ആണ്. ഏറെ ദുഃഖകരമായ അനുഭവം അദ്ദേഹത്തിന്റെ അന്ത്യ യാത്ര എന്റെ കൺമുന്നിൽ വെച്ച് ആയിരുന്നു എന്നത് ആണ്.

എം. വി. കുഞ്ഞി അഹമ്മദ് മൗലവി ഹജ്ജിന് പോകുന്ന യാത്രയയപ്പ് വേളയിൽ ഞാൻ ഒരൽപം വൈകാരികമായി സംസാരിച്ചു. എന്റെ ഉപ്പാടെയും വെല്ലിപ്പാടെയും കാര്യങ്ങളും അവർക്ക് ഉസ്താദുമായി ഉള്ള അടുപ്പവും മറ്റും. അക്ഷരാർത്ഥത്തിൽ കരഞ്ഞു പോയി. പിന്നീട് സംസാരിച്ചത് ബഹുമാനപ്പെട്ട അബ്ദുൽക്കാ ആണ്. കൂടുതൽ വിശദീകരിക്കാൻ I am unable.

എന്റെ പിതാവിന് തുല്യനായ അബ്ദുൽ ക്കായുടെ കബറിടം വിശാലമാക്കട്ടെ! അദ്ദേഹത്തിന്റെ പാരത്രിക ജീവിതം സ്വർഗീയമാകട്ടെ എന്ന് ഇത്തരുണത്തിൽ ദുആ ചെയ്തു കൊണ്ട്.

നജീബ് കാര്യാട്ട്

6/1/26

<u>ക്ലിപ്പ് പങ്കു വെച്ചത് ഷരീഫ് ബാബു</u>

https://www.facebook.com/share/v/1XypggMZLy/

<u>ഫോട്ടോ പങ്കുവെച്ചത് അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>



ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/bZSu9F9-1qA?si=XAkmGmXLfGO6g8Hl

ഹൃദയപൂർവം പാടൂർ. പേജ് 202- 204 പങ്കു വെച്ചത് ഷരീഫ് ബാബു

**മഹല്ല് ഖത്തീബിന്റെ ഹജ്ജ് യാത്രയയപ്പും
സുഹൃത്തിന്റെ വിടവാങ്ങൽ പ്രസംഗവും.**

"ആയിരം കാതമകലെയാണെങ്കിലും
മായാതെ മക്കാ മനസ്സിൽ നിൽപ്പൂ
ലക്ഷങ്ങൾ എത്തി നമിക്കും മദീന
അക്ഷയ ജ്യോതിസ്സിൻ പുണ്യ ഗേഹം"

1989 ലെ ഒരു ദിവസം പള്ളിയിൽ നിന്നും അസർ നമസ്ക്കാരത്തിനുള്ള ബാങ്ക് വിളി മുഴങ്ങി. പാടൂർ ജുമാഅത്ത് പള്ളിയും പരിസരവും അന്ന് പതിവില്ലും

(202)

വിട്ട് മഹല്ല് നിവാസികളാലും തറവാട്ടു കാരണവന്മാരാലും നിറഞ്ഞു കവിഞ്ഞിരി ക്കുന്നു. അന്നാണ് അവർ മഹല്ലിലെ ഖത്തീബിന് ഹജ്ജ് യാത്രയയപ്പ് വെച്ചിരിക്കുന്നത്. സമയം അഞ്ചു മണിയായിരിക്കും തൊട്ടടുത്തുള്ള മദ്രസ്സയിൽ എല്ലാവരും ഒത്തുകൂടിയിരിക്കുന്നു. പള്ളി കമ്മറ്റിക്കാരും നാട്ടുകാരും നാട്ടിലെ പൗര പ്രമുഖരുമുള്ള നിറഞ്ഞ സദസ്സിൽ ഓരോരുത്തരായി അവരവരുടെ ഭാഷയിൽ സംസാരിക്കുന്നു. സദസ്സ് കാണാൻ പറ്റുന്നരീതിയിൽ ഞാനും അക്കൂട്ടത്തിൽ ഇരിപ്പുണ്ട്. ഖത്തീബിന്റെ പ്രസംഗം അവസ്സാനമായിരിക്കും എന്നതിനാൽ തന്നെ എല്ലാവരും സദസ്സിൽ തന്നെയുണ്ട്. അടുത്തത് എൻ.പി അബ്ദുൽസാഹിബ്. അതെ ഞങ്ങൾ നാട്ടുകാർ വിളിക്കുന്ന അവുതുൽ സാഹിബിന്റെ ഊഴമാണ്. സദസ്സിനെയും ഖത്തീബിനെയും അസ്സലാമുഅലൈക്കും കൊണ്ടും മുഹമ്മദ്നബി(സ)യുടെ പേരിൽ സലാത്തും ചൊല്ലി കൊണ്ട് അദ്ദേഹം സംസാരം തുടങ്ങി. ആ സംസാരത്തിൽ സന്തോഷവും അഭിമാനവും പ്രശംസയും ആശംസകളുമായി ഇടകലർന്ന തനിനാടൻ വാക്കുകളാലുള്ള നാട്ടുകാരണവരുടെ വാക്കുകൾ. ഗുണകാംക്ഷിയുടെ സുഹൃത്തിന്റെ കുടുംബക്കാരന്റെ അതോ സ്വന്തം സഹോദരൻ ഹജ്ജിനു പോകുന്ന യാത്രയയപ്പോ അതുപോലെയുള്ള മനസ്സിൽ തട്ടിയ വാക്കുകൾ. ഖത്തീബിനെ കുറിച്ച് പറയുന്നതിനിടയിൽ അദ്ദേഹം ഒന്ന് നിർത്തി, അദ്ദേഹം വേറെ എന്തോ ഒന്ന് പറയാൻ തുടങ്ങുന്നു "അല്ലാഹു സുബ്ഹാനഹുവതആലാ"

തന്റെ പിതാവ് മർഹൂം ആർ.പി ബാവു സാഹിബിന്റെ മൂത്ത പുത്രൻ ആ മദ്രസ്സയുടെ നടുക്കളത്തിൽ പുണ്യവാന്മാരുടേയും സയ്യിദന്മാരുടെയും ഇടയിൽ നിന്നും അല്ലാഹുവിങ്കലേക്ക് യാത്രയായെങ്കിൽ അതും ഒരു ചരിത്രനിയോഗമായിരിക്കാം. കാരണം തന്റെ നാട്ടിലെ പള്ളിയും മദ്രസ്സയും ഉയർന്നുകാണുവാനും അതിന്നായി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത തറവാട്ടു കാരണവരായിരുന്നു മർഹൂം പുത്തൻപുരയിൽ ബാവു സാഹിബ്. തന്റെ മകൻ ആ അനുഗ്രഹീതമായ അക്ഷരങ്ങളുടെ വിരിമാറിൽ നിന്നും അവസാനമായി യാത്രയായെങ്കിൽ അത് തന്നെയാണ് ആ കുടുംബത്തിന് അന്നാട്ടിലെ പള്ളിയോടും മദ്രസ്സയോടും അടങ്ങാത്ത സ്നേഹമാണ് ഉണ്ടായിരുന്നത് എന്ന് കാലം മറച്ചു വക്കാതെ പറഞ്ഞുതന്നത്.

പാടൂരിലെ പ്രഗത്ഭരും ഉദാരമതികളും നിറഞ്ഞ തറവാട്ടുകാരിൽ ഉയർന്നു നിൽക്കുന്ന പുത്തൻപുര തറവാട്ടിൽ നിന്ന് തന്നെയാണ് അവുതുൽ സാഹിബിന്റെ മൂത്ത പുത്രൻ മോനൂട്ടി വക്കീൽ എന്ന് ഞാൻ വിളിക്കുന്ന അഡ്വ. ആർ.വി സൈദു മുഹമ്മദും ഉയർന്നു വന്നത്, ഞങ്ങളുടെ നാട്ടിലെ ആദ്യത്തെ നിയമം പഠിച്ച വക്കീൽ അദ്ദേഹമാണ്.

മതപഠനവും ഭൗതിക പഠനവും ഒരുമിച്ചു വരും തലമുറയെ പ്രാപ്തരാക്കാൻ വഴി കാണിച്ച ഞാൻ കാണാത്ത ആ മഹാനുഭാവന്റെ ദീർഘദൃഷ്ടിയായിരിക്കും തന്റെ വരും തലമുറയിലൂടെ ഇപ്പോൾ ഞങ്ങൾ പാടൂർ ഗ്രാമവാസികൾ ഇന്നും അനുഭവിക്കുന്ന ഈ കാണുന്ന അനുഗ്രഹങ്ങൾക്ക് പിന്നിൽ. ഒരു നാടിന്റെ എല്ലാ വളർച്ചക്കും ഉയർച്ചക്കും വേണ്ടി പ്രയത്നിച്ച നാട്ടുകാരുടെ പ്രിയപ്പെട്ടവനായിരുന്നു

(203)

തൈസീർ പി മുഹമ്മദ് ശബ്ദ സന്ദേശം

https://youtube.com/shorts/Fz3eRooVyuk?si=3LNJCwVmNwwEv_tK

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/TkdRYxorddY?si=SymaNgJtpK2sDkD4

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

"ആയിരത്തി തൊള്ളായിരത്തി തോന്നൂറ് മെയ് 14." *-**------------* (14/5/1990). അന്നത്തെ ദിവസത്തിന് നമ്മുടെ മഹല്ലിൽ ഒരു പ്രത്യേകത ഉണ്ടായിരുന്നു. വടക്കെ മലബാറിൽ പെരുത്ത് സന്തോഷമുള്ള ദിവസത്തെ സൂചിപ്പിക്കാൻ ഒരു ചൊല്ലുണ്ട്. "ബറാത്ത് രാവും ബല്യ പെരുന്നാളും ഒരുമിച്ച് വന്നപോലെ" എന്ന്. അത് പോലെപെരുത്ത് സന്തോഷമുള്ള ഒരു ദിനം.പുലർച്ചെ മുതൽ എല്ലാവരും ആഘോഷത്തിരക്കിലാണ്. അന്ന് അസർ നമസ്ക്കാരശേഷം കേരളത്തിലെ പണ്ഡിതശ്രേഷ്ഠരിൽ ഒരാളും, എഴുത്ത് കാരനും, പ്രഭാഷകനും പരിഭാഷകനും, വിശിഷ്യാ പാടൂർ മഹല്ല് ഖത്തീബും ആയ എം. വി. കുഞ്ഞഹമ്മദ് മുസ്‌ലിയാരുടെ ഹജ്ജ് യാത്രയോടനുബന്ധിച്ച് മഹല്ല് കമ്മറ്റി നൽകുന്ന ആശംസാ സംഗമത്തിൽ (send off)പങ്കെടുക്കാൻഎല്ലാവരും മദ്രസ്സയിൽ ഒത്തുചേരാനുള്ള ഒരുക്കത്തിലാണ്. ആബാലവൃദ്ധം ജനങ്ങൾ ആ വിശുദ്ധ നിമിഷങ്ങൾക്കായി തയാറാവുകയാണ്.

(ഞാൻ അന്ന് ചാവക്കാട് കോടതിയിൽ പ്രാക്റ്റീസ് ചെയ്യുന്നു. എന്റെ ഏകമകൾക്ക് രണ്ട് മാസം പ്രായം. ഭാര്യയും മക്കളും ഞാനും ചാവക്കാട് താമസം.)അന്ന്പകൽ മൂന്നുമണികഴിഞ്ഞ സമയം. രണ്ട് ദിവസത്തെ ലീവിന് വന്ന ഞാനും കുടുംബവും ഒരുടാക്സിക്കാറിൽ ചാവക്കാട്ടേക്ക് തിരിച്ച് പോവുകയാണ്. അലീമുൽ ഇസ്ലാം ഹൈസ്കൂളിന്റെ മുന്നിലുള്ള ഹൈദർക്കാടെ ചായ്ക്കടയിൽ നിന്ന് ചായകുടി കഴിഞ്ഞ് എൻ. സി. ഹമീദ് ക്ക,ആമുക്ക എന്നിവരോടൊപ്പം ഉപ്പ മദ്രസയിൽ സംഘടിപ്പിച്ചിട്ടുള്ള ഖത്തീബ് കുഞ്ഞഹമ്മദ് ഉസ്താദിന്റെ ഹജ്ജ് യാത്രഅയപ്പിൽ പങ്കെടുക്കാൻ പടിഞ്ഞാട്ട് നടന്ന് വരികയാണ്. അടുത്തെത്തിയപ്പോൾ ഞങ്ങൾ കാർ നിർത്തി. മൂന്ന് പേരുമായി കുശലം പറഞ്ഞു, പിരിഞ്ഞു.മുതുവട്ടൂ രുള്ള താമസസ്ഥലത്ത് എത്തി. കുറച്ചു വിശ്രമിച്ചിരിക്കുമ്പോൾ മുറ്റത്ത് ഒരു കാറിന്റെ ഹോണടി ശബ്ദം. ഞങ്ങൾ വന്ന അതെ കാർ. "പെട്ടെന്ന് പാടൂർക്ക് ചെല്ലാൻ പറഞ്ഞു." കാർ ഡ്രൈവർ. എന്തോ അപകടം മണത്തു. ധൃതിയിൽ എല്ലാവരും കാറിൽ കയറി. വീട്ടിലെത്തിയപ്പോൾഉപ്പാടെ ജീവനറ്റ ശരീരം നടുമുറിയിൽ കിടത്തി യിരിക്കുന്നു. അന്ന് രാവിലെ സൈക്കിൾ ചവിട്ടി കുറെ സഞ്ചരിച്ച് വീട്ടിൽ തിരിച്ചെത്തിയ ആളാണ്. ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജി ഊൻ ....എന്റെ സഹോദരന്മാർ രണ്ടുപേരും സ്ഥലത്തില്ലായിരുന്നു. ഉപ്പാടെ അന്ത്യകർമങ്ങളിൽ പങ്കെടുക്കാൻ അവർക്ക് എത്താൻ സാധിക്കില്ല എന്നറിഞ്ഞപ്പോൾ ഞാൻ ആളുകൾക്ക് മുൻപിൽപൊട്ടിക്കര ഞ്ഞുപോയി. കുടുംബത്തിലെ മറ്റെല്ലാവരും ആശ്വസിപ്പിക്കാൻ ഉണ്ടായിട്ടും വല്ലാത്ത ഒരു നിസ്സഹായതയാ ണ്അനുഭവപ്പെട്ടത്...........ഉപ്പമരണപ്പെട്ടതോടെ ഉമ്മ

രോഗിയായി. രണ്ട് വർഷം പൂർത്തിയാകുന്നതിന് മുൻപ് ഉമ്മയും ഞങ്ങളെ വിട്ട് പിരിഞ്ഞു.*****എന്റെ പിതാവ് എൻ പി.അവുതൽ ,ബ്രഹ്മക്കുളം, നാലകത്ത്പാ ണ്ടറയിൽ ഹലീമ -പാടൂർ രായംമരക്കാർ വീട്ടിൽ പുത്തൻപുരയിൽ ബാവു ദമ്പത്തികളുടെ മൂത്ത സന്തതി. റെക്കോർഡുകളിലൊക്കെ എൻ. പി. അബ്ദുൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപ്പ ജനിച്ച തിയതി, മാസം, വർഷം, ഒന്നും അറിയില്ല. എന്റെ കൃത്യമായ date of birth ഉം അറിയില്ല. എന്റെ Sslc ബുക്കിൽ 15/05/1948 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ആധികാരികത അല്ലാഹുവിനറിയാം. അന്ന് പ്രൈമറി സ്കൂളിൽ കുട്ടികളെ ചേർക്കുമ്പോൾ കൂടെ പോയ ആൾ അന്നേക്ക് ഉദ്ദേശം അഞ്ച് വർഷം മുൻപുള്ള ഒരു ദിവസം കണക്കാക്കി ഒരു തിയ്യതി അധ്യാപനോട് പറഞ്ഞുകൊടുക്കും, അല്ലെങ്കിൽ അദ്ധ്യാപകൻ അതിന് സഹായിക്കും.ആ തിയ്യതിയാണ് sslc പുസ്തകത്തിൽ ജനന തിയ്യതിയായി രേഖപ്പെടുത്തി വരിക . കുട്ടി ജനിച്ച ഹിജ്റ മാസം, കൊല്ലം,തിയ്യതി ഒക്കെ രേഖപ്പെടുത്തി വെച്ചിട്ടുണ്ടാവും. എന്നാൽഇംഗ്ലീഷ് കൊല്ലം, മാസം തിയ്യതി അറിയില്ല. കുട്ടികളെ സ്കൂളിൽ ചേർക്കാൻ മാതാപിതാക്കൾ സ്കൂളിൽ എത്തണം എന്ന നിബന്ധന സ്കൂൾ അധികൃതർ വെക്കാറില്ല.1947-56കാലത്ത് സ്കൂൾ വിദ്യാഭ്യാസം നേടിയ ഏതാണ്ട് എല്ലാകുട്ടികളും ജനി ച്ചത് മെയ് മാസത്തിലാണ് എന്ന് കാണാം. 💗ഉപ്പാടെ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചത് ഉമ്മ നാടായ ബ്രമ്മക്കുളത്താണെന്ന് കേട്ടിട്ടുണ്ട്. പാടൂർ സ്കൂളിലും പഠിച്ചിരുന്നു. ഓത്ത് പള്ളിയിലും പള്ളിദർസിലുംകുറെ കാലം പഠിച്ചു ....ബോംബെ, ഹൈദരാബാദ്, മേട്ടു പാളയം, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ ജോലിയും കച്ചവടവും ചെയ്തു. അവസാന നാളുകളിൽ പാടൂരിലും പലചരക്ക് കച്ചവടംചെയ്തു. ഹിന്ദി,ഇന്ഗ്ലിഷ്, ഉർദു, തമിഴ്, ഭാഷകൾ ഒരുവിധം നന്നായി കൈകാര്യം ചെയ്യും.💗നല്ല വായനക്കാരൻ.ചന്ദ്രിക പത്രം വെല്ലിപ്പ പോസ്റ്റൽ ആയി വരുത്തും. അതും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളും കിട്ടാവുന്നതൊക്കെ വാങ്ങി വായിക്കും.ചെറുപ്പം മുതൽ യോഗ ചെയ്യും.മനോരമ ആഴ്ചപ്പതിപ്പിന്റെ സ്ഥിരം വായക്കാരൻ. അതിൽ ചിത്രസഹിതം യോഗ ക്ലാസ് ഉണ്ടാവും. അറബ് -മലയാളം പുസ്തകങ്ങൾ ധാരാളംവായിക്കും. കുറെ പുസ്തകങ്ങൾ പെട്ടിയിൽ സൂക്ഷിച്ച് വെച്ചിരുന്നു. അതൊക്കെ നഷ്ട്ടപ്പെട്ടു ....മഹല്ല് പ്രസിഡന്റ് ആയിരുന്നി ട്ടുണ്ട്.അൻസാരിയ ട്രസ്റ്റ്, പാടൂർ കമ്മ്യൂണിറ്റി ഹാൾഎന്നിവ ആസൂത്രണം ചെയ്തു, പങ്കാളിയായി.അലീമുൽ ഇസ്ലാം ഹൈസ്കൂൾ ആരംഭിക്കുന്നതിന് വേണ്ടിയും, സ്കൂൾ നടത്തിപ്പിലും നന്നായി സഹകരിച്ചു.💗

ഞങ്ങൾ മൂന്ന്?ആൺമക്കൾ, ഉമ്മർ, അഷ്റഫ്. (സഹോദരന്മാർ) സെക്കീന, ശാഹിദ(സഹോദരിമാർ) ഞങ്ങളുടെ ഒരു സഹോദരൻ ശൈശവകാലത്തും. സഹോദരി ബാല്യത്തിലും ഞങ്ങളെ വിട്ടുപിരിഞ്ഞിട്ടുണ്ട്. കുഞ്ഞുമ്മ, ഇബ്രാഹിം, ആമിന, അബ്ദുറഹിമാൻ, ഫാത്തിമ, സഫിയ, (ഉപ്പാടെ കൂടപ്പിറപ്പുകൾ)സഫിയമ്മായി മാത്രം.ഇപ്പോഴും ഞങ്ങൾക്കൊപ്പമുണ്ട് ....നമ്മളിൽജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ എല്ലാവരെയും അല്ലാഹു സ്വർഗത്തിൽ ഒരുമിച്ച് കൂട്ടട്ടെ.ഞങ്ങളുടെ മാതാപിതാക്കളുടെ ഖബർ വിശാലമാക്കട്ടെ, അവർക്ക് ജന്നാത്തുൽ ഫിർദൗസിൽ നല്ല പദവി

നൽകട്ടെ എന്ന് പ്രാർത്ഥിക്കുമല്ലോ.അസ്സലാമുഅലൈക്കും.*********R. V. Saidumuhammed.

ഉസ്താൻ തറയിൽ

സൈദ് മുഹമ്മദ് കാടെ. ഉപ്പ മരണ പെട്ട. ഭാഗം വായിച്ച പോൾ. സഹോദരങ്ങൾ. മയത്തു കാണാൻ എത്തുകയില്ല. അപ്പോൾ കരഞ്ഞുപോയി ആ ഭാഗം എത്തിയപ്പോൾ എന്റെ കണ്ണ് നിറഞ്ഞു 🥺 അത്രക്കും സത്യ സന്തമായി എഴുതി 🙏 അവുതുൽ കാടെ കബറിടം വിശാലമാക്കികൊടുക്കട്ടെ 🤲 ആമീൻ

ഷരീഫ് ബാബു

Wassalam. ഉപ്പയുടെ ജീവിതത്തിൽ ഏറെ കരുത്തായി കൂടെ നിന്നൊരാൾ. പ്രതിസന്ധികളിൽ താങ്ങും തണലുമായി മാന്യമായി പകലിലും രാത്രികളിലും വേഷം മാറാതെ അടിയുറച്ചു നിന്നിരുന്ന ഒരാൾ ഏത് കാറ്റിലും വീഴാതെ തടയായി നിന്നിരുന്നൊരാൾ...... ദൂരെ നിന്നും നോക്കുമ്പോൾ എന്റെ ഉപ്പാക്ക് ഇതെല്ലാം ആയിരുന്നു ഞാൻ അടുത്തറിഞ്ഞിരുന്ന ഈ അവുതുൽ സാഹിബ്. നാഥാ! നീ സ്വർഗം തന്നെ നൽകി കരുണ ചെയ്യേണമേ. പാപ പങ്കിലമായ കരങ്ങൾ നിന്റെ ദർബാറിലേക്ക് ഉയർത്തി ദുആ ചെയ്യുന്നു. അദ്ദേഹം വിട്ടേച്ചു പോയ നിലനിൽക്കുന്ന സൽക്കർമ്മങ്ങൾ അവിടെ ഇരട്ടിയാക്കി നൽകി കൊണ്ടു അവിടം പ്രകാശ പൂരിതമാക്കേണമേ നാഥാ

സിദ്ധിഖ് ഹംസ

ഞങ്ങളുടെ പ്രിയ വെല്ലിക്ക മാമ യുടെ (ഉമ്മയുടെ മൂത്ത സഹോദരൻ) മരണം നേരിൽ കാണേണ്ടി വന്ന കാഴ്ച വർഷങ്ങൾക്കിപ്പുറവും, മങ്ങാത്ത ,മായാത്ത ദുഃഖിപ്പിക്കുന്ന ഓർമയായി ഇന്നും മനസിൽ നിൽക്കുന്നു.

അത് ഞങ്ങളുടെ പള്ളിക്കലെ മാമയുടെ (കുഞ്ഞിഫദ് മൗലവി - ഉപ്പയുടെ സഹോദരി ഭർത്താവ്) ഹജ്ജ് യാത്രയയപ്പ് യോഗത്തിൽ പ്രസംഗിച്ച് കൊണ്ടിരിക്കുമ്പോൾ കുഴഞ്ഞു വീഴുകയായിരുന്നു എന്നുള്ളത് മറ്റൊരു ദുഃഖം.

അല്ലാഹു അവരെ സ്വർഗ്ഗാവകാശികൾ ആകട്ടെ... അമീൻ

പി എൻ അബ്ദുൽ ഖാദർ സാഹിബ്

അസ്സലാമു അലൈക്കും അബ്ദുൽ ക്കയെ കുറിച്ചോർക്കുമ്പോൾ എപ്പോഴും കണ്ടുമുട്ടുന്ന നല്ലൊരു പ്രസന്നവദനായി എപ്പോൾ കണ്ടാലും ഹൃദ്യമായി പുഞ്ചിരിക്കുന്ന വ്യക്തി കൂടുതൽ അടുപ്പമില്ലെങ്കിലും എപ്പോ കണ്ടാലും എന്തെങ്കിലും ഒന്ന് മിണ്ടും പാടൂർ ജമാഅത്ത് കമ്മറ്റിയിൽ സജീവ സാനിദ്ധ്യമായിരുന്ന അബ്ദുൽ സാഹിബ് പ്രവർത്ത നിരതനായിരിക്കുമ്പോൾ

തന്നെ അള്ളാഹുവിന്റെ വിളിക്കുത്തരം നൽകി നമ്മിൽ നിന്നും യാത്രയായി ഞാൻ നാട്ടിൽ വ അതിരിച്ചു പോകുന്ന അന്നായിരുന്നു അള്ളാഹു അദ്ദേഹത്തിന്റെ ഖബർ വിശാലമാക്കട്ടെ പ്രവർത്തന മേഘലയിൽ അദ്ദേഹം ചെയ്ത നന്മകൾ സ്വീകരിച്ചു തക്കദായ പ്രതിഫലം നൽകി സ്വർഗത്തിന്റെ അവകാശികളിൽ ഉൾപ്പെടുത്തട്ടെ ആമീൻ

കുഞ്ഞി സീതി തങ്ങൾ ശബ്ദ സന്ദേശം

https://youtube.com/shorts/P6-gXJkXchk?si=nu2eMCKuOitaoyQ4

ആർ വി അബ്ദുൽ ഹമീദ് സാഹിബ്

അസ്സലാമു അലൈക്കും. അവുതുലുക്ക എൻറെ അമ്മായിയുടെ ഭർത്താവ് എൻറെ വല്ലിപ്പാടെ മകൻ .

അവദുലകാക് കോയമ്പത്തൂർ ഒരു ഹോട്ടൽ ഉണ്ടായിരുന്നു ബോംബെ ബിരിയാണി ഹോട്ടൽ എന്നാണ് അതിൻറെ പേര്. ആ ഹോട്ടൽ പൊളിച്ച് ഉപ്പാടെ കേറോ ഫിൽ പുതുക്കി പണിത് ഹോട്ടലിന്റെ പേരും മാറ്റി സ്റ്റൈലും മാറ്റി സ്റ്റേറ്റ് ഹോട്ടൽ എന്നാക്കി വെജിറ്റേറിയൻ ഹോട്ടലാക്കി ആ സമയത്ത് ഞാൻ ഹൈസ്കൂളിൽ പഠിച്ചിരുന്ന സമയത്ത് ക്ലാസ് കട്ട് ചെയ്ത് നേരെ കോയമ്പത്തൂർ പോയിരുന്നു ഞാൻ ഉള്ളത് അവ തുലുക്കാക്ക് കുറച്ച് ആശ്വാസമായിരുന്നു. കേഷിൽഇരിക്കാനും അത് പോലെ കുറച്ച് സഹായങ്ങൾ ചെയ്യാൻ എനിക്ക് കഴിഞ്ഞിരുന്നു.ഇക്കയും കുറച്ചുനാൾ അവിടെയുണ്ടായിരുന്നു.ഹോട്ടലിലെ കുക്ക് ഒരുപാലക്കാടൻ പട്ടർ ആയിരുന്നു.വെജിറ്റേറിയൻ കഴിച്ചു മടുത്താൽ ഇടക്കെല്ലാം അടുത്ത കടയിൽ നിന്ന് ബീഫ് ഫ്രൈ വാങ്ങിച്ച് കഴിക്കാറുണ്ടായിരുന്നു.കുറച്ചു ദിവസം കഴിഞ്ഞാൽ ഞാൻ നാട്ടിലേക്ക് വരുമായിരുന്നുപിന്നെ കുറെ നാൾ കഴിഞ്ഞതിനുശേഷം ആയിരിക്കും തിരിച്ചു പോവുക.കോയമ്പത്തൂരിൽ കണ്ടംപറമ്പിൽ കരീം കാടെ ഹോട്ടൽ ഉണ്ടായിരുന്നു.കരീംക്കയും അബ്ദുൽ കയും അവിടുത്തെ സേട്ടു മാരായിരുന്നു.അതെല്ലാം അവസാനിപ്പിച്ച് നാട്ടിൽ സ്ഥിരതാമസമായപ്പോൾ വീട്ടുകാര്യങ്ങളും പ്രത്യേകിച്ച് കുടുംബ കാര്യങ്ങളിൽ ഇടപെട്ട് കാര്യങ്ങൾ എല്ലാം ശ്രദ്ധിച്ചിരുന്നു.നാട്ടിലെ പൊതുകാര്യങ്ങളും ശ്രദ്ധിച്ച് പരിഹരിച്ചിരുന്നു.ഞാൻ മുല്ലശ്ശേരിയിൽ ഒരു സ്പെയർപാർട്ട് കട നടത്തിയിരുന്ന സമയത്ത്ഒരു ഡ്രൈവറുമായി അല്പം വഴക്കായി.ഡ്രൈവർ നേരെ പോയി ബ്ലോക്ക് ആശുപത്രിയിൽ അഡ്മിറ്റ് ആയിഅങ്ങനെ അത് പ്രശ്നമായി ഡ്രൈവർമാർ ഒരുവശത്തും.വി മമ്മദ്ക്കയും പാടൂർ സെൻട്രലിലെ കുഞ്ഞു മോൻക്ക യും അവ തുലുക്കയുംകൂടി പാടൂർ സെൻട്രലിൽ വച്ച് സംസാരിക്കുകയും പ്രശ്നം രമ്യമായി പരിഹരിക്കുകയും ചെയ്തു ആ ഓർമ്മ ഇപ്പോഴുമുണ്ട്.മുല്ലശ്ശേരിയിൽ പീടികയിൽ ഇരിക്കുന്ന സമയത്താണ് മരണവാർത്ത അറിഞ്ഞത്ഉടനെ കട അടച്ചു പോന്നു എല്ലാം ഒരു സ്വപ്നം പോലെ ഇപ്പോഴും ഓർക്കുന്നു.

സ്വാലിഹീങ്ങളുടെ കാര്യങ്ങൾ പറയുന്നത് അവർ അല്ലാഹുവിൻറെ മാർഗത്തിൽ നെറ്റിത്തടത്തിൽ വിയർപ്പ് തുള്ളികളുമായി അള്ളാഹുവിനെ

കണ്ടുമുട്ടുന്നതാണ് എന്നൊരു ഹദീസിൽ കേട്ടിരുന്നു ആ വിഭാഗത്തിൽപ്പെട്ടതാണ് സൽകർമ്മങ്ങൾ ചെയ്യുകൊണ്ടിരിക്കെ ആണ് അദ്ദേഹത്തിൻറെ മരണം സംഭവിച്ചത് പണിയെടുത്ത് നെറ്റിത്തടത്തിൽ വിയർപ്പ് തുള്ളികളുമായിട്ടാണ് അല്ലാഹുവിനെ കണ്ടുമുട്ടുക നാം എല്ലാവരെയുംഅല്ലാഹുവിൻറെ തൃപ്തിയോടെ കണ്ടുമുട്ടുവാൻ അള്ളാഹു വിധിയാകട്ടെ ആമീൻ

മൊയ്തു. പി.കരിപ്പായിൽ.

സ്നേഹ തിരമാല

,,,,,,,,,,,,,,,,,,,,,,,,,,,,,, പ്രിയപ്പെട്ട മോനുട്ടിക്ക, അഥവാ. അഡ്വക്കറ്റ്.ആർ.വി. സെയ്തുമുഹമ്മദ്ക്ക.അങ്ങ് വാക്കുകളിലൂടെ പ്രകടിപ്പിച്ച ഹൃദയ വേദന യഥാർത്ഥത്തിൽ മനസ്സിൽ ഒതുക്കി വെച്ച ദുഃഖത്തിന്റെ ഒരംശം മാത്രമാണെന്ന് ഞാൻ തിരിച്ചറിയുന്നു.🙏 പിതൃവിയോഗ ഖിന്നനായ പുത്രന്റെ ദുഃഖം വരികളിലൂടെ പകർത്തുക അസാധ്യം.,,,,,,,,,ചെറു ബാല്യത്തിൽ പിതൃ വിയോഗം അനുഭവിച്ച എനിയ്ക്ക് അത് ഉൾകൊള്ളാൻ കഴിയും.🙏 അങ്ങയുടെ പ്രാർത്ഥനയിൽ പങ്കാളിയാവുന്നു.🤲.

പ്രിയപ്പെട്ടഅവുദുലുക്ക.താൻ അണിയുന്ന വസ്ത്രത്തിന്റെ തൂവെള്ള നിറം തന്നെയായിരുന്നു അദ്ദേഹത്തിന്റെ മനസ്സിനും .❤️ എന്റെ ബാല്യത്തിൽ പാടൂർ സെന്ററിൽ ഒരു പലവ്യഞ്ജന കടനടത്തിയിരുന്നു. വൈകീട്ട് സാധനങ്ങൾ വാങ്ങാൻ ചെന്നാൽ കൈയ്യിലുള്ള സാധനങ്ങളുടെ കുറിപ്പടി വാങ്ങി വെച്ചിട്ട് പറയും ഇത് ഞമ്മളെ മാമുട്ടിടെ മോനാണ്.❤️ എന്നെ സംബന്ധിച്ച് ആ ഇടവേളയിൽ തൊട്ടടുത്തുള്ള മുടി വെട്ട് കടയിൽ പോയി സിനിമാ പ്രസിദ്ധീകരണങ്ങൾ നോക്കാം. കൂട്ടത്തിൽ മലയാള മനോരമ പത്രത്തിലെ ഇന്നത്തെ സിനിമാ കോളം കാണാം.🌹 വീട്ടിൽ വരുത്തിയിരുന്നത് മാതൃഭൂമിയാണ്.സിനിമാ വാർത്തകൾ മനോരമയിലാണ് കുടുതൽ നിറയുക. കമ്പോള നിലവാരവും സിനിമാ പരസ്യത്തിനും മാത്രമുള്ളതാണെന്ന ചിന്തയാണ് മനോരമയെ കുറിച്ച് അന്ന് എനിക്കുണ്ടായിരുന്നത്.പത്രവായന കഴിഞ്ഞ് വീണ്ടുംഅ വുദുലുക്കാടെ അടുത്തേയ്ക്ക്.ഒരിക്കൽ കൂടി സ്നേഹവാസല്യത്തോടെ മുൻപ് പറഞ്ഞത് ആവർത്തിക്കും.😂വളരെ പതുകെ സാധനങ്ങൾ കടലാസിൽ പൊതിഞ്ഞ്ചാക്ക് നൂലിൽ കെട്ടി കൊണ്ടിരിക്കുമ്പോൾ വീട്ട് വിശേഷങ്ങളും കുടുംബകാര്യങ്ങളുംചോദിച്ചു കൊണ്ടിരിയ്ക്കും. ഈ ഒരു അനുഭവം എന്നിൽ മാത്രംഒതുങ്ങുന്നില്ല. എല്ലാവരേയും ഒരേ പോലെ മനസ്സിലാക്കാനും തിരിച്ചറിയാനും കഴിഞ്ഞിരുന്ന അപൂർവ്വ വ്യക്തിത്വം🙏

കാരാഗോസ്പള്ളിയുടെഅടുത്ത് റേഷൻകടനടത്തുന്നകാലം. സാധാരണ മണ്ണിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ അഭയ കേന്ദ്രമാണല്ലോ? റേഷൻ കടകൾ. വൈകീട്ടുള്ള സമയത്ത് അവരെല്ലാം വന്ന്,,,,,,,,,,,,,,,,,,,,,അവുദു ലാപ്പെ,,,,,,മണ്ണണയും. പഞ്ചസാരയുമില്ലെ,,,,,ഈ ചോദ്യത്തിന് സാധാരണ റേഷൻകടക്കാർ അവരുടെ രാഷ്ട്രീയംപ്രയോഗിക്കുകയാണ്പതി വ്,,,,,,പ്രത്യേകിച്ച് ഭരണ വിരുദ്ധത ,,,,,, വോട്ട് ചെയ്യുമ്പോൾ ഓർക്കേണ്ടേ ?,,,,

എന്നാൽ അവുദുലുക്കപുഞ്ചിരിച്ചു കൊണ്ട് പറയും അടുത്ത ആഴ്ച കൊണ്ടുപോകാം.സപ്ലൈ ഓഫീസിൽ ഇന്ന് പോകാൻ പറ്റിയില്ല. പുഞ്ചിരി തൂകികൊണ്ടുള്ള മറുപടിയിൽ എല്ലാവരും തൃപ്തർ അതായിരുന്നു പ്രിയപ്പെട്ട അവുദുലുക്ക🙏,കെട്ടിലും മട്ടിലും ലാളിത്യംകൈ വിടാത്ത ജീവിതം നയിച്ച വ്യക്തി.❤️

യുവാക്കളായ ഞങ്ങളെ അദ്ഭുതപ്പെടുത്തി കൊണ്ട് ഞങ്ങളുടെ കൺമുന്നിൽ തന്മയത്വത്തോടെ അദ്ദേഹം ഇടപെട്ട്,,,പടർന്ന് പന്തലിക്കേണ്ട ഒരുവീട്ട് കലഹം,,,, അനുരഞ്ജന ത്തിലൂടെ ഒഴിവാക്കിയത് ഞാൻ ഇപ്പോൾ ഓർക്കുന്നു.❤️ എന്താണ് മക്കളെ,,,എന്താണ് മോളേ,,, ഈ പ്രയോഗത്തിലൂടെ,, കൊമ്പുകോർത്തു നിന്നിരുവരെ സമന്വയത്തിന്റെ മാർഗ്ഗത്തിലെത്തിച്ചു. ❤️ കുടുംബ കലഹം കണ്ട് ആസ്വദിക്കാൻഎത്തിയവരെ നിരാശരാക്കി കൊണ്ട് സ്നേഹത്തിന്റെ കട തുറന്നത് എന്റെ നേർ കാഴ്ചയിലുണ്ട്.🙏 അവുദുലുകാക്ക് രാഷ്ട്രീയമുണ്ടായിരുന്നുവോ ?...അത് കക്ഷി രാഷ്ട്രീയമാണോ?.... ഇങ്ങിനെ ഓരോ മനുഷ്യരും സംശയം പ്രകടിപ്പിയ്ക്കാൻ സാദ്ധ്യതയുണ്ട്.കാരണം അത്ര ആഴമേറിയതായിരുന്നു ഓരോ മനുഷ്യ ഹൃദയത്തിലും അദ്ദേഹത്തിന്റെ സ്ഥാനം.👍 സൈകിളിന്റെ തണ്ടിൽ തന്റെ പേരകുട്ടിയെ ഇരുത്താനുള്ള സീറ്റ് വെച്ച് പിടിച്ച്.എല്ലാ മനുഷ്യരോടും പുഞ്ചിരി തൂങ്ങി കടന്ന് പോയിരുന്ന ആ ഗ്രാമ വിശുദ്ധിയുടെ പ്രതീകത്തെ അത്ര പെട്ടെന്ന് ഈ നാടിന് മറക്കാൻ കഴിയില്ല.🙏 ജാതി ചിന്തകളോ, മത ചിന്തകളോ അല്ല.മറിച്ച് മനുഷ്യനാണ് ഒന്നാമത് എന്ന കാഴ്ചപ്പാടായിരുന്നു പ്രിയപ്പെട്ട അവുദുലുക്ക ഈനാടിന് നൽകിയ മഹത്തായ സംഭാവന.❤️ ആരോടും പരിഭവമില്ലാതെ.ആർക്കും പരിഭവം തോന്നാതെ പ്രകൃതി നിയമത്തിന് വഴങ്ങി നമ്മളിൽ നിന്ന് വിട വാങ്ങിയ പ്രിയപ്പെട്ട അവുദുലുക്ക.🙏 ധരിച്ച വസ്ത്രത്തിന്റെ വെൺമ പോലെയുള്ള ഹൃദയത്തോടെ ഈ ഗ്രാമത്തിന്റെ നിറസാന്നിദ്ധ്യമായിരുന്ന പ്രിയപ്പെട്ട അവുദുലുക്കയുടെ ഓർമ്മകൾക്ക് മുന്നിൽ പ്രാർത്ഥനാപൂർവ്വം.👐

,,,,,,,,,,,,,,,,,,,,,,,,,,,,,,,, മൊയ്തു. പി.കരിപ്പായിൽ.



ആർ പി സിദ്ധിഖ് സാഹിബ്

പിതൃ തുല്യനായ അവുദുലുക്ക

കരുണാമയനായ റബ്ബ് അവുദുലുക്കാനെ സ്വർഗ്ഗത്തിന്റെ ഉന്നതങ്ങളിൽ പ്രവേശിപ്പിക്കുമാറാകട്ടെ.

ആർ.പി.ബാവു സാഹിബിന് ശേഷം ഞങ്ങളുടെ പുത്തൻപുര തറവാട്ടിൽ തലയെടുപ്പുള്ള വ്യക്തിത്തമായിരുന്നു അവുദുലുക്ക .അദ്ദേഹത്തിന്റെ വ്യക്തി മാഹാത്മ്യവും ജീവിത വിശുദ്ധിയും ജീവിതക്രമങ്ങളും മറ്റും പലരും ഇവിടെ പങ്കുവെച്ചതാണ് .അതു കൊണ്ട് തന്നെ, അതിലേക്കൊന്നും ഈ കുറിപ്പ് നീട്ടിക്കൊണ്ടു പോകുന്നില്ല. ഏതാനും ചില അനുഭവങ്ങൾ പങ്കുവെക്കാമെന്ന് മാത്രം.

എന്റെ കുട്ടിക്കാലത്ത് കണ്ടിട്ടുണ്ടെന്നതല്ലാതെ പ്രത്യേകം അനുഭവങ്ങൾ ഒന്നും ഓർമ്മയിൽ ഇല്ല.കൗമാരപ്രായത്തിലാണ് കൂടുതൽ ഇടപഴകാനും അവസരം ലഭിച്ചിട്ടുള്ളത്. അക്കാലത്ത് അദ്ദേഹം കോയമ്പത്തൂരിലായിരുന്നു അധിക സമയവും. എന്റെ ജേഷ്ഠ സഹോദരൻ മർഹൂം RP മുഹമ്മദ് കുറച്ചു കാലം അദ്ദേഹത്തോടൊപ്പം കോയമ്പത്തൂരിൽ ഉണ്ടായിരുന്നു.

1971 ൽ ആരംഭിച്ച പ്രവാസ ജീവിതകാലത്ത് നാട്ടിൽ വരുമ്പോളുള്ള അനുഭവങ്ങളാണ് കുടുതലും. പള്ളിയും മദ്രസയുമായി ഇഴപിരിയാത്ത ബന്ധമായിരുന്നു അവുദുലുക്കാക്ക്. ഇസ്ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടതിന് ശേഷം ഞാൻ നാട്ടിൽ വരുന്ന സമയങ്ങളിൽ എന്തെങ്കിലുമൊക്കെ പ്രവർത്തനങ്ങൾ നടത്താറും പരിപാടികൾ സംഘടിപ്പിക്കാറുമുണ്ട്. അതിലെല്ലാം അദ്ദേഹം സഹകരിക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്യാറുണ്ടായിരുന്നു. കാര്യങ്ങൾ പലതും ചർച്ച ചെയ്യാറുമുണ്ടായിരുന്നു. മൗലാന മൗദൂദിയോട് പ്രത്യേക ആദരവും ബഹുമാനവും ആയിരുന്നു. അദ്ദേഹം സ്ഥാപിച്ച പ്രസ്ഥാനത്തോടും നല്ല മതിപ്പായിരുന്നു. ഇത്തരം കാര്യങ്ങൾ സംസാരിക്കാനും ചർച്ച ചെയ്യാനും സ്ഥലകാല ഭേദമെന്യേ എപ്പോഴും താൽപര്യം കാണിച്ചിരുന്നു.

1975 ൽ നാട്ടിൽ വന്നു കല്യാണം നടത്തണമെന്ന വീട്ടുകാരുടെ നിർബ്ബന്ധം. എന്റെ പ്രിയപ്പെട്ട സുഹൃത്ത് മർഹൂം 'പി.സി.അബ്ദുറഹ്മാനും നാട്ടിൽ ഉണ്ട്. രണ്ടു പേർക്കും ആലോചനകൾ നടക്കുന്നുണ്ട്.(രണ്ടു പേരുടെയും വിവാഹം നടന്നതു 1975 ഡിസംബറിൽ തന്നെ. PC യുടെ തു് ഡിസമ്പർ ഒന്നിന്, എന്റേത് 18 ന് 50 വർഷം പിന്നിട്ടു.)

ഒരു ദിവസം ഞങ്ങൾ രണ്ടു പേരും മുല്ലശ്ശേരിയിൽ നായരുടെ കടയിൽ നിന്നും ചായ കുടിച്ചു പുറത്തിറങ്ങി വീട്ടിലേക്ക് വരികയായിരുന്നു. അപ്പോഴാണ് അവുദുലുക്ക ബസിൽ വന്നിറങ്ങുന്നത്. ഞങ്ങളെ കണ്ടു കുശലങ്ങൾ 'അന്വേഷിച്ചു. എന്നിട്ട് വാ നമുക്ക് ഒരിടം വരെ പോകേണ്ടതുണ്ട്.നിർബ്ബന്ധിച്ച് അടുത്ത ബസിൽ ഞങ്ങളോടൊപ്പം ഗുരുവായൂരിലേക്കും അവിടെ നിന്ന് കുന്ദംകുളത്തേക്കും .പിന്നെ കാൽനടയായി ഉള്ളിശ്ശേരി (വടുതല അടുത്ത്) യിലേക്കും പോയി.നടത്തത്തിൽ പല വർത്തമാനങ്ങളും കൂട്ടത്തിൽ ആമു സൂപ്രണ്ട് ന്റെ കഥകളും പറഞ്ഞു. അദ്ദേഹത്തിന്റെ വീട് ആ ഭാഗത്ത് ഒരു സ്ഥലത്തായിരുന്നു എന്നും സൂചിപ്പിച്ചിരുന്നു. അങ്ങിനെ ഒരു വീട്ടിൽ എത്തി. വീട്ടുകാരെ വിളിച്ചു. ഉടൻ ഒരു സ്ത്രീ വന്നു. അല്ലാഹ്... അവുദുലുക്ക അവർ ഉറക്കെ പറഞ്ഞു .പുറത്തേക്കിറങ്ങി പശുവിനെ തീറ്റിക്കൊണ്ടിരുന്ന ഭർത്താവിനെ വിളിച്ചു.അദ്ദേഹവും എത്തി. ഞങ്ങൾ ഇരുന്നു. അവുദുലുക്ക ഞങ്ങളെ പരിചയപ്പെടുത്തി.ഇത് നമ്മുടെ കുഞ്ഞി കോയക്കാന്റെ മകൻ അബ്ദുറഹിമാൻ, എന്നെ കാണിച്ചു കൊണ്ട് എന്റെ അമ്മായിടെ മകൾ നഫീസാടെ മകൻ സിദ്ധീഖ് ഇത് കേട്ട മാത്രയിൽ അവർ ഓടി വന്നു എന്നെ കെട്ടിപ്പിടിച്ചു അല്ലാ എന്റെ നഫീസ് ത്താടെ മകൻ കണ്ണു നിറഞ്ഞിരുന്നു. അത്ര സ്നേഹമായിരുന്നത്രെ അവർക്ക് എന്റെ ഉമ്മയോട്. എനിക്ക് 3 വയസ്സുള്ളപ്പോൾ പ്രിയപ്പെട്ട ഉമ്മ എന്നെ വിട്ടു പോയിരുന്നു.അത് ഓർത്തിട്ടായിരിക്കാം അവരുടെ കണ്ണുകൾ ഈറനണിഞ്ഞത്. കാര്യങ്ങൾ വ്യക്തമാകാതെ ഞാനും പി സി യും പരസ്പരം നോക്കിയിരുന്നു. പിന്നീടാണ് മനസ്സിലായത് അവർ ഞങ്ങളുടെ അടുത്ത കുടുംബത്തിൽ പെട്ടവരാണെന്ന്. കാനാ പുള്ളി

കയ്യുത്തായുടെ ജേഷ്ഠത്തിയുടെ മകൾ .കയ്യുത്ത ഞങ്ങൾക്ക് കയ്യു എളീമയാണ്.

ആ ഭാഗത്ത് ഞങ്ങൾക്ക് പറ്റിയ കുട്ടികൾ ഉണ്ടോ എന്നായി പിന്നത്തെ അന്വേഷണം അപ്പോഴാണ് ഞങ്ങളെ കൂട്ടിക്കൊണ്ടുവന്നതിന്റെ ഉദ്ദേശം മനസ്സിലായത്. അവരിങ്ങനെ കുറച്ചു നേരം ചർച്ച ചെയ്തു. അവസാനം അദ്ദേഹം ഞങ്ങൾ മൂന്നു പേരെയും കൂട്ടി ഒരു വീട്ടിലേക്ക് പോയി. സാമാന്യം വലുപ്പമുള്ള ഒരു വീട് .വീട്ടുടമസ്ഥൻ വന്നു.കാഴ്ചയിൽ ഒരു നാട്ടുപ്രമാണി. അവുദുലുക്ക പരിചയപ്പെട്ടു. പറഞ്ഞു വന്നപ്പോൾ അവുദുലക്കയെ അദ്ദേഹം അറിയും. അവുദുലുക്ക ആഗമനോദ്ദേശം വ്യക്തമാക്കി .ഇവിടെ ഇപ്പോൾ കുട്ടികളൊന്നുമില്ല. നമ്മുടെ കുടുംബങ്ങളിൽ അന്വേഷിക്കാം എന്നിട്ട് വിവരം അറിയിക്കാം എന്ന് പറഞ്ഞു. ഞങ്ങളെ ഓരോരുത്തരെയും അദ്ദേഹം ഇൻറർവ്യൂ നടത്തുകയും ചെയ്തു.തൽക്കാലം പിരിഞ്ഞു. പിന്നീട് ഫോളോ അപ്പുകൾ ഒന്നും നടന്നില്ല. ഞാൻ ഇ ഈ സംഭവം വിവരിച്ചത് , അവുദുലുക്കായുടെ ആത്മാർത്ഥതയും കാര്യങ്ങളിൽ ഇടപെടുന്ന രീതിയും മനസ്സിലാക്കുവാനാണ് .

ചുരുക്കുകയാണ്. എന്റെ വീട് പണി 'നടക്കുകയാണ്. ഒരു ദിവസം അവിടെ കയറി വന്നു. എല്ലാം നോക്കിക്കണ്ടു. മൂപ്പർ ചില നിർദ്ദേശങ്ങളും തരികയുണ്ടായി. പുറപ്പെടുന്ന സമയത്ത്. എന്നോട് പറഞ്ഞു .നമുക്ക് കോയമ്മ തങ്ങളെ ഒന്നു കണ്ടിട്ട് വരാം.(മർഹും സുബൈർ തങ്ങളുടെ പിതാവ്) അദ്ദേഹം രോഗശയ്യയിൽ ആയിരുന്നു. കുറെ നേരം അവിടെ ഇരുന്നു. തങ്ങൾക്ക് ഞങ്ങളുടെ സന്ദർശനം വളരെ ഇഷ്ടമായി. തിരിച്ചുപോരുമ്പോൾ വഴിയിൽ വെച്ചു ഞാൻ പറഞ്ഞു, മറ്റന്നാൾ കാരാക്കോസ് പള്ളിയിൽ ഒരു ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട് അതിലേക്ക് എത്തണമെന്ന് .ഇൻശാ അല്ലാഹ് പറഞ്ഞതിന് ശേഷം മോനെ, മറ്റന്നാൾ ഉസ്താദിന്റെ ഹജ്ജ് യായയപ്പ് യോഗമല്ലെ മദ്രസയിൽ ? സാരമില്ല ഞാൻ അവിടെ വന്നു വേഗം യോഗത്തിൽ പങ്കെടുത്തോളാം. വാസ്തവത്തിൽ യാത്രയയപ്പ് യോഗം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ല.

അങ്ങിനെ ഞാനും ശംസുദ്ധീൻ മാഷും നേരത്തെ കരാക്കോസ് പള്ളിയിൽ എത്തി.അസർ നമസ്ക്കാരം കഴിഞ്ഞു. വരാമെന്ന് പറഞ്ഞവരെ ആരെയും കാണുന്നില്ല. കുറച്ചു കൂടി കാത്തു ഞാനും മാഷും റോഡിലിറങ്ങി അപ്പോൾ ഒരു കുട്ടി ഓടിക്കിതച്ചു വന്നു പറയുന്നു, മദ്രസയിൽ ഒരാൾ മരിച്ചു. പേര് ചോദിച്ചു കുട്ടിക്ക് ശരിക്ക് പറയാൻ കഴിയുന്നില്ല. എന്നാലും ഞങ്ങൾക്ക് മനസ്സിലായി.

ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജി ഊൻ

ഞങ്ങൾ ഉടനെ പുറപ്പെട്ടു. അപ്പോഴേക്കും വീടും പരിസരവും ജന നിബിഢം. മയ്യിത്ത് വീട്ടിൽ എത്തിയിരുന്നു. അങ്ങനെ അവുദുലു എന്ന സമുദായ സ്നേഹി, പ്രിയപ്പെട്ട കുടുംബാഗം അല്ലാഹുവിലേക്ക് യാത്രയായി.

പടച്ച റബ്ബ് അദ്ദേഹത്തോടൊപ്പം നമ്മെ എല്ലാവരെയും അവന്റെ സ്വർഗ്ഗ പ്പൂങ്കാവനത്തിൽ ഒരു മിപ്പിക്കുമാറാകട്ടെ.

എന്റെ വീടിന്റ്പണി നടന്നു കൊണ്ടിരിക്കുന്ന സമയം

മുഹമ്മദ് സഊദ്

എന്റെ വെല്ലിപ്പ കുഞ്ഞിക്കോയക്കാടെ ഏറ്റവും അടുത്ത കുടുംബാംഗമാണ് പുത്തൻപുരയിൽ ബാവുക്ക. സാമൂഹികമായി സജീവമായിരുന്ന ആളായിരുന്നു അദ്ധേഹം. എന്റെ വന്ദ്യ പിതാവിന്റെ ഹജ്ജ് യാത്രയയപ്പ് ചടങ്ങിൽ സംസാരിക്കുന്നതിനിടയിലാണ് അദ്ധേഹം മരണപ്പെട്ടത്. സുബ്ഹി നമസ്കാരാനന്തരം കുറേ സമയം ഇരുന്ന് ദിക്റും സ്വലാത്തും ഒക്കെ ചൊല്ലിയിരിക്കുക അദ്ധേഹത്തിന്റെ പതിവായിരുന്നു. നിലത്ത് ചമ്രം പടിഞ്ഞിരുന്ന് രണ്ട് കയ്യും നിലത്ത് കുത്തി ഊഞ്ഞാലാടുന്ന പോലെ അങ്ങോട്ടും ഇങ്ങോട്ടും ഇരുന്നാടുന്ന അദ്ധേഹത്തിന്റെ രൂപം ഇന്നും മനസ്സിലുണ്ട്. അങ്ങനെ ഇരിക്കുന്ന ഒരു ദിവസത്തെ സംഭവം ഇപ്പോൾ ഓർമ്മ വരികയാണ്. ഞാൻ അന്ന് ചെറിയ കുട്ടിയാണ്, കാട്ടേ പറമ്പിൽ ഖാദർക്ക അവിടേക്ക് കടന്നുവന്നിട്ടുണ്ട്, "ഇങ്ങനെ ചോദ്യം ചെയ്യാനായിട്ട് ഇതിനാടാ അന്നെ ഞങ്ങൾ പ്രസിഡന്റ് ആക്കിയത് "എന്നുള്ള അവ്ദുൽക്കാടെ ഖാദർക്കാടുള്ള ചോദ്യം കേട്ടാണ് ഞാൻ അങ്ങോട്ട് ചെല്ലുന്നത്. അപ്പോഴാണ് സംഗതി മനസ്സിലാകുന്നത്. തലേ ദിവസം വേറെ പള്ളിദർസിലെ ഒരു കുട്ടി പള്ളിയിൽ ഉർദി (ഇസ്ലാമിനെ കുറിച്ച് പറയുന്ന കാര്യങ്ങൾ) പറയാൻ വേണ്ടി വന്നിരുന്നു. ഖാദർക്ക ആ കുട്ടിയെ തടഞ്ഞിരുന്നു. അതിനെയാണ് അവ്ദുൽക്ക ചോദ്യം ചെയ്തത് എന്ന് അപ്പോഴാണ് മനസ്സിലായത്. ഞങ്ങളുടെ പ്രിയപ്പെട്ട പാത്തുമ്മു അമ്മായിടെ മൂത്ത സഹോദരൻ കൂടി ആയതിനാൽ ഇടക്കിടക്ക് ഉമ്മയുടെ തറവാട്ടിൽ വരുകയും വിശേഷങ്ങൾ അന്വേഷിക്കുകയും ചെയ്യുന്ന പതിവ് ഉണ്ടായിരുന്നു, അബ്ദുൽ എന്ന് പേരുള്ള അദ്ദേഹത്തിന് അർത്ഥം പോലെ തന്നെ റബ്ബിന്റെ ഇഷ്ട ദാസന്മാരിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ, അള്ളാഹുവിന്റെ യഥാർത്ഥ അടിമയായി കാരുണ്യവാന്റെ സാർഗ്ഗീയാരാമത്തിൽ റബ്ബ് അദ്ധേഹത്തെയും നമ്മെയും ഒരുമിച്ച് പ്രവേശിപ്പിക്കുമാറാകട്ടെ

✍️ മുഹമ്മദ് സഊദ്

നാസർ അബ്ദുള്ള

അവുതുലുക്കാനെ കുറിച്ചുള്ള ഓർമ്മയിൽ എന്റെ ഉപ്പയുമായി വളരെ അടുത്ത ബന്ധമാണ് അദ്ദേഹത്തിന്. ഏത് കാര്യത്തിലും ഉപ്പ അഭിപ്രായങ്ങൾ ചോദിക്കുകയും, അവുതുലുക്കാനെ മുന്നിൽ നിർത്തുകയും ചെയ്യുമായിരുന്നു. എന്റെ വിവാഹനിശ്ചയം, തിയതിയും അങ്ങോട്ട് പോകാനുള്ള ആളുകളേയും എല്ലാം നിശ്ചയിച്ചത് അദ്ദേഹമായിരുന്നു. ഉപ്പ ആദ്യമായി എഴുതിയ പേര് അദ്ദേഹത്തിന്റെതായിരുന്നു. പലപ്പോഴും വീട്ടിൽ വന്ന് ഒരുപാട് സമയം വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടത്തിയിരുന്നു.ഇടക്ക് അദ്ദേഹം റേഷൻകട നടത്തിയിരുന്നു. ഒരിക്കൽ സഹായത്തിന് ആരേയും കിട്ടാതായപ്പോൾ ഞാൻ റേഷൻ കടയിൽ പോയി സഹായിച്ചിരുന്നു.

ഫജ്ർ നമസ്കാരം കഴിഞ്ഞ് ഒരുപാട് നേരം പള്ളിയിൽ തന്നെ കഴിച്ചു കൂട്ടുമായിരുന്നു അവിടെ നിന്നും ളുഹാ നമസ്കാരം കഴിഞ്ഞേ വീട്ടിലേക്ക് പോയിരുന്നുള്ളൂ

ആർ വി ഉമ്മർ സാഹിബ്

ഉപ്പയെക്കുറിച്ച് നന്മയുടെ, കരുണയുടെ വരികൾ കുറിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി.

ഉപ്പയെ പറ്റി എഴുതാനിരിക്കുമ്പോൾ ഓർമകൾ ചെന്നെത്തി നിന്നത് കൂട്ടു കുടുംബ വ്യവസ്ഥയുടെയും മാപ്പിളമാരുടെ പ്രവാസത്തിന്റെ യുമൊക്കെ ചരിത്രത്തിലാണ്.

ഉപ്പയുടെ യൗവന കാലത്തെ പറ്റി ഒട്ടും ഓർമയില്ല. എന്റെ ബാല്യ കാലമായിരുന്നു അത്. ഞങ്ങൾ കഴിഞ്ഞതാകട്ടെ വലിയൊരു കൂട്ടു കുടുംബത്തിന്റെ ഭാഗമായും. അവിടെ വാപ്പയും ഉമ്മയും മക്കളും മാത്രമായ ഒരു കൊച്ചു ലോകമില്ല. എല്ലാ മക്കളും കുടുംബത്തിലെ കുട്ടികൾ മാത്രം. തലമൂത്തവരുടെ വ്യവഹാരങ്ങളിലേക്ക് കുട്ടികൾക്ക് പ്രവേശനവുമില്ല.

ഓർത്തു വെക്കാവുന്ന സ്ഥിതിയും കാലവുമൊക്കെയായപ്പോഴേക്കും ഉപ്പ മറുനാട്ടിലായി. (അന്ന് നാട്ടിലെത്തിയ ഇടവേളയിൽ എന്നോ കുറച്ചു കാലം എന്നെ "ഫാർസി" പഠിപ്പിക്കാൻ ഒരു ശ്രമം നടത്തിയത് നേരിയ ഓർമ്മയുണ്ട്.)

ഉപ്പ മറുനാട്ടിലെ വാസം നിറുത്തി നാട്ടിൽ സ്ഥിരമായി അധികം കഴിയുന്നതിന് മുമ്പ് തന്നെ, എനിക്ക് പ്രവാസത്തിന്റെ ഊഴമായി. ഇക്ക ജോലി സംബന്ധമായി പാടൂർ നിന്ന് താമസം മാറ്റി. അധികം താമസിയാതെ അനിയനും മറുനാട്ടിലേക്ക് വണ്ടി കയറി. അതിനിടയിലുള്ള കുറച്ചു സമയമാണ് ഞങ്ങൾ മക്കളും ഉമ്മയും ഉപ്പയുമായി ഒരുമിച്ച് നിന്നിട്ടുള്ളത്. അദ്ദേഹത്തിൻറെ പ്രവർത്തനങ്ങളും പ്രവാസചരിത്രവും വിശദമായി ചോദിച്ചറിയാനുള്ള വിവേകം അന്നാരും കാണിച്ചുമില്ല.

ഒരിക്കൽ പഴയ ഹിന്ദി സിനിമാ നടന്മാർ, ദിലീപ് കുമാറും മുക്രിയും, മേട്ടുപ്പാളയത്ത് ഷൂട്ടിംഗിന് വന്ന് പൊറോട്ട കിട്ടുന്ന സ്ഥലം അന്വേഷിച്ച് ഒടുവിൽ ഉപ്പ അവിടെ നടത്തിയിരുന്ന റസ്റ്റോറന്റിൽ എത്തിയതും ഓട്ടോഗ്രാഫ് ഒപ്പിട്ടു നൽകിയതും ഒക്കെ അദ്ദേഹം വിവരിച്ചതാണു ബാക്കി നിൽക്കുന്ന ഒരു ഓർമ്മ. ശരിക്കുള്ള പ്രവാസം തുടങ്ങുന്നതിന് മുമ്പേ പ്രവാസത്തിന്റെ രുചി അറിഞ്ഞ ഒരു സ്കൂൾ വെക്കേഷൻ കാലത്തെ കോയമ്പത്തൂർ വാസം എനിക്കുണ്ടായിട്ടുണ്ട്.

സസ്യാഹാരമല്ലാതെ ഒന്നും ഒളിച്ചു പോലും കഴിക്കാൻ പേടിക്കുന്ന ഗാന്ധിപുരത്തായിരുന്നു ഉപ്പാടെ റസ്റ്റോറൻറ്. കിലോമീറ്ററുകളോളം അകലെ ഒപ്പനക്കാര സ്ട്രീറ്റിലോ മറ്റോ കണ്ടംപറമ്പിലെ കരീംക്ക നടത്തിയിരുന്ന മറ്റൊരു റസ്റ്റോറൻറ് ആയിരുന്നു നാട്ടുകാരുടെ ആയി അടുത്തുള്ള ഒരു സ്ഥാപനം. കഴുതകൾ വിഹരിക്കുന്ന റോഡ്, തോട്ടിപ്പണിക്കാർ എടുത്തു മാറ്റുന്നതും കാത്ത് പലപ്പോഴും നിറഞ്ഞു കിടക്കുന്ന കക്കൂസ്, തെരുവിൽ അപ്പപ്പോൾ ഉണ്ടാക്കുന്ന അടുപ്പിൽ കഴുതകളുടെ ഉണങ്ങിയ വിസർജ്യങ്ങൾ

പാറി നടക്കുന്നതിനിടയിൽ വെച്ച് അരി വെച്ചു തിന്നുന്ന നാടോടി കുടുംബങ്ങൾ. റിക്ഷകളും ബസും ആളുകളും ആവിയും പൊടിയും കൊണ്ട് ശ്വാസം മുട്ടുന്ന അന്തരീക്ഷം. വൃത്തിയുടെയും ശുദ്ധിയുടെയും കാര്യത്തോട് വിട്ടു വീഴ്ച കാണിച്ച് കണ്ടിട്ടില്ലാത്ത ഉപ്പ എങ്ങനെ കഴിഞ്ഞു കൂടി ഇവിടെ എന്നറിയില്ല.

വ്യക്തി ബന്ധങ്ങളും കുടുംബ ബന്ധങ്ങളും കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം. തങ്ങളുടെ കുടുംബ കാര്യങ്ങളിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കിയ കഥകൾ പലരും പറഞ്ഞാണ് പിന്നീട് ഞങ്ങൾ അറിയുന്നത്. എന്റെ നിരീക്ഷണത്തിൽ ഉപ്പ അടക്കമുള്ള ആ തലമുറ ഒരു ടീം-വർക്ക് ആണ് നടത്തി കൊണ്ടിരുന്നതു. ഇതുവരെ പ്രത്യേകം ഇവിടെ സ്മരിച്ചിട്ടില്ലാത്ത കുറെ പേർ കൂടി അന്നത്തെ ശ്രമങ്ങളിൽ പങ്കാളികളായിരുന്നു. പേരോ പ്രശസ്തിയോ നേടാനല്ല. സമൂഹ്യ പ്രതിബദ്ധത ഒരു (فرض عين) "ഫർസ്-ഐൻ" ആയി ആചരിച്ചവർ.

അല്ലെങ്കിലും എനിക്ക് തോന്നിയിട്ടുള്ളത് ആ തലമുറ കൂട്ടുകുടുംബ സംസ്കാരം പൊതുരംഗത്തും മുറുകെപ്പിടിച്ചവരായിരുന്നു എന്നാണ്. കൂട്ടുകുടുംബത്തിൽ അംഗങ്ങളാരും കുടുംബത്തിനു പുറത്ത് ഒരു അസ്തിത്വം കണ്ടില്ല. കൂട്ടായ്മയിൽ ആയിരുന്നു അവരുടെ സ്വസ്ഥി; അതിന് പുറത്ത് ഒരു വ്യക്തിത്വം ആരും തേടിയില്ല. വാർദ്ധക്യത്തിൽ എത്തുന്നതിന് മുൻപു തന്നെ അദ്ദേഹം വിട പറഞ്ഞു നേരെനിയന്മാർ രണ്ടുപേരും അതിനു മുൻപേ മരണമടഞ്ഞിരുന്നു. എന്നും കുടുംബത്തിന്റെ അത്താണിയായി നിന്നിരുന്ന എളാപ്പ N P ഇബ്രാഹിം, കുടുംബത്തിന് വേണ്ടി ഓടി നടന്ന കുഞ്ഞിപ്പ അബ്ദുൾറഹ്മാൻ. "കോയമ്പത്തൂരെ ഉപ്പ" അതിനുശേഷം അവരുടെ മക്കളുടെ കൂടെ ഉപ്പയായി മാറുകയായിരുന്നു. ഉപ്പാടെ കൂടെ മരണത്തോടെ കടുത്ത അനാഥത്വത്തിലേക്ക് നീങ്ങി കുടുംബം.

മക്കൾക്ക് നൽകാൻ പറ്റാതിരുന്ന സ്നേഹവാത്സല്യങ്ങൾ കൂടി പേരമക്കൾക്ക് പകർന്നുനൽകി അദ്ദേഹം കടം വീട്ടിയിരുന്നതായി തോന്നിയിരുന്നു. മരിക്കുന്നതിനു മുൻപ് എൻറെ മകളായിരുന്നു വീട്ടിലെ ഇളയകുട്ടി. പോകുന്നിടത്തെല്ലാം സൈക്കിളിൽ അവളെയും ഇരുത്തിയായിരുന്നു സഞ്ചാരം. മരിക്കുന്നതിന് മുൻപുള്ള രണ്ട് ദിവസ ങ്ങളിൽ അവളുമായി കുടുംബ വീടുകളിൽ എല്ലായിടത്തും എത്തിയിരുന്നുവത്രേ.

ഉപ്പാടെ മരണ സമയത്ത് ഞാനും അനുജൻ അഷറഫും കേരളത്തിനു പുറത്തായിരുന്നു. ബഹുമാനപ്പെട്ട മർഹൂം കുഞ്ഞി അഹമ്മദ് മൗലവിയുമായി അദ്ദേഹത്തിന് ഉണ്ടായിരുന്ന സഹോദര തുല്യമായ ബന്ധം ഷെരീഫ് ബാബു വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന് നൽകിയ യാത്രയയപ്പ് ചടങ്ങിൽ ഉപ്പ അത്രയും ഹൃദയത്തോട് ചേർത്തുവച്ച ഒരു സദസ്സിന് മുൻപാകെയായിരുന്നു അദ്ദേഹത്തിൻറെ അന്ത്യനിമിഷങ്ങൾ സംഭവിച്ചത് എന്നതു അർത്ഥപൂർണമായിരുന്നു എന്നു കരുതുന്നു.

ഹജ്ജിന് യാത്രയാകുന്നതിനു മുൻപ് നാട്ടിലെത്തി, എനിക്ക് ഉസ്താദിനെ കാണാൻ സാധിച്ചു എന്നതുതന്നെ വലിയൊരു ഭാഗ്യമായിട്ട് കരുതുന്നു. (ആ ദിവസം തന്നെ ഉസ്താദിൻറെ ജേഷ്ഠൻ മർഹൂം അബ്ദുല്ല മൗലവിയുമായി ഉസ്താദ്

വീട്ടിൽ വന്നിരുന്നു. അവർ രണ്ടുപേരും ഒരുമിച്ചാണ് അത്തവണ ഹജ്ജിനു പോയത് എന്നാണ് എൻ്റെ ഓർമ്മ.)

നമ്മളിൽ നിന്ന് മരണപ്പെട്ടു പോയ നമ്മുടെ പൂർവികർ എല്ലാവർക്കും അല്ലാഹു സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. നമ്മുടെ മാതാപിതാക്കളുടെ മേൽ അല്ലാഹു കാരുണ്യം വർഷിക്കുമാറാകട്ടെ. ആമീൻ.

കെ അബ്ദുൽ വാഹിദ് സാഹിബ്

സമൂഹനന്മയിൽ ആർമുന്നിറങ്ങിയാലും അവരുടെ കൂടെ നിന്ന് കൂടുതൽ നന്മയിലെത്തിക്കുന്നതിന്ന് പ്രോത്സാഹനവും പ്രചോദനവും പിന്തുണയും കൊടുക്കുന്ന വിശാല ഹൃദയനായിരുന്നു മർഹൂം പ്രിയ അ വുദുൽക്ക .മഹല്ല് കമ്മറ്റിയിലെ സജീവ സാന്നിദ്ധ്യമായിരുന്നിട്ടും മറ്റു സമുദായ സംഘടനകളിൽ ഒന്നിലും നേരിട്ട് പങ്കാളിത്തമില്ലങ്കിലും തന്റെ മനസ്സാക്ഷിക്ക് ശരിയാണന്ന് തോന്നിയ കാര്യങ്ങളിൽ സഹകരിക്കുന്ന ശുദ്ധ വിശാല ഹൃദയത്തിന്നുടമായിരുന്നു. 1980കളിൽ നാട്ടിലെ നന്മേഛുക്കളായ ചെറുപ്പക്കാർ (NP.അബുക്ക , p.c. ഹംസക്ക , ഷംസുദ്ധീൻ മാസ്റ്റർ, P.K. അബ്ദുല്ലക്കുട്ടിക്ക, റഷീദ് മാഷ്, അബ്ദുറഹിമാൻ മാസ്റ്റർ തുടങ്ങിയവർ.....) പാടൂർ ഇസ്ലാമിക് സർവീസ് അസോസിയേഷൻ (PISA) എന്ന കൂട്ടായ്മക്ക് രൂപം കൊടുത്ത് അതിന്ന് കീഴിൽ ഒരു കമ്യൂണിറ്റി ഹാൾ നിർമിക്കണമെന്ന് തിരുമാനമെടുത്ത് അതിന്റെ നിർമാണവുമായി മുന്നിട്ടിറങ്ങിയപ്പോൾ അ വുദുൽക്ക അതിന് പൂർണ പിന്തുണയുമായി ആ സംരംഭത്തെ വിജയിപ്പിച്ചെടുക്കാൻ മുന്നിൽ നിന്നു. ആസ്ഥാപനം പാടൂരിലെ ഉള്ളവർക്കും ഇല്ലാത്തവർക്കും എത്രമാത്രം ഗുണകരമായിരുന്നുവെന്നതു് അനുഭവസ്ഥരുടെ നേർസാക്ഷ്യമാണ്.ഇത്രയും പറഞ്ഞത് അദ്ദേഹത്തിന്റെ നന്മ തുളുമ്പുന്ന ഹൃദയവിശുദ്ധിയെ സൂചിപ്പിക്കാനാണ്.

അദ്ദേഹം ഏറെ സ്നേഹിച്ചു ബഹുമാനിച്ച തന്റെ മരുമകളുടെ പുതിയാപ്ല കൂടിയായ മർഹൂം ഉസ്താദ് കുഞ്ഞി മുഹമ്മദ് മുസ്ല്യാരുടെ ഹജ്ജ് യാത്രയയപ്പ് യോഗത്തിൽസന്തോഷത്തോടെ സംസാരിക്കാൻ തുടങ്ങിയപ്പോഴാണ് അല്ലാഹുവിന്റെ തീരുമാനം നടപ്പിലാക്കിയത്. "യാ അയ്യുഹത്തുന്ന ഫ് സുൽ മുത്ത് മഇന്ന ഇർജി ഈ ഇലാ റബ്ബിക്കിറാളിയത്തൻ മർമിയ്യ ഫദുഖു ലീഫി ഇബാദീ വദു ഖുലീ ജന്നത്തീ."

ജീവിത കാലത്ത് ഇടപഴകുന്നവർക്കും കുടുംബത്തിലും നാട്ടിലുമുള്ള വർക്കുമെല്ലാം നല്ലതുമാത്രം പറയാനും ഓർക്കാനും ബാക്കി വെച്ച് അല്ലാഹുവിലേക്ക് യാത്രയാവുക എന്നതു് ഒരു സൗഭാഗ്യമാണ്. പരലോക വിജയവും.

ഇർശാ അല്ലാഹു പ്രിയങ്കരനായ അബ്ദുൽക്കയുടെ ബർസഖീ ജീവിതം സന്തോഷകരമാക്കി നാളെ ജന്നാത്തുൽ ഫിർദൗസിൽ ഇടം നൽകി അനുഗ്രഹക്കട്ടെ .

നമുക്കും സ്വർഗസ്ഥ രോടൊപ്പം ഒത്തുകൂടാൻ അല്ലാഹു തൗഫീക് നൽകട്ടെ. 🤲🤲

ലത്തീഫ് വാക്കയിൽ

മർഹൂം അവുതുൽക്കയെ കുറിച്ചുള്ള ഓർമ്മകൾ പങ്കു വെച്ചുള്ള കുറിപ്പുകൾ വായിച്ചു. പല പോസ്റ്റുകളും കണ്ണ് ഈറനണിയിക്കുന്നതായിരുന്നു. പ്രത്യേകിച്ചു മക്കളുടെ. അദ്ദേഹവുമായി വ്യക്തിപരമായി വലിയ അടുപ്പം എനിക്ക് ഇല്ലായിരുന്നുവെങ്കിലും, മക്കളുമായി നല്ല സഹോദര തുല്യ സ്നേഹബന്ധം തന്നെയാണ്. അവുതുൽക്കാടെ വ്യക്തിത്വത്തിന്റെ നല്ലൊരു ചിത്രം മക്കളിലും പ്രകടമാണ്.

ജീവിതത്തിന്റെ അവസാനംവരെ സമൂഹത്തിനൊപ്പം സജീവമായി നിലകൊണ്ട ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മരണ വേദി തന്നെ അതിനു സാക്ഷിയാണ്.

സാമൂഹിക, സാംസ്കാരിക, മതപരമായ മേഖലകളിൽ അദ്ദേഹത്തിന്റെ സാന്നിധ്യം എപ്പോഴും ഉണ്ടാവാറുണ്ടായിരുന്നു. വലിയ പേരോ സ്ഥാനമോ തേടാതെ, ഒരു സാധാരണക്കാരനായി ജീവിച്ച്, എല്ലാവർക്കും പ്രിയങ്കരനായി അദ്ദേഹം ജീവിതം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ ലാളിത്യമാർന്ന ജീവിതത്തെ ഏറ്റവും നന്നായി പ്രതിനിധീകരിച്ചിരുന്നത് അദ്ദേഹത്തിന് ഏറെ ഇഷ്ടമായിരുന്ന സൈക്കിൾ തന്നെയായിരുന്നു. ആ സൈക്കിൾപോലെ തന്നെ, ശബ്ദമില്ലാതെ, കഠിനതയില്ലാതെ, സ്വന്തം വഴിയിൽ മുന്നോട്ട് പോയ ഒരു ജീവിതം.

അവുതുൽക്കാടെ വേർപാട് നാടിന് ഒരു നഷ്ടമാണ്. അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തു കബർ ജീവിതം സുഖകരമാക്കി, ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനമനുവദിക്കട്ടെ.

ആമീൻ.

സഊദ് തങ്ങൾ

ബഹുമാന്യനായ അവുദൽക്ക

****

പാടൂരിന്റെ സാംസ്കാരിക പരിസരത്തു നിറഞ്ഞു നിൽക്കുന്ന പുത്തൻപുര കുടുംബത്തിലെ, ബാവു സാഹിബിന്റെ മൂത്ത മകൻ അവുദൽക്കയെ കുറിച്ചാണ് നാമിന്നോർക്കുന്നത്.

കുടുംബത്തെ ഇസ്ലാമികമര്യാദകൾ പരിശീലിപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹമെന്ന് ചുറ്റുപാടുകളിൽ നിന്ന് വായിച്ചെടുക്കാൻ കഴിയും. പൊതു പ്രശ്നങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങളെ, സമർത്ഥമായി അനുരഞ്ജിപ്പിലെത്തിക്കാൻ കഴിവുള്ള അവുദൽക്കയെ പറഞ്ഞു കേട്ടിട്ടുണ്ട്. ബഹുഭാഷകൾ കൈകാര്യം ചെയ്യാൻ കഴിവു നേടിയ നല്ലൊരു വായനക്കാരനായ അദ്ദേഹത്തെ ആദരപൂർവം സ്മരിക്കാനേ കഴിയൂ. പലർക്കും, കുടുംപ്രശസ്തി, തൊഴിലുകളിൽ ഏർപ്പെടാൻ തടസ്സമകാറുണ്ട്. അതിനൊരു

തിരുത്താണ്, റേഷൻ കടയും പലചരക്കും റെസ്റ്റോറന്റും നടത്തി കുടുംബം പുലർത്തിയ അവുദൽക്ക.

നാട്ടു ഭാഷയിൽ, ഒരു 'സുന്നി' ആയിരിക്കുമ്പോഴും മൗദൂദി പോലുള്ള നവോത്ഥാന നായകന്മാരെ അറിയാൻ ശ്രമിച്ചതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ അന്വേഷണ തൃഷ്ണ പ്രകടമാണ്. മൗദൂദിയുടെ പുസ്തകങ്ങളുമായി ചാമക്കാലയിൽ ഞങ്ങളിൽ ചിലർ പ്രബോധന പ്രവർത്തനത്തിന് പോയപ്പോൾ, അവരെ ഓടിച്ചു വിട്ട കാലത്ത്, ഇവിടെ ഒരു കാരണവർ മൗദൂദിയെ കേൾക്കാൻ കാത് കൂർപ്പിച്ചത് പാടൂരിന്റെ അപരപ്രിയ ബോധത്തിന്റെ ഉദാഹരണമായി എടുക്കാം.

വ്യക്തിപരമായി എനിക്ക് അദ്ദേഹവുമായി ആഴത്തിലുള്ള അടുപ്പമില്ല. പാടൂരിലെ എന്റെ പാതി പൗരത്വവും ദീർഘമായ പ്രവാസവും ഈ അടുപ്പക്കുറവിനു കാരണമാകാം. എന്നാൽ, അദ്ദേഹത്തിന്റെ മക്കളിൽ അഡ്വ. ആർവി, ചെറുപ്പം മുതലേ എനിക്ക് ബന്ധമുള്ള ആളാണ്. നാട്ടിന്റെ പുരോഗതി ലക്ഷ്യം വെച്ച് അദ്ദേഹം വിളിച്ചു കൂട്ടിയ രണ്ടു യോഗങ്ങളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. പിന്നീടാണ് ഉമറുമയി ബന്ധപ്പെട്ടത്. സഹോദര സമാനമായ അടുപ്പമാണ് അവരോടെപ്പോഴും.

സൽകർമങ്ങളിൽ ഇടപ്പെട്ട് നിൽക്കെയുള്ള ഒരാളുടെ പെട്ടെന്നുള്ള മരണം, നല്ല മരണമായി പണ്ഡിതന്മാർ രേഖ പ്പെടുത്തിയിട്ടുണ്ട്. പ്രഗത്ഭ പണ്ഡിതൻ കുഞ്ഞു അഹമ്മദ് മുസ്ലിയാരുടെ ഹജ്ജ് യാത്രയയപ്പിൽ നിരതനായിരുന്നപ്പോഴാണല്ലോ അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞത്. ചില ഹദീസുകൾ അനുസരിച്ചു, അനുഗ്രഹത്തിന്റെ മലക്കുകൾ സാന്നിധ്യമുറപ്പിച്ച സന്ദർഭമാണത്. പിശാചിന് വിലക്ക് വീണ നിമിഷങ്ങൾ.

ആ നിമിഷത്തിലെ, ദിക്റിന്റെയും സ്വലായത്തിന്റേയും പുണ്യത്തെ തവസ്സുലാക്കി നമുക്ക് പ്രാർത്ഥിക്കാം.

അല്ലാഹുവേ, അദ്ദേഹത്തെ വന്നു പോയിരിക്കാനിടയുള്ള തെറ്റുകൾ പൊറുത്തു കൊടുത്ത്, സജ്ജനങ്ങളിൽ ഉൾപ്പെടുത്തേണമേ. നീ വാഗ്ദത്തം ചെയ്ത സ്വർഗം നൽകി അദ്ദേഹത്തെ അനുഗ്രഹിക്കേണമേ - അമീൻ

09 Jan 2026

Episode-13

മർഹൂം കാട്ടേപറമ്പിൽ കാദർ സാഹിബ്



اسلام عليكم ورحمة الله وبركاته

പാടൂരിൽ ജനിച്ച് ജീവിച്ച്, ചരിത്രത്തിൽ സ്വന്തം അടയാളം പതിപ്പിച്ച് നമ്മളെ വിട്ടുപിരിഞ്ഞ മഹത്തുക്കളുടെ ഓർമ്മകളാണ് നാം ഇപ്പോൾ പങ്കുവച്ചുകൊണ്ടിരിക്കുന്നത്. ഈ അവസരം നമുക്ക് അറിയാത്ത പല കാര്യങ്ങളും അറിയാം, ജ്യേഷ്ഠ സഹോദരങ്ങൾ പങ്കുവയ്ക്കുന്ന വിലപ്പെട്ട ഓർമ്മകൾ കേൾക്കാം, വായിക്കാം..

ഇന്ന് നാം സ്മരിക്കുന്നത് മർഹൂം കാട്ടേപറമ്പിൽ കാദർ സാഹിബിനെയാണ്.

രാഷ്ട്രീയവും ദീനീബോധവും ഉറച്ച നിലപാടുകളോടെ ജീവിതത്തിൽ ചേർത്തു പിടിച്ച്, മനസ്സിലെ ആശയങ്ങൾ തുറന്നുപറയാൻ ഒരിക്കലും

മടികാണിക്കാത്ത വ്യക്തിത്വം. ആ ജീവിതത്തെ നമുക്ക് ഓർക്കാം…പറയാം… എഴുതാം…

അള്ളാഹു അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കി കൊടുക്കട്ടെ, ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ, آمين يارب العالمين

നജീബ് സാഹിബ് കാരിയാട്ട്

കാട്ടെപറമ്പിൽ കാതർക്ക.

അദ്ദേഹം യഥാർത്ഥത്തിൽ കോൺഗ്രസ്സ്കാരൻ എന്നതിലുപരി കറ കളഞ്ഞ ഗാന്ധിയൻ എന്ന് വിശേഷിപ്പിക്കാവുന്ന വ്യക്തിത്വം. യശശ്ശരീരനായ ഇ മൗയ്തു മൗലവി സാഹിബും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും മറ്റും ഉള്ള ആത്മബന്ധം അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കാൻ സഹായിച്ചു.

മതനിരപേക്ഷ സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കാൻ കോൺഗ്രസിന് മാത്രമേ കഴിയൂ എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അത് കൊണ്ട് ആണ് വിശേഷിച്ചും പാടൂരിൽ വിരലിൽ എണ്ണാവുന്ന മാത്രം കോൺഗ്രസ് കാർ ഉണ്ടായിരുന്ന കാലത്ത് അതിന്റെ മുന്നണി പോരാളി ആയിരുന്നു. വിശേഷിച്ചും ആയിരത്തി തൊള്ളായിരത്തി അറുപത്തി ഏഴ് കാലം. കോൺഗ്രസിന്റെ ഒരു പതാക പോലും പാടൂരിൽ " ഹറാം" ആയിരുന്ന കാലത്ത് എന്റെ ഉപ്പയും കാതർക്കയും അങ്ങേയറ്റം അപമാനിക്കപ്പെട്ട കാലം ആയിരുന്നു ദേശീയ പ്രസ്ഥാനത്തിന്റെ പേരിൽ. ലീഗും സിപിഎം സിപിഐ കക്ഷികൾ ഒറ്റക്കെട്ടായി കോൺഗ്രസിനെതിരെ തിരിഞ്ഞു. നുകം വെച്ച കാള ആയിരുന്നു കോൺഗ്രസിന്റെ ചിഹ്നം.

യശശ്ശരീരനായ ടി. ഒ. ബാവ (K P C C President) റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിച്ച് കൊണ്ട് പദയാത്ര നടത്തി പുളിക്കകടവിൽ വന്നതും ഉപ്പയും കാതർക്കയും പോലെ ചുരുക്കം ചില ആളുകൾ മാത്രം അദ്ദേഹത്തിന് ഹാരമണിയിച്ചതും ഇന്നും ഞാൻ ഓർക്കുന്നു. അധികാരത്തിന്റെ ശീതളച്ഛായ കാതർക്കായുടെ അജണ്ടയിൽ ഇല്ല. അത് കൊണ്ട് ആണല്ലോ അറുപത്തി ഒൻപതിലെ പിളർപ്പിൽ അദ്ദേഹം സംഘടനാ പക്ഷത്ത് നിലയുറപ്പിച്ചത്.

നിജലിംഗപ്പ നയിച്ച " സംഘടനാ കോൺഗ്രസിന്റെ" വക്താവ് ആയിരുന്നു അക്കാലത്ത് അദ്ദേഹം. കണ്ടശ്ശാൻകടവിൽ കൊപ്ര വിൽപ്പനയ്ക്ക് പോകുമ്പോൾ മാർക്കറ്റിൽ അദ്ദേഹത്തിന്റെ അപരനാമം " സംഘടനാ" എന്ന് ആയിരുന്നു.

സ്വന്തം വിയർപ്പ് കൊണ്ട് ജീവിതം കരുപ്പിടിപ്പിച്ച മഹാനായിരുന്നു കാതർക്കാ. വിശുദ്ധമായ ഖദർ വസ്ത്രത്തിൽ ഒരു തരത്തിലും അഴിമതിയുടെ കറ പുരളാതിരിക്കാൻ ജാഗ്രത പുലർത്തിയിരുന്നു. സ്ഥാനമാനങ്ങൾ അദ്ദേഹത്തിന്റെ അജണ്ട ആയിരുന്നില്ല. എം വി അബൂബക്കർ സാഹിബിനൊപ്പം പൊതു പ്രവർത്തനം ആരംഭിച്ച വ്യക്തി ആണ് അദ്ദേഹം. രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം ദീനിൽ മുറുകെ പിടിച്ചു. ഇസ്ലാമിക

പ്രബോധനത്തിന് അങ്ങെ അറ്റം പ്രാധാന്യം നൽകി. മുജാഹിദ് പ്രസ്ഥാനത്തിന്റെ പാടൂരിലെ അമരക്കാരൻ അദ്ദേഹം ആയിരുന്നു എന്ന് വേണമെങ്കിൽ പറയാം. അദ്ദേഹത്തിന്റെ സഹോദരൻ പരേതനായ മുഹമ്മദ് ഹാജി സ്ഥാപിച്ച പള്ളിയുടെ മുന്നോട്ടുള്ള പ്രയാണത്തിന് മുൻ തൂക്കം കൊടുക്കാൻ ശ്രമിച്ചിരുന്നു.

എന്നാലും മറ്റൊരു Controversy അദ്ദേഹം ഒരു ഘട്ടത്തിൽ പാടൂർ ജുമാഅത്ത് കമ്മിറ്റിയുടെ പ്രസിഡന്റായി പ്രവർത്തിച്ചു എന്നതാണു്. ഉള്ളിൽ മുജാഹിദ് ആശയങ്ങൾ ഉൾക്കൊള്ളുന്ന സൻദർഭത്തിലും പാടൂരിൻറെ സമഗ്രമായ വികസനത്തിന് ജുമാഅത്ത് കമ്മിറ്റിയുടെ പ്രസിഡന്റ് എന്ന നിലയിൽ മഹല്ല് ഏൽപ്പിച്ച ദൗത്യം അദ്ദേഹം ഭംഗിയായി നിർവഹിച്ചു. അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ അഭിവന്ദ്യനായ പി. കെ. കുഞ്ഞി ബാവു മുസ്‌ലിയാർ എന്റെ ഗുരുനാഥൻ ആണ്. മകൻ ഫാറൂഖ് എന്റെ സഹപാഠിയും സുഹൃത്തും ആണ്. പിതാവിന്റെ പാത പിന്തുടർന്ന് ഫാറൂഖ് ഇപ്പോഴും നാടിന്റെ നൻമയ്ക്ക് വേണ്ടി നിരന്തരം പരിശ്രമിക്കുന്നു എന്നത് ശ്ലാഘനീയമാണ്.

എന്റെ പ്രിയപ്പെട്ട കാതർക്കായുടെ കബറിടം വിശാലമാക്കട്ടെ. അദ്ദേഹത്തിന്റെ പാരത്രിക ജീവിതം സ്വർഗീയമാകട്ടെ എന്ന് ഇത്തരുണത്തിൽ സർവ ശക്തനായ അല്ലാഹുവിനോട് ദുആ ചെയ്യുന്നു.

നജീബ് കാര്യാട്ട്

8/1/26

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/F5sHKHAUBAY?si=CzwvCls-o0OQGG_q

അഷ്റഫ് പി എ

ഇസ്ലാഹി ആദർശ ബന്ധത്തിലേക്ക് വഴി കാട്ടിയ എൻറെ ആദ്യ ഗുരു കാട്ടേപറമ്പിൽ കാദർക്ക...

85-87 കാലഘട്ടത്തിൽ ലീവിന് നാട്ടിൽ വരുമ്പോഴല്ലാം കാദർക്ക വഴിയിൽ കണ്ടാൽ വെങ്കിടങ്കിൽ പണിയുവാൻ ഉദ്ദേശിക്കുന്ന മുജാഹിദ് പള്ളിയുടെ കാര്യങ്ങൾ പറയുകയും അതിലേക്കു മനസ്സറിഞ്ഞ് സഹായിക്കുകയും സഹകരിക്കുകയും വേണമെന്ന് പറയും. എന്നാൽ ,ഒരു മുജാഹിദ് കാരനെ കണ്ടാൽ വഴിയിലിട്ട് തല്ലി കൊല്ലണം എന്ന് കേട്ട് മനസിലാക്കിയ ഞാൻ എൻറെ ആദർശം നീരസത്തോടെ തന്നെ പറയുകയും പ്രകടിപ്പിക്കുകയും ചെയ്തു. പലതവണ ...

എന്നിട്ടും അതൊന്നും കേട്ടതായി ഭാവിക്കാതെ നീ പള്ളിക്ക് വേണ്ടി ഒരു ഇഷ്ട്ടിക വെച്ചാൽ അതിന്റെ പുണ്യം ജാരിഅ സ്വദഖയായി കബറിലേക്ക് എത്തുമെന്ന് എന്നെ ഉപദേശിച്ചു. എനിക്ക് അത്ഭുതം തോന്നി ..നിങ്ങളുടെ ആദർശ പള്ളി നിർമാണതിന് ഞാൻ തരില്ലെന്ന് വെങ്ങ്യമായും പിന്നീട് വ്യക്തമായും പറഞ്ഞിട്ടും യാതൊരു വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കാതെ

ഓരോ തവണ കാണുമ്പോഴും ആദ്യം എന്ന മട്ടിൽ ആവർത്തിച്ചു കൊണ്ടിരുന്നു. അവസാനം ഒരു ശല്യം ഒഴിവാക്കാനെന്ന പോലെ ഞാൻ എന്തോ നൽകി. അദ്ദേഹം അത് വാങ്ങി എടുക്കുകയായിരുന്നു എന്നതാവും ശരി .

ആ ഘട്ടത്തിൽ അദ്ദേഹത്തിന് കായലിൽ സ്ഥലം ഉണ്ടായിരുന്നു അവിടേക്ക് എന്നും രാവിലെ പോവും .അങ്ങിനെ ഒരു ദിവസം ഞാൻ ഹസൻ കനാപുള്ളിയുടെ വീട്ടിൽ ഹസൻകയുമായി സംസാരിച്ചു ഇരിക്കുമ്പോൾ ആണ് കാദർക്ക വന്നത്. അവിടെ വെച്ച് ഞാൻ പള്ളിക്ക് നൽകിയ എളിയ തുകയുടെ പേരിൽ എനിക്ക് വേണ്ടി ദുആ ചെയ്തു. മുറുക്കി ചുവപ്പിച്ച വെറ്റില പാക്ക് ഒലിച്ചിറങ്ങുന്നത് തുടച്ച് ഹസൻക്കാടെ മിറ്റത്തേക്ക് നീട്ടി തുപ്പിയിട്ട് സ്വതസിദ്ധമായ ശൈലിയിൽ ചിരിച്ചു കൊണ്ട് എന്നോട് പറഞ്ഞു ... എന്റെ മനസ് പറയുന്നു ഒരു ദിവസം ഈ ആദർശം നീ ഉൾകൊള്ളും ..ഒരിക്കലും സംഭവിക്കില്ലന്ന അർത്ഥത്തിൽ ഞാൻ ഉറക്കെ ചിരിച്ചു .ഒപ്പം ഹസൻക്കയും .

ജീവിതത്തിൽ ഒരിക്കലും ചിന്തിക്കുവാൻ പോലും ശ്രമിച്ചിട്ടില്ലാത്ത ഒരാദർശ ബന്ധത്തിലേക്കു ഞാൻ എത്തിപ്പെട്ടപ്പോ ആദ്യം ഓർത്തതും കാദർക്കനെ ആയിരുന്നു. അദ്ദേഹം സരസമായി പറഞ്ഞ ഫലിതം എന്റെ ജീവിതത്തിൽ യാഥാർത്ഥ്യമായപ്പോ ആ സന്തോഷം നേരിൽ പങ്ക് വെച്ചപ്പോൾ അദ്ദേഹം ഒരു പാട് സന്തോഷിക്കുകയും ഉപദേശിക്കുകയും ചെയ്തു.

മേൽ പറഞ്ഞ കാദർക്കനെ മാത്രമേ അത് വരെ എനിക്ക് അറിയുമായിരുന്നുള്ളു. എന്നാൽ ഗൾഫിൽ പ്രഭാഷകരായി വരുന്ന ഹുസൈൻ സലഫി, കുഞ്ഞി മുഹമ്മദ് മദനി പറപ്പൂര്, പോലെയുള്ള പണ്ഡിതർ പാടൂർ ആണ് സ്ഥലം എന്ന് പറഞ്ഞു പരിചയപെടുമ്പോൾ അവർ ആദ്യം ചോദിക്കുന്നത് കുഞ്ഞി ബാപ്പു മുസ്‌ലിയരെ കുറിച്ചും സഹോദരൻ കാദർക്കായെ കുറിച്ചുമാണ്. ഇവരുടെ ദീനി പ്രബോധന രംഗത്തെ ആഴത്തിൽ ഉള്ള ബന്ധം അറിയുന്നത് ഗൾഫിൽ വെച്ചാണ് .

കാദർക്ക കാൽ നടയായി ചിരിച്ചു കൊണ്ട് ജനങ്ങളിൽ നിന്നും സ്വരൂപ്പിച്ച സംഖ്യ കൊണ്ട് കൂടിയാണ് വെങ്കിടങ്ങിലെ സലഫി മസ്ജിദ് നിർമാണം തുടങ്ങിയത്. അവിടെ പോയി നമസ്ക്കരിക്കുമ്പോൾ എല്ലാം അദ്ദേഹത്തിന്റെ ഒറ്റയാൾ ദഅവത്ത് ഓർത്തു പോവും.

അദ്ദേഹത്തിന്റെ അകാല മരണമടഞ്ഞ മകൾ മൈമൂന 9 th വരെ ഞങ്ങൾ ഒരുമിച്ച് പഠിച്ചതാണ്. സലാമും ഇസ്മയിലും സ്നേഹ സമ്പന്നരാണ് .ഫാറൂഖ് ഭായി സീനിയർ ആയത് കൊണ്ട് പരിചയമുണ്ടന്നല്ലാതെ അടുപ്പം ഉണ്ടായിരുന്നില്ല .എന്നാലിപ്പോൾ ഫാറൂഖ് ഭായ് സലഫി പള്ളിയുടെ പ്രസിഡന്റ് ആയി വന്നത് മുതൽ അദ്ദേഹം ജേഷ്ട്ട സഹോദര തുല്യനാണ് . ഒരു കമ്മിറ്റിയുടെ പ്രത്യേകിച്ചും ദീനി പ്രസ്ഥാനത്തിന്റെ നേതൃത്തം ഏറ്റെടുക്കുവാനുള്ള ഇൽമും ഇഖ്ലാസും അദ്ദേഹത്തിനുണ്ട്. ദീനി പാരമ്പര്യ സൽഗുണ സമ്പന്നതയും അദ്ദേഹത്തിനുണ്ട്.

റബ്ബിന്റെ വിളിക്ക് ഉത്തരം നൽകി കൊണ്ട് കാദർക്ക വിട പറയുമ്പോൾ ഞാൻ നാട്ടിൽ ഉണ്ട് . അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുത്തു പിരിയുമ്പോൾ ഈ ആദർശത്തിലേക്ക് എത്തിപെടുവാൻ സൗഭാഗ്യം ലഭിച്ചത് അദ്ദേഹത്തിന്റെ

പ്രാർത്ഥനയാണെന്ന് വേദനയോടെ അതിലേറെ സന്തോഷത്തോടെയും അഭിമാനത്തോടെയും ഞാനോർത്തു...

ദീനിപരമായ ഇൽമ് പഠിച്ചത് പകർന്ന് നൽകി നമ്മെ വിട്ട് പോയ മഹത്തുക്കൾക്ക് ആള്ളാഹു ഉന്നതമായ സ്വർഗ്ഗം നൽകി ആദരിക്കട്ടെ. നമ്മളെയും അവരെയും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ ...🤲

അഷ്‌റഫ് P.A.

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

പാടൂരിന്റെ രാഷ്ട്രീയ, സാമുദായിക, സാമൂഹിക മേഖലകളിൽ തനതായ സംഭാവനകൾ അർപ്പിച്ചവരിൽ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് മർഹൂം കാട്ടെപറമ്പിൽ കാദർ സാഹിബ്. അദ്ദേഹത്തെ സാഹിബ് എന്ന് കുറിക്കുമ്പോൾ എന്തോ ഒരകൽച്ച അനുഭവപ്പെടുന്നു. എനിക്കെന്നും അദ്ദേഹം എന്റെ പ്രിയപ്പെട്ട കാദർ ക്കയാണ്. പൂത്തൻപുര കുടുംബത്തിന് അദ്ദേഹം അടുത്ത ബന്ധുവാണ്. അദ്ദേഹത്തിന്റെ രണ്ട് സഹോദരന്മാരും പുത്തൻപുര കുടുംബത്തിൽ നിന്നാണ് വിവാഹം കഴിച്ചിട്ടുള്ളത്. അതും നേർ സഹോദരിമാരെ. ആ അടുപ്പം ഏറ്റവും കൂടുതൽ ഞങ്ങൾ എല്ലാവരോടും പുലർത്തിയ വ്യക്തിയാണ് കാദർക്ക.പൊതുവെ ജാതി, മത, പ്രായ വ്യത്യാസം അദ്ദേഹത്തിന്റെ പെരുമാറ്റ നിഘണ്ടുവിൽഇല്ല.**കാദർക്കയും സഹോദരൻ കുഞ്ഞിബാവുമുസ്‌ലിയാരും എനിക്ക് ഓർമവെക്കുമ്പോൾ നാട്ടുകാർക്ക് വഹാബികളാണ്.സുന്നി ആശയക്കാരുടെ പാർട്ടിഗ്രാമം ആണല്ലോ പഴയ പാടൂർ.അവിടെ മറ്റു ആശയധാരകൾ എങ്ങനെ കിളിർത്തു എന്നത് ഗവേഷണ വിധേയമാക്കേണ്ട കാര്യമാണ്. ഏതായാലും ഏറെ അവഹേളനങ്ങളും പരിഹാസങ്ങളും ഊരുവിലക്കുകളും നേരിട്ട് താന്നെയാണ് കാദർക്ക ഈ വേദിയിൽ അനുസ്മരിക്കപ്പെടാൻ അർഹത നേടിയത് എന്ന കാര്യത്തിൽ അഭിപ്രായാവ്യത്യാസം ഉണ്ടാവാനിടയില്ല.****രാഷ്ട്രീയത്തിലായാലും മതത്തിലായാലും ആദർശവും ആശയങ്ങളും അല്ലാതെ സാമ്പത്തിക, സ്ഥാന,മോഹങ്ങളോ, മറ്റു പ്രലോഭനങ്ങളോ അദ്ദേഹത്തിന്റെ നിലപാടുകളെ സ്വാദീനിച്ചിട്ടില്ല. ഖദർ വസ്ത്രം മാത്രം ധരിക്കുന്ന, ഗാന്ധിയൻ ആശയങ്ങളിൽ ഉറച്ച് വിശ്വസിക്കുന്ന കാദർ സാഹിബ് കോൺഗ്രസ് പാർട്ടിയിൽ പിളർപ്പുണ്ടായപ്പോൾ സംഘടനാകൊണ്ഗ്രസ്സിൽ ഉറച്ച് നിന്നതും പിന്നീടൊരിക്കലും നിലപാടുകൾ മാറ്റാതെ രാഷ്ട്രീയത്തിൽ പിടിച്ചുനിന്നതും പ്രത്യയശാസ്ത്ര പ്രതിബദ്ധതകൊണ്ടാണ്.***രാഷ്ട്രീയപ്രവർത്തനത്തിൽ നേടിയത് ഫാർമേഴ്‌സ് ബാങ്കിന്റെ ഡയരക്ടർ പദവിയാണ്.പാടൂരിൽ ബാങ്കിന്റെ വക പലചരക്ക്കട തുടങ്ങാൻ സാധിച്ചത് അദ്ദേഹത്തിന്റെ ശ്രമഫലമായാണ്. താലൂക്ക് വികസനസമിതി അംഗമായിരുന്നുവെന്നാണ് ഓർമ.****കുഞ്ഞിബാവുമുസ്‌ലിയാർ താമസിച്ചിരുന്നിട ത്താണ് തറവാട്. അവിടെനിന്നും ജുമാഅത്ത് പള്ളിയുടെ അടുത്ത് സ്ഥലം വാങ്ങി വീട് വെച്ച് താമസമാക്കിയത് 1970കളിലാണ് എന്ന് തോന്നുന്നു.അന്ന് വേറെ വേറെ ആശയക്കാർക്ക് പ്രത്യേകമായി പള്ളികളില്ല.അഞ്ച് നേരത്തെ നമസ്കാരം ജുമാ അത്ത് പള്ളിയിലാണ് അദ്ദേഹം നിർവഹിക്കുക.കൂട്ടപ്രാർത്തന സമയത്ത് കാദർക്ക സുന്നത്ത് നിസ്കാരത്തിനായി മാറിനിൽക്കുന്നുണ്ടാവും.പള്ളിയിലെ

ഖത്തീബ്, മുതർരിസ് മാരുമായി ചെറിയ തർക്കങ്ങൾ ഉന്നയിക്കും. അതൊരിക്കലും വ്യക്തിപരമായ അകൽച്ചയിൽ എത്താതിരിക്കാൻ ശ്രദ്ധിക്കും.നിലപാടുകളിൽ ഉറച്ചുനിന്നാലും, കൈകൊടുത്തും സലാം പറഞ്ഞും മാത്രമേ അഭിപ്രായ തർക്ക-വിതർക്കങ്ങൾ അവസാനിപ്പിക്കാറുള്ളു.****ഒന്നിലധികം അനുരഞ്ജന ചർച്ചകളിൽ കാദർ ക്കാടൊപ്പം പങ്കെടുത്തിട്ടുണ്ട്.സ്വദസിദ്ധമായ സൗമ്യസ്വഭാവം മസ്ലഹത്തുകളിൽഏവർക്കും സ്വീകരയമായ തീരുമാനത്തിലെത്തി ക്കാൻ കാദർക്കാക്ക് സഹായകമായിട്ടുണ്ട്.ഞാൻ ഇടപെട്ട് കാദർ ക്കാടെ ഒരു പറമ്പിലൂടെഎന്റെ സ്വന്തക്കാർക്ക് വഴിവാങ്ങിക്കൊടുത്തിട്ട് അത് വ്യവഹാരത്തിൽ കലാശിച്ചിരുന്നു. കേസ് നടക്കുമ്പോളോ കേസ് അദ്ദേഹത്തിന് അനുകൂലമായി വിധി വന്നപ്പോളോ എന്നോട് എന്തെങ്കിലും അനിഷ്ടമോ, അകൽച്ചയോ കാണിക്കാതെ ചേർത്ത് പിടിച്ച ആ വലിയ മനുഷ്യന്റെ ഹൃദയവിശാലതക്ക് മുൻപിൽ ആദരവ് അർപ്പിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തട്ടെ. അദ്ദേഹത്തിന്റെ ഖബർ വിശാലമാക്കട്ടെ, സുഖവും സമാധാനവും നൽകട്ടെ. സ്വർഗത്തിൽ അല്ലാഹു നല്ല പദവി നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.*-******ആർ.വി.സൈദുമുഹമ്മദ്.

പി എൻ അബ്ദുൽ ഖാദർ സാഹിബ്

കാട്ടേ പറമ്പിൽ കാതർക്കയെ കുറിച്ചോർക്കുമ്പോൾ എപ്പോഴും എവിടെ വെച്ച് കണ്ടാലും കുശലാന്വേഷണം നടത്തുന്ന എപ്പോഴും പ്രസന്നവദനായി തിരക്കില്ലാതെ സംസാരിക്കുന്ന മനസ് തുറന്ന് വളരെ അടുപ്പത്തോടെയുള്ള പെരുമാറ്റം പലപ്പോഴും എനിക്ക് തോന്നിയിട്ടുള്ള ഒരു കാര്യം എന്നോടാണ് അദ്ദേഹത്തിന് ഏറ്റവും അടച്ചം എന്ന് പക്ഷെ ഇട പഴകുന്ന എല്ലാവർക്കും അതേ തോന്നു അത്രക്കും അടുപ്പത്തോടെയുംവാൽസല്യത്തോടെയുമുള്ള പെരുമാറ്റം അള്ളാഹു അദ്ദേഹത്തിന്റെ ഖബർ വിശാലമാക്കി പാപങ്ങൾ പൊറുത്ത് സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ ആമീൻ

ലത്തീഫ് വാക്കയിൽ

മർഹൂം കാട്ടേപറമ്പിൽ കാദർ സാഹിബ് പഴയ കോൺഗ്രസ് നേതാവായും പാടൂരിൽ മുജാഹിദ് പ്രസ്ഥാനത്തിന് തുടക്കം കുറിച്ചവരിൽ ഒരാളായും സമൂഹത്തിൽ വ്യക്തമായ അടയാളം പതിപ്പിച്ച വ്യക്തിത്വവുമായിരുന്നു.

തെറ്റ് ചെയ്തവരെ തള്ളിപ്പറയാതെ തിരുത്തി നേർവഴിയിലേക്ക് കൊണ്ടുവരുന്ന ഒരു സവിശേഷതയാണ് അദ്ദേഹത്തിൽ കണ്ടിരുന്നത്. പലപ്പോഴും ഞങ്ങൾ അതനുഭവിച്ചതാണ്. ഏതൊരു പ്രതിസന്ധി ഘട്ടത്തിലും കാദർക്കാനെ സമീപിച്ചാൽ അതിനൊരു പരിഹാരം കണ്ടെത്തും. അത്രക്കും മനുഷ്യരോട് ചേർന്ന് നിന്നൊരു വ്യക്തിത്വം.

“خيرُ الناسِ أنفعُهم للناس"

(മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠർ മറ്റുള്ളവർക്ക് ഉപകാരപ്പെടുന്നവരാണ്) അല്ലാഹു അദ്ദേഹത്തിന്റെ നല്ല പ്രവൃത്തികളെ സ്വീകരിച്ചു അർഹമായ

പ്രതിഫലം നൽകട്ടെ, ഖബറിനെ വിശാലമാക്കി സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ

മൊയ്തു. പി.കരിപ്പായിൽ

ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപം.

,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,, ക്വിറ്റിന്ത്യ. ഉപ്പ് സത്യാഗ്രഹം. മഹാത്മാ ഗാന്ധി. ചില നാമങ്ങളും. സംഭവങ്ങളും കേൾക്കുമ്പോൾ, നമ്മുടെ നാട്ടിലെ ചില മുഖങ്ങൾ മനസ്സിൽ പതിയും.❤️ അതിൽ രൂപം കൊണ്ട് തന്നെ മനസ്സിൽ പതിഞ്ഞ നാമമാണ്. ഖാദർ കാട്ടേ പറമ്പിൽ.🙏ആദർശ രാഷ്ട്രീയത്തിന് ആമുഖമെഴുതിയനാടിന്റെപ്രിയപ്പെട്ട കാദർക്ക. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പൊതുജീവിതം ആരംഭിച്ച് രാഷ്ട്രീയ ആദർശ നിഷ്ഠജീവിതാവസാനം വരെകൈവിടാതിരുന്ന സോഷ്യലിസ്റ്റ്.🙏 വംശാധിപത്യനെതിരെ കോൺഗ്രസ്സ് രാഷ്ട്രീയത്തിൽ കലഹ കൊടി ഉയർത്തിയ നിജലിംഗപ്പയുടെ അനുയായി.❤️ നിലപാടിൽ സത്യസന്ധത പുലർത്തി വിദേശവസ്ത്ര ബഹിഷ്കരണ ആഹ്വാനം ഉൾകൊണ്ട് ജീവിതാവസാനം വരെ ഖദർധാരിയായിമാത്രം ജീവിച്ച പ്രിയപ്പെട്ട കാദർക്ക.🙏തുടക്കം കമ്മ്യൂണിസ്റ്റ് വിരുദ്ധയിൽ നിന്നാണെങ്കിലും.ഏറിയ പങ്ക് പൊതു ജീവിതം. അവസാനം വരെ കമ്മ്യൂണിസ്റ്റ്കാരുടെ തോഴനായിട്ടായിരുന്നു അവസാനിച്ചത്. 🙏എന്നും പാടൂരിന്റെ ഇടതുപക്ഷ,, ജനാധിപത്യ മുഖമായിരുന്നു കാതർക്ക.❤️,,അടിയന്തിരാവസ്ഥയെ തള്ളി പറഞ്ഞു കൊണ്ട്., എ.കെ.ആന്റണി നടത്തിയ,,ഗോഹാട്ടി പ്രസംഗം,, കാതർക്കയെ പോലുള്ളവർക്ക് ഏറെ പ്രതീക്ഷ നൽകിയിരുന്നതായിരുന്നു.👍 എന്തിന് വേണ്ടിയാണോ പിളർപ്പുണ്ടായത് ആ രാഷ്ട്രീയ സാഹചര്യം ഇപ്പോഴും നിലനില്ക്കുന്നു എന്ന അഭിപ്രായമാണ് ജീവിതാവസാനം വരെ കാതർക്ക പുലർത്തി പോന്നത്. എന്നെ സംബന്ധിച്ച് ഒരു കാരണവ സ്ഥാനീയനായിരുന്നു കാതർക്ക.🙏 അതുകൊണ്ട് തന്നെ ഒട്ടേറെ രാഷ്ട്രീയ ചരിത്രം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കോൺഗ്രസ്സ് (എസ്) മണലൂർ ബ്ലോക്ക് പ്രസിഡണ്ട്. എ.പി.പാവുവിന്റെ നേതൃത്വത്തിൽ നടത്തേണ്ടിയിരുന്ന കാൽനട ജാഥ തലേ ദിവസം ജാഥ കേപ്റ്റൻ ഉൾപടെ മാതൃ സംഘടനയിൽ ലയിച്ചതു കൊണ്ട് മാറ്റി വെച്ചു. ഈ കാര്യം പറഞ്ഞ് ഞങ്ങൾ അദ്ദേഹത്തെ പ്രകോപിപ്പിക്കും. അപ്പോഴെല്ലാം തന്റെ നിലപാട് കൃത്യമാണെന്നാണ് അദ്ദേഹം വ്യക്തമാക്കുക. ഒരിക്കലും അധികാരത്തിന്റെ പുറകിൽ സഞ്ചരിക്കാത്ത രാഷ്രീയകാരനായിരുന്നു ബഹുമാന്യനായ കാട്ടേ പറമ്പിൽ.👍 ഫാർമേഴ്സ് ബാങ്ക് തിരഞ്ഞെടുപ്പിൽ നിർബന്ധത്തിന് വഴങ്ങിയാണ് സ്ഥാനാർത്ഥിയായത്. സംഘം പിടിച്ചെടുക്കുക എന്ന നയം കൂടി അതിൽ പ്രതിഫലിച്ചിരുന്നു. കാര്യാട്ടെ കുഞ്ഞോൻ ക്ക ഉൾപ്പെടുന്നപാനലിനെയാണ് പരാചയപ്പെടുത്തിയത്.🌹 ഡി.വൈ.എഫ്.ഐ. സംഘടിപ്പിച്ച മനുഷ്യചങ്ങലയുടെ സ്വാഗത സംഘം യോഗത്തിലേയ്ക്ക് കമ്മ്യൂണിസ്റ്റ് ക്കാരല്ലാത്ത മഹൽ വ്യക്തിത്വങ്ങളെ പങ്കെടുപ്പിക്കണം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഉൾപ്പടെയുള്ളവർ കാതർക്കാനെ സമീപിച്ചു.ആദ്യം അദ്ദേഹം ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ഇതിൽ പങ്കെടുക്കുന്നവരുടെ പേരുകളെല്ലാം അൽപ്പം അതിശയോക്തിയോടെ ഞാൻ

അവതരിപ്പിച്ചു. പ്രധാനമായും. കോഴിക്കോട്ട് വൈക്കം മുഹമ്മദ് ബഷീറാണ്. കൊച്ചിയിൽ പഴയ. കെ.പി.സി. പ്രസിഡണ്ട്. ടി.ഒ. ബാവ സാഹിബാണ്. ഇത് കേട്ടപ്പോൾ പിന്നെ കുടുതൽ ചിന്തിയ്ക്കാൻ നിന്നില്ല. സമ്മതംമൂളി.അദ്ദേഹത്തെ പഞ്ചായത്ത് തല സ്വാഗത സംഘം ചെയർമാനാക്കി.🙏എന്നും എപ്പോഴും നാട്ടിലെ ഇടതുപക്ഷത്തിന്റെ, ജനാധിപത്യ മുഖമായിരുന്നു കാതർക്ക. 67 ലെ. ലീഗ്.സി.പി.ഐ.എം. ബന്ധം കൂടുതൽ കാലം തുടരുകയാണെങ്കിൽ അന്ന് ലഭിച്ച 9 സീറ്റ് എന്നതിന്റെ,,വാൽ,, വെട്ടിമാറ്റേണ്ടിവന്നേനെ എന്ന എന്റെ പരിഹാസം കേട്ടാൽ അദ്ദേഹത്തിലെ യഥാർത്ഥ കോൺഗ്രസ്സുകാരൻ ഉണരും. എല്ലാവരും ഒന്നിച്ച് നിന്നിട്ടും ഞങ്ങൾ നേടിയ വോട്ട് ശതമാനം. എന്ന് പറഞ്ഞു കൊണ്ട് വാചാലനാകുംപ്രിയപ്പെട്ട കാതർക്ക❤️ അന്നൊകെ പത്രവാർത്തകളിൽ പലരും കോൺഗ്രസ്സിൽ ലയിക്കുന്നു എന്നറിയുമ്പോൾഞങ്ങൾക്കെല്ലാംവലിയ ആശങ്കയാണ്.കാതർക്ക മാറി ചിന്തിക്കുമോ ? എന്നാൽ കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ കാലം അസ്തമിച്ചു. ജന താല്പര്യവും, രാജ്യ താല്പര്യവും സംരക്ഷിക്കപ്പെടണമെങ്കിൽ അന്ധമായ കമ്മ്യൂണിസ്റ്റ് വിരുദ്ധത കൈവെടിയണം എന്ന നിലപാട് അവസാനം വരെ വെച്ച് പുലർത്തി പ്രിയപ്പെട്ട കാതർക്ക. 🙏67 ലെ സപ്തകക്ഷി മന്ത്രിസഭ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ ആന്ധ്രയിൽ നിന്ന് അരി ഇറക്കുമതി ചെയ്തതിൽ അഴിമതി ആരോപിച്ച്. ബി. വെല്ലിംഗ്ടന്റെ രാജി ആവശ്യപ്പെട്ടത് തെറ്റായി പോയിഎന്നു തോന്നുണ്ടോ? മാർക്സിസ്റ്റ് പാർട്ടി ആന്ധ്ര ബാവഎന്ന വിളിപേര് നൽകിയത് ഇതെല്ലാം പറയുമ്പോൾ എല്ലാ മറുപടിയും പുഞ്ചിരിയിൽ ഒതുക്കും പ്രിയപ്പെട്ട കാതർക്ക.❤️ നമ്മുടെപ്രദേശത്തെ കോൺഗ്രസ്സ് സ്ഥാപകനായ എം.വി.അബുബക്കർ സാഹിബിന്റെ ദേഹവിയോഗമറിഞ്ഞ്. ലീഡർ .കെ.കരുണാകരൻ എത്താതിരുന്നതിൽ പരസ്യമായ നീരസം പ്രകടിപ്പിച്ച പഴയ തലമുറയിലെ കോൺഗ്രസ്സുകാരനായിരുന്നുകാതർക്ക. വാർദ്ധക്യസഹജമായി വിശ്രമ ജീവിതത്തിലും ഭക്തിമാർഗ്ഗത്തിലും മാത്രം ഒതുങ്ങി കഴിഞ്ഞിരുന്ന കാതർക്ക എന്റെ നിർബന്ധത്തിന് വഴങ്ങിയിട്ടാണ്ഒരു പൊതുപരിപാടിയിൽ അവസാനമായി പങ്കെടുക്കുന്നത്. സ്ഥാനാർത്ഥി പര്യടനം നടക്കുമ്പോൾ യാദൃശ്ചികമായി ഞാനും അദ്ദേഹവുംഹൈസ്കൂൾ പരിസരത്ത് കണ്ടുമുട്ടി. മോന്എന്നു വന്നു. തുടങ്ങിയ കുശലാന്വേഷണത്തിനിടയിൽഞാൻ നിർബന്ധിച്ച് വേദിയിൽ ഇരുത്തുകയായിരുന്നു. പിന്നീടാണറിഞ്ഞത് അദ്ദേഹത്തിന്റെ അവസാനത്തെ രാഷ്ട്രീയ പൊതു പരിപാടി ആയിരുന്നെന്ന്.😭സ്വന്തം താല്പര്യം നോക്കാതെ.ജനതാല്പര്യം മുൻനിർത്തി പ്രവർത്തിച്ച നമ്മുടെനാട്ടിലെആദർശ രാഷ്ട്രീയത്തിലെ പ്രധാനിയായിരുന്നു ബഹുമാന്യനായ കാട്ടേപറമ്പിൽ കാതർക്ക.🙏 എപ്പോഴു വേദിയെ കാൾ സദസ്സിൽ ഇരിയ്ക്കാൻ ഇഷ്ടപ്പെട്ടിരുന്ന വ്യക്തിയാണ് കാദർക്ക.❤️ 1960ൽവിമോചന സമരാനന്തരം നടന്ന തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് നേതാവായ. കെ.ദാമോധരനെ പരാച പ്പെടുത്തി. കെ.ജി.കരുണാകരമേനോൻവിജയിച്ചപ്പോൾ വിജയ ശില്പികളിൽ പ്രധാനിയായിരുന്നു. ബഹുമാന്യനായകാതർക്ക. വ്യത്യസ്ത രീതിയിലാണ് അദ്ദേഹം പ്രസംഗം തുടങ്ങുക. മറ്റുള്ളവർ.സഹോദരന്മാരെ, അതല്ലെങ്കിൽ സുഹൃത്തുക്കളെഎന്ന് സംബോധന ചെയ്യുമ്പോൾ. കാതർക്ക തുടങ്ങി വെയ്ക്കുക.,,,

മാന്യമഹാജനങ്ങളെ എന്നാണ്,,അതും അദ്ദേഹത്തിൽ മാത്രം നിക്ഷിപ്തമായ പ്രത്യേകതയായിഞാൻ കാണുന്നു.🌹അവസാനം വരെ ഇടതുപക്ഷ ചേരിയിലെ ജനാധിപത്യ മുഖമായ പ്രിയപ്പെട്ട കാതർക്ക അങ്ങയുടെ ദീപ്തമായ ഓർമ്മകൾക്ക് മുന്നിൽ ആദരവ് അർപ്പിക്കുന്നു🙏 അദ്ദേഹത്തിന്റെപ്രിയപ്പെട്ട മക്കളും. മുന്നണിയോ? രാഷ്ട്രീയമോ ഏതുമാകട്ടെ.പിതാവിനെ പോലെതന്നെ മത നിരപേക്ഷവാദികളാണ്.❤️ പ്രിയപ്പെട്ട ഫാറൂക്ക. പ്രവാസ ലോകത്ത് വ്യക്തിമുദ്രപതിപ്പിച്ച വ്യക്തിയാണെന്നറിഞ്ഞതിലുള്ള സന്തോഷം കൂടെപങ്ക് വെച്ച്കൊണ്ട്. ഗാന്ധിജി, നെഹ്റുജി, നേതാജി, എന്നിവരുടെ ആശയം അവസാനം വരെ പിൻതുടർന്ന പ്രിയപ്പെട്ട കാതർക്കയുടെ പരലോക ജീവിത മോക്ഷത്തിനായി പ്രാർത്ഥനയോടെ🤲.

''''''''''''''''''''''''''''''''

മൊയ്തു. പി.കരിപ്പായിൽ



<u>സഊദ് തങ്ങൾ</u>

ബഹുമാന്യനായ കാട്ടെ പറമ്പിൽ കാദർക്ക

****

രാഷ്ട്രീയത്തിലും മതത്തിലും നാട്ടിലെ സാമ്പ്രദായിക രീതിയിൽ നിന്ന് മാറി ചിന്തിച്ച പ്രിയങ്കരനായ കാട്ടെ പറമ്പിൽ കാദർക്കയെ ആണ് നാമിന്നോർക്കുന്നത്.

എന്നും ഖദർ വസ്ത്ര ധാരി ആയിട്ടാണ് അദ്ദേഹത്തെ കണ്ടിട്ടുള്ളത്. സ്വാതന്ത്ര്യ സമര ഘട്ടത്തിലെ വിദേശ വസ്ത്ര തിരസ്കാരത്തിന്റെ പ്രതീകമാണല്ലോ ഖദർ. അതു തന്നെയായിരിക്കണം കാദർക്ക എന്ന ആദർശ ശാലി ആ വസ്ത്രം ഉപേക്ഷിക്കാതിരുന്നതിന്റെ കാരണം.

സ്വാതന്ത്ര്യ സമരത്തിലെ പല മുഖങ്ങളിൽ ഒന്നാണ് കോൺഗ്രസ് പ്രസ്ഥാനം. ലോക പണ്ഡിതൻ അബുൽകലാം ആസാദ്, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മുതലായവർ അതിന്റെ മുന്നണിയിൽ ഉണ്ടായിരുന്നുവല്ലോ. ഒരു പക്ഷെ, അതായിരിക്കാം മതഭക്തനായ കാദർക്ക സംശയമേതുമില്ലാതെ ആ പ്രസ്ഥാനത്തോട് തോൾ ചേർന്നത്.

ആധുനിക ലോകത്തെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ വിത്ത് മുളച്ചത് ഇന്ത്യയിലാണ് എന്ന പഠനമുണ്ട്. സ്വാതന്ത്ര്യ സമരത്തിൽ അതിന്റെ പങ്കിനെ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ തന്നെ തുടർച്ചയാണ് ഇപ്പോഴത്തെ ഇസ്ലാഹി പ്രസ്ഥാനം. പാടൂരിൽ വ്യവസ്ഥാപിതമായി ഇസ്ലാഹി പ്രസ്ഥാനത്തിന് അടിത്തറ പാകുന്നതിൽ കാദർക്ക വലിയ പങ്കു വഹിച്ചിട്ടുണ്ട്.

രാഷ്ട്രീയമോ മതകീയമോ ആയ കാര്യങ്ങളിൽ കാദർക്ക ആരോടെങ്കിലും കാർകശ്യം കൈ കൊണ്ട അനുഭവമില്ല. എന്നാൽ, തന്റെ ബോധ്യങ്ങളിൽ ആണി തിരുകാൻ ആരെയും അനുവദിച്ചതുമില്ല. മസ്ജിദ് സലാമിന്റെ സ്ഥാപനത്തിലും നടത്തിപ്പിലും അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ

ശ്രമങ്ങളുണ്ട്. പള്ളിയുടെ ദൈനംദിന കാര്യങ്ങൾ നിർവഹിക്കാൻ കാദർക്ക എപ്പോഴും മുൻപന്തിയിൽ ഉണ്ടായിരുന്നു. ആദ്യ നാളുകളിൽ, മുൻ സിമി നേതാവ് T. K. ആറ്റക്കോയ അവിടെ ഖുതുബ പറഞ്ഞിരുന്നത് കാദർക്ക ആവശ്യപ്പെട്ടിട്ടാണ്. അദ്ദേഹത്തിന്റെ, എല്ലാവരെയും ഉൾകൊള്ളാനുള്ള കഴിവിനെയാണ് ഇത് കാണിക്കുന്നത്. മറ്റുള്ളവരെ സംശയത്തിന്റെ നിഴലിൽ നിർത്തുന്ന 'ദീനി സേവനം' അദ്ദേഹത്തിനറിയില്ലായിരുന്നു.

ഒരിക്കൽ കേന്ദ്ര മദ്രസ പരിസരത്തു ഞങ്ങൾ കുറച്ചു പേർ ഒരു സിമി യോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു. എതിർ ശബ്ദവുമായി ചിലർ വന്നു. അവർ എന്തോ തെറ്റിദ്ധരിച്ചതാവാം. അപ്പോഴാണ് ബഹുമാനപ്പെട്ട കുഞ്ഞിബാവു മുസ്‌ലിയാർ ഞങ്ങളെ പിന്തുണച്ചുകൊണ്ട് സംസാരിച്ചത്. തർക്കത്തിനു വിരാമമിട്ടുകൊണ്ട് കാദർക്ക, ഇപ്പോൾ ഫാറൂഖിന്റെ വീട് നിൽക്കുന്ന സ്ഥലം, യോഗം നടത്താൻ വിട്ടു തന്നു. നീതിക്ക് വേണ്ടിയുള്ള അദ്ദേഹത്തിന്റെയും കുഞ്ഞി ബാവു മുസലിയാരുടെയും ആ പിന്തുണ ഇസ്ലാമിക സംസ്ക്കാരത്തിന്റെ നേർ സാക്ഷ്യമാണ്.

സരസനായ വ്യക്തിയായിരുന്നു കാദർക്ക. വളഞ്ഞ വഴി അറിയാത്ത നിസ്വാർത്ഥൻ. പെട്ടെന്ന് എഴുതി തീർക്കാൻ കഴിയാത്ത ഒരധ്യായം! പലതും എഴുതിയാൽ അതു വിവാദങ്ങൾക്ക് വഴി വെക്കും. അത് കൊണ്ട് ഇവിടെ അവസാനിപ്പിക്കാം.

അല്ലാഹു, തെറ്റുകൾ പൊറുത്തു കൊടുത്ത്, സജ്ജനങ്ങൾക്ക് വാഗ്ദാനം ചെയ്യപെട്ട സ്വർഗം നൽകി അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ - ആമീൻ

ആർ വി അബ്ദുൽ ഹമീദ് സാഹിബ്

السلام عليكم ورحمه الله

കാട്ടേപ്പറമ്പിൽ കാദർക്ക. ആദർശ ധീരൻ വിശ്വസ്തൻ ചെയ്യുന്ന ജോലിയിലുള്ള ആത്മാർത്ഥത സത്യസന്ധത മിതഭാഷിണി വളരെ പതിഞ്ഞ സ്വരത്തിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി തരുന്നആൾഅതെല്ലാമാണ് കാദർ സാഹിബ്.

കൂട്ടുകുടുംബമായി താമസിക്കുമ്പോൾ കുഞ്ഞിബാ വു മുസ്ലിയാരും കാദർകയും ഒരുമിച്ചായിരുന്നു.കാദർക്കാക്ക് കൊപ്പര വെട്ട് ഉണ്ടായിരുന്നുനല്ല ഒരു അധ്വാനിയും കൂടിയായിരുന്നു കാദരുക്ക അദ്ദേഹത്തിൻറെ ഭാര്യ കുഞ്ഞുമോൾ ത്തനല്ലോണം പണിയെടുക്കുന്ന ഒരു സ്ത്രീയായിരുന്നു എപ്പോൾ കാണുമ്പോഴും എന്തെങ്കിലും പണിയായിട്ട് ഇരിക്കുന്നുണ്ടാവുംആ നാളിൽ കാദർക്കാടെ ബന്ധത്തിൽപ്പെട്ട ബഷീർ എന്ന ഒരാൾ ഉണ്ടായിരുന്നു എന്റെ കൂട്ടുകരനും ആയിരുന്നു ബഷീർ. ഇപ്പോൾ ആ പുള്ളി എവിടെ യാണെന്നു അറിയില്ല

കൃഷി കാര്യത്തിലും കാദർക്ക ഒരു മാതൃകയാണ്. പാടത്ത് അമ്പലത്തിനോട് തൊട്ട് സ്ഥലം ഒരു തെങ്ങിൻതോപ്പ് ഉണ്ടായിരുന്നു അതിൽ ചെറിയ തൈകൾ നല്ല കായ ഫലം ഉള്ളവയായിരുന്നു.പാടത്ത് പൂരത്തിന്റെ ദിവസം അതിൽ സാമൂഹിക ദ്രോഹികൾ കയറുകയും കരിക്ക് ഇട്ട് വെള്ളം കുടിക്കുകയും.

കൃഷികൾ നശിപ്പിക്കുകയും ചെയ്യൽ ഒരു സ്ഥിരം പരിപാടിയായിരുന്നു. കൃഷിയുടെകാര്യത്തിൽ തെങ്ങിനെ പരിപാലിക്കണമെന്നും അതിന് വേണ്ട ശുശ്രൂഷകൾ ചെയ്തുകൊടുക്കണമെന്നും വളം ഇടുന്ന സമയത്ത് കൃത്യമായി എല്ലാം നടത്തിയിരുന്നു എന്നെയും ഇടക്ക് ഉപദേശിക്കാറുണ്ട് എങ്ങനെ എന്തെങ്കിലും ചെയ്യാനും അങ്ങനെ ഞാനും ചെയ്യാറുണ്ട്.

ഉപ്പാടെ അടുത്ത ഒരു കൂട്ടുകാരൻ ആയിരുന്നു ഞങ്ങളുടെ വീട്ടിൽ വരുംഉപ്പയും കാദർക്കാടെ വീട്ടിൽ പോയി അദ്ദേഹവുമായി പുറത്തെല്ലാം പോയിരുന്നുവെങ്കിടങ്ങ് പഞ്ചായത്തിൻറെ മുന്നിലുള്ള സലഫി മസ്ജിദ് പാടൂര് സലാം മസ്ജിദ് ഇതിനെല്ലാം വേണ്ടി അദ്ദേഹം വളരെ ത്യാഗങ്ങൾ സഹിച്ചിരുന്നു പള്ളിപ്പണി നടക്കുമ്പോൾ ചില ദിവസങ്ങളിൽ കൂലിക്കാർക്ക് കാശു കൊടുക്ക്കാനായി കഴിഞ്ഞിരുന്നില്ല അതിന്ന് വേണ്ടി ഇറങ്ങി നടക്കും. കടവിലെ പള്ളിയിലും കാദർക്ക വളരെ ശ്രദ്ധിച്ചിരുന്നു അവസാന നാളുകളിലും ആരോഗ്യം കുറഞ്ഞ സമയത്തും കടവത്തെ പള്ളിയിലേക്ക് നടന്ന് പോയിരുന്നു. അദ്ദേഹത്തിന്റെ എല്ലാ സ്വാലിഹായ പ്രവർത്തികളും അള്ളാ സ്വീകരിച്ച് പരലോകത്ത് ഉന്നത പത വിയിൽ എത്തിക്കട്ടെ ആമീൻ.

ആർ വി ഉമ്മർ സാഹിബ്

മറക്കില്ല, മറക്കാനാവില്ല കാദർക്കാടെ ആ പതിഞ്ഞ ചിരി. മാന്യതയുടെ അതിർ വരമ്പിന്റെ ഉള്ളിലൂടെയല്ലാതെ ഒരിക്കലും പോയി കണ്ടിട്ടില്ല സംസാരം. എത്ര പ്രകോപനം ഉണ്ടായാലും ആ ചിരി ഒന്ന് ചിരിച്ചു മാറി പോകാറേയുള്ളൂ.

അദ്ദേഹത്തിൻറെ ജേഷ്ഠന്മാർ രണ്ടുപേരും തറവാട്ടിലെ പുതിയാപ്പിളമാരായിരുന്നു. ആ ഒരു അടുപ്പവും ബഹുമാനവും ചെറുപ്പം മുതലേ ഉണ്ടായിരുന്നു.

പള്ളിയുടെ വടക്കേ കുളത്തിന്റെ കിഴക്കുള്ള പറമ്പ് കാദർക്ക വാങ്ങി പുര പണിത് താമസിക്കുകയായിരുന്നു. പള്ളിയിലേക്ക് പോകുന്ന വഴിയിൽ താമസക്കാരനായതുകൊണ്ട് പലപ്പോഴും കാദർക്ക വീട്ടിൽ നിന്നിറങ്ങുന്ന സമയത്ത് ആവും എന്റെ പള്ളിയിൽ പോക്കും. പള്ളിയിലേക്ക് കുറച്ചു ദൂരമേ ഉള്ളൂവെങ്കിലും കണ്ടാൽ സംസാരമായി. സംസാരിക്കാനും കൂടെ കൂട്ടാനും പ്രായം അദ്ദേഹത്തിന് ഒരു പരിഗണനാ വിഷയമായതായിരുന്നതായി അനുഭവപ്പെട്ടിട്ടില്ല.

ചില ഇടപാടുകളിൽ അദ്ദേഹത്തിന് നേരിടേണ്ടി വന്ന തിക്താനുഭവങ്ങൾ വിവരിച്ച സമയങ്ങളിലും തൻറെ സങ്കടം പറയുക എന്നതൊഴിച്ചാൽ മറ്റൊരാളെയും കുറ്റപ്പെടുത്തി സംസാരിക്കുന്നത് കേട്ടിട്ടില്ല. ഇടക്ക് തേങ്ങ വ്യാപാരവും കൊപ്ര വെട്ടും ഒക്കെയായി തിരക്കിലായിരുന്ന ഒരു ഘട്ടം ഉണ്ടായിട്ടുണ്ട്. മേച്ചേരിപ്പടിയിലെ സലഫി മസ്ജിദ് പൂർത്തിയാക്കിയതിന് പുറകിൽ കാദർക്ക എന്ന ഒരു ഒറ്റയാൾ പട്ടാളത്തിന്റെ നിശ്ചയദാർഢ്യം എത്ര വലിയ പങ്കാണ് വഹിച്ചിട്ടുള്ളത് എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. രാഷ്ട്രീയത്തിലും മിക്ക സമയത്തും അദ്ദേഹം ഒരു ഒറ്റയാൾ പട്ടാളം ആയിരുന്നു. ആദർശ വിശുദ്ധി രാഷ്ട്രീയത്തിൽ എന്നും ഒരു

നഷ്ടക്കച്ചവടമായിരുന്നല്ലോ. എതിർപ്പുകളും വിദ്വേഷങ്ങളും ഒക്കെ പിന്തിരിപ്പിക്കാൻ മാത്രം ലോലഹൃദയനായിരുന്നില്ല അദ്ദേഹം. അവയൊന്നും അദ്ദേഹം കാര്യമായി എടുത്തിരുന്നു എന്നും തോന്നിയിട്ടില്ല.

ഞങ്ങളുടെ അയൽപക്കക്കാരനായി വന്ന് താമസിച്ച് ആ പ്രദേശം ധന്യമാക്കിയ ആ ആദർശപുരുഷന് അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ. ആമീൻ.

<u>ഹൃദപൂർവം പാടൂർ പേജ് 93-95 പങ്കു വെച്ചത് ഷരീഫ് ബാബു</u>

ഓർമ്മകളിൽ കാട്ടേപറമ്പിൽ കാദർ സാഹിബ്



സ്നേഹ വാത്സല്യത്തിന്റെ നിറകുടമായിരുന്ന മർഹൂം കാട്ടേപറമ്പിൽ കാദർ സാഹിബിനെ ഓർത്തപ്പോൾ അദ്ദേഹം എന്റെ ഓർമ്മയിൽ ഇങ്ങിനെയെല്ലാമായിരുന്നു. നേരിൽ കാണുമ്പോഴെല്ലാം ചിരിക്കും ചിന്തക്കും ഒരു പോലെ പ്രേരണകൾ നൽകിയ സൗമ്യനായ ഗ്രാമത്തിലെ കാരണവർ. ഗുണകാംക്ഷ നിറഞ്ഞ സ്വരത്തോടും ദീർഘദൃഷ്ടിയുള്ള വാക്കുകളാലും സമീപിക്കുന്നവർക്ക് തോന്നലുളവാക്കുന്ന സൗഹൃദം. ഇസ്ലാമിക വിഷയങ്ങളിലെ പരന്ന വായനയിലൂടെ നേടിയെടുത്ത അദ്ദേഹത്തിന്റെ അറിവുകൾ ഇസ്ലാഹി പ്രസ്ഥാനത്തെ അടുത്തറിയാനും ആ ആശയത്തെ തന്റെ ഗ്രാമപ്രദേശമായ പാടൂരിൽ നിലനിർത്തുവാനും അവ നില നിന്നു കാണാൻ ആഗ്രഹിക്കുകയും അതിന് വേണ്ടി തന്നാൽ കഴിയുന്ന അദ്ധ്വാനവും സമയവും സമർപ്പിച്ച കർമോത്സുകൻ. സംഘടനാ പ്രവർത്തനം ദുഷ്കരമായ സമയത്ത് എത്ര എതിർപ്പുകളെയും പ്രതിസന്ധികളെയും മറികടന്ന് അഭിമാനകരമായ നിലനിൽപ്പിന് വേണ്ടി മെയ്യും മനസ്സും സമർപ്പിച്ച ധിഷണാശാലിയായ കർമ്മപടൻ, വായനയിലൂടെ ചോദ്യങ്ങൾ ചോദിക്കുവാനും ഉത്തരങ്ങൾക്കായി ഉത്തരം കണ്ടെത്തുവാനും പരിശ്രമിച്ചിരുന്ന വിജ്ഞാനദാഹി വായനയിലൂടെ നേടിയെടുത്ത ഇസ്ലാമിക വിജ്ഞാനത്തിന്റെ മൂല്ല്യമറിഞ്ഞ കാദർ സാഹിബ് ആർക്കുമുന്നിലും ഓച്ഛാനിച്ചുനിൽക്കുന്നതായി കണ്ടില്ല. കാരണം അറിവുള്ളവർ മറ്റാരേക്കാളും ഉയർന്നു നിൽക്കുന്നവരാണല്ലോ ഇന്ന് ഇസ്ലാമിക പ്രസ്ഥാനങ്ങൾ രാഷ്ട്രീയപ്പാർട്ടികളെ പോലെയാണ് കാര്യങ്ങളെ കാണുന്നതെങ്കിലും കുറച്ചു മുമ്പ്വരെ യഥാർത്ഥ ഇസ്ലാമിക പ്രബോധനം ആഗ്രഹിക്കുന്ന സംഘടനാ കൂട്ടായ്മകൾക്ക് നേതൃത്വം നൽകിയിരുന്ന എത്രയോ നല്ല സാധാരണക്കാർ നമുക്കിടയിൽ ഉണ്ടായിരുന്നു. പാണ്ഡിത്യത്തിന്റെ മഹിമയും സൂക്ഷ്മതയും പാലിക്കുന്നവർ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ഇവരേക്കാൾ എത്രയോ

(93)

ഉന്നതരായിരുന്നു മണ്മറഞ്ഞു പോയ ആ സമർപ്പിത മഹാന്മാർ. രാഷ്ട്രീയ അധികാര സ്ഥാനങ്ങളിലേക്ക് ഉയരാമായിരുന്നിട്ടും അവയെല്ലാം തന്നെക്കാൾ മറ്റുള്ളവർക്ക് വഴിമാറി കൊടുത്ത് ആദർശ രാഷ്ട്രീയത്തിന്റെ വക്താവായി നിലകൊള്ളാൻ ശ്രമിച്ച ഗ്രാമത്തിലെ അപൂർവ്വം രാഷ്ട്രീയ പ്രവർത്തകരിൽ ഒരാളായിരുന്നു കാദർ സാഹിബ്.

കൂടെ പ്രവർത്തിച്ച പലരും പ്രസ്ഥാനത്തിന്റെ ഉന്നതപദവികളിൽ എത്തിയപ്പോഴും തന്റെ തട്ടകത്തിൽ മാത്രം ഒതുങ്ങി സ്വയം ഉന്നതനായി ഗണിക്കാതെ ആരോടും പരിഭവപ്പെടാതെ നിന്ന സാധാരണക്കാരൻ. പ്രാദേശിക പ്രവർത്തകർ പോലും സ്വാധീനം ഉപയോഗപ്പെടുത്തി പല സൗകര്യങ്ങളും സൂത്രത്തിൽ നേടുമ്പോൾ ഈ ജീർണത ക്കെതിരെ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ച ആദർശനായ പൊതുപ്രവർത്തകൻ. ആദർശങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ നേരിന്റെ പക്ഷത്ത് നിലകൊള്ളാൻ ആരെയും ഭയപ്പെടാതെ രാഷ്ട്രീയ സമവാക്യങ്ങൾ മാറിമറിയുമ്പോഴും വ്യക്തിപരമായി അക്കാല ങ്ങളിൽ പലനേട്ടങ്ങളും ഉണ്ടാക്കിയെടുക്കാൻ കഴിയുമായിരുന്നിട്ടും അതിന് ശ്രമി ക്കാതെ ആ അവസരങ്ങൾ സമൂഹത്തിന് സമർപ്പിക്കാൻ കാണിച്ച മഹാമനസ്കത മാതൃകാപരമായിരുന്നു.

മനസ്സിലെ നേരായ ചിന്തകളിലൂടെ നടക്കാനും ആരോടും പരിഭവം പ്രകടിപ്പിക്കാതെ മൗനിയായി മുജാഹിദ് പ്രസ്ഥാനത്തിൽ മരണം വരെ നിലകൊള്ളു വാനും ആദ്ദേഹത്തിനായത് താൻ പഠിച്ച ഉറച്ച ആദർശത്തിന്റെ പിൻബലത്തിലാ യിരുന്നു എന്നതിൽ സംശയമില്ല. ഇന്നിപ്പോൾ നമ്മെ വിട്ടു കാണാമറയത്തേക്കു പോകുന്നവരെ പുകഴ്ത്തുന്ന ഈ ലോകം ഹയാത്ത് കാലത്ത് ഈ പ്രസ്ഥാന സ്നേഹിയോട് നീതികാണിച്ചിരുന്നോ? എന്ന് ആലോചിക്കുകയാ.. സൗഹൃദത്തിൻ സ്നേഹ തീരം തീർത്ത് നന്മ മാത്രം പ്രസരിപ്പിച്ച് ഞങ്ങളുടെ പാടൂർ ഗ്രാമവും വിട്ടകന്നു പോയ കാദർ സാഹിബിന് കരുണാമയനായ തമ്പുരാൻ സ്വർഗം കൊടുത്ത് അനുഗ്രഹിക്കട്ടെ എന്ന ദുആ മാത്രമേ എന്നിലുള്ളൂ... നമ്മളിലുള്ളൂ...

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/DPhIRgZHaQU?si=7poOYj8lLE5_9IkD

കെ അബ്ദുൽ വാഹിദ് സാഹിബ്

പ്രിയ കാദർക്ക:-

കുഞ്ഞി ബാവു മുസല്യാരുടെ വീട്ടിൽ ഇടക്ക് സന്ദർശിക്കുമ്പോൾ കാദർക്ക കൊപ്ര വെട്ടുമായി തിരക്കിൽ കാണാറുണ്ട്. പിന്നിട് പലചരക്കുകച്ചവടം നടത്തിയിരുന്നതായും സംശയമുണ്ട്.

ഞാൻ 1989 ൽ പ്രവാസമവസാനിപ്പിച്ച് നാട്ടിൽ സ്ഥിരം താമസിയാക്കിയ തിന് ശേഷമാണ് കാദർക്കയുമായിഊഷ്മള സുഹൃൽ ബന്ധം തുടങ്ങുന്നത്. പ്രായ വിത്യാസം നോക്കാതെ എല്ലാവരുമായും സൗമ്യതയിലും ചിരിച്ചും ഇട പഴകുന്ന , തനിക്ക് ശരിയെന്ന് തോന്നിയ വിശ്വാസപരമായതും രാഷ്ട്രീയ പരമായതുമായ അഭിപ്രായം മറ്റുള്ളവരോട് തുറന്ന് പ്രകടിപ്പിക്കുകയും എതിർപ്പുകളെ ചിരിച്ചു തള്ളുകയും ചെയ്യുന്ന ലളിത മനസ്സിന്റെ ഉടമയായാ ണെന്റെ അനുഭവം.

സലഫീ ആശയ ങ്ങൾ മറ്റുള്ളവരിലേക്കെത്തിക്കൽ തന്റെ ബാദ്ധ്യതയായി കണ്ട് ആ രുമായും പെട്ടെന്ന് സൗഹൃദം സ്ഥാപിച്ച് അതിന്നവസര മൊരുക്കുമായിരുന്നു.

വെങ്കിടങ്ങ് സലഫീമസ്ജിദിന്റെ നിർമാണ ഘട്ടത്തിൽ ഫണ്ട് കളക്ഷന് ഏറ്റവും കൂടുതൽ വിയർപ്പൊഴിക്കിയതു ഒരു പക്ഷെ കാദർക്ക യായിരിക്കും. പാടുരിൽ നിന്ന് പുറപ്പട്ട് പലരേയും പലയിടങ്ങളിലായി കണ്ട് വെയിലത്ത് വെളിയങ്കോട് വരെ എത്തിയ സംഭവം എന്നോടൊരിക്കൽ പറയുകയുണ്ടായി. അത്രമാത്രം ആപള്ളിയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ ശ്രമമുണ്ടായിരുന്നു.

ഞങ്ങൾ ആശയപരമായി സൗഹാർദ്ധ തർക്കമുണ്ടാകാറുണ്ട്. അതെല്ലാം ഞങ്ങളുടെ സുഹൃൽ ബന്ധം കൂടുതൽ ഊഷ്മളമായി അവസാനിക്കാറാണ് . മൺമറഞ്ഞ അവുദുൽക്കയും കാദർക്കും മർഹും ഉസ്താദ് കുഞ്ഞി അഹമ്മദു മുസ്ലിയാരുടെ പ്രിയ കൂട്ടുകാരായിരുന്നു.

ഇവരുടെ ഖുർആൻ പാരായണത്തെ പ്രശംസിച്ച് ഒരിക്കൽ ഉസ്താദ് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ആശയപരമായി വ്യത്യസ്ത ത പുലർത്തുമ്പോഴും സഹോദര്യ ഐക്യവും അഭിപ്രായസ്വാതന്ത്ര്യം മാനിക്കാനും ഖുർആന്റെ പൊരുൾ മനസ്സിലാക്കിയവർക്കേ സാധിക്കൂ എന്നതായിരിക്കാം. ഒപ്പം തന്നെ രാഷ്ട്രീയ രംഗത്തും സജീവമായിരുന്നു കാദർക്ക. സ്ഥാനമാനങ്ങളൊ ഭൗതികനേട്ടങ്ങളോ ലക്ഷ്യമാക്കാത്ത രാഷ്ട്രീയക്കാരൻ. ജീവിതം കാലം മുഴുവൻ ഖദർ വേഷധാരിയായി ലളിതജീവിതം നയിച്ച കോൺഗ്രസുകാരൻ.

ജിവിത കാലത്ത് ചെയ്ത നന്മകളും സൽ സന്താനങ്ങളും ജാരിയായാ സദഖകളായി സന്തോഷകരമായ പരലോക ജീവിതത്തിന് മുതൽ കൂട്ടുകളാകട്ടെ🤲

മകൻ ഫാറുക്ക് ഗൾഫിൽ പാടുരിലേക്ക് വേണ്ട ചാരിറ്റി പ്രവർത്തനങ്ങൾക്ക് മുന്നിലുണ്ട് എന്നത് സന്തോഷകരമാണ്..

നാടിന്നും നാട്ടാർക്കു ം നന്മകൾ മാത്രം നൽകിയ പ്രിയങ്കരായ മുൻഗാമികളെ മാതൃകയാക്കി നമുക്കും പരസ്പരം സ്നേഹിച്ചും നന്മകൾ വിതച്ചും അല്ലാഹു വി ന്റെ തൃപ്തി നേടാനും നാഥൻ അനുഗ്രഹിക്കട്ടെ .

മൺ മറഞ്ഞ മഹത്തുക്കളോടൊപ്പം നമുക്കെല്ലാവർക്കും നാളെ ജന്നാത്തുൽ ഫിർദൗസിൽ ഒത്തുകൂടാൻ പടച്ചതമ്പുരാൻ ഉദവി നല്കട്ടെ.🤲🤲

നാസറുദ്ധീൻ തങ്ങൾ

ചെറുപ്പത്തിൽ കുടുംബത്തിന് പുറത്ത് ഏറ്റവും അടുത്ത് അറിയാവുന്ന വ്യക്തി കളിൽ ഒരാൾ ആണ് പ്രിയങ്കരനായ കാട്ടെ പറമ്പിൽ കാദർക്ക.

അദ്ദേഹത്തിന് ആയിരുന്നു ഞങ്ങൾ തേങ്ങ കൊടുത്തിരുന്ന തു. അത് കൊണ്ട് തന്നെ ഇടക്കിടക്ക് അവിടെ പോകുമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബ ത്തിലെ എല്ലാ അംഗങ്ങളുമായി അടുപ്പം വരുന്നത് അങ്ങനെ യാണ്. അദ്ദേഹം മുജാഹിദ്, കോൺഗ്രസ്സ് പ്രവർത്തകൻ എന്നതൊക്കെ ഒരിക്കലും ബന്ധങ്ങളെ ബാധിച്ചിരുന്നില്ല.അദ്ദേഹത്തിന്റെ മക്കളും ആ ബന്ധം കാത്തു സൂക്ഷിക്കുന്നു.

വളരെ അർത്ഥ പൂർണമായ ജീവിതം നയിച്ചു കടന്നു പോയ അദ്ദേഹത്തിന്റെ പരലോക ജീവിതത്തിൽ അല്ലാഹു അനുഗ്രഹം choriyatte

അമീറുദ്ധീൻ കെ എം

വിസ്മരിക്കാൻ കഴിയാത്ത വ്യക്തിത്വം:

ചെറുപ്പം മുതൽ തന്നെ വളരെ അടുത്ത് ഇടപഴകാൻ കിട്ടിയിട്ടുള്ള ഒരു കുടുംബവും വ്യക്തിത്വവും ആണ് കാട്ടേപറമ്പിൽ കാദർക്ക. സുബഹി നിസ്ക്കാരത്തിന് ശേഷം വീടിന്റെ ജനൽ പാളിയിലൂടെ കേൾക്കുന്ന ഖുർആൺ പാരായണം ഇന്നും മനസ്സിൽ ഓടി വരുന്ന ഒന്നാണ് . വാക്കുകൾക്ക് കാഠിന്യവും കാർക്കശ്യവും ആയിരുന്നെങ്കിലും വളരെ സൗമ്യ രീതിയിൽ ആണ് എല്ലാവരോടും പെരുമാറിയിരുന്നത്. തോളിൽ കൈ വെച്ച് മകനെ പോലെ ഉപദേശ നിർദ്ദേശങ്ങൾ നൽകിയിരുന്ന ഒരു പിതൃതുല്യൻ കൂടി ആയിരുന്നു. വീടിന്റെ മുന്നിൽ തേങ്ങകൾ കൂട്ടിയിട്ട് ഒരു പാട് ആകുമ്പോൾ വെട്ടി കൊപ്ര ആക്കുന്നത് ഞാൻ ആദ്യം കണ്ടത് കാദർക്കാടെ വീട്ടിൽ നിന്നാണ്. ഒരിക്കൽ കൊപ്ര കൂടിന് തീ പിടിക്കുകയും അതിന് ശേഷം നിർത്തുകയും ആണ് ഉണ്ടായത്. ഒരു പാട് ആത്മബന്ധവും സ്നേഹബന്ധവും ഉള്ള ഒരു കുടുംബമായത് കൊണ്ട് തന്നെ പല ഒരുപാട് അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു പരിധിവരെ ഇപ്പോഴും ആ കുടുംബമായിട്ടുള്ള സ്നേഹബന്ധം കാത്ത് സൂക്ഷിക്കുന്നുണ്ട്. വളരെ കർഷക പ്രിയനായിരുന്നു കാദർക്ക, അദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പുതുകാവ് ക്ഷേത്ര

പരിസരത്തെ പറമ്പ് വളരെ ആകർഷണീയമായ തെങ്ങിൻ തോപ്പ് ആയിരുന്നു.

പുളിക്കകടവിലെ പള്ളിയിലെ ജമാഅത്ത് നിസ്ക്കാരത്തിന് പങ്കെടുക്കുവാൻ വേണ്ടി നമ്മുടെ ജമാഅത്ത് പള്ളിയുടെ പുറക് വശത്തിലൂടെ നടന്ന് പോയിരുന്ന കാദർക്ക, വെക്കുന്ന ഓരോ കാലടിയ്ക്കും അള്ളാഹു പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ. അദ്ദേഹത്തിന്റെ ഖബറിടം അള്ളാഹു വിശാലമാക്കി കൊടുക്കട്ടെ. കൂടെ ഭാര്യ, മകൾ മൈമൂന എന്നിവരുടേയും ഖബറിടം വിശാലമാക്കുകയും ബർസഖിയായ ജീവിതം സുഖത്തിലും സന്തോഷത്തിലും ആക്കി അള്ളാഹു നൽകട്ടെ ',ആമീൻ.

<u>ആർ പി സിദ്ധിഖ് സാഹിബ്</u>

ആദർശ ധീരനായ കാദർക്ക

കാട്ടേ പറമ്പിൽ കാദർക്കയെപ്പറ്റി പറയുമ്പോൾ എവിടെ നിന്ന് തുടങ്ങണം എന്നറിയില്ല. ജീവിതത്തിന്റെ ഒട്ടൊക്കെ തലങ്ങളിൽ ശ്രദ്ധേയമായ സ്വാധീനം ചൊലുത്തിയ ബഹുമാന്യ വ്യക്തിത്തം. ഗുണകാംക്ഷി ,നല്ല അയൽവാസി, അദ്ധ്യാപകൻ, ഉപദേശകൻ, മാന്യനായ സുഹൃത്ത് ,വഴികാട്ടി. ഇങ്ങനെ പലതുകൊണ്ടും അത് പൂരിപ്പിക്കാം.

എന്റെ കുട്ടിക്കാലം മുതൽ കൗമാരം വരെ ഞങ്ങൾ അയൽവാസി കളായിരുന്നു. തെക്കേതും വടക്കേതും ആയിരുന്നു വീടുകൾ .ജേഷ്ഠന്മാരായ കുഞ്ഞി ബാവു മുസ്ല്യാർ, മുഹമ്മദുക്ക 'എന്നിവരുടെ ഭാര്യമാർ എന്റെ ഉമ്മയുടെ കുഞ്ഞുമ്മായുടെ മക്കൾ . അയൽവാസിക്കപ്പുറം കുടുംബ ബന്ധവും. ഒരു നിലക്ക് പറഞ്ഞാൽ കാദർക്ക ഞങ്ങളുടെ അന്നദാധാവും കൂടി ആയിരുന്നു. കൊപ്ര വെട്ടായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ജോലി. ഏറെക്കുറെ എല്ലാവരുടെയും അന്നത്തെ വരുമാന ശ്രോദസ്സ് നാളികേരമായിരുന്നല്ലോ. കൊപ്ര വിറ്റ് കണ്ടശ്ശാങ്കടവിൽ നിന്ന് കാദർക്ക വരുന്നതും കാത്ത് ആളുകൾ കാത്തു നിൽക്കുന്നുണ്ടാകും. കണക്ക് കൂട്ടി നോക്കുമ്പോൾ പലരും കാദർക്കാക്ക് കൊടുക്കാനായിരിക്കും. അഡ്വാൻസ് പറ്റീട്ടുണ്ടാകും. പണത്തിന്റെ ആവശ്യം വരുമ്പോൾ ആദ്യം സമീപിക്കുക കാദർക്കാനെ ആയിരിക്കും. നികത്തി ക്കെടുക്കാത്ത അനുഭവം കേട്ടിട്ടില്ല.

ഞങ്ങളുടെ ചെറുപ്പകാലത്ത് കുടികളുമായി ഇടപഴകു കയും അവരെ ചേർത്ത് നിറുത്തുകയും തമാശ പറയുകയും കാര്യങ്ങൾ പറഞ്ഞു തരികയും ചെയ്യുന്ന, കാദർക്കാനെ പോലെ വേറെ ആരെയും കണ്ടിട്ടില്ല.

കടവത്തെ പള്ളി അത് കാണുമ്പോഴും അവിടെ പോകുമ്പോഴും കാദർക്കാനെയും കുഞ്ഞി ബാവു മുസ്ല്യാരെയും ഓർക്കാതിരിക്കാൻ കഴിയുകയില്ല. ഞാൻ നാട്ടിൽ വരുന്ന സമയത്തും സ്ഥിരതാമസ മാക്കിയപ്പോഴും ഇമാമത്ത് എന്നെയാണ് ഏൽപിക്കുക. ഒരു വർഷം തറാവീഹിന് എന്നെ നിർബ്ബന്ധിച്ചു ഇമാമത്തിന് നിറുത്തിയതും മാന്യമായ സംഖ്യ തന്നതും എല്ലാം കുഞ്ഞി ബാവു മുസ്ലിയാർ അനുസ്മരണത്തിൽ സൂചിപ്പിച്ചിരുന്നു. നാട്ടിൽ നടക്കുന്ന പല പരിപാടികൾക്കും കൂടെ കൂട്ടാറുണ്ടായിരുന്നു.

പാടൂർ അൽ സലാം മസ്ജിദ് ,വെങ്കിടങ്ങ് സലഫി മസ്ജിദ് എന്നിവക്ക് കാദർക്ക നൽകിയ സഹായങ്ങൾ പലരും സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിലപ്പുറം ചെന്ദ്രാപ്പി കൊപ്രക്കളം ബുസ്താനുൽ ഉലൂം അറബി കോളേജിനും കാദർക്കാഒരു പാട് ത്യാഗ പരിശ്രമങ്ങൾ നടത്തീട്ടുള്ളതായി അവിടുത്ത് കാർ പറഞ്ഞറിഞ്ഞിട്ടുണ്ട്.

ഞങ്ങൾ ആശയപരമായി അല്പം ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഇസ്ലാം എന്ന വിഷയത്തിലും സാഹോദര്യത്തിലും ഒരു മനസ്സും ഒരു ശരീരവും പോലെയായിരുന്നു.പല അനുഭവങ്ങളും അതുമായി പറയാനുണ്ട്.

ആദർശത്തിൽ ഉറച്ചു നിന്നു കൊണ്ടുള്ള പ്രവർത്തനം. സ്വതന്ത്രമായ രാഷ്ട്രീയ വീക്ഷണം. മാനവികത ഉയർത്തിപ്പിടിക്കുന്ന പെരുമാറ്റങ്ങൾ അങ്ങിനെ പലതിലും മുൻപന്തിയിലായിരുന്നു കാദർക്ക .

ഞാൻ ഈ കുറിപ്പ് എഴുതിക്കൊണ്ടിരിക്കുമ്പോൾ എന്റെ സഹോദരി ഹഫ്സ ഫോണിൽ വിളിച്ചു. ഞാൻ പറഞ്ഞു നമ്മുടെ കാദർക്കായുടെ ഒരു അനുസ്മരണകുറിപ്പ് എഴുതിക്കൊണ്ടിരിക്കയാണെന്ന്. സഹോദരി കുറെ അനുഭവങ്ങൾ പങ്കുവെച്ചു. മുത്തമകൾ റസീനയെ വളരെ ഇഷ്ടമായിരുന്നു കാദർക്കാക്ക് അവളെ കാണാൻ ഇടക്കിടെ വരും. വീട്ടിൽ വരുമ്പോൾ എല്ലാം വലയ നേൻത്ര പ്പഴവു മായാണ് വരിക. ഒരിക്കൽ അവൾ പറഞ്ഞു എനിക്ക് ഇത്തള്ള വായക്കവേണം എന്ന് (കൈ കാണിച്ചു കൊണ്ട് ഇത്രയുള്ള നേന്ത്രപ്പഴം) അതിന് ശേഷം എപ്പോൾ വരുമ്പോഴും കിട്ടാവുന്നതിൽ വെച്ചു ഏറ്റവും വലിയ പഴമായിട്ടായിരിക്കും കാദർക്ക എത്തുക.

മരണത്തിന്റെ കുറച്ചു ദിവസങ്ങൾക്കു മുമ്പ് കടവത്തെ പള്ളി 'പരിസരത്ത് വെച്ച് ഞങ്ങൾ ചില വിഷയങ്ങൾ സംസാരിക്കുന്നു. പരിമിതമായ അറിവ് വെച്ചു ഞാനെന്റെ അഭിപ്രായം പറഞ്ഞു.മൂപ്പർക്ക് അത് സ്വീകാര്യമായില്ല. തുടർന്ന് സംസാരം നീണ്ടു പോയി. തീർപ്പാക്കുന്നതിന് മുമ്പ് ഞാൻ സ്ഥലം വിട്ടു. പിന്നെ കുറച്ചു ദിവസം കഴിഞ്ഞാണ് കൈതമുക്കിൽ വെച്ചു കാദർക്കാനെ കാണുന്നത്. കടയിൽ സാധനം വാങ്ങാൻ നിൽക്കുമ്പോൾ പിന്നിൽ വന്നു തട്ടി.തിരിഞ്ഞു നോക്കിയപ്പോൾ കാദർക്ക .മുഖത്ത് ക്ഷീണമുള്ളതായി തോന്നി. എന്നാലും ചിരിച്ചു കൊണ്ട് പറഞ്ഞു ,എന്നോടു പിണക്കമാണോ? ഞാൻ പറഞ്ഞു എന്തിന് കാദർക്കാ.അങ്ങിനെ ഉണ്ടാകുമോ?

അല്ല കുറച്ചു ദിവസമായി കണ്ടിട്ടേ .പരസ്പരം ചിരിച്ചു കൊണ്ട് കയ്യും കൊടുത്തു പിരിഞ്ഞു. അത് അവസാനത്തെ പിരിയൽ ആയിരുന്നെന്ന് ആരും കരുതീട്ടില്ല. പിന്നീട് അറിഞ്ഞതു കാദർക്ക ആശുപത്രിയിലാണെന്ന്. പിറ്റെ ദിവസം മരണവാർത്തയാണ് അറിഞ്ഞത്.

ബന്ധപ്പെട്ടവരോടെല്ലാം അങ്ങേ അറ്റത്തെ സ്നേഹത്തോടെയും ഗുണകാംക്ഷയോടെയുമാണ് കാദർക്ക പെരുമാറീട്ടുള്ളത് .

കുഞ്ഞി സീതി തങ്ങൾ ശബ്ദ സന്ദേശം

https://youtu.be/ij_58pu_Ldw?si=iOozk3DSdPtoGW5s

സൈനുദ്ധീൻ പോഗോ

السلام عليكم ورحمه الله وبركاته

കാദർക്കയും അനുയായികളായ ഞങ്ങളും.



എറണാകുളത്ത് നടന്ന ഒരു പാർട്ടി സമ്മേളനത്തിന് പോകുമ്പോഴും വരുമ്പോഴുമൊക്കെ വിളിച്ച മുദ്രാവാക്യമാണ് എന്റെ മനസ്സിൽ ആദ്യ മോടിയെത്തുന്നത്. " കടന്നപ്പള്ളി, കാനാ പുള്ളി, കാട്ടേ പറമ്പൻ സിന്ദാബാദ് " എന്ന് ആവേശത്തോടെ ഞങ്ങൾ ബസ്സിലിരുന്ന് മൈക്കിലൂടെ ഉച്ചത്തിൽ വിളിച്ച് പറഞ്ഞ ആ ദിനം എന്നും ഓർത്ത് പോകും.

ദീനീ സംഘടനാ രംഗത്തും രാഷ്ട്രീയരംഗത്തും വഴികാട്ടിയായി മർഹൂം കാദർക്ക ഉണ്ടായിരുന്നു.   ദീനി രംഗത്ത്ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. അതിൽ സുപ്രധാനമായ ഒന്നാണ് വെങ്കിടങ്ങ് സെലഫി പള്ളിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടത്. പള്ളിയുടെ നിർമ്മാണ പ്രവർത്തനത്തിന് ഒറ്റയാൾ പട്ടാളമായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അങ്ങിനെ എത്രയെത്ര മേഘലകൾ.

.കദറില്ലാത്ത മറ്റു വേഷങ്ങളിൽ ഞാൻ കണ്ടിട്ടില്ല. പാടൂർ സലഫി പള്ളിയുടെ അമരക്കാരനായി ഞങ്ങളെയൊക്കെ നയിച്ച കാദർക്ക ഞങ്ങൾക്കൊക്കെ മുന്നണി പോരാളിയും പ്രചോദനവുമായിരുന്നു. വാത്സല്യത്തോടെയുള്ള ഏവരോടുമുള്ള പെരുമാറ്റവും മറ്റും വളരെയധികം സുഹൃത്ത് വലയങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.കടവ് പള്ളിയുടെ നിർമ്മാണത്തിലൊക്കെ പ്രധാന പങ്ക് വഹിച്ചു.രാഷ്ട്രീയ രംഗത്ത് വളരെ ശോഭിച്ചിരുന്നു. എനിക്ക് കദർ ഷെർട്ട് ഇല്ലാഞ്ഞിട്ട് കദർ ഷെർട്ടും മുണ്ടും വാങ്ങി തന്നത് ഇന്നും ഓർമ്മയിലുണ്ട്. മർഹൂം ഹസ്സൻ കാനാപ്പുള്ളിയുമായുള്ള ചങ്ങാത്തം വളരെ ദൃഢമായിരുന്നു. സംഘടനാ പ്രവർത്തനങ്ങളിൽ മിക്കവാറും എല്ലാ രംഗത്തും എന്നെ കൂട്ടുമായിരുന്നു. ആരോഗ്യ പ്രശ്നങ്ങളിലോ മറ്റോ പാടൂർ സെലഫി പള്ളിയുടെ പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞ് നിന്നപ്പോൾ എന്നെ പ്രസിഡന്റായി നിയമിച്ചത് ബഹുമാന്യ കാദർക്ക യായിരുന്നു.രാഷ്ട്രീയ നേതാക്കളുമായും സലഫി സംഘടനാ പണ്ഡിതരുമായും, നേതാക്കളുമായും നല്ല ബന്ധം പുലർത്തിയിരുന്ന അദ്ദേഹം പാടൂർ ജുമാഅത്ത് കമ്മറ്റി ഭാരവാഹി കൂടിയായിരുന്നു എന്ന് കേട്ടിട്ടുണ്ട്.

അദ്ദേഹത്തിന്റെ മക്കളുമായി നല്ല സുഹൃത്ത് ബന്ധം ഇന്നും പുലർത്തി പോരുന്നു. എന്റെ ഭാര്യാ പിതാവ് മർഹൂം കുഞ്ഞു ഹാജിയുമായി പഴയ കാലം മുതലെ നല്ല അടുപ്പത്തിലായിരുന്നു എന്ന് എന്റെ വിവാഹ ശേഷമാണ് ഞാൻ അറിയുന്നത്.ഇടക്കൊക്കെ എന്റെ ഭാര്യാ വീട്ടിൽ (ചൊവ്വല്ലൂർ പടി) ചെല്ലാറുണ്ടായിരുന്നത്രെ. സ്നേഹം വിതച്ച് സ്നേഹം കൊയ്യുന്ന അപൂർവ്വം ചിലരിലൊരാൾ എന്ന് കാദർക്കായെ വിശേഷിപ്പിക്കാം.

ഒരു രംഗത്തും കറ പുരളാതെ പ്രവർത്തിച്ച കാദർക്കഞങ്ങൾക്കൊക്കെ മാതൃക തന്നെയായിരുന്നു.പല രംഗത്തും എന്നെ മുന്നിൽ നിർത്താൻ കാദർക്കയും, കാനാപുള്ളിയും ശ്രമിച്ചിട്ടുണ്ട്. ചില ആളുകളെ റബ്ബ് ചില

കാര്യങ്ങൾക്ക് തിരഞ്ഞെടുക്കുന്നു. അവർ അത് കഴിവിന്റെ പരമാവധി പൂർത്തീകരിച്ച് റബ്ബിലെക്ക് തിരിച്ച് പോകുന്നു. ചുരുക്കം ചില കാര്യങ്ങൾ മാത്രം എനിക്ക് കുറിക്കാൻ കഴിഞ്ഞിട്ടൊള്ളൊ എങ്കിലും എന്റെ അനുഭവത്തിന്റെയും അറിവിലുള്ളതുമായ ചില കാര്യങ്ങൾ പങ്കുവെച്ചു എന്ന് മാത്രം.

നമുക്കൊക്കെ പോകേണ്ടവർ തന്നെ. അത് പോലെ കാദർക്കാനെയും റബ്ബിന്റെ സവിധത്തിലേക്ക് വിളിച്ച് കൊണ്ട് പോയി.പാടൂർ പള്ളിക്കാട് ഒരുപാട് ജനാസയെ ഏറ്റുവാങ്ങി. അദ്ദേഹവും ആറടി മണ്ണിലായി. മരണവും മരണാനന്തര ജീവിതത്തെക്കുറിച്ചൊക്കെ നല്ല ബോധ്യമുള്ള അറിവുകൾ സ്വായത്തമാക്കിയത് കൊണ്ട് ബർസഹീ ലോകത്ത് പടച്ചവൻ തീരുമാനിക്കുന്നത് പോലെ നടക്കും. നിനച്ചിരിക്കാതെ എത്തുന്ന മരണത്തെ പുൽകുന്നതിന് മുന്നെ നമ്മുടെ പരലോക മോക്ഷത്തിന് നമ്മൾ ഓരോരുത്തരും തയ്യാറാവുക.

അള്ളാഹുവിന്റെ കോടതിയിൽ കൈ മലർത്തുന്നവരായി ഞാനും നമ്മളോരുത്തരും മാറരുത് എന്ന് ഓർമ്മപ്പെടുത്താനാഗ്രഹിച്ച് കൊണ്ട്, നമ്മുടെയൊക്കെ കുടുംബത്തിൽ നിന്ന് ഒരു പാട് ആളുകൾ ഇന്ന് ഓരോ പള്ളിക്കാടുകളിൽ വിശ്രമത്തിലാണ് നമ്മളും അവരുമൊക്കെ ജന്നത്ത് ആഗ്രഹിച്ചവരും ആഗ്രഹിക്കുന്നവരുമാണ്. അതിന് അള്ളാഹു വിന്റെ കാര്യണ്യം ഉണ്ടാവട്ടെ എന്ന് ആഗ്രഹിച്ച് കൊണ്ട് "ദുആ " ചെയ്ത് അവസാനിപ്പിക്കുന്നു. ആമീൻ യാ റബ്ബുൽ ആലമീൻ .

ZAIN Pogo Tech

9745663339



<u>കബീർ പുളിക്കൽ</u>

ഒരു തുടരെഴുത്തിനു സമയമായതു പോലൊരു തോന്നൽ മുഖവുരയില്ലാതെ തുടങ്ങട്ടെ കുസൃതിയും വികൃതികളും നിറഞ്ഞ കൗമാര കാലഘട്ടത്തിൽ ഞങ്ങൾക്ക് പറ്റിപ്പോയ തെറ്റിൽനിന്നും കൂടുതൽ അഭിമാനക്ഷതമേൽക്കാതെ രക്ഷക്കെത്തിയയാൾ. ..

ഏഴാം ക്ലാസ്സ് വിദ്യാഭ്യാസ കാലം സ്ഥലംമാറിപോയ സയൻസധ്യാപകന് പകരക്കാരനാ യെത്തിയ മദ്യപാനിയായ ആദ്യപകന്റെ മോശം പെരുമാറ്റവും അതിലേറെ മോശമായ അധ്യാപന രീതിയോട് പൊരുത്തപ്പെടാനാവാതെ മറ്റു അദ്ധ്യാപകരും വിദ്യാർത്ഥികളും. ഏഴാം ക്ലാസ്സ് വിദ്യാർഥികളിൽ ഞങ്ങൾ ഒരു കുടുംബത്തിലെ വിരലിൽ എണ്ണാവുന്നവർ ചേർന്നു, up സ്കൂളിന്റെ ചരിത്രത്തിൽ അന്നാദ്യമായാണോ എന്നെന്നുമറിയില്ല. അദ്ധ്യാപകരുടെ മൗനാനുവാദത്തോടെ

ഒട്ടും ഗംഭീരമൊന്നുമല്ലാത്ത ഒരു കൊച്ചു പ്രതിഷേധ സമരം നടത്തി. അന്നത്തെ PTA പ്രസിഡണ്ട് ആയിരുന്ന ജനാബ് കാട്ടപറമ്പിൽ കാദർ സാഹിബിനെ ചെന്ന് കണ്ടു വിവരങ്ങൾ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ

അദ്ദേഹത്തിന്റെ അടിയന്തര ഇടപെടൽ മൂലം പ്രശ്നക്കാരനായ അധ്യാപന്റെ സ്ഥലമാറ്റൽ നടപടിയായി. ഏറെ സൗമ്യനും ഖദർധാരിയുമായ കാദർക്കയെ കുറിച്ച് നന്നായി എഴുതിയ ഓരോരോ അനുഭവ കഥകളിൽ നിന്നും ഇന്ന് നമ്മോടൊപ്പമില്ലാത്ത അദ്ദേഹത്തെ എന്നും എന്നും ഓർത്തെടുക്കാനും അന്ത്യനാളിൽ അദ്ദേഹം വസിക്കുന്ന സ്വാർഗ്ഗീയാരാമങ്ങളിൽ ഒരിടം നമുക്കായി തീർക്കാനും സർവ്വശക്തനായ റബ്ബ് തുണക്കട്ടെ 🤲🤲

<u>മകൻ ഇസ്മാഈൽ</u>

സ്നേഹനിധിയായ എന്റെ ഉപ്പയെ കുറിച്ച് ഓർക്കുമ്പോൾ…

ആദ്യമായി, എന്റെ പ്രിയപ്പെട്ട ഉപ്പയെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ പരലോക മോക്ഷത്തിനായി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി പറയുന്നു. നിങ്ങളുടെ പ്രാർത്ഥനകൾ എല്ലാം അല്ലാഹു സ്വീകരിക്കുമാറാകട്ടെ… ആമീൻ.

കുഞ്ഞഹമ്മു-ഹലീമ ദമ്പതികൾക്ക് ജനിച്ച മൂന്ന് ആൺമക്കളിൽ ഒരാളായിരുന്നു എന്റെ ഉപ്പ ഖാദർ കാട്ടേപറമ്പിൽ (1931 __2007).തിരുനെല്ലൂർ ജുമാമസ്ജിദ് ഖതീബ് ആയിരുന്ന തെക്കയി ൽ പുതിയ വീട്ടിൽ കുഞ്ഞുമുഹമ്മദ് മുസ്ലാരുടേയും കയ്യോമ എന്നവരുടേയും മകൾ കുഞ്ഞുമോൾ ആണ് ഭാര്യ. ഉപ്പയുടെ ജേഷ്ഠ സഹോദരങ്ങൾ കുഞ്ഞു ബാവു മുസ്ലിയാർ, പി.കെ. മുഹമ്മദ് ഹാജി എന്നിവരോടൊപ്പം, ചെറുപ്പത്തിലേ പിതാവിനെ നഷ്ടപ്പെട്ട അവർ മാതാവിന്റെ തണലിലാണ് വളർന്നത്. ശക്തമായ സഹോദര സ്നേഹവും പരസ്പര ഐക്യവും കാത്തുസൂക്ഷിച്ചുകൊണ്ട്, ഓരോരുത്തരും തങ്ങളുടെ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. അറിവിന്റെ നിറകുടമായ വല്യുപ്പ കുഞ്ഞു ബാവു മുസ്ലിയാർ, ഗൾഫ് പ്രവാസലോകത്ത് "പി.കെ" എന്ന പേരിൽ അറിയപ്പെട്ട മുഹമ്മദ് ഹാജി, സാമൂഹിക-മത-രാഷ്ട്രീയ രംഗങ്ങളിൽ സജീവമായ എന്റെ പിതാവ് ഖാദർ കാട്ടേപറമ്പിൽ – ഇവരാണ് കാട്ടേപറമ്പിന്റെ പിതാമഹന്മാർ. അവർ കാണിച്ചു തന്ന വഴികളിലൂടെയാണ് ഇന്നും ഞങ്ങൾ മൂന്ന് കുടുംബങ്ങളും സ്നേഹത്തോടെയും ഐക്യത്തോടെയും മുന്നോട്ട് പോകുന്നത്. അൽഹംദുലില്ലാഹ്.

ഉപ്പയെ കുറിച്ച് പറയുമ്പോൾ ആദ്യം ഓർമ വരുന്നത് കുടുംബബന്ധങ്ങൾ കാത്തുസൂക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ശ്രമങ്ങളാണ്. നമസ്കാര കാര്യത്തിൽ ഒരിക്കലും വിട്ടുവീഴ്ചയില്ലായിരുന്നു. രാവിലെയും രാത്രിയിലേയും നീണ്ട ഖുർആൻ പാരായണം ഇന്നും ഞങ്ങൾ മക്കൾക്ക് ആത്മീയമായി വലിയ സഹായമാണ്. മതപരവും സാമൂഹികപരവുമായ വിപുലമായ വായനയും ഉപ്പയുടെ പ്രത്യേകതയായിരുന്നു. ആ കാലത്തെ ചില പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഇന്നും ഞങ്ങൾ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

എല്ലാവരോടും പുഞ്ചിരിയോടെ സംസാരിച്ചിരുന്ന ഉപ്പ, അതോടൊപ്പം തന്നെ കഠിനാധ്വാനിയായ ഒരു കർഷകനും നല്ലൊരു സംഘാടകനുമായിരുന്നു. വ്യക്തിബന്ധങ്ങൾ അദ്ദേഹം അതീവ കരുതലോടെ കാത്തുസൂക്ഷിച്ചു. രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കാൻ പ്രചോദനമായിരുന്ന ഇ. മൊയ്തു മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് തുടങ്ങിയ മഹത് വ്യക്തികളുമായുള്ള

ബന്ധങ്ങൾ അദ്ദേഹം പലപ്പോഴും സ്നേഹത്തോടെ ഓർത്തുപറയുമായിരുന്നു. ഉപ്പയുടെ വിയോഗത്തിന് ശേഷം ആശ്വാസവാക്കുകളുമായി വി.എം. സുധീരനും നജീബ്ക്കയും ഞങ്ങളുടെ വീട്ടിലെത്തിയത് ഇന്നും ഓർമ്മയിൽ നിലനിൽക്കുന്നു.

ആദർശ രംഗത്ത് മർഹൂം ഉമർ മൗലവിയുമായി ഉപ്പയ്ക്ക് അടുത്ത ബന്ധമായിരുന്നു. അദ്ദേഹം രണ്ട് ദിവസം ഞങ്ങളുടെ വീട്ടിൽ താമസിച്ചതും ഇക്കായുടെ വീടിന് തറക്കല്ലിട്ടതും അദ്ദേഹമായിരുന്നു. സൽസബീൽ അറബിക് കോളേജ് വെങ്കിടങ്ങ്, ബുസ്താനുൽ ഉലൂം അറബിക് കോളേജ് കൈപമംഗലം എന്നിവയുടെ പ്രവർത്തനങ്ങളിൽ ഉപ്പയുടെ സാന്നിധ്യം ഉണ്ടായിരുന്നു. മേച്ചേരിപ്പടി സലഫി മസ്ജിദ്, പാടൂർ സലഫി മസ്ജിദ് എന്നിവയുടെ നിർമാണ പ്രവർത്തനങ്ങളിലും ഉപ്പ അമരക്കാരൻ ആയിരുന്നു.

പാടൂർ ജമാഅത്ത് കമ്മിറ്റി പ്രസിഡന്റായി സേവനമനുഷ്ഠിച്ച കാലത്ത്, മുജാഹിദ് ആശയത്തിൽ ഉറച്ചു നിന്നുകൊണ്ട് ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവഹിച്ചു. അന്നത്തെ സെക്രട്ടറി കുഞ്ഞുമുഹമ്മദ് മാഷായിരുന്നു. പാടൂർ ഹൈസ്കൂൾ മഹല്ലിന് അനുവദിച്ചു ലഭിച്ചതും ഈ കമ്മിറ്റി നിലവിലിരിക്കെയാണെന്നതാണ് എന്റെ അറിവ് (തിരുത്താം).

ഖതീബ് മർഹൂം എം.വി. കുഞ്ഞിമുഹമ്മദ് മുസ്ലിയാരുമായി ഉപ്പയ്ക്ക് പരസ്പര ബഹുമാനത്തോടെയുള്ള നല്ല ബന്ധമായിരുന്നു. സംശയനിവാരണങ്ങൾ പോലും സൗഹൃദപരമായിരുന്നു.

അന്നൊക്കെ മദ്രസയിലും പള്ളിയിലും ഉള്ള ഉസ്താദമാർ അവരൊല്ലാം വീട്ടിൽ അതിഥികളിയി വരിയും അവരുമായി ഏറ്റവും നല്ല സംവാദങ്ങളിൽ ഏർപ്പെടുമായിരുന്നു, അനേകം സുഹൃത്ത് ബന്ധങ്ങൾ ഉപ്പയ്ക്കുണ്ടായിരുന്നു. അവരിൽ പലരും ഇന്ന് ബർസഖീ ലോകത്തിലാണ്. അല്ലാഹു അവർക്കെല്ലാം സ്വർഗ്ഗം നല്കി അനുഗ്രഹിക്കട്ടെ… ആമീൻ.

2009 മെയ് 7 – മറക്കാൻ കഴിയാത്ത ദിനം. നെഞ്ചുവേദനയെ തുടർന്ന് ഡോ. അബ്ബാസ്ക്കായുടെ നിർദേശപ്രകാരം മെഡിക്കൽ ചെക്കപ്പ് നടത്തുകയും, തുടർന്ന് അമല ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെടുകയും ചെയ്തു. എന്റെ ഓർമ്മയിൽ ഒരിക്കൽ പോലും മരുന്ന് കഴിക്കാത്ത ഉപ്പ, ആശുപത്രിയിൽ പ്രവേശിച്ച് ഒരു ദിവസം തികയും മുൻപേ അല്ലാഹുവിലേക്കു മടങ്ങി. അന്നേദിവസം ഫജർ നമസ്കാരം ആശുപത്രിക്ക് എതിർവശത്തുള്ള പള്ളിയിൽ ജമാഅത്തായി നിർവഹിച്ചു. ശേഷമുള്ള നമസ്കാരങ്ങൾ വഖ്തിന് തന്നെ കൃത്യമായി നിർവഹിച്ചു. മഗ്‌രിബും ഇശായും ഒരുമിച്ച് നമസ്കരിച്ചു. മക്കളെല്ലാവരുമായി ഫോണിൽ സംസാരിച്ചു. മകൻ എന്ന നിലയിൽ ഒരു മുത്തം നൽകി സലാം പറഞ്ഞ് ഞാൻ വീട്ടിലെത്തുമ്പോഴേക്കും ഉപ്പ ഞങ്ങളെ വിട്ടുപോയിരുന്നു. വെള്ളിയാഴ്ച രാവിൽ ഇശായോടുകൂടെ അല്ലാഹുവിലേക്കുള്ള മടക്കം – ഒരു സത്യവിശ്വാസിയുടെ മനോഹരമായ അന്ത്യം.

അല്ലാഹു എന്റെ പിതാവിന് ജന്നാത്തുൽ ഫിർദൗസ് നല്കി അനുഗ്രഹിക്കട്ടെ… ആമീൻ. തുടർന്ന് ഉമ്മയും മൂത്ത സഹോദരി മൈമൂനത്തയും

അല്ലാഹുവിലേക്കു മടങ്ങിയിരിക്കുന്നു. അവർക്കും സ്വർഗ്ഗം നല്കി അനുഗ്രഹിക്കട്ടെ… ആമീൻ.

ഉപ്പയുടെ അഭാവത്തിൽ, ഒരു രക്ഷിതാവിന്റെ കരുതലോടെ ഇന്നും ഞങ്ങളെ ചേർത്ത് പിടിക്കുന്ന ജേഷ്ഠ സഹോദരൻ ഫാറൂഖ് ഇക്ക, മത-സാമൂഹിക രംഗങ്ങളിൽ ഉപ്പയുടെ പിൻഗാമിയായി അദ്ദേഹം മുന്നോട്ട് പോകുന്നത് ഞങ്ങൾക്ക് അഭിമാനമാണ്. സഹോദരൻ സലാമുക്കയും ഞാനും പ്രവാസികളായി യു.എ.ഇ യിൽ കഴിയുന്നു. സഹോദരിമാരായ ഹസീനത്തയും സുഹറയും നാട്ടിൽ കുടുംബിനികളായി കഴിയുന്നു.

എന്റെ പിതാവിനെ അനുസ്മരിക്കാൻ വേദി ഒരുക്കിയ പാടൂർ മഹൽ ഗ്രൂപ്പിലെ എല്ലാ അംഗങ്ങളോടും, പ്രത്യേകിച്ച് അഡ്മിൻസിനോടും, എന്റെ കുടുംബത്തിന്റെ പേരിൽ നന്ദി അറിയിക്കുന്നു.

ഈ പ്രവർത്തനങ്ങളെല്ലാം റഹ്മാൻ ആയ റബ്ബ് സ്വീകരിക്കുമാറാകട്ടെ… ആമീൻ.

പ്രാർത്ഥനയോടെ

ഇസ്മായിൽ കാട്ടേപറമ്പിൽ.

11 Jan 2026

Episode-14

മർഹൂം ഹാരിസ് സാഹിബ് മാട്ടുമ്മൽ



اسلام عليكم ورحمة الله وبركاته

കുറഞ്ഞ കാലം മാത്രം നമ്മോടൊപ്പം ജീവിച്ചെങ്കിലും, മനുഷ്യ സ്നേഹത്തിന്റെ വലിയ അടയാളങ്ങൾ അവശേഷിപ്പിച്ചാണ് അകാലത്തിൽ നമ്മളെ വിട്ടുപിരിഞ്ഞത് മർഹൂം ഹാരിസ് മാട്ടുമ്മൽ. കൂട്ടുകാരെയും കുടുംബത്തെയും ആത്മാർത്ഥമായി സ്നേഹിച്ച, സ്നേഹം പ്രവൃത്തിയാക്കി മാറ്റാൻ എപ്പോഴും ശ്രമിച്ചിരുന്ന ഒരു മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. അശരണരായ രോഗികളെയും സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവരെയും കണ്ടെത്തി സഹായിക്കണം എന്ന ചിന്തയിൽ നിന്നാണ് "ആശ്വാസം ടീം സാലെൻസ്" എന്ന വാട്ട്സാപ്പ് കൂട്ടായ്മയ്ക്ക് തുടക്കമായത്. സഹായം വാക്കുകളിലൊതുക്കാതെ, നിശ്ചിത തുക നേരിട്ട് അവരുടെ വീടുകളിലെത്തിക്കണം എന്നത് ഹാരിസിന്റെ ഉറച്ച നിലപാടായിരുന്നു. പ്രവാസജീവിതത്തിനിടയിൽ അല്ലാഹുവിന്റെ വിളിക്കുത്തരം നൽകി അദ്ദേഹം തിരികെ പോയെങ്കിലും, അദ്ദേഹത്തിന്റെ കരുണ ഇന്നും തുടരുകയാണ്. കുടുംബാംഗങ്ങളും സുഹൃത്തുക്കളും ചേർന്ന് ആ ചാരിറ്റി പ്രവർത്തനങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നുവെന്ന സത്യം, ആ നല്ല

മനസ്സിനെ നമ്മൾ ഒരിക്കലും മറക്കരുതെന്ന് ഓർമ്മിപ്പിക്കുന്നു. ഇന്ന് നമ്മൾ ഓർക്കുന്നതും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതും, ഒരു നല്ല മനുഷ്യന്റെ സ്മരണ മാത്രമല്ല സ്നേഹം പങ്കിടുക എന്നത് തന്നെയാണ് ജീവിതത്തിന്റെ ഏറ്റവും വലിയ സദഖ എന്ന സന്ദേശമാണ്. മർഹൂം ഹാരിസ് മാട്ടുമ്മൽ, നിങ്ങളുടെ ഓർമ്മകൾ ഹൃദയങ്ങളിൽ എന്നും ജീവിക്കും... അല്ലാഹുവേ അദ്ദേഹത്തിന്റെ പാപങ്ങൾ ക്ഷമിച്ച്, ഖബറിടം വിശാലമാക്കി കൊടുക്കേണമേ, സ്വർഗത്തിലെ ഉയർന്ന സ്ഥാനങ്ങളിൽ പ്രവേശിപ്പിക്കണമേ,
آمين يا رب العالمين

നജീബ് സാഹിബ് കാരിയാട്ട്

Haris Mattummal എന്ന മനോഹരമായ ദ്വീപിൽ നിന്നും താമസം മാറ്റിയെങ്കിലും എന്റെ പ്രിയ സുഹൃത്ത് ഹാരിസ് അറിയപ്പെടുന്നത് ഹാരിസ് മാട്ടുമ്മൽ എന്ന് തന്നെ ആണ്.

അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞത് പാടൂരിൻ്റ വരദാനം ആയിരുന്നു. മാട്ടുമ്മൽ ഹംസക്ക എന്ന ഏവർക്കും പ്രിയങ്കരനായ ഹംസക്ക യുടെ മകൻ. ചെറു പ്രായത്തിൽ ഞങ്ങളുടെ കൃഷി സ്ഥലത്ത് പോകുമ്പോൾ വിശ്രമി ക്കാനും സംസാരിക്കാനും ഞാൻ " കൂളിയംപത്ത് ഹംസക്കാനെ" കാണാൻ പോകാറുണ്ട്. ഹംസക്കാടെ ഉമ്മയെയും കണ്ടതായി ഓർക്കുന്നു. വലിയ സൽക്കാര പ്റിയ ആയിരുന്നു ആ മഹതി. വെല്ലിപ്പാടെ കൂടെ ഞാനും അവിടെ പോയിട്ടുണ്ട് എന്ന് സ്നേഹത്തോടെ ഓർത്തു പോകുന്നു. അന്ന് കുഞ്ഞായിരുന്നു ഹാരിസ്.

പിന്നീട് മുതിർന്നപ്പോൾ വിദ്യാഭ്യാസ ശേഷം വിദേശത്ത് പോയി വളരെ വലിയ ബന്ധങ്ങൾ സ്ഥാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. K M C C യുടെ സജീവ പ്രവർത്തകനായിരുന്നു. നാട്ടിൽ ഉള്ളവർക്ക് എൻത് പ്രശ്നം ഉണ്ടായാലും പരിഹരിക്കാൻ ആദ്യം ഓടിയെത്തുന്നത് ഹാരിസ് ആണ്. പ്രിയപ്പെട്ടവരെ അല്ലാഹു നേരത്തെ വിളിക്കുന്നു. അകാലത്തിൽ ഉള്ള ഹാരിസിന്റെ വിയോഗം എന്നെ നടുക്കി കളഞ്ഞു.

സർവ ശക്തനായ അല്ലാഹു ആ മോന്റെ കബറിടം വിശാലമാക്കി കൊടുക്കാൻ ദുആ ചെയ്യുന്നു. ഹാരിസിന്റെ പാരത്രിക ജീവിതം സ്വർഗീയമാകട്ടെ എന്ന് ദുആ ചെയ്യുന്നു.

നജീബ് കാര്യാട്ട്

10/1/26

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/CVbIXW8UmA4?si=ZT6X3ykGmZFt7GCT

ലത്തീഫ് വാക്കയിൽ

ഒരു ഗ്രാമം മുഴുവൻ തേങ്ങിയ ദിവസമായിരുന്നു 2022 ഫെബ്രുവരി 15. ആർക്കും വിശ്വസിക്കാൻ പ്രയാസമുള്ള വാർത്ത ആയിരുന്നു പ്രിയ ഹാരിസിന്റെ വിടവാങ്ങൽ. വളരെ ചെറുപ്പത്തിൽ തന്നെ സേവനവും സഹാനുഭൂതിയും തന്റെ ജീവിതത്തിന്റെ ഭാഗമാക്കിയ വ്യക്തിയായിരുന്നു ഹാരിസ്. സാധാരണയായി മനുഷ്യർ സ്വയം നിലകൊള്ളാൻ ശ്രമിക്കുന്ന പ്രായത്തിൽ, മറ്റുള്ളവരുടെ കണ്ണീരിനെ കാണാനും അതിൽ പങ്കുചേരാനും ഹാരിസ് തയ്യാറായിരുന്നു.

ആവശ്യക്കാർക്ക് സഹായം എത്തിക്കുന്നതിൽ, ദുരിതത്തിലായ കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിൽ, നിസ്വാർത്ഥ സേവനങ്ങളിൽ പങ്കെടുക്കുന്നതിൽ ഹാരിസ് എപ്പോഴും മുന്നിലായിരുന്നു. ആരും അറിയാതെയും പ്രശംസ തേടാതെയും ചെയ്ത നിരവധി നന്മകൾ അദ്ദേഹത്തിന്റെ ജീവിതത്തെ പ്രകാശിപ്പിച്ചു. ചെറുപ്പത്തിലേ തന്നെ 'ഇഹ്സാൻ' എന്ന ഇസ്ലാമിക മൂല്യം ജീവിതത്തിൽ പകർന്ന ഒരു നല്ല അടയാളമായിരുന്നു ഹാരിസ്. ഹാരിസിന്റെ ഓർമ്മ നമ്മെ കൂടുതൽ നന്മയിലേക്ക് പ്രേരിപ്പിക്കട്ടെ; അദ്ദേഹത്തിന്റെ ജീവിതം നമ്മുക്ക് ഒരു മാതൃകയായി നിലനിൽക്കട്ടെ.

അല്ലാഹുവേ, ഹാരിസ് ചെയ്ത എല്ലാ നന്മകളും നീ സ്വീകരിക്കണമേ. അദ്ദേഹത്തെ സ്വർഗത്തിലെ ഉയർന്ന സ്ഥാനങ്ങളിൽ പ്രവേശിപ്പിക്കണമേ. അദ്ദേഹത്തിന്റെ കുടുംബത്തിനും ബന്ധുക്കൾക്കും സുഹൃത്തുകൾക്കും സഹനവും ആശ്വാസവും നീ നൽകണമേ. ഞങ്ങളെയും അദ്ദേഹത്തിന്റെ പാതയിലെ നന്മകൾ പിന്തുടരുന്നവരാക്കണമേ. ആമീൻ.

ലത്തീഫ് വാക്കയിൽ

അമീറുദ്ധീൻ കെ എം

സ്നേഹ തണൽ ആയ ഹാരിസ്ക്ക .

1993 കാലത്ത് ജമാലിയ മസ്ജിദിന്റെ കീഴിൽ ഉള്ള ബിൽഡിങ്ങിന് മുകളിൽ വെച്ച് ഞാൻ സെക്രട്ടറി ആയും കബീർ പ്രസിഡന്റ് ആയും രുപീകരിച്ച സാലൻസ് ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ഒരു വലിയ സംഭാവനയാണ് ഇന്നും മുടങ്ങാതെ നിലനിൽക്കുന്ന സാലൻസ് ആശ്വാസം പദ്ധതി. ഞങ്ങളെക്കാൾ സീനിയർ ആയിരുന്ന ഹാരിസ് ക്കയും കുറെ പേരും രൂപീകരണത്തിന്റെ കുറെ കാലങ്ങൾക്കു ശേഷം ക്ലബ്ബ് അംഗങ്ങളായി വന്ന് നാട്ടിലെ അശണർക്കും പ്രയാസം അനുഭവിക്കുന്നവർക്കും വേണ്ടി അദ്ദേഹം മുൻകൈ എടുത്ത് രുപീകരിച്ചതാണ് ഈ പദ്ധതി. വളരെ കൃത്യമായും മാസാമാസങ്ങളിൽ വേണ്ടപ്പെട്ടവരുടെ കൈകളിലേക്ക് ഇപ്പോഴും മുടങ്ങാതെ ലഭിക്കുന്നത് തന്നെ ഹാരിസ് ക്കാടെ ഖബറിലേക്ക് കൂടെ പ്രതിഫലം എത്തുന്നു എന്നത് സാലൻസ് ക്ലബ്ബിൻറെ ഓരോ അംഗങ്ങളും അദ്ദേഹത്തിന്റെ മരണശേഷം നൽകുന്ന വലിയ ഒരു സദഖയാണ് . അള്ളാഹു അതിന്റെ പ്രതിഫലം അദ്ദേഹത്തിന് നൽകി നൽകുമാറാകട്ടെ. ആമീൻ.

എല്ലാവരോടും പുഞ്ചിരിയോടെ സംസാരിക്കുകയും പരിചയപ്പെടുന്ന ഓരോ വ്യക്തിയുടെ മനസ്സിൽ ഇടം പിടിക്കാൻ കഴിയുന്ന പെരുമാറ്റ രീതി എന്നും വ്യത്യസ്തനാക്കിയിരുന്നു.. ഒരുപാട് സുഹൃത്ത് ബന്ധങ്ങൾ അത് വഴി അദ്ദേഹത്തിന് നേടാൻ കഴിഞ്ഞു.

വളരെ അടുപ്പമായത് കൊണ്ട് ഒരു തിങ്കളാഴ്ച എന്നോട് പറഞ്ഞു , നാളെ നമുക്ക് ഒരു സ്ഥലം വരെ പോകണം , പുലർച്ച 4.30 ന് വീട്ടിലേക്ക് വാ എന്നിട്ട് ബുള്ളറ്റിൽ പോകാം എന്ന് . ഞാൻ ചൊവ്വാഴ്ച പറഞ്ഞ സമയത്ത് വീട്ടിൽ എത്തിയപ്പോൾ അദ്ദേഹം റെഡിയായി കാത്തിരിക്കുന്നു. വണ്ടിയിൽ കേറി ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ് മലപ്പുറത്തേക്ക് ആണ് പോകുന്നത്. മലപ്പുറത്തേയ്ക്ക് ഇതിൻ മേൽ പോകാൻ പറ്റുമോ എന്ന് സംശയം പറഞ്ഞപ്പോൾ നീ ധൈര്യമായി ഇരുന്നോ , ഒരു പ്രധാനപ്പെട്ട ആളെ കാണാൻ ആണ് പോകുന്നത് എന്ന് , നീണ്ട യാത്രക്കൊടുവിൽ ബുളറ്റ് പാണക്കാട് കൊടപ്പനക്കൽ തറവാടിന്റെ മുന്നിൽ ആണ് നിർത്തിയത്. ഒരുപാട് ജനങ്ങളുടെ കാതിരിപ്പിന് ശേഷം ഞങ്ങൾ രണ്ട് പേരും ആ മഹാനെ കണ്ടു , പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ എന്ന മഹാൻ. വളരെ വികാര തീതമായ ഒരു യാത്ര ആണ് അന്ന് ഉണ്ടായത്. ഒരിക്കലും മറക്കാൻ ആകാത്ത ആ യാത്ര ഹാരിസ് ക്ക എനിക്ക് സമ്മാനിച്ചു.

പ്രയാസപ്പെടുന്ന ഏവർക്കും ജാതിമത ഭേദമന്യേ സഹായങ്ങൾ ചെയ്തിരുന്ന ഒരു വലിയ മനസ്സിന്റെ ഉടമ. അദ്ദേഹത്തിന്റെ ആ കാഴ്ചപ്പാട് ഇപ്പോഴും ആശ്വാസം ഗ്രൂപ്പ് നിലനിർത്തിപ്പോരുന്നുണ്ട്.

സമൂഹത്തിന് വേണ്ടി ഒട്ടേറെ നല്ല പ്രവർത്തനങ്ങളും അതിന്ന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും വീക്ഷണങ്ങളും നിശബ്ദ രീതിയിൽ ചെയ്ത് കൊണ്ടിരിക്കെ ആണ് അള്ളാഹു അദ്ദേഹത്തെ വിളിച്ചത്.

അപ്രതീക്ഷിത വിയോഗത്തിൽ ഇപ്പോഴും മായാതെ നിഴലായി നിൽക്കാൻ ഞങ്ങൾക്ക് പ്രചോദനം നൽകുന്നുണ്ട് ഹാരിസ്ക്ക. അദ്ദേഹത്തിന്റെ സൽപ്രവർത്തനങ്ങൾക്ക് അർഹമായ പ്രതിഫലം നൽകി അള്ളാഹു അനുഗ്രഹിക്കട്ടെ. വന്ന് പോയ തെറ്റ് കുറ്റങ്ങൾ പാപാക്കി അള്ളാഹു പൊറുത്ത് കൊടുക്കട്ടെ. ഖബറിടം വിശാലമാക്കി സ്വർഗ്ഗ പൂന്തോപ്പിൽ നിന്നുള്ള പൂന്തോപ്പ് ആക്കി മാറ്റട്ടെ, പരലോക ജീവിതം സുഖത്തിലും സന്തോഷത്തിലുമാക്കി അള്ളാഹു നൽകുമാറാകട്ടെ, ആമീൻ ആമീൻ .

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/7zEEQpUb3Ng?si=j94dMPLNX1FBlxaX

സൈനുദ്ധീൻ പാടൂർ

തന്റെ ജീവിതം മറ്റുള്ളവർക്കും പ്രചോദനങ്ങളാക്കികൊണ്ട് ഹാരിസ് ഇന്ന് നാഥന്റെ വിളിക്കുത്തരം നൽകിയിരിക്കുന്നു. തന്റെ ജീവിതയാത്രയിൽ കണ്ടുമുട്ടിയ ജീവിതങ്ങളെ ചേർത്തുനിർത്തിയത് സൗദിയയിൽ പാടൂരിലുള്ള ഒരുകൂട്ടം സുഹൃത്തുക്കളുടെ കാരുണ്യത്തിലായിരുന്നു. അതിന് മുൻപ

ന്തിയിലെന്നും ഈ ചെറുപ്പക്കാരനുമുണ്ടായിരുന്നു.നിത്യവൃത്തിക്ക് വകയില്ലാത്തവരേയും രോഗത്താൽ കഷ്ടപ്പെടുന്നവരേയും കണ്ടെത്തി മാസംവീതം ചെറിയതല്ലാത്ത തുക അവർ ഈ വീടുകളിലെത്തിച്ചിരുന്നു എന്നറിയുന്നതു തന്നെ ഇന്നാണ്..

വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന നബി(സ) വചനങ്ങൾ അനുസരിച്ച് നന്മകൾ വാരിവിതറികൊണ്ടാണ് ഹാരിസ് യാത്രയായത്..ഒരു പുരുഷായുസ്സിൽ ചെയ്തുതീർക്കേണ്ട നന്മകളായിരുന്നു ഈ ചെറു പ്രായത്തിൽ നീ ചെയ്തുകൊണ്ടിരുന്നതെന്ന് അറിഞ്ഞിരുന്നില്ല കൂട്ടുകാരാ...

റബ്ബുൽ ആലമീനായ തമ്പുരാൻ തെറ്റുകുറ്റങ്ങൾ പൊറുത്ത് നൽകി സ്വർഗ്ഗപൂങ്കാവനം നൽകുമാറാകട്ടെ ആമീൻ..

-Padoor

<u>സൈനുദ്ധീൻ പോഗോ</u>

അയലത്തെ അനിയൻ



രണ്ട് വീട്ടിൽ താമസക്കാരായിരുന്നെങ്കിലും ഒരേ വീട്ടിലെന്ന പോലെ കഴിഞ്ഞവർ.ഹാരിസും കുടുംബവും മാട്ടുമ്മലിൽ നിന്ന് വന്ന് എന്റെ വീടിന്റെ തൊട്ടടുത്ത് താമസമാക്കിയ അന്നു മുതൽ ഞാനും കുടുംബവും അവരുടെ ഏറ്റവും അടുത്ത അയൽവാസികളായി. ഞങ്ങൾ കുട്ടികൾ മാത്രമല്ല ഞങ്ങളുടെ മാതാപിതാക്കളും നല്ല അടുപ്പവും സ്നേഹവും കാത്ത് സൂക്ഷിച്ച് പോന്നു.പ്രായം കൊണ്ട് താഴെയാണെങ്കിലും സുഹൃത്ത്ബന്ധം വളരെ ശക്തമായിരുന്നു ഞാനും ഹാരിസും.ഹാരിസിന്റെ പിതാവായ മാട്ടുമ്മൽ ഹംസ ഹാജിയുടെ കാലഘട്ടത്തിൽ ഒരു കേരം ബോഡ് ഒക്കെ വാങ്ങിച്ച് വൈകുന്നേരങ്ങളിൽ അവരുടെ മുറ്റത്തിരുന്ന് കേ രംബോഡ് കളിക്കുക പതിവായിരുന്നു. വാശിയേറിയ കളിയിൽ ഞങ്ങൾ കുട്ടികളും മുതിർന്നവരുമൊക്കെയുണ്ടാവാറുണ്ട്. ഇടക്കൊക്കെ ചെറിയ ചെറിയ ബെറ്റുകൾ വെച്ച് കളിക്കാറുമുണ്ടായിരുന്നു. ഇതിനിടയിൽ ഹാരിസിന്റെ ഉമ്മ ആമിൻത്ത ഞങ്ങൾക്ക് ഏലക്ക ഇട്ട സുലൈമാനി കൊണ്ട് വന്ന് തരും.

ഹാരിസിനെ കുറിച്ചെഴുതുമ്പോൾ ആ കുടുംബവുമായുള്ള ഇടപഴകലും സ്നേഹവും മാറ്റി നിർത്താൻ കഴിയില്ല. ഞങ്ങളെ ആരെയും കണ്ടില്ലെങ്കിൽ അന്വേഷണം ഉറപ്പായിരുന്നു. ആവോളം ആസ്വദിച്ചിട്ടുണ്ട് ആ സ്നേഹവും വിത്സല്യവും. അവന്റെ മാതാപിതാക്കളും എന്റെ വന്ദ്യ പിതാവും ബർസഖീ ലോകത്താണ്. അവരുടെ തെറ്റ് കുറ്റങ്ങൾ പൊറുത്ത് കൊടുത്ത് സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

കാലഘട്ടങ്ങൾ കടന്ന് പോയി. ഉപജീവന മാർഗ്ഗം തേടി പലരും പല വഴികൾ താണ്ടി യാത്രയായി. നാട്ടിലെ പല തൊഴിലുകളിലേർപ്പെട്ട് കുറച്ചൊക്കെ മുന്നോട്ട് പോയി. പ്രവാസ ലോകത്തേക്ക് കടന്നതോടെ കാഴ്ചകൾ അപൂർവ്വങ്ങളായി.അപൂർവ്വം ചില ഫോൺ വിളികളിലൊതുക്കി എല്ലാം. ഇന്നത്തെ കാലത്തെ പോലെ സോഷ്യൽ മീഡിയ തീരെ ഇല്ല എന്ന് തന്നെ

പറയാം. നാട്ടിൽ ലീവിനെത്തുന്നവർ കണ്ടാൽ കണ്ടു അത്ര മാത്രം. ഹാരിസിനെ സംബന്ധിച്ച് ഞാൻ നാട്ടിൽ സ്ഥിരതാമസമാക്കിയപ്പോഴും അവൻ സൗദിയിൽ ജോലിയിലുണ്ട്. ഇടക്കിടെ ലീവിനെത്തുമ്പോൾ പഴയതിനേക്കാൾ ബന്ധത്തിന് ദൃഢത കൂടിയിട്ടുണ്ട് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. കാരണം അള്ളാഹു തീരുമാനിച്ച് വെച്ചിട്ടുണ്ട് എന്റെ, ഞങ്ങളുടെ ഹൃദയത്തിൽ നിന്ന് അവനെ പറിച്ച് മാറ്റാൻ അധികം താമസമില്ല എന്ന്.

അങ്ങിനെ ആ വാർത്ത വന്നു.ഹാരിസ് സുഖമില്ലാതെ ആശുപത്രിയിലാണ്. ഒന്നും പറയാറായിട്ടില്ല എന്ന്. മനസ്സ് പിടക്കുന്ന വാർത്തകൾ കേട്ട് ഞങ്ങളൊന്നാകെ തകർന്നു. അവനൊന്നും സംഭവിക്കരുതെ യെന്നുള്ള വീട്ടുകാരുടെയും നാട്ടുകാരുടെയും കൂട്ടുകാരുടെയും കുടുംബക്കാരുടെയും ഹൃദയമുരുകുന്ന പ്രാർത്ഥന.മണിക്കൂറുകളും ദിനങ്ങളും കടന്ന് പോയി. അങ്ങിനെ അള്ളാഹു അവനെ വിളിച്ചോണ്ട് പോയി. ആ നിശ്ചല ഭൗതികശരീരമാണ് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്.ഒരിക്കലും ഓർക്കാർ ഇഷ്ടപ്പെടാത്ത ആ കറുത്ത ദിനം.

സ്നേഹിച്ചവർക്ക് ചങ്ക് പറിച്ച് കൊടുക്കാൻ ഇഷ്ടപ്പെടുന്നവൻ. ഇരുചെവിയറിയാതെ ഉള്ളത് പോലെ സഹായിക്കുന്നവൻ. ചാരിറ്റി ഗ്രൂപ്പുകളിലൊക്കെ അംഗം. പറക്കമുറ്റാത്ത കുഞ്ഞി മക്കളെയും ഭാര്യയെയും തനിച്ചാക്കി അവൻ കടന്ന് പോയി.കണ്ണീർ കണങ്ങൾ ഒലിച്ചിറങ്ങിയില്ല. കണ്ണുകൾ നിശ്ചലമായിരുന്നു.

ഹാരിസിന്റെ മയ്യത്ത് വീട്ടിലെത്തുന്നതും കാത്ത് വൻ ജനാവലി തടിച്ച് കൂടിയിരുന്നു. അകാലത്തിൽ പൊലിഞ്ഞ ഞങ്ങളുടെ ഹാരിസ്.മാഞ്ഞ് പോകാത്ത മായ്ച്ച് കളയാൻ പറ്റാത്ത അവന്റെ ഓർമ്മകുറിപ്പെഴുതുമ്പോഴാണ് എന്റെ കണ്ണിൽ കണ്ണുനീർ പൊടിയുന്നത്.

അവനെയും വഹിച്ച് ആംബുലൻസ് പാടൂർ ജുമുഅത്ത് പള്ളി അങ്കണത്തിലെത്തി.നമസ്ക്കാരവും മറ്റു പ്രാർത്ഥനകളാക്കെ കഴിഞ്ഞ് ആറടി മണ്ണിന് വിട്ടുകൊടുത്തു.

തിരിഞ്ഞ് നടക്കുമ്പോൾ വിതുമ്പാതിരിക്കാൻ കഴിയില്ലായിരുന്നു. ഒരു പിടി ഓർമ്മകൾ ബാക്കിയാക്കി ഹാരിസും പിരിഞ്ഞ് പോയി. റബ്ബ് കൈവെടിയില്ല യവനെ. ചെയ്ത നന്മകൾക്ക് തീർച്ചയായും പ്രതിഫലമുണ്ട്.

കൂടുതൽ പരലോക മോക്ഷത്തിനായി നമുക്കോരുത്തർക്കും "ദുആ " ചെയ്യാം. നമ്മളെയും അവനെയും ജന്നാത്തുൽ ഫിർദൗസിൽ റബ്ബ് ഒരുമിച്ച് ചേർക്കട്ടെ. ആമീൻ യാ റബ്ബുൽ ആലമീൻ .

ZAlN Pog Tech padoor.



മുഹമ്മദ് പേരൊത്ത്

അസ്സലാമു അലൈകും

നിനച്ചിരിക്കാത്ത ഒരു സമയത്ത് നമ്മെ കടന്ന് പോയ ഒരാളാണ് ഹാരിസ് ഭായി. ഒരു മനുഷ്യന് മറവിയുടെ മൂടുപടത്തിൽ അകപ്പെടാതെ മറ്റൊരു മനുഷ്യന്റെ ഹൃദയത്തിൽ ജീവിക്കാനാവുക എന്നതിനേക്കാൾ വലിയ ഭാഗ്യം മറ്റെന്താണ്. ഇടപഴകിയ ആളുകളോട് അദ്ദേഹം കാണിച്ച സ്നേഹവും, ബഹുമാനവും, വിനയവുമാണ് അദ്ദേഹത്തെ അതിനു പ്രാപ്തനാക്കിയത്. അടുത്തറിഞ്ഞ വർക്കാർക്കും അദ്ദേഹത്തെ ഹൃദയത്തിൽ നിന്നും മാറ്റി നിർത്താനാവില്ല. സഹജീവികളോടുള്ള അദ്ദേഹത്തിന്റെ കരുതലും, അനുകമ്പയും അദ്ദേഹത്തിന്റെ ജീവിതദ്ധ്യായത്തിന്റെ മാറ്റ് കൂട്ടുന്നു.

അല്ലാഹുവേ ആ സഹോദരന്റെ ആഖിറം നീ വിശാലമാക്കണേ... അദ്ദേഹത്തിന്റെ സൽകർമ്മങ്ങൾ സ്വാലിഹായ കർമ്മങ്ങളിൽ ഉൾപെടുത്തുകയും നിന്റെ ജന്നാത്തുൽ ഫിർദൗസിൽ ഉയർന്ന ഇടം നൽകി അനുഗ്രഹിക്കുകയും... നാളെ നിന്റെ തിരുസന്നിധിയിൽ അവരോടൊപ്പം ഞങ്ങളെയും നീ ഉൾപ്പെടുത്തി അനുഗ്രക്കുകയും ചെയ്യണേ... ആമീൻ യാ റബ്ബുൽ ആലമീൻ 🤲🏻

മുഹമ്മദ് സഊദ്.

മരണത്തിലും കർമ്മനിരതൻ

ഞാൻ റിയാദിലായിരിക്കെ 2022 ഫെബ്രുവരിയിലെ ഒരു ദിവസം ഇന്നും അതൊരു വേദനയാണ്, മാട്ടുമ്മൽ ഹംസക്കാടെ മോൻ ഹാരിസിന്റെ വിയോഗം. ജോലി ചെയ്ത് കൊണ്ടിരിക്കെ തല കറങ്ങി വീണ് ഹോസ്പിറ്റലിൽ കൊണ്ട് പോയെന്ന വിവരമറിഞ്ഞാണ് റിയാദ് ഹോസ്പിറ്റലിലേക്ക് പെട്ടെന്ന് തന്നെ പോയത്. അവിടെ ചെന്ന് നോക്കുമ്പോൾ ആൾ അബോധാവസ്ഥയിൽ കിടക്കുന്നു. തിരിച്ച് ഓർമ്മ കിട്ടും എന്നുള്ള പ്രതീക്ഷയായിരുന്നു ആ കിടപ്പ് കണ്ടപ്പോൾ തോന്നിയത്. കുറച്ച് ദിവസം കഴിഞ്ഞപ്പോഴാണ് മരണപ്പെട്ടു എന്നറിയുന്നത്. കേട്ടയുടനെ ഹോസ്പിറ്റലിലേക്ക് ചെന്നു. പുഞ്ചിരിച്ച് കിടക്കുന്ന മുഖം. എന്നെ ഇടക്കിടെ വിളിക്കുകയും വിശേഷങ്ങൾ അന്വേഷിക്കുകയും ചെയ്യാറുള്ള വ്യക്തിയായിരുന്നു. ഞങ്ങളിൽ പലരും റിയാദിന്റെ പല സ്ഥലങ്ങളിൽ കിടക്കുന്നതിനാൽ മാസത്തിൽ ഒരിക്കലോ, രണ്ട് മാസത്തിലോ ഒക്കെ ഒത്ത് കൂടാറുള്ളത് സ്രാങ്ക് റഷീദ്ക്കാടെ വീട്ടിലാണ്. അപ്പോഴൊക്കെയും ഞങ്ങളുടെ കൂടെ ഹാരിസ് ഉണ്ടായിരിക്കും. വളരെയധികം അടുപ്പം കാത്തു സൂക്ഷിച്ചിരുന്ന,നാട്ടിൽ ഒരുപാട് ചാരിറ്റി പ്രവർത്തനങ്ങളൊക്കെ ആരും അറിയാതെ തന്നെ ചെയ്തിരുന്ന ആൾ. പ്രവാസികൾക്കിടയിൽ വലിയൊരു ദുഃഖമാണ് ഹാരിസിന്റെ മരണം ഉണ്ടാക്കിയത്. പ്രവാസത്തിനിടയിൽ ജോലി ചെയ്ത് കൊണ്ടിരിക്കെയുള്ള മരണം. ഖുർആനിൽ പറഞ്ഞത് പോലെ إِنَّ ٱللَّهَ عِندَهُۥ عِلْمُ ٱلسَّاعَةِ وَيُنَزِّلُ ٱلْغَيْثَ وَيَعْلَمُ مَا فِى ٱلْأَرْحَامِ وَمَا تَدْرِى نَفْسٌ مَّاذَا تَكْسِبُ غَدًا وَمَا تَدْرِى نَفْسٌۢ بِأَىِّ أَرْضٍ تَمُوتُ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ. ജീവിതം കരുപ്പിടിപ്പിക്കാനും കുടുംബത്തിനും വേണ്ടി അധ്വാനിക്കാൻ പോയതാണ്, അപ്പോഴും ജീവിതത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനിടയിലും മറ്റുള്ളവരെ

സഹായിക്കാനും മറന്നില്ല, കൃത്യമായി എത്തിച്ച് കൊണ്ടിരുന്നു. പെട്ടെന്നാണ് പ്രവാസലോകത്ത് നിന്നും മരണത്തിലേക്ക് പോയത്. ആ ഒരു ദുഃഖം വലിയതാണ്. എന്നിരുന്നാലും ആ മരിച്ച് കിടക്കുമ്പോഴത്തെ പുഞ്ചിരി കണ്ടപ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷം തോന്നി. മനുഷ്യ സഹജമായ എല്ലാ തെറ്റ് കുറ്റങ്ങളും അല്ലാഹു പൊറുത്ത് കൊടുക്കുകയും ജന്നാത്തുൽ ഫിർദൗസിൽ അവന് നല്ല ഇരിപ്പിടം നൽകുകയും ചെയ്യട്ടെ കുടുംബത്തിന് അല്ലാഹു ശാന്തിയും സമാധാനവും നൽകട്ടെ ആമീൻ.

മുഹമ്മദ് സഊദ്.

13 Jan 2026

Episode-15

മർഹൂം കെ. എം. കുട്ടി സാഹിബ്



അസ്സലാമുഅലൈക്കും

മൺമറഞ്ഞുപോയ നമ്മുടെ പൂർവികരെ ഓർത്തുകൊണ്ടുള്ള ഈ വേളയിൽ, ഇന്ന് നാം സ്നേഹപൂർവ്വം സ്മരിക്കുന്നത് മർഹൂം കെ. എം. കുട്ടി സാഹിബിനെയാണ്. കരിപ്പായിൽ അഹമ്മദ് മുസ്ലിയാരുടെയും കൊളങ്ങര കത്ത് കാനാ പ്പുള്ളിയിൽ കയ്യുവിന്റെയും മകനായി 1927 ൽ ജനിച്ചു1982 ഡിസംബർ 18 ന് ഇഹലോകവാസം വെടിഞ്ഞു.

എക സഹോദരൻ മർഹൂം സഖാവ്.കെ.കെ.മുഹമ്മദാലി സാഹിബ്. അദ്ദേഹത്തിന്റെ മക്കളായ നാസറും മൊയ്നുവും ഈ ഗ്രൂപ്പിന്റെ നിറസാന്നിധ്യമാണ്. അറിവും ആത്മാർത്ഥതയും ദേശസ്നേഹവും ചേർന്ന അപൂർവ വ്യക്തിത്വമായിരുന്നു അദ്ദേഹം. മതവിദ്യാഭ്യാസത്തിനൊപ്പം ദേശീയ സ്വാതന്ത്ര്യസമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച ധൈര്യശബ്ദം, പട്ടാള സേവനത്തിലൂടെ രാജ്യസ്നേഹവും. കറാച്ചി മുതൽ ഗൾഫ് നാടുകൾ വരെ നീണ്ട ജീവിതയാത്ര. ഭാരത പൗരത്വത്തിനായി അചഞ്ചലമായി പോരാടിയതും അദ്ദേഹത്തിന്റെ ചരിത്രമാണ്.

"വിധിയോ?", "പ്രകൃതിക്ക് പിന്നിൽ" എന്നീ കൃതികളിലൂടെയും റേഡിയോ നാടകങ്ങളിലൂടെയും തന്റെ ചിന്തകൾ തലമുറകളിലേക്ക് പകർന്ന എഴുത്തുകാരനുമായിരുന്നു. ഓർമ്മകളുടെ ഈ നിമിഷത്തിൽ കുട്ടിക്കയെ സ്നേഹപൂർവ്വം ഓർക്കാം…

അള്ളാഹു മർഹൂമിന്റെ ഖബറിടം വിശാലമാക്കി കൊടുക്കട്ടെ, തെറ്റു കുറ്റങ്ങൾ പൊറുത്തു കൊടുത്തു സ്വർഗത്തിൽ ഉയർന്ന സ്ഥാനം നൽകട്ടെ, آمين يارب العالمي

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/gFusfsllcBM?si=Fj00q1s5Qsj9hi87

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/m6ytGu-Plu0?si=VAVU74cJ1_Vh3mlB

എഡിറ്റഡ് ഫോട്ടോ പങ്കു വെച്ചത് നുഹാസ്



ശുഹൈബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/iflvSmRT9xE?si=pZ04y9MuRVpXpUuS

ലത്തീഫ് വാക്കയിൽ

🌹 കെ.എം. കുട്ടി സാഹിബ് (1927 – 18.12.1982) 🌹

കരിപ്പായിൽ അഹമ്മദ് മുസ്ലിയാരുടെയും കൊളങ്ങരകത്ത് കാനാപ്പുള്ളിയിൽ കയ്യുവിന്റെയും മകനായി ജനിച്ച കെ.എം. കുട്ടി സാഹിബിനെയാണ് നമ്മൾ

സ്മരിച്ചു കൊണ്ടിരിക്കുന്നത്. പറഞ്ഞും കേട്ടും പരിചയിച്ച പേര് മാമുട്ടിക്ക എന്നാണ്. നേരിട്ട് കണ്ട ഓർമ്മ ഇല്ലെങ്കിലും ധാരാളം കേട്ടിട്ടുണ്ട് അദ്ദേഹത്തെ കുറിച്ച്. മക്കൾ ആയ നാസറും മൊയ്നുവും ചെറുപ്പം മുതലേയുള്ള അടുപ്പം ആണ്.

ബാല്യകാലം മുതൽ തന്നെ ദേശസ്നേഹവും സാമൂഹിക ബോധവും ഉൾക്കൊണ്ട വ്യക്തിയായിരുന്നു മാമുട്ടിക്ക. പഠനകാലത്ത് ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യ സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചതായി കേട്ടിട്ടുണ്ട്. ബി.എ. ബിരുദധാരിയായ അദ്ദേഹം പട്ടാളസേവനവും ഗൾഫ് രാജ്യങ്ങളിലെ ജോലിയും നിർവഹിച്ചു. 1948-ൽ കറാച്ചി കേന്ദ്രമായി പ്രവർത്തിച്ച മലയാളി സംഘടനയുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. “വിധിയോ?”, “പ്രകൃതിക്ക് പിന്നിൽ” എന്നീ കൃതികളും നിരവധി റേഡിയോ നാടകങ്ങളും ലേഖനങ്ങളും അദ്ദേഹത്തിന്റെ സംഭാവനകളാണ്. അദ്ദേഹത്തിന്റെ സൃഷ്ടികൾ വായിക്കാനുള്ള അവസരം ഇതുവരെ കിട്ടിയിട്ടില്ല. ഒരു പക്ഷെ മക്കളുടെ അടുത്ത് ഉണ്ടെങ്കിൽ, ഗ്രൂപ്പിൽ ഷെയർ ചെയ്യണം എന്ന് ഒരു അപേക്ഷ ഉണ്ട്.

1982 ഡിസംബർ 18-ന് വഫാത്തായ അദ്ദേഹത്തെ സ്മരണയോടെ ആദരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തുൽഫിർദൗസും നല്കുമാറാകട്ടെ. ആമീൻ. 🤲

ലത്തീഫ് വാക്കയിൽ

<u>അഷ്‌റഫ് പി എ</u>

മർഹൂം KM കുട്ടി സാഹിബിന്റെ അനുസ്മരണം സാന്ദർഭികമായി ഈ ഗ്രൂപ്പിൽ മുൻപ് എഴുതിയത് കൊണ്ട് ദീർഘമായി എഴുതി അലോസരപെടുത്തുന്നില്ല.

ഞാൻ ഒന്നോ രണ്ടോ തവണ മാത്രമേ അദ്ദേഹത്തെ നേരിൽ കണ്ടിട്ടുള്ളു .

ആദ്യം കണ്ടത് ഒരു മങ്ങിയ ഓർമ്മ മാത്രം .മകൻ നാസറും ഞാനും വടക്കേ മദ്രസയിൽ ഓതുന്ന കാലത്ത് നാസറിന് കഠിനമായ മഞ്ഞപിത്തം പിടി പെട്ടു. അതെ തുടർന്ന് തടിച്ചു ഒരു ഗുണ്ട് മണിയായി ഇരുന്ന നാസർ മെലിഞ്ഞു വല്ലാത്ത ഒരവസ്ഥയിൽ ആയി . അസുഖം റികവർ ആയപ്പോ നിയ്യത്ത് പ്രകാരം മൗലൂദും മദ്റസ കൂട്ടുകാർക്ക് ഭക്ഷണവും ഉണ്ടായിരുന്നു . അന്നവർ കിഴക്ക് കായൽ കരയോട് ചേർന്നായിരുന്നു താമസിച്ചിരുന്നത് .അവിടെ ചെന്നപ്പോ KM കുട്ടി സാഹിബിനെ കണ്ടതായി ഓർമ്മ .പിന്നീട് കാണുന്നത് ഇന്ഗ്ലിഷ് കുഞ്ഞുമോൻക്ക ഇന്നത്തെ കായലിലൂടെ പുതുകാവ് ക്ഷേത്ര വഴി മുല്ലശ്ശേരിക്ക് പോവുന്ന റോഡിന് വേണ്ടി [അന്ന് നട വഴിക്ക് വേണ്ടി] നിരാഹാര സമരം ചെയ്യുന്നിടത്തു വെച്ചാണ്.

SI ഉം പോലീസുകാരും ഒക്കെ വന്ന് കുഞ്ഞുമോൻക്കാനെ അറസ്റ്റ് ചെയ്യുവാനുള്ള ഒരു സമയത്ത് വഴി പോക്കിനിടയിൽ അങ്ങോട്ട് വന്ന് SI യുമായി ഇന്ഗ്ലീഷിൽ സംസാരിക്കുന്നത് ഞങ്ങൾ അന്തം വിട്ട് കേട്ട് നിന്നത് ഓർക്കുന്നു . ഇന്ഗ്ലിഷ് ആയിരുന്നുവെന്ന് പിന്നീട് ആരോ പറഞ്ഞപ്പോൾ ആണ് എനിക്ക് മനസിലായത് . അതിലേറെ രസം കുട്ടി സാഹിബ് സംസാരിക്കുമ്പോ

sı തല ആട്ടിയും മം ആ ഓ എന്നൊക്കെ ഇടക്ക് പറഞ്ഞതല്ലാതെ ഒന്നും സംസാരിച്ചു കണ്ടില്ല. പിന്നീട് ആരോ അടക്കം പറയുന്നു കേട്ടു sı ക്ക് ഒന്നും മനസിലായില്ലത്രേ ...!!

ഫുൾ സ്ലീവ് വെള്ള ഷർട്ടിൽ മിറ്റമടിക്കുന്ന ചൂൽ കെട്ട് പോലെ തടിച്ച് കറുത്ത ഒരു ചുരുട്ട് ഇടയ്ക്കിടെ ആഞ്ഞു വലിച്ച് ഊതിയാണ് അദ്ദേഹത്തെ കണ്ടത് ഓർക്കുന്നത്. പിന്നീട് കോട്ടയം പുഷ്പനാതിന്റെ ഹൊറർ നോവലിൽ ഡിറ്റെക്റ്റീവ് ഓഫിസിർ വായിൽ തിരുകിയ “ഹാഫ് എ കൊരാനാ “ചുരുട്ടിനെ പറ്റി വായിക്കുമ്പോൾ എനിക്ക് ഈ ചുരുട്ട് ഓർമ്മ വരും.

വർഷങ്ങൾക്ക് ശേഷം ബഹറിനിൽ വെച്ച് ബഹ്റൈൻ പൗരത്വമുള്ള ഒരു ഇറാനി, ബഹ്റൈൻ ഓയിൽ കമ്പനിയായ Banoco മുൻപ് ബ്രിട്ടീഷ് അദീനത്തിൽ caltex എന്ന കമ്പനിയിൽ ഉയർന്ന പദവിയിൽ ഉണ്ടായിരുന്ന സഹപ്രവർത്തകനെ പറ്റി സംസാരിച്ചു .കറാച്ചിയിൽ നിന്നുമാണ് അദ്ദേഹം വന്നതെങ്കിലും മലബാറി ആയിരുന്നു എന്നൊക്കെ പറഞ്ഞപ്പോ... അതിന്റ അന്വെഷണം ചെന്നെത്തിയത് മർഹൂം കുട്ടി സാഹിബിൽ ആയിരുന്നു . വളരെ അഭിമാനം തോന്നി . പിന്നീട് ഇന്നുവരെയും ഒരു മലയാളിയും അവിടെ ഉയർന്ന പദവിയിൽ ഉണ്ടായിട്ടില്ല. 2000 ൽ ബഹ്റൈനൈസേഷൻ വന്നപ്പോ പൂർണ്ണമായും ബഹ്റൈനികൾ മാത്രമായി.

അന്ന് വരെ ഞാൻ കണ്ടതിൽ വെച്ച് ഒരു ജന്റിൽമാൻ ആയിരുന്നു . അദ്ദേഹത്തിന്റെ ഇത് വിധിയോ എന്ന പുസ്തകം വലുണ്ണിയേട്ടന്റെ ചായക്കടയിൽ ഇരുന്ന് മർഹൂം ജലാൽ ആബിദ് തങ്ങളിൽ നിന്നും ഭാഗികമായി വായിച്ചത് ഞാനോർക്കുന്നു.

വിഭചനത്തിന് ശേഷം താൻ ഒരു ഇന്ത്യക്കാരൻ ആണെന്ന് തെളിയിക്കുവാനായി 62 ൽ ഇന്ദിരഗാന്ധിയെ നേരിൽ കണ്ട വിവരണങ്ങൾ അതിൽ വായിച്ചതായും ഓർക്കുന്നു. [ഓർമകൾ വ്യക്തമല്ല] മൊയ്നു അടക്കം മക്കൾ എല്ലാവരും അയൽപക്ക ബന്ധത്തിലുപരി സഹോദര ബന്ധമാണ്. നാസറും ജമീലയും സഹപാഠികളും .

അള്ളാഹു അദ്ദേഹത്തിന് സ്വർഗ്ഗം നൽകി അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ ,

അഷ്റഫ് P.A.

<u>നാസറുദ്ധീൻ തങ്ങൾ</u>

K.M. കുട്ടി എന്ന പേരി നേ ക്കാൾ എനിക്കും വീട്ടുകാർക്കും ഹൃദ്യമായ തു, മാമുട്ടിക്ക എന്നതാണ്. എന്റെ ഓർമയിൽ അദ്ദേഹം പുതിയ വീടെടുത്ത് താമസിക്കുന്നത്, ഞങ്ങളുടെ വീടിന്റെ കിഴക്ക് കായൽ കരയിൽ ആണ്. അന്ന് മുതൽ ഞങ്ങൾ തമ്മിൽ തുടങ്ങിയ ബന്ധം ഇപ്പോളും തുടരുന്നു.

ഞങ്ങളിൽ പലരും ഒപ്പമാണ് സ്കൂളിൽ പോയിരുന്നത്. മക്കൾ ഒക്കെ നല്ല വിദ്യാഭ്യാസം ഉള്ളവർ ആയിരിക്കണം എന്ന് വല്ലാതെ ആഗ്രഹിച്ച വ്യക്തി ആണ് അദ്ദേഹം. മാമുട്ടിക്ക യുടെ ഭാര്യ വീട്ടിൽ വന്നാൽ, ഒരു

കുടുംബാംഗത്തെ പോലെ വളരെ നേരം ഇരുന്നു, ഉമ്മയു മായി കുറെ സംസാരിച്ചു മാത്രമേ പോകൂ. എപ്പോളും സന്തോഷത്തോടെ ആണ് സംസാരിക്കുക. അവരുടെ പരലോകം അല്ലാഹു വിശാലമാ ക്കാൻ പ്രാർത്ഥിക്കുന്നു.

രണ്ടു കൈയും പിന്നിൽ കെട്ടി, ഫുൾകുപ്പായത്തിന്റെ അറ്റം കുറച്ച് മടക്കി വെച്ച്, ഭൂമിയിലേക്ക് തല താഴ്ത്തി പതുക്കെ നടക്കുന്ന മാമുട്ടിക്ക യാണ് എനിക്ക് മനസ്സിൽ പതിഞ്ഞ ചിത്രം. ഗൾഫിൽ നിന്ന് വന്നാൽ വീട്ടിൽ വരും. വാപ്പ യുമായി സംസാരിക്കും. ചായ കുടിച്ചു സ്നേഹത്തോടെ പിരിഞ്ഞു പോകും.

അദ്ദേഹം നല്ല വിദ്യാഭ്യാസം ഉള്ള ആളാണ് എന്ന് വാപ്പ പറയാറുണ്ട്. "പ്രകൃതി ക്ക് പിന്നിൽ " എന്ന അദ്ദേഹത്തിന്റെ പുസ്തകം കണ്ടതായി ഓർമ്മയുണ്ട്. അദ്ദേഹവുമായി ഞാൻ അധികം അടുത്ത് സംസാരിച്ചിട്ടില്ല. കുടുംബ സുഹൃത്തായ അയൽ പക്കക്കാരൻ എന്നാണ് എപ്പോളും ഓർക്കുന്ന ചിത്രം. Moinu വും നാസ റും, ഗൾഫിൽ നിന്ന് വന്നാൽ കണ്ടു മുട്ടും. ഓർമകൾ പങ്കു വെക്കും. ഇനിയുള്ള കാലവും സ്നേ ഹാർദ്ര മാ കട്ടെ

കെ അബ്ദുൽ വാഹിദ് സാഹിബ്

അല്ലാഹുവിന്റെ വിളിക്കുത്തരം നല്കി യവ്വന ദശയിൽ തന്നെ കൂട്ടുകാരെയും കുടുംബത്തെയും പ്രത്യേകിച്ച് കൊച്ചുമക്കളെയും കണ്ണീരിലാഴ്ത്തി നമ്മോട് വിടപറഞ്ഞ സഹോദരൻ ഹാരിസ് അത് പോലെ തന്റെ സാന്നിദ്ധ്യം നാട്ടിലും പുറത്തും പലനിലയിലും രേഖപ്പെടുത്തിയ മർഹും കുട്ടി സാഹിബ് എന്നിവർക്ക് അവരുടെ പരലോക ജീവിതത്തിൽ അല്ലാഹുവിന്റെ കാരുണ്യവർഷം ചൊരിയട്ടെ🤲

ജീവിതത്തിൽ സംഭവിച്ചേക്കാവുന്ന തെറ്റുകളെല്ലാം അല്ലാഹു പൊറുത്ത് സ്വർഗാവകാശികളാക്കട്ടെ.🤲 🤲

ഡോ പി അൻവർ മുഹമ്മദ്

K m kuttikka ഞാൻ ഉൾപ്പെടെ ഉള്ള പാടൂർ നിവാസികൾ കേൾക്കാത്ത വായിക്കാത്ത മനസ്സിലാക്കാത്ത അത്യപൂർവ്വമായ വ്യക്തിത്വം.

സല്യൂട്ട്

സൈനുദ്ധീൻ പോഗോ

السلام عليكم ورحمه الله وبركاته

ഞാൻ കൂടുതലറിയാത്ത ധീരപുരുഷൻ

ഉറച്ച കാൽ വെപ്പോടെ നടന്ന് നീങ്ങിയിരുന്ന ഒരു ഓർമ്മ എന്റെ മനസ്സിലിന്നുമുണ്ട്. കുട്ടിക്കാലത്തെ കാഴ്ചകളിലൂടെ ഓർത്തെടുക്കാൻ

കാര്യമായി എന്റെ കയ്യിലൊന്നുമില്ല. പ്രവാസത്തിൽ നിന്ന് ലീവെടുത്ത് വരുന്ന സമയങ്ങളിൽ നടന്ന് നീങ്ങുന്ന കാഴ്ചകൾ മാത്രം. കുടുംബ ബന്ധങ്ങളുള്ളത് കൊണ്ട് ആ വീടുമായി സഹവാസം കൂടുതലായിരുന്നു.പിന്നെ കളി കൂട്ടുകാരൻ മൊയ്തുവുമായുള്ള ബന്ധം ആ വീടുമായി കൂടുതൽ അടുപ്പിച്ചു. ഞങ്ങളുടെ വീടുകൾ തമ്മിൽ കൂടുതൽ അകലങ്ങളുണ്ടായിരുന്നില്ല. കാലങ്ങൾ കടന്ന് പോയി ഓരോ മേഘലകളിൽ ഒരോരുത്തർ എത്തിപ്പെട്ടു. പുറം രാജ്യങ്ങളിലെത്തിപ്പെടുമ്പോഴാണ് നമ്മുടെ നാട്ടിലെ അഭിമാന സ്ഥംബങ്ങളെ കുറിച്ച് കേട്ടറിയുന്നത്. KM കുട്ടി സാഹിബിന്റെ ഗ്രന്ഥരചനയും മറ്റു കഴിവുകളും പലരിൽ നിന്നും കേട്ടറിവ് മാത്രമെയുള്ളൂ.

ഞാൻ കുറച്ച് കാലം ഒമാനിലുണ്ടായിരുന്നു. ഒരിക്കൽ റൂവി പള്ളിയിൽ ജുമഅക്ക് കൂടിയപ്പോൾ ഒരാളുമായി പരിചയപ്പെടാനിടയായി. അദ്ദേഹം പാടൂക്കാരനാണെ ന്നറിഞ്ഞപ്പോൾ KM കുട്ടി സാഹിബിനെ അറിയുമോ എന്ന് അന്വേശിച്ചു. ഞങ്ങൾ അടുത്ത കുടുംബക്കാരനാണെന്ന് ഞാൻ അറിയിച്ചു.അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു ഈ റൂവി പള്ളി ഉണ്ടായ കഥ വിവരിച്ചു. ബ്രിട്ടീഷ് ആധിപത്യത്തിൽ പള്ളി അന്ന് നിൽക്കുന്ന സ്ഥലത്ത് ഒരു ക്യാമ്പ് ഉണ്ടായിരുന്നത്രെ.. K M കുട്ടി സാഹിബ് അദ്ദേഹത്തിന്റെ എല്ലാ പിടിപാടും കഴിവുമുപയോഗിച്ച് ക്യാമ്പ് മാറ്റുകയും മലയാളികളട ക്കമുള്ളവർക്ക് നമസ്ക്കാരത്തിനായി ഒരു സംവിധാനം അവിടെ നിർമ്മി ക്കുകയായിരുന്നു. റൂവിയുടെ ഹൃദയഭാഗത്ത് പൊന്തി വന്ന ആ ഭവനം തലയെടുപ്പോടെ ഉണ്ടെന്ന് മനസ്സിലാക്കുന്നു. പിന്നെ പാകിസ്ഥാനിൽ ജീവിച്ചതും സ്വന്തം നാട്ടിലെത്താനുള്ള ത്യാഗങ്ങൾ സഹിച്ചതുമൊക്കെ പലരും സൂചിപ്പിട്ടുണ്ട്. കൂടുതൽ ചരിത്രങ്ങളൊന്നും എനിക്കറിയില്ല എങ്കിലും അറിയുന്നത് സൂചിപ്പിച്ചു എന്ന് മാത്രം.

അദ്ദേഹത്തിന്റെ വിയോഗ ദിവസം നല്ല ഓർമ്മയിപ്പോഴുമുണ്ട്. വൈകീട്ട് മരണം സംഭവിക്കുകയും പിറ്റേന്ന് ആഭൗതിക ശരീരം കബറടക്കുകയും ചെയ്തു. ഞങ്ങൾ കുട്ടികളായിരുന്നെങ്കിലും സജീവമായി അവിടെ യുണ്ടാ യിരുന്നു. വെള്ള വസ്ത്രം ഫുൾസ്ലീവ് ധരിച്ചായിരുന്നു കാണുമ്പോഴൊക്കെ ഉണ്ടായിരുന്നത്. അങ്ങിനെ വെള്ള വസ്ത്രത്തോടെ തന്നെ മടക്കവും. പണ്ഡിതനും പാമരനും ജനനായകരും പൗരപ്രമുഖരും ഏത് മേഘലയിലുള്ളവരും അവസാനമെത്തേണ്ടത് ആറടി കഴിമാടത്തിലാണല്ലോ. നന്മയുടെ തുലാസിൽ കനം തൂങ്ങിയാൽ അവർ റബ്ബിന്റെ കോടതിൽ ഒരു പക്ഷെ രക്ഷപ്പെടാം. അതിന് നമ്മെ എല്ലാവരെയും റബ്ബ് തുണക്കട്ടെ. ആമീൻ.

ZAIN Pogo Tech Padoor



<u>അമീറുദ്ധീൻ കെ എം</u>

മാമുട്ടിക്ക എന്ന അൽഭുത പ്രതിഭ:

KM കുട്ടി എന്ന പേരിൽ ഒരു കാലത്ത് അറിയപ്പെട്ടിരുന്ന ഒരു മഹാ പ്രതിഭ, പലർക്കും അദ്ദേഹത്തെ കൂടുതൽ മനസ്സിലാക്കാൻ ഇതിലൂടെ കഴിഞ്ഞു എന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ നാട്ടിൽ ഇത് പോലെ മഹൽ വ്യക്തിത്വങ്ങൾ ഒരു സമൂഹത്തിന് വഴികാട്ടിയായും മാതൃക യായും

ജീവിച്ചിരുന്നത് ഓർക്കുമ്പോൾ അഭിമാനമാണ്. നേരിൽ കണ്ട ഓർമ്മയിലെങ്കിലും കുടുംബ ബന്ധത്താൽ ഒരുപാട് കാര്യങ്ങൾ അറിഞ്ഞിട്ടുണ്ടെങ്കിലും അറിയാത്ത ഒരുപാട് കാര്യങ്ങൾ മാമുട്ടിക്കാനെ കുറിച്ച് അറിഞ്ഞതിൽ സന്തോഷമുണ്ട്. കെ.കെ മുഹമ്മദാലിക്ക സഹോദരൻ മാമൂട്ടിക്കാനെ കുറിച്ച് വീട്ടിൽ ഇരുന്ന് ഉപ്പയോട് സംസാരിക്കുമ്പോൾ കിട്ടിയ അറിവ് മാത്രമേ ഉള്ളൂ. വളരെ നല്ല രീതിയിൽ ഇടപഴകുന്ന മക്കൾ, പ്രത്യേകിച്ച് മൊയ്തുക്കാക്ക് ഉപ്പയുടെ കഴിവ് ആയ രചനാ വൈഭവം കിട്ടിയിട്ടുണ്ട് എന്ന് തോന്നിയിട്ടുണ്ട്.

ഒരു കാലഘട്ടത്തിന്റെ ഉന്നതിയിൽ ഏറ്റവും വലിയ സ്ഥാനങ്ങൾ വഹിക്കാൻ കഴിഞ്ഞ ഈ മഹൽ വ്യക്തിത്വങ്ങൾക്ക് അർഹമായ പ്രതിഫലം അവരുടെ സൽപ്രവർത്തികൾക്ക് അള്ളാഹു നൽകി അനുഗ്രഹിക്കട്ടെ. ആമീൻ. നാമെല്ലാവരേയും ജന്നാത്തുൽ ഫിർദൗസ് ഒരുമിച്ച് കൂട്ടി അള്ളാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

മൊയ്തു പി. കരിപ്പായിൽ

** 🌷 ചരിത്ര പുരുഷന്റെ ഓർമ്മദിനത്തിൽ മകന്റെ ഓർമ്മ കുറിപ്പ്....... ❤️ 🙏

വൈദേശീകാധിപത്യത്തിനെതിരെ ഇന്ത്യൻ മനസ്സുകൾ ഒന്നിചൊന്നായി അണിനിരന്ന കാലം..,.

മുല്ലശ്ശേരി ഹിന്ദു യൂപിസ്കൂളിൽ മൂന്ന് വിദ്യാർത്ഥികൾ ദേശീയ പതാക ഉയർത്തി കൊണ്ട് രാജ്യ സ്വാതന്ത്ര്യ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.....(കടപ്പാട്. പാം അവാർഡ് സ്വീകരിച്ചു കൊണ്ട് ശങ്കരൻ മാസ്റ്റർ നടത്തിയ പ്രസംഗത്തിൽ നിന്ന്)... ആദ്യത്തെയാൾ ശങ്കരൻ മാസ്റ്ററാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായും പത്രപ്രവർത്തകനായും നിറഞ്ഞു നിന്നവ്യക്തി. മറ്റൊരാൾ മേഡം ലീല. നിയമ രംഗത്ത് പ്രവർത്തിച്ചിരുന്നു. ജില്ലാ ജഡ്ജിയായിരുന്നു..,.. മൂന്നാമത്തെയാൾ എന്റെ പിതാവാണ്...,.കെ.എം. കുട്ടി സാഹിബ.ഇസ്ലാം മത പണ്ഡിതനായ കരിപ്പായിൽഅഹമ്മദ് മുസ്ലിയാരുടെയും കാനാ പ്പുള്ളിയിൽ കയ്യു വിന്റെയും മകനായി ജനനം.....മത വിദ്യാഭ്യാസത്തിന് പ്രാധാന്യം കൽപ്പിച്ച പിതാവ് മതഉപരിപഠനാർത്ഥം ദർസ്സിൽ ചേർത്തു. ഭൗതിക വിദ്യാഭ്യാസത്തിന് തല്പരനായ ഇദ്ദേഹം അമ്മാവനായ അയമുണ്ണിക്കാനെ (ഹസ്സൻ കാനാ പ്പുള്ളിയുടെ പിതാവ്) സ്വാധീനിച്ച് ഹോസ്റ്റൽ സൗകര്യത്തിൽ,നിന്ന് പഠിച്ച് ബി.എ. ബിരുദം കരസ്ഥമാക്കി.പിന്നീടുള്ള തന്റെ ജീവിത യാത്രയെ കുറിച്ച,ഇത് വിധിയോ,എന്ന പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്....(കേരള സാഹിത്യ അക്കാദമിയിൽ സൂക്ഷിച്ചിട്ടുണ്ട്)വിദ്യാഭ്യാസകാലത്തിന് ശേഷം നിർബന്ധിത പട്ടാള സേവനത്തിൽ പ്രവേശിച്ചു..എന്നാൽ വൈദേശി കാധിപത്യത്തോടുള്ള എതിർപ്പിന്റെ ഫലമായി അന്നത്തെ ചെറുപ്പകാരുടെ ആവേശമായ നേതാജി സുബാഷ് ചന്ദ്ര ബോസിന്റെ ഇന്ത്യൻ നേഷ്ണൽ ആർമി (1NA]. ചേർന്നു പ്രവർത്തിച്ചു... രാജ്യ സ്വാതന്ത്ര്യത്തിന് ശേഷം അവിഭക്ത ഭാരതത്തിന്റെ വ്യവസായ നഗരമായകറാച്ചിയിൽ എത്തപ്പെട്ടു. അക്കാലത്ത് നമ്മുടെ പ്രദേശത്തെ ഒട്ടേറെ പേർ കറാച്ചിയിൽ സാധാരണ ജോലിക്കാരും കച്ചവടക്കാരുമായും സേവനമനുഷ്ഠിച്ചിരുന്നു. ജീവിത പ്രയാസങ്ങളുടെ

ഭാഗമായി തൊഴിലെടുക്കുന്ന സാധാരണകാർ ഭാവിയിൽ പൗരത്വംഒരു വലിയ ദുരന്തമായി തങ്ങളെ വേട്ടയാടുമെന്ന് കരുതി കാണുകയില്ല... കറാച്ചിയിലെ മലയാളികളുൾ ഉൾപെടെയുള്ളവരെ,, മുഹാജിറുകളന്നാണ് അറിയ പ്പെട്ടിരുന്നത്. ഇവരുടെ ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടി എന്റെ പിതാവിന്റെ നേതൃത്വത്തിൽ വർക്കേഴ്സ് പാർട്ടി രൂപികരിച്ചു...ഈ ചരിത്രം രേഖപ്പെടുത്തി കൊണ്ട് സൂഫി ചരിത്രകാരനും ഖലീസ് ടൈംസ് ഉദ്ദ്യോഗസ്ഥനും സൗദ്യ യിൽപത്രപ്രവർത്തകനും സർവ്വോപരി സത്താർ സേഠിന്റെ കുടുംബാംഗവുമായഹാഷിം റിപ്പോർട്ട് ചെയ്തിട്ടുണ്ട്....കൂടാതെ ഇന്തോ പാക് സൗഹൃദ കൂട്ടായ്മയുടെ നേതാവായിരുന്ന. ബി.എം. കുട്ടി അനുസ്മരിച്ചിട്ടുണ്ട്. (തിരൂർ സ്വദേശിയാണ് ഈ അടുത്ത കാലത്താണ് മരണപ്പെട്ടത് പാകിസ്ഥാനിൽ. കുടുംബം മുഴുവൻ അവിടെയാണ്). എന്നാൽ സ്വപ്നം കാണാൻ കഴിയാത്തഉദ്യോഗമുണ്ടായിട്ടു പോലും താൻ ജനിച്ചു വളർന്ന മണ്ണാണ് എല്ലാ ത്തിലും വലുതെന്ന ചിന്താഗതിക്കാരനായി രുന്നു എന്റെ പിതാവ്,,,, ജനനീ ജന്മഭൂമി,,.. ഈ ആപ്തവാക്യം മനസ്സിൽ സൂക്ഷിച്ചു കൊണ്ട് ഗൾഫ് രാജ്യങ്ങളിലെത്തി അവിടെ നിന്ന് സന്ദർശകനായിട്ടാണ് കേരളത്തിൽ കുടുംബംങ്ങളെ കാണാൻ വന്നിരുന്നത്... അനുവദിക്കപ്പെട്ട സമയ ത്തിനുള്ളിൽ തിരിച്ചു പോയില്ലെങ്കിൽ നിയമ നടപടി നേരിടണം. എന്നാൽ താൻ ജനിച്ചു വളർന്ന മണ്ണിൽ കേവലം സന്ദർശകനായ് മാത്രം നിലയുറപ്പിയ്ക്കാൻ തയ്യാറല്ല എന്ന നിലപാട് അദ്ദേഹം സ്വീകരിച്ചു... പിന്നീടുള്ള കാലം നിയമ പോരാട്ടത്തിന്റെ തായിരുന്നു...,,പല തവണ ഡൽഹിയിലെത്തി ശ്രീമതി ഇന്ദിരാ ഗാന്ധി. മൊറാർജി ദേശായ്. ഇ. യം. എസ്സ്. വി.കെ.മാധവൻ കുട്ടി. പോക്കർ സാഹിബ് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ഭരണാധികാരികളേയും നേതാക്കളെയും സന്ദർശിച്ചു തന്റെ അപേക്ഷ സമർപ്പിച്ചു.. എന്നാൽ ഒന്നും കാര്യമായി ഫലം കണ്ടില്ല.. ഇതിനിടയിൽ പല തവണ ഗൾഫിൽ നിന്ന് സന്ദർശകനെന്ന നിലയിൽ നാട്ടിൽ വന്നിരുന്നു. നാട്ടിലെ സ്ഥിരവാസിയാവാനുള്ള അപേക്ഷ നിരസിക്കപ്പെടുകയായിരുന്നു. ഈ ഘട്ടത്തിൽ പാകിസ്ഥാനിൽ പൊതുപ്രവർത്തനവുമായി ബന്ധപ്പെട്ട് ജയിൽവാസം അനുഭവിച്ചു... ജയിലിൽ വെച്ച് ജമാഅത്ത് ഇസ്ലാമി സ്ഥാപകൻ സയ്യിദ് മദൂദിയെ കണ്ടുമുട്ടി ഇവർ രണ്ട് പേരും ഒരേ സെല്ലിലാണ് അടയ്ക്കപ്പെട്ടത് വ്യത്യസ്ഥ കേസുകളിലാണെന്ന് മാത്രം.(ഇത്വിധിയോയിൽ പരാമർശിക്കുന്നുണ്ട്) ഇന്തോ പാക് യുദ്ധത്തെ തുടർന്ന് പ്രതീക്ഷകളെല്ലാം അസ്തമിച്ചു...ദീർഘനാൾ പിന്നെ സന്ദർശനായിട്ട് പോലും നാട്ടിൽ വരാൻ കഴിയാതെയായി.മദ്രാസ്. കോൺസുലേറ്റിൽ നിന്ന് അറിയിപ്പ് വന്നു താങ്ങളുടെ മുഴുവൻ ഫയലുങ്ങളും തിരിച്ചയക്കുന്നു.,എല്ലാ പ്രതീക്ഷങ്ങളും അതോടെ അസ്തമിച്ചു...ദീർഘ നാളുകൾക്ക് ശേഷം എ.ഐ.സി.സി.പ്രസിഡണ്ട് കേരളം സന്ദർശിക്കാൻ വരുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ട എന്റെ അമ്മാവൻ അന്നത്തെ കെ.പി.സി.സി. പ്രസിഡണ്ട്. ടി.ഒ. ബാവ സാഹിബിനെ സന്ദർശിച്ച് നിജലി ഗപ്പയെ കാണാൻ അവസരം ചോദിച്ചു... എന്നാൽ കണ്ടത് കൊണ്ട് പ്രയോജനമുണ്ടാവുകയില്ലായെന്ന മറുപടിയാണ് ബാവ സാഹിബ് പറഞ്ഞത്..കാരണം അദ്ദേഹത്തിന്റെ ഒരു ബന്ധുവിന്റെ അപേക്ഷ തിരസ്കരിച്ച കാര്യം അദ്ദേഹം എടുത്തു പറഞ്ഞു.... എന്നാൽ കുടുംബാംഗങ്ങളുടെ പ്രാർത്ഥനയുടെ ഫലമാണോയെന്നറിയില്ല പ്രസിഡണ്ടിനെ കാണാൻ കോട്ടയത്തെത്താൻ അറിയിപ്പ് ലഭിച്ചു...എന്റെ

അമ്മാവൻ.പി.കെ.എം. കുട്ടി.(അദ്ദേഹവും എഴുത്തുകാരനാണ്)മദ്രാസ്സ് അഗ്രികൾച്ചറൽ ഓഫിസറും പിന്നീട് ചാവക്കാട് പഞ്ചായത്ത് പ്രസിഡണ്ടായി തീർന്ന സെയ്തുമുഹമ്മദ് സാഹിബും (തൊയകാവ് വാ കാട്ടായിൽ കുടുംബാംഗമാണ്. എന്റെ ഉമ്മയുടെ കുടുംബത്തിൽ നിന്നാണ് വിവാഹം കഴിച്ചത്).. ഇവരൊന്നിച്ച്. കോൺഗ്രസ്സ് പ്രസിഡണ്ട് നിജലിപ്പയെകണ്ടു. എല്ലാം വിശദമായി ചോദിച്ചറിഞ്ഞ അദ്ദേഹം അനുവദിച്ച സമയത്തേക്കാൾ കൂടുതൽ സമയമെടുത്ത് എല്ലാംവിശദമായി എഴുതിയെടുത്ത് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന ഉറപ്പ് നൽകി അനുഭാവ പൂർവ്വമാണ് തിരിച്ചയച്ചത്...മാസങ്ങൾ കടന്നുപോയി പ്രതീക്ഷയെല്ലാം നഷ്ടപ്പെട്ട സന്ദർഭത്തിലാണ് ഇന്ത്യ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പിൽ നിന്ന് പൗരത്വം നൽകി കൊണ്ടുള്ള അറിയിപ്പ് ലഭിക്കുന്നത്.. കുടുംബാ ഗംങ്ങൾക്കുണ്ടായ അത്യാഹ്ലാദം വിവരണാതീതമാണ്... ❤️ പിന്നിടുള്ള കാലംസംബൽ സമൃദ്ധമായ സന്തോഷത്തിന്റെതായിരുന്നു. ❤️.... ഇത്വിധിയോ ?,,,എന്ന പുസ്തകത്തിന്റെ രചനയിലെ മുഴുവൻ കാര്യങ്ങളും വസ്തുതാപരമാണെന്ന് സാക്ഷ്യപ്പെടുത്തി കൊണ്ട്. ചരിത്രകാരൻ വേലായുധൻ പണിക്കശ്ശേരി / അബ്ദുൽ ഖാദർ മാസ്റ്റർ ചേറ്റുവ / സിംഗപ്പൂർ ഹൈ കമ്മീഷണർ ആയിരുന്ന രാധാകൃഷ്ണ മേനോൻ / ശ്രീലങ്കയിലെ പത്ര രംഗത്തെ പ്രമുഖൻ രാമനുണ്ണിസർ. തുടങ്ങിയവർ അവതാരികയും ചെറു കുറിപ്പുകളും എഴുതിയിരുന്നു. 🙏 എന്നാൽ കുടുംബത്തിന്റെ സന്തോഷം അധികം നീണ്ടു നിന്നില്ല.... ജ്യേഷ്ടനുള്ള വിസയുമായി എന്റെ പിതാവ് നാട്ടിലെത്തി തീരുവനന്തപുരം വിമാന താവളത്തിൽ ഞാനും വാപ്പയും യാത്ര അയക്കാൻ പോയി. പോകുന്ന നേരം കണ്ണ് നിറഞ്ഞ എന്റെ ജ്യേഷ്ടനെ ചേർത്തു നിറുത്തി എന്റെ പിതാവ്പറഞ്ഞത് ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നു,,,,, മോൻ വിഷമിക്കേണ്ട ഒരാഴ്ചക്കുള്ളിൽ ഞാനവിടെയെത്തും അതുവരെ മാമൻ മാരുടെ അടുത്ത് നില്ക്ക്..അന്നാണ് ഞാൻ എന്റെ പിതാവുമായി നേരിട്ട് ഇടപഴകുന്നത് എന്താവശ്യത്തിനും ഉമ്മയെയാണ് സമീപിക്കാറ്..ഉമ്മ വഴിയാണ് കാര്യങ്ങൾ നിവർത്തിക്കാറ്. എയർപോർട്ടിൽ നിന്ന് തിരിച്ചു പോരുന്ന ഞാൻ ഏറെ ക്ഷീണിതനായിരുന്നു. കാറിന്റെ പുറക് സീറ്റിൽ എന്നെ മാറോട് അടക്കിപിടിച്ചാണ് തിരിച്ചു കൊണ്ടു പോന്നത്...അന്ന് കേവലം പതിമൂന്ന് വയസ്സാണ് എന്റെപ്രായം...എന്റെ പിതാവുമൊത്തുള്ള ആദ്യത്തേയും അവസാനത്തേയും ഓർമ്മയിൽ സൂക്ഷിച്ചു വെക്കുന്ന ദിനമാണത്..... അധികംവൈകിയില്ല.... അന്ന് ചാവക്കാട് നിന്ന് വെല്ല്യമ്മമാർ വന്നിരുന്നു...സന്തോഷത്തിന്റെ ദിവസം...നാട്ടിൽ അയ്യപ്പൻ വിളക്ക് നടക്കുന്നു....വിളക്ക് കാണാൻ പോകാൻ ഞാൻ വാശി പിടിയ്ക്കുന്നു.....ഒടുവിൽ സമ്മതം ലഭിക്കുന്നു... ഞങ്ങൾക്ക് തരാൻ പൈസ ഉപ്പ ഉമ്മാനെ ഏൽപ്പിക്കുന്നു....പൈസ കയ്യിൽ തന്നിട്ട് ഉമ്മ പറയുന്നു. വേഗം തിരിച്ചു വരണം അവനെ നോക്കണം. (അനുജനെ)സന്തോഷത്തോടെ ഞങ്ങൾ പുറത്തോട്ട് പോയി... തിരിച്ചു ഞാനും എന്റെ അനുജനും എത്തുന്നത് ആൾകൂട്ടം നിറഞ്ഞ വീട്ടിലേക്ക് ഞങ്ങൾക്ക് ഉത്സവം കാണാൻ പൈസ തന്നയച്ച പിതാവ് തന്റെ അമ്പത്തിനാലാമത്തെ വയസ്സിൽ ഞങ്ങളെ വിട്ട് പോയിരിക്കുന്നു..😭 മരണത്തിന്റെ വ്യാപ്തിയും അർത്ഥവും എത്രത്തോള മെന്ന് കേവലം പതിമൂന്ന് വയസ്സ് പ്രായം മാത്രമുള്ള എനിയ്ക്ക് തിരിച്ചറിയാൻ കഴിയുന്നതിനുമപ്പുറമായിരുന്നു. ഗൾഫിൽവെച്ച് കാണാമെന്ന ഉറപ്പ്

കൊടുത്ത മകന്റെ എഴുത്തു പോലും വായിക്കാൻ ദൈവം അനുവദിച്ചില്ല. 😭.ഇന്നെനി യ്ക്ക് ഒരു കാര്യം ബോധ്യമായ്,,,, ഭൂമിയിൽസ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരാക്കുന്നത് വരെയെങ്കിലും മാതാപിതാകൾക്ക് ആയുസ്സ് ലഭിയ്ക്കുന്നവരാണ് ഭൂമിയിലെ ഭാഗ്യവാന്മാർ,,,,,,

പ്രിയപ്പെട്ട ഉപ്പ. അങ്ങ് എപ്പോഴും ഓർമ്മപെടുത്തിയിരുന്ന,,,,,,വിദ്യാധനം സർവ്വധനാൽ പ്രധാനം,,,,,,,.അങ്ങയുടെ സ്വപ്നം...,വിദ്യാസംബന്നനായ പുത്രൻ,,, എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയത്തതിന് കുറ്റബോധത്തോടെ മാപ പേക്ഷിക്കുന്നു.എന്നോട് നോകാനേല്പിച്ച പ്രിയപ്പെട്ട അനുജനും അങ്ങയുടെ അരികിലെത്തിയിരിക്കുന്നു..അങ്ങയുടെ വാക്കുകൾ ജീവിതതത്തിൽ പകർത്താൻ കഴിയാത്തതിന്റെ തിക്തഫലം ഭൂമിയിൽ ഇപ്പോഴും ഞാൻ അനുഭവിച്ചു കൊണ്ടിരിക്കുന്നു.ചെയ്ത തെറ്റുകൾക്ക് ആ കാലിൽ വീണ് പ്രായശ്ചിതത്തിനായ് കേണുകൊണ്ട്.. അങ്ങയുടെപരലോകജീവിതം സന്തോഷപ്രദമാകാൻ പ്രാർത്ഥിച്ചുകൊണ്ട്...🙏.

,,,,,,,,,,,,,,,,,,,,,,,,,, മൊയ്തു പി. കരിപ്പായിൽ.



ആർ വി ഉമ്മർ സാഹിബ്

ക്ഷമാപണത്തോടെ, യാത്രയിൽ ആയിരുന്നത് കൊണ്ട് അപൂർണ്ണ മാണെങ്കിലും കെ എം കുട്ടി സാഹിബിനെ പറ്റി എഴുതി വെച്ചത് പോസ്റ്റ് ചെയ്യുകയാണ്:

സ്കൂൾ പ്രായത്തിൽ ഒറ്റ ഇരിപ്പിൽ എന്നപോലെ വായിച്ചു തീർത്ത ഒരു പുസ്തകമായിരുന്നു മർഹൂം K M കുട്ടി സാഹിബിന്റെ "വിധിയോ" എന്ന പുസ്തകം. അനുവാചകരെ വികാരാധീനരാക്കുന്ന, കൂടെ കൊണ്ടുപോകുന്ന രചനാശൈലി. ഒന്നിലധികം തവണ ആ പുസ്തകം വായിച്ചിരുന്നു എന്നാണ് ഓർമ.

കെ എം കുട്ടി സാഹിബ് (കെ മുഹമ്മദ്കുട്ടി എന്ന മാമുട്ടി) ബന്ധത്തിൽ എൻറെ മൂത്താപ്പയാണ്. ഭാര്യാ പിതാവിൻറെ മൂത്ത സഹോദരൻ. എന്റെ വിവാഹം പക്ഷേ അദ്ദേഹം മരണപ്പെട്ടതിന് ശേഷമായിരുന്നു നടന്നത്.

ഞാൻ കേട്ടിട്ടുള്ളത് വെച്ച്, എന്റെ ഉപ്പയുമായി ഒന്നുപോലെ കഴിഞ്ഞിരുന്ന ബാല്യകാല സുഹൃത്തായിരുന്നു കുട്ടി സാഹിബ്. കുട്ടി സാഹിബ് നാടു വിട്ടതിനു ശേഷം അവർ തമ്മിൽ കത്തിടപാടുകൾ നടന്നിരുന്നുവത്രേ. .

ഇവരുടെ പിതാവ് ഒരു മതപണ്ഡിതനായിരുന്നു എന്ന് ഇവിടെ പറഞ്ഞല്ലോ. ഉപ്പാക്ക് ഇദ്ദേഹത്തെ ഒരു മുസ്ലിയാര് ആക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെത്രേ. അങ്ങനെ സ്കൂൾ പഠനവും മതപഠനവും ഒന്നിച്ച് അഭ്യസിപ്പിക്കുകയായിരുന്നു. ഇതിനുവേണ്ടി വടകര അടക്കം പല സ്ഥലങ്ങളിലും അദ്ദേഹം താമസിച്ചു പഠിച്ചിരുന്നു എന്ന് ജനാബ് കെ കെ മുഹമ്മദാലി സാഹിബ് പറഞ്ഞു കേട്ടിട്ടുണ്ട്.

പാടൂരിലെ പള്ളിയിലെ ദർസ് മുടങ്ങിയതിന്റെ പേരിൽ വഴക്ക് കേട്ടതിന് പിന്നാലെ നാട് വിടുകയായിരുന്നു എന്നാണ് കേട്ടറിഞ്ഞിട്ടുള്ളത്. അതിനകം തന്നെ അദ്ദേഹം അറബിയും ഇംഗ്ലീഷും കൈകാര്യം ചെയ്യാൻ നല്ല പരിജ്ഞാനം നേടി കഴിഞ്ഞിരുന്നു. ആദ്യം കോയമ്പത്തൂർ, പിന്നെ ബോംബേ, അവിടെ നിന്ന് പൂനെ. പിന്നീടാണ് കറാച്ചിയിൽ എത്തിപ്പെടുന്നതു. അവിടെ നിന്ന് നാട്ടിലെത്തിയായിരുന്നു വിവാഹം കഴിച്ചത്.

വിവാഹം ചെയ്തത് പുന്നയിൽ നിന്നും അദ്ദേഹത്തിന്റെ തന്നെ പിതൃസഹോദരിയുടെ മകളായ കുഞ്ഞിപ്പാത്തുണ്ണി (കൊച്ചുമോൾ) യെയാണ്. അവരുടെ സഹോദരൻ P K അബൂബക്കർ ഹാജി (പോക്കുട്ടി) ചാവക്കാട് മുനിസിപ്പാലിറ്റി ചെയർമാനായിരുന്നു. മറ്റൊരാൾ പി കെ എം കുട്ടി എഴുത്തുകാരനായിരുനും അലിക്കുട്ടി ഹാജി മുൻ പ്രവാസിയും ആയിരുന്നു.

വിവാഹ ശേഷമാണ് ഗൾഫിലേക്കുള്ള യാത്ര. നാട്ടിൽ നിന്ന് അപൂർവ്വം പേര് മാത്രമാണ് അന്ന് പേർഷ്യൻ ഗൾഫിൽ പോയിട്ടുണ്ടായിരുന്നുള്ളൂ. ഗൾഫിൽ വിവിധ സ്ഥലങ്ങളിൽ അദ്ദേഹം എത്തിയിരുന്നു. ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് മൂലം ചെന്നിടത്തെല്ലാം മികച്ച ജോലികൾ തന്നെ അദ്ദേഹം കരസ്ഥമാക്കി.പിന്നീട് നാട്ടിൽ വന്നതും സ്ഥിരമായതും മറ്റും മുൻപു എഴുതിയവർ പറഞ്ഞതാണു. വാരിക്കോരിക്കൊടുക്കുന്ന ശീലക്കാരനായിരുന്നു. അല്ലാഹു ആ മഹാമനസ്കനു അല്ലാഹു പാപമോചനം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

<u>മക്കൾ നാസ്സർ.പി. കരിപ്പായിൽ & മൊയ്തു. പി.കരിപ്പായിൽ</u>.

<u>കെ.എം. കുട്ടി സാഹിബ്.ഞങ്ങളുടെ പിതാവ് 🙏</u>

തന്റെ അവസാന ശ്വാസം വരെ ജന്മനാടിനെ സ്നേഹിച്ച ഞങ്ങളുടെ പിതാവിനെ അനുസ്മരിക്കാൻ മഹാമനസ്കത കാണിച്ച പാടൂർ പൗരത്വ കൂട്ടായ്മയ്ക്ക് നന്ദിയും കടപ്പാടും കൃതജ്ഞതയും അറിയിക്കുന്നു.🙏 എഴുത്തിലൂടെയും ശബ്ദ സാന്നിധ്യത്തിലൂടെയും പ്രാർത്ഥനാപൂർവ്വം ഞങ്ങളുടെ പിതാവിനെ അനുസ്മരിച്ച എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഞങ്ങൾ അറിയിക്കുന്നു. പിറന്ന മണ്ണിൽ കൊതിതീരുവോളം ജീവിക്കാനുള്ള ആഗ്രഹത്തോടെ പൗരത്വം നേടിയെടുത്ത എന്റെ പിതാവിന് ഹ്രസ്വകാല ജീവിതമാണ് പടച്ചതമ്പുരാൻ നൽകിയത്.

തന്റെ ബാല്യ കൗമാര ജീവിതത്തിന്റെ ഓർമ്മകൾ അദ്ദേഹത്തെ ലോകത്തിന്റെ എവിടെ ചെന്നാലും പാടൂർ എന്ന വികാരത്തിൽ അലിഞ്ഞില്ലാതാക്കും. തന്റെ തറവാട്ടിലെ ഇണ്ണിക്കഎന്ന ഹരിജൻ സ്ത്രീ,തന്നെ മാതൃഭാവനത്തിൽ നിന്ന് പിതൃ ഭവനത്തിലേക്ക് എടുത്തുകൊണ്ടു പോയ നാൾ മുതൽ മനസ്സിൽ രൂപപ്പെട്ട മതനിരപേക്ഷത. ജീവിതത്തിന്റെ അവസാന കാലം വരെയും നിലനിർത്താൻ അദ്ദേഹത്തിന്സാധിച്ചു. താനൊരു അപകടത്തിൽപ്പെട്ടപ്പോൾ. പ്രത്യേകിച്ച് പുതിലെട എന്നക്ഷേത്ര പരിസരത്തെ കുളത്തിൽ മുങ്ങിത്താഴാൻ പോയ തന്നെ വേലായുധൻ എന്ന ഈഴവനായ ഹൈന്ദവ സുഹൃത്ത് രക്ഷിച്ച കഥ കൂടി അദ്ദേഹം പങ്കുവെക്കുന്നുണ്ട്. ആപത്തിൽ സഹായിക്കുന്നവനെ

ജാതിയുടെയോ മതത്തിന്റെയോ വേലികെട്ടി വേർതിരിക്കാൻ സാധ്യമല്ലഎന്ന വസ്തുതയാണ് അദ്ദേഹം അതിലൂടെ വ്യക്തമാക്കുന്നത്. അങ്ങനെ ജീവിതത്തിലുടനീളം തികഞ്ഞ മതനിരപേക്ഷവാദി ആയിട്ടാണ് അദ്ദേഹം നിലകൊണ്ടത്.

ബാല്യത്തിൽ തന്നെ മത വിദ്യാഭ്യാസവും ഭൗതിക വിദ്യാഭ്യാസവും ഒരുപോലെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം മുന്നോട്ട് പോയത്. മത വിദ്യാഭ്യാസത്തിന് തന്നെയേറെ സഹായിച്ച,,,,,,,തങ്ങൾ,, സമൂഹത്തോടുള്ള നന്ദിയും കടപ്പാടും അദ്ദേഹം തന്റെ ആത്മകഥയിൽ വിശദീകരിക്കുന്നുണ്ട്. അതിൽ പ്രത്യേകമായി എടുത്തുപറയുന്നത്. വടകര പള്ളിയിൽ മത വിദ്യാഭ്യാസത്തിനായി ജനാബ് ബാവ മുസ്ലിയാരുടെ ശിക്ഷണത്തിൽ ശാസ്ത്രീയമായി അറബി പഠിക്കാൻ തന്നെ എത്തിച്ചത് വടകര ഇരിങ്ങൽ എന്ന പ്രദേശത്ത് നിന്ന് വിവാഹം കഴിച്ചിട്ടുള്ള നമ്മുടെ നാട്ടുകാരനായ ചെറുകുഞ്ഞികോയതങ്ങൾ ആണെന്ന് അദ്ദേഹം പ്രത്യേകം പരാമർശിക്കുന്നുണ്ട്. മന്നലാംകുന്ന് പടിഞ്ഞാറേ പള്ളി, പുന്നയൂർക്കുളം കോതോട് പള്ളി, എന്നിവിടങ്ങളിലും മതപഠനം നടത്തിയിട്ടുണ്ട്.അതിനു തന്നെ ഏറെ സഹായിച്ച പയ്യൂരായിൽ അഹമ്മു അധികാരി പുത്തൻവീട്ടിൽ കോയക്കുട്ടി കാക്ക. എന്നിവരെ പ്രത്യേകം പരാമർശിക്കുന്നുണ്ട്. മാലകളും മൗലൂദുകളും അതിന്റെ പ്രാധാന്യവും തന്നെ ഏറെ പഠിപ്പിച്ച പഴുന്നാനാഉമ്മർ മുസ്ലിയാരെയും അദ്ദേഹം പ്രത്യേകം പരാമർശിക്കുന്നുണ്ട്.

വിദ്യാഭ്യാസ കാലഘട്ടത്തിലെ സഹപാഠികളായ സി കെ ശങ്കുരു മാസ്റ്റർ.ജില്ലാ ജഡ്ജായി റിട്ടയർ ചെയ്ത ലീലാ മേടം. എന്നിവരെ ഓർത്തെടുക്കുന്നുണ്ട്. വിദ്യാഭ്യാസ കാലഘട്ടത്തിനുശേഷം കോയമ്പത്തൂരിൽ വെച്ച് പട്ടാള റെജിമെന്റിൽ ചേർന്നു. നേതാജിയുടെ ആശയത്തോട് ആഭിമുഖ്യം ഉണ്ടായിരുന്നതുകൊണ്ട് പട്ടാള സേവനം നിർത്തി അദ്ദേഹം പൂനയിലേക്ക് പുറപ്പെട്ടു. അവിടെ നിന്നുമാണ് കറാച്ചിയിലേക്ക് എത്തപ്പെട്ടത്. അവിടെവെച്ച് നമ്മുടെ നാട്ടുകാരായ ഒട്ടേറെ മലയാളികളെ കണ്ടുമുട്ടാൻ ഇടയായി. ഹോട്ടൽ ജീവനക്കാരായിട്ടും ഹോട്ടൽ വ്യവസായികളായിട്ടും. ബീഡി തൊഴിലാളി കളായിട്ടും ഒട്ടേറെ പേർ അവിടെയുണ്ടായിരുന്നു. അതിൽ ബഹു ഭൂരിപക്ഷവും ബോംബെയിൽ നിന്ന് വന്നവരാണ്. പൗരത്വം ഇത്രത്തോളം ദുരന്ത പര്യവസായി ആകുമെന്ന് അവരാരും കരുതി കാണില്ല. ജീവിക്കാനും ജീവിപ്പിക്കാനുള്ള നെട്ടോട്ടത്തിൽ അതിർത്തികളെ കുറിച്ച്. പൗരത്വത്തെ കുറിച്ച്.ഇരു രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചോ ഒരു സാധാരണക്കാരനും ചിന്തിക്കില്ലല്ലോ. പിന്നീടുള്ള ജീവിതം സംഭവബഹുലം 1946 1948 കാലഘട്ടത്തിൽ കറാച്ചി കേരള ക്ലബ് സെക്രട്ടറി പാക്കിസ്ഥാൻ റേഡിയോയിൽ കൂടി മലയാളഭാഷയിൽ ഒരു പ്രഖ്യാപനം നടത്താൻ അനുമതി തേടി ഇന്ത്യൻ ഐ കമ്മീഷണർക്ക് നിവേദനം സമർപ്പിച്ചു. അനുമതി ലഭിച്ചില്ലെന്ന് മാത്രമല്ല അതിന്റെ പേരിൽ ജയിൽവാസം അനുഭവിക്കേണ്ടിവന്നു. പിന്നീട് സിന്ധ് പ്രവിശ്യയിലെ മിർപ്പൂർഗാസ് എന്ന നഗരത്തിൽ ഡെവലപ്മെന്റ് ബോർഡ് ഓഫീസിൽ അക്കൗണ്ടന്റായി ജോലി ലഭിച്ചു. അവിടെവച്ച് പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്യുന്നതി നെതിരായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി കള്ളക്കേസ് ഉണ്ടാക്കി ജയിലിൽ അടച്ചു. പിന്നീട് ഹൈദരാബാദ് ജയിലിലേക്ക് മാറ്റി.

വിചാരണയ്ക്കിടയിൽ ഷിയാ വിഭാഗക്കാരനായ ജഡ്ജ്.സിക്കന്ദറിന്റെ മുൻപിൽ തനിച്ച് കേസ് വാദിച്ച് ജയിൽ മുക്തനായി.(മൗലാന മൗദൂദിക്ക് പോലുംഇളവ് അനുവാദി കാതിരുന്ന ജഡ്ജിയാണ് സിക്കന്ദർ) 1952 മുതൽ ഇന്ത്യയിലേക്കുള്ള പ്രവേശനം നിയമം മൂലം നിരോധിക്കപ്പെട്ടതോടുകൂടി പിന്നീട് ഗൾഫ് രാജ്യത്തിലേക്ക് പ്രവേശിക്കുകയായിരുന്നു. ഖത്തർ മസ്കത്ത് തുടങ്ങിയ വിവിധ അറബ്രാജ്യങ്ങളിലും അബുദാബി ഉൾപ്പെടുന്ന പ്രദേശത്തും ബഹറിനിലും ജോലി ചെയ്തു.ഇവിടെയെല്ലാം സഞ്ചരിച്ചിരുന്നത് പാക്കിസ്ഥാൻ പാസ്പോർട്ട് ഉപയോഗിച്ചിട്ടാണ് അതല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെ ഇന്ത്യയിലെ കോമറ്റു ഗൾഫ് രാജ്യങ്ങളിലേക്കോ പ്രവേശിക്കൽ അസാധ്യമായിരുന്നു. കൂടുതൽ വിശദീകരിക്കുന്നില്ല. 1954 ൽ തുടങ്ങി പൗരത്വ പോരാട്ടം 1967ലാണ് വിജയം കാണുന്നത്. സ്വന്തം മണ്ണിൽ സന്തോഷപ്രദമായ ജീവിതം പിന്നെയും പ്രയാസമായി മാറി.,, അഷറഫ്ക്കയും .,,, നാസറുദ്ദീൻ തങ്ങളും,, ചുണ്ടികാട്ടിയ,,,,,കായല് വക്കത്തെ,,, വീട്ടിലേക്ക്,,, അപ്രതീക്ഷിതമായി ഇൻകം ടാക്സ് ഉദ്യോഗസ്ഥരെത്തി. ഞാൻ അന്ന് കേവലം കൈ കുഞ്ഞായിരുന്നു. വീട്ടിൽ റെയ്ഡ് നടത്തി പറ്റാവുന്ന മാർഗ്ഗങ്ങൾ എല്ലാം ഉപയോഗിച്ചു കാര്യമായി ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ഉമ്മ ഉൾപ്പടെയുള്ളവർ ഏറെ അസ്വസ്ഥരായി. താമസം മാറാൻ തീരുമാനിച്ചു. ഇവിടത്തെ വസ്തുവകകൾ അതുപോലെ നിലനിർത്തിക്കൊണ്ടുതന്നെ ചാവക്കാടിന് അടുത്ത് ആലും പടിയിൽ വീടും സ്ഥലവും വാങ്ങി താമസിച്ചു. ഇ.ഡി.യ്ക്ക് എതിരെ മദ്രാസ് കോടതിയിൽ നിയമ പോരാട്ടം തുടങ്ങി. രണ്ട് വർഷം നീണ്ടു നിന്ന വ്യവഹാരത്തിന് ശേഷംഞങ്ങൾക്ക് അനുകൂലമായി വിധി പറയുക മാത്രമല്ല. കർശന സ്വരത്തിൽ ഇ.ഡി.യ്ക്ക് താക്കീതും നൽകി. നൂറിൽപരം എഴുത്തുകളാണ് നാട്ടിൽ നിന്ന് പരാതിയായി ലഭിച്ചതെന്നാണ് ഇ.ഡി. ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയത്. തിക്താനുഭവം ഉണ്ടായിട്ടും ആരോടും എന്റെ പിതാവ് പരിഭവമോ? ശത്രുതയോ ? വെച്ച് പുലർത്തിയില്ല. സ്വന്തം മണ്ണിൽ തിരിച്ചെത്താനുള്ള അദമ്യമായ ആഗ്രഹംകൈവിട്ടില്ല. പാടൂരെന്നഈ ഗ്രാമംഅത്രആഴത്തിലാണ് അദ്ദേഹത്തിന്റെ മനസിനെ സ്വാധീനിച്ചത്. അങ്ങിനെയാണ് ഇപ്പോൾ ഞങ്ങൾ താമസിക്കുന്ന സ്ഥലത്തെതിയത്. അപ്പോഴും കൂടുതൽ നാട്ടിൽ നില്ക്കാൻഅദ്ദേഹത്തിന് സാധിച്ചിരുന്നില്ല. നെജീബ്ക്ക സൂചിപ്പിച്ച ഇലക്ഷൻ കാലത്ത് ആകെ രണ്ട് വർഷം മാത്രമാണ് ഈ മണ്ണിൽ ജീവിച്ചത്. 1980 ൽ വീണ്ടും പ്രവാസത്തിലേയ്ക്ക് മടങ്ങിയ അദ്ദേഹം 1982 ൽ ഞങ്ങളെ വിട്ടു പോയി. തണലേകുന്ന മേൽകൂരയായ പിതാവിനെ ചെറു ബാല്യത്തിൽ നഷ്ടപ്പെട്ടവരുടെ വേദന വിവരണാതീതമാണ്.വീണ്ടും ഒരിക്കൽ കൂടി ഞങ്ങളുടെ പിതാവിന്റെ ഓർമ്മകൾ പങ്ക് വെച്ച പ്രാർത്ഥന നടത്തിയ പ്രിയ കൂട്ടായ്മ സൗഹൃദങ്ങളെ നിങ്ങളോടുള്ള കടപ്പാട് എന്നും ഞങ്ങളുടെ മനസ്സിൽ അവശേഷിക്കും. എല്ലാവർക്കും നല്ലത് വരട്ടെ. എന്ന പ്രാർത്ഥനാ മന്ത്രത്തോടെ

നന്ദി നമസ്കാരം. അസ്സലാമു അലൈക്കും

പ്രാർത്ഥനാപൂർവ്വം🤲

നാസ്സർ.പി. കരിപ്പായിൽ, മൊയ്നു. പി.കരിപ്പായിൽ.



15 Jan 2026

Episode-16

മർഹൂം ജാഫർ സാദിഖ് തങ്ങൾ



അസ്സലാമുഅലൈക്കും

ഇന്ന് പാടൂർ മഹൽ കൂട്ടായ്മയിൽ നാം ഓർക്കുകയും അനുഭവങ്ങൾ പങ്കു വയ്ക്കുകയും ചെയ്യുന്നത് മഹനീയ വ്യക്തിത്വം മർഹൂം ജാഫർ സാദിഖ് തങ്ങളെ ആണ്.

ഒരുപാട് പറയാനുണ്ട് ഈ മർഹൂമിനെ കുറിച്ച്, ഓരോ പാടൂക്കാരുടെയും ഹൃദയത്തിൽ നിന്നും…ഓർമ്മകളായി, അനുഭവങ്ങളായി,വാക്കുകളായി ഒഴുകി വരാനുള്ളത്.പറയൂ… എഴുതൂ…

ഓർമ്മകൾ ജീവിച്ചിരിക്കട്ടെ

അള്ളാഹു അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കട്ടെ, സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ, ആമീൻ!

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/kD4HkXB5Rrc?si=Lv4uYLxPMTD5NXXn

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtube.com/shorts/KrHUBox36k8?si=MN4_KPRHG3YD308n

ഷെരീഫ് ബാബു

പാടൂർ ജാഫർ സ്വാദിക്ക് തങ്ങൾ

റബ്ബിലേക്ക് മടങ്ങിയിട്ട് അധിക കാലം ഒന്നും ആയിട്ടില്ല,അവർ ഇപ്പോഴും അവിടങ്ങളിൽ ഉണ്ട്. നാടിന്റെ നല്ല തങ്ങൾ ....

പാടൂർ മഹല്ല് കമ്മറ്റി അംഗം, പാടൂർ ചാരിറ്റബിൾ കിഡ്നി ഫൌണ്ടേഷൻ അജീവനാന്ത അംഗം ദീനി സേവനങ്ങളെ ജീവിത ലക്ഷ്യമാക്കി നടന്നു നീങ്ങിയ നല്ലൊരു തങ്ങൾ ...അഭിപ്രായ വിത്യാസങ്ങൾ കൃത്യമായി പറഞ്ഞിരുന്ന തങ്ങൾ, ആദർശങ്ങളിൽ വിട്ടു വീഴ്ച്ച ഇല്ലാതെ ഉറച്ചു നിന്നും ...കൃത്യമായി സംസാരിച്ചും തങ്ങൾ അവിടെ ഉണ്ടായിരുന്നു ...

സൗഹൃദം കൊണ്ടു തെളിഞ്ഞു നിൽക്കുന്ന തങ്ങൾ. വലിപ്പ ചെറുപ്പങ്ങളെ ചങ്ങാത്തം കൊണ്ട് പരാജയപ്പെടുത്തിയ നല്ലൊരു നാട്ടുകാരൻ.. സ്നേഹത്തോടെ എന്നും സംസാരിച്ചു ..സലാം പറഞ്ഞു കൈ കൊടുത്താൽ നമ്മൾ വിടാതെ കൈ പിൻവലികാത്ത അപൂർവ്വം കാണുന്ന മനുഷ്യ പ്രകൃതം.

നാട്ടിൽ പോകുമ്പോഴെല്ലാം നേരിൽ കണ്ടിരുന്ന പ്രിയ തങ്ങൾ ...എവിടെ കണ്ടാലും മിണ്ടി പറയുന്ന തങ്ങൾ മഹല്ലിന്റെ മീറ്റിംഗിൽ മുടങ്ങാതെ പങ്കുകൊണ്ടിരുന്ന തങ്ങൾ..ശാരീരിക ബുദ്ധിമുട്ടുകൾ തോറ്റു പോകുന്ന ചുറു ചുറുക്ക് ...തനിക്ക് ആവുന്നില്ലെങ്കിലും മുന്നിൽ നടക്കാനും നടത്താനും പ്രോത്സാഹനം നൽകിയിരുന്ന തങ്ങൾ ...ആദ്ധ്വാനിച്ചും , സേവിച്ചും , സ്നേഹിച്ചും, ഉള്ളതിൽ നിന്ന് നൽകിയും തനിക്ക് മുന്നിലെ ജീവിതത്തെ സന്തോഷമാക്കിയ തങ്ങൾ ...

ഓർമ്മകൾ ഏറെ നൽകിയാണ് തങ്ങൾ നമ്മിൽ നിന്നും പടിയിറങ്ങിയത്.റബ്ബ് അദ്ദേഹത്തെ അവന്റെ ജന്നാത്തുൽ ഫിർദൗസിൽ സ്വീകരിക്കട്ടെ..

പാടൂർ ചാരിറ്റബിൾ കിഡ്നി ഫൌണ്ടേഷൻ രൂപീകരിക്കുമ്പോൾ ആദ്യം പോയി അഭിപ്രായങ്ങൾ തേടിയ തങ്ങൾ, എന്നും കൂടെ ഉണ്ടാവുമെന്ന് കരുതിയ തങ്ങൾ.. പാടൂർ ഗ്രാമത്തിൽ പുലർന്ന ഒരു പകലിൽ നിന്നും റൂഹിനെ പിരിഞ്ഞു പോയത് ...

ഇനിയുള്ള ഓരോ പുലർ കാലങ്ങളിൽ തങ്ങൾ ഇല്ലാതെയാണ് ആ ഗ്രാമം വെളുക്കാറുള്ളത് വെള്ളയിൽ പുതച്ചു തങ്ങൾ ആറടി മണ്ണിലേക്ക് ചേർന്നെങ്കിലും തങ്ങളെ അവസാന കാഴ്ച്ച കാണാൻ കഴിഞ്ഞില്ല എന്നാലും മാഞ്ഞുപോയ തങ്ങൾ ഓർമ്മയിൽ കൂടെ ഉണ്ടാകും

അദ്ദേഹത്തിന്റെ മുൻഗാമികൾ പോയി കിടക്കുന്ന മസ്ജിദുൽ ഹംസിയയുടെ ആറടി മണ്ണിൽ തങ്ങൾ വിശാലമായ ആ ഖബർസ്ഥാനിലാണ്.

മരണമെന്ന യാഥാർഥ്യം സത്യമായും നമ്മെയും നോക്കി നിൽക്കുകയാണ്. തങ്ങളെ പോലെയുള്ളവരുടെ വിടവാങ്ങലുകൾ അതൊരു താക്കീതായി ഓർമ്മപ്പെടുത്തലുകളായി ഇടയ്ക്കിടെ വിരുന്നു വരുന്നുവെന്ന് മാത്രം ..സ്നേഹം തന്നവരുടെ മരണത്തെ ഓർക്കൽ ഒരു ഓർമപ്പെടുത്തലാണ്... റബ്ബ് അദ്ദേഹത്തിന്റെ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും ക്ഷമനൽകട്ടെ ....

ജീവിതത്തിൽ വന്നു പോയ ചെറുതും വലുതുമായ വീഴ്ച്ചകൾ പൊറുത്തു കൊടുക്കുമാറാകട്ടെ ...ഖബർ വിശാലമാക്കട്ടെ നാളെ റബ്ബ് അദ്ദേഹത്തെയും നമ്മെയും സ്വർഗത്തിൽ പ്രവേശിപ്പിക്കട്ടെ. ആമീൻ ആമീൻ യാ റബ്ബൽ ആലമീൻ. ഇരു കൈകൾ തമ്പുരാനിലേക്ക് നീട്ടി ദുആ ചെയ്യുന്നു.. നാഥാ പ്രിയപ്പെട്ട തങ്ങളെ അനുഗ്രഹിക്കേണമേ.

ഷരീഫ് ബാബു

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

കാഴ്ച്ചക്ക് ചെറിയ പ്രശ്നങ്ങൾ ഉള്ളത് കൊണ്ട്, വൈദ്യോപദേശം മാനിച്ച്കുറച്ച്ദിവസമായി ഞാൻ എഴുത്തിനും വായനക്കും അവധി കൊടുത്തിരിക്കുകയായിരുന്നു. ജാഫർ സാദിഖ് തങ്ങളുമായി ഒരുമിച്ച് പ്രവർത്തിക്കാൻ അവസരം ലഭിച്ച(പ്രത്യേ കിച്ച് അദ്ദേഹത്തിന്റെ അവസാന നാളുകളിൽ)വ്യക്തികളിൽ ഒരാൾ എന്നനിലയിൽ,ഒന്നും പറയാതെ പോകുന്നത് വലിയ നീതികേടാവുമെന്ന് വിശ്വസിക്കുന്നത് കൊണ്ടാണ് അദ്ദേഹത്തെ ഓർമിക്കാനുള്ള ഈ അവസരം നഷ്ടപ്പെടുത്തരുതെന്ന തീരുമാനത്തിൽ എത്തിയത്.****പാടൂരിലെ രാഷ്ട്രീയ, വിദ്യാഭ്യാസ, ജീവകാരുണ്യ, മത, സാംസ്കാരിക രംഗങ്ങളിൽ ഒരേ സമയം പ്രവർത്തിച്ച് കൊണ്ടിരുന്ന തങ്ങൾ പ്രവാസകാലത്തും നിഷ്ക്രിയനായിരുന്നില്ല. മുഖ്യമായും ചാരിറ്റിപ്രവർത്തനങ്ങക്കായി രൂപീകരിച്ച "ഖത്തർ പാടൂർ വെൽഫെയർ അസോസിയേഷനി"ൽ സജീവമായിരുന്നു, അദ്ദേഹം. പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ എത്തിയശേഷം qwpa യുടെ സേവനങ്ങൾ അർഹരിലേക്ക് എത്തിക്കുന്ന ലിങ്ക് അദ്ദേഹമായിരുന്നു. ഏത് കാലത്തും ഖത്തർ അസോ സിയേഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളെല്ലാം മഹല്ല് കമ്മറ്റി വഴിയായിരുന്നു അവകാശിക ളിലെത്തിയിരുന്നത്.അത് മറ്റു പ്രവാസി സങ്കട നകൾക്കില്ലാത്ത പ്രത്യേകത ആയിരുന്നു. മഹല്ലുമായി സഹകരി ച്ചുകൊണ്ടുള്ള പ്രവർത്തനം സംഘടനയുടെ രീതിയായി സ്വീകരിക്കാൻ സാദിഖ് തങ്ങളുടെയും സ്വാധീനം കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.**-**നമ്മുടെ മഹല്ലിൽതർക്കനിവാരണത്തിനായി അഞ്ച് അംഗങ്ങൾ ഉള്ള മസ്ല ഹത്ത് കമ്മറ്റി ഉണ്ട്. മഹല്ല് അംഗങ്ങൾ തമ്മിലോ, കുടുംബങ്ങൾ തമ്മിലോ, മറ്റു തരത്തിലോ ഉള്ള തർക്കങ്ങളും അഭിപ്രായാവ്യത്യാസങ്ങളും ചർച്ചചെയ്ത് പരിഹാരം കാണലാണ് ഉദ്ദേശം.ആകമ്മിറ്റിയിൽ പലതവണ സാദിഖ് തങ്ങൾക്കൊപ്പം പ്രവർത്തിക്കാൻ

എനിക്ക്അവസരമുണ്ടായിട്ടുണ്ട്. അന്നെല്ലാം കമ്മിറ്റി കൺവീനർ സാദിഖ് തങ്ങൾ ആയിരുന്നു .തർക്കത്തിലുള്ള രണ്ട്പാർട്ടി /കക്ഷികളുമായും സംസാരിച്ച് അനുരഞ്ചനത്തിലെത്തിക്കാൻ സാദിഖ് തങ്ങളുടെ ക്ഷമയും, സൗമ്യതയും,മതപരമായഅറിവുംവളരെസഹായകമായിരുന്നു.കൺവീനർ എന്ന നിലയിൽ ചർച്ചകളുടെ വിശദമായ മിനുട്ട്സ് എഴുതിതയാറാക്കുന്ന കാര്യത്തിൽ ഒരു വീഴ്ചയും വരാതെ ശ്രദ്ധിക്കുമായിരുന്നു.കരാറുകളിൽ കക്ഷികളുടെയും സാക്ഷികളുടെയും ഒപ്പുകൾ ഉണ്ടാവണമെന്ന് പ്രത്യേകം ശ്രദ്ധിച്ചു.പിന്നീട് ആ വിഷയത്തിൽ ഉണ്ടാവുന്ന സംശയങ്ങക്ക് രേഖമൂല മുള്ള തെളിവായി മാറി, ആകീഴ്വഴക്കം.സാദിഖ് തങ്ങൾ മഹല്ലിന്റെ അനുരഞ്ജനകമ്മറ്റികൺവീനർ ആയിരുന്ന കാലത്താണ് കേരള ഹൈക്കോടതി മുസ്ലിം സ്ത്രീകൾക്ക് കോടതിമുഖേനയല്ലാതെ ഏകപക്ഷീയമായി വിവാഹമോചനത്തിന് അവകാശം ഉണ്ടെന്ന് വിധി പ്രസ്ഥാവിച്ചത്.പുരുഷൻ സ്ത്രീയെ ത്വലാഖ് ചൊല്ലുന്നത് പോലെ സ്ത്രീക്കുംവിവാഹബന്ധം അവസാനിപ്പിക്കാം എന്ന വിധി. ആ വിധി സംബന്ധിച്ച് വിശദ മായിമനസ്സിലാക്കാനും അതിനനുസരിച്ച് അനുരഞ്ജന കരാറുകൾതയ്യാറാക്കാനും അദ്ദേഹം നന്നായി ഗൃഹപാഠം ചെയ്യുകയുണ്ടായി.****തുടർച്ചയായിഅഞ്ചോ ആറോ തവണ ജമാ അത്ത് കമ്മറ്റിയിൽ പ്രവർത്തിച്ചു. പല തവണ ഭാരവാഹിയായി പ്രവർത്ഥിച്ച് മികവ് തെളിയിച്ചതാണ്.മഹല്ലിന്റെ അധ്യക്ഷൻ ആകാൻ എല്ലാനിലയിലും അർഹനായിരുന്നെങ്കിലും ഓരോ ഘട്ടത്തിലുംനിസ്സാരമെങ്കിലും,പലവിധ തടസ്സങ്ങൾക്ക് വഴങ്ങികൊടുത്തു.*കക്ഷി രാഷ്ട്രീയ രംഗത്ത് അദ്ദേഹത്തിന് തന്റെതായ നിലപാടു കളുണ്ടായിരുന്നു.ബാബരിമസ്ജിദിന്റെ തകർച്ചക്ക് ശേഷം സാദിഖ് തങ്ങൾ iuml ൽ ഉണ്ടാവുകയോ, അതിനോട് അനുഭവം പുലർത്തുകയോ ചെയ്തിട്ടില്ല എന്നാണ് ഞാൻമനസ്സിലാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ പിതാവ് ഉറച്ച കമ്മ്യൂണിസ്റ്റ്കാരനായിരുന്നു. പാർട്ടി നിരോധിച്ച കാലത്ത് പോലും ഒളിവിൽ നടന്നിരുന്ന കമ്യൂണിസ്റ്റ് പാർട്ടി ക്ലാസ്സുകളിൽആറ്റക്കോയതങ്ങൾ(സാദിഖ്തങ്ങളുടെപിതാവ്) പങ്കെടുത്തി രുന്നതായാണ് എന്റെ അറിവ്.ഒഴുക്കിനെതിരാണെന്കിലുംആദർശത്തിൽ പിടിച്ച് നിൽക്കാനേ അദ്ദേഹത്തിന് ആവുമായിരുന്നുള്ളു.അദ്ദേഹത്തിന്റെ മാതാവ് എ. എസ് എം തങ്ങൾമാരുടെ സഹോദരിയും,സഹധ ർമിണിഎ. എസ്. എം.സൈനുൽ ആബിദീൻതങ്ങളുടെ മകളുമാണ്.****പലവിധ രോഗങ്ങളാൽ ശാരീരിക അവശത നേരിട്ടപ്പോഴും കർമരംഗത്ത് അദ്ദേഹം സജീവമായിരുന്നു.സമസ്തയുടെ പൊതു പരീക്ഷകളിൽ A+കിട്ടിയ മദ്രസ്സ വിദ്യാർഥികൾക്ക് സമ്മാനം കൊടുക്കാൻ ഫണ്ട്ശേഖരണത്തിനായി നടന്ന് പിരിവിനിറങ്ങുമ്പോൾ അദ്ദേഹം ഏറെ അവശനായിരുന്നു എന്ന കാര്യംഓർത്തുപോവുകയാണ്.ആരോടുംപരിഭവമില്ലാതെ, ആർക്കും പരിഭവത്തിന് അവസരം കൊടുക്കാതെ, എല്ലാവർക്കും സ്നേഹ ബഹുമാനങ്ങൾ നൽകി , എല്ലാവരുടെയും സ്നേഹവും, ആദരവും, ബഹുമാനവും ഏറ്റുവാങ്ങിയ നിഷ്കളങ്കനും, നീതിമാനുമായ ബഹുമാനപ്പെട്ട ജാഫർ സാദിഖ് തങ്ങളുടെ ഖബർ വിശാലമാക്കട്ടെ, അവിടെ സുഖവും സമാധാനവും ഉണ്ടാവട്ടെ. സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ.***-R. V.സൈദുമുഹമ്മദ്.

ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtube.com/shorts/vudxlUAuALo?si=ezMv9MMEhs2Ywrl6

റഷീദ് ഹുസൈൻ

ജാഫർ തങ്ങൾ

ഐവ എന്ന ഞങ്ങളുടെ കൂട്ടായ്മക്ക് താങ്ങും തണലായി നിന്ന് ഞങ്ങളെ നയിച്ചയാൾ. നാട്ടിലും വിദേശത്തുമുള്ള പല കൂട്ടായ്മകൾക്കും തീരാ നഷ്ടമായിരുന്നു തങ്ങളുടെ മരണം. മരണാ സന്നന്നായി വീട്ടിൽ വിശ്രമിക്കുമ്പോളും ഐവ യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സൗഹൃദ സംഭാഷണങ്ങൾ ക്കായി ഞങ്ങളെ വിളിച്ചു വേണ്ട നിർദ്ദേശങ്ങൾ തരും.

സഹായങ്ങൾ ചെയ്യുമ്പോൾ നമ്മുടെ മതസ്ഥരെ മാത്രം നോക്കി ചെയ്യരുതെന്നും മറ്റു പിന്നോക്കം നിൽക്കുന്ന മാതാവിഭാഗങ്ങളെയും കൂടെ കൂട്ടണമെന്നും നിർബന്ധമുള്ള ആളായിരുന്നു. ഇടിയഞ്ചിറ മസ്ജിദുൽ ഹമ്സിയയുടെ കുളം നവീകരണവും കവാട നിർമാണവും തങ്ങളുടെ സ്വപ്ന പദ്ധതികളായിരുന്നു.

പടച്ചവൻ സ്വർഗം നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

ലത്തീഫ് വാക്കയിൽ

ജാഫർ സാദിക്ക് തങ്ങളുമായി ബന്ധം പുലർത്തിയിട്ടുള്ള ആർക്കും അദ്ദേഹത്തെ അത്ര പെട്ടെന്ന് മറക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഏത് കൂട്ടായ്മയിലായാലും നിറസാന്നിധ്യമായിരുന്ന അദ്ദേഹം, നല്ലൊരു നേതൃശേഷിയുള്ള വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. ഏതൊരു കാര്യത്തിലും വ്യക്തമായ നിലപാടുകളോടെ മുന്നേറുന്ന അദ്ദേഹത്തിന്റെ സമീപനം, പലർക്കും പ്രചോദനമായിരുന്നു. ഒരു ബിരുദ ധാരി കൂടിയായ അദ്ദേഹത്തിന്റെ പെരുമാറ്റ ശൈലി ആരെയും ആകർഷിക്കുമായിരുന്നു.

ജാതി, മതം, രാഷ്ട്രീയം എന്നീ ഭേദങ്ങൾക്കപ്പുറം മനുഷ്യരെ ചേർത്തു പിടിക്കുന്ന മനസ്സ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സമ്പത്തായിരുന്നു. ആദ്യകാലങ്ങളിൽ വെറും പരിചയം മാത്രമായിരുന്നെങ്കിലും, ഒരു ബിസിനസ് സംരംഭ കൂട്ടായ്മ ആരംഭിച്ചപ്പോഴാണ് അദ്ദേഹത്തെ അടുത്തറിയാൻ സാധിച്ചത്. അപ്പോഴാണ് അദ്ദേഹത്തിനുള്ള അതുല്യമായ ഡെഡിക്കേഷൻ എത്രത്തോളം ആഴമുള്ളതാണെന്ന് മനസ്സിലായത്. തെറ്റുകൾ തുറന്നു ചൂണ്ടിക്കാണിക്കാനും, അതേ സമയം സ്നേഹത്തോടെ തിരുത്താനും അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു.

ചാരിറ്റി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് അദ്ദേഹത്തിന്റെ സാന്നിധ്യം ഏറ്റവും ശക്തമായി അനുഭവപ്പെട്ടത്. സഹായം ആവശ്യമുള്ളിടത്ത് മുന്നിൽ നിൽക്കുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. അവസാന കാലങ്ങളിൽ കേൾവി ശക്തി കുറച്ചുകുറഞ്ഞിരുന്നുവെന്ന് ശ്രദ്ധി

ച്ചിരുന്നുവെങ്കിലും, അദ്ദേഹവുമായി നടത്തിയ whatsap സന്ദേശങ്ങൾ ഇന്നും ഓർമ്മകളായി നിലനിൽക്കുന്നു. അവ ഡിലീറ്റ് ചെയ്യാൻ മനസ്സ് ഒരിക്കലും അനുവദിച്ചില്ല; ഇടയ്ക്കിടെ കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ സാന്നിധ്യം വീണ്ടും അനുഭവപ്പെടുന്നു.

അദ്ദേഹം വിടപറഞ്ഞ സമയത്ത് മയ്യിത്ത് കാണാനും ജനാസയിൽ പങ്കെടുക്കാനും കഴിഞ്ഞു, അൽഹംദുലില്ലാഹ്.

അല്ലാഹു അദ്ദേഹത്തിന്റെ ഖബറിടം വിശാലമാക്കി കൊടുക്കട്ടെ. അദ്ദേഹത്തെയും നമ്മെയെല്ലാവരെയും സ്വർഗ്ഗത്തിന്റെ അവകാശി കളാക്കട്ടെ. ആമീൻ.

ആർ വി ഉമ്മർ സാഹിബ്

إنَّ اللَّهَ قسمَ بينَكم أخلاقَكم كما قسَّمَ بينَكم أرزاقَكم

(നിങ്ങളോരോരുത്തരുടെയും അന്നം നിങ്ങൾക്ക് പങ്കു വെച്ചു തന്നതുപോലെ അല്ലാഹു നിങ്ങളുടെ സ്വഭാവശീലങ്ങളും നിങ്ങൾക്കിടയിൽ പകുത്ത് തന്നിട്ടുണ്ട്.)

മികച്ച വ്യക്തിത്വം ഉള്ളവർക്ക് മാത്രമേ മറ്റുള്ളവരോട് മാന്യവും പക്വവുമായി പെരുമാറാനുള്ള ഭാഗ്യമുണ്ടാവൂ. അത് ജഗന്നിയന്താവിന്റെ ദാനമാണ്. ജനാബ് ശരീഫ് ബാബു എഴുതിയത് ഒട്ടും അതിശയോക്തിപരമല്ല എന്ന് പറയട്ടെ.

പ്രതികരിക്കുന്ന ക്ഷുഭിത യൗവനമായും, തന്ത്രജ്ഞനായ സംഘാടകനായും, ജനകീയനായ നേതാവായും ക്ഷമാശീലനായ മധ്യസ്ഥനായും സാമൂഹ്യ-കാരുണ്യ പ്രവർത്തകനായും വിവിധ റോളുകളിൽ സാദിഖ് തങ്ങളെ ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. മാന്യവും ഇരുത്തം വന്നതുമായ പെരുമാറ്റമല്ലാതെ മറ്റൊന്നും അദ്ദേഹത്തിൽ നിന്ന് ഉണ്ടായി കണ്ടിട്ടില്ല. ആളുകളുടെ പ്രശംസാ വചനങ്ങളിൾ പരിധി വിട്ട് പൊങ്ങുകയോ നിശിത വിമർശകരുടെ നേർക്ക് പോലും വ്യക്തിപരമായി പ്രതികരിക്കുകയോ അദ്ദേഹം ചെയ്യാറില്ല.

ജാഫർ സാദിഖ് തങ്ങൾ, പി കെ താലിബ്, പി കെ സിദ്ദീഖ്, എ ടി ഇബ്രാഹിംകുട്ടി തുടങ്ങിയ യുവതുർക്കികൾ ഒരു ഗാങ്ങായി നടന്നിരുന്ന ഒരു കാലം. പ്രായത്തിൽ ഇളയതാണെങ്കിലും ഇടക്കാലത്ത് സംഘത്തിലേക്ക് ഞാനും കൂടി. എന്റെ സ്കൂൾ കാലം മുതലുള്ള കൂട്ടു കെട്ടായിരുന്നു തങ്ങളുമായി.

1976 ൽ മുസ്ലിം ലീഗിൽ ഉണ്ടായ പിളർപ്പിന്റെ ഒരു പ്രധാന കാരണം അന്നത്തെ യൂത്ത്ലീഗ് നേതൃത്വം, ലീഗ് നേതൃത്വവുമായി നേർക്കുനേർ ഏറ്റുമുട്ടി യതായിരുന്നു. വിദ്യാർത്ഥി, യുവജന പോഷക ഘടകങ്ങൾക്കു ലീഗിൽ സമീപകാലത്തൊന്നും കിട്ടാത്ത ഒരു ശ്രദ്ധ ലഭിച്ച സമയം. ജില്ലാ ലീഗിന്റെ പോഷക സംഘടനകളിൽ പാടൂരിന്റെ വലിയ സാന്നിധ്യം ഉറപ്പാക്കുന്നതിൽ തങ്ങൾ മുന്നിലുണ്ടായിരുന്നു. സ്വയം സ്ഥാനമാനങ്ങൾ ഉറപ്പിക്കുന്നതിൽ തങ്ങൾക്ക് പണ്ടേ താൽപര്യം ഉണ്ടായി കണ്ടിട്ടില്ല.

1977ൽ ഞാൻ ഗൾഫിലേക്ക് വണ്ടി കയറി. തങ്ങൾ പിന്നീടും നാട്ടിൽ സജീവമായിരുന്നു. അത് കഴിഞ്ഞു വർഷങ്ങൾക്കു ശേഷം സാദിക്കു

ഖത്തറിൽ പ്രവാസിയായി എത്തിയപ്പോൾ അവിടെ ഞങ്ങൾ വീണ്ടും കൂട്ടായി. തൈസിർ കമ്പനിയിൽ പ്രധാനപ്പെട്ട ജോലിയായിരുന്നു അദ്ദേഹത്തിന്. ഇടക്കാലത്ത് യുഎഇയിലേക്ക് തിരിച്ചു പോയെങ്കിലും വീണ്ടും ആ ലാവണത്തിലേക്ക് (ഖത്തറിലേക്ക്) തന്നെ അദ്ദേഹം ഒരിക്കൽ കൂടി തിരിച്ചു വന്നു. ഈ രണ്ടു വരവിലും ഖത്തർ പ്രവാസി സംഘടനയുടെ പ്രസിഡണ്ടായി ഓരോ ടേം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. QPWA യുമായുള്ള പ്രത്യേക ബന്ധം ജീവിതാവസാനം വരെ അദ്ദേഹം നിലനിർത്തി.

പ്രവാസജീവിതം മതിയാക്കി നാട്ടിലെത്തിയ അദ്ദേഹം പ്രധാനമായും കാരുണ്യരംഗത്തും ജമാഅത്ത് കമ്മിറ്റിയിലും ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു. അതിന്റെ ഏറെകുറെ വിശദീകരണം എന്റെ സഹോദരൻ ഇവിടെ കുറിച്ചിട്ടുമുണ്ട്. വൈസ് പ്രസിഡണ്ട്, ട്രഷറർ തുടങ്ങിയ സ്ഥാനങ്ങൾ അലങ്കാരത്തിനായല്ല ഉത്തരവാദിത്തമായി തന്നെ കണ്ടു അദ്ദേഹം കൈകാര്യം ചെയ്തിരുന്നു.

ഖത്തറിൽ വെച്ച് വെങ്കിടങ്ങ് പഞ്ചായത്തിലെ പ്രവാസികളുടെ സംഘടനയായ "വെപക്സ്" രൂപീകരിക്കാൻ തങ്ങൾ മുന്നിലുണ്ടായിരുന്നു. നാട്ടിലെത്തിയ ശേഷം വെപക്സ് നടത്തിയിരുന്ന ചാരിറ്റി വിതരണവും തങ്ങളാണ് കൈകാര്യം ചെയ്തത്. ഇടിയൻചിറ മേഖലയിലെ "ഐവ" സംഘടനയുമായി തങ്ങളുടെ ബന്ധം ജ. റഷീദ് പറഞ്ഞതാണു. പാടൂർ കിഡ്നി ഫൗണ്ടേഷന്റെ ട്രഷറർ ആയും വൈസ് പ്രസിഡന്റ് ആയും തങ്ങൾ തുടക്കം മുതലേ സജീവമായിരുന്നു.

ആവതുള്ള കാലത്തോളം അധ്വാനിച്ച് ജീവിക്കണമെന്നു പറയുകയും അത് തൻറെ ജീവിതത്തിൽ പകർത്തുകയും ചെയ്തു. പാരമ്പര്യമായി അദ്ദേഹത്തിന് ലഭിച്ച സ്വത്തുക്കൾ പ്രത്യേകിച്ച് കുറവൊന്നും വരുത്താതെ ജീവിതാവസാനം വരെ കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിനായി. തങ്ങളുടെ വീടിന് ചുറ്റും കാവൽ പട്ടാളം പോലെ ഒത്തിരി നായകളെ കാണാം. ഈ മിണ്ടാപ്രാണികളോട് അദ്ദേഹം കാണിച്ചിരുന്ന ദയ ചിലരുടെയൊക്കെ അപ്രീതി പിടിച്ചുപറ്റാൻ പോന്നതായിരുന്നു.

എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞറിയിക്കാൻ പറ്റാത്ത വ്യക്തിപരമായ നഷ്ടമാണ് അദ്ദേഹത്തിൻറെ വിയോഗം, ഒരുപക്ഷേ ആകാലവിയോഗം, വരുത്തിവെച്ചത്. സർവ്വശക്തനായ അള്ളാഹു നമ്മളെയെല്ലാം സ്വർഗ്ഗത്തിൽ ഒരുമിച്ചു കൂട്ടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആമീൻ.

<u>നവാസ് അബ്ദുൽ ഖാദർ</u>

മർഹൂം ജാഫർ സാദിഖ് തങ്ങൾ...

പ്രായ ഭേദമന്യേ എല്ലാവരെയും സ്വീകരിക്കാനും, അവരാൽ എല്ലാം സ്വീകരിക്കപ്പെടാനും സാധിക്കുക എന്നത് ആ ഒരു വ്യക്തിത്വത്തിന്റെ വലിയൊരു മഹത്വം തന്നെയാണ്.

ഞാൻ നാട്ടിലുള്ള സമയത്തും അദ്ദേഹവുമായി ചില രംഗങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. അതിൽ ഒന്നായിരുന്നു ഇൻ-ട്രസ്റ്റ് എന്ന പേരിൽ രൂപീകരിച്ച പലിശ രഹിത സംവിധാനത്തിന്റെ പ്രവർത്തനം.

അതിന്റെ രൂപീകരണം മുതൽ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി ഉണ്ടായിരുന്നു.

അഭിപ്രായ വ്യത്യാസങ്ങൾ ലളിതമായി പരിഹരിക്കാനും എതിർപ്പുകളെ സഹിഷ്ണുതയോടെ നേരിടാനും അദ്ദേഹത്തിന് ഒരു പ്രത്യക മെയ് വഴക്കം ഉണ്ടായിരുന്നതായി തോന്നിയിട്ടുണ്ട്. വളരെ സൗമ്യമായ വ്യക്തിത്വം ആണെങ്കിലും പറയേണ്ട കാര്യങ്ങള് വളരെ വ്യക്തമായി തന്നെ കേൾവിക്കാരന് വിഷമം തോന്നാത്ത രീതിയിൽ അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ രീതി മാതൃകാപരം ആയിരുന്നു. ഇതൊന്നും മനപ്പൂർവ്വം ഉണ്ടാക്കിയെടുക്കുന്നതല്ല മറിച്ച് അദ്ദേഹത്തിന്റെ ഇഖ്‌ലാസും, തഖ്‌വയും തന്നെ ആണ് അത് നമുക്ക് കാണിച്ചു തരുന്നത് എന്നതാണ് എനിക്ക് മനസിലായ ഒരു കാര്യം.

പറച്ചിലുകൾക്ക് അപ്പുറം, സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്തു തീർക്കുക എന്നതിൽ വിശ്വസിച്ചിരുന്ന അദ്ദേഹം തന്റെ അസുഖാവസ്ഥയിലും തൻ്റെ ദൗത്യങ്ങൾ പരമാവധി നിർവ്വഹിച്ചു പൊന്നു.

ഖത്തറിൽ നിന്ന് വന്നതിന് ശേഷം, ഖത്തർ പാടൂർ വെൽഫെയർ അസോസിയേഷന്റെ നാട്ടിലെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി സാക്ഷാത്കരിച്ചിരുന്നത് അദ്ദേഹമായിരുന്നു. അദ്ദേഹം വളരെ നിശബ്ദമായി ചെയ്തു കൊണ്ടിരുന്ന പല നന്മകളുടെയും പിന്നിൽ ഉള്ള ആഴവും അധ്വാനവും മനസ്സിലായത് സത്യത്തിൽ അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞതിന് ശേഷമാണ്.

അദ്ദേഹം വിടപറഞ്ഞ ശേഷം ഉള്ള പെരുന്നാളിന് അടുത്തുള്ള ദിനങ്ങൾ, QPWA യുടെ പെരുന്നാൾ പുടവ എന്ന അനാഥയായ മക്കൾക്ക് വേണ്ടി പെരുന്നാൾ വസ്ത്രം സമ്മാനിക്കുന്ന പരിപാടിയുടെ ഭാഗമായി ഇറങ്ങിയപ്പോഴാണ് ഞങ്ങൾ അദ്ദേഹത്തിന്റെ നികത്താനാവാത്ത വിടവ് നേരിട്ട് മനസ്സിലാക്കുന്നത്. നാലോ അഞ്ചോ ആളുകൾ രണ്ട് ദിവസത്തിലേറെ സമയമെടുത്ത് ചെയ്തു തീർക്കേണ്ടി വന്ന ഒരു ദൗത്യം ആയിരുന്നു തങ്ങൾ, ഒറ്റയ്ക്ക്, തന്റെ അസുഖവും പ്രായവും വക വെയ്ക്കാതെ ആരോടും പരാതിയോ പരിഭവമോ ഇല്ലാതെ വളരെ നിശബ്ദമായി കാലങ്ങളായി ചെയ്തു കൊണ്ടിരുന്നത് എന്ന് ഞങ്ങൾ എല്ലാവരും അപ്പൊൾ ഓർത്തു പോയി!

അദ്ദേഹം കർമ്മ നിരതനായിരുന്ന മേഖലയിൽ അദ്ദേഹത്തിന്റെ അഭാവത്തിലും ആ സാന്നിധ്യം എന്നും ഉണ്ടാവണം എന്ന ആഗ്രഹത്തോട് കൂടിയാണ് QPWA, നാട്ടിലെ എല്ലാ മത പഠനശാലകളിലേയും ഉന്നത വിജയികൾക്ക് അദ്ദേഹത്തിന്റെ പേരിലുള്ള വിദ്യാഭ്യാസ പുരസ്കാരം ഏർപ്പെടുത്തിയത്.

നഷ്ടങ്ങൾ എന്നും നഷ്ടങ്ങൾ തന്നെയാണ്. തങ്ങളെ പോലെയുള്ള വളരെ അടുപ്പമുള്ളവരാകുമ്പോൾ ആ നഷ്ടത്തിന് ആഴം കൂടും.പ്രാർത്ഥിക്കാൻ മാത്രമല്ലേ ഇനി നമുക്ക് കഴിയൂ..

ഒരിക്കൽ കൂടി അദ്ദേഹത്തിന്റെ പരലോക വിജയത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു.

QPWA, നാട്ടിൽ സംഘടിപ്പിച്ച ജാഫർ സാദിഖ് അനുസ്മരണ വേളയിലെ വീഡിയോ ലിങ്ക് ഇതോടൊപ്പം ചേർക്കുന്നു. പങ്കു വെച്ചത് നവാസ് അബ്ദുൽ ഖാദർ

https://www.instagram.com/reel/DAnWxInt5Y-/?igsh=NjYyNnV6OXdiZXht

ആർ വി അബ്ദുൽ ഹമീദ് സാഹിബ്

അസ്സലാമു അലൈക്കും വറഹ്മത്തുള്ള

ജാഅഫർ സാദിക്ക് തങ്ങൾ എന്റെ സാദിക്കു.....

ഞങ്ങൾ തമ്മിൽ പ്രായത്തിൽ വലിയ വ്യത്യാസം ഇല്ല എങ്കിലും അദ്ദേഹത്തിൽ നിന്ന് എനിക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കാനും മനസ്സിലക്കാനും ഇടവന്നിട്ടുണ്ട്.കുഞ്ഞു ബാവു മുസ്ലിയാരുടെ ക്ലാസ്സിൽ ഞങ്ങൾ ഒരുമിച്ചുപഠിച്ചിട്ടുണ്ട്.അപ്പോഴുംസാധിക്കൂ നല്ല നിലവാരം പുലർത്തിയിരുന്ന ഒരാളായിരുന്നുവിദ്യാഭ്യാസത്തിൻറെ കാര്യത്തിൽ എന്നെക്കാളും ഒരുപാട് ഒരുപാട് ഉയർന്ന നിലയിലായിരുന്നവർഎന്നാലും ഞങ്ങൾ തമ്മിലുള്ള അടുപ്പം സാധാരണ കൂട്ടുകാരുടെ അടുപ്പം തന്നെയാണ്.അദ്ദേഹത്തിൻറെ വേർപാട് വരെ അത് കാത്തുസൂക്ഷിച്ചിട്ടുണ്ട്.ഖത്തറിൽ Q PWAതങ്ങൾ പ്രസിഡണ്ടായിരുന്ന സമയത്ത് ആ കമ്മറ്റിയിൽ ഞാൻ ഉണ്ടായിരുന്നു. തങ്ങളുടെ മുമ്പ് RP മുഹമ്മദ്ക്ക ആയിരുന്നു പ്രസിഡണ്ട് . RV ഉമ്മർ. മുഹമുഹ്സിൻ തങ്ങൾ.മൊയ്തീൻ ഷാ.സിദ്ധിക്ക് എന്നിവർ സജീവമായി ഉണ്ടായിരുന്നു.അതു മുതലാണ് തങ്ങളുടെ വലിപ്പം എനിക്ക് മനസ്സിലായി തുടങ്ങിയത് എല്ലാ കാര്യങ്ങളിലും അവർ മാന്യ ത കാത്തുസൂക്ഷിച്ചിരുന്നു ആരുമായി ഒരു വിദ്വേഷമോ പകയോ ഇല്ലാതെ എല്ലാവരേയും ഒരുപോലെകണ്ടിരുന്ന ഒരാളായിരുന്നു അതാണ് ഞാൻ അദ്ദേഹത്തിൽ കാണുന്ന ഒരു വലിയ കാര്യം.സാധിക്കു സീ ഷോർ കമ്പനിയിൽ ജോലി ചെയ്തിരുന്ന സമയത്ത് ഞാൻ ഡിജിറ്റൽ ഹൗസ് എന്ന സ്ഥാപനത്തിൽ (മൊബൈൽ 'ഫോൺ) കമ്പനിയിൽ ജോലി ചെയ്തിരുന്നു. തങ്ങളുടെ കമ്പനിയിലെ സ്റ്റഫിന് വേണ്ടുന്ന ഫോണുകൾ സാദിക്കുന്റെ c/o ൽ ഞങ്ങളുടെ കമ്പനിയിൽ നിന്നാണ് വാങ്ങിച്ചിരുന്നത്. സാദിക്കു നാട്ടിൽ വന്നിട്ടും ഖത്തർ കമ്മറ്റി യുമായി ഇടപെട്ടിരുന്നു. തങ്ങളുടെ ആ രോഗി സ്ഥിതി കുറഞ്ഞ സമയത്തും പൊതുകാര്യങ്ങളിൽ ഇടപെട്ടിരുന്നു. ഒടുവിൽ അവർ എന്നോട് ആവശ്യ പ്പെട്ടത് തങ്ങളുടെ മകൻ ബ്ലോക്ക് പഞ്ചായത്തിൽ മത്സരിക്കുന്നത്. അവരെ സഹായിക്കണമെന്നാണ്. എന്നാൽ ക ഴിയുന്നത് ചെയ്യാൻ പറ്റി എന്ന ചാരിതാർത്ഥ്യം ഉണ്ട്

അവരുടെ ബർസക്കി ജീവിതം സമധാനത്തിലും സന്തോഷത്തിലും അള്ളാഹു ആക്കി തീർക്കട്ടെ

ജന്നാത്തുൽ ഫിർദൗസിൽ നമുക്ക് ഒരുമിച്ച് കൂടാൻ അള്ളാഹു തൗഫിക് ചെയ്യട്ടെ ആമീൻ

കെ അബ്ദുൽ വാഹിദ് സാഹിബ്

ജാഫർ സാദിക് തങ്ങളുമായി ഞങ്ങളുടെ പ്രവാസ ജീവിതത്തിന് ശേഷം നാട്ടിലായപ്പോഴുള്ള ബന്ധമാണു എനിക്കുള്ളത്.

ആരെയും ആകർഷിക്കുന്ന സ്വഭാവ മഹിമയുള്ള മിതഭാഷിയായിട്ടാണെന്റെ അനുഭവം. അതുകൊണ്ടു തന്നെയായിരിക്കണം നാട്ടിന്ന് പുറത്തും നാട്ടിലും പല ഉത്തരവാദിത്വങ്ങളും അദ്ദേഹത്തിലർ പിക്കാനും സ സന്തോഷം അതേറ്റടുത്ത് അള്ളാഹുവിന്റെ തൃപ്തിയെ മാത്രം കാംക്ഷിച്ച്, തന്നിലർപിതമായ അമാനത്ത് ഭംഗിയായി നിർവഹിക്കാനുമദ്ദേഹത്തിന്ന് സാധിച്ചത്. അർഹരായവരിലേക്ക് താൻ നേതൃത്വം കൊടുക്കുന്ന കൂട്ടായ്മകളിൽ നിന്നുള്ള സഹായമെത്തിക്കുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ച് ഏവരുടെയും പ്രാർത്ഥനകളേറ്റ് വാങ്ങി, അല്ലാഹുവിലേക്ക് യാത്രയായ പ്രിയ തങ്ങൾക്ക് സ്വർഗീയാരാമങ്ങളിൽ അർഹമായ സ്ഥാനം നൽകി നാഥൻ അനുഗ്രഹിക്കട്ടെ. 🤲 🤲

Episode-17

മർഹൂം ആർ.കെ. സെയ്തു മുഹമ്മദ് സാഹിബ്



اسلام علیکم

പാടൂർ മഹൽ കൂട്ടായ്മ തുടർന്നുവരുന്ന ഓർമ്മകളിൽ ഇന്ന് നമ്മൾ സ്നേഹ ത്തോടെ ഓർമ്മകൾ പങ്കുവയ്ക്കുന്നത് അൽകനായിൽ മർഹൂം ആർ.കെ. സെയ്തു മുഹമ്മദ് സാഹിബിനെ ആണ്.

എഞ്ചിനീയറെന്ന നിലയിൽ പാടൂരിന്റെ മുൻകാല തലമുറയ്ക്ക് അഭിമാന മായിരുന്ന അദ്ദേഹം ദീർഘമായ പ്രവാസജീവിതത്തിലൂടെ ജീവിതത്തെ പടുത്തുയർത്തിയവരിൽ ഒരാളായിരുന്നു. പ്രവാസത്തിന്റെ തിരക്കുകൾക്ക് ശേഷം തൃശ്ശൂരിൽ ശാന്തമായ ജീവിതം തെരഞ്ഞെടുത്ത അദ്ദേഹം അവിടെയാണ് നമ്മോട് വിടപറഞ്ഞതും. മനുഷ്യ സൗമ്യതയും പ്രവൃത്തിയിലെ കൃത്യതയും അദ്ദേഹത്തെ കാലം മറക്കാത്ത ഓർമ്മ

യാക്കുന്നു. അള്ളാഹു അദ്ദേഹത്തിന്റെ തെറ്റു കുറ്റങ്ങൾ പൊറുത്തു കൊടുത്തു സ്വർഗത്തിന്റെ അവകാശികളിൽ പെടുത്തട്ടെ آمين

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/EpyFt19X0R4?si=93VABW1tophTxUeP

ആർ പി സിദ്ധിഖ് സാഹിബ്

നജീബ് സാഹിബിന്റെ മർഹും. ആലക്കനകായിൽ സെയ്തു മുഹമ്മദിനെ കുറിച്ചുള്ള അനുസ്മരണ പ്രഭാഷണം ശ്രദ്ധയോടെ കേട്ടു .വളരെ സത്യ സന്ധമായി തന്നെ അവതരിപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. അഭിവാദ്യങ്ങൾ!!

ഉസ്മാൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/IH-f3HJYdTs?si=tUt04c4uryLPEjip

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtube.com/shorts/_JRhl6WtE30?si=QbBV_jN8H6qBheVF

തമീം ഷമീം ശബ്ദ സന്ദേശം

https://youtube.com/shorts/XbqKx5aVSyQ?si=bdsABgMFnyBCG9xA

നവാസ് അബ്ദുൽ ഖാദർ

ആലകനായിൽ സൈദ് മുഹമ്മദ് ഇക്കയെ കുറിച്ച് ഉള്ള അവതരണം വളരെ താൽപര്യത്തോടെ കേട്ടു. എന്റെ ഓർമ്മയിൽ ഉള്ളത് ആലക്കനായിൽ വീടും വല്ല്യുമ്മയുടെയും ഉമ്മയുടെയും കൂടെ അവിടെ പോകുന്ന കുട്ടിക്കാലവും ആണ്. ഓർമ്മകൾക്ക് നന്ദി. അദ്ദേഹത്തിന് അല്ലാഹു പരലോകം വിജയമാക്കി കൊടുക്കട്ടെ!

നജീബ് സാഹിബ് കാരിയാട്ട്

Said Mohamed ഇക്കായുടെ പിതാവിനെയും ഓർമ്മയിൽ ഉണ്ട്. അവരുടെ ആദ്യത്തെ വീടും ഓടിട്ട വീട്. യഥാർത്ഥത്തിൽ R. K യുടെ ബാപ്പ വെൻമേനാട് സ്വദേശി ആണ് എന്ന് തോന്നുന്നു.

കെ അബ്ദുൽ വാഹിദ് സാഹിബ്

മർഹും സെയ്തുമുഹമ്മദിന്റെ അനുസ്മരണം ഒരു പക്ഷെ ഏകദേശ സമകാലികർ എന്ന നിലയിൽ നാട്ടിലും തൃശൂരിലുമുള്ള ജീവിത പരിചയത്തിൽ നിന്നാ കാം നല്ലനിലയിൽ അവതരിപ്പിച്ചു.Well done 👍

എനിക്ക് 1965 ന് മുമ്പുള്ള പരിചയമെയുള്ളു. വളരെ aetive ആയകൗമാരക്കാരൻ .അദ്ദേഹത്തിന്റെ പിതാവ് പാങ്ങ്പുവ്വത്തൂർ പ്രദേശത്തുകാരനായ സാത്വികനായ ഒരു മുസല്യാരായിരുന്നു.

അമ്മാവന്മാരായ അമ്മ ദുക്ക , മുഹമ്മദുക്ക എന്നിവരുടെ കൂടെയായിരുന്നു താമസം. അമ്മദുക്ക പള്ളിയിലെ സ്ഥിരം സാന്നിദ്ധ്യവും തന്റെ കാഴ്ചപ്പാട് മററുള്ളവരുമായി പങ്കു വെച്ച് പള്ളി നടത്തിപ്പിൽ ഇടപെടുന്ന അംഗീകാരമുള്ള കാർന്നവരുമായിരുന്നു.

മൺമറഞ്ഞ എല്ലാവർക്കും അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അവന്റെ സ്വർഗീയാരാമങ്ങ ളിൽ കണ്ടുമുട്ടാൻ റബ്ബ് സുബഹാനഹുതആല നമുക്കേവർക്കും ഉദവി നൽകി അനുഗ്രഹിക്കട്ടെ.🤲 🤲

ആർ പി സിദ്ധിഖ് സാഹിബ് ശബ്ദ സന്ദേശം

https://youtube.com/shorts/vjNucjbbGz4?si=a96IDQEsw5lg_oUW

അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്

R. K. സൈദ്മുഹമ്മദ് സാഹിബും ഞാനും ചെറുപ്പം മുതലേ സുഹൃത്തുക്കളായിരുന്നു.അദ്ദേഹത്തിന്റ പിതാവ് മൊയ്ദീൻ സാഹിബ് പൂവ്വത്തൂർ സ്വദേശിയായിരുന്നു.അദ്ദേഹം കൊച്ചിയിലെയും മറ്റും മസ്ജിദുകളിൽ മു അദ്ദിൻ ആയിജോലി ചെയ്തിരുന്നു.ആൾക്കാനകായിൽ മുഹമ്മദ് സാഹിബിന്റെ സഹോദരി ദൈനുത്തായേ വിവാഹം കഴിച്ച് അദ്ദേഹം പാടൂരിൽ സ്ഥിരതാമസമാക്കുകയായിരുന്നു എന്നാണ് ഓർമ.ആ ദാമ്പ്യാത്ത്യത്തിലുണ്ടായ ഏകസ ന്തതിയാണ് RKസൈദുമുഹമ്മദ്. ആൾക്കനയിൽ മുഹമ്മദ് സാഹിബിന് ഉമ്മാച്ചു, ദൈനു, ഐശു എന്നീ മൂന്നസഹോദരിമാരാ യിരുന്നു.ആൾക്കനായിൽ അമ്മുദുക്കാടെ ഉപ്പ രണ്ടാമത് വിവാഹം കഴിച്ച ഭാര്യയിലുണ്ടായ മക്കളാണ് മുഹമ്മദ്ക്കയും മൂന്ന് സഹോദരിമാരും എന്നാണ് ഞാൻ മന സ്സിലാക്കിയിട്ടുള്ളത്.മോഹമ്മദ്ക്കാടെ മറ്റൊരു സഹോദരിയെ കിഴക്കേലെ ഹമീദ്ക്കായുടെ സഹോദരൻ (മർച്ചന്റ് നേവിയിൽ ജോലിയായിരുന്ന) കാദർ സാഹിബ് വിവാഹം കഴിച്ചിരുന്നു. അദ്ദേഹം വളരെ മുൻപേ മരണപ്പെട്ടു.ആ ബന്ധത്തിലുണ്ടായ

ഏക മകനാണ് മർഹൂം R. K. മജീദ്.ആൾക്കാനായിൽ വീടുമായി ഞങ്ങക്ക് കുടുംബ ബന്ധമുണ്ട്. ***സൈദുമുഹമ്മദിന്റെ പ്രാഥമിക വിദ്യാഭ്യാസം പൂവ്വത്തൂർ Saint Antoney's സ്കൂളിൽ ആയിരുന്നു.പിന്നീട് എങ്ങണ്ടിയൂർ സെന്റ്തോമസിലും തൃപ്രയാർ പോളി ടെക്നിക്കിലും ആയി sslc യും ഡിപ്ലോമയും പാസ്സായി. ഡിപ്ലോമ പഠനകാലത്ത് തന്നെ അത്യാവശ്യം കെട്ടിടം

പണികൾക്ക് നേതൃത്വം കൊടുത്തിരുന്നു. ഞങ്ങളുടെ പഴയ പയ്യാക്കലാകായിൽ വീട് ആദ്യം പൊളിച്ച് പണിയാൻ വേണ്ടഉപദേശവും നേതൃത്വവും,മേൽനോട്ടവും ഡിപ്ലോമ വിദ്യാർത്ഥിയായിരുന്ന അദ്ദേഹത്തിന്റെതായിരുന്നു. ചെറുപ്പത്തിലേ മെക്കാനിക്കൽ, എഞ്ചിനീയറിങ് മേഖലകളിൽ താല്പര്യം പ്രകടിപിച്ച്ചിരുന്നു.*നിലവിൽ മഞ്ചേരി MLA ആയ അഡ്വക്കറ്റ് ലത്തീഫ് സാഹിബും ഭാര്യയും ഞങ്ങളുടെ വീട്ടിൽസൗഹൃദ സന്ദർശനത്തിനായി വന്നപ്പോൾ, സൈദുമുഹമ്മദ് പീച്ചി ഡാമിൽ ജോലി ചെയ്യുകയായിരുന്നു.ലത്തീഫ് സാഹിബിനെയും ഭാര്യയെയും പീച്ചിയിൽ കൊണ്ടുപോയി അവിടുത്തെ കാഴ്ച്ചകളെല്ലാം അവർക്ക് കാണിച്ചു കൊടുക്കുകയും റസ്റ്റ് ഹൌസിൽ അവർക്ക് VIP താമസസൗകര്യം ഒരുക്കികൊടുക്കുകയും ചെയ്തു. ആ ദമ്പതികൾ എപ്പോൾ കാണുമ്പോളും അന്ന് അവർക്ക് കിട്ടിയ രാജകീയ സ്വീകരണത്തെ പറ്റിസന്തോഷത്തോടെ സംസാരിക്കുകയും സൈദുമുഹമ്മദിനെ പറ്റി കൃതജ്ഞതയോടെ അന്വേഷിക്കുകയും ചെയ്യുകപതിവാണ്.**** അയ്യന്തോളിൽ ചുങ്കം ബസ്സ്റ്റോപ്പിന് സമീപത്താണ് RKS ന്റെ ഭാര്യവീട്.വിവാഹശേഷം ഭാര്യവീടിനടുത്ത് സ്വന്തമായി വീട് വെച്ച് സ്ഥിര താമസമാക്കി. അദ്ദേഹത്തിന്റെ വിവാഹത്തിന് പങ്കെടുത്തതും വിവാഹ രെജിസ്റ്ററിൽ ഞാൻ സാക്ഷിയായി ഒപ്പിട്ടതും ഇന്നലെ കഴിഞ്ഞകാര്യം പോലഓർമയിലുണ്ട്.*** പ്രവാസജീവിതം മതിയാക്കി നാട്ടിൽ തിരിച്ചെത്തുമ്പോൾ അത്യാവശ്യം സമ്പാദ്യം ഉണ്ടായിരുന്നു. നാട്ടിൽ പ്രവാസജീവിതത്തിനിടയിൽ തേഞ്ഞുമാഞ്ഞു പോയ സ്നേഹ -സൗഹൃദ ബന്ധങ്ങൾ പുതുക്കിയും ബലപ്പെടുത്തിയും സന്തോഷമായി ഇനിയുള്ളകാലം കഴിച്ചുകൂട്ടാൻ തയാറെടുത്താണ് തിരിച്ചെത്തിയത്. നാട്ടിലെത്തിയ ശേഷം ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും പാടൂരിലെത്തും.അന്ന് ഞാൻ തൃശൂർ കോർപ റേഷൻ പരിധിയിലുള്ള പുല്ലഴിയിലാണ് താമസം.മിക്കവാറും എന്റെ സൗകര്യം കൂടി അന്വേഷിച്ചശേഷമാണ് പാടൂരിലേക്ക് ഉള്ള യാത്ര തീരുമാനിക്കുക.**

വിദേശവാസം കഴിഞ്ഞ് തിരിച്ചെത്തിയപ്പോളാണ് നാട് വിട്ടതിന് ശേഷം പാടൂരിൽ ഉണ്ടായമാറ്റങ്ങൾ അദ്ദേഹം തിരിച്ചറിഞ്ഞത്. എല്ലാവരും തിരക്കിലാണ്. "മിണ്ടീം പറഞ്ഞും" ഇരിക്കാനൊന്നും ആളെകിട്ടാനില്ല. എല്ലാവർക്കുംഅവരുടേതായകാര്യങ്ങൾ,പരിപാടികൾ, ആഘോഷങ്ങൾ, തിരക്കുകൾ. അങ്ങനെയുള്ള ഒരവസ്ഥയിലാണ് വീട്ടുകാരുടെ അഭിപ്രായാവ്യത്യാസങ്ങൾക്കിടയിലും ഒരു കാർ കമ്പനിയിൽ ജോലിക്ക് ചേർന്നത്. ഒറ്റപ്പെടലും വിരസതയും ഒഴിവാക്കി സമയം ചിലവഴിക്കാം എന്നേ ചിന്തിച്ചുള്ളൂ.****ജോലിയിൽ ചേർന്നു അധികം താമസിയാതെ ഗുരുതര രോഗബാധിതനായി ആശുപത്രിയിൽ ICU വിൽ പ്രവേശിപ്പിക്കേണ്ടി വന്നു. ഞാൻ പുല്ലഴിയിൽ താമസിച്ച്ചിരുന്നത് കൊണ്ട് ദിവസവും ആശുപത്രിയിൽ പോവും. ICU വിൽ ആയിരുന്നത് കൊണ്ട് കാണാൻ സാധിക്കാറില്ല. അദ്ദേഹത്തിന്റെ ഭാര്യാമക്കളെ കണ്ട് സമാധാനിപ്പിച്ച് തിരിച്ച് പോരും. ഒരുദിവസം ഞാൻ ആശുപത്രിയിലെത്തിയ സമയത്താണ് അദ്ദേഹത്തിന്റെ മരണം സംഭവിക്കുന്നത്.ICU വിൽ വെച്ചു തന്നെയാണ് മരണം. ഡോക്ടർ മരണം സ്ഥിരീകരിച്ച ശേഷം ആദ്യമായി കാണാൻ അവസരം ലഭിച്ചത് എനിക്കാണ്. ഇന്നാലില്ലാഹിവ ഇന്നാ ഇലെയ്ഹിറാജിഊൻ.....മുറിക്ക് പുറത്ത് കടന്ന് ഭാര്യയോടും മക്കളോടും സംസാരിച്ചപ്പോൾ ഉപ്പാക്ക് പാടൂരിൽ

ഖബർഅടക്കുന്നതാണ് താല്പര്യം എന്ന് മക്കൾ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പിതാവിന്റെ സഹോദരങ്ങളുടെ മക്കളും മറ്റു ബന്ധുക്കൾ അടക്കമുള്ളവർ അതിനോട് യോജിക്കുകയായിരുന്നു .*****ഞാൻ പുല്ലഴിയിൽ താമസിക്കുന്ന കാലത്ത് കാര്യാട്ട് നജീബ്, P.A. ഹസ്സൻ, P.A.കാസിം(കാസിംമുസ്യാർ) എന്നിവരുടെ നേതൃത്വത്തിൽ തൃശൂർ കോർപറേഷൻ പരിധിയിൽ താമസിക്കുന്ന പാടൂർ സ്വാദേശികളുടെ ഒരു കൂട്ടായ്മ PAST എന്ന പേരിൽ(എന്ന് തോന്നുന്നു) പ്രവർത്തിച്ച്ചരുന്നു.ആസംഘടന റമളാൻ, ഈദ്,പോലുള്ള അവസരങ്ങളിൽ കുടുംബസംഗമങ്ങൾ നടത്താറുണ്ട്. ആ പരിപാടികളിൽ സൈദു മുഹമ്മദിന്റെയും മജീദിന്റെയും മക്കൾ പങ്കെടുക്കാറുണ്ട്. അവർക്കൊക്കെ പാടൂരുമായുള്ള ബന്ധം മനസ്സിലാക്കി കൊടുക്കാൻ അതുവഴി സാധിച്ചു എന്നാണ് മനസ്സിലാക്കുന്നത്.ഏതായാലും ആ മക്കൾ ഞങ്ങളിൽ പലരെയും തിരിച്ചറിയുന്നു എന്നത് സന്തോഷദായകം തന്നെ. പ്രിയപ്പെട്ട R.K.മജീദും അന്ത്യവിശ്രമം കൊള്ളുന്നത്പാടൂരിലാണ്**** ഞാൻ എറണാകുളം ലോ കോളേജിൽ പഠിക്കുന്ന കാലത്ത് സൈദുമുഹമ്മദ് ഹോസ്റ്റലിൽ വന്ന് വലിയ ഹോട്ടലിൽ കൊണ്ടുപോയി ഭക്ഷണം കഴിപ്പിക്കും.*** സൈദുമുഹമ്മദിന്റെ ഖബറടക്കം കഴിഞ്ഞാശേഷം കൊക്കാല മഹല്ലിൽ നിന്നുള്ള no objection letter അന്നത്തെ മഹല്ല് പ്രസിഡന്റ് മർഹൂം സിദ്ദീഖ് ഹാജിക്ക് കൈമാറുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞതും, കൈ വിറച്ചതും ഇനി പാടൂർക്ക് പോവാൻ കൂട്ടിന് വിളിക്കാൻഎന്റെ പ്രിയ സുഹൃത്തെസൈദുമുഹമ്മദ് ഉണ്ടാവില്ല എന്ന് തിരിച്ചറിഞ്ഞപ്പോളാണ്.അല്ലാഹു നമ്മുടെ പ്രിയപ്പെട്ട R. K. യുടെ പരലോകജീവിതം സന്തോഷപ്രതമാക്കട്ടെ. നാമെല്ലാവരെയും അല്ലാഹു സ്വർഗത്തിൽ ഒരുമിച്ച് കൂട്ടട്ടെ. ആമീൻ.

****____*****

R. V. സൈദു മുഹമ്മദ്.

ആർ പി സിദ്ധിഖ് സാഹിബ്

മോനുട്ടിക്കാ(വക്കീൽ)യുടെ അനുസ്മരണ കുറിപ്പിലൂടെ കുറെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. അവർ തമ്മിലുണ്ടായിരുന്ന സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും ആഴം മനസ്സിനെ വല്ലാതെ ആകർഷിച്ചു. അവ്യക്തമായിരുന്ന പല കാര്യങ്ങളിലും വ്യക്തത വരുത്താൻ കഴിഞ്ഞു.

അൽഹംദു ലില്ലാഹ്.

മോനുട്ടിക്കാ.... അഭിനന്ദനങ്ങൾ!!

മൊയ്തു. പി.കരിപ്പായിൽ

ഗ്രാമത്തിന്റെ വരദാനം.,,,,,,🙏,,,,,,,,,,,,,,,,,,,,,,,,ആൽക്കനായിൽ സെയ്തുമുഹമ്മദ് സാഹിബ്.പാടൂർ ഗ്രാമത്തെ ഹൃദയത്തോട് ചേർത്ത് വെച്ച നാടിന്റെ പുത്രൻ.❤️ ഞാൻ ഇപ്പോഴാണ് ഈ പേര് കാരനെ മനസ്സിലാക്കുന്നത്.🙏എന്റെ ബാല്യത്തിൽ കേട്ട രണ്ട് പേർ ഇവരായിരുന്നു.,,ആൽക്കലായിൽ അമ്മദ്ക്ക, മഹാൻ,🌹

സെയ്ത് മുഹമ്മദ് സാഹിബ് എന്ന മഹൽ വ്യക്തിത്വത്തെ അറിയാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.ഇത്രത്തോളം നമ്മുടെ നാടിനെ സ്നേഹിച്ച ഈ മഹൽ വ്യക്തിയെ അനുസ്മരിച്ച മഹൽ കൂട്ടായ്മയോട്ഓരോ പാടൂർ നിവാസിയും കടപ്പെട്ടിരിക്കുന്നു.🙏 ശബ്ദസാന്നിധ്യത്താൽ.,,,,,,, ഹൃദയത്തോട് ചേർത്ത് വെച്ച.,, അശ്രുവീണ് കുതിർന്നവരികളിലൂടെ,,, അദ്ദേഹത്തിന്റെസതീർത്ഥ്യർ സ്നേഹാദി രേകത്താൽ കുറിച്ചു വെച്ച വരികൾ,,,, ശിലയെ പോലും അലിയിക്കാൻ പ്രാപ്തമായിരുന്നു.🙏ഓരോ പ്രവാസിയും അനുഭവിച്ച ആത്മ നൊമ്പരം പ്രിയ സെയ്തുമുഹമ്മദ്ക്കയും അനുഭവിച്ചു എന്ന കൂട്ടുകാരുടെ വെളിപ്പെടുത്തൽ ആരിലും വേദന ഉളവാക്കും. എല്ലാ സൗഭാഗ്യങ്ങളുമുള്ള നാഗരികതയിൽ നിന്ന് വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കായി തന്റെ ജന്മനാട്ടിലെത്തുന്ന ഗ്രാമ വിശുദ്ധിയുടെ പ്രതീകമായ ഈ നാടിന്റെ പുത്രനെ അനുസ്മരിക്കാൻ അവസരമൊരുക്കിയ ഈ മഹൽ കൂട്ടായ്മയോടെ ഞാൻ ഉൾകൊള്ളുന്ന സമൂഹം എന്നും കടപ്പെട്ടവരാണ്.❤️ തന്റെ അവസാനത്തെ ആഗ്രഹം പാടൂരിന്റെ മണ്ണിൽ ലയിച്ചു ചേരുക എന്നതായിരുന്നെന്ന് സാക്ഷ്യപ്പെടുത്തി ഈ ഗ്രാമത്തിന്റെ അഭിമാനസ്തംഭമായി മാറിയ ജേഷ്ഠ സഹോദര. അങ്ങയുടെ ഓർമ്മകൾക്ക് മുന്നിൽ ശിരസ്സ് നമിക്കുന്നു🙏 കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നു🤲

,,,,,,,,,,,,,,,,,,,,,,,,,,,,,,, മൊയ്തു. പി.കരിപ്പായിൽ.



<u>ഫോട്ടോ പങ്കുവെച്ചത് അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>

Mrs&Mr . R. K. S with my son Riyas



ശുഐബ് പി മുഹമ്മദ് -ശബ്ദ സന്ദേശം

https://youtu.be/N_v6cM0eRIA?si=mQ2AXiJqMA4cYbUh

കുഞ്ഞി സീതി തങ്ങൾ ശബ്ദ സന്ദേശം

https://youtube.com/shorts/uv3wZbuTSWA?si=dH6AAcrb_rgt4PEW

ഷരീഫ് ബാബു

നജീബ് സാഹിബിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടു. കുഞ്ഞു നാളിൽ പലപ്പോഴും നേരിൽ അദ്ദേഹത്തെ കണ്ടിട്ടുണ്ട്.കുടുംബ പരമായി ഏറെ സ്നേഹ ബന്ധം പുലർത്തിയിരുന്ന ആ വീട്ടിൽ പലപ്പോഴും സ്കൂളിൽ പോകും വഴി ലന്തക്കായ മരത്തിൻ ചുവട്ടിൽ പഴം പെറുക്കാൻ പോകുന്നതും ഐഷ അമ്മായിയും പാത്തുണിത്തയും കൂടി മാങ്ങാ തൊലി ഉണക്കാൻ വെച്ചതിൽ നിന്നും ഞങ്ങൾക്ക് വീതം വെച്ചു തരുന്നതും ഇന്നും മധുരത്തോടെ ഓർക്കുന്നു. ഉയരം കുറഞ്ഞ മഹാൻ എന്നവരുടെ പ്രകൃതവും സൈദു മുഹമ്മദ്ക്കടെ ഉമ്മ ദൈനംമ്മായി യുടെ രൂപവും ഇന്നും മായാതെ ഓർമ്മയിലുണ്ട്. വിശാലമായ പറമ്പിന്റെ രണ്ടറ്റത്തായി നിലകൊള്ളുന്ന ആ രണ്ടു വീടുകൾക്ക് നടുവിലൂടെയുള്ള വഴിയിലൂടെ സ്കൂളിൽ പോകുമ്പോൾ ദൈനമ്മായി കുളക്കടവിൽ ഉണ്ടാവും തിരികെ സ്കൂളിൽ നിന്നും ഉച്ചക്ക് മടങ്ങുമ്പോൾ മാവിൻ ചുവട്ടിൽ നിന്നും മാങ്ങയും പെറുക്കി കുട്ടികളോടൊപ്പം തിരികെ ആലിക്കണിയിൽ പറമ്പിലൂടെ തയ്യപ്പിൽ കുഞ്ഞുംത്താടെ വീടിനടുത്തു കൂടെ വീട്ടിലേക്ക് വരുന്നതും ഇന്നലെ കഴിഞ്ഞത് പോലെ ഓർക്കുന്നു. ഇന്നവിടെ ആ പറമ്പിൽ രണ്ടു വീടുകളും ഇല്ല.സൈദു മുഹമ്മദ് ക്കാടെ വീട് നിന്നിരുന്ന സ്ഥലത്ത് ഇപ്പോൾ ശൂന്യമാണ്.അന്നത്തെ ഇടവഴികൾ വീടുകൾ അവയുടെ രൂപങ്ങൾ അവിടുത്തെ അവസ്ഥകൾ എല്ലാം മാറിയിരിക്കുന്നു.അന്നത്തെതിൽ നിന്നും ഒരുപാട് മാറിയിരിക്കുന്ന നമ്മുടെ ഇന്നത്തെ ഓരോ ദൃശ്യങ്ങളും വാക്കുകൾക്ക് വിവരിക്കാനാവാത്ത ഒരു വികാര വേലിയേറ്റമാണ് നമ്മിലുണ്ടാക്കുന്നത്. ഒരിക്കലും അതൊന്നും വിസ്മരിച്ചു മുന്നോട്ട് പോകാൻ നമുക്കാവില്ല. നമ്മുടെ ഗ്രാമലോകത്തോട് നമ്മെ ബന്ധിപ്പിച്ചിരുന്ന പ്രധാനപ്പെട്ട ഇടവഴികൾ പഴയ വിശാലമായ പറമ്പുകളിൽ നിന്നിരുന്ന മാവിൻ തോപ്പു കൾ അവിടങ്ങളിലെ കളി സ്ഥലങ്ങൾ അവയിലൂടെ നാം നേടിയിരുന്ന ചങ്ങാതിമാർ സന്തോഷങ്ങൾ സൗഹൃദങ്ങൾ എല്ലാം ആ പരിശീലന കളരിയിലായിരുന്നു സംഭവിച്ചിരുന്നത്. ഇന്നിപ്പോൾ നാം സ്വയം നിർമ്മിച്ച തടവറക്കുള്ളിൽ കിടക്കാൻ സ്വയം വിധിച്ചിരിക്കുകയാണ്. അത് തന്നെയാണ് നമ്മെ ഞെട്ടിക്കുന്നതും. പ്രിയപ്പെട്ട സൈദു മുഹമ്മദ് സാഹിബിനെ ഓർത്തപ്പോൾ ആ കുഞ്ഞു നാളുകൾ തിരികെ വന്നതായിരുന്നു.

അല്ലാഹുവിന്റെ കരുണയിൽ അദ്ദേഹം ഉറങ്ങുകയാണ്. ഉണർവുള്ള നമുക്ക് അദ്ദേഹത്തിന്നായി ദുആ ചെയ്യാം. നാഥാ! നീ സ്വർഗം നൽകി അനുഗ്രഹിക്കേണമേ. ആമീൻ

ഷരീഫ് ബാബു

25 Jan 2026

Episode-18

മർഹൂം ഷംസുദ്ധീൻ മരക്കാർ സാഹിബ്



മഹത്തുക്കളെ അനുസ്മരിക്കുന്ന നമ്മുടെ ഈ പരിപാടി റമളാനിന് ശേഷം മതി എന്ന തീരുമനം , പ്രത്യേകമായൊരു ആമുഖത്തിന്റെ ആവശ്യമില്ലാത്ത ഒരു മഹത് വ്യക്തിത്വം. മർഹൂം ഷംസുദ്ധീൻ മരക്കാർ പെട്ടെന്ന് നമ്മളോട് വിട പറഞ്ഞതാണ് പുനരാരംഭിക്കാൻ കാരണമായത്, പലർക്കും അദ്ദേഹത്തെ കുറിച്ച് എഴുതാനും പറയാനും ഉള്ള അവസരം ലഭ്യമാക്കുക എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലുമാണ്.

ഈ അവസരം എല്ലാവരും വിനിയോഗിച്ച്, അദ്ദേഹത്തിന്റെ ബർസഖീയമായ ജീവിതം അനുഗ്രഹീതമാകാൻ പ്രാർത്ഥനയോടെ അദ്ദേഹത്തെ ഓർത്തെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരു മനുഷ്യൻ എത്രകാലം ജീവിച്ചു എന്നതിലല്ല, മറിച്ച് എങ്ങനെ ജീവിച്ചു എന്നതിലാണ് ജീവിതത്തിന്റെ മഹത്വം. ഓരോരുത്തർക്കും അല്ലാഹു ഭൂമിയിൽ നിശ്ചയിച്ചിട്ടുള്ള ഒരു ആയുസ്സുണ്ട്. നമുക്ക് അനുവദിക്കപ്പെട്ട ആ ആയുസ്സിൽ, നാം എത്രമാത്രം മറ്റുള്ളവർക്കായി ജീവിച്ചു എന്നതാണ് യഥാർത്ഥ മഹത്വം. അത്തരക്കാരാണ് മഹത്തുക്കൾ. ആ അർത്ഥത്തിൽ, ഷംസുദ്ധീൻ മരക്കാർ ഒരു മഹത് വ്യക്തിത്വമായിരുന്നു.

അദ്ദേഹത്തിന്റെ പെട്ടെന്നുള്ള വേർപാട് നമ്മളിൽ വലിയൊരു ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ ഗ്രൂപ്പിന്റെ അഡ്മിൻസ്റ്റെയും അഡ്മിൻ എന്ന നിലയിൽ, ദീർഘകാലം ബഹ്റൈനിൽ പ്രവാസിയായിരുന്നിട്ടും, നാടിന്റെയും നാട്ടുകാരുടെയും കാര്യങ്ങളിൽ അദ്ദേഹം ഒരിക്കലും അകന്നുനിന്നില്ല.

നാട്ടിലെ സാമൂഹിക, മത, സാംസ്കാരിക കൂട്ടായ്മകളിൽ എല്ലാം അദ്ദേഹത്തിന്റെ സജീവ സാന്നിധ്യം അനുഭവപ്പെട്ടിരുന്നു. പ്രത്യേകിച്ച് ചാരിറ്റി പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ജീവിത ദൗത്യമായി മാറിയിരുന്നു. ബഹ്റൈൻ പാടൂർ കൂട്ടായ്മയുടെ പ്രഥമ പ്രസിഡന്റായി പ്രവർത്തിച്ച കാലം മുതൽ, പാടൂരിലെ കിഡ്നി ഫൗണ്ടേഷൻ പ്രവർത്തനങ്ങളിൽ മുൻനിരയിൽ നിന്ന് നേതൃത്വം നൽകിയതുവരെയായി, അനേകം മനുഷ്യരുടെ ജീവിതത്തിൽ ആശ്വാസത്തിന്റെ കൈത്താങ്ങായി അദ്ദേഹം നിലകൊണ്ടു.

ഇന്നദ്ദേഹം നമ്മളിടയിൽ ഇല്ലെങ്കിലും, അദ്ദേഹം വിതച്ചുപോയ നന്മകളും ഓർമ്മകളും ഒരിക്കലും മായില്ല.

"ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ."

അല്ലാഹു അദ്ദേഹത്തിന്റെ സൽപ്രവൃത്തികളെ സ്വീകരിക്കുകയും, ഖബറിനെ സ്വർഗ്ഗത്തിന്റെ ഒരു തോട്ടമാക്കുകയും, കുടുംബത്തിനും സുഹൃത്തുകൾക്കും ക്ഷമയും ആശ്വാസവും നൽകുകയും ചെയ്യുമാറാകട്ടെ.

ആമീൻ.

അഷ്റഫ് പി എ

انّا لله وانا اليه راجعون ...

ശംസുക്കാ ...

കഴിഞ്ഞ ആഴ്ചയിൽ ഒരു നിക്കാഹിന്റെ സദസ്സിൽ വെച്ചാണ് അവസാനമായി കണ്ടത്. ക്ഷീണിതനായി കണ്ടത് കൊണ്ട് ആരോഗ്യ പ്രശ്നങ്ങൾ ഒക്കെ സംസാരിച്ചാണ് പിരിഞ്ഞത് . പിന്നീട് ഇന്നലെയാണ് എറണാകുളത്ത് ആശുപത്രിയിൽ ആണെന്നും അൽപ്പം ക്രിട്ടിക്കൽ ആണെന്നും അറിഞ്ഞത്.

അവിടുന്ന് അല്പം കഴിയുമ്പോഴേക്കും റബ്ബിന്റെ വിളിക്ക് ഉത്തരം നൽകിയെന്നത് ഇപ്പോഴും ഉൾകൊള്ളാൻ ആവുന്നില്ല .

എനിക്ക് 8-10 വർഷം മുൻപേ ഷംസുക്ക ബഹ്റൈനിൽ ഉണ്ട്. അത് കൊണ്ട് തന്നെ സഹോദരൻ അഷ്റഫ് അടക്കമുള്ള ഞങ്ങൾക്ക് എല്ലാം ഷംസുക്ക റോൾ മോഡൽ ആയിരുന്നു. 81-82 കാലത്ത് ഉന്നതമായ ഗവർമെന്റ് ജോലി സ്വയം ഉപേക്ഷിച്ച് സ്വന്തമായി ബിസിനെസ്സ് രംഗത്ത് ഉന്നതിയിൽ എത്തിയ ഷംസുക്ക അന്ന് ബിസിനെസ് രംഗത്ത് മലയാളികൾക്കിടയിൽ അസൂയാവാഹമായ വ്യക്തിത്വമായിരുന്നു.

പിന്നീടുള്ള ഉയർച്ചയും താഴ്ചയും എല്ലാം നേരിൽ കണ്ടിട്ടുള്ള ഞങ്ങൾക്ക് ഷംസുക്ക എന്നും ഗുരുസ്ഥായീനായിരുന്നു.

അന്ന് പാടൂരിലെ ബഹ്റൈനികൾ എല്ലാവരും ഒരുമിച്ച് അടുത്തടുത്തു കഴിയുന്ന സാഹചര്യം ഉണ്ടായിരുന്നു . അത് കൊണ്ട് തന്നെ 83 ൽ RP ഹമീദ്ക്ക, കുഞ്ഞമ്മദ്ക്ക നെസ്മ , ഷംസുക്ക ,അഷ്റഫ്, മർഹൂം അബ്ദുറഹ്മാൻ കുട്ടി, .. തുടങ്ങി ഞങ്ങൾ ഒരു പാടൂർ സംഘടനക്ക് രൂപം നൽകി കാരുണ്ണ്യ പ്രവർത്തനങ്ങൾ സജീവമാകവേ ജോലി സംബന്ധമായി ഞങ്ങൾ എല്ലാവരും പിന്നീട് പല വഴികളിലായി പിരിഞ്ഞു . അങ്ങിനെ പ്രവർത്തനവും നിർജ്ജീവമായി.

പിന്നീട് 2012 ൽ ഞങ്ങൾ വീണ്ടും ഒരുമിക്കുവാനുള്ള സാഹചര്യം ഉണ്ടാവുകയും കുവൈറ്റിൽ നിന്നും അബ്ദുൽ ലത്തീഫ് സാഹിബ് ബഹ്റൈനിൽ എത്തി ഒരു നിമിത്തമെന്നോണം പാടൂർ കൂട്ടായ്മയുടെ പ്രധാന്യം സംസാരിക്കുകയും തുടർന്ന് പഴയ കമ്മിറ്റിയെ പുനരുജ്ജീവിപ്പിച്ചു കൊണ്ട് BAPA [ബഹ്റൈൻ പാടൂർ അസോസിയേഷൻ] രൂപ പെടുകയും ചെയ്തു. പല പേരുകളും ആലോചിച്ചെങ്കിലും റഫീഖ് നിർദേശിച്ച ബാപ്പ എല്ലാവർക്കും തൃപ്തിപെടുകയും പ്രദമ പ്രസിഡണ്ട് ആയി ശംസുക്കയും ജന. സെക്രട്ടറിയായി റഫീക്കും നേതൃത്വം വഹിച്ചു കൊണ്ട് ബാപ്പ സജീവമായ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ഇന്നും പാടൂരിലെ നിർദരരായവരെ കണ്ടെത്തി അർഹിക്കുന്ന സഹായം എത്തിക്കുവാൻ ബാപ്പ വലുപ്പത്തിലും വണ്ണത്തിലും ഇതര ഗൾഫ് സംഘടനകളെ അപേക്ഷിച്ച് ചെറുതാണെങ്കിലും അഷ്റഫ് ,ശഹബാസ് ഷമാസ് ,ഗഫൂർ ,അഫ്സൽ... പോലുള്ളവരുടെ പ്രവർത്തനത്തിൽ മുൻപന്തിയിൽ തന്നെയുണ്ട്.

ഒരു കാരുണ്ണ്യ പ്രവർത്തനത്തിന്റെ അമരക്കാരൻ എന്ന നിലയിൽ അവരുടെ പ്രവർത്തനഫലമായി നൽകുന്ന ഓരോ സദക്കയുടെയും ഒരു വിഹിതം ശംസുക്കാടെ കബറിലേക്കും എത്തിച്ചു നൽകണേ നാഥാ ... 🤲

നാട്ടിൽ ഒരുമിച്ചപ്പോഴും ജീവ കാരുണ്ണ്യ പ്രവർത്തന ചർച്ചകളിൽ ഞങ്ങൾ സജീവമായിരുന്നു . പാടൂർ ആരോഗ്യ കേന്ദ്രവുമായി കൂടി ചേർന്ന് ഒരു സൗജന്യ ഡയാലിസിസ് സെന്റർ ഞങ്ങളുടെ സ്വപ്ന പദ്ധ്യതിയായിരുന്നു. അദ്ദേഹം പാടൂർ സെന്ററിൽ വാങ്ങിയ സ്ഥലത്ത് BAPA എന്നൊരു കമ്മ്യൂണിറ്റി സെന്ററും പദ്ധ്യതിയുണ്ടായിരുന്നു. മർഹൂം ഹസൻക്ക കനാപുള്ളിയുടെ നിർദേശ ഉപദേശത്തോടെ പല ചെറുകിട സംരംഭങ്ങൾ ആലോചിക്കുകയും അന്വെഷിക്കുകയും സാങ്കേതികമായ പല തടസ്സങ്ങളാൽ നടക്കാതെ

പോവുകയായിരുന്നു. പറഞ്ഞു വന്നത് സജീവ കർമ്മ നിരതനനായിരുന്നു ഷംസുക്ക.

അള്ളാഹു അദ്ദേഹത്തിന്റെ കബറിടം വിശാലമാക്കട്ടെ ..ദിവസങ്ങളിൽ ശ്രേഷ്ഠമായ വെള്ളിയാഴ്ച മരണപെടുവാൻ ഓരോ മുഅമിനും ആഗ്രഹിക്കുന്നതാണ്..

അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തു ബർസക്കിയായ ജീവിതം സ്വർഗീയവും സുഗന്ധ പൂരിതവും ആക്കി സ്വർഗ്ഗ പ്രവേശനം എളുപ്പമാക്കട്ടെ.. അവരെയും നമ്മളെയും ഉന്നതമായ സ്വർഗത്തിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ 

<u>അഡ്വ ആർ വി സൈദു മുഹമ്മദ് സാഹിബ്</u>



ശംസുദ്ധീൻ മരക്കാർ =(A self made personality) ***-*-**-*ശംസുദ്ദീൻ സാഹിബ് ലേക്ക് ഷോർ ആശുപത്രിയിൽ ചികിത്സയിൽ ആണെന്ന വാർത്ത അറിഞ്ഞപ്പോൾ എന്തോ ഒരു അസ്വഭാവികത തോന്നിയിരുന്നു. അദ്ദേഹം ആശുപത്രിയിൽ പോകലും ചികിത്സ തേടലും പതിവുള്ള കാര്യമാണ്. അതൊന്നും വാർത്ത ആവുന്നത് അദ്ദേഹത്തിന് താല്പര്യമുള്ള കാര്യമായിരുന്നില്ല.അതുകൊണ്ടാണ് അദ്ദേഹത്തിന്റെരോഗവിവരംസമൂഹമാധ്യങ്ങളിലൂടെഅറിഞ്ഞപ്പോൾ അപകടസൂചനയായി ചിന്തിക്കാൻഇടയായത്.*******ഒരു ഇ. ഡി. പോസ്റ്റോ ഫീസിലെ പോസ്റ്റ് മേൻ ആയിരുന്ന കുഞ്ഞിമോയ്തു സാഹിബിന്റെ

മകനായി ജനിച്ച രായം മരക്കാർ വീട്ടിൽ ശംസുദ്ധീൻ, ഷംസുദ്ധീൻ മരക്കാർ ആയി പരിവർത്തിച്ചത് അദ്ദേഹത്തിന്റെ സ്വന്തം പരിശ്രമവും സമർപ്പണവും കൊണ്ടാണ്. അതിനിടയിൽ ഒരുപാട് പരീക്ഷണങ്ങളും പ്രതിസന്ധികളും അദ്ദേഹത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്.****ബഹറൈനിലെ പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയ അദ്ദേഹം പതിയെ നാട്ടിലെ പരിഗണനീയനായ വ്യക്തിത്തമായി വളരുകായായിരുന്നു. ജീവകാരുണ്യം, രാഷ്ട്രീയം, സാമൂദായികം,സാംസ്കാരികം തുടങ്ങിയ മേഖലകളിൽ,ചെറിയ കാലഘട്ടത്തിനുള്ളിൽ അദ്ദേഹം പ്രവർത്തച്ച് അംഗീകാരം നേടി യെടുക്കുകയുണ്ടായി.**വൃക്കുരോഗികളെ സഹായിക്കുന്നതിനായി നാട്ടിൽ രൂപീകരിച്ച പാടൂർ ചാരിട്ടബിൾ കിഡ്നി ഫൗണ്ടേഷൻ (PCKF)എന്ന സംഘടനയുടെ സ്ഥാപകപ്രസിഡണ്ട് എന്നനിലയിൽ ജീവകാരുണ്യ പ്രവർത്തനരംഗത്ത് അദ്ദേഹം മികച്ച പ്രവർത്തനമാണ് കാഴ്ച്ചവെച്ചത്. സംഘടനയിൽ ആളുകളെ സഹകരിപ്പിക്കുന്നതിനും , സംഘടക്ക് നിയമാവലി ഉണ്ടാക്കി charitable society ആക്കി രെജിസ്ട്രേഷൻ നേടിയെടുക്കാനും, സംഘടനയുടെ തുടക്ക ത്തിലുണ്ടാകാവുന്ന ആശയക്കുഴപ്പങ്ങൾ മുൻകൂട്ടി കണ്ട്കരുതൽഎടുക്കുന്നതിലും പ്രത്യേകംശ്രദ്ധിച്ചു.** അദ്ദേഹത്തിന്റെ ഗുരു മർഹൂം ഹസ്സൻ കാനാപ്പുള്ളി സാഹിബ് ആയിരുന്നുഎന്ന് പറയാം.ഹസ്സൻക്ക രാഷ്ട്രീയത്തിലെ രംഗപ്രവേശം ശംസുദ്ധീൻ സാഹിബിന്റെ സ്വയം തീരുമാനത്തിന് വിട്ടുകൊടുക്കുകയായിരുന്നു .രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ച മുൻപരിചയം ഇല്ലെങ്കിലും ജനതാദൾ എന്ന പാർട്ടിയിൽ ചേർന്ന് പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തന മികവും ഊർജസ്വലതയും തിരിച്ചറിഞ്ഞ പാർട്ടി നേതൃത്വം അധികം താമസിയാതെ ജില്ലാകമ്മറ്റിയിൽ അംഗമാക്കി. രാഷ്ട്രീരംഗത്ത് സാമാന്യം നല്ല ഒരു സൗഹൃദവലയം സൃഷ്ട്ടിച്ചെടുക്കാൻഅത് വഴിഅദ്ദേഹത്തിന് സാധിച്ചു.****** പള്ളി കമ്മറ്റിയിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചപ്പോൾ ആൽമാർത്ഥ സേവനം ചെയ്യുകയുണ്ടായി. കാര്യങ്ങൾ വെട്ടിതുറന്ന് പറയുന്ന ശീലം അദ്ദേത്തെ വിവാദ വ്യക്തിയാക്കുന്നുണ്ടോ എന്ന് പലപ്പോഴും സംശയം തോന്നിയിട്ടുണ്ട് .**അഞ്ചുനേരവും ജമാ അത്തായി നമസ്ക്കരിക്കാൻ ജുമാ അത്ത്പള്ളി യിലെത്തുന്ന, വെള്ളിയാഴ്ച ദിവസം നേരത്തെ എത്തി അകത്തെപള്ളിയിലെ രണ്ടാമത്തെയോ, തോട്ടു പിന്നിലെയൊ നിരയിൽ സ്ഥാനം പിടിക്കാൻ ശ്രദ്ധിച്ച്ചിരുന്നയാളാണ് ശംസുദ്ധീൻ സാഹിബ്. ശുഭ്ര വസ്ത്രതാരിയായ അദ്ദേഹത്തിന്റെ സാന്നിധ്യം ഇല്ലാത്ത ഇന്നത്തെ ജുമാ കഴിഞ്ഞ് പള്ളിയിൽ നിന്ന്പുറത്തുവന്നപ്പോൾ മനസ്സിൽ നൊമ്പരം അനുഭവപ്പെട്ടോ?മരണം എല്ലാവർക്കും ഉറപ്പാണല്ലോ. നല്ലദിവസത്തിലും സമയത്തിലും ആണല്ലോ മരണത്തിന്റെ മാലാഖ അദ്ദേഹത്തെ തേടി എത്തിയത് എന്നത് ആശ്വാസം നൽകുന്നു. അദ്ദേഹത്തിന്റെ ഖബർ വിശാലമാക്കട്ടെ. സ്വർഗത്തിൽ ഉന്നതസ്ഥാനം നൽകി അല്ലാഹു അദ്ദേഹത്തെ ആദരിക്കട്ടെ, സന്ധപ്ത കുടുംബത്തിന് അദ്ദേഹത്തിന്റെ വിയോഗം താങ്ങാനുള്ള കരുത്ത് നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ.****

R. V.സൈദുമുഹമ്മദ്.

ഷരീഫ് ബാബു.



ഷംസുക്ക പാടൂരിൽ ഉണ്ടെങ്കിൽ ആ രൂപത്തെ ആരും കാണും കണ്ടവരെ കാണാതെ ശംസുക്കയും പോകില്ല. ഞങ്ങൾ തമ്മിൽ പ്രായം കൊണ്ട് സമന്മാരല്ല ഇരുപത് വയസ്സിനേക്കാൾ ഇളപ്പം കാണും. എന്നാലും സ്വന്തം അനുജനോടെന്ന പോലെ ആ പുഞ്ചിരിയും സ്നേഹവും എന്നെ വല്ലാതെ ആകർഷിച്ചു ഞങ്ങൾ തമ്മിൽ അടുത്തു ആ അടുപ്പം വളർന്നു സൗഹൃദം നീണ്ടു.പലപ്പോഴും വാട്ലാപ്പ് വഴി വോയ്സുകൾ ബന്ധം ഏറെ ദൃഡ മായിരുന്നു.

ഇന്നിപ്പോൾ ശംസുക്കയില്ല ഏറെ നാടകീയ രംഗങ്ങൾക്ക് ശേഷം ഷംസുക്ക വിടവാങ്ങി ആ ഇന്നലെവരെ നമ്മോടൊപ്പം സംസാരിച്ചും, ചിരിച്ചും, സന്തോഷം പങ്കുവെച്ചും ജീവിതത്തിന്റെ യാത്രയിൽ കൂട്ടായി ഉണ്ടായിരുന്നവർ ഒരു പുലരിയുടെ മൗനത്തിൽപെട്ടെന്ന് ഭൂമിയിൽ നിന്നും ഇല്ലാതാവുന്ന കാഴ്ച്ച കൂട്ടരേ! ഇന്നലെ ഉണ്ടായിരുന്നു, ഇന്ന് ഇല്ല. ഈ തിരിച്ചറിവാണല്ലോ മനുഷ്യ വർഗ്ഗത്തിന്റെ ഏറ്റവും വലിയ ദുരൂഹത.

മരണം, ഒരു രംഗബോധമില്ലാത്ത കോമാളിയാ സൂക്ഷിക്കണം എപ്പോഴും വരാം ആരും പ്രതീക്ഷിക്കാത്ത രംഗത്ത്. സൂചനയോ മുന്നറിയിപ്പോ ഇല്ലാതെ നമ്മുടെ ഇടയിലേക്ക് കടന്നുവരുന്നു. ആഹ്ലാദ മധ്യേ, സ്വപ്നങ്ങൾക്ക് നടുവിൽസ്നേഹത്തിന്റെ കണ്ണുനീരിൽ പോലും അത് എത്തിപ്പെടും.എല്ലാ ആസ്വാദനങ്ങളെയും തട്ടി തെറിപ്പിച്ചാണ് ആ പോകുന്നത്.

എന്നിരുന്നാലും, മരണത്തിന്റെ ഈ വിചിത്ര നാടകവാസന നമ്മെ പഠിപ്പിക്കുന്നത് ഒരു മഹാപാഠമാണ് അതൊരു ആരും പറഞ്ഞു തരാത്ത മഹാ പാഠം. ജീവിതം സ്ഥിരമല്ല അവസരവും സമയവും ഉള്ളവർ ഉള്ള സമയം അതിനാൽ തന്നെ മനോഹരമാക്കുക. ഷംസുക്ക! താങ്കളെ കുറിച്ചു ഇങ്ങിനെ എഴുതാൻ എന്തിന് ഞാൻ മുതിരുന്നു താങ്കൾ ഇപ്പോഴും അവിടെങ്ങളിൽ ഉണ്ടല്ലോ നമ്മൾ ഒരുമിച്ചു ആണല്ലോ പാവങ്ങളായ കിഡ്നി രോഗികളുടെ അടുത്ത് പോയിരുന്നത് അവരെ ആശ്വസിപ്പിച്ചു മടങ്ങിയിരുന്നത്. താങ്കൾ ആണല്ലോ അതിന്റെ പ്രഥമ പ്രസിഡന്റ് ആയി ഞങ്ങൾക്ക് ഉപദേശം

നൽകിയിരുന്നത്. അന്ന് നമ്മൾ സംസാരിക്കുന്ന ഓരോ വാക്കും ആ രോഗികൾക്ക് അവരുടെ ഹൃദയത്തിൽ ആശ്വാസമായിരുന്നു. നമ്മൾ പകരുന്ന ഓരോ ചിരിയും അവരുടെ ആത്മാവിന്റെ ഇരുട്ട് ഇല്ലാതാക്കിയിരുന്നല്ലോ. ഷംസുക്ക! നമ്മൾ അവർക്ക് നൽകിയിരുന്ന ഓരോ സ്നേഹവും മരണത്തിനപ്പുറവും നിലനിൽക്കട്ടെ.

സുഹൃത്തുക്കളെ! മരണത്തെ കുറ്റപ്പെടുത്താൻ ഞാനില്ല. പക്ഷേ, ജീവിതത്തെ അതി സുന്ദരമാക്കാൻ നമുക്കാവുമല്ലോ നമ്മുടെ അടുത്ത് വരാനിരിക്കുന്ന മരണം നമ്മെ ഇവിടെ നിന്നും വീഴ്ത്തിയാലും നമ്മൾ വിതച്ച കരുണ സ്നേഹ പുഞ്ചിരി എല്ലാം ഈ ഭൂമിയിൽ ഒരിക്കലും ഇല്ലാതാകുകയില്ല.അവ നിലനിൽക്കും.

ഷംസുക്കയില്ലാതെയും സുബ്ഹി നമസ്കാരം പാടൂർ മഹല്ല് പള്ളിയിൽ നടക്കും എന്നാലും ആ വിടവ് ഒരുപാട് നാൾ അവിടെ ഒഴിഞ്ഞു കിടക്കും.

നാഥാ! നിന്റെ കരുണയിൽ ബർസഖിയായ അദ്ദേഹത്തിന്റെ ജീവിതത്തെ അനുഗ്രഹിക്കേണമേ.

ഷരീഫ് ബാബു.

ബഹ്റൈൻ പ്രവാസി നാട്ടിൽ നിര്യാതനായി

മനാമ: ദീർഘകാലമായി ബഹ്റൈൻ പ്രവാസിയായിരുന്നപ്രവാസി തൃശൂർ ജില്ലയിലെ പാടൂർ രായ്യാരക്കാർ വീട്ടിൽ ഷംസുദ്ദീൻ (67) നിര്യാതനായി. ഏതാനും ദിവസം മുൻപ് അനുഭവപ്പെട്ട കിഡ്നി സംബന്ധവും ഹൃദയ സംബന്ധവുമായ അസുഖം മൂലം കൊച്ചി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

കുറെ കാലം ബഹ്റൈൻ ഡിഫൻസ് ഫോഴ്സിൽ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് ബിസിനസ് രംഗത്ത് സജീവമായിരുന്നുവെങ്കിലും അടുത്തകാലത്തായി നാട്ടിൽ സ്ഥിരതാമസമായിരുന്നു. ഭാര്യയും നാല് മക്കളും ഉണ്ട്. ബഹ്റൈൻ പാടൂർ പ്രവാസി സംഘടനയായ ബാപയുടെ പ്രഥമ പ്രസിഡന്റായിരുന്നു ശംസുദ്ദീൻ. അഷ്റഫ്, ഹനീഫ, ഷാഹുൽ, അൻവർ എന്നീ സഹോദരങ്ങളും ബഹറൈനിലുണ്ട്. നാട്ടിൽ ജീവകാരുണ്യ രംഗത്തും മറ്റു സാമൂഹിക സാംസ്കാരിക രംഗങ്ങളിലും സജീവമായിരുന്നു.

ശംസുദ്ദീൻ

നജീബ് സാഹിബ് കാരിയാട്ട് -ശബ്ദ സന്ദേശം

https://youtu.be/yiUSVM8V1RM?si=_zFEr96T5dtvdqG1

ഉസ്താൻ തറയിൽ -ശബ്ദ സന്ദേശം

https://youtu.be/Xo5MZjNhp-k?si=TVC42RXTciS05cJu

മെഹബൂബ് എ കെ

അസ്സലാമു അലയ്ക്കും

ഷംസുക്ക: കഴിഞ്ഞ രാത്രി, അദ്ദേഹത്തിന്റെ ജീവിതം ഒരു വേദനാജനകമായ വഴിത്തിരിവിലായിരുന്നു–ജീവിതവും വിടവാങ്ങലും തമ്മിൽ. ഒരു നിമിഷം ആശ്വാസം തോന്നിപ്പിച്ചെങ്കിലും, അവസ്ഥ പെട്ടെന്ന് ഗുരുതരമായി.

ഇന്ന് പുലർച്ചെ നാലുമണിയോടെ, ഇന്റർ-കോളേജിയേറ്റ് കളരിപ്പയറ്റ് മത്സരത്തിനായി കോഴിക്കോട് പോകുന്ന വഴിയിൽ, ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. വീടിന്റെ അകത്തും പുറത്തും ധാരാളം വെളിച്ചമുണ്ടായിരുന്നു; കുടുംബാംഗങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ അദ്ദേഹത്തിന്റെ ഒരു മകൾ സാവധാനം പറഞ്ഞ വാക്കുകൾ വല്ലാതെ തളർത്തി… "അദ്ദേഹം സ്വർഗത്തിലേക്ക് മടങ്ങി."

അദ്ദേഹത്തെ അവസാനമായി കാണാൻ എനിക്കായില്ല; പള്ളിയിൽ നടന്ന അവസാന നമസ്കാരത്തിൽ പങ്കെടുക്കാനും കഴിഞ്ഞില്ല. എന്നാൽ ജുമുഅ നമസ്കാരത്തിന് ശേഷം, ഞാൻ അദ്ദേഹത്തിനായി ഏറെ പ്രാർത്ഥിച്ചു–ഇന്നും നാളെയും എന്നും, മരിച്ചവർക്കായി നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കരുത്ത് പ്രാർത്ഥന തന്നെയല്ലോ.

അദ്ദേഹം എനിക്ക് ഒരു രക്ഷിതാവും, ആത്മാർത്ഥമായ ഒരു മൂത്ത സഹോദരനുമായിരുന്നു. തുറന്ന മനസ്സോടെ, സത്യസന്ധതയോടെയും ധൈര്യത്തോടെയും സംസാരിക്കുന്ന വ്യക്തി. വ്യക്തിപരമായതിലുപരി, സമൂഹത്തിനാകെ സഹായഹസ്തം നീട്ടിയ ഒരാളായിരുന്നു അദ്ദേഹം. ആളുകളെയും രോഗികളെയും സേവിക്കാൻ അല്ലാഹു നൽകിയ അവസരങ്ങളിൽ, എപ്പോഴും എന്റെ ഒപ്പമുണ്ടായിരുന്നവൻ–പ്രോത്സാഹിപ്പിച്ച്, പിന്തുണച്ച്, ഒപ്പം നിന്നു. 3 പ്രധാന കാര്യമായ തന്റെ സമയം, ഊർജ്ജം, സമ്പത്ത് എല്ലാം മറ്റുള്ളവർക്കായി സ്വാർത്ഥതയില്ലാതെ ചെലവഴിച്ച മനുഷ്യൻ.

PCKFയുടെ കീഴിൽ ഒരു മിനി മാരത്തൺ സംഘടിപ്പിക്കാൻ ഞാൻ തയ്യാറാക്കിയ പദ്ധതിയുടെ ഓർമ്മ ഇന്നും മനസ്സിൽ കാണുകയാണ്; ദിവസം-രാത്രി വ്യത്യാസമില്ലാതെ, സ്വന്തം കാറുമായി, യാതൊരു മടിയും കൂടാതെ അദ്ദേഹം എന്റെ കൂടെയുണ്ടായിരുന്നു–പരിപാടി വിജയകരമായി അവസാനിക്കുന്നതുവരെ. സേവനത്തോടുള്ള അദ്ദേഹത്തിന്റെ സമർപ്പണം അതായിരുന്നു.

ആവശ്യമായാൽ ഉറച്ച ഭാഷയിൽ സംസാരിക്കുകയും, നേരിട്ടു ചോദിക്കുകയും, അറിവ് സത്യസന്ധമായി പങ്കുവെക്കുകയും ചെയ്ത വ്യക്തി. കൃഷിയിലും അനവധി നന്മകൾ നിറഞ്ഞ ഒരു ജീവിതം–പലതും ആരും അറിയാതെ, ആരും പറയാതെ.

എന്റെ പതിവുപോലെ, ഈ വർഷവും ഞാൻ വീട്ടിൽ വളർത്തിയ വലിയ ഒരു ഓറഞ്ച് (ബാബ്ലൂസ്) അദ്ദേഹത്തിനായി കൊണ്ടുവന്നു. അത് അദ്ദേഹത്തിന്റെ കൈയിൽ വയ്ക്കാൻ എനിക്കായില്ല; പകരം, വീട്ടുവരാന്ത വെച്ച് പോന്നു. അതാണ് അദ്ദേഹത്തോടുള്ള എന്റെ അവസാന സ്പർശവും അവസാന സമർപ്പണവും. അദ്ദേഹത്തിന്റെ എല്ലാ നന്മകൾക്കും വേണ്ടി, അല്ലാഹു

സമൃദ്ധമായി പ്രതിഫലിപ്പിക്കട്ടെ, ജന്നത്തിലെ ഏറ്റവും ഉന്നത സ്ഥാനം നൽകട്ടെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

അൽഫജ്ർ : 28

﴿ٱرْجِعِىٓ إِلَىٰ رَبِّكِ رَاضِيَةً مَّرْضِيَّةً﴾٢٨

നീ നിന്റെ നാഥങ്കലേക്ക് തൃപ്തിപ്പെട്ടവനായും തൃപ്തി നേടിയവനായും തിരിച്ചു ചെല്ലുക.

https://lalithasaram.net/surah/89

അല്ലാഹു അദ്ദേഹത്തിന്റെ കുറവുകൾ ക്ഷമിക്കട്ടെ, നന്മകൾ സ്വീകരിക്കട്ടെ, കുടുംബത്തിനും പ്രിയപ്പെട്ടവർക്കും സഹനവും ശക്തിയും നൽകട്ടെ.

ആമീൻ.

മെഹബൂബ്

23.01.2026

<u>സിദ്ധിഖ് ഹംസ</u>

ഷംസുക്ക.

നാടിനെ കുറിച്ചും, നാട്ടുകാരെ കുറിച്ചും എപ്പോഴും ചിന്തിക്കുകയും, അവരുടെ വേദനകളിൽ ചേർത്തുപിടിക്കാൻ എപ്പോഴും താൽപരനായ വ്യക്തി.

കണ്ടുമുട്ടുമ്പോൾ എല്ലാം നാടിന്റെ വികസനത്തെ കുറിച്ചും, ചാരിറ്റി പ്രവർത്തനങ്ങളെ കുറിച്ചും സംസാരിക്കുമായിരുന്നു. നല്ല നിലപാടുള്ള, ശരിക്കും, സത്യത്തിനും വേണ്ടി ഏതറ്റം വരെയും പോകാൻ മടിയില്ലാത്ത ഉറച്ച പോരാളി.

അദ്ദേഹത്തിന്റെ പരലോക ചീവിതം നന്മയുടെ പുഷ്പങ്ങൾ പൊഴിക്കുന്ന വസന്തകാലം ആയിരിക്കട്ടെ....വന്നുപോയ എല്ലാ തെറ്റുകളും റബ്ബ് മാപ്പാക്കട്ടെ.

<u>സൈഫുദ്ധീൻ വാക്കയിൽ</u>

ഷംസുക്ക എനിക്ക് വൈകിവന്ന ഒരു സൗഹൃദമായിരുന്നു, ഇടയ്ക്കിടെ ഹ്രസ്വകാല അവധിക്കു വരുമ്പോൾ കണ്ടുമുട്ടാറുണ്ടെങ്കിലും വ്യക്തിപരമായ ഒരു ബന്ധം ഇല്ലാതിരുന്നു,ഒരു കച്ചവട ത്വര യുള്ള ഒരു നല്ല മനുഷ്യ സ്നേഹിയാണെന്നു എനിക്ക് അറിയാൻ കഴിഞ്ഞു, പിന്നീട് ശംസുക്കയുമായി അടുക്കാൻ അവസരം കിട്ടുകയും എന്റെ ഖത്തറിലെ കച്ചവടത്തെ കുറിച്ച് കൂടുതൽ അറിയാൻ പുള്ളി ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു, ചാരിറ്റി പ്രവർത്തനങ്ങളിൽ താല്പര്നും കച്ചവട കാര്യത്തിൽ പക്വതയും പരിചയവും ഉള്ളയോരാളെ സൗഹൃദ വലയത്തിൽ ഉണ്ടാവുക എന്നത് എനിക്കും സന്തോഷമുള്ള കാര്യായിരുന്നു, കലക്രമേണെ അദ്ദേഹത്തിന്റെ

ആസാർബൈജൻ, താൻസാണിയൻ ബന്ധങ്ങ ളും ഉപയോഗിച്ച് അടുമടുകളെ ഖത്തറിൽ ഇറക്കാൻ ശ്രമങ്ങൾ നടന്നിരുന്നു, എന്തായാലും അദ്ദേഹത്തിന്റെ വിയോഗം എന്നെ പോലെയുള്ള കുറെ സുഹൃത്തുക്കൾക്കും പിന്നെ നമ്മുടെ നാടിനും ഒരു തീരാ നഷ്ടമാണെന്നു പറയാതെ വയ്യ, ശംസുക്കാടെ കുടുംബത്തിനു എല്ലാ വിഷമ ഘടങ്ങളെയും തരണം ചെയ്യാനുള്ള മാനസിക ശക്തി സർവശക്തൻ ചൊരിയുമാറാകട്ടെ, സ്വർഗപൂന്താവനത്തിന്റെ അനുഗ്രഹം വാർഷിക്കുന്നവരുടെ കൂട്ടത്തിൽ അദ്ദേഹത്തെയും ഉൾപെടുത്തുമാറാകട്ടെ

<u>കെ അബ്ദുൽ വാഹിദ് സാഹിബ്</u>

കഴിഞ്ഞ ദിവസം കുടുംബത്തെയും ഒരുമിച്ച്പ്രവർത്തിച്ച സഹ പ്രവർത്തകരെയും തൊട്ടറിയുന്നവരെയും എല്ലാവരെയും ദുഃഖത്തിലാഴ്ത്തി വേർപിരിഞ്ഞസഹോദരൻ ഷംസുദ്ധീനെ അല്ലാഹു സ്വർഗം നല്കി അനുഗ്രഹിക്കട്ടെ.

മരണ വാർത്ത അറിഞ്ഞപ്പോൾ ചിലർ ഗ്രൂപ്പിൽപങ്കു വെച്ച അനുഭവ കുറിപ്പുകളിലൂടെയും കഴിഞ്ഞ ദിവസം സൂം മീറ്റിൽ പങ്കെടുത്തവർ പങ്കുവെച്ച അനുഭവങ്ങളും സാക്ഷ്യപ്പെടുത്തുന്നത് മർഹൂം ഷംസുദ്ധീൻ പ്രയത്നത്തിലൂടെ ഭൗതികമായി സ്വയം വളരുമ്പോൾ സമൂഹത്തിലെ പാർശ്വവൽകരിക്കപ്പെട്ടവരെയും വളർത്തി യെടുക്കുന്നതിലുള്ള അദ്ദേഹത്തിന്റെ ഇസ്‌ലാമിക പ്രതി ബദ്ധതയും ജാഗ്രതയുമാണ് നമുക്കും മാതൃകയാവേണ്ടതു്. അഷ്‌റഫ് സാഹിബിന്റെ അനുസ്മരണ കുറിപ്പിൽ മർഹൂംഷംസുദ്ധീൻ സാഹിബിന്റെയും മററുമുള്ള നമ്മുടെ നാട്ടിൽ ഒരു ഡയാലിസിസ് കേന്ദ്ര മുണ്ടാവണമെന്ന സ്വപ്നത്തെ കുറിച്ചഎഴുതിക്കണ്ടു.

മുൻ ഇന്ത്യൻ പ്രസിഡണ്ട് Dr: കലാം പറഞ്ഞ പോലെ പകൽ സ്വപ്നങ്ങൾ ഇഛാശക്തിയും പരിശ്രമവുമുണ്ടായാൽ സാക്ഷാൽ കരിക്കപ്പെടാനുള്ളതാണ്. ഇൻശാ അല്ലാഹ്....

നമ്മുടെ മുൻഗാമികളുടെ പകൽ സ്വപ്നങ്ങളായിരുന്നു ഹൈസ്കൂൾ, ആസ്പത്രി, കമ്യൂണിറ്റി ഹാൾ തുടങ്ങിയവ. അൽഹംദുലില്ലാഹ്... കൂട്ടായ പരിശ്രമത്താൽ അതെല്ലാം ഇന്ന് സാക്ഷാൽ കാരമായില്ലെ..

അല്ലാഹു നമ്മുടെ നല്ല ആഗ്രഹങ്ങളെല്ലാം സാക്ഷാൽകരിച്ച് സാലിഹായ അമലുകളുമായി നാളെ അല്ലാഹുവിനെ കണ്ടുമുട്ടുവാനും അവന്റെ ജന്നാത്തുൽ ഫിർദൗസിൽ മൺമറഞ്ഞവർക്കും നമുക്കേവർക്കും ഒരു മിച്ച് കൂടുവാനും തൗഫീക്ക് നൽകി അനുഗ്രഹിക്കട്ടെ.🤲🤲🤲

<u>അബ്ദുൽ മജീദ് മുഹമ്മദ്</u>

പ്രായത്തിനെ യുവത്വത്തിലേക്ക് തിരിച്ചു വിട്ട മഹത് വ്യക്തിയായിരുന്നു മർഹൂം ഷംസുക്ക. യുവത്വത്തിന്റെ ചുറുചുറുക്കായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾക്ക്.. ബറക്ക ഫിൽ ഹറക്ക എന്ന് അറബികൾക്കിടയിൽ ഒരു

വാക്കുണ്ട്... അനുഗ്രഹങ്ങൾ (ബറക്കത്ത്) എപ്പോഴും ഉണ്ടാകുന്നത് ഹറക്കയിലാണെന്ന്// ആക്ടീവ് ആകുന്നതിലാണെന്ന് സാരം..ദീനിനും നാടിനും നാട്ടുകാർക്കും ഉപകാരപ്രദമാകും വിധം അദ്ദേഹം ആക്റ്റീവ് ആയിരുന്നു. ആ ആക്ടീവ്നെസ് അദ്ദേഹം നാഥന്റെ റഹ്മത്തിലേക്ക് യാത്രയാകുന്നത് വരെയും ഉണ്ടായിരുന്നു എന്നത് അദ്ദേഹത്തിന്റെ മാറ്റ് കൂട്ടുന്നു. എന്നും അദ്ദേഹത്തിന്റെ വസ്ത്രധാരണത്തിലെ ആ വെളിച്ചം പോലെ തന്നെയാണ് ആ മനസ്സും ചിന്തകളുമെന്ന് അദ്ദേഹത്തിന്റെ മരണ ശേഷമുള്ള കുറിപ്പുകളിലൂടെയും മഹൽ കൂട്ടായ്മ സംഘടിപ്പിച്ച സൂം മീറ്റിങ്ങിൽ പങ്കെടുത്തവരുടെ വാക്കുകളിലൂടെയും മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ സ്വപ്നമായ ഡയാലിസിസ് സെന്റർ വരുംകാലങ്ങളിൽ യാഥാർഥ്യമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. നമ്മുടെ നാട്ടിൽ ഒരു ഡയാലിസിസ് സെന്റർ തുടങ്ങണം എന്നതിലൂടെ അദ്ദേഹത്തിന്റെ ചിന്തയുടെ ആഴം നമുക്ക് മനസ്സിലാക്കാവുന്നതാണ്. മരണം എന്ന യാഥാർഥ്യം അദ്ദേഹത്തെയും പുൽകിയതിലൂടെ പ്രാർഥനകൾക്ക് മാത്രം ആണ് ഇനി സ്ഥാനം.. ജീവിത യാത്രയിൽ അറിഞ്ഞോ അറിയാതെയോ ചെറുതും വലുതുമായതോ രഹസ്യവും പരസ്യവുമായതോ ആയ എല്ലാ പാപങ്ങളും കുറ്റങ്ങളും നാഥൻ പൊറുത്ത് കൊടുക്കട്ടെ. ചെയ്ത നന്മകൾ എല്ലാം നാഥൻ സ്വീകരിക്കട്ടെ. നാളെ ജന്നാത്തുൽ ഫിർദൗസിൽ ഏറ്റവും ഉന്നതമായ ദറജ നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ....

<u>അബ്ദുൽ ഗഫൂർ എം എച്</u>

പാടൂർ മഹൽ കൂട്ടായ്മയിൽ ആദ്യമായിട്ടാണ് എന്തെങ്കിലും തരത്തിലുള്ള ഒരു ഇടപെടൽ നടത്തുന്നത്, ഇതു വരെ ഒരു റിയാക്ഷനായിട്ടോ ഒരു ഇമോജിയോ ലൈക്കോ ആദരാഞ്ജലികളോ അങ്ങനെ അർപിച്ചിച്ചിട്ടില്ല, ഷംസുക്കനെ ഓർക്കുന്ന ഈ ഘട്ടത്തിൽ അദ്ദേഹവുമായി എനിക്ക് നേരിട്ട് ബന്ധമുള്ള ഒരു കാര്യത്തെ കുറിച്ച് എഴുതാം എന്ന് കരുതി.

ചെറുപ്പകാലത്ത് അദ്ദേഹത്തെ നേരിട്ട് പരിചയമില്ല. പാടൂരുള്ള അൻവർക്കാടെയും അന്നത്തെ റോക്ക് ആയിട്ടുള്ള ഹനീഫക്കായുടെയും മൂത്ത ജേഷ്ഠൻ എന്നൊരു ഷംസുക്ക, പഠനകാലത്തെ സഹപാഠി ഹാഷിമിന്റെ മാമ, ഓർമ്മ ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ മകളോടൊപ്പം ചെറിയ ക്ലാസ്സിൽ പഠിച്ചിട്ടും ഉണ്ട് അതിലുപരി ഷംസുക്ക എന്നൊരാളെ എനിക്ക് പരിചയമുണ്ടായിരുന്നില്ല. അദ്ദേഹത്തെ എന്തെങ്കിലും തരത്തിൽ എനിക്ക് കണക്റ്റ് ആകുന്നത് പ്രവാസി ആയതിന് ശേഷമാണ്.കുവൈറ്റ് പ്രവാസം അവസാനിപ്പിച്ച് എന്റെ ഭാര്യാപിതാവ് നാട്ടിൽ സ്ഥിരതാമസം ആക്കിയതിന് ശേഷം അദ്ദേഹം വീണ്ടും ബഹറിനിലേക്ക് പോകേണ്ട ഒരു അവസ്ഥ വരികയും അവിടെയുള്ള പാടൂരിയൻസുമായി നല്ല ബന്ധത്തിലാവുകയും ചെയ്തു. ഇടയ്ക്കിടെ ഖത്തറിൽ നിന്നും അദ്ദേഹത്തെ ബന്ധപ്പെടുമ്പോൾ അദ്ദേഹത്തിന്റെ സംസാരത്തിലൂടെ ഷംസുക്ക എന്റെ മനസ്സിൽ പതിയുകയായിരുന്നു, അദ്ദേഹത്തിന്റെ കഠിനാധ്വാനത്തെകുറിച്ചും ഏതൊരു കാര്യത്തിലും അദ്ദേഹത്തിന്റെ ആത്മസമർപ്പണത്തെ കുറിച്ചുമൊക്കെ അറിയാൻ കഴിഞ്ഞു. പരോപകാരി, ചാരിറ്റി പ്രവർത്തകൻ എന്നിങ്ങനെ എന്ത് കാര്യത്തിനും അദ്ദേഹം മുൻപന്തിയിൽ

ഉണ്ടായിരുന്നു.ഇതൊക്കെ ഷംസുക്കനെ പരിചയപെട്ടവർക്കും അടുത്തറിഞ്ഞവർക്കും ഞാൻ പറയാതെ തന്നെ അറിയാവുന്ന കാര്യമാണ്. പക്ഷേ അദ്ദേഹത്തെ അറിഞ്ഞതിൽ എനിക്ക് ഇപ്പോഴും മനസ്സിൽ പതിഞ്ഞു കിടക്കുന്ന അദ്ദേഹത്തിന്റെ ഒരു ക്വാളിറ്റിയാണ് ഷംസുക്ക എന്ന പേരിനൊപ്പം ഞാൻ ചേർത്ത് വെക്കുന്നത്, ആ ഒരു വാക്ക് തന്നെ ധാരാളം മതി ഒരാൾ കഠിനാധ്വാനി എന്ന് മനസ്സിലാക്കാൻ എന്നെ സംബന്ധിച്ചിടത്തോളം. എന്റെ ഭാര്യാപിതാവ് സംസാരത്തിനിടയിൽ പറഞ്ഞതാണ് ഷംസു പകലുറങ്ങില്ല എന്നുള്ളത്. പകലുറങ്ങാനുള്ള സന്ദർഭങ്ങൾ, സാഹചര്യങ്ങൾ, സമയം എന്നിങ്ങനെ പലതുണ്ടായിട്ടും അദ്ദേഹം പകലുറങ്ങാറു ണ്ടായിരുന്നില്ല. അത് ക്വാളിറ്റി ആയി എനിക്ക് തോന്നി.

ശേഷം ഖത്തറിൽ വെച്ചാണ് അദ്ദേഹത്തെ നേരിട്ട് പരിചയപ്പെടാനും നേരിട്ട് സംസാരിക്കാനും അവസരം ലഭിക്കുന്നത്. ഹ്രസ്വസന്ദർശനത്തിന്റെ ഭാഗമായി അദ്ദേഹം ഖത്തറിൽ വരികയും QPWA യുടെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പ്രത്യേക ക്ഷണിതാവായി അദ്ദേഹം വരികയും അടുത്തിടപഴുകാനും സാധിച്ചു. പിന്നെ പിന്നെ ഇടക് നാട്ടിൽ വെച്ചു കാണുകയും സംസാരിക്കുകയും പതിവായി. ഞാൻ പാടൂർ സെന്ററിൽ താമസിക്കുന്ന സമയത്ത് സെന്റർ മസ്ജിദിൽ സുബഹി നമസ്കാരം മുതൽ അദ്ദേഹം ഉണ്ടാകാറുണ്ട് 2014 - 2015 കാലയളവിൽ, പിന്നീട് കുറച്ച് വർഷങ്ങൾക്ക് ശേഷം ജുമുഅത്ത് പള്ളിയിൽ സുബഹി നമസ്കാരം മുതൽ അദ്ദേഹം ഒന്നാമത്തെ സ്വഫിൽ ഉണ്ടാവാറുണ്ട്. അങ്ങനെയാണ് അദ്ദേഹവുമായി കൂടുതൽ അടുപ്പമുണ്ടാകുന്നത്. നമസ്കാരനന്തരം ഏറെ സംസാരിച്ചു ഒരുമിച്ചാണ് കുറച്ചു ദിവസങ്ങളിൽ പള്ളിയിൽ നിന്നും ഇറങ്ങാറുണ്ടായിരുന്നത്. ആ അടുപ്പം അദ്ദേഹമായി പെട്ടെന്ന് കണക്റ്റ് ആയി. ഞങ്ങളെ അയൽവാസി ഹസ്സൻക്കയുടെ (മർഹൂം ഹസ്സൻ കാനാപുള്ളി) ഒരു നിത്യ സന്ദർശകനും കൂടി ആയിരുന്നു ഷംസുക്ക, ഹസ്സൻക്ക വഴിയും ഷംസുക്കാനെ കൂടുതൽ അറിഞ്ഞിരുന്നു.

അവസാനമായി അദ്ദേഹത്തെ ഞാൻ നേരിട്ട് ബന്ധപ്പെട്ടത് ഏകദേശം കുറച്ചു മാസങ്ങൾക്കു മുൻപാണ്. പാടൂർ സെന്ററിൽ ഒരു മരണം നടന്ന വീട്ടിൽ. അന്നത്തെ ദിവസം പാടൂർ നിവാസിയുടെ കല്യാണം ചേറ്റുവ ഷാ ഇന്റർനാഷണലിൽ വെച്ചു നടക്കുന്നു. ഒരു വിധം പാടൂർക്കാരെല്ലാവരും കല്യാണത്തിലാണ്. പുലർച്ചെ മരണം നടന്നത് കൊണ്ട് രാവിലെ തന്നെ മയ്യിത്ത് കണ്ടുപോയവർ ആണ് കൂടുതൽ. ഞാൻ മരണ വീട്ടിൽ എത്തിയ സമയത്ത് വിരലിൽ എണ്ണാവുന്ന കുറച്ചുപേരെ മരണവീട്ടിൽ ഉണ്ടായിരുന്നുള്ളൂ, ഏകദേശം മയ്യിത്ത് എടുക്കാന് സമയം ആയി കൊണ്ടിരിക്കുന്നു, അവിടെ ചെന്നപ്പോൾ മരണപ്പെട്ട ആളുടെ മക്കളുൾപ്പെടെ കുറച്ച് പേർ. കുളിപ്പിക്കൽ കഴിഞ്ഞിട്ടില്ല. കൂടിയവരിൽ പലരും ചർച്ച നടക്കുന്നുണ്ട്. കുളിപ്പിക്കണ്ടെ ആരാ കുളിപ്പിക്ക, എപ്പോഴാ കുളിപ്പിക്കാൻ വര എന്നിങ്ങനെ.അപ്പോ കാര്യം തിരക്കിയപ്പോ അവിടെ ഉള്ളവർക്ക് വലിയ പരിചയം ഇല്ല, എനിക്കും ഇല്ല, ഇടക്കിടെ അവർ ചോദിക്കുന്നും ഉണ്ട് പാടൂർ ആരും ഇല്ലേ കുളിപ്പിക്കാൻ പറ്റിയവർ എന്ന്, സത്യത്തിൽ അവർ കാത്ത് നില്ക്കുന്നത് ഷമീറിനിനെയാണ്, അദ്ദേഹം കബർ തയ്യാറാക്കുന്ന തിരക്കിലും. ആ സമയത്താണ് ഷംസുക്ക അവിടേക്ക് എത്തുന്നത്, ഷംസുക്ക മയ്യിത്ത്

കണ്ടതിന് ശേഷം കസേരയിൽ വന്നിരുന്നപ്പോൾ ഞാൻ അവിടുത്തെ സാഹചര്യം വിശദീകരിച്ചു, കേട്ട ശേഷം മൂപ്പർ പറഞ്ഞത് "പാടൂരിന്റെ ചരിത്രത്തിൽ അങ്ങനെ മയ്യിത്ത് കുളിപ്പിക്കാൻ ആളില്ലാത്ത അവസ്ഥ ഇന്ന് വരെ വന്നിട്ടില്ല" എന്നും പറഞ്ഞ് അദ്ദേഹം എഴുന്നേറ്റ് ഞാൻ ഇപ്പോ വരാം എന്ന്, ഫോൺ എടുത്ത് ഷമീറിനെയും വിളിച്ചു അവിടുത്തെ കഴിഞ്ഞെങ്കിൽ നീ ഇങ്ങോട്ട് വാ എന്നും പറഞ്ഞ്. അദ്ദേഹം ഉടനെ വീട്ടിൽ പോയി തിരിച്ചു വന്നു തോളിൽ തോർത്ത് മുണ്ടും അണിഞ്ഞു കൊണ്ട്. പിന്നീട് മയ്യിത്ത് നമസ്കാരവും കഫൻ ചെയ്യലും മറ്റു ബുദ്ധിമുട്ടുകളൊന്നുമില്ലാതെ കഴിഞ്ഞു. അൽഹംദുലില്ല.

അദ്ദേഹത്തിന്റെ ആ ഇടപെടൽ അദ്ദേഹത്തിന് പ്രതിഫലമായി നാഥൻ നൽകട്ടെ ആമീൻ. അദ്ദേഹത്തിന്റെ വലിയ ഒരു നന്മയാണ് എനിക്ക് അദ്ദേഹത്തെ കുറിച്ചുള്ള അവസാന ഓർമ്മ. എഴുത്ത് വല്ലാതെ നീണ്ടു പോയതിൽ ക്ഷമിക്കുമല്ലോ, അദ്ദേഹത്തിന്റെ പരലോക ജീവിതം നന്മയുള്ളതാക്കട്ടെ, അദ്ദേഹത്തിന്റെ നന്മകൾ അല്ലാഹു സ്വീകരിക്കട്ടെ, അദ്ദേഹത്തെയും നമ്മെയും സ്വർഗത്തിൽ ഒരുമിച്ച് കൂട്ടട്ടെ. ആമീൻ

Abdul Gafoor.M.H.

<u>മൊയ്തു. പി.കരിപ്പായിൽ</u>

ആദരവിന് അർഹൻ.🙏

,,,,,,,,,,,,,,,,,,,,,,,,,,,,,, ചില പിറവികൾ യുഗപ്പിറവികളായി വാഴ്ത്തപ്പെടും. അസാധാരണത്വം പ്രകടമാക്കുന്ന അത്തരം ഒരു പിറവിയായിരുന്നു ഷംസുക്ക എന്ന വലിയ മനുഷ്യന്റെത് എന്ന് ഞാൻ വായിച്ചറിയുന്നു. 🙏പല അവസരങ്ങളിലായി അദ്ദേഹത്തെ നേരിൽ പരിചയപ്പെടാൻ ഒട്ടേറെ അവസരങ്ങൾ കൈവന്നെങ്കിലും എന്തോ എന്റെ വികലമായ ചിന്തകൾ കൊണ്ടാണെന്ന് അറിയില്ല ആ അവസരങ്ങളെല്ലാം ഞാൻ ബോധപൂർവ്വം ഒഴിവാക്കി.(മൂന്നോ നാലോ തവണകരം ഗ്രഹിച്ച സാധാരണ പരിചയപ്പെടൽ മാത്രം നടത്തി) അദ്ദേഹത്തിന്റെ സന്തതസഹചാരിയായ എന്റെ കുടുംബാംഗം കൂടിയായ പ്രിയപ്പെട്ട കാനാപ്പുള്ളി ഹസ്സൻക്കയും ഒന്നിച്ച് വിദേശനിർമ്മിതം എന്ന് തോന്നിപ്പിക്കുന്ന വാഹനം നിർത്തി എന്നോട് സംസാരിക്കാനും ഒപ്പം സഞ്ചരിക്കാനും ഒരുപാട് തവണ നിർബന്ധിച്ചിരുന്നു. അതെല്ലാം അങ്ങേ അറ്റത്തെ ദുഃഖത്തോടുകൂടി ഞാൻ ഇന്ന് ഓർത്തെടുക്കുന്നു. കേവലം ഗൾഫിൽ നിന്ന് വന്ന ഒരു സമ്പന്നനായ പ്രവാസി എന്നതിനപ്പുറം.,,മനുഷ്യരെ ചേർത്ത് നിർത്തുന്ന ഇത്രമേൽ ആഴമേറിയ സ്നേഹ വാത്സല്യം പേറുന്ന മനസ്സിന് ഉടമയായിരുന്നു അദ്ദേഹം എന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നില്ല,.🙏

ബഹുമാന്യനായ ഷംസുക്കയെ കുറിച്ച്. ഗദ്ഗതകണ്ഠനായി പ്രിയപ്പെട്ട ഉസ്താനിക്കയുടെ വാക്കുകളിലൂടെ അദ്ദേഹത്തിന്റെ ഹൃദയ വിശാലതയും, മനുഷ്യ സ്നേഹവും, പാടൂർഎന്ന ഈ ഗ്രാമത്തിന്റെ ഉയർച്ചയെ കുറിച്ചുള്ള സ്വപ്നവും, മനസ്സിൽ കൊണ്ടു നടന്നിരുന്ന, സ്നേഹനിധിയായ,ഈ ഗ്രാമത്തെ

ഹൃദയം കൊണ്ടാവാഹിച്ച ശുദ്ധഹൃദയനായ ഷംസുക്ക എന്ന വ്യക്തിയെ വരച്ചുകാട്ടപ്പെട്ടു.🙏

പ്രവാസ ജീവിതത്തിലെ തന്റെ സന്തതസഹചാരിയെ, മറ്റൊരാർത്ഥത്തിൽ പറഞ്ഞാൽ നാടിന്റെ പൊതുകാര്യത്തിൽ തൽപരനായ ജ്യേഷ്ഠ സഹോദരനെ ഹൃദയത്താൽഅറിഞ്ഞ എന്റെ കളിക്കൂട്ടുകാരൻ സഖാവ് റഫീഖിലൂടെയും. മറ്റൊരു സുഹൃത്തായ സൈഫുദ്ദീനിലൂടെയും ഈ മഹത് വ്യക്തിയെ കൂടുതൽ അറിയാൻ എന്നെ സഹായിച്ചു.❤️

ഇപ്പോൾ ഏറെ കുറ്റബോധത്തോടെ ഞാൻഏറ്റു പറയുന്നു നമ്മുടെ ഗ്രാമത്തെ ഇത്ര ആഴത്തിൽ സ്നേഹിച്ച ഈ വ്യക്തിയെ കൂടുതൽ അടുത്തറി യേണ്ടതായിരുന്നു എന്ന് ഞാൻ ദുഃഖത്തോടെ ഓർക്കുന്നു. ഈനാടിന്റെ പുരോഗതിയും അശരണരെയും, ദുഃഖത്തിന്റെ നിഴലാൽ വേട്ടയാട പ്പെടുന്നവരെയും, ചേർത്തു നിർത്തൽ ആണ്തന്റെ ജീവിത ദൗത്യംഎന്ന് തിരിച്ചറിഞ്ഞ മഹൽ പ്രതിഭയായിരുന്നു പ്രിയപ്പെട്ട ഷംസുക്ക❤️ ജീവിത പ്രയാസങ്ങൾക്കുമുന്നിൽ പകച്ചു നിൽക്കാതെ പടവെട്ടി പോരാടി വിജയം കൈവരിച്ച ഈ പ്രവാസി എന്നും എപ്പോഴും എല്ലാവർക്കും ഒരു മാതൃകയാണ്🙏

ചില സ്വാപ്നങ്ങൾ അപൂർണമാക്കിയിട്ടാണ് അദ്ദേഹം മടങ്ങിയ തെന്ന മശീർശരുടെ കുറിപ്പുകളിലൂടെനാം വായിച്ചെടുക്കുന്നു.ആ സ്വപ്നങ്ങളെ യാഥാർത്ഥ്യത്തിലേക്ക് നയിക്കേണ്ടത് നാം ഉൾക്കൊള്ളുന്ന ഗ്രാമവാസികളുടെ ഉത്തരവാദിത്വമായി മാറിക്കഴിഞ്ഞിരിക്കുന്നു.🙏 അപ്രതീക്ഷിതമായിരുന്നു വിയോഗം.,,പ്രപഞ്ചനാഥന്റെ ഖജനാവിൽ നിന്ന് അനുവദിക്കപ്പെട്ട സമയം അവസാനിച്ചിരിക്കുന്നു,,,.👐 ആ യാഥാർത്ഥ്യത്തെ നിസ്സഹായതയോടെ അംഗീകരിക്കുകയല്ലാതെനമ്മുടെ മുന്നിൽമറ്റു മാർഗങ്ങൾ ഇല്ലല്ലോ?.ഇത്രമേൽ ആഴത്തിൽ ഈ ഗ്രാമത്തെ സ്നേഹിച്ച.,, ഈ ഗ്രാമീണരുടെ സ്വപ്നങ്ങളോടൊപ്പം സഞ്ചരിച്ച പ്രിയപ്പെട്ട ജേഷ്ഠ സഹോദരാ അങ്ങയുടെ പാവന സ്മരണകൾക്കുന്നിൽ ശിരസ് നമിക്കുന്നു കൈകൾ കൂപ്പുന്നു 🙏

പരമ കാരുണ്യവാനായ പ്രപഞ്ചനാഥൻ പരലോകത്തിലെ പറുദീസ നൽകി അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ 👐

,,,,,,,,,,,,,,,,,,,,,,,,,,,, മൊയ്തു. പി.കരിപ്പായിൽ❤️ ,,,,,,, 🌹 ,,,,,, 🙏

ഒ ടി ഷംസു സാഹിബ്

R. K. ഷംസുദ്ദീൻ ഒരു വിപ്ലവകാരി. എന്റെ അതേ പേര് കാരൻ തന്നെ ആണ് എന്റെ പ്രിയപ്പെട്ട സുഹൃത്ത് R. K. , ഷംസുദ്ദീൻ. ഞാൻ ഓ ടി. അദ്ദേഹം R. K ഞങ്ങൾ കളിക്കൂട്ടുകാർ ആയിരുന്നു. ചെറു പ്രായത്തിൽ ഏർപ്പെടാത്ത വിനോദങ്ങൾ ഇല്ല. മദ്റസയിലും സ്കൂളിലും ഒരുമിച്ച് വിദ്യാഭ്യാസം പൂർത്തിയാക്കി. അദ്ദേഹം ബഹ്റൈനിലേക്കും ഞാൻ കുവൈറ്റിലേക്കും പ്രവാസ ജീവിതത്തിന്റെ വിവിധ വഴിയിൽ കടന്നു പോയി. ബഹ്റൈനിൽ അദ്ദേഹത്തിന് ഉന്നതമായ Government Service ജോലി ആയിരുന്നു. ഇടയ്ക്കിടെ

official trip കളുടെ ഭാഗമായി Kuwait സന്ദർശിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോഴെല്ലാം Seven Star Accommodation ഉണ്ട് എൻകിലും എന്നോടൊപ്പം മുറി പങ്കിട്ടു ഭക്ഷണം കഴിച്ചു താമസിക്കാൻ ആണ് അദ്ദേഹം താൽപര്യം കാണിച്ചത്. കാരണം നമ്മുടെ നാട്ടിലെ വിശേഷങ്ങൾ പങ്കു വയ്ച്ചു സ്നേഹം പൻക് വച്ച് ഒരു രാത്രി പങ്കിടാൻ.

അത് ഷംസുദ്ദീന്റെ ഈ നാടിനോട് ഉള്ള അദമ്യമായ സ്നേഹം ആണ് കാണിക്കുന്നത്. അദ്ദേഹം അസാധാരണമായ സാഹസികത ഉള്ള വ്യക്തി ആയിരുന്നു. കേവലം ഒരു ഉദ്യോഗസ്ഥൻ എന്നതിലുപരി ഒരു Business man ആകാൻ ആഗ്രഹിച്ചിരുന്നു അദ്ദേഹത്തിന്റെ ചോദന. തുടർന്ന് തന്റെ ജോലി രാജി വെച്ച് ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്ന ഒരു സാഹചര്യം ആണ് കാണുന്നത്.

അത്യാവശ്യം സാമ്പത്തിക ഭദ്രത കൈവരിച്ച ശേഷം നാട്ടിൽ തിരിച്ചെത്തി നാട്ടിലും Real Estate രംഗത്ത് പ്രവർത്തിക്കുന്ന ഷംസുദ്ദീനെ ആണ് പിന്നീട് കാണുന്നത്. ബിസിനസ് രംഗത്തോടൊപ്പം Charity പ്രവർത്തനം കാഴ്ച വെയ്ക്കുന്ന വ്യക്തി എന്ന നിലയിൽ ആണ് ഞാൻ കാണുന്നത്. നമ്മുടെ നാട്ടിലെ ദുരിതമനുഭവിക്കുന്ന സാധാരണക്കാരന്റെ കണ്ണീരൊപ്പാൻ അദ്ദേഹത്തിന്റെ കരങ്ങൾക്ക് Kidney foundation ഒരു നിമിത്തം ആയി. വളരെ വ്യക്തമായി പറഞ്ഞാൽ Kidney foundation ഷംസുദ്ദീന്റെ കുഞ്ഞ് ആണ്. പാവപ്പെട്ട രോഗികൾക്ക് Dialysis ചെയ്യാൻ നമുക്ക് ഒരു സംവിധാനം (ഒരു Dialysis Centre) നമ്മുടെ നാട്ടിൽ തന്നെ വേണം എന്നത് ഷംസുദ്ദീന്റെ സ്വപ്നം. അത് യാഥാർത്ഥ്യം ആക്കേണ്ടത് നമ്മുടെ കടമ. കേവലം വചോടപം കൊണ്ട് കാര്യമില്ല. Realistic dreams വേണം. അത് യാഥാർത്ഥ്യം ആക്കുകയും വേണം. അതിന് നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം.

അനുയോജ്യമായ സ്ഥലം കണ്ടെത്തി മുന്നോട്ട് പോകാം. നിയമ കുരുക്കുകൾ ഉണ്ടാകും. അത് പരിഹരിക്കാൻ പ്രാപ്തരായ വ്യക്തികളും നമ്മുടെ നാട്ടിൽ ഉണ്ട്. ഷംസുദ്ദീൻ സ്മാരകമായി ഒരു Dialysis Centre യാഥാർത്ഥ്യമാക്കാൻ സർവ ശക്തനായ അല്ലാഹുവിനോട് ദുആ ചെയ്യുന്നു.

R. K. ഷംസുദ്ദീന്റെ ഏറ്റവും അടുത്ത സുഹൃത്ത്

O. T. ഷംസുദ്ദീൻ പാടൂർ 25/1/26



ഷംസുദ്ദീൻ മരക്കാർ അനുസ്മരണം

പാടൂർ: സംഘാടകനും സാമൂഹിക പ്രവർത്തകനുമായിരുന്ന ഷംസുദ്ദീൻ മരക്കാറുടെ നിര്യാണത്തിൽ അനുസ്മരണ സംഗമം സംഘടിപ്പിച്ചു. തയ്സീർ മുഹമ്മദിന്റെ ഖിറാഅത്തോടെ ആരംഭിച്ച സംഗമത്തിന് ആർ.പി. സിദ്ദീഖ് സ്വാഗതം പറഞ്ഞു.

റഫീഖ് മാസ്റ്റർ, ഷുഹൈബ് പ്രാർഥനക്ക് നേതൃത്വം നൽകി. അഡ്വ. സൈദ് മുഹമ്മദ്, ഉസ്മാൻ, സുൽഫിക്കർ, ലത്തീഫ് വാക്കയിൽ, അഷ്റഫ്, റഫീക്ക്, അബ്ദുൽ മജീദ്, നൗഷാദ്, കെ.എച്ച്. കുഞ്ഞി മുഹമ്മദ്, എൻ.പി. അലി, ഹഫ്സൽ ബഹ്റൈൻ എന്നിവർ സംസാരിച്ചു. നവാസ് അബ്ദുൽ ഖാദർ നന്ദി പറഞ്ഞു.



ശംസുദ്ദീൻ

പാടൂർ: വെങ്കിടങ്ങ് ഫാർമേഴ്സ് ബാങ്കിന് സമീപം തായംമരയ്ക്കാർ വീട്ടിൽ ശംസുദ്ദീൻ (67) നിര്യാതനായി. ആർ.ജെ.ഡി സംസ്ഥാന കമ്മിറ്റി അംഗവും ജില്ല സെക്രട്ടറിയുമായിരുന്നു. സാമൂഹിക സാംസ്കാരിക സംഘടനകളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായിരുന്നു. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് മത്സ്യകർഷക അവാർഡ്, വെങ്കിടങ്ങ് പഞ്ചായത്ത് കർഷകശ്രീ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. ഭാര്യ: താഹിറ. മക്കൾ: ദാവൂദ്, ശൈഖ, സൈന, മുനീറ.

മരുമക്കൾ : മുഹമ്മദാലി, ഫൈസൽ, നൗഫൽ, ഐഷ തമീമ.

<u>**അഡ്മിൻ പാനൽ**</u>

നാടിന്റെ പ്രിയപ്പെട്ട ഷംസുദ്ദീൻ മരക്കാറുടെ ഓർമ്മ പുതുക്കി

പാടൂർ മഹൽ കൂട്ടായ്മ

പാടൂർ: പാടൂർ മഹൽ കൂട്ടായ്മ വാട്ട്സ്ആപ്പ് ഗ്രൂപ്പിന്റെ കരുത്തുറ്റ സംഘാടകനും സജീവ സാമൂഹിക പ്രവർത്തകനുമായിരുന്ന ജനാബ് ഷംസുദ്ദീൻ മരക്കാറുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി സൂം (Zoom) പ്ലാറ്റ്ഫോമിൽ അനുസ്മരണ സംഗമം സംഘടിപ്പിച്ചു.

ഗ്രൂപ്പിന്റെ തുടക്കം മുതൽ തന്നെ അത്യന്തം പ്രതിബദ്ധതയോടെയും ദിശാബോധത്തോടെയും കൂട്ടായ്മയെ മുന്നോട്ട് നയിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വാക്കുകൾക്കതീതമാണെന്ന് ചടങ്ങിൽ സംസാരിച്ചവർ അനുസ്മരിച്ചു.

മാതൃകാപരമായ പൊതുപ്രവർത്തനം

വാട്സ്ആപ്പ് ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ പ്രവർത്തന മേഖല

- കിഡ്നി ഫൗണ്ടേഷൻ: നാട്ടിലെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് കിഡ്നി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം മുൻനിരയിൽ നിന്ന് നേതൃത്വം നൽകി.

- കാർഷിക രംഗം: കൃഷിയോടുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ താല്പര്യവും നാടിനെ പച്ചപ്പിലേക്ക് നയിക്കാനുള്ള പരിശ്രമങ്ങളും ഏവർക്കും മാതൃകയായിരുന്നു.

- പ്രവാസ ജീവിതം സ്വപ്നം കണ്ടിരുന്ന പലരും അദ്ദേഹത്തിലൂടെ പ്രവാസ ജീവിതം തുടങ്ങി

- അർഹത പെട്ടവർക്ക് സാമ്പത്തിക സഹായം ചെയ്തു പലർക്കും കൈതാങ് ആയി

അനുസ്മരണ യോഗം തയ്സീർ മുഹമ്മദിന്റെ ഖിറാഅത്തോടെ ആരംഭിച്ച സംഗമത്തിന് RP സിദ്ദീഖ് സ്വാഗതം ആശംസിച്ചു. റഫീഖ് മാഷ് യോഗം മോഡറേറ്റ് ചെയ്തു. ഷുഹൈബ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.ഷംസുദ്ദീൻ മരക്കാറുടെ വ്യക്തിജീവിതത്തിലെ സവിശേഷതകൾ പ്രസംഗകർ പ്രത്യേകമായി എടുത്തുപറഞ്ഞു. അദ്ദേഹത്തിന്റെ അച്ചടക്കം, ലോകോത്തരമായ ചിന്താഗതികൾ, അലിവുള്ള മനസ്സ്, ഉദാരമായ സഹായമനസ്കത എന്നിവ ഓരോ പ്രസംഗത്തിലും ഊന്നിപ്പറഞ്ഞു.

സംസാരിച്ചവർ:അഡ്വ. സൈദ് മുഹമ്മദ്, ഉസ്മാൻ, സുൽഫിക്കർ, ലത്തീഫ് വാക്കയിൽ, അഷ്റഫ്, റഫീക്ക്, അബ്ദുൽ മജീദ്, നൗഷാദ് അബ്ദുല്ല, KH കുഞ്ഞി മുഹമ്മദ്, പി.വി അലി, ഹഫ്സൽ (ബഹ്റൈൻ), നവാസ് അബ്ദുൽ ഖാദർ എന്നിവർ അദ്ദേഹവുമായി ഉണ്ടായ ആത്മബന്ധവും ഓർമ്മകളും പങ്കുവെച്ചു. അദ്ദേഹത്തെ സ്മരിക്കുന്ന വേളയിൽ ഈ കൂട്ടായ്മയുടെ പ്രവർത്തനങ്ങളെ കുറിച്ചും പലരും പ്രശംസിച്ചു.

നാടിനും മഹൽ കൂട്ടായ്മയ്ക്കും വലിയൊരു നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടിലൂടെ സംഭവിച്ചിരിക്കുന്നതെന്ന് യോഗം വിലയിരുത്തി. യോഗത്തിൽ 30 ലധികം ആളുകൾ പങ്കെടുത്തു. നവാസ് അബ്ദുൽഖാദർ ചടങ്ങിന് നന്ദി പറഞ്ഞു.

യോഗത്തിന്റെ വീഡിയോ റെക്കോർഡ് ഇവിടെ പോസ്റ്റ് ചെയ്യുന്നതായിരിക്കും.

അഡ്മിൻ പാനൽ

ശംസുദ്ധീൻ മരക്കാർ അനുശോചന യോഗം zoom meet റെക്കോർഡ്

https://youtu.be/UnUr8m7RgMM?si=hMlynyGmRpUmDEi1